GOVERNMENT OF TAMIL NADU

ഹയർസെക്കന്ററി രണ്ടാം വർഷം

HIGHER SECONDARY SECOND YEAR

സാമ്പത്തിക ശാസ്ത്രം

ECONOMICS

MALAYALAM MEDIUM

Department of School Education

Untouchability is Inhuman and a Crime

XII_Economics_MAL_Front_Index.indd 1 30-01-2023 17:26:59

Government of Tamil Nadu

First Edition - 2021

Revised Edition - 2022, 2023

Reprint - 2024

(Published under new syllabus)

Content Creation

State Council of Educational
Research and Training

© SCERT 2021

Printing & Publishing

Tamil Nadu Textbook and Educational
Services Corporation

www.textbooksonline.tn.nic.in

HOW TO USE THE BOOK

Chapter content	It presents a complete overview of the chapter
Introduction	Summary of the presentation in every chapter
Objectives	Goals to transform the class room processes into learner centric with a list of bench marks
Think and Do	Amazing facts and rhetorical questions to lead students to economic inquiries
Boxes	Additional inputs to the content is provided
Activity	Directions are provided to students to conduct activities in order to explore and enrich the concept.
ZNYP5	To motivate the students to further explore and enrich the concept
 **ICT**	The use of ICT for improving the teaching – learning skills is given
Schedules	Give the values derived from functions which are graphed in the diagrams
Concept Diagrams	Conceptual diagrams that depict relationships between concepts to enable students to learn the content schematically.
Figures	To illustrate the situations.
Glossary	Explanation of scientific terms
Model Question Papers	Evaluation
References	List of related books for further details of the topic
Web links	List of digital resources

XII_Economics_MAL_Front_Index.indd 3 30-01-2023 17:26:59

XII_Economics_MAL_Front_Index.indd 4

CAREER GUIDANCE

CAREER PROSPECTS IN ECONOMICS

The career prospects for economics graduates are many. Numerous fields are waiting for economic graduates both in public as well as private sectors. In the government sector, one may try for Indian Economic Services, jobs in Reserve Bank of India, PSUs and other public sector banks. All these jobs have wonderful career options. These jobs give social prestige along with financial stability. Private sector also offers jobs for economic graduates in the fields like private banks, MNCs, BPOs, KPOs, Business journals and newspapers. A good opportunity is also waiting for economic students in higher education. One can pursue Ph.D. in economics to enter into the field of teaching in schools, colleges and universities and research in hundreds of Research Institutes and funding agencies – national & international.

One makes a successful career as a Corporate Lawyer after BA in economics followed by LLB. BA in economics and MBA placed one at a better position in the private sector. Economic Journalism is another shining area for job perspective.

FAMOUS UNIVERSITIES AND COLLEGES OFFERING ECONOMICS

There are many institutes, colleges and universities that have economics in its BA, MA and Ph.D. level courses. Here are the lists of institutions offering economics. One can easily see other information related with the respective universities/colleges/institutes with their given website.

Delhi School of Economics www.econdse.org	**Sri Ram College of Commerce** www.srcc.edu	**University of Delhi, South Campus** www.south.du.ac.in	**University of Agriculture Science** www.uasbangalore.edu.in
Jawaharlal Nehru University, Delhi www.jnu.ac.in	**St. Stephen College, Delhi** www.ststephens.edu	**University of Bombay** www.mu.ac.in	**Ravenshaw University, Cuttack** www. ravenshawuniversity.ac.in
IIT Kanpur www.jnu.ac.in	**Madras School of Economics** www.mse.ac.in	**BITS –Pilani** www.bits-pilani.ac.in	**Gokhale Institute of Economics & Politics, Pune** www.gipe.ac.in
IIT Madras https://www.iitm.ac.in	**Presidency College, Kolkata** www.presiuniv.ac.in	**Indian Statistical Institute, Kolkata Bangalore** www. isical.ac.in	**Symbiosis School of Economics** www.sse.ac.in
Banaras Hindu University www.bhu.ac.in	**University of Hyderabad** www.uohyd.ernet.in	**IGIDR-Mumbai** www.igidr.ac.in	**Centre for Development Studies Thiruvananthapuram** www.cds.edu

For world recognised institution in the field of economics, everybody wishes to join London School of Economics

30-01-2023 17:27:01

XII_Economics_MAL_Front_Index.indd 5

Jobs in Economics Field

An array of employment opportunities is available in economics field. Meritorious candidates can get excellent job opportunities after successfully completing their BA or MA in economics.

Government Sectors

Economics graduates can get prestigious jobs in the government sectors like

- **Indian Civil Services**
- **Indian Economic Services**
- **Reserve Bank of India**
- **National Sample Survey**
- **Ministry of Economic Affairs**
- **Planning Board**
- **Planning Commission (State & Central)**
- **National Council for Applied Economic Research and**
- **National Institute of Public Finance and Policy.**

Other than Government Sectors

Job opportunities are also waiting in the private sectors, NGOs and International Aid Agencies. The firms like World Bank, Asian Development Bank, IMF, and other Development Banks, Aid agencies, Financial Consultancy firms are hiring the economic graduates for their various positions. One can assume in these organisations as economist, economic advisor, executive, analyst, consultant, researcher, financial analyst, business analyst, economic research analyst and stock market analyst. As far as salary is concerned, lots of candidates are hired through campus placement. The average salary is Rs. 4 to 8 lakh per annum. But for the deserving candidates, the field opens plethora of options and remuneration is also beyond expectation. The filed like accountancy, actuarial, banking, insurance also open many jobs opportunities.

Economics Employment Opportunities

The various fields are offering better job opportunity after passing BA or MA in economics. Some of the high demand sectors are given below where job prospects are huge.

CAREERS FOR AN ECONOMIST

Banking and Finance	Government and Public Sector	Education and Communications	Business
Commodities Broker	Claims Examiner	Professor	Market Research Analyst
Bank Management Trainee	Foreign Trade analyst	Technical Writer	Retail Buyer
Financial Analyst	Tax Auditor	Journalist/Columnist	Staff Training and Development Specialist
Economic Forecaster	Public Administrator	Teacher	Insurance Underwriting Trainee
Investment Banker	Legislative Assistant	Higher Education, Administration	Management Consultant
Loan Counsellor	Regional/Urban Planner	Educational Television Advisor	Strategic Planner
Securities Analyst	Financial Planner	Information Analyst	Business Administrator

30-01-2023 17:27:01

ഉള്ളടക്ക പട്ടിക

സാമ്പത്തികശാസ്ത്രം

അദ്ധ്യായങ്ങൾ	ഉള്ളടക്കം	പേജ് നമ്പർ	മാസം
അദ്ധ്യായം 1	സ്ഥൂലസാമ്പത്തികശാസ്ത്രത്തിന്റെ ആമുഖം	1	ജൂൺ
അദ്ധ്യായം 2	ദേശീയ വരുമാനം	19	ജൂൺ
അദ്ധ്യായം 3	തൊഴിൽ വരുമാന സിദ്ധാന്തങ്ങൾ	37	ജൂൺ
അദ്ധ്യായം 4	ഉപഭോഗവും നിക്ഷേപ പ്രവർത്തനങ്ങളും	52	ജൂലൈ
അദ്ധ്യായം 5	നാണയ സാമ്പത്തികശാസ്ത്രം	76	ജൂലൈ
ഒന്നാം മിഡ് ടേം 1 മുതൽ 5 അദ്ധ്യായങ്ങൾ			
അദ്ധ്യായം 6	ബാങ്കിംഗ്	95	ആഗസ്റ്റ്
അദ്ധ്യായം 7	അന്തർദേശീയ സാമ്പത്തികശാസ്ത്രം	125	ആഗസ്റ്റ്
അദ്ധ്യായം 8	അന്താരാഷ്ട്ര സാമ്പത്തിക സംഘടനകൾ	154	സെപ്തംബർ
പാദവാർഷികം 1 മുതൽ 8 അദ്ധ്യായങ്ങൾ			
അദ്ധ്യായം 9	ധനകാര്യ സാമ്പത്തികശാസ്ത്രം	176	ഒക്ടോബർ
അദ്ധ്യായം 10	പരിസ്ഥിതി സാമ്പത്തികശാസ്ത്രം	212	ഒക്ടോബർ
അദ്ധ്യായം 11	സാമ്പത്തിക വികസനവും ആസൂത്രണവും	237	നവംബർ
രണ്ടാംഘട്ട മിഡ് ടേം 1 മുതൽ 11 അദ്ധ്യായങ്ങൾ			
അദ്ധ്യായം 12	സ്ഥിതിവിവര ശാസ്ത്രത്തിന്റെ രീതികളും സാമ്പത്തിക സംഖ്യാശാസ്ത്രവും ഒരു ആമുഖം	257	നവംബർ

4HRF3

E - book

JVZA5

Assessment

XII_Economics_MAL_Front_Index.indd 6 30-01-2023 17:27:01

അദ്ധ്യായം

1

സ്ഥൂലസാമ്പത്തിക ശാസ്ത്രത്തിന്റെ ആമുഖം

"വസ്തുതകളും സിദ്ധാന്തങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് മാക്രോഇക്കണോമിക്സ്".


- ഡോൺബുഷ്, ഫിഷർ, സ്റ്റാർട്ട്സ്

പഠന ലക്ഷ്യങ്ങൾ

1. മാക്രോഇക്കണോമിക്സിന്റെ പരിണാമം, പ്രാധാന്യം, അടിസ്ഥാന ആശയങ്ങൾ എന്നിവ വിശദീകരിക്കുന്നതിനും
2. ഒരു സമ്പദ്വ്യവസ്ഥയുടെ പ്രവർത്തനം മനസ്സിലാക്കുന്നതിന്.

1.1 ആമുഖം

സാമ്പത്തിക ശാസ്ത്രത്തിനെ രണ്ട് ശാഖകളായി തരം തിരിച്ചിരിക്കുന്നു. അതായത് മൈക്രോഇക്കണോമിക്സ്, മാക്രോഇക്കണോമിക്സ്. നോർവീജിയൻ സാമ്പത്തിക ശാസ്ത്രജ്ഞനും സാമ്പത്തിക ശാസ്ത്രത്തിനുള്ള ആദ്യത്തെ നോബൽ സമ്മാനത്തിന്റെ സഹസ്വീകർത്താവുമായ റാഗ്നർഫ്രിഷ് ആണ് ചെറുത് എന്ന് അർത്ഥം വരുന്ന 'മൈക്രോ' എന്ന പദവും വലുത് എന്നർത്ഥം വരുന്ന 'മാക്രോ' എന്ന പദവും 1933 ൽ ഉപയോഗിച്ചത്. എന്നിരുന്നാലും, മാക്രോ ഇക്കണോമിക്സ് അതിന്റെ ആധുനിക മേഖലയിൽ ആരംഭിച്ചത് ജോൺ മെയ്നാർഡ് കെയിൻസ് എഴുതിയ "ദി ജനറൽ തിയതി ഓഫ് എംപ്ലോയ്മെന്റ് ഇന്ററസ്റ്റ് ആൻഡ് മണി" എന്ന പുസ്തകം 1936 ൽ പ്രസിദ്ധീകരിച്ചതോടെയാണ്. ചരക്കുകൾ വിൽക്കപ്പെടാതെ കിടക്കുകയും തൊഴിലാളികൾ തൊഴിലില്ലാത്തവരായിരിക്കുകയും ചെയ്ത മഹാമാന്ദ്യത്തിൽ നിന്നുള്ള വീഴ്ചയെ കുറിച്ച് കെയിൻസ് ഒരു വിശദീകരണം നൽകി. അതിനാൽ കെയിൻസിനെ 'ആധുനിക മാക്രോ ഇക്കണോമിക്സിന്റെ പിതാവായി' കണക്കാക്കുന്നു.



ജെ.എം.കെയിൻസ്
മാക്രോഇക്കണോമിക്സിന്റെ പിതാവ്

1.2 മാക്രോഇക്കണോമിക്സിന്റെ അർത്ഥം

'മാക്രോ' എന്ന പദം ഉണ്ടായത് 'വലുത്' എന്നർത്ഥം വരുന്ന 'മാക്രോസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. അതിനാൽ സമ്പദ്വ്യവസ്ഥയുടെ മുഴുവനായുള്ള പഠനമാണ് മാക്രോഇക്ക

12th Economics Malayalam_Chapter-01.indd 1 2/3/2023 10:05:40 AM

ണോമിക്സ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മാക്രോഇക്കണോമിക്സ് ആഗ്രിഗേറ്റുകളായ ദേശീയ വരുമാനം, തൊഴിൽ, ഉല്പന്നം എന്നിവയുമായി മാക്രോഇക്കണോമിക്സ് ഇടപെടുന്നു. മാക്രോഇക്കണോമിക്സിനെ സമ്പദ്വ്യവസ്ഥയുടെ 'വരുമാന സിദ്ധാന്തം' എന്നും വിളിക്കുന്നു.



തൊഴിൽ, ദേശീയവരുമാനം, പണപ്പെരുപ്പം, ദാരിദ്ര്യം,അസമത്വം,ബിസിനസ്സ്ചക്രം,നിക്ഷേപവും സമ്പാദ്യവും,മൂലധനരൂപീകരണം,അടിസ്ഥാന സൗകാര്യവികസനം, അന്താരാഷ്ട്ര വ്യാപാരം, വ്യാപാരത്തിന്റെ സന്തുലിതാവസ്ഥ, വിനിമയ നിരക്ക്, സാമ്പത്തികവളർച്ച എന്നിവ മാക്രോ ഇക്കണോമിക്സിൽ ഉൾപ്പെടുന്നവിഷയങ്ങൾ ആണ്.

1.3 മാക്രോഇക്കണോമിക്സിന്റെ പ്രാധാന്യം

സമ്പദ്വ്യവസ്ഥയിൽ മാക്രോകാഴ്ചപ്പാട് അവതരിപ്പിക്കുന്നതിനുള്ള ആവശ്യകതയും പ്രാധാന്യവും ചുവടെ ചേർക്കുന്നു:

- സമ്പദ്വ്യവസ്ഥയിൽ നിലനിൽക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അനുയോജ്യമായ തന്ത്രങ്ങളെ വികസിപ്പിക്കുന്നതിനും സമ്പദ്വ്യവസ്ഥയിലെ പ്രവർത്തനങ്ങളെ മനസിലാക്കേണ്ടതുണ്ട്.
- ഭാവിയിലെ പ്രശ്നങ്ങളും സമ്പദ്വ്യവസ്ഥയിലെ മൊത്തത്തിലുള്ള ആവശ്യങ്ങളും വെല്ലുവിളികളും മനസ്സിലാക്കി സമ്പദ്വ്യവസ്ഥയിലെ മുൻകരുതൽ നടപടികൾ കൈക്കൊള്ളാൻ സഹായിക്കുന്നു.
- യാഥാർത്ഥ്യം മനസിലാക്കാൻ ശാസ്ത്രീയ അന്വേഷണത്തെ ഉപയോഗിക്കാൻ വേണ്ടത്ര അവസരങ്ങൾ മാക്രോഇക്കണോമിക്സ് നൽകുന്നു.
- സാമ്പത്തികസൂചകങ്ങളുടെഅർത്ഥവത്തായ താരതമ്യവും വിശകലനവും നടത്താൻ മാക്രോഇക്കണോമിക്സ് സഹായിക്കുന്നു.
- സാമ്പത്തിക പ്രതിസന്ധികൾ ഒഴിവാക്കുന്നതിന് അനുയോജ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനും ഭാവിയെ കുറിച്ചുള്ള മികച്ച പുനർനിർമാണത്തിനും മാക്രോഇക്കണോമിക്സ് സഹായിക്കുന്നു.

1.4 മാക്രോഇക്കണോമിക്സിന്റെ വ്യാപ്തി

മാക്രോഇക്കണോമിക്സ് പഠനത്തിന്റെ വ്യാപ്തിവിശാലമാണ്. ഇത് താഴേപറയുന്ന പ്രധാന ഭാഗങ്ങളെ ഉൾക്കൊള്ളുന്നു.

- **ദേശീയ വരുമാനം :** ദേശീയവരുമാനം കണക്കിടലും വിവിധമേഖലകളുടെ സംയോജനവുമാണ് മാക്രോഇക്കണോമിക്സ് വിശകലനത്തിന്റെഅടിസ്ഥാനവശങ്ങൾ,ദേശീയവരുമാനത്തിലെയും അതിന്റെ സംയോജനത്തിന്റെയും കണക്കുകൾ ഒരു സമ്പദ്വ്യവസ്ഥയുടെവളർച്ചാപ്രക്രിയയെകുറിച്ച്ഒരുദീർഘകാല ധാരണ നൽകുന്നു.
- **പണപ്പെരുപ്പം :** പണപ്പെരുപ്പം എന്നത് പൊതുവായ വിലനിലവാരത്തിൽ സ്ഥിരത

12th Economics Malayalam_Chapter-01.indd 2 2/3/2023 10:05:40 AM

കൈവരിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. പൊതുവിലനിലവാരം കണക്കാക്കുന്നതിന് വിവിധ വില സൂചികകളായ മൊത്തവില സൂചിക,ഉപഭോക്തൃവിലസൂചിക തുടങ്ങിയവ ആവശ്യമാണ്.

- **ബിസിനസ് ചക്രങ്ങൾ :** മിക്കവാറും എല്ലാ സമ്പദ്വ്യവസ്ഥകളിലും ഏറ്റക്കുറച്ചിലുകളും ബിസിനസ് ചക്രങ്ങളും പ്രശ്നമാകുന്നു. സമ്പദ്വ്യവസ്ഥയിലെ ചാക്രികചലനങ്ങളായ ബൂം, മാന്ദ്യം, തകർച്ച, വീണ്ടെടുക്കൽ എന്നിവയെ സാമ്പത്തിക ഘടകങ്ങളെ അടിസ്ഥാനമാക്കി ശ്രദ്ധാപൂർവ്വം പഠിക്കേതുണ്ട്.

- **ദാരിദ്ര്യവും തൊഴിലില്ലായ്മയും :** മിക്ക സമ്പന്ന രാജ്യങ്ങളുടെയും അടിസ്ഥാന പ്രശ്നങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്. സാമ്പത്തിക വിരോധാഭാസങ്ങളിൽ ഒന്നാണ് ഇത്. തൊഴിലില്ലായ്മയുടെ വ്യാപ്തിയെയും തൊഴിലില്ലായ്മയെക്കുറിച്ചുള്ള വ്യക്തമായ ധാരണക്കും വിഭവങ്ങളുടെ ഉപയോഗത്തിന്റെ നടപടികൾ ആരംഭിക്കുന്നതിന് സഹായിക്കുന്നു.

- **സാമ്പത്തികവളർച്ച :** ഒരു സമ്പദ്വ്യവസ്ഥയുടെ വളർച്ചയും പുരോഗതിയും അവയെ നിർണ്ണയിക്കുന്ന ഘടകങ്ങളെയും മനസിലാക്കാൻ മാക്രോവിശകലനത്തിലൂടെ മാത്രമേ കഴിയൂ.

- **സാമ്പത്തികനയങ്ങൾ :** അനുയോജ്യമായ സാമ്പത്തിക നയങ്ങൾ രൂപീകരിക്കുന്നതിൽ മാക്രോഇക്കണോമിക്സിന് പ്രാധാന്യംഉണ്ട്. അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമ്പത്തികവളർച്ച നേടുന്നതിനുമുള്ള തടസ്സങ്ങൾ തരണം ചെയ്യുന്നതിനും സാമ്പത്തിക നയങ്ങൾ അത്യാവശ്യമാണ്.

1.5 പരിമിതികൾ

മാക്രോഇക്കണോമിക്സിന് ചില പരിമിതികൾ ഉണ്ട്. അവയാണ് :

1. സമ്പദ്വ്യവസ്ഥയെ മുഴുവനായി അമിതമായി സാമാന്യവൽക്കരിക്കുന്നത് അപകടം വരുത്തുന്നു.

2. ഇത് വ്യക്തിഗത ഘടകങ്ങളിൽ ഏകാത്മകമായി കണക്കാക്കുന്നു.

3. ഇതിൽ രചനയുടെ വീഴ്ചയുണ്ട് ഒരു വ്യക്തിയുടെ നല്ലത് രാജ്യത്തിന്റെ നല്ലതായിരിക്കണമെന്നില്ല. കൂടാതെ ഒരു രാജ്യത്തിന് നല്ലത് മറ്റൊരു രാജ്യത്തിനും മറ്റൊരു സമയത്തിനും നല്ലതല്ല.

4. മിക്കസാമ്പത്തികേതര ഘടകങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങൾ നിർണയിക്കുന്നു പക്ഷേ അവ സാധാരണ മാക്രോഇക്കണോമിക്സ് ബുക്കുകളിൽ ഇടം കണ്ടെത്തുന്നില്ല.

1.6 സമ്പദ്വ്യവസ്ഥയും അതിന്റെ തരങ്ങളും

സമ്പദ്വ്യവസ്ഥഎന്നപദംഎ.ജെ.ബ്രൗൺ നിർവ്വചിച്ചിരിക്കുന്നത്. "ആളുകൾ അവരുടെ ജീവിതം സമ്പാദിക്കുന്ന ഒരു സംവിധാനം" എന്നാണ്. ജെ.ആർ. ഹിക്ക്സ് നിർവ്വചിച്ചു "സ്വതന്ത്ര ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ചരക്കുകളും സേവനങ്ങളും നിർമ്മിക്കാനുള്ള നിർമ്മാതാക്കളുടെയും തൊഴിലാളികളുടെയും സഹകരണമാണ് സമ്പദ്വ്യവസ്ഥ" എന്നാണ്

ചുരുക്കത്തിൽ, സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുന്ന ഏതൊരു സംവിധാനത്തിലേക്കോ മേഖലയിലേക്കോ ഒരു സമ്പദ്വ്യവസ്ഥ പരാമർശിക്കുന്നു. ഓരോ സമ്പദ്വ്യസ്ഥക്കും അതിന്റേതായ സ്വഭാവമുണ്ട്. അതനുസരിച്ച് പ്രവർത്തനങ്ങളുംവ്യത്യാസപ്പെടുന്നു. ഒരുസമ്പദ്വ്യവസ്ഥയുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി അതിന്റെ പ്രവർത്തനങ്ങളെ ഫ്ലോചാർട്ടിൽ വിശദീകരിച്ചിരിക്കുന്നു.

12th Economics Malayalam_Chapter-01.indd 3 2/3/2023 10:05:40 AM

ഫ്ലോ ചാർട്ട് : 1
പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലുള്ള സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനം



ഒരു സമ്പദ്‌വ്യവസ്ഥയിൽ സാമ്പത്തിക പ്രവർത്തനങ്ങൾ ഉല്പാദനവും ഉപഭോഗവുമാണ്. ഈ രണ്ടു പ്രവർത്തനങ്ങളെയും മറ്റു നിരവധി പ്രവർത്തനങ്ങൾ പിന്തുണയ്ക്കുന്നു. ഈ പ്രവർത്തനങ്ങളുടെ അത്യന്തിക ലക്ഷ്യം വളർച്ച കൈവരിക്കുക എന്നതാണ്. വിനിമയ പ്രവർത്തനം ഉല്പാദന ഉപഭോഗ പ്രവർത്തനങ്ങളെ പിന്തുണക്കുന്നു. നിരവധി സാമ്പത്തിക സാമ്പത്തികേതരപ്രവർത്തനങ്ങളാണ് ഈപ്രവർത്തനത്തെ സ്വാധീനിക്കപ്പെടുന്നത്. ഗതാഗതം, ബാങ്കിങ്, പരസ്യം ചെയ്യൽ, ആസൂത്രണം, സർക്കാർ നയം എന്നിവയും പ്രധാന സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. പ്രധാന സാമ്പത്തികേതര പ്രവർത്തനങ്ങൾ ആരോഗ്യം, പരിസ്ഥിതി, വിദ്യാഭ്യാസം, വിനോദം നിയന്ത്രണങ്ങൾ മുതലായവ ഉൾപ്പെടുന്നു. ഈ പിന്തുണാ പ്രവർത്തനങ്ങൾക്ക് പുറമേ ഇറക്കുമതി, കയറ്റുമതി, അന്താരാഷ്ട്ര ബന്ധങ്ങൾ കുടിയേറ്റം, വിദേശ നിക്ഷേപം, വിദേശനാണ്യ വരുമാനം മുതലായ ബാഹ്യ പ്രവർത്തനങ്ങൾ സമ്പദ് വ്യവസ്ഥയുടെ മുഴുവൻ പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നു.

സമ്പദ്‌വ്യവസ്ഥകളെ വ്യത്യസ്ത രീതികളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം

1. **വികസനത്തിന്റെ അവസ്ഥ :** വികസിതം, അവികസിതം, വികസ്വര സമ്പദ്‌വ്യവസ്ഥകൾ.
2. **പ്രവർത്തന സംവിധാനം :** മുതലാളിത്ത സോഷ്യലിസ്റ്റ്, മിശ്രിത സമ്പദ്‌വ്യവസ്ഥകൾ എന്നിങ്ങനെ.
3. **പ്രവർത്തനങ്ങളുടെ തോത് :** ചെറുതും വലുതുമായ സമ്പദ്‌വ്യവസ്ഥകൾ.
4. **പ്രവർത്തനത്തിന്റെ സ്വഭാവം :** സ്റ്റാറ്റിക്, ഡൈനാമിക് സമ്പദ്‌വ്യവസ്ഥകൾ.
5. **പ്രവർത്തനത്തിന്റെ സ്വഭാവം :** അടച്ചതും തുറന്നതുമായ സമ്പദ്‌വ്യവസ്ഥകൾ.
6. **ദേശീയ വരുമാനത്തിന്റെ നിലവാരം:** കുറഞ്ഞ വരുമാനം, ഇടത്തരം വരുമാനം, ഉയർന്ന വരുമാന സമ്പദ്‌വ്യവസ്ഥകൾ.

1.7 സാമ്പത്തിക വ്യവസ്ഥകൾ

VYR0A

സാമ്പത്തിക വ്യവസ്ഥകൾ എന്നത് ഒരു പ്രത്യേക പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുന്നതിന് വ്യക്തികളും സ്ഥാപനങ്ങളും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന രീതിയെ സൂചിപ്പിക്കുന്നു. സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സാമ്പത്തിക പ്രവർത്തനം നടത്തുന്നതിനുള്ളതാണ് ഇത്. മൂന്ന് പ്രധാനതരം സാമ്പത്തിക വ്യവസ്ഥകളുണ്ട് അവയാണ്:

1. മുതലാളിത്ത സമ്പദ്‌വ്യവസ്ഥ (മുതലാളിത്തം),
2. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ (സോഷ്യലിസം)
3. മിശ്രിത സമ്പദ്‌വ്യവസ്ഥ (സമ്മിശ്രവാദം)

12th Economics Malayalam_Chapter-01.indd 4 2/3/2023 10:05:41 AM

ആഗോളവൽക്കരണം

ആഗോളവൽക്കരണം എന്ന നൂതന കമ്പോള പ്രത്യായശാസ്ത്രത്തെ കൊണ്ടു വന്നത് മാൻഫ്രെഡ് ഡി. സ്റ്റിഗർ (2002) ആണ്. ആഗോളപുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് അന്താരാഷ്ട്ര വ്യാപാരത്തിനു വേണ്ടി രാഷ്ട്രങ്ങളെ ബന്ധിപ്പിക്കുകയാണ് ഇത് ചെയ്യുന്നത്. ഈ പ്രത്യയ ശാസ്ത്രത്തെ 'വിപുലീകൃത മുതലാളിത്വം' എന്നും വിളിക്കുന്നു.

മുതലാളിത്തവും സോഷ്യലിസവും തീവ്രവും വിപരീതവുമായ രണ്ട് സമീപനങ്ങളാണ്. മുതലാളിത്തത്തിൽ ഉല്പാദനമാർഗ്ഗങ്ങളുടെ സമ്പൂർണ്ണ സ്വാതന്ത്രവും ഉടമസ്ഥാവകാശവുമുണ്ട് സോഷ്യലിസത്തിൽ സ്വകാര്യത്തിന് സ്വാതന്ത്ര്യമില്ല. ഉല്പാദനമാർഗ്ഗങ്ങളുടെ പൊതു ഉടമസ്ഥാവകാശമുണ്ട്. മുതലാളിത്വത്തിന്റെയും സോഷ്യലിസത്തിന്റെയും സഹവർത്തിത്വത്തെ മിശ്രിതസമ്പദ് വ്യവസ്ഥ സൂചിപ്പിക്കുന്നു. വിവിധ സാമ്പത്തിക വ്യവസ്ഥയുടെ സവിശേഷതകൾ, മേൻമകൾ പരിമിതികൾ എന്നിവ വിശദമായി താഴേ കൊടുത്തിരിക്കുന്നു.



1.7.1 മുതലാളിത്തസമ്പദ്വ്യവസ്ഥ (മുതലാളിത്തം)

ആഡംസ്മിത്താണ് 'മുതലാളിത്തത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നത്. മുതലാളിത്തസമ്പദ് വ്യവസ്ഥയെ ഒരു സ്വതന്ത്രസമ്പദ്വ്യവസ്ഥ (laissez faire) എന്നും കമ്പോള സമ്പദ് വ്യവസ്ഥഎന്നും വിളിക്കുന്നു. അവിടെ ഗവൺമെന്റിന്റെ പങ്ക് വളരെകുറവും കമ്പോളം എല്ലാസാമ്പത്തിക പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്നു.



മുതലാളിത്ത സമ്പദ്വ്യവസ്ഥയിലെ ഉല്പാദനം സ്വകാര്യ ഉടമസ്ഥതയിലുള്ളതാണ്. നിർമ്മാതാക്കാൾ ലാഭലക്ഷ്യത്തോടെ ഉല്പന്നങ്ങളും സേവനങ്ങളും തയ്യാറാക്കുന്നു. സ്വകാര്യവ്യക്തികൾക്ക് ഏത് തൊഴിൽ ഏറ്റെടുക്കുവാനും ഏതെങ്കിലും നൈപുണ്യം വികസിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. യു.എസ്.എ, പശ്ചിമ ജർമനി, ആസ്ട്രേലിയ,ജപ്പാൻ എന്നിവയാണ് മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ മികച്ച ഉദാഹരണങ്ങൾ എന്നിരുന്നാലും കമ്പോളശക്തികളിൽ നിന്നും താഴേക്കിടയിലുള്ള ആളുകളുടെ സാമൂഹ്യ ക്ഷേമം സംരക്ഷിക്കുന്നതിന് നടപടികൾ ഏറ്റെടുക്കുന്നു.

മുതലാളിത്തസമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ

1. **സ്വകാര്യസ്വത്ത് ഉടമസ്ഥാവകാശവും പാരമ്പര്യനിയമവും :** മുതലാളിത്തത്തിന്റെ അടിസ്ഥാന സവിശേഷത ഭൂമി, മൂലധനം, യന്ത്രങ്ങൾ, ഖനികൾ മുതലായ എല്ലാവിഭവങ്ങളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതാണ് എന്നതാണ്. ഉടമയ്ക്ക് അവന്റെ ഇഷ്ടത്തിനനുസരിച്ച് ഈ വിഭവങ്ങൾ സ്വന്തമാക്കാനോ സൂക്ഷിക്കാനോ വിൽക്കാനോ ഉപയോഗിക്കാനോ അവകാശമുണ്ട്. സ്വത്ത് മരണശേഷം അവകാശികൾക്ക് കൈമാറാം.
2. **തെരെഞ്ഞെടുപ്പിന്റെയും സംരംഭത്തിന്റെയും സ്വാതന്ത്ര്യം:** ഏതൊരു വ്യക്തിക്കും ഏതു സ്ഥലത്തും ഏതെങ്കിലും തൊഴിൽ അല്ലെങ്കിൽ വ്യാപാരം നടത്താനും ഏതെങ്കിലും ചരക്ക് ഉല്പാദിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. അതുപോലെ ഉപഭോക്താക്കൾക്ക് അവരുടെ തെരഞ്ഞെടുക്കൽ അനുസരിച്ച് ഇഷ്ടമുള്ള ചരക്ക് വാങ്ങാൻ ഉള്ള സ്വാതന്ത്ര്യമുണ്ട്.
3. **ലാഭലക്ഷ്യം:** മുതലാളിത്ത സമ്പദ്വ്യവസ്ഥയിലെ എല്ലാസാമ്പത്തിക പ്രവർത്തനങ്ങളുടെയും പ്രേരകശക്തിയാണ് ലാഭം. വ്യക്തിയും സംഘടനയും ഉയർന്ന ലാഭം ഉറപ്പാക്കുന്ന സാധനങ്ങൾമാത്രമേഉല്പാദിപ്പിക്കൂ. മെച്ചപ്പെട്ടസാങ്കേതിക തൊഴിൽ വിഭജനം, പ്രത്യേക ശ്രദ്ധകൊടുക്കൽ, എന്നിവ പിൻതുടരുന്നു. മുതലാളിത്ത വ്യവസ്ഥയിൻ കീഴിൽ ഒരു ഉല്പാദകന്റെ സുവർണ്ണ നിയമം ലാഭം പരമാവധി എന്നതാണ്.

12th Economics Malayalam_Chapter-01.indd 5 2/3/2023 10:05:41 AM

4. **സ്വതന്ത്രമത്സരം :** ഉല്പന്ന ഘടക കമ്പോളങ്ങളിൽ സ്വതന്ത്രമത്സരം നിലനിൽക്കുന്നു. ഗവൺമെന്റിനോ ഏതെങ്കിലും മേധാവിത്വത്തിനോ കമ്പോളത്തിൽ വാങ്ങുന്നതിലും വിൽക്കുന്നതിലും ഉല്പാദക യൂണിറ്റുകളെ തടയാൻ കഴിയില്ല. വാങ്ങുന്നവരും വിൽക്കുന്നവരും തമ്മിൽ മത്സരമുണ്ട്.

5. **വിലസംവിധാനം:** ഏത് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെയും ഹൃദയമാണ് വിലസംവിധാനം. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് വിലസംവിധാനം വഴിയാണ്. അതായത് ചോദനവും പ്രദാനവുമാണ് കമ്പോള ശക്തികൾ.

6. **ഗവൺമെന്റിന്റെ പങ്ക്:** വില നിർണ്ണയം സാമ്പത്തിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാൽ മുതലാളിത്ത വ്യവസ്ഥയിൽ ഗവൺമെന്റിന്റെ പങ്ക് വളരെ കുറവായിരിക്കും. സുരക്ഷ, പൊതു ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനസേവനങ്ങൾ ഗവൺമെന്റ് അനുവദിക്കുന്നു.

7. **വരുമാനത്തിന്റെ അസമത്വങ്ങൾ:** ഒരു മുതലാളിത്ത സമൂഹത്തെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. സ്വത്ത് കൈവശം വച്ചിട്ടുള്ളവരെ 'ഉള്ളവർ' നന്നും ജീവിക്കാൻ വേണ്ടി സ്വത്തോ തൊഴിലോ ഇല്ലാത്തവരെ 'ഒന്നും ഇല്ലാത്തവർ' എന്നും. ഈ അവസ്ഥയുടെ ഫലം ധനികർ കൂടുതൽ ധനികരും ദരിദ്രർ ദരിദ്രരായി തുടരും എന്നതാണ്. അവിടെ, സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു.

മുതലാളിത്വത്തിന്റെ മേൻമകൾ

1. **യാന്ത്രിക പ്രവർത്തനം:** സർക്കാർ ഇടപെടൽ ഇല്ലാതെ സമ്പദ്‌വ്യവസ്ഥ യാന്ത്രികമായി പ്രവർത്തിക്കുന്നു.

2. **വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം :** എല്ലാവിഭവങ്ങളും പരമാവധി ഉപയോഗപ്പെടുത്തുന്നു.

3. **കഠിനാദ്ധ്വാനത്തിനുള്ളപ്രോത്സാഹനങ്ങൾ:** കഠിനാദ്ധ്വാനം പ്രോത്സാഹിപ്പിക്കുകയും കൂടുതൽ കാര്യക്ഷമതയ്ക്കായി കൂടുതൽ ലാഭം നേടുകയും ചെയ്യുന്നു.

4. **സാമ്പത്തികപുരോഗതി:** മുതലാളിത്ത സമ്പദ്‌വ്യവസ്ഥകളിൽഉല്പാദനത്തിന്റെയും ഉല്പന്നത്തിന്റെയും അളവ് വളരെ ഉയർന്നതായിരിക്കും.

5. **ഉപഭോക്തൃ പരമാധികാരം:** എല്ലാ ഉപഭോക്താക്കളെയും തൃപ്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ ഉല്പാദന പ്രവർത്തനങ്ങളും നടക്കുക.

6. **മൂലധനസ്വരൂപീകരണത്തിന്റെ ഉയർന്ന നിരക്കുകൾ:** സമ്പാദ്യത്തിലും നിക്ഷേപത്തിലുമുള്ള വർദ്ധനവ് ഉയർന്ന മൂലധന സ്വരൂപീകരണത്തിലേക്ക് നയിക്കുന്നു.

7. **പുതിയ സാങ്കേതികവിദ്യയുടെ വികസനം:** ലാഭം ലക്ഷ്യമിടുന്നതിനാൽ നിർമ്മാതാക്കൾ പുതിയ സാങ്കേതിക വിദ്യയിൽ നിക്ഷേപിക്കുകയും ഗുണനിലവാരമുള്ള ഉല്പാദനം നടത്തുകയും ചെയ്യുന്നതാണ്.

മുതലാളിത്തത്തിന്റെ അപാകതകൾ

1. **വരുമാനത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണം:** സമ്പത്തിന്റെയും വരുമാനത്തിന്റെയും കേന്ദ്രീകരണം വളരെ കുറഞ്ഞ ആളുകളിൽ മാത്രം ഒതുങ്ങി നിൽക്കാൻ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ഇടയാകുന്നു. ഇത് വരുമാനത്തിന്റെ അസമത്വം വർദ്ധിക്കാൻ ഇടയാകുന്നു.

2. **വിഭവങ്ങളെ പാഴാക്കൽ:** മത്സരപരസ്യങ്ങൾക്കും ഉല്പന്നങ്ങളുടെ പകർപ്പിനും വലിയ അളവിൽ വിഭവങ്ങൾ പാഴാകുന്നു.

3. **വർഗ്ഗസമരം:** മുതലാളിത്തം വർഗ്ഗസമരത്തിലേക്ക് നയിക്കുന്നു. ഇത് സമൂഹത്തെ മുതലാളിമാരായും വിഭജിക്കപ്പെടുന്നു.

4. **ബിസിനസ് ചക്രങ്ങൾ:** സ്വതന്ത്ര കമ്പോള സംവിധാനം തുടർച്ചയായ അക്രമാസക്തമായ സാമ്പത്തിക ഏറ്റക്കുറച്ചിലുകൾക്കും പ്രതിസന്ധികൾക്കും ഇടയാക്കുന്നു.


5. **അത്യാവശ്യമല്ലാത്ത ചരക്കുകളുടെ ഉല്പാദനം:** ലാഭമുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിൽ ദോഷകരമായ ഉല്പന്നങ്ങൾ പോലും ഉല്പാദിപ്പിക്കപ്പെടുന്നു.

1.7.2 സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ (സോഷ്യലിസം)

കാറൽമാർക്സ് ആണ് സോഷ്യലിസത്തിന്റെ പിതാവ്. പൊതുഉടമസ്ഥാവകാശം മൊത്തം ആസൂത്രണം, സാമ്പത്തികപ്രവർത്തനങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണം എന്നിവയെ സൂചിപ്പിക്കുന്ന സംവിധാനമാണ് സോഷ്യലിസം.സമൂഹത്തിലെ പ്രധാന വ്യവസായങ്ങളെല്ലാം സ്വന്തമാക്കിയിരിക്കുന്ന സംവിധാനമാണ് സോഷ്യലിസം. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയെ 'ആസൂത്രിത സമ്പദ്

12th Economics Malayalam_Chapter-01.indd 6 2/3/2023 10:05:41 AM

വ്യവസ്ഥ' എന്നും 'ആജ്ഞാപിക്കുന്ന സമ്പദ് വ്യവസ്ഥ' എന്നും അറിയപ്പെടുന്നു.



കാറൽമാർക്സ്
- സോഷ്യലിസത്തിന്റെ പിതാവ്

സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയിൽ എല്ലാ വിഭവങ്ങളുടെ ഉടമസ്ഥതയും പ്രവർത്തനവും ഗവൺമെന്റാണ്. എല്ലാ സാമ്പത്തികപ്രവർത്തനങ്ങളുടെയും പിന്നിലുള്ള ലക്ഷ്യം പൊതുക്ഷേമമാണ്. വരുമാനത്തിന്റെയും സമ്പത്തിന്റെയും വിതരണത്തിൽ തുല്യതയും എല്ലാപേർക്കും തുല്യ അവസരവുമാണ് ഇത് ലക്ഷ്യമിടുന്നത് റഷ്യ, ചൈന, വിയറ്റ്നാം, പോളാണ്ട്. ക്യൂബ തുടങ്ങിയവയാണ് സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയുടെ ഉദാഹരണങ്ങൾ, എന്നാൽ, ഇപ്പോൾ പൂർണ്ണമായ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥകൾ കാണുന്നില്ല.

ആജ്ഞാപിത സമ്പദ്വ്യവസ്ഥ

എന്ത് ഉല്പാദിപ്പിക്കണം	എങ്ങനെ ഉല്പാദിപ്പിക്കണം	ആർക്കുവേണ്ടി ഉല്പാദിപ്പിക്കണം



കേന്ദ്രവിഭാഗംപൂർണമായി തീരുമാനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു

സോഷ്യലിസത്തിന്റെ സവിശേഷതകൾ:

1. **ഉല്പാദനോപാധികളുടെ പൊതു ഉടമസ്ഥാവകാശം:** എല്ലാവിഭവങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിൽ ആയിരിക്കും. എല്ലാ ഉല്പാദകഘടകങ്ങളും ദേശസാൽക്കരിക്കപ്പെടുന്നതും നിയന്ത്രിക്കുകയും ചെയ്യുന്നത് പൊതുമേധാവിത്വത്തിന്റെ കീഴിൽ ആണ് എന്നതാണ് അർത്ഥമാക്കുന്നത്.
2. **കേന്ദ്ര ആസൂത്രണം:** ആസൂത്രണം ഒരു സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ്. ഈ സംവിധാനത്തിൽ എല്ലാ തീരുമാനങ്ങളും കേന്ദ്ര ആസൂത്രണ അതോറിറ്റിയാണ് ഏറ്റെടുക്കുന്നത്.
3. **പരമാവധി സാമൂഹ്യനേട്ടം:** എല്ലാ സാമ്പത്തിക പ്രവർത്തനങ്ങൾക്കും പിന്നിലെ മാർഗ്ഗനിർദ്ദേശ തത്വമാണ് സാമൂഹ്യക്ഷേമം. ആനുകൂല്യങ്ങൾ സമൂഹത്തിന് വിതരണംചെയ്യുന്നതരത്തിലാണ് നിക്ഷേപം ആസൂത്രണം ചെയ്യുന്നത്.
4. **മത്സരത്തിന്റെ നിലനിൽപ്പില്ലായ്മ:** സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയിൽ കമ്പോളത്തിൽ മത്സരം കാണപ്പെടുന്നില്ല. ചരക്കുകളുടെയും സേവനങ്ങളുടെയും ഉല്പാദനത്തിലും വിതരണത്തിലും ഗവൺമെന്റിന് പൂർണ്ണ നിയന്ത്രണമുണ്ട്. ഉപഭോക്താക്കളുടെ തെരഞ്ഞെടുക്കലിന് പരിമിതി ഉണ്ട്.
5. **വിലനിർണയ സംവിധാനത്തിന്റെ അഭാവം:** കേന്ദ്ര ആസൂത്രണ വിഭാഗത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വില സംവിധാനം പ്രവർത്തിക്കുന്നത്.
6. **വരുമാനത്തിന്റെ തുല്യത:** സാമ്പത്തിക അസമത്വങ്ങൾ ഒഴിവാക്കുക എന്നതാണ് സോഷ്യലിസത്തിന്റെ പ്രധാനപ്പെട്ട സവിശേഷത സോഷ്യലിസത്തിൽ സ്വകാര്യസ്വത്തും പിൻതുടർച്ചാ നിയമവും നിലനിൽക്കുന്നില്ല.
7. **അവസരസമത്വം:** സ്വതന്ത്ര ആരോഗ്യം, വിദ്യാഭ്യാസം, പ്രൊഫഷണൽ പരിശീലനം എന്നിവയിലൂടെ സോഷ്യലിസം എല്ലാവർക്കും തുല്യ അവസരം നൽകുന്നു.
8. **വർഗ്ഗരഹിത സമൂഹം:** സോഷ്യലിസത്തിന് കീഴിൽ വർഗ്ഗരഹിതമായ ഒരു സമൂഹമുണ്ട്. അതിനാൽ വർഗ്ഗസംഘർഷങ്ങൾ ഒന്നുമില്ല. ഒരു യഥാർത്ഥസോഷ്യലിസ്റ്റ് സമൂഹത്തിൽ സാമ്പത്തിക നിലയിൽ എല്ലാപേരും തുല്യരാണ്.

സോഷ്യലിസത്തിന്റെ ഗുണങ്ങൾ

1. **അസമത്വങ്ങൾ കുറയ്ക്കൽ:** മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിനും സ്വകാര്യസ്വത്ത് സ്വന്തമാക്കാനും ഉപയോഗിക്കാനും ആരെയും അനുവദിക്കുന്നില്ല.

12th Economics Malayalam_Chapter-01.indd 7 2/3/2023 10:05:41 AM

2. **വിഭവങ്ങളുടെ യുക്തിസഹമായ വിനിയോഗം:** കേന്ദ്ര ആസൂത്രണവിഭാഗം വിഭവങ്ങളെ ആസൂത്രമായ രീതിയിൽ വിനിയോഗിക്കുന്നു. ഫലരഹിതമായപ്രവർത്തനങ്ങളെ കുറിച്ച് മുൻകൂട്ടി ആസൂത്രണം ചെയ്ത രീതിയിലാണ് നിക്ഷേപം നടത്തുക.

3. **വർഗ്ഗസംഘർഷങ്ങളുടെഅഭാവം:** അസമത്വങ്ങൾ ഏറ്റവും കുറവായതിനാൽ ധനികരും ദരിദ്രരും തമ്മിൽ ഒരു സംഘർഷവുമില്ല. സമൂഹം യോജിപ്പിലാണ് പ്രവർത്തിക്കുന്നത്.

4. **വ്യാപാര ചക്രങ്ങളുടെ അവസാനം:** ചരക്കുകളുടെയും സേവനങ്ങളുടെയും ഉല്പാദനത്തിലും വിതരണത്തിലും ആസൂത്രണ അതോറിറ്റി നിയന്ത്രണം ഏറ്റെടുക്കുന്നു.

5. **സാമൂഹ്യക്ഷേമത്തെ പ്രോൽസാഹിപ്പിക്കുന്നു:** ചൂഷണത്തിന്റെ അഭാവം, സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുക, വ്യാപാരചക്രങ്ങൾ ഒഴിവാക്കുക, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നിവ സാമൂഹ്യക്ഷേമത്തെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായിക്കുന്നു.

സോഷ്യലിസത്തിന്റെ പോരായ്മകൾ

1. **ചുവപ്പുനാടയും ഉദ്യോഗസ്ഥഭരണവും:** ഗവൺമെന്റ് ഏജൻസികളിൽ തീരുമാനം എടുക്കാൻ വൈകുന്നത് ഉദ്യോഗസ്ഥരുടെ അംഗീകാരത്തിനും ഫയലുകൾ ഒരുമേശയിൽ നിന്ന് അടുത്ത മേശയിലേക്ക് പോകാൻ സമയം വേണ്ടി വരുന്നു. ഇത് ചുവപ്പുനാടയിലേക്ക് നയിക്കുന്നു.

2. **സഹായധനങ്ങളുടെ അഭാവം:** സോഷ്യലിസം കാര്യക്ഷമമാക്കുവാൻ വേണ്ടി യാതൊരു സഹായധനങ്ങളും നൽകുന്നില്ല എന്നത്. പ്രധാന പോരായ്മയാണ്. അതിനാൽ ഉല്പാദനം വളരെ കഷ്ടത്തിലാകുന്നു.

3. **തെരെഞ്ഞെടുക്കാനുള്ള പരിമിതി സ്വാതന്ത്ര്യം:** ചരക്കുകളും സേവനങ്ങളും ഉപഭോഗം നടത്തുമ്പോൾ ഉപഭോക്താക്കൾക്ക് തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇല്ല.

4. **ശക്തി കേന്ദ്രീകരണം:** സംസ്ഥാനമാണ് എല്ലാ പ്രധാന തീരുമാനങ്ങളും എടുക്കുന്നത്. സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിൽ സ്വകാര്യ വ്യക്തികൾക്ക് യാതൊരു താല്പര്യവുമില്ല. അതിനാൽ സ്റ്റേറ്റാണ് പ്രധാന ശക്തി.

1.7.3 മിശ്രിതസമ്പദ് വ്യവസ്ഥ:



മിശ്രിതസമ്പദ്വ്യവസ്ഥയിൽ സ്വകാര്യമേഖലയും പൊതുമേഖലയും ഒത്തു ചേർന്ന് സാമ്പത്തിക പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്നു. ഇത് സോഷ്യലിസത്തിന്റെയും മുതലാളിത്ത വ്യവസ്ഥയുടെയും സംയോജനമാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥയുടെയും മുതലാളിത്തവ്യവസ്ഥയുടെയും തിൻമകൾ ഒഴിവാക്കപ്പെടുന്നു. ഈ സമ്പദ്വ്യവസ്ഥയിൽ വിഭവങ്ങളെ സ്വന്തമാക്കുന്നത്

12th Economics Malayalam_Chapter-01.indd 8 2/3/2023 10:05:42 AM

വ്യക്തികളും ഗവൺമെന്റുമാണ്. ഇന്ത്യ, ഇംഗ്ലണ്ട്, ഫ്രാൻസ്, ബ്രസീൽ തുടങ്ങിയവ മിശ്രിത സമ്പദ്വ്യവസ്ഥക്ക് ഉദാഹരണങ്ങളാണ്

മിശ്രിതസമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ

1. **സ്വത്തിന്റെയും ഉല്പാദനോപാധികളുടെയും ഉടമസ്ഥാവകാശം:** ഉല്പാദനോപാധികളും സ്വത്തും കൈവശംവയ്ക്കുന്നത് സ്വകാര്യവും പൊതുവിഭാഗവുമാണ്. പൊതുവിഭാഗത്തിനും സ്വകാര്യവ്യക്തികൾക്കും അവരുടെ വിഭവങ്ങൾ കൈമാറുന്നതിനും ഉപയോഗിക്കുന്നതിനും അവകാശമുണ്ട്.

2. **പൊതുസ്വകാര്യമേഖലയുടെസഹവർത്തിത്വം:** സമ്മിശ്ര സമ്പദ്വ്യവസ്ഥയിൽ സ്വകാര്യമേഖലയും പൊതുമേഖലയും സഹവർത്തിച്ചു പ്രവർത്തിക്കുന്നു. സ്വകാര്യ വ്യവസായങ്ങൾ പ്രാഥമികമായി ലാഭത്തിനുള്ള പ്രവർത്തനങ്ങൾഏറ്റെടുക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇത് സാമൂഹ്യക്ഷേമം പരമാവധി ലക്ഷ്യമിടുന്നു.

3. **സാമ്പത്തിക ആസൂത്രണം:** കേന്ദ്ര ആസൂത്രണ അതോറിറ്റിയാണ് സാമ്പത്തിക പദ്ധതികൾ തയ്യാറാക്കുന്നത്. ഗവൺമെന്റ് ദേശീയപദ്ധതികൾ തയ്യാറാക്കുകയും സ്വകാര്യപൊതു മേഖലകൾ ഇവ അനുസരിക്കുകയും ചെയ്യുന്നു. പൊതുവെ സമ്പദ്വ്യവസ്ഥയിലെ എല്ലാ മേഖലകളും ആസൂത്രണ ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമായിരിക്കും.

4. **സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരം:** എന്ത് ഉല്പാദിപ്പിക്കണം, എങ്ങനെ ഉല്പാദിപ്പിക്കണം, ആർക്കുവേണ്ടി ഉല്പാദിപ്പിക്കണം എങ്ങനെ വിതരണം ചെയ്യണം എന്നീ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നത് വിലനിർണയ സംവിധാനവും ഗവൺമെന്റിന്റെ ഇടപെടലുമാണ്.

5. **സ്വാതന്ത്ര്യവും നിയന്ത്രണവും:** വിഭവങ്ങൾ സ്വന്തമാക്കാനും സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിലും സാമ്പത്തിക പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള നിയന്ത്രണം ഗവൺമെന്റിനെ ആശ്രയിച്ചിരിക്കുന്നു.

മിശ്രിതസമ്പദ്വ്യവസ്ഥയുടെ മേൻമകൾ

1. **ദ്രുതസാമ്പത്തിക വളർച്ച:** സമ്മിശ്രസമ്പദ്വ്യവസ്ഥയുടെ പ്രയോജനം ദ്രുത സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്. അനിതാൽ പൊതു ആവശ്യങ്ങളും സ്വകാര്യ ആവശ്യങ്ങളും സംരക്ഷിക്കുന്നു.

2. **സമതുലിതമായ സാമ്പത്തിക വളർച്ച:** മിശ്രിതസമ്പദ്വ്യവസ്ഥസമതുലിതവളർച്ചയെ പ്രോത്സാഹിപ്പിക്കുന്നു. ഇത് കൃഷിയും വ്യവസായവും തമ്മിലുള്ള സന്തുലിത വളർച്ച, ഉപഭോക്തൃ വസ്തുക്കളും മൂലധന വസ്തുക്കളും, ഗ്രാമീണം, നാഗരികം എന്നിവയും പ്രോത്സാഹിപ്പിക്കുന്നു.

3. **വിഭവങ്ങളുടെ ശരിയായ വിനിയോഗം:** സമ്മിശ്ര സമ്പദ്വ്യവസ്ഥയിൽ വിഭവങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നു. ഗവൺമെന്റ് മിക്കപ്രധാന പ്രവർത്തനങ്ങളെ നേരിട്ടും സ്വകാര്യമേഖലയെ പരോക്ഷമായും നിയന്ത്രിക്കുന്നു.

4. **സാമ്പത്തിക സമത്വം:** സാമ്പത്തിക സമത്വം കൈവരിക്കുന്നതിന് ആദയനികുതി ഈടാക്കുന്ന പുരോഗമന നിരക്ക് നികുതി ഉപയോഗിക്കുന്നു.

5. **സമൂഹത്തിന് പ്രത്യേക നേട്ടങ്ങൾ:** നിയമ നടപടികൾവഴി ന്യായമായ വേതനവും റേഷനിംഗും,ന്യായവിലകടകൾതുറക്കുക,സാമൂഹ്യക്ഷേമ നടപടികൾ രൂപീകരിക്കുക എന്നിവ വഴി ഗവൺമെന്റ് തൊഴിലാളികളുടെയും ദുർബ്ബല വിഭാഗങ്ങളുടെയും താത്പര്യം സംരക്ഷിക്കുന്നു.

മിശ്രിത സമ്പദ്വ്യവസ്ഥയുടെ അപാകതകൾ

1. **ഏകോപനത്തിന്റെ അഭാവം:** പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവങ്ങൾ മിശ്രിതസമ്പദ്വ്യവസ്ഥയുടെ ഏറ്റവും വലിയ പോരായ്മകളാണ്. രണ്ടും വ്യത്യസ്തമായ ലക്ഷ്യങ്ങൾ ഉള്ളതിനാൽ ഇത് ഏകോപനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

12th Economics Malayalam_Chapter-01.indd 9 2/3/2023 10:05:42 AM

2. **മത്സരമനോഭാവം:** ഗവൺമെന്റും സ്വകാര്യ വിഭാഗവും സമൂഹത്തിന്റെ ക്ഷേമത്തിനായി പൂരകമായി പ്രവർത്തിക്കണമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ വാസ്തവത്തിൽ അവർ അവരുടെ പ്രവർത്തനങ്ങളിൽ മത്സരിക്കുന്നു.

3. **കാര്യക്ഷമതയില്ലായ്മ:** ഉദ്യോഗസ്ഥഭരണം, ചുവപ്പുനാട, പ്രചോദനത്തിന്റെ അഭാവം എന്നിവകാരണം പൊതുമേഖലാ സ്ഥാപനങ്ങൾ ഭൂരിഭാഗവും കാര്യക്ഷമതയില്ല.

4. **ദേശസാൽക്കരണത്തെക്കുറിച്ചുള്ള ഭയം:** മിശ്രിതസമ്പദ്വ്യവസ്ഥയിൽ ദേശസാൽക്കരണത്തെക്കുറിച്ചുള്ള ഭയം സ്വകാര്യ സംരംഭകരെ അവരുടെ ബിസിനസ് പ്രവർത്തനങ്ങൾ നിരുൽസാഹപ്പെടുത്തുന്നു.

5. **വിശാലമായ അസമത്വം:** വിഭവങ്ങളുടെ ഉടമസ്ഥത,അനന്തരാവകാശനിയമങ്ങൾ,ആളുകളുടെ ലാഭലക്ഷ്യം എന്നിവ ധനികരും ദരിദ്രവും തമ്മിലുള്ള വിശാലത വർദ്ധിപ്പിക്കുന്നു.

അന്തിമമായി മുതലാളിത്തത്തിലെ അസമത്വവും സോഷ്യലിസത്തിലെ കാര്യക്ഷമതയില്ലായ്മയും മിശ്രിതസമ്പദ്വ്യവസ്ഥയിൽ കാണാം.

വിവിധ സാമ്പത്തികവ്യവസ്ഥകളെ താരതമ്യം ചെയ്യൽ

എണ്ണം	സവിശേഷതകൾ	മുതലാളിത്തം	സോഷ്യലിസം	മിശ്രിതം
1	ഉല്പാദനോപാധികളുടെ ഉടമസ്ഥാവകാശം	സ്വകാര്യ ഉടമസ്ഥത	പൊതു ഉടമസ്ഥത	സ്വകാര്യ പൊതു ഉടമസ്ഥത
2	സാമ്പത്തിക ലക്ഷ്യം	ലാഭം	സാമൂഹ്യക്ഷേമം	ലാഭവും സാമൂഹ്യക്ഷേമവും
3	അടിസ്ഥാന പ്രശ്ന പരിഹാരം	സ്വതന്ത്ര കമ്പോള വ്യവസ്ഥ	കേന്ദ്ര ആസൂത്രണം	സ്വതന്ത്ര കമ്പോളവും കേന്ദ്ര ആസൂത്രണവും
4	ഗവൺമെന്റ് പങ്ക്	ആഭ്യന്തര നിയന്ത്രണം മാത്രം	പൂർണ പങ്കാളിത്തം	പരിമിതപങ്ക്
5	വരുമാന വിതരണം	തുല്യമല്ല	തുല്യം	തുല്യരഹിത കുറവ്
6	സംരംഭത്തിന്റെ സ്വഭാവം	സ്വകാര്യ സംരംഭം	പൊതു സംരംഭം	സ്വകാര്യവും ഗവൺമെന്റ് സംരംഭം
7	സാമ്പത്തിക സ്വാതന്ത്ര്യം	പൂർണ സ്വാതന്ത്ര്യം	സ്വാതന്ത്ര്യത്തിന്റെ അഭാവം	സ്വാതന്ത്ര്യത്തിന് പരിധി
8	പ്രധാന പ്രശ്നം	അസമത്വം	കാര്യക്ഷമതയില്ല	അസമത്വവും കാര്യക്ഷമതയില്ലായ്മയും

1.8 മാക്രോഇക്കണോമിക്സിന്റെ ആശയങ്ങൾ

മാക്രോഇക്കണോമിസ്സിൽ ഉപയോഗിക്കുന്ന പ്രധാനആശയങ്ങൾ ചുവടെ അവതരിപ്പിക്കുന്നു:

1.8.1. സ്റ്റോക്ക്, ഫ്ളോ പദങ്ങൾ

സാമ്പത്തിക വിശകലനത്തിൽ ഉപയോഗിക്കുന്ന വേരിയബിളുകളെ സ്റ്റോക്ക്, ഫ്ളോ, എന്നിങ്ങനെ തരംതിരിക്കുന്നു. സ്റ്റോക്ക്, ഫ്ളോ വേരിയബിളുകൾ കാലത്തിനനുസരിച്ച് വർദ്ധിക്കുകയോ, കുറയുകയോ ചെയ്യാം.

12th Economics Malayalam_Chapter-01.indd 10 2/3/2023 10:05:42 AM

- **സ്റ്റോക്ക്** എന്നത് ഒരു സമയത്ത് അളക്കുന്ന ചരക്കിനെ സൂചിപ്പിക്കുന്നു. മാക്രോഇക്കണോമിക്സിൽ പണവിതരണം, തൊഴിലില്ലായ്മനിര, വിദേശനാണ്യ കരുതൽ, മൂലധനം തുടങ്ങിയവ സ്റ്റോക്ക് വേരിയബിളുകളുടെ ഉദാഹരണങ്ങളാണ്.
- **ഫ്ളോ വേരിയബിളുകൾ** അളവ് ഒരു നിശ്ചിത കാലയളവിൽ അളക്കുന്നു. ദേശീയ വരുമാനം, ഇറക്കുമതി, ഉല്പാദനം, നിക്ഷേപം തുടങ്ങിയവ ഫ്ളോ വേരിയബിളുകളുടെ ഉദാഹരണങ്ങളാണ്.
- **സാമ്പത്തിക മാതൃകകൾ** യഥാർത്ഥ സാഹചര്യത്തിന്റെ ലളിതമായ ആവിഷ്കാരമാണ് ഒരു മാതൃക. സാമ്പത്തിക പ്രവർത്തനങ്ങൾ വിവരിക്കുന്നതിനും അവയുടെ ബന്ധവും പെരുമാറ്റവും വിശദീകരിക്കുന്നതിനായി സാമ്പത്തിക ശാസ്ത്രജ്ഞൻമാർ മോഡലുകൾ ഉപയോഗിക്കുന്നു. സമ്പദ്വ്യവസ്ഥ അല്ലെങ്കിൽ സമ്പദ്വ്യവസ്ഥയുടെ ഒരു ഭാഗം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ വിശദീകരണമാണ് ഒരു മാതൃക. മിക്ക സാമ്പത്തിക മോഡലുകളും ഗണിതശാസ്ത്രം, ഗ്രാഫുകൾ, സമവാക്യങ്ങൾ എന്നിവ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. സാമ്പത്തിക വേരിയബിളുകൾ തമ്മിലുള്ള ബന്ധം വിശദീകരിക്കാനുള്ള ശ്രമവും നടക്കുന്നു. സാധാരണയായി ഉപയോഗിക്കുന്ന സാമ്പത്തിക മോഡലുകൾ പ്രദാന ചോദന മോഡലുകളും സ്മിത്ത് മോഡലുകളുമാണ്.

1.9 വരുമാനത്തിന്റെ ചാക്രിക പ്രവാഹം



സമ്പദ്വ്യവസ്ഥയുടെ വിവിധമേഖലകൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന ഒരു സമ്പദ്വ്യവസ്ഥയുടെ മാതൃകയാണ് വരുമാനത്തിന്റെ ചാക്രികപ്രവാഹം. വരുമാനപ്രവാഹം, ചരക്കുകളും സേവനങ്ങളും, ഉല്പാദനോപാധികൾ എന്നിവ സാമ്പത്തിക ഏജന്റുകളായ ഉല്പാദക യൂണിറ്റുകൾ, ഗൃഹഭരണം, ഗവൺമെന്റ് എന്നിവർക്കിടയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ദേശീയ കണക്കുകളുടെയും മാക്രോഇക്കണോമിക്സിന്റെയും അടിസ്ഥാനം ചാക്രികപ്രവാഹ വിശകലനമാണ്.

വരുമാനത്തിന്റെ ചാക്രിക പ്രവാഹ മാതൃകകൾ മൂന്ന് രീതിയിലുണ്ട്.

1. **ദ്വിമേഖലാമാതൃക:** ഗൃഹസംവിധാനവും ഉല്പാദക യൂണിറ്റുകളും ചേർന്നതാണ് ലളിതമായ ദ്വിമേഖലാ മാതൃക.

2. **ത്രിമേഖലാ മാതൃക:** ഗാർഹികം, ഉല്പാദക യൂണിറ്റുകൾ, ഗവൺമെന്റ് എന്നീ സംയുക്തവും അടഞ്ഞതുമായ സമ്പദ്വ്യവസ്ഥയാണ് ഇത്.

3. **നാലുമേഖലാ മാതൃക:** ഇത് ഗാർഹികം, ഉല്പാദക യൂണിറ്റുകൾ, ഗവൺമെന്റ്, ലോകത്തിന്റെ മറ്റുഭാഗങ്ങൾ (ബാഹ്യമേഖല) എന്നിവ ചേർന്ന ഒരു തുറന്ന സമ്പദ്വ്യവസ്ഥയാണ്.


1.9.1 ദ്വിമേഖലാ സമ്പദ്വ്യവസ്ഥയിൽ വരുമാനത്തിന്റെ ചാക്രികപ്രവാഹം:

ഇതിൽ പ്രധാനമായും രണ്ട് മേഖലകൾ ഉണ്ട്. അതായത്, ഗാർഹികമേഖലാ, ഉല്പാദക യൂണിറ്റ് എന്നിങ്ങനെ.

(i) ഗാർഹികമേഖല: ചരക്കുകളുടെയും സേവനങ്ങളുടെയും ഏക വാങ്ങൽകാരനും ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നീ ഉല്പാദകഘടകങ്ങളുടെ ഏകവിൽപ്പനക്കാരനുമാണ് ഗാർഹിക മേഖല. ബിസിനസ് മേഖല ഉല്പാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വാങ്ങലിനായി മുഴുവൻ വരുമാനവും ചെലവഴിക്കുന്നു. ഗാർഹികമേഖല അവരുടെ ഉടമസ്ഥതയിലുള്ള ഉല്പാദകഘടകങ്ങൾ അനുവദിച്ചു നൽകുന്നതു വഴി ഗാർഹിക മേഖല വരുമാനം സ്വീകരിക്കുന്നു.

(ii) ഉല്പാദക യൂണിറ്റുകൾ: ഗാർഹികമേഖലയ്ക്ക് ചരക്കുകളും സേവനങ്ങളും വിൽക്കുന്നതു വഴി ഉല്പാദകമേഖലയ്ക്ക് വരുമാനം ലഭിക്കുന്നു. ഗാർഹികമേഖലയുടെ ഉടമസ്ഥതയിലുള്ള ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നീ ഉല്പാദക ഘടകങ്ങളെ ഇവർ വാടകയ്ക്കെടുക്കുന്നു. ഉല്പാദക മേഖല ഗാർഹിക മേഖലയ്ക്ക് മുഴുവൻ ഉല്പന്നവും വിൽക്കുന്നു.

12th Economics Malayalam_Chapter-01.indd 11 2/3/2023 10:05:42 AM




ദ്വിമേഖലാ സമ്പദ്‌വ്യവസ്ഥയിൽ ഉല്പാദനവും വില്പനയും തുല്യമാണ്. മാത്രമല്ല വരുമാനത്തിന്റെയും ചരക്കുകളുടെയും ചാക്രികപ്രവാഹം ഉണ്ടാകുന്നു. ബാഹ്യവൃത്തം യഥാർത്ഥ ഒഴുക്കിനെ (ചരക്കുകളും ഘടകങ്ങളും) പ്രതിനിധീകരിക്കുന്നു. ആന്തരികവൃത്തം (ഘടകവിലകളും ചരക്ക് വിലകളും) പണപ്രവാഹത്തെ പ്രതിനിധീകരിക്കുന്നു. ഗാർഹികമേഖലയിൽ നിന്ന് ബിസിനസ് മേഖലയിലേക്കുള്ള ഘടകസേവനങ്ങളും ബിസിനസ് മേഖലയിൽ നിന്ന് ഗാർഹിക മേഖലയിലേക്ക് ചരക്കുകളും സേവനങ്ങളും ഒഴുകുന്നത് യഥാർത്ഥപ്രവാഹത്തെ സൂചിപ്പിക്കുന്നു. ദ്വിമേഖലാ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന അടയാളം ചുവടെ ചേർക്കുന്നു:

$$Y = C + I$$

ഇവിടെ

Y എന്നത് വരുമാനം, Cഎന്നത് ഉപഭോഗം, I മുതൽമുടക്ക്

1.9.2. ത്രിമേഖലാ സമ്പദ്‌വ്യവസ്ഥയിലെ വരുമാനത്തിന്റെ ചാക്രികപ്രവാഹം:



ഗാർഹികമേഖലയ്ക്കും, ഉല്പാദക യൂണിറ്റുകൾക്കും പുറമെ സർക്കാർ മേഖലയെ ഉൾപ്പെടുത്തുന്നത് ഈ മാതൃകയെ ത്രിമേഖലയാക്കി മാറ്റുന്നു. ഗാർഹികമേഖകൾക്കും ഉല്പാദക യൂണിറ്റു

12th Economics Malayalam_Chapter-01.indd 12 2/3/2023 10:05:42 AM


കൾക്കും ഗവൺമെന്റ് നികുതി ചുമത്തുകയും ഉല്പാദക യൂണിറ്റുകളിൽ നിന്ന് ചരക്കുകളും സേവനങ്ങളും വാങ്ങുകയും ഗാർഹികമേഖല യിൽ നിന്ന് ഉല്പാദക ഘടകങ്ങൾ വാങ്ങുകയും ചെയ്യുന്നു. മറുവശത്ത് പെൻഷൻ, ദുരിതാശ്വാസം, സബ്സിഡി തുടങ്ങിയവ ഗാർഹിക മേഖല കൾക്ക് കൈമാറുന്നു. അതുപോലെ ചരക്കുകളും സേവനങ്ങളും വാങ്ങുന്നതിന് ഗവൺമെന്റ് യൂണി റ്റുകൾക്ക് പണം നൽകുന്നു. ത്രിമേഖലാ സമ്പദ് വ്യവസ്ഥയെ ഫ്ളോ ചാർട്ടിൽ കൂടെ വിവരിക്കാം:

ത്രിമേഖലാ മാതൃകയിൽ ഉപഭോഗ ചെലവ് (C) മുതൽമുടക്ക് ചെലവ് (I), ഗവൺമെന്റ് ചെലവ് (G) എന്നിവയെ കൂട്ടിയാണ് ദേശീയ വരുമാനം ണക്കാക്കുന്നത്.

അതിനാൽ:

$$Y = C + I + G$$

1.9.3 നാലുമേഖലാ സമ്പദ്‌വ്യവസ്ഥയിലെ വരുമാനത്തിന്റെ ചാക്രിക പ്രവാഹം:



ഗാർഹികം, ഉല്പാദക യൂണിറ്റുകൾ, ഗവൺമെന്റ് എന്നിവക്കു പുറമേ നാലാമതായി ഒരു മേഖല അതായത് ബാഹ്യമേഖല കൂടി ഉൾപ്പെടുന്നതാണ് നാല്മേഖലകളുള്ള സമ്പദ് വ്യവസ്ഥ യഥാർത്ഥ ജീവിതത്തിൽ നാലു മേഖലകളുള്ള സമ്പദ്‌വ്യവസ്ഥ മാത്രമാണ് നിലനിൽക്കുന്നത്,

(i) ഗാർഹികമേഖല, (ii) ഉല്പാദക യൂണിറ്റ്,
(iii) ഗവൺമെന്റ്, (iv) ബാഹ്യമേഖല

ബാഹ്യമേഖലയിൽ കയറ്റുമതിയും ഇറക്കു മതിയും ഉൾപ്പെടുന്നു. ഇത് ഫ്ളോചാർട്ടിൽ ചിത്രീകരിച്ചിരിക്കുന്നു.

നാലുമേഖലാസമ്പദ്‌വ്യവസ്ഥയിൽ സമ്പദ്‌വ്യവ സ്ഥയുടെ മുഴുവൻ ചെലവിലും ആഭ്യന്തര ചെലവ് (C+I+G) അറ്റകയറ്റുമതി (X– M) എന്നിവ ഉൾപ്പെടുന്നു.

അതായത്,

$$Y = C + I + G + (X - M)$$

12th Economics Malayalam_Chapter-01.indd 13 2/3/2023 10:05:42 AM

സംഗ്രഹം

ഒരു സമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള പെരുമാറ്റത്തെയും പ്രകടനത്തെയും മാക്രോഇക്കണോമിക്സ് പഠിക്കുന്നു. ഇത് ഒരു സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനവും പ്രകടനവും വളർച്ചയും ഉൾക്കൊള്ളുന്നു. തൊഴിൽ, ദേശീയവരുമാനം, പണപ്പെരുപ്പം, ബിസിനസ് ചക്രം, ദാരിദ്ര്യം, അസമത്വം, നിക്ഷേപം, ലാഭം, മൂലധന രൂപീകരണം, അടിസ്ഥാനവികസനം, ബാങ്കിംഗ്, പൊതു ധനകാര്യം, അന്താരാഷ്ട്ര വ്യാപാരം, വ്യാപാരശിഷ്ടങ്ങൾ, പെയ്മെന്റ് ബാലൻസ്വിനിമയ നിരക്കും സാമ്പത്തിക വളർച്ച എന്നീ മേഖലകൾ പരിശോധിക്കുന്നു. ഒരു സമ്പദ്‌വ്യവസ്ഥയെ മനസ്സിലാക്കാൻ സാമ്പത്തിക മാതൃകകൾ പ്രയോജനപ്രദമാണ്. മാക്രോ സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനം മനസിലാക്കാൻ ചാക്രിക ഒഴുക്ക് മാതൃകകൾ അടിസ്ഥാനപ്പെടുത്തുന്നു.

മുതലാളിത്ത സമ്പദ്‌വ്യവസ്ഥ, സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, മിശ്രിത സമ്പദ്‌വ്യവസ്ഥ തുടങ്ങിയ രീതിയിൽ ഒരു സമ്പദ്‌വ്യവസ്ഥയെ തരംതിരിക്കാം. എന്നിരുന്നാലും ഇപ്പോൾ 100 ശതമാനം മുതലാളിത്ത വ്യവസ്ഥയോ സോഷ്യലിസ്റ്റ് സംവിധാനമോ പൂർണമായ സമ്മിശ്രസമ്പദ് വ്യവസ്ഥയോ കണ്ടെത്താൻ പ്രയാസമാണ്.

ഗ്ലോസറി (നിഘണ്ടു)

- **മാക്രോഇക്കണോമിക്സ് :** ഒരു സമ്പദ്‌വ്യവസ്ഥയുടെ സ്വഭാവത്തെയും പ്രകടനത്തെയും മൊത്തത്തിൽ പഠിക്കുന്ന സാമ്പത്തികശാഖ
- **സാമ്പത്തിക വ്യവസ്ഥ:** ഒരു പ്രത്യേക പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താൻ വ്യക്തികളും സ്ഥാപനങ്ങളും പരസ്പരം ബന്ധിപ്പിക്കുന്ന രീതി
- **മുതലാളിത്തം :** ഉല്പാദനോപാധികളെ സ്വകാര്യമായി കൈവശംവക്കുകയും സാമ്പത്തിക പ്രവർത്തനങ്ങൾ കമ്പോളം തീരുമാനിക്കുകയും ചെയ്യുന്ന സമ്പദ് വ്യവസ്ഥ.
- **സോഷ്യലിസം:** പ്രധാനസാമ്പത്തിക പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതും വ്യക്തികളോ കമ്പനികളോ നിയന്ത്രിക്കാതെ ഗവൺമെന്റ് നിയന്ത്രണ സംവിധാനം
- **മിശ്രിതസമ്പദ്‌വ്യവസ്ഥ :** ഒരു സമ്പദ്‌വ്യവസ്ഥയിലെ മുതലാളിത്ത തത്വങ്ങളും (സ്വകാര്യ പങ്ക്) സോഷ്യലിസ്റ്റ് തത്വങ്ങളും (ദേശീയ പങ്ക്) ഒരുമിച്ചു ചേരുന്ന ഒരു പ്രത്യയ ശാസ്ത്രം.
- **ആഗോളസമ്പദ്‌വ്യവസ്ഥ:** ഒരു രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നതും പരസ്പരം ആശ്രയിക്കുന്നതുമായ ഒരു സമ്പദ്‌വ്യവസ്ഥ.
- **സ്റ്റോക്ക്:** നിശ്ചിതസമയത്തിൽ സ്ഥിരതയുള്ള ഒരു ചരക്കിന്റെ അളവ് (സ്ഥിരം)
- **ഫ്ളോ :** ഒരു നിശ്ചിതകാലയളവിൽ അളക്കുന്ന വേരിയബിളുകൾ (ചലനം)
- **സാമ്പത്തികമാതൃക :** ഒരു സമ്പദ്‌വ്യവസ്ഥ എങ്ങനെ പ്രവർത്തിക്കുന്നു അല്ലെങ്കിൽ ഭാഗികമായി എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു.
- **ചാക്രിക ഒഴുക്ക് :** ഉല്പാദകയൂണിറ്റുകൾ, ഗാർഹികമേഖല, ഗവൺമെന്റ് തുടങ്ങിയ സാമ്പത്തിക ഏജന്റുകൾക്കിടയിൽ വരുമാനം, ചരക്കുകളും സേവനങ്ങളും ഉല്പാദക ഘടകങ്ങൾ എന്നിവയുടെ ഒഴുക്ക് കാണിക്കുന്നു.

12th Economics Malayalam_Chapter-01.indd 14 2/3/2023 10:05:42 AM

മോഡൽ ചോദ്യങ്ങൾ

ഭാഗം-A

തെരഞ്ഞെടുക്കൽ ചോദ്യങ്ങൾ

1. സാമ്പത്തികശാസ്ത്രം എന്ന വിഷയത്തിന്റെ ശാഖകൾ

a) സമ്പത്തും ക്ഷേമവും
b) ഉല്പാദനവും ഉപഭോഗവും
c) ചോദനവും പ്രദാനവും
d) മൈക്രോയും മാക്രോയും

2. ആരാണ് 'മാക്രോ' എന്ന പദം ഉപയോഗിച്ചത്?

a) ആഡംസ്മിത്ത്
b) ജെ.എം. കെയിൻസ്
c) റാഗ്നർഫ്രിഷ്
d) കാറൽമാർക്സ്

3. ആധുനിക മാക്രോഇക്കണോമിക്സിന്റെ പിതാവായി കണക്കാക്കപ്പെടുന്നത് ആരാണ്?

a) ആഡംസ്മിത്ത്
b) ജെ.എം. കെയിൻസ്
c) റാഗ്നർഫ്രിഷ്
d) കാറൽമാർക്സ്

4. മാക്രോഇക്കണോമിക്സിന്റെ മറ്റൊരു പേര് തിരിച്ചറിയുക.

a) വില സിദ്ധാന്തം
b) വരുമാനസിദ്ധാന്തം
c) കമ്പോള സിദ്ധാന്തം
d) മൈക്രോ സിദ്ധാന്തം

5. മാക്രോഇക്കണോമിക്സിന്റെ പഠനം _____.

a) വ്യക്തികളെക്കുറിച്ചുള്ള പഠനം
b) സ്ഥാപനങ്ങൾ
c) ഒരു രാഷ്ട്രം
d) മൊത്ത തുക

6. സാമ്പത്തികശാസ്ത്രിന് ജെ.എം കെയിൻസിന്റെ സംഭാവന സൂചിപ്പിക്കുക.

a) രാജ്യങ്ങളുടെ സമ്പത്ത്
b) പൊതുസിദ്ധാന്തം
c) മൂലധനം
d) പൊതുധനകാര്യം

C9HTE

7. പൊതുവായ വിലയുടെ സ്ഥിരമായ വർദ്ധനവിനെ _____.

a) മൊത്തവില സൂചിക
b) ബിസിനസ് സൈക്കിൾ
c) പണപ്പെരുപ്പം
d) ദേശീയവരുമാനം

8. സാമ്പത്തിക നയങ്ങളുടെ ആവശ്യകത തിരിച്ചറിയുക.

a) അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്
b) പ്രതിബന്ധങ്ങളെ മറികടക്കാൻ
c) വളർച്ചനേടുന്നതിന്
d) മേൽപ്പറഞ്ഞവയെല്ലാം

9. ഒരു സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാന സാമ്പത്തിക പ്രവർത്തനങ്ങൾ സൂചിപ്പിക്കുക.

a) ഉല്പാദനവും വിതരണവും
b) ഉല്പാദനവും വിനിമയവും
c) ഉല്പാദനവും ഉപഭോഗവും
d) ഉല്പാദനവും വിപണനവും

10. ഒരു സമ്പദ്വ്യവസ്ഥയിൽ ഉൾപ്പെടുന്നത്

a) ഉപഭോഗമേഖല
b) ഉല്പാദകമേഖല
c) ഗവൺമെന്റ് മേഖല
d) മേൽപ്പറഞ്ഞവയെല്ലാം

12th Economics Malayalam_Chapter-01.indd 15 2/3/2023 10:05:43 AM

11. ഉല്പാദനത്തിന്റെ സ്വകാര്യ ഉടമസ്ഥാവകാശം മാത്രം നിൽക്കുന്ന സാമ്പത്തിക വ്യവസ്ഥയെ തിരിച്ചറിയുക.

a) മുതലാളിത്ത സമ്പദ്‌വ്യവസ്ഥ
b) സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ
c) ആഗോള സമ്പദ്‌വ്യവസ്ഥ
d) മിശ്രിതസമ്പദ്‌വ്യവസ്ഥ

12. വിതരണത്തിൽ തുല്യതയെ പ്രതിനിധീകരിക്കുന്ന സാമ്പത്തികവ്യവസ്ഥയാണ് _____.

a) മുതലാളിത്തം
b) ആഗോളം
c) മിശ്രിതവാദം
d) സോഷ്യലിസം

13. ആരെയാണ് മുതലാളിത്തത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്?

a) ആഡംസ്മിത്ത്
b) കാറൽമാർക്സ്
c) താക്കറെ
d) ജെ.എം കെയിൻസ്

14. മുതലാളിത്തത്തെ പിന്തുടരുന്ന രാജ്യം____.

a) റഷ്യ
b) അമേരിക്ക
c) ഇന്ത്യ
d) ചൈന

15. സോഷ്യലിസത്തിന്റെ പിതാവിനെ തിരിച്ചറിയുക.

a) ജെ.എം കെയിൻസ്
b) കാറൽമാർക്സ്
c) ആഡംസ്മിത്ത്
d) സാമുവൽസൺ

16. ഒരു രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ സ്വകാര്യവിഭാഗവും, പൊതുവിഭാഗവും ഒരു മിച്ച് നടത്തുന്ന സമ്പദ്‌വ്യവസ്ഥയെ_____.

a) മുതലാളിത്തസമ്പദ്‌വ്യവസ്ഥ
b) സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ
c) ആഗോളസമ്പദ്‌വ്യവസ്ഥ
d) മിശ്രിത സമ്പദ്‌വ്യവസ്ഥ

17. ഒരു ഘട്ടത്തിൽ ശേഖരിക്കുന്ന ഒരു ചരക്കിന്റെ അളവ് _____.

a) ഉല്പാദനം
b) സ്റ്റോക്ക്
c) വേരിയബിൾ
d) ഫ്ളോ

18. ഫ്ളോ വേരിയബിൾ തിരിച്ചറിയുക.

a) പണപ്രദാനം
b) സ്വത്തുവകകൾ
c) വരുമാനം
d) വിദേശനാണ്യ കരുതൽ ശേഖരം

19. ദ്വിമേഖലാമാതൃക തിരിച്ചറിയുക.

a) ഗാർഹികമേഖലയും ഉല്പാദന യൂണിറ്റും
b) സ്വകാര്യമേഖലയും പൊതുമേഖലയും
c) ആന്തരികവും ബാഹ്യവും
d) ഉല്പാദക യൂണിറ്റുകളും ഗവൺമെന്റും

20. തുറന്ന സമ്പദ്‌വ്യവസ്ഥയെ പ്രതിനിധീകരിക്കുന്ന ചാക്രിക പ്രവാഹമാതൃക.

a) ദ്വിമേഖലാ മാതൃക
b) ത്രിമേഖലാ മാതൃക
c) നാലുമേഖലാ മാതൃക
d) മേൽപ്പറഞ്ഞവയെല്ലാം

ഉത്തരം

1	2	3	4	5	6	7	8	9	10
d	c	b	b	d	b	c	d	c	d
11	12	13	14	15	16	17	18	19	20
a	d	a	b	b	d	b	c	a	c

12th Economics Malayalam_Chapter-01.indd 16 2/3/2023 10:05:43 AM

ഭാഗം - B

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാകങ്ങളിൽ ഉത്തരം എഴുതുക

21. മാക്രോഇക്കണോമിക്സ് നിർവചിക്കുക.
22. പണപ്പെരുപ്പം എന്ന പദം നിർവചിക്കുക.
23. സമ്പദ്വ്യവസ്ഥ എന്നാൽ എന്ത്?
24. വികസനനിലയെ അടിസ്ഥാനമാക്കി സമ്പദ്വ്യവസ്ഥയെ തരംതിരിക്കുക.
25. മുതലാളിത്തം നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
26. സാമ്പത്തിക മാതൃക.
27. വരുമാനത്തിന്റെ ചാക്രിക പ്രവാഹം നിർവചിക്കുക.

ഭാഗം - C

ഒരു ഖണ്ഡികയിൽ ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക

28. മാക്രോഇക്കണോമിക്സിന്റെ പ്രാധാന്യം വ്യക്തമാക്കുക.
29. വിവിധ തരം സാമ്പത്തിക വ്യവസ്ഥകൾ വിവരിക്കുക.
30. മുതലാളിത്തത്തിന്റെ പ്രധാന നൻമകളുടെ രൂപം.
31. സോഷ്യലിസത്തിന്റെ അപാകതകൾ സൂചിപ്പിക്കുക.
32. സമ്മിശ്ര സമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ വിവരിക്കുക.
33. മുതലാളിത്തവും ആഗോളവാദവും തമ്മിൽ വേർതിരിക്കുക.
34. രണ്ട് സെക്ടർ വൃത്താകൃതിയിലുള്ള ഫ്ളോ മാതൃകയെ കുറിച്ച് സംക്ഷിപ്തമായി വിവരിക്കുക.

ഭാഗം - D

ഇനിപ്പറയുന്ന ചോദ്യങ്ങൾ ഒരു പേജിൽ നൽകുക

35. മാക്രോഇക്കണോമിക്സിന്റെ വ്യാപ്തി ചർച്ച ചെയ്യുക.
36. ഒരു സമ്പദ്വ്യവസ്ഥയുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി അതിന്റെ പ്രവർത്തനം വിശദീകരിക്കുക.
37. മുതലാളിത്തത്തിന്റെയും, സോഷ്യലിസത്തിന്റെയും, മിശ്രത്വത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

12th Economics Malayalam_Chapter-01.indd 17 2/3/2023 10:05:43 AM

പ്രവർത്തനം

1. ഇന്റർനെറ്റ് അധിഷ്ഠിത പ്രവർത്തനം:

ഓരോ വിദ്യാർത്ഥിയോടും അനുവദിച്ച നാല് രാജ്യങ്ങളോട് ചോദിച്ചേക്കാം. ഓരോ രാജ്യത്തെയും കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ചാർട്ട് പേപ്പറുകളിൽ അവതരിപ്പിക്കാനുള്ള ഉത്തരവാദിത്തം വിദ്യാർത്ഥികൾക്ക് നൽകാം. സമാഹരിക്കേണ്ട ഭൗമിക, രാഷ്ട്രീയ, സാമൂഹിക സാമ്പത്തിക മറ്റ് വിവരങ്ങളുടെ പട്ടിക കോഴ്സ് ടീച്ചർ പട്ടികപ്പെടുത്തിയേക്കാം. ആ രാജ്യങ്ങളിൽ സ്വീകരിച്ച സാമ്പത്തിക വ്യവസ്ഥ ചൂണ്ടികാണിക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടേക്കാം. ഈ പ്രവർത്തനം ചെയ്യുന്നതിന് ഇന്റർനെറ്റ് ഉറവിടങ്ങൾ ഉപയോഗിച്ചേക്കാം.

2. റോൾ പ്ലേ പ്രവർത്തനം:

ഒരു സെക്ടർ വിദ്യാർത്ഥികളെ നാല് ഗ്രൂപ്പുകളായി തിരിക്കാം. ഓരോരുത്തരും നാല് സെക്ടർ പ്രതിനിധീകരിക്കുന്നു. പ്രത്യേകിച്ചും ഗാർഹിക മേഖല, ബിസിനസ് മേഖല, സർക്കാർ മേഖല, ബാഹ്യമേഖല ഓരോ മേഖലയും അവരുടെ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും വരുമാനവും ചരക്കുകളുടെയും സേവനങ്ങളുടെയും ഒഴുക്ക് മേഖലകൾക്കിടയിൽ എങ്ങനെ നടക്കുന്നുവെന്ന് മനസിലാക്കുകയും ചെയ്യാം. ക്ലാസ് ടീച്ചർക്ക് പ്രവർത്തനങ്ങൾ ആരംഭിച്ച് മോഡറേറ്റർ റോൾ ചെയ്യാം.

പരാമർശങ്ങൾ

Dhas A.C (2016): Economics, an Economy, and the Role of Information in Economic Decisions, International Journal of Exclusive Global Research, Vol. 1, Issue 9 September.

Dornbusch, Fischer and Startz (2004): Macro Economics, Tata Mc Graw Hill Education Private Limited, New Delhi.

Edward Shapiro (1998): Macro Economic Analysis, Galgotia Publications (P) Ltd. New Delhi.

Gupta G.S. (2016): Macro Economics: Theory and Applications, Tata McGraw-Hill Publishing Company, New Delhi.

Karl Marx (1920): Capital: A Critical Analysis of Capitalist Production, William Glaisher Limited, London.

Lord Rollof Ipsden(1982): The Mixed Economy, Macmillan Press, London.

Manfred B.Steger (2002) : Globalism: The New Market Ideology, Rowan and Littlefield Publishers, USA.

Maria John Kennedy M(2013): Macro Economic Theory, PHI Learning Private Ltd, New Delhi.

Paul A Samuelson and William D.Nordhuaus (2012): Macro Economics, Tata Mc Graw Hill Education Private Limited, New Delhi.

12th Economics Malayalam_Chapter-01.indd 18 2/3/2023 10:05:43 AM

അദ്ധ്യായം

2

ദേശീയ വരുമാനം

"തൊഴിലില്ലായ്മ, പണപ്പെരുപ്പം വളർച്ച എന്നിവയുടെ വലിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒഴിച്ചു കൂടാനാവാത്ത തയ്യാറെടുപ്പാണ് ദേശീയ വരുമാനം എന്ന ആശയം" സാമുവൽസൺ അഭിപ്രായപ്പെടുന്നു.

പഠനലക്ഷ്യങ്ങൾ

1. ദേശീയ വരുമാനത്തിന്റെ അർത്ഥവും ദേശീയ വരുമാനത്തിന്റെ ചില അടിസ്ഥാന ആശയങ്ങളും മനസ്സിലാക്കൽ.
2. ദേശീയ വരുമാനം അളക്കുന്നതിനുള്ള രീതികൾ അറിയുക.

2.1 ആമുഖം

ഒരു രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ സമഗ്രമായ അളവ് ദേശീയ വരുമാനം നൽകുന്നു. ഇത് രാജ്യത്തിന്റെ ശേഷിയെ സൂചിപ്പിക്കുന്നു. ഒരു സമ്പത്ത് വ്യവസ്ഥയുടെ വളർച്ച അളക്കുന്നതിന് അതിന്റെ യഥാർത്ഥ ദേശീയ വരുമാനം കാലക്രമേണ വളരുന്ന നിരക്കിനെ അടിസ്ഥാനമാക്കിയാണ്. ദേശീയവരുമാനം സാമ്പത്തിക ആസൂത്രണത്തിന്റെ ഒരു ഉപകരണമായി വർത്തിക്കുന്നു. കൂടാതെ ദേശീയ വരുമാനം ഏറ്റവും പ്രധാനപ്പെട്ട മാക്രോ ഇക്കണോമിക് വേരിയബിളുകളിൽ ഒന്നാണ്. ദേശീയ വരുമാനത്തിന്റെ അർത്ഥം, ആശയങ്ങൾ, അളക്കൽ, ഉപയോഗങ്ങൾ എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ ആവിശ്യമാണ്.

സൈമൺ കുസ്നൈറ്റസ്, നോബൽ സമ്മാന ജേതാവ് ദേശീയ വരുമാനം എന്ന ആശയത്തെ ആദ്യമായി കൊണ്ടു വരപ്പെട്ടു.

2.2 ദേശീയ വരുമാനത്തിന്റെ അർത്ഥം

പൊതുവായ ഭാഷയിൽ പറഞ്ഞാൽ ദേശീയ വരുമാനം എന്നാൽ ഒരു പ്രത്യേക കാലയളവിൽ ഒരു രാജ്യത്ത് ഉല്പാദിപ്പിക്കുന്ന എല്ലാ അന്തിമ ചരക്കുകളുടെയും സേവനങ്ങളുടേയും ആകെ മൂല്യമാണ്. ചരക്കുകളും സേവനങ്ങളും ഒരു രാജ്യത്തിൽ ഒരു വർഷത്തിൽ ഉല്പാദിക്കുന്നതാണ്.




12th Economics Malayalam_Chapter-02.indd 19 2/3/2023 10:06:54 AM

2.3 നിർവചനങ്ങൾ

"ഒരു പ്രകൃതിദത്ത വിഭവങ്ങളിൽ പ്രവർത്തിക്കുന്ന ഒരു ബൗണ്ടറിയുടെ അധ്വാനവും, മൂലധനവും എല്ലാവർഷവും ഒരു നിശ്ചിത മൊത്തം ഉല്പന്നങ്ങൾ മെറ്റീരിയൽ എല്ലാത്തര സേവനങ്ങൾ ഉൾപ്പെടെയുള്ള മെറ്റീരിയൽ എന്നിവ ഉല്പാദിപ്പിക്കുന്നു. ഇതാണ് ശരിയായ വാർഷിക വരുമാനം അല്ലെങ്കിൽ ദേശീയ ലാഭവിഹിതം".

-ആൽഫ്രഡ് മാർഷൽ.

ജി.ഡി.പി അതിന്റെ എതിരാളികളും



സൈമൺ കുസ്നട്ടസ്
(GDP യുടെ സൃഷ്ടാവ്) 1932

ജി.ഡി.പി നിർവഹിച്ചിരിക്കുന്ന ദേശീയ വരുമാനത്തിന്റെ അളവെടുപ്പിൽ നിന്ന് രാജ്യത്തിന്റെ ക്ഷേമത്തെ അനുമാനിക്കാൻ കഴിയില്ല. സൈമൺ കുസ്നെസ് ജി.ഡി.പി യുടെ സൃഷ്ടാവ് 1932 ൽ ഇതിനെ കുറിച്ച് വ്യക്തമാക്കിയിരുന്നു

"രാജ്യത്തിന്റെ ഉല്പാദനസമ്പ്രദായത്തിൽ നിന്ന് ആത്യാന്തിക ഉപഭോക്താക്കളുടെ കൈകളിലേക്കോ അല്ലെങ്കിൽ രാജ്യത്തിന്റെ മൂലധന ചരക്കുകളുടെ മൊത്തം കൂട്ടിച്ചേർക്കലിലേയ്ക്കോ വർഷത്തിൽ ഒഴുകുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും മൊത്തം ഉല്പാദനം".

- സൈമൺ കുബ്നൈസ്.

2.4 ദേശീയ വരുമാനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ

ദേശീയവരുമാനം അളക്കുന്നതിനുള്ള ചില ഘടകങ്ങൾ താഴെ പറയുന്നവയാണ്.

2.4.1. ജി.ഡി.പി
2.4.2. ജി.എൻ.പി
2.4.3. എൻ.എൻ.പി
2.4.4. എൻ.എൻ.പി ഫാക്ടർ കോസ്റ്റ്
2.4.5. വ്യക്തിഗത വരുമാനം
2.4.6. ഉപയോഗ ശൂന്യമായ വരുമാനം
2.4.7. ആളോഹരി വരുമാനം
2.4.8. യഥാർത്ഥ വരുമാനം
2.4.9 ജി.ഡി.പി ഡിഫ്ലേറ്റർ

2.4.1. മൊത്ത ആഭ്യന്തര ഉല്പാദനം (GDP)

ജി.ഡി.പി ചരക്കുകളുടേയും സേവനങ്ങളുടേയും മൊത്തം മാർക്കറ്റ് മൂല്യം മാർക്കറ്റ് വിലകളിൽ ഉൾപ്പെടുന്നു.

മാർക്കറ്റ് വിലകളിലെ ചിലവ് രീതി അനുസരിച്ച് ജി.ഡി.പി = C + I + G + (X – M)

C – ഉപഭോഗവസ്തുക്കൾ
I – നിക്ഷേപവസ്തുക്കൾ
G – സർക്കാർ വാങ്ങലുകൾ
X – കയറ്റുമതി M – ഇറക്കുമതി
(X – M) പോസിറ്റീവ് അല്ലെങ്കിൽ നെഗറ്റീവ് .

a) നെറ്റ് ഡൊമസ്റ്റിക് പ്രൊഡക്റ്റ് (NDP)

എൻ.ഡി.പി എന്നത് സമ്പദ്വ്യവസ്ഥയുടെ മൊത്തം ഉല്പാദനത്തിന്റെ മൂല്യമാണ്. രാജ്യത്തിന്റെ ചില മൂലധന ഉപകരണങ്ങൾ ഓരോ വർഷവും ഉല്പാദന പ്രക്രിയയിൽ കാലഹരണപ്പെടും അങ്ങനെ

നെറ്റ് ആഭ്യന്തര ഉല്പാദനത്തിലെ ജി.എൻ.പി = ജി.ഡി.പി - മൂല്യതകർച്ച

2.4.2 മൊത്തം ദേശീയ ഉല്പന്നം (GNP)

ഒരു രാജ്യത്ത് നിലവിലെ ഉല്പാദനത്തിന്റെ ഫലമായി വിപണി ഉൾപ്പെടെ അന്തിമ ചരക്കുകളുടേയും സേവനങ്ങളുടേയും ഒഴുക്കിന്റെ ആകെ അളവാണ്. ജി.എൻ. പി. യിൽ വിദേശത്തുള്ള അറ്റ വരുമാനവും ഇതിൽ ഉൾപ്പെടുന്നു

12th Economics Malayalam_Chapter-02.indd 20 2/3/2023 10:06:54 AM

ജി.എൻ. പി. അന്തിമ ചരക്കുകളുടേയും സേവനങ്ങളുടെയുംഅടിസ്ഥാനത്തിൽഅഞ്ചായി തരംതിരിക്കുന്നു

(1) ഒരു വർഷത്തിൽ ഉല്പാദിപ്പിക്കുന്നവയെ തൃപ്തിപ്പെടുത്തനായിഉപഭോക്തൃവസ്തുക്കളുടേയും സേവനങ്ങളുടേയും മൂല്യം ഉപഭോഗം (C);

(2) മൂലധനജിയോഡുകളിലെമൊത്തസ്വകാര്യ ആഭ്യന്തരനിക്ഷേപം,സ്ഥിരമൂലധനനിക്ഷേപം, സ്ഥിരമൂലധന രൂപീകരണം, പാർപ്പിട നിർമ്മാണം എന്നിവ ഉൾകൊള്ളുന്ന മൊത്ത പൂർത്തിയായതും പൂർത്തി ആകാത്തതുമായതിനെനിക്ഷേപം(I)എന്ന് വിളിക്കപ്പെടുന്നു ;

(3) സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുന്നു അല്ലെങ്കിൽ സർക്കാർ വാങ്ങുന്ന ഉല്പന്നങ്ങൾ അതിനെ പ്രതിനിധാനം ചെയ്യുന്നത് (G)

(4) പദാർത്ഥങ്ങളുടെയും സേവനങ്ങളുടെയും അറ്റ കയറ്റുമതി ആണ് ഉദാഹരണമായി (X-M) എന്നറിയപ്പെടുന്ന പദാർത്ഥങ്ങളുടെയും കയറ്റുമതിയുടെ മൂല്യവും ഇറക്കുമതിയുടെ മൂല്യവും തമ്മിലുള്ള വ്യത്യാസം. ഇന്ത്യയിൽ നിന്നുള്ള സാധാരണ നിവാസികൾക്ക് വിദേശത്ത് നിന്ന് ലഭിച്ച ഘടക വരുമാനവും (വേതനം, പലിശ, ലാഭം) തമ്മിലുള്ള വ്യത്യാസവും ഇന്ത്യയിലെ ആഭ്യന്തര പ്രേദേശം (R-P);

(5) വിപണി വിലയിൽ ജി.എൻ.പി എന്നാൽ വിദേശത്ത് നിന്ന് ഒരു രാജ്യത്ത് പ്രതിവർഷം ഉല്പാദിപ്പിക്കുന്ന മൊത്ത വരുമാനം (C + I + G + (X-M) + (R-P)).

ജി.എൻ.പി കബോളവില= ജി.ഡി.പി കബോളവില + നെറ്റ് ഫാക്ടർ വരുമാനം വിദേശത്ത് നിന്ന്.

2.4.3 എൻ.എൻ.പി (NNP) പ്രോഡക്റ്റ് (കബോളവില)

നെറ്റ് നാഷണൽ പ്രോഡക്റ്റ് എന്നത് സമ്പദ് വ്യവസ്ഥയുടെ മൊത്തം ഉല്പാദനത്തിന്റെ മൂല്യത്തെ സൂചിപ്പിക്കുന്നു. എൻ.എൻ.പി ഡിപ്രിസിയേഷന്റെ മൂല്യത്തെ കുറയ്ക്കുന്നു. അല്ലെങ്കിൽ മൂലധന ഘടകങ്ങളിൽ അലവൻസ് മാറ്റുന്നു

എൻ.എൻ.പി = ജി.എൻ.പി – സിപ്രിസിയേഷൻ അലവൻസ് (allowance).

(ഡിപ്രിയേഷന് പറയുന്ന മറ്റൊരു പേരാണ് മൂലധന നിക്ഷേപ അലവൻസ്+ പരോക്ഷ നികുതി)

2.4.4 എൻ.എൻ.പി അറ്റ്ഫാക്ടർ കോസ്റ്റ് (NNP)

എൻ.എൻ.പി എന്നത് ഇൻപുട്ടിന്റെ മാർക്കറ്റ് മൂല്യത്തെ സൂചിപ്പിക്കുന്നു. ഫാക്ടർ കേസറ്റിലുള്ള എൻ.എൻ.പി ഘടകങ്ങളുടെ ഉല്പാദനത്തിനുള്ള ആകെ വരുമാന പേയ്മെന്റാണ്. മാർക്കറ്റ് വിലയിൽ എൻ.എൻ.പിയുടെ പണ മൂല്യത്തിൽ നിന്ന് ഞങ്ങൾ പരോക്ഷനികുതിയുടെ അളവ് കുറയ്ക്കുകയും ഘടകചിലവിൽ അറ്റദേശീയ വരുമാനത്തിൽ എത്താൻ സബ്സിഡികൾ ചേർക്കുകയും ചെയ്യുന്നു.

എൻ.എൻ.പി അറ്റ്ഫാക്ടർ കോസ്റ്റ് = എൻ.എൻ.പി. അറ്റ് മാർക്കറ്റ് പ്രൈസ് – അപ്രത്യക്ഷനികുതികൾ + സഹായധനം.

2.4.5 വ്യക്തിഗത വരുമാനം

വ്യക്തിഗതവരുമാനം ഒരു വർഷത്തിൽ നേരിട്ടുള്ള നികുതി അടയ്ക്കുന്നതിനു മുൻപ് ഒരു രാജ്യത്തിലെ വ്യക്തികൾക്ക് എല്ലാസ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന മൊത്തം വരുമാനം ആണ് വ്യക്തിഗത വരുമാനം. വ്യക്തിഗത വരുമാനം ഒരിക്കലും ദേശീയ വരുമാനത്തിന് തുല്യമല്ലകാരണംട്രാൻസ്ഫർപേയ്മെന്റുകൾഉൾപ്പെടുന്നു. എന്നാൽ അവ ദേശീയ വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിതരണംചെയ്യാത്തകോർപ്പറേറ്റ് ലാഭം, സാമൂഹിക സുരക്ഷാപദ്ധതികളിലേക്ക് ജീവനക്കാരുടെ സംഭാവന എന്നിവ കുറച്ച്കൊണ്ടും ട്രാൻസ്ഫർ പേയ്മെന്റ് ചേർത്ത് കൊണ്ടും ദേശീയ വരുമാനത്തിൽ നിന്നാണ് വ്യക്തിഗത വരുമാനം ലഭിക്കുന്നത്.

വ്യക്തിഗത വരുമാനം = ദേശീയ വരുമാനം – (സാമൂഹിക സുരക്ഷ സംഭാവനയും വിതരണം ചെയ്യാത്ത സഹകരണ ലാഭവും) + ട്രാൻസ്ഫർ പേയ്മെന്റ്

12th Economics Malayalam_Chapter-02.indd 21 2/3/2023 10:06:54 AM


2.4.6 ഡിസ്പോസ്ബിൾ വരുമാനം

ഡിസ്പോസ്ബിൾ വരുമാനത്തിന് പറയുന്ന മറ്റൊരു ഡിസ്പോസ്ബിൾ വ്യക്തിഗത വരുമാനം എന്നറിയപ്പെടുന്നു. പണം അടച്ചതിനു ശേഷമുള്ള വരുമാനമാണിത്. ലഭ്യമായ തുകയാണിത്. ലഭ്യമായ തുകയാണ് വരുമാനം.

ഡിസ്പോസിബിൾ വരുമാനം =
വ്യക്തിഗത വരുമാനം – നേരിട്ടുള്ള നികുതികൾ.
വരുമാനം വരാൻ ഉപഭോഗം ലഭിക്കുന്നതിന് ചിലവഴിക്കുന്നില്ല,
വരുമാനം വരാൻ = ഉപഭോഗം + സേവിംഗ്സ്.

2.4.7 പ്രതിശീർഷ വരുമാനം

ഒരു നിശ്ചിത വർഷത്തെ ഒരു രാജ്യത്തെ ജനങ്ങളുടെ ശരാശരി വരുമാനമാണ് പ്രതിശീർഷ വരുമാനം. ഒരു രാജ്യത്തിന്റെ ദേശീയ വരുമാനത്തെ അതേ വർഷത്തെ ജനസംഖ്യ കൊണ്ട് ഹരിച്ചാൽ മതിയാകും.



2.4.8 യഥാർത്ഥ വരുമാനം

ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക

36. ഉപഭോഗ പ്രവർത്തനത്തിന്റെ മനഃശാസ്ത്രപരമായ നിയമം ഡയഗ്രാമിന്റെ സഹായത്തോടെ വിവരിക്കുക.
37. ഉപഭോഗ ധർമ്മത്തിന്റെ ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ ഘടകങ്ങൾ സംക്ഷിപ്തമായി വിശദീകരിക്കുക?
38. ഗുണിതത്തിന്റെ പ്രവർത്തനം വിശദീകരിക്കുക.
39. ആക്സിലറേറ്ററിന്റെ പ്രവർത്തനം വിശദമാക്കുക.
40. MEC, MEI എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

പ്രവർത്തനം

എങ്ങനെയാണ് ഉപഭോഗ ധർമ്മത്തിൽ നിന്നും MPC കണക്കാക്കുന്നത്?

References

Asis Banerjee &DebashisMazumdar - Principles of Economics – ABS publishing House.

Edward Shapiro – Macro Economic Analysis – Galgotia publication Pvt. Ltd.

Maria John Kennedy.M. - Macro Economic Theory (2013) - PHI learning Pvt. Ltd.

Siddiqui.S.A. &Siddiqui.A.S. – Introductory Macroeconomics – Laxmipublication Pvt. Ltd.

12th Economics Malayalam_Chapter-04.indd 75 2/3/2023 10:10:51 AM

അദ്ധ്യായം

5

നാണയ സാമ്പത്തിക ശാസ്ത്രം

പണപ്പെരുപ്പം നിയമവിരുദ്ധമായ നികുതിയാണ്.

-മിൽട്ടൺ ഫ്രീഡ്മാൻ

പഠന ലക്ഷ്യങ്ങൾ

1. പണത്തിന്റെ പരിണാമം, തരങ്ങൾ, പ്രവർത്തനങ്ങൾ, പണപ്പെരുപ്പത്തിന്റെ അർത്ഥം, തരങ്ങൾ, കാരണങ്ങൾ, പണപ്പെരുപ്പത്തിന്റെ ഫലങ്ങൾ നിയന്ത്രിക്കാനുള്ള നടപടികൾ മുതലായവ മനസ്സിലാക്കുക.
2. വ്യാപാര ചക്രത്തിന്റെ വിവിധ ഘട്ടങ്ങൾ അറിയുക.

5.1 ആമുഖം

നാണയ സാമ്പത്തിക ശാസ്ത്രം സാമ്പത്തിക ശാസ്ത്രത്തിന്റെ ഒരു ശാഖയാണ്. ഇത് പണം, അതിന്റെ പ്രവർത്തനങ്ങളായ വിനിമയ മാധ്യമം, മൂല്യത്തിന്റെ സംഭരണം, കണക്കിന്റെ അളവ് മുതലായവ വിശകലനം ചെയ്യാനുള്ള ഒരു ചട്ടക്കൂട് ഏർപ്പെടുത്തി തരുന്നു. പണത്തിന്റെ നിയന്ത്രണം ഉൾപ്പെടെയുള്ള സാമ്പത്തിക സംവിധാനങ്ങൾ, അനുബന്ധ സാമ്പത്തിക സ്ഥാപനങ്ങളുടെ ഫലങ്ങൾ എന്നിവ പരിശോധിക്കുന്നു.

5.2 പണം (Money)

5.2.1 അർത്ഥം

സാധനങ്ങൾ, സേവനങ്ങൾ വാങ്ങുന്നതിനും കടങ്ങളുടെ തിരിച്ചടവിനും പൊതുവെ അംഗീകരിച്ച ഒരു കൈമാറ്റ മാധ്യമമാണ് പണം.കൈമാറ്റ മാധ്യമം എന്നത് ഒരു പ്രതിഫല മാർഗ്ഗമായി പരക്കെ അംഗീകരിക്കപ്പെട്ട ഒന്നാണ്. സമീപ വർഷങ്ങളിൽ വായ്പയുടെ പ്രാധാന്യം എല്ലാ രാജ്യങ്ങളിലും വർദ്ധിച്ചു വരുന്നു. വായ്പാ ഉപകരണങ്ങൾ വിപുലമായ തോതിൽ ഉപയോഗിച്ചു വരുന്നു. ചെക്കുകളുടെ ഉപയോഗം, ബില്ലുകളുടെ കൈമാറ്റം മുതലായവ വർദ്ധിച്ചു. എന്നിരുന്നാലും പണമാണ് വായ്പയുടെ അടിസ്ഥാനം എന്ന് നാം ഓർമ്മിക്കുക.



12th Economics Malayalam_Chapter-05.indd 76 2/3/2023 10:13:10 AM

5.2.2 നിർവചനങ്ങൾ

പണത്തിന് നിരവധി സാമ്പത്തിക വിദഗ്ദ്ധർ നിർവ്വചനം വികസിപ്പിച്ചിട്ടുണ്ട്. ഇവയിൽ വാക്കർ ക്രോതർ തുടങ്ങിയവരുടെ നിർവചനങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

"പണം ചെയ്യുന്നത് എന്താണോ അതാണ് പണം"

- വാക്കർ.

"കൈമാറ്റ ഉപാധിയായി പൊതുവെ സ്വീകരിക്കപ്പെട്ടതും അതേ സമയം ഒരു അളവുകോലായി, മൂല്യത്തിന്റെ കലവറയായി സ്വീകരിക്കപ്പെടുന്ന എന്തും പണം ആകാം".

– ക്രോതർ

5.2.3 പണത്തിന്റെ പരിണാമം

ചരക്കുകൈമാറ്റക്കച്ചവട സമ്പ്രദായം

പണത്തിനെ ഒരു കൈമാറ്റ മാധ്യമമായി പരിചയപ്പെടുത്തിയതാണ് മാനവരാശിയുടെ ഏറ്റവും വലിയ കണ്ടുപിടിത്തങ്ങളിൽ ഒന്ന്. പണം കണ്ടുപിടിക്കുന്നതിനു മുമ്പ് കൈമാറ്റം ബാർട്ടറിലൂടെയാണ് നടന്നത്. ചരക്കുകളും സേവനങ്ങളും മറ്റു ചരക്കുകൾ സേവനങ്ങൾക്കായി നേരിട്ട് കൈമാറ്റം ചെയ്യപ്പെട്ടു. ബാർട്ടർ സമ്പ്രദായത്തിൽ, ചരക്കുകൾ വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. മിച്ച വസ്തുക്കൾ പണത്തിനായി കൈമാറ്റം ചെയ്യപ്പെട്ടു. രോമങ്ങൾ, തൊലികൾ, ഉപ്പ്, അരി, ഗോതമ്പ്, പാത്രങ്ങൾ, ആയുധങ്ങൾ തുടങ്ങിയവ സാധാരണയായി പണമായി ഉപയൊഗിക്കപ്പെട്ടു. ചരക്കുകൾ ചരക്കുകൾക്കായി കൈമാറ്റം ചെയ്യപ്പെട്ട രീതി ബർട്ടർ കൈമാറ്റം അഥവാ ബാർട്ടർ സമ്പ്രദായം എന്നറിയപ്പെട്ടു.



ബാർട്ടർ സമ്പ്രദായം

ബാർട്ടർ സമ്പ്രദായത്തിന്റെ ചരിത്രം 6000 BC യിൽ വീണ്ടും ആരംഭിച്ചു

- ബാർട്ടർ സമ്പ്രദായം മെസൊപ്പൊട്ടേമിയ ഗോത്രങ്ങളാണ് അവതരിപ്പിച്ചത്.
- ഫൊണീഷ്യൻമാർ ബാർട്ടറിംഗ് സ്വീകരിച്ചു. സമുദ്രം കടന്ന് വിവിധ നഗരങ്ങളിൽ ഈ സമ്പ്രദായം അവർ ഉപയോഗിച്ചു.
- ബാബിലോണിയനുകളും ചരക്കുകളെ ചരക്കുകൾക്കായി കൈമാറ്റം ചെയ്യുന്ന മെച്ചപ്പെട്ട ബാർട്ടർ സമ്പ്രദായം വികസിപ്പിച്ചെടുത്തു.

ലോഹ മാനദണ്ഡം (മെറ്റാലിക് സ്റ്റാൻഡേർഡ്)



ബാർട്ടർ സമ്പ്രദായം, ചരക്ക് പണ സമ്പ്രദായം മുതലായവയ്ക്ക് ശേഷം ആധുനിക പണ സമ്പ്രദായങ്ങൾ വികസിച്ചു. ഇവയിൽ ലോഹ മാനദണ്ഡം വളരെ പ്രധാനപ്പെട്ടതാണ്. ലോഹ മാനദണ്ഡത്തിൽ, ഏതെങ്കിലും ഒരു ലോഹം, സ്വർണ്ണമോ, വെള്ളിയോ, പണത്തിന്റെയും കറൻസിയുടെയും അടിസ്ഥാന മൂല്യം നിർണ്ണയിക്കുവാൻ ഉപയോഗിക്കുന്നു. ലോഹ മാനദണ്ഡത്തിൽ ലോഹങ്ങൾ കൊണ്ട് നിർമ്മിക്കുന്ന മാനദണ്ഡ നാണയങ്ങൾ അടിസ്ഥാന നാണയങ്ങളായി ഉപയോഗിക്കുന്നു. ഈ മാനദണ്ഡ നാണയങ്ങൾ പൂർണ്ണ മൂല്യമുള്ള അഥവാ പൂർണ്ണ നിറയുള്ള നിയമാധിഷ്ഠിത പണമായി കാണപ്പെടുന്നു. അവയുടെ മുഖമൂല്യവും ആന്തരിക ലോഹമൂല്യവും തുല്യമാണ്.

സ്വർണ്ണ മാനദണ്ഡം



12th Economics Malayalam_Chapter-05.indd 77 2/3/2023 10:13:11 AM

സ്വർണ്ണമാനദണ്ഡത്തിൽ, പണത്തിന്റെ ഒരു യൂണിറ്റിന് ഒരു പ്രത്യേക തൂക്കം സ്വർണ്ണത്തിന്റെ അളവിന് അനുസരിച്ച് നിർവ്വചിക്കപ്പെട്ടു. ഒരു പണ യൂണിറ്റിന്റെ വാങ്ങൽശേഷി സ്വർണ്ണത്തിന്റെ ഭാരത്തിന് തുല്യമായി നിലനിർത്തി.

വെള്ളി മാനദണ്ഡം



വെള്ളി മാനദണ്ഡം എന്നത് ഒരു പണ യൂണിറ്റ്, ഒരു നിശ്ചിത അളവ് വെള്ളി ലോഹത്തിന്റെ മൂല്യത്തിന് അനുയോജ്യം ആകുന്ന ഒരു പണ സംവിധാനമാണ്. ഒരു രാജ്യത്തെ ഗവൺമെന്റ്, പണത്തെ ഒരു നിശ്ചിത അളവ് വെള്ളിയാക്കി മാറ്റാൻ അനുമതി നൽകുന്ന ഒരു പണ ഏർപ്പാടാണ് വെള്ളി മാനദണ്ഡം .

കടലാസു പണ മാനദണ്ഡം



കടലാസു പണ മാനദണ്ഡം എന്നത് ഒരു രാജ്യത്തിന്റെ ഖജനാവോ കേന്ദ്ര ബാങ്കോ അല്ലെങ്കിൽ ഇവ രണ്ടുമോ നിയമാധിഷ്ഠിത പണമായ കടലാസു പണത്തെ പൂർണ്ണമായി വിതരണം ചെയ്യുന്നതിനായി നല്കുന്ന ഒരു പണ സംവിധാനമാണ്. കടലാസു പണത്തെ ഏതെങ്കിലും ഒരു ലോഹമായി മാറ്റം വരുത്താൻ കഴിയില്ല. ഇതിന്റെ മൂല്യം സ്വർണ്ണത്തിന്റെ മൂല്യം അല്ലെങ്കിൽ മറ്റേതെങ്കിലും ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് സ്വതന്ത്രമായി നിർണ്ണയിക്കപ്പെടുന്നു. കടലാസു പണ മാനദണ്ഡത്തെ നിർവ്വഹണ പണ മാനദണ്ഡം എന്നും വിളിക്കുന്നു. വില സ്ഥിരത നിലനിർത്തുന്നതിനായി വിതരണത്തിലുള്ള പണത്തിന്റെ അളവിനെ രാജ്യത്തിന്റെ പണ സംബന്ധമായ അധികാരം നിയന്ത്രിക്കുന്നു.

പ്ലാസ്റ്റിക് പണം



അടുത്തിടെ പരിചയപ്പെടുത്തപ്പെട്ട പണം പ്ലാസ്റ്റിക് പണമാണ്. സാമ്പത്തിക ഉല്പന്നങ്ങളുടെ ക്രമത്തിൽ അത്യധികം വികസിപ്പിച്ചെടുത്ത ഒന്നാണ് പ്ലാസ്റ്റിക് പണം. പ്ലാസ്റ്റിക് പണം പ്രയോഗികമായി കടലാസു പണത്തിന് ഒരു ബദലാണ്. യഥാർത്ഥ ബാങ്ക് നോട്ടുകൾക്കു പകരം ദിവസവും ഉപയോഗിക്കുന്ന രീതിയിൽ പ്ലാസ്റ്റിക് കാർഡുകളായി ഇവ സൃഷ്ടിച്ചിരിക്കുന്നതിനാൽ ഇതിനെ പ്ലാസ്റ്റിക് പണം എന്ന് വിളിക്കുന്നു. ക്യാഷ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, മുൻകൂർ പണമടച്ചുള്ള കാർഡ് സ്റ്റോർ കാർഡ്, ഫോറെക്സ് കാർഡ്, സ്മാർട്ട് കാർഡ് എന്നിവ പലതരം പ്ലാസ്റ്റിക് പണമായി പല രൂപങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. ഇടപാടിനായി പണം കൈയ്യിൽ കൊണ്ടു പോകുന്നത് ഒഴിവാക്കുക എന്നതാണ് ഇത്തരത്തിലുള്ള പണത്തിന്റെ ലക്ഷ്യം .

ക്രിപ്റ്റോ പണം




12th Economics Malayalam_Chapter-05.indd 78 2/3/2023 10:13:11 AM

രഹസ്യകോഡിൽ എഴുതുന്ന രീതി ഉപയോഗിച്ച്പണത്തിന്റെഅളവ്ക്രമീകരിക്കുവാനും നിധിയുടെ മാറ്റം പരിശോധിക്കുവാനും കേന്ദ്ര ബാങ്കുകളിൽ നിന്നും തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒന്നാണ് ഡിജിറ്റൽ പണം.


ബിറ്റ് കോയിൻ പോലുള്ള വികേന്ദ്രീകൃത ക്രിപ്റ്റോ പണം വ്യക്തിഗതധന നിയന്ത്രണത്തിന് അല്ലെങ്കിൽ കണ്ടുകെട്ടലിന് വിധേയമാകാതെ ഒരു കൈവഴിയായി ഉപയോഗിക്കുന്നു.

5.2.4 പണത്തിന്റെ പ്രവർത്തനങ്ങൾ

പണത്തിന്റെ പ്രധാന പ്രവർത്തനങ്ങളെ നാല് ഇനങ്ങളായി വർഗ്ഗീകരിച്ചിരിക്കുന്നു:



1.പ്രാഥമിക പ്രവർത്തനങ്ങൾ:



വിനിമയ മാധ്യമം | മൂല്യത്തിന്റെ കലവറ



മൂല്യത്തിന്റെ അളവുകോൽ | മാറ്റിവച്ച പ്രതിഫല മാനദണ്ഡം

i) **പണം ഒരു വിനിമയ മാധ്യമം:** ഇതിനെ പണത്തിന്റെഅടിസ്ഥാനപ്രവർത്തനമായികണക്കാക്കാവുന്നതാണ്. പണത്തിന്റെ പൊതുവായ ഗുണമായപൊതുസ്വീകാര്യതയോടൊപ്പംഎല്ലാ കൈമാറ്റങ്ങളും പണത്തിന്റെ അടിസ്ഥാനത്തിൽ നടക്കുന്നു. പണ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന ഇടപാടുകളെ രണ്ടു ഭാഗങ്ങളായി വിഭജിക്കാം. ആദ്യം ചരക്കുകളുടെയും സേവനങ്ങളുടെയും വില്പന മൂലം പണം ലഭിക്കുന്നു. ഈപ്രക്രിയയയെ വില്പനഎന്നു വിളിക്കുന്നു. ശേഷം പണം ലഭിക്കുന്നതു മൂലം ഉല്പന്നങ്ങളും സേവനങ്ങളും വാങ്ങാൻ സാധിക്കുന്നു. ഇതിനെ വാങ്ങൽ എന്നു വിളിക്കുന്നു. ആധുനിക കൈമാറ്റ സമ്പ്രദായത്തിൽ പണം വാങ്ങൽ അല്ലെങ്കിൽ വില്പനക്കായുള്ള ഇടനിലക്കാരനായി പ്രവർത്തിക്കുന്നു.

ii) **പണം മൂല്യത്തിന്റെ അളവുകോൽ:** പണത്തിന്റെ രണ്ടാമത്തെ പ്രധാന പ്രവർത്തനം ആണ് ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യം അളക്കുക എന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ചരക്കുകളുടെയും സേവനങ്ങളുടെയും വില പണത്തിന്റെ രൂപത്തിൽ പ്രകടിപ്പിക്കുന്നു. ഒരു കൂട്ടായ അളവുകോലായി പണത്തെ കണക്കാക്കാവുന്നതാണ്. എല്ലാ മൂല്യങ്ങളും പണത്തിന്റെ രൂപത്തിൽ പ്രകടിപ്പിച്ചിരിക്കുന്നതിനാൽ സമൂഹത്തിലെ വിവിധ തരത്തിലുള്ള ഉല്പന്നങ്ങളുടെ വിനിമയ നിരക്ക് നിർണ്ണയിക്കുവാൻ ഇത് സഹായിക്കുന്നു.

2.ദ്വിതീയ പ്രവർത്തനങ്ങൾ

i) **പണം മൂല്യത്തിന്റെ കലവറ:** ഉല്പന്നങ്ങളുടെ രൂപത്തിലുള്ള നിക്ഷേപങ്ങൾ ശാശ്വതമല്ല. പണത്തിന്റെ കണ്ടെത്തലിന് ശേഷം ഈ ബുദ്ധിമുട്ടുകൾ അപ്രത്യക്ഷമായി. നിക്ഷേപങ്ങൾ ഇപ്പോൾ പണത്തിന്റെ രൂപത്തിൽ നടത്തുവാൻ തുടങ്ങി. പണം സമ്പത്തിന്റെ ഒരു മികച്ച ശേഖരമാണ്. അതുകൊണ്ട് ഇതിനെ ഭൂമി, യന്ത്രങ്ങൾ, ഫാക്ടറി എന്നിവ പോലുള്ള വിപണനയോഗ്യമായ ആസ്തികളാക്കി മാറ്റാവുന്നതാണ്.

ii) **പണം മാറ്റിവച്ച പ്രതിഫല മാനദണ്ഡം:** കടം വാങ്ങലും വായ്പയുമാണ് ബാർട്ടർ സമ്പ്രദായത്തിലുള്ള ബുദ്ധിമുട്ടുള്ള പ്രശ്നങ്ങൾ പണത്തിന്റെ അഭാവത്തിൽ കടം വാങ്ങിയതുക ചരക്കുകളുടെയും സേവനങ്ങളുടെയും

12th Economics Malayalam_Chapter-05.indd 79 2/3/2023 10:13:12 AM

രൂപത്തിൽ തിരികെ നൽകാം. എന്നാൽ ആധുനിക പണ സമ്പദ്‌വ്യവസ്ഥ കടം വാങ്ങലിനെയും വായ്പാ പ്രക്രിയകളെയും വളരെയധികം സഹായിച്ചിട്ടുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പണം മാറ്റിവച്ച പ്രതിഫല മാനദണ്ഡമായി പ്രവർത്തിക്കുന്നു.

iii) **പണം വാങ്ങൽ ശേഷി കൈമാറുന്നതിനുള്ള മാർഗ്ഗം:** വളരുന്ന സാമ്പത്തിക വികസനത്തിനനുസരിച്ച് കൈമാറ്റ മേഖലയും വിപുലീകരിക്കുന്നു. വിദൂര ദേശങ്ങളിലേക്ക് ഉല്പന്നങ്ങളുടെ കൈമാറ്റം വിപുലീകരിക്കപ്പെട്ടു അതുകൊണ്ട് ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് ഉള്ള വാങ്ങൽ ശേഷിയുടെ മാറ്റം അനിവാര്യമാണെന്ന് അനുഭവപ്പെട്ടു.

3. അനിശ്ചിതകാല പ്രവർത്തനങ്ങൾ

i) **വായ്പാ സമ്പ്രദായത്തിന്റെ അടിസ്ഥാനം:** പണം വായ്പാ സമ്പ്രദായത്തിന്റെ അടിസ്ഥാനമാണ്. വാണിജ്യ ഇടപാടുകൾ രൊക്കപണത്തിലോ. വായ്പയിലോ ആണ് നടക്കുന്നത്. ഉദാഹരണത്തിന് ഒരു നിക്ഷേപകന്റെ വരവ് ചെലവ് കണക്കിൽ പര്യാപ്തമായ നിക്ഷേപം ഉണ്ടെങ്കിൽ മാത്രമേ അവൻ ചെക്കുകൾ ഉപയോഗിക്കുകയുള്ളൂ. വാണിജ്യ ബാങ്കുകൾ കൈവശമുള്ള രൊക്കപണത്തിന്റെ അടിസ്ഥാനത്തിൽ വായ്പ സൃഷ്ടിക്കുന്നു. അതുകൊണ്ട് പണം വായ്പയുടെ അടിസ്ഥാനമായി കാണപ്പെടുന്നു.

ii) **ദേശീയ വരുമാന വിതരണത്തിന് പണം സഹായകമാകുന്നു:** ബാർട്ടൺ സമ്പ്രദായത്തിൽ ദേശീയ വരുമാനം വിതരണം ചെയ്യുക എന്നത് വളരെ സങ്കീർണ്ണമായ ഒരു ചുമതല ആണ്. പക്ഷെ പണം കണ്ടെത്തിയതിനുശേഷം വാടക, വേതനം, പലിശ, ലാഭം മുതലായ വരുമാനങ്ങളുടെ വിതരണം സുഗമമായി.

iii) **സീമാന്ത ഉപയുക്തത സീമാന്ത ഉല്പാദന ശേഷി മുതലായവ തുല്യമാക്കുന്നതിന് പണം ഉപയോഗിക്കുന്നു:** ഉപഭോക്താവ് പരമാവധി ഉപയുക്തത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഉല്പന്നങ്ങൾക്കായി ചെലവാക്കുമ്പോൾ അവയിൽ നിന്ന് ലഭിക്കുന്ന സീമാന്ത ഉപയുക്ത തുല്യമാകുന്നു. സീമാന്ത ഉപയുക്തത തുല്യമാക്കുന്നതിന് പണം പ്രധാന പങ്കുവഹിക്കുന്നു. ഉല്പന്നങ്ങളുടെ വില പണത്തിന്റെ രൂപത്തിൽ പ്രകടിപ്പിക്കപ്പെടുന്നു. ഉല്പാദന ഘടകങ്ങളുടെ അന്തിമ ഉല്പാദന ക്ഷമത സമമാക്കുന്നതിന് പണം സഹായിക്കുന്നു.

iv) **പണം മൂലധനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നു:** പണമാണ് മൂലധനത്തിന്റെ ഏറ്റവും ദ്രാവകരൂപം മറ്റൊരു തരത്തിൽ പറഞ്ഞാൽ പണത്തിന്റെ രൂപത്തിലുള്ള മൂലധനം ഏത് ആവശ്യത്തിനും ഉപയോഗിക്കാം. പണത്തിന്റെ ഈ ദ്രവ്യത മൂലം മൂലധനത്തെ കുറഞ്ഞ ഉല്പാദനത്തിൽ നിന്നും കൂടുതൽ ഉല്പാദനത്തിലേക്ക് മാറ്റാൻ സാധിക്കുന്നു.

4. മറ്റു പ്രവർത്തനങ്ങൾ

i) **തിരിച്ചടവ് ശേഷി നിലനിർത്താൻ പണം സഹായിക്കുന്നു:** പണത്തിന് സ്വന്തമായുള്ള ഒരു ഗുണമാണ് പൊതു സ്വീകാര്യക എന്നത്. ഓരോ കമ്പനിയും അതിന്റെ തിരിച്ചടവ് ശേഷി നിലനിർത്തുന്നതിനായി അവരുടെ ആസ്തികൾ ദ്രാവക പണത്തിന്റെ രൂപത്തിൽ സൂക്ഷിക്കണം. കമ്പനി പണം തിരിച്ചടയ്ക്കാനുള്ള ശേഷി ഉറപ്പാക്കുന്നു. അതുപോലെ തിരിച്ചടവ് ശേഷി നിലനിർത്തുന്നതിനായി ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ എന്തിനേറെ, സർക്കാരുകൾ പോലും കുറച്ച് ദ്രാവക പണം സൂക്ഷിക്കണം.

ii) **പണം പൊതുവായ വാങ്ങൽശേഷിയെ പ്രതിനിധീകരിക്കുന്നു:** പണത്തിന്റെ അടിസ്ഥാനത്തിൽ സൂക്ഷിക്കുന്ന വാങ്ങൽശേഷി ഏത് ഉപയോഗത്തിനും ഉപയോഗിക്കാം. പണം എന്തിനു വേണ്ടിയാണ് ഉപയോഗിക്കേത്. എന്നത് ആവശ്യമില്ല.

iii) **പണം മൂലധനത്തിന് ദ്രവ്യത നൽകുന്നു:** മൂലധനത്തിന്റെ ഏറ്റവും ദ്രാവക രൂപമാണ് പണം. ഇത് ഏത് ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

12th Economics Malayalam_Chapter-05.indd 80 2/3/2023 10:13:12 AM

5.3 പണ വിതരണം

പണവിതരണം എന്നാൽ സമ്പദ്‌വ്യവസ്ഥയിലെ ആകെ തുകയാണ്. ഏത് സമയത്തും ഒരു സമ്പദ്‌വ്യവസ്ഥയിൽ പ്രചാരത്തിലുള്ള പണത്തെ ഇത് സൂചിപ്പിക്കുന്നു. വിലനിലയും പലിശ നിരക്കും നിർണ്ണയിക്കുന്നതിൽ പണ വിതരണം നിർണ്ണായക പങ്ക് വഹിക്കുന്നു. ഒരു നിശ്ചിത ഘട്ടത്തിൽകാണുന്നപണവിതരണം,ശേഖരവും ഒരു നിശ്ചിത കാലയളവിൽ കാണുന്ന പണവിതരണം, പ്രവാഹവും ആണ്.

പണവിതരണത്തിന്റെ അർത്ഥം



ഇന്ത്യയിൽ കറൻസിനോട്ടുകൾ പുറത്തിറക്കുന്നത് റിസർവ് ബാങ്ക് ആണ്. നാണയങ്ങൾ ഇന്ത്യൻ ഗവൺമെന്റിന്റെ കീഴിലുള്ള ധനമന്ത്രാലയം പുറത്തിറക്കുന്നു. ഇവ കൂടാതെ പൊതുജനങ്ങളുടെ കൈവശമുള്ള ബാക്കിയുള്ള നിക്ഷേപങ്ങൾ, നിലവിലുള്ള നിക്ഷേപ കണക്കുകൾ പണമായി കണക്കാക്കപ്പെടുന്നു. ഈ കറൻസി നോട്ടുകൾ കല്പന പണം, നിയമപരമായ കരാർ പണം എന്നറിയപ്പെടുന്നു.

പണവിതരണം ഒരു അസ്ഥിര ശേഖരമാണ് പണവിതരണത്തിന്റെ നാല് ബദൽ നടപടികളായ M_1,M_2,M_3, M_4 മുതലായവയുടെ വിവരങ്ങൾ RBI പ്രസിദ്ധീകരിക്കുന്നു.

M_1 = കറൻസി, നാണയങ്ങൾ, ചോദന നിക്ഷേപങ്ങൾ മുതലായവ

M_2 = M_1 + തപാൽ ഓഫീസ് മിതവിനിയോഗ ബാങ്കുകളിലെ മിതവിനിയോഗ നിക്ഷേപങ്ങൾ

M_3 = M_2 + എല്ലാ വാണിജ്യ സഹകരണ ബാങ്കുകളുടെയും സമയനിക്ഷേപങ്ങൾ

M_4 = M_3 + തപാൽ ഓഫീസുകളിലെ മൊത്ത നിക്ഷേപങ്ങൾ.

M_1,M_2 എന്നിവ ഇടുങ്ങിയ പണം എന്നറിയപ്പെടുന്നു

M_3, M_4 എന്നിവ വിശാലമായ പണം എന്നറിയപ്പെടുന്നു

ക്രമീകരണം ദ്രവ്യതയുടെ ക്രമം കുറയുന്ന തരത്തിൽ കാണപ്പെടുന്നു.

കറൻസി ചിഹ്നം ₹

IIT ബോംബേയിൽ ബിരുദാനന്തര ബിരുദം നേടിയ ഡി. ഉദയകുമാർ രൂപകല്പന ചെയ്ത പുതിയ ചിഹ്നം 2010 ജൂലൈ 15 ന് കേന്ദ്രമന്ത്രിസഭതെരഞ്ഞെടുത്തുഈപുതിയചിഹ്നംതണ്ടുകൂടാതെയുള്ള ദേവനാഗരി 'Ra' യുടെയും റോമൻ 'R' ന്റെയും സംയോജനമാണ്. ഇന്ത്യൻ രൂപയുടെ ചിഹ്നം 2010 ജൂലൈ 15 ന് നിലവിൽ വന്നു. അമേരിക്ക, ബ്രിട്ടൺ, ജപ്പാൻ, യൂറോപ്യൻ യൂണിയനു ശേഷം ഒരു അദ്വിതീയ കറൻസി ചിഹ്നം സ്വീകരിക്കുന്ന അഞ്ചാമത്തെ രാജ്യമാണ് ഇന്ത്യ.

പണവിതരണത്തിന്റെ നിർണ്ണായക ഘടകങ്ങൾ

1. കറൻസി നിക്ഷേപ അനുപാതം (CDR) കറൻസിയായി പൊതുജനങ്ങളുടെ കൈവശമുള്ള പണവും ബാങ്ക് നിക്ഷേപങ്ങളിൽ സൂക്ഷിക്കുന്ന പണവും തമ്മിലുള്ള അനുപാതം.

2. കരുതൽ നിക്ഷേപ അനുപാതം (RDR); കരുതൽ പണത്തിൽ രണ്ടു കാര്യങ്ങൾ കാണപ്പെടുന്നു. (a) ബാങ്കുകളിലെ നിലവറ പണവും (b) റിസർവ് ബാങ്കുമായുള്ള വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളും.

3. രൊക്ക കരുതൽ അനുപാതം (CRR); ബാങ്കുകളുടെ നിക്ഷേപങ്ങളുടെ ഒരു ഭാഗം റിസർവ് ബാങ്കിൽ കരുതുന്നു.


4. നിയമാനുസൃത ദ്രവ്യത അനുപാതം (SLR); നിർദ്ദിഷ്ട ദ്രവ്യ ആസ്തികളുടെ രൂപത്തിൽ കാണപ്പെടുന്ന വാണിജ്യ ബാങ്കുകളിലെ ചോദന സമയ നിക്ഷേപങ്ങളുടെ ഒരു ഭാഗം.

12th Economics Malayalam_Chapter-05.indd 81 2/3/2023 10:13:12 AM

5.4

പണത്തിന്റെ അളവ് സിദ്ധാന്തങ്ങൾ

പണത്തിന്റെ അളവ് സിദ്ധാന്തങ്ങൾ പണത്തിന്റെ അളവുംപണത്തിന്റെമൂല്യവും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു.ഇവിടെ,പണത്തിന്റെ അളവ് സിദ്ധാന്തങ്ങൾക്ക് ഞങ്ങൾ രണ്ട് സമീപനങ്ങളാണ് നൽകിയിരിക്കുന്നത്. അതായത് ഫിഷറിന്റെ ഇടപാട് സമീപനവും കേംബ്രിഡ്ജ് മിച്ച പണ സമീപനവും.



ഇർവിംഗ് ഫിഷർ

(a) ഫിഷറിന്റെപണത്തിന്റെഅളവ്സിദ്ധാന്തം:

പണത്തിന്റെഅളവ്സിദ്ധാന്തം വളരെ പഴയ ഒരു സിദ്ധാന്തമാണ്. ഇറ്റാലിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ദാവൻസാട്ടി 1588 ൽ ഇത് ആദ്യം പ്രഖ്യാപിച്ചു. പക്ഷെ ഈ സിദ്ധാന്തം സമീപവർഷങ്ങളിൽ ജനപ്രിയമാക്കിയതിന്റെ ബഹുമതി ഒരു പ്രശസ്ത അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ഇർവിംഗ് ഫിഷറിന്റേതാണ്. അദ്ദേഹം തന്റെ പുസ്തകമായ പണത്തിന്റെവാങ്ങൽശക്തി1911 ൽ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കൈമാറ്റത്തിന്റെ സമവാക്യം അനുസരിച്ച് അദ്ദേഹം അതിന് ഒരു അളവ് രൂപം നൽകി.

ഫിഷർ നൽകിയ സമവാക്യത്തിന്റെ പൊതു രൂപം

$$MV = PT$$

ഇവിടെ M = പണ വിതരണം / പണത്തിന്റെ അളവ്

V = പണത്തിന്റെ വേഗത

P = വില നില

T = ഇടപാടിന്റെ അളവ്.

ഒരു രാജ്യത്ത് ഒരു നിശ്ചിത കാലയളവിൽ മൊത്ത പണത്തിന്റെ അളവ് (MV) വാങ്ങുന്ന വില്ക്കുന്ന മൊത്ത ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ മൂല്യത്തിന് (PT) തുല്യമായിരിക്കും എന്ന് ഫിഷർ ചൂണ്ടിക്കാട്ടുന്നു.

$$MV = PT$$

പണവിതരണം =പണത്തിനുള്ള ആവശ്യം

ഈ സമവാക്യത്തെ രൊക്ക ഇടപാട് സമവാക്യം എന്ന് വിളിക്കുന്നു.

ഇത് P = MV / T എന്ന് പ്രകടിപ്പിക്കുന്നു. പണത്തിന്റെ അളവ് വില നിലവാരത്തെ നിർണ്ണയിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. 'V', 'T' ഇവയെ സ്ഥിരമായി നിലനിർത്തിക്കൊണ്ട് വില നിലവാരം പണത്തിന്റെ അളവിനനുസരിച്ച് നേരിട്ട് വ്യത്യാസപ്പെടുന്നു.

മുകളിലുള്ള സമവാക്യം കറൻസി പണത്തെ മാത്രം പരിഗണിക്കുന്നു. പക്ഷെ ആധുനിക സമ്പദ്വ്യവസ്ഥയിൽ ബാങ്കിന്റെ ചോദന നിക്ഷേപവും വായ്പാ പണവും അതിന്റെ വേഗതയും കച്ചവടത്തിന്റെ ഭാഗമായി കാണപ്പെടുന്നു. അതുകൊണ്ട് ബാങ്ക് നിക്ഷേപങ്ങളായ M1 നെയും അതിന്റെ വേഗതയായ V1. നെയും ഉൾപ്പെടുത്തികൊണ്ട് ഫിഷർ അദ്ദേഹത്തിന്റെ യഥാർത്ഥ കൈമാറ്റ സമവാക്യത്തെ വിപുലീകരിച്ചു.:

$$PT = MV + M^1V^1$$

$$P = \frac{MV + M^1V^1}{T}$$

പുതുക്കിയ സമവാക്യത്തിൽ നിന്ന് വിലനില നിർണ്ണയിക്കുന്നത് താഴെ പറയുന്നവയാണ് എന്ന് വ്യക്തമാണ്

(a) ചംക്രമണത്തിലുള്ള പണത്തിന്റെ അളവ് 'M'

(b) പണ ചംക്രമണത്തിന്റെ വേഗത 'V'


(c) ബാങ്ക് വായ്പാ പണത്തിന്റെ അളവ് M_1

(d) വായ്പാ പണത്തിന്റെ ചംക്രമണ വേഗത V_1

(e) വ്യാപാരത്തിന്റെ അളവ് (T)

12th Economics Malayalam_Chapter-05.indd 82 2/3/2023 10:13:12 AM

രേഖാചിത്ര വിശദീകരണം



ചിത്രം 5.1

ചിത്രം (A) വിലനിലയിൽ പണത്തിന്റെ അളവിൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ ഫലം കാണിക്കുന്നു പണത്തിന്റെ അളവ് OM, ആകുമ്പോൾ വില നില OP ആണ്. പണത്തിന്റെ അളവ് OM_2 വിലേക്ക് ഇരട്ടിയാകുമ്പോൾ വില നിലയും OP_2. ആയി ഇരട്ടിയാകുന്നു. കൂടാതെ പണത്തിന്റെ അളവ് നാലിരട്ടിയായി OM_4, ലേക്ക് വർദ്ധിക്കുമ്പോൾ വിലനിലയും നാലിരട്ടിയായി OP_4 ലേക്ക് വർദ്ധിക്കുന്നു. ഉത്ഭവത്തിൽ നിന്ന് 45^0 OP = f (M) എന്ന വക്രം ഈ ബന്ധം പ്രകടിപ്പിക്കുന്നു.

ചിത്രം (B), പണത്തിന്റെ അളവും പണത്തിന്റെ മൂല്യവും തമ്മിലുള്ള വിപരീത ബന്ധം കാണിക്കുന്നു. ഇവിടെ പണത്തിന്റെ മൂല്യം ലംബ അക്ഷത്തിൽ എടുക്കുന്നു. പണത്തിന്റെ അളവ് OM, ആകുമ്പോൾ പണത്തിന്റെ മൂല്യം OI / P. ആണ്. OM_2 , വിലേക്ക് പണത്തിന്റെ അളവ് ഇരട്ടിയാകുമ്പോൾ പണത്തിന്റെ മൂല്യം മുൻപ് ഇരുന്നതിനെക്കാളും പകുതിയായിത്തീരുന്നു., (OI / P_2). പക്ഷെ പണത്തിന്റെ അളവ് നാലിരട്ടിയായി OM_4, ലേക്ക് വർദ്ധിക്കുമ്പോൾ പണത്തിന്റെ മൂല്യം OI / P_4. ലേക്ക് കുറയുന്നു. താഴേക്ക് ചരിഞ്ഞ വക്രം IO / P = f(M) പണത്തിന്റെ അളവും പണത്തിന്റെ മൂല്യവും തമ്മിലുള്ള വിപരീത ബന്ധത്തെ കാണിക്കുന്നു.

b) കേംബ്രിഡ്ജ് സമീപനം (മിച്ച പണ സമീപനം)

i) മാർഷലിന്റെ സമവാക്യം Marshall's Equation

മാർഷലിന്റെ സമവാക്യം ഇങ്ങനെ പ്രകടിപ്പിക്കുന്നു:

M = KPY

ഇവിടെ

M എന്നത് പണത്തിന്റെ അളവ്

Y എന്നത് സമൂഹത്തിലെ മൊത്ത യഥാർത്ഥ വരുമാനം

P എന്നത് പണത്തിന്റെ വാങ്ങൽശേഷി

K പണത്തിന്റെ രൂപത്തിൽ പൊതുജനങ്ങൾ കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്ന യഥാർത്ഥ വരുമാനത്തിന്റെ ഭിന്നസംഖ്യയെ പ്രതിനിധീകരിക്കുന്നു.

അങ്ങനെ വില നില P = M/KY അഥവാ പണത്തിന്റെ മൂല്യം 1/P = KY/M (വില നിലയുടെ പരസ്പര പൂരകം)

ഈ സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ചരക്കുകളുടെ അളവിനെയും ജനങ്ങൾ കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്ന മൊത്ത വരുമാനത്തെയും മൊത്ത പണ വിതരണത്താൽ വിഭജിച്ചാൽ ലഭിക്കുന്നതാണ് പണത്തിന്റെ മൂല്യം.

മാർഷലിന്റെ സമവാക്യം അനുസരിച്ച് M ന്റെ മാറ്റങ്ങളിലൂടെ മാത്രമല്ല K യുടെ മാറ്റങ്ങളിലൂടെയും പണത്തിന്റെ മൂല്യം സ്വാധീനിക്കപ്പെടുന്നു.

12th Economics Malayalam_Chapter-05.indd 83 2/3/2023 10:13:12 AM

ii) കീൻസിന്റെ സമവാക്യം

കീൻസിന്റെ സമവാക്യം ഇങ്ങനെ പ്രകടിപ്പിക്കുന്നു:

$$n = pk \quad (or) \quad p = n / k$$

ഇവിടെ **n** എന്നത് മൊത്തവിതരണം

p എന്നത് ഉപഭോഗ വസ്തുക്കളുടെ പൊതുവായ വിലനില

k എന്നത് വ്യക്തികൾ പണത്തിന്റെ രൂപത്തിൽസൂക്ഷിക്കാൻതീരുമാനിക്കുന്നമൊത്ത ഉപഭോഗ യൂണിറ്റുകളുടെ അളവ്,

ഉപഭോക്തൃവസ്തുക്കളുടെ അടിസ്ഥാനത്തിൽ അളക്കുന്നതു കൊണ്ട് **K** എന്നത് യഥാർത്ഥ ബാക്കി ആണെന്ന് കീൻസ് സൂചിപ്പിക്കുന്നു.

കീൻസിന്റെ അഭിപ്രായമനുസരിച്ച് പണം കൈവശം വയ്ക്കാനുള്ള വ്യക്തികളുടെ ആഗ്രഹത്തിന് പണ അധികാരത്താൽ മാറ്റം സംഭവിക്കുന്നില്ല. അതിനാൽ പണ അധികാരത്തിന്, വിലനിലയും പണത്തിന്റെ മൂല്യവും സ്ഥിരപ്പെടുത്താൻ, പണത്തിന്റെ അളവ് നിയന്ത്രിക്കുന്നതിലൂടെ സാധിക്കുന്നു.

പിന്നീട് കീൻസ് തന്റെ സമവാക്യം താഴെപ്പറയുന്ന രൂപത്തിൽ വികസിപ്പിച്ചു:

$$n = p\,(k + rk') \text{ or } p = n/(k + rk')$$

ഇവിടെ,

n = മൊത്ത പണവിതരണം

p = ഉപഭോക്തൃവസ്തുക്കളുടെ വിലനില

k = ജനങ്ങളുടെ മൊത്ത വരുമാനത്തിൽ പണംകൈവശം വയ്ക്കാനുള്ള അവരുടെ ആഗ്രഹം (ഉപഭോക്തൃവസ്തുക്കളുടെ അടിസ്ഥാനത്തിൽ)

r = രൊക്ക കരുതൽ അനുപാതം

k' = ഉപഭോക്തൃ വസ്തുക്കളുടെ അടിസ്ഥാനത്തിൽ സമൂഹത്തിന്റെ ബാങ്കുകളിലെ മൊത്ത പണ നിക്ഷേപം.

ഈ വിപുലീകൃത സമവാക്യത്തിൽ **k, k', r** എന്നിവ സ്ഥിരമാണെന്ന് കീൻസ് അനുമാനിക്കുന്നു. ഈ സാഹചര്യത്തിൽ വിലനില (P) പണത്തിന്റെ അളവിൽ (n) നേരിട്ടും ആനുപാതികമായും മാറുന്നു.

5.5 പണപ്പെരുപ്പം

പണപ്പെരുപ്പവും പണചുരുക്കവും സമ്പദ് വ്യവസ്ഥയുടെ തിൻമകൾ ആണ്. അതിനാൽ അവയെ മനസ്സിലാക്കൽ അത്യാവശ്യമാണ്.

5.5.1 പണപ്പെരുപ്പത്തിന്റെ അർത്ഥം

പണപ്പെരുപ്പം എന്നത് പൊതുവില നിലയിലുണ്ടാകുന്ന സ്ഥിരമായ, ഗണ്യമായ വർദ്ധനവ് ആണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ചരക്കുകളുടെയും സേവനങ്ങളുടെയും പൊതുവായ വില വർദ്ധിക്കുകയും അതിന്റെ ഫലമായി കറൻസിയുടെ വാങ്ങൽ ശേഷി കുറയുകയും ചെയ്യുന്ന നിരക്കാണ് പണപ്പെരുപ്പം.



നിർവചനങ്ങൾ

" വളരെയധികം പണം വളരെ കുറച്ച് മാത്രം ചരക്കുകളെ പിന്തുടരുന്നു"


- കോൾബോർൺ

"വാങ്ങൽ ശേഷിയുടെ അളവ് അസാധാരണമായി കുറയുന്ന അവസ്ഥ"

- ഗ്രിഗോറി

12th Economics Malayalam_Chapter-05.indd 84 2/3/2023 10:13:12 AM

5.5.2 പണപ്പെരുപ്പത്തിന്റെ തരങ്ങൾ വേഗതയുടെ അടിസ്ഥാനത്തിൽ



ചിത്രം0 5.2

(i) ഇഴയുന്ന പണപ്പെരുപ്പം (ii) നടക്കുന്ന പണപ്പെരുപ്പം (iii) ഓടുന്ന പണപ്പെരുപ്പം (iv) കുതിക്കുന്ന പണപ്പെരുപ്പം അഥവാ അമിത പണപ്പെരുപ്പം.

പണപ്പെരുപ്പത്തിന്റെ നാല് തരങ്ങളെയും ചിത്രം -5.2 ൽ സൂചിപ്പിക്കുന്നു.

i) ഇഴയുന്ന പണപ്പെരുപ്പം: ഇഴയുന്ന പണപ്പെരുപ്പം വളരെ മന്ദഗതിയിലായതും വളരെ നേരിയതുമാണ്. നീണ്ടകാലയളവിൽ വ്യാപിക്കുന്ന ഇത്തരത്തിലുള്ള വിലകയറ്റം ദൃശ്യമാകില്ല. ഇത്തരത്തിലുള്ള പണപ്പെരുപ്പം ഒരു തരത്തിലും സമ്പദ്‌വ്യവസ്ഥയ്ക്ക് അപകടകരമല്ല. ഇതിനെ നേരിയ വിലക്കയറ്റം അല്ലെങ്കിൽ മിതമായ പണപ്പെരുപ്പം എന്നു വിളിക്കുന്നു.

ii) നടക്കുന്ന പണപ്പെരുപ്പം: വിലകൾ മിതമായ തോതിൽ ഉയരുകയും വാർഷിക പണപ്പെരുപ്പ നിരക്ക് ഒരൊറ്റ അക്കശതമാനത്തിലും ആകുമ്പോൾ (3% - 9%), അതിനെ നടക്കുന്ന അല്ലെങ്കിൽ നീങ്ങുന്ന പണപ്പെരുപ്പം എന്ന് വിളിക്കുന്നു.

iii) ഓടുന്ന പണപ്പെരുപ്പം: പ്രതിവർഷം 10% - 20% വരെ വേഗതയിൽ ഒരു കുതിരയുടെ ഓട്ടം പോലെ വിലകൾ അതിവേഗം ഉയരുമ്പോൾ അതിനെ ഓടുന്ന പണപ്പെരുപ്പം എന്ന് വിളിക്കുന്നു.

iv) കുതിക്കുന്ന പണപ്പെരുപ്പം: രണ്ടോ മൂന്നോ അക്ക ശതമാനങ്ങളിൽ നിയന്ത്രണാതീതമായി കാണപ്പെടുന്ന ഉയർന്ന പണപ്പെരുപ്പ നിരക്ക് കുതിക്കുന്ന പണപ്പെരുപ്പം അല്ലെങ്കിൽ അമിത പണപ്പെരുപ്പത്തെ ചൂണ്ടിക്കാട്ടുന്നു. അമിത പണപ്പെരുപ്പത്തിന്റെ ശതമാനനിരക്ക് 20% -100% വരെ എന്നതാണ് മൊത്തത്തിലുള്ള കാഴ്ചപ്പാട്.

ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ ആദ്യത്തെ ഉയർന്ന പണപ്പെരുപ്പം സിംബാബ്‌വേയുടെ വാരഷിക പണപ്പെരുപ്പനിരക്ക് 2007 ഏപ്രിൽ അവസാനം 3714 ശതമാനമായി അത്ഭുത പൂർവമായ തരംഗമായി ഉയർന്നു.

ചോദന വലി എതിർ ചെലവ് ഉന്ത് പണപ്പെരുപ്പം

i) ചോദന വലി പണപ്പെരുപ്പം: സമൂഹത്തിലെ പണപ്പെരുപ്പ നിലവാരം നിർണ്ണയിക്കുന്നതിൽ ആവശ്യവും വിതരണവും എപ്പോഴും ഒരു നിർണ്ണായക പങ്ക് വഹിക്കുന്നു. ഉദാഹരണത്തിന് ഒരു ഉല്പന്നത്തിന്റെ ആവശ്യം ഉയർന്നതും വിതരണം കുറവും ആണെങ്കിൽ ഉല്പന്നത്തിന്റെ വില വർദ്ധിക്കുന്നു.

ചോദന വലി പണപ്പെരുപ്പം

വളരെയധികം പണം വളരെ കുറച്ച് ചരക്കുകളെ പിന്തുടരുന്നു



ii) ചെലവ് ഉന്ത് പണപ്പെരുപ്പം: അസംസ്കൃത വസ്തുക്കളുടെയും മറ്റ് ഇൻപുട്ടുകളുടെയും ചെലവ് വർദ്ധിക്കുമ്പോൾ പണപ്പെരുപ്പം ഉണ്ടാകുന്നു. അധ്വാനത്തിനു നൽകുന്ന വേതനങ്ങളുടെ വർദ്ധനവ് പണപ്പെരുപ്പത്തിലേക്ക് നയിക്കുന്നു.

വേതന വില സർപ്പാളം

വർദ്ധിച്ചുവരുന്ന വേതനവും വർദ്ധിക്കുന്ന വിലകളും അഥവാ പണപ്പെരുപ്പവും തമ്മിലുള്ള കാരണ ഫലബന്ധം വിവരിക്കുവാൻ വേതന വില സർപ്പാളം ഉപയോഗിക്കുന്നു.

12th Economics Malayalam_Chapter-05.indd 85 2/3/2023 10:13:13 AM

മറ്റു തരത്തിലുള്ള പണപ്പെരുപ്പം (പ്രേരണയുടെ അടിസ്ഥാനത്തിൽ)

i) **കറൻസി പണപ്പെരുപ്പം:** ചംക്രമണത്തിലുള്ള പണത്തിന്റെ അധിക വിതരണം വില വർദ്ധനവിന് കാരണമാകുന്നു.

ii) **വായ്പാ പണപ്പെരുപ്പം:** ബാങ്കുകൾ ഉദാരമായി വായ്പ നല്കുന്നതിനാൽ പണവിതരണം വർദ്ധിക്കുകയും അതുവഴി വിലകൾ ഉയരുകയും ചെയ്യുന്നു.

iii) **കമ്മി പ്രേരിത പണപ്പെരുപ്പം:** കേന്ദ്ര ബാങ്ക് കറൻസി അച്ചടിക്കുന്നതിലൂടെ കമ്മി ബഡ്ജറ്റിന് ധനസഹായം നൽകുന്നു. തൽഫലമായി വില ഉയരുന്നു.

iv) **ലാഭപ്രേരിത പണപ്പെരുപ്പം:** സ്ഥാപനങ്ങൾ ഉയർന്ന ലാഭം ലക്ഷ്യമിടുമ്പോൾ അവ ഉയർന്ന സീമാന്ത വില നിർണ്ണയിക്കുന്നു. അതിനാൽ വിലകൾ ഉയരുന്നു.

v) **ദൗർലഭ്യപ്രേരിത പണപ്പെരുപ്പം:** ഉല്പാദനം കുറയുന്നതു കൊണ്ടും പൂഴ്ത്തി വയ്ക്കുന്നതുകൊണ്ടും കരിഞ്ചന്ത കാരണവും ചരക്കുകൾക്ക് ക്ഷാമം നേരിടുന്നു. (ഉദാ. കാർഷിക ഉല്പന്നങ്ങൾ) ഇത് വിലയെ ഉയർത്തുന്നു. (2018 ൽ വെനിൻസുലയി ലാണ് ഇത് സംഭവിച്ചത്)

vi) **നികുതിപ്രേരിത പണപ്പെരുപ്പം:** എക്സൈസ് തീരുവ, കസ്റ്റംസ് തീരുവ വില്പന നികുതി പോലുള്ള പരോക്ഷ നികുതികൾ വർദ്ധിക്കുന്നതു മൂലം വില ഉയരാൻ ഇടയാകുന്നു (ഉദാ: പെട്രോളും ഡീസലും) ഇതിനെ നികുതിപെരുപ്പം എന്ന് വിളിക്കുന്നു.

5.5.3 പണപ്പെരുപ്പത്തിന്റെ കാരണങ്ങൾ

ഇന്ത്യയിലെ പണപ്പെരുപ്പത്തിന്റെ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

i) **പണവിതരണത്തിലെവർദ്ധന:** പണവിതരണ വർദ്ധനവ്പണപ്പെരുപ്പത്തിന്കാരണമാകുന്നു. ഇത് മൊത്ത ചോദനം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു. നാമമാത്രമായ പണ വിതരണത്തിന്റെ വളർച്ചാ നിരക്ക് വർദ്ധിക്കുമ്പോൾ പണപ്പെരുപ്പ നിരക്ക് വർദ്ധിക്കുന്നു.

ii) **വിനിയോഗ വരുമാനത്തിന്റെ വർദ്ധനവ്:** ജനങ്ങളുടെ വിനിയോഗ വരുമാനം വർദ്ധിക്കുമ്പോൾ അത് ചരക്കുകളുടെയും സേവനങ്ങളുടെയും ആവശ്യത്തെ ഉയർത്തുന്നു. ദേശീയ വരുമാന വർദ്ധനയ്ക്ക് ഒപ്പമോ, നികുതി കുറയ്ക്കുന്നതു കൊണ്ടോ, വിനിയോഗ വരുമാനം വർദ്ധിക്കുന്നു.

iii) **പൊതുചെലവിലെവർദ്ധനവ്:** വികസനപ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പദ്ധതികൾ കാരണം സർക്കാർ പ്രവർത്തനങ്ങൾ വികസിക്കുന്നു. ഇതും വിലകയറ്റത്തിന് ഒരു കാരണം ആണ്.

iv) **ഉപഭോക്തൃ ചെലവിൽ വർദ്ധനവ്:** വാടകയ്ക്ക് വാങ്ങുന്നതിലൂടെയോ തവണകളുടെ അടിസ്ഥാനത്തിലോ ചരക്കുകൾ കടമായി വാങ്ങുമ്പോൾ ചരക്കുകളുടെയും സേവനങ്ങളുടെയും ആവശ്യം വർദ്ധിക്കുന്നു.

v) **വിലകുറഞ്ഞ പണനയം:** വിലകുറഞ്ഞ പണനയം അല്ലെങ്കിൽ വായ്പാ വർദ്ധനവ് നയം പണവിതരണ വർദ്ധനവിലേക്ക് നയിക്കുന്നു. ഇത് സമ്പദ്വ്യവസ്ഥയിലെ ചരക്കുകളുടെയും സേവനങ്ങളുടെയും ആവശ്യം ഉയർത്തുന്നു.

vi) **കമ്മി ധനസഹായം:** വർദ്ധിച്ചുവരുന്ന ചെലവുകൾ നിറവേറ്റുന്നതിന് വേണ്ടി ഗവൺമെന്റ് കമ്മി ധനസഹായത്തെ ആശ്രയിക്കുന്നു. അതിനായി ജനങ്ങളിൽ നിന്ന് കടം വാങ്ങുകയും കൂടുതൽ നോട്ടുകൾ പോലും അച്ചടിക്കുകയും ചെയ്യുന്നു. ഇത് മൊത്ത പ്രദാനത്തെക്കാളും മൊത്ത ചോദനത്തെ വർദ്ധിപ്പിക്കുകയും പണപ്പെരുപ്പ വില വർദ്ധനവിലേക്ക് നയിക്കുകയും ചെയ്യുന്നു.

vii) **കള്ളപ്പണം, പ്രവർത്തനങ്ങൾ, പണം മുതലായവ:** കള്ളപ്പണത്തിന്റെ നിലനിൽപ്പും അഴിമതി, നികുതി എന്നിവ കാരണം ഉണ്ടാകുന്ന കറുത്ത ആസ്തികൾ

12th Economics Malayalam_Chapter-05.indd 86 2/3/2023 10:13:14 AM

മൊത്ത ചോദനത്തെ വർദ്ധിപ്പിക്കുന്നു. ജനങ്ങൾ അത്തരത്തിലുള്ള പണം ആഡംബരമായി ചെലവഴിക്കുന്നു. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും ചരക്ക് വിതരണത്തെ കുറയ്ക്കുന്നു. ഈ പ്രവണതകൾ വീണ്ടും വിലനിലയെ ഉയർത്തുന്നു.

viii) **പൊതുകടത്തിന്റെ തിരിച്ചടവ്:** സർക്കാർ ജനങ്ങളുടെ മുൻ ആഭ്യന്തര കടം തിരിച്ചടയ്ക്കുമ്പോഴെല്ലാം പൊതുജനങ്ങളുമായുള്ള പണവിതരണത്തിൽ വർദ്ധനവ് ഉണ്ടാകുന്നു. ഇത് ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്ത ചോദനത്തെ ഉയർത്തുന്ന ഒരു പ്രവണതയാണ്.

ix) **കയറ്റുമതിയുടെ വർദ്ധനവ്:** കയറ്റുമതികൾ പ്രോത്സാഹിപ്പിക്കുമ്പോൾ ആഭ്യന്തര ഉല്പന്നങ്ങളുടെ വിതരണം കുറയുന്നു. അതിനാൽ വില ഉയരുന്നു.

5.5.4 പണപ്പെരുപ്പത്തിന്റെ ഫലങ്ങൾ

പണപ്പെരുപ്പത്തിന്റെ ഫലങ്ങളെ രണ്ടായി തരം തിരിക്കാം:

(1) ഉല്പാദനത്തിലെ ഫലം
(2) വിതരണത്തിലെ ഫലം.

1. ഉല്പാദനത്തിലെ ഫലങ്ങൾ:

പണപ്പെരുപ്പം വളരെ മിതമായിരിക്കുമ്പോൾ അത് വ്യാപാരികൾക്കും ഉല്പാദകർക്കും ഒരു പ്രോത്സാഹനമായി പ്രവർത്തിക്കുന്നു. പ്രത്യേകിച്ചും പൂർണ്ണ തൊഴിലിന് മുമ്പ് വിഭവങ്ങൾ പൂർണ്ണമായിഉപയോഗിക്കുന്നില്ല. വിലഉയരുന്നതുമൂലം ലഭിക്കുന്ന ലാഭം കച്ചവടം ചെയ്യുന്ന വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും ഉല്പാദനത്തിൽ അവരുടെ നിക്ഷേപം വർദ്ധിപ്പിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കും വരുമാനത്തിലേക്കും നയിക്കുന്നു.

i) എന്നിരുന്നാലും അമിത പണപ്പെരുപ്പം പണത്തിന്റെ മൂല്യത്തിന് ഗുരുതരമായ മൂല്യത്തകർച്ചഉണ്ടാക്കുന്നു. ഇത് പൊതുജനങ്ങളുടെ ഭാഗത്തുള്ള മിതവിനിയോഗത്തെ നിരുത്സാഹപ്പെടുത്തുന്നു.

ii) പണത്തിന്റെ മൂല്യത്തിന് ഗണ്യമായ മൂല്യത്തകർച്ചഉണ്ടാകുമ്പോൾമുൻകൂട്ടിരാജ്യത്ത് നിക്ഷേപിച്ചിരിക്കുന്ന വിദേശ മൂലധനം ഒഴുകിപോകുന്നു.

iii) മൂലധനശേഖരണംകുറയുന്നതിനോടൊപ്പം നിക്ഷേപത്തിൽ ഗുരുതരമായ തടസ്സങ്ങൾ ഏർപ്പെടുന്നു. ഇത് രാജ്യത്തെ ഉല്പാദനത്തിന്റെ അളവിനെ പ്രതികൂലമായി ബാധിക്കുന്നു. ഇത് തൊഴിൽ സംരംഭകരെയും വ്യാപാരികളെയും കച്ചവടത്തിലെ അപകടസാധ്യത ഏറ്റെടുക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നു.

iv) വ്യാപാരികളും ഉപഭോക്താക്കളും ആവശ്യവസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നത് പണപ്പെരുപ്പത്തിലേക്ക് നയിക്കുന്നു. അങ്ങനെ ഉയർന്ന പണപ്പെരുപ്പം നിശ്ചലമാക്കി നിലനിർത്തുന്നു.

v) ഉല്പാദന ആവശ്യങ്ങളെക്കാളും ഊഹകച്ചവട പ്രവർത്തനങ്ങളിലുള്ള നിക്ഷേപത്തെ പണപ്പെരുപ്പം പ്രോത്സാഹിപ്പിക്കുന്നു.

2. വിതരണത്തിലെ ഫലങ്ങൾ

i) **കടക്കാരും കടംകൊടുക്കുന്നവരും:** പണപ്പെരുപ്പ കാലത്ത് കടക്കാരാണ് നേട്ടക്കാർ, കടം കൊടുക്കുന്നവർ നഷ്ടക്കാരാണ്. കാരണം കടക്കാർ പണത്തിന്റെ വാങ്ങൽശേഷി ഉയർന്നപ്പോഴാണ് കടം വാങ്ങിയത്. ഇപ്പോൾ വായ്പ തിരിച്ചടയ്ക്കുന്നത്, വില ഉയരുന്നതുമൂലം പണത്തിന്റെ വാങ്ങൽ ശേഷി കുറവായിരിക്കുമ്പോഴാണ്.

ii) **സ്ഥിരവരുമാനവിഭാഗം:** പണപ്പെരുപ്പത്താൽ ഏറ്റവും കൂടുതൽ മോശമായി ബാധിക്കപ്പെടുന്നത് സ്ഥിരവരുമാന വിഭാഗം ആണ്. അവരുടെ സ്ഥിര വരുമാനം ഉയർന്ന ജീവിത ചെലവുമായി ബന്ധപ്പെട്ടു പോകുന്നില്ല. ഉദാഹരണമായി വേതനം, ശമ്പളം, പെൻഷൻ, പലിശ, വാടക തുടങ്ങിയവ.

iii) **സംരംഭകർ:** പണപ്പെരുപ്പം സംരംഭകർക്ക് ഒരു അനുഗ്രഹം ആണ്. നിർമ്മാതാക്കൾ വ്യാപാരികൾ, കച്ചവടക്കാർ, ബിസിനസ്സുകാർ ആരായാലും ഇത് അവരുടെ കച്ചവട

12th Economics Malayalam_Chapter-05.indd 87 2/3/2023 10:13:14 AM

സ്ഥാപനങ്ങൾക്ക് ഒരു ടോണിക് ആയി വർത്തിക്കുന്നു. അവരുടെ ആസ്തികളുടെ (ഓഹരി) വില പെട്ടെന്ന് ഉയരുമ്പോൾ അവർക്ക് അപ്രതീക്ഷിത ലാഭം ലഭിക്കുന്നു.

iv. **നിക്ഷേപകർ:** നിക്ഷേപകർപൊതുവെസ്ഥിര പലിശ ലഭിക്കുന്ന ബോണ്ടുകളിലും കടപ്പത്ര ങ്ങളിലും നിക്ഷേപിക്കുമ്പോൾ പണപ്പെരുപ്പ സമയത്ത് വളരെയധികം നഷ്ടപ്പെടാറുണ്ട്. നേരെ മറിച്ച് ഷെയറുകളിൽ നിക്ഷേപിക്കു ന്നവർ സമ്പന്നമായ ലാഭവിഹിതവും ഓഹരി കളുടെ മൂല്യത്തിലുള്ള വിലമതിപ്പും നേടുന്നു.

5.5.5 പണപ്പെരുപ്പം നിയന്ത്രിക്കാനുള്ള നടപടികൾ

കീൻസും മിൽട്ടൺ ഫ്രീഡ്മാനും ഒരുമിച്ച് പണപ്പെരുപ്പം തടയാനും നിയന്ത്രിക്കാനുമുള്ള മൂന്ന് മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.

(1) പണപരമായ നടപടികൾ,
(2) ധനപരമായ നടപടികൾ (J.M കീൻസ്)
(3) മറ്റു നടപടികൾ.

1. **പണപരമായ നടപടികൾ:** ഈ നടപടികൾ രാജ്യത്തെ കേന്ദ്രബാങ്ക് സ്വീകരിച്ചിട്ടുള്ളവ യാണ് അവ (i) ബാങ്ക് നിരക്ക് വൽദ്ധിപ്പിക്കുക (ii) തുറന്ന കമ്പോളത്തിൽ സർക്കാർ കടപ്പത്ര ങ്ങളുടെ വില്പന (iii) ഉയർന്ന രൊക്ക കരു തൽ അനുപാതം (CRR) നിയമാനുസൃത ദ്രവ്യത അനുപാതം (SLR) എന്നിവ (iv) ഉപ ഭോക്തൃ വായ്പാ നിയന്ത്രണം (v) ഉയർന്ന സീമാന്ത ആവശ്യകതകൾ (vi) ഉയർന്ന റിപ്പോ നിരക്കും വിപരീത റിപ്പോ നിരക്കും.

2. **ധനപരമായനടപടികൾ:** പണപ്പെരുപ്പസാഹ ചര്യം നിയന്ത്രിക്കാനുള്ള ഒരു പ്രധാന ഉപകരണമായി ധനനയത്തെ ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട പണപ്പെ രുപ്പ വിരുദ്ധ സാമ്പത്തിക നടപടികൾ ഇനി പ്പറയുന്നവയാണ്: സർക്കാർ ചെലവ് കുറയ്ക്കൽ, പൊതുകടം വാങ്ങൽ, നികുതി വർദ്ധിപ്പിക്കുക മുതലായവ.

3. **മറ്റു നടപടികൾ:** ഈ നടപടികളെ വിസ്തൃതമായി ഹ്രസ്വകാല നടപടികൾ എന്നും ദീർഘകാല നടപടികൾ എന്നും വിഭജിക്കാവുന്നതാണ്.

i) **ഹ്രസ്വകാലനടപടികൾ:** ക്ഷാമമുള്ള അവശ്യ ഉല്പന്നങ്ങൾ ന്യായവിലകടകൾ വഴി പൊതു വിതരണം ചെയ്യുന്നു. (റേഷനിംഗ്) ഇന്ത്യയിൽ എപ്പോഴൊക്കെ അടിസ്ഥാന വസ്തുക്കളുടെ കുറവ് അനുഭവപ്പെടുന്നുവോ, അപ്പോൾ സർക്കാർ ഇറക്കുമതിക്ക് ശ്രമിക്കുകയും പണ പ്പെരുപ്പം ഏർപ്പെടാതെ തടയുകയും ചെയ്യുന്നു.

ii) **ദീർഘകാല നടപടികൾ:** ഇത് സാമ്പത്തിക വളർ ച്ചയെ ത്വരിതപ്പെടുത്തുന്നതിന് ഉതകുന്നു. പ്രത്യേകിച്ചും വേതന വസ്തുക്കൾ വിലയോടും ജീവിത ചെലവിനോടും നേരിട്ട് ബന്ധമുള്ള വയാണ്. ചില നിയന്ത്രണങ്ങൾ നിലവിലെ ഉപ ഭോഗത്തിൽ ഏർപ്പെടുത്തുന്നത് സമ്പാദ്യ വും നിക്ഷേപവും മെച്ചപ്പെടുത്താൻ സഹായി ക്കുന്നു. ദീർഘകാല സാമ്പത്തിക വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുവാൻ ഇത് ആവ ശ്യമാണ്.

5.6 പണപ്പെരുപ്പം, കുറഞ്ഞ പണപ്പെരുപ്പം സ്തംഭനപ്പെരുപ്പം മുതലായവയുടെ അർത്ഥം

പണച്ചുരുക്കം: പണ ചുരുക്കത്തിന്റെ പ്രധാന സവിശേഷതകൾ കുറയുന്ന വില, കുറയുന്ന പണ വിതരണം തൊഴിലില്ലായ്മ എന്നിവയാണ്. പണ പ്പെരുപ്പ കാലത്ത് വില കുറയുന്നത് അഭികാമ്യ മാണ് എങ്കിലും അത്തരത്തിലുള്ള വീഴ്ച ഉല്പാ ദനതൊഴിൽ നിലവാരത്തിലെഇടിവിലേക്ക് നയി ക്കരുത്. പക്ഷെ പൂർണ്ണതൊഴിൽ നിലയിൽ നിന്ന് വിലകുറയുകയാണെങ്കിൽ വരുമാനവും തൊഴിലും പ്രതികൂലമായി ബാധിക്കപ്പെടാം.

കുറഞ്ഞ പണപ്പെരുപ്പം: തൊഴിലില്ലായ്മയ്ക്ക് കാരണമാകാതെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന വായ്പയുടെ അളവ് നിയന്ത്രിക്കുന്നതിലൂടെ പണ പ്പെരുപ്പനിരക്ക് പതിയെ കുറയുന്നതാണ് കുറഞ്ഞ പണപ്പെരുപ്പം. തൊഴിലില്ലായ്മ സൃഷ്ടിക്കാതെ അഥവാ സമ്പദ്വ്യവസ്ഥയിലെ ഉല്പാദനം കുറ

12th Economics Malayalam_Chapter-05.indd 88 2/3/2023 10:13:14 AM

യ്ക്കാതെ പണപ്പെരുപ്പം തിരികെകൊണ്ടുവരുന്ന പ്രക്രിയയെയാണ് കുറഞ്ഞ പണപ്പെരുപ്പം എന്ന് നിർവ്വചിക്കുന്നത്.

സ്തംഭന പെരുപ്പം: സാമ്പത്തിക വളർച്ച, സ്തംഭനം, ഉയർന്ന തൊഴിലില്ലായ്മ, ഉയർന്ന പണപ്പെരുപ്പം തുടങ്ങിയവയുടെ സംയോജനമാണ് സ്തംഭനപ്പെരുപ്പം.

5.7 വ്യാപാര ചക്രം

മുതലാളിത്ത സമ്പദ്വ്യവസ്ഥയിലെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കാലാനുസൃതമായ ഉയർച്ചകളും താഴ്ചകളും ഉണ്ടാകും. ഈ ഉയർച്ചകളെയും താഴ്ചകളെയും കുറിച്ചുള്ള പഠനത്തെ വ്യാപാരചക്രം അഥവാ വാണിജ്യ ചക്രം അഥവാ വ്യവസായിക ഏറ്റക്കുറച്ചിൽ എന്ന് വിളിക്കുന്നു.

5.7.1 വ്യാപാര ചക്രത്തിന്റെ അർത്ഥം

ഒരു വ്യാപാര ചക്രം മൊത്ത സാമ്പത്തിക പ്രവർത്തനങ്ങളായ തൊഴിൽ, ഉല്പാദനം, വരുമാനം തുടങ്ങിയവയിലുണ്ടാകുന്ന ആന്ദോളനങ്ങളെ സൂചിപ്പിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കുന്ന മൂലകങ്ങളുടെ അന്തർലീനമായ സങ്കോചവും വികാസവും കൊണ്ടാണ് ഇത് ഉണ്ടാകുന്നത്. ഈ ഏറ്റക്കുറച്ചിലുകൾ ആനുകാലികമായും തീവ്രതയിൽ വ്യത്യാസപ്പെട്ടവയായും വിസ്തീർണ്ണത്തിൽ മാറ്റമുള്ളവയായും കാണപ്പെടുന്നു.


നിർവചനം

"ഉയരുന്ന വിലകളും കുറഞ്ഞ തൊഴിലില്ലായ്മ ശതമാനങ്ങളും സ്വഭാവ സവിശേഷതകളായ നല്ല വ്യാപാരത്തിന്റെ കാലഘട്ടങ്ങളും കുറയുന്ന വിലകളും ഉയർന്ന തൊഴിലില്ലായ്മ ശതമാനങ്ങളും സ്വഭാവസവിശേഷതകളായ മോശപ്പെട്ട വ്യാപാര ഘട്ടങ്ങളും മാറി മാറി ഉൾക്കൊള്ളുന്നതാണ് വ്യാപാരചക്രം". **ജെ.എം.കീൻസ്**

5.7.2 വ്യാപാരചക്രത്തിന്റെ ഘട്ടങ്ങൾ

വ്യാപാരചക്രത്തിന്റെ നാല് വ്യത്യസ്ത ഘട്ടങ്ങളാണ് (i) ഉദ്ഗതി (ii) അധോഗതി (iii) മാന്ദ്യം (iv) പുനർഗതി എന്നിവ. ഇവ ചിത്രം 5.3 ൽ ചിത്രീകരിച്ചിരിക്കുന്നു.

വ്യാപാര ചക്രത്തിന്റെ ഘട്ടങ്ങൾ



ചിത്രം 5.3

i) ഉദ്ഗതി അഥവാ സമൃദ്ധി ഘട്ടം: പൂർണ്ണ തൊഴിലും പൂർണ്ണ തൊഴിലിനപ്പുറമുള്ള സമ്പദ്വ്യവസ്ഥയുടെ ചലനവും ഉദ്ഗതി എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ഈ കാലയളവിൽ തിരക്കേറിയ പ്രവർത്തനങ്ങൾ സമ്പദ്വ്യവസ്ഥയിൽ കാണപ്പെടുന്നു. പണവേതനം ഉയരുന്നു, ലാഭം വർദ്ധിക്കുന്നു. പലിശ നിരക്ക് ഉയരുന്നു. ബാങ്ക് വായ്പയുടെ ആവശ്യം ഉയരുകയും സമഗ്രമായ ശുഭാപ്തി വിശ്വാസം കാണപ്പെടുകയും ചെയ്യുന്നു.

ii) അധോഗതി: ഉദ്ഗതി അവസ്ഥയിൽ നിന്നുള്ള വഴിത്തിരിവിനെ അധോഗതി എന്നു വിളിക്കുന്നു. നേരത്തേ ആയിരുന്നതിനെക്കാളും ഉയർന്ന നിരക്കിലാണ് ഇത് സംഭവിക്കുന്നത്. സാധാരണയായി ഒരു കമ്പനി അഥവാ ബാങ്കിന്റെ പരാജയം ഉദ്ഗതിയിൽ സ്ഫോടനം സൃഷ്ടിക്കുകയും മാന്ദ്യഘട്ടത്തിൽ കൊണ്ടുവരികയും ചെയ്യുന്നു. നിക്ഷേപങ്ങൾ ഗണ്യമായി കുറയുന്നു. ഉല്പാദനം കുറയുന്നു, വരുമാനവും ലാഭവും കുറയുന്നു. ഓഹരി വിപണിയിൽ പരിഭ്രമം കാണപ്പെടുന്നു. കച്ചവട പ്രവർത്തനങ്ങളിൽ മാന്ദ്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുന്നു. ജനങ്ങളുടെ ദ്രവത്വാഭിലാഷം വർദ്ധിക്കുകയും പണവിപണി ദൃഢമാകുകയും ചെയ്യുന്നു.

iii) മാന്ദ്യം: മാന്ദ്യസമയത്ത് സാമ്പത്തിക പ്രവർത്തനത്തിന്റെ തോത് വളരെയധികം കുറയുന്നു. സ്ഥാപനങ്ങൾക്ക് നഷ്ടം സംഭവിക്കുകയും ബിസിനസ്സ് അവസാനിപ്പിക്കുന്നത് സാധാരണ സവിശേഷതയാവുകയും തൊഴി

12th Economics Malayalam_Chapter-05.indd 89 2/3/2023 10:13:14 AM

ലില്ലായ്മ ആത്യന്തിക ഫലമായി മാറുകയും ചെയ്യുന്നു. പലിശ, വിലകൾ, ലാഭങ്ങൾ, വേതനങ്ങൾ തുടങ്ങിയവ കുറയുന്നു. കാർഷിക വർഗ്ഗവും വേതനക്കാരും മോശമായ അവസ്ഥയിൽ കാണപ്പെടുന്നു. ബാങ്കിംഗ് സ്ഥാപനങ്ങൾ ബിസിനസ്സുകാർക്ക് വായ്പകൾ നല്കാൻ വിമുഖത കാണിക്കുന്നു. മാന്ദ്യം വ്യാപാര ചക്രത്തിന്റെ ഏറ്റവും മോശമായ ഒരു ഘട്ടമാണ്. മാന്ദ്യത്തിന്റെ അത്യുച്ചത്തിലുള്ള അവസ്ഥയാണ് തൊട്ടി കാരണം ഇത് വ്യാപാര ചക്രത്തിലെ ആഴമേറിയ സ്ഥാനമാണ്. ഏതെങ്കിലും ഒരു വ്യക്തി ആഴത്തിൽ വീണുപോയാൽ മറ്റുള്ളവരുടെ സഹായം ഇല്ലാതെ അതിൽ നിന്ന് പുറത്തു വരാൻ കഴിയില്ല. അതുപോലെ സമ്പദ്‌വ്യവസ്ഥ തൊട്ടിയിൽ വീണു കഴിഞ്ഞാൽ ബാഹ്യമായ സഹായം ഇല്ലാതെ അതിൽ നിന്ന് പുറത്തു വരാൻ സാധിക്കില്ല. സർക്കാരിന്റെ സ്വയം ഭരണ നിക്ഷേപത്തിനു മാത്രമേ മാന്ദ്യത്തിൽ നിന്നും സമ്പദ്‌വ്യവസ്ഥയെ സഹായിക്കാൻ സാധിക്കുകയുള്ളൂ എന്ന് കീൻസ് വാദിക്കുന്നു.

iv. പുനർഗതി: മാന്ദ്യഘട്ടത്തിനുശേഷം പുനർഗതി സജ്ജമാകുന്നു. മാന്ദ്യത്തിൽ നിന്ന് പുനരുജ്ജീവനത്തിലേക്കുള്ള മുന്നേറ്റത്തിന്റെ വഴിത്തിരിവാണിത്. മൂലധന ഉല്പന്ന ആവശ്യകതയുടെ പുനരുജ്ജീവനത്തിൽ നിന്ന് ഇത് ആരംഭിക്കുന്നു. സ്വയംഭരണ നിക്ഷേപങ്ങൾ പ്രവർത്തനങ്ങളെ വർദ്ധിപ്പിക്കുന്നു. ആവശ്യം സാവധാനം ഉയരുകയും യഥാസമയം പ്രവർത്തനം, കൂടുതൽ ഉൽപാദനം ലാഭം, വരുമാനം, വേതനം, തൊഴിൽ എന്നിവയുമായി മുന്നേറുന്നു. നവീകരണം, നിക്ഷേപം, സർക്കാർ ചെലവ് മുതലായവ വഴിപുനർഗതി ആരംഭിക്കാം (സ്വയം ഭരണ നിക്ഷേപം).

സംഗ്രഹം

കറൻസി പുറത്തിറക്കുന്നത് റിസർവ് ബാങ്കും കേന്ദ്ര സർക്കാരും ചേർന്നാണ്. വാണിജ്യബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്നാണ് ബാങ്ക് നിക്ഷേപങ്ങൾ സൃഷ്ടിക്കുന്നത്. പണത്തിന്റെ ആവശ്യം, വരുമാനം, വിലനില പലിശ നിരക്ക് തുടങ്ങിയ നിരവധി ഘടകങ്ങളാൽ നിർണ്ണയിക്കപ്പെടുന്നു.

പദശേഖരണം

- **ബാർട്ടർ:** പണംഉപയോഗിക്കാതെ, ഒരുഉല്പന്നത്തിനു പകരമായി മറ്റൊരു ഉല്പന്നത്തിന്റെ കൈമാറ്റം.
- **പണം :** കൈമാറ്റ മാധ്യമമായി പൊതുവായി സ്വീകരിക്കപ്പെട്ട ഒരു ആസ്തി
- **പണവിതരണം :** ഏത് നിശ്ചിത സമയത്തും ഒരു സമ്പദ്‌വ്യവസ്ഥയിൽ പ്രചാരത്തിലുള്ള പണത്തിന്റെ അളവിനെ സൂചിപ്പിക്കുന്നു.
- **പണപ്പെരുപ്പം :** ശരാശരി വില നിലകളുടെ വർധന
- **പണച്ചുരുക്കം :** ശരാശരി വില നിലകളുടെ വീഴ്ച പണപ്പെരുപ്പത്തിന്റെ വിപരീതം
- **കുറഞ്ഞപണപ്പെരുപ്പം :** പ്രതികൂലമായി ബാധിക്കാതെയുള്ള പണപ്പെരുപ്പത്തിന്റെ വിപരീത പ്രക്രിയ.
- **സ്തംഭനപെരുപ്പം:** ഉയർന്നതൊഴിലില്ലായ്മ നിരക്ക് പണപ്പെരുപ്പം എന്നിവയുടെ സഹവർത്തിത്വം (സ്തംഭനാവസ്ഥ, പണപ്പെരുപ്പം എന്നിവയിൽ നിന്ന് ഉരുത്തിരിഞ്ഞത്).
- **വ്യാപാര ചക്രം :** നിശ്ചിത വർഷങ്ങളിൽ ഏറെക്കുറെ സ്ഥിരമായ, മുകളിലേക്കും താഴേക്കുമുള്ള സാമ്പത്തിക പ്രവർത്തനങ്ങളുടെ ചലനം.
- **പുനർഗതി :** കുറഞ്ഞ പോയിന്റിന് (അതായത് മാന്ദ്യം) ശേഷമുള്ള ബിസിനസ്സ് പ്രവർത്തനങ്ങളുടെ വർദ്ധനവ്
- **ഇടുങ്ങിയ പണം :** M_1, M_2 എന്നിവ ഇടുങ്ങിയ പണമാണ്. കാരണം അവയിൽ പൊതുജനങ്ങൾക്കുള്ള കറൻസിയും, ബാങ്കിലുള്ള ചോദന നിക്ഷേപങ്ങൾ, മറ്റു നിക്ഷേപങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

12th Economics Malayalam_Chapter-05.indd 90 2/3/2023 10:13:14 AM

മാതൃകാ ചോദ്യങ്ങൾ

FL416

ഭാഗം-A

മികച്ച ഉത്തരം തെരഞ്ഞെടുക്കുക

1. ആർ ബി ഐയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്

(a) ദില്ലി

(b) ചെന്നൈ

(c) മുംബൈ

(d) ബെംഗളൂരു

2. പണം എന്നത്

(a) അന്തർലീന മൂല്യമുള്ളപ്പോൾ സ്വീകാര്യമായത്
(b) വാങ്ങൽ ശേഷിയിൽ സ്ഥിരതയുള്ളത്
(c) എല്ലാ ആസ്തികളിലും ഏറ്റവും ദ്രാവകമായത്
(d) വിഭവങ്ങളുടെ വിതരണത്തിന് ആവശ്യമായത്

3. കടലാസ് പണസംവിധാനം നിയന്ത്രിക്കുന്നത്

(a) കേന്ദ്ര പണ അധികാരം
(b) സംസ്ഥാന സർക്കാർ
(c) കേന്ദ്ര സർക്കാർ
(d) ബാങ്കുകൾ

4. M_1, M_2 ഉം തമ്മിലുള്ള അടിസ്ഥാന വ്യത്യാസം സംബന്ധിച്ചത് .

(a) പോസ്റ്റ് ഓഫീസ് മൊത്ത നിക്ഷേപങ്ങൾ
(b) പോസ്റ്റ് ഓഫീസ് സമ്പാദ്യബാങ്കുകളിലെ സമ്പാദ്യ നിക്ഷേപങ്ങൾ
(c) ബാങ്കുകളുടെ നിബന്ധനാ നിക്ഷേപം
(d) കറൻസി

5. ഇർവിംഗ് ഫിഷറിന്റെ പണ അളവ് സിദ്ധാന്തം പ്രസിദ്ധമായ വർഷം

(a) 1908

(b) 1910

(c) 1911

(d) 1914.

6. MV സൂചിപ്പിക്കുന്നത്

(a) പണത്തിന്റെ ആവശ്യം
(b) നിയമപരമായ കരാർ പണ വിതരണം
(c) ബാങ്ക് പണ വിതരണം
(d) മൊത്ത പണ വിതരണം

7. പണപ്പെരുപ്പം എന്നത്

(a) വിലകൾ ഉയരുന്നു
(b) വിലകൾ കുറയുന്നു
(c) പണത്തിന്റെ മൂല്യം വർദ്ധിക്കുന്നു
(d) വിലകൾ അതേപടി നിലനിർത്തുന്നു

8. _____ പണപ്പെരുപ്പം പണത്തിന്റെ മൂല്യത്തിന് ഗുരുതരമായ മൂല്യത്തകർച്ച ഏർപ്പെടുത്തുന്നു.

(a) ഇഴയുന്ന
(b) നടക്കുന്ന
(c) ഓടുന്ന
(d) അമിത

9. വേതനം, അസംസ്കൃതവസ്തുക്കൾ മുതലായ ഉല്പാദന ചെലവുകളുടെ വർദ്ധനവ് മൂലം ഉല്പന്നങ്ങളുടെ പൊതു വിലർദ്ധിക്കുന്നത് _____ പണപ്പെരുപ്പം ആകുന്നു.

(a) ചെലവ് ഉന്ത്
(b) ചോദന വലി
(c) ഓടുന്ന
(d) കുതിക്കുന്ന

10. പണപ്പെരുപ്പ സമയത്ത് ആരാണ് നേട്ടമുണ്ടാക്കുന്നത്?

(a) കടം വാങ്ങുന്നവർ
(b) കടം കൊടുക്കുന്നവർ
(c) വേതനം ശമ്പളം ലഭിക്കുന്നവർ
(d) സർക്കാർ

12th Economics Malayalam_Chapter-05.indd 91 2/3/2023 10:13:14 AM

11. _____ എന്നത് പണപ്പെരുപ്പ നിരക്ക് കുറയുന്നത് ആണ്.

(a) എതിർ പണപ്പെരുപ്പം
(b) പണചുരുക്കം
(c) സ്തംഭനപെരുപ്പം
(d) മാന്ദ്യം

12. സ്തംഭനപ്പെരുപ്പംപണപ്പെരുപ്പനിരക്കിനോട് സംയോജിക്കുന്നത്

(a) സ്തംഭനം
(b) തൊഴിൽ
(c) ഉല്പാദനം
(d) വില

13. ബിസിനസ്സ്പ്രവർത്തനങ്ങളിൽഏർപ്പെടുന്ന ഇടവിട്ടുള്ള ഏറ്റകുറച്ചിലുകളെക്കുറിച്ചുള്ള പഠനം സാമ്പത്തിക ശാസ്ത്രത്തിൽ പ രാമർശിക്കുന്നത്

(a) ഉദ്ഗതി
(b) അധോഗതി
(c) പുനർഗതി
(d) വ്യാപാരചക്രം

14. മാന്ദ്യസമയത്ത് സാമ്പത്തിക പ്രവർത്തന നില അങ്ങേയറ്റം മാറുന്നത്

(a) ഉയരുന്നത്
(b) മോശമായത്
(c) കുറവ്
(d) നല്ലത്

15. "വിനിമയ മാധ്യമമായി പൊതുവായി സ്വീകാര്യമായതും അതേ സമയം മൂല്യ ത്തിന്റെ അളവുകോൽ, മൂല്യത്തിന്റെ കലവറ യായി പ്രവർത്തിക്കുന്നതുമായ എന്തും പണം ആകാം ഈ നിർവചനം നൽകിയത്

(a) ക്രോതർ
(b) എ.സി.പിഗു
(c) എഫ്.എ.വാക്കർ
(d) ഫ്രാൻസിസ് ബേക്കൺ

16. ഡെബിറ്റ് കാർഡിന് ഒരു ഉദാഹരണമാണ്

(a) കറൻസി
(b) കടലാസ് പണം
(c) പ്ലാസ്റ്റിക് പണം
(d) പണം

17. ഫിഷറിന്റെ പണ അളവ് സിദ്ധാന്തം, പണ ത്തിന്റെ ഈ അവശ്യ പ്രവർത്തനത്തെ അടി സ്ഥാനപ്പെടുത്തിയുള്ളതാണ്.

(a) മൂല്യത്തിന്റെ അളവുകോൽ
(b) മൂല്യത്തിന്റെ കലവറ
(c) വിനിമയ മാധ്യമം
(d) മാറ്റിവച്ച പ്രതിഫല മാനദണ്ഡം

18. MV = PT സമവാക്യത്തിൽ, V എന്നത്

(a) വ്യാപാരത്തിന്റെ അളവ്
(b) പണ ചംക്രമണത്തിന്റെ വേഗത
(c) ഇടപാടിന്റെ അളവ്
(d) ബാങ്കിന്റെയും വായ്പാ പണത്തിന്റെയും അളവ്

19. വിലസാവധാനത്തിൽഉയരുമ്പോൾ,അതിനെ വിളിക്കുന്നത്

(a) കുതിക്കുന്ന പണപ്പെരുപ്പം
(b) മിതമായ പണപ്പെരുപ്പം
(c) അമിത പണപ്പെരുപ്പം
(d) പണ ചുരുക്കം

20. _____ പണപ്പെരുപ്പം യാതൊരു തരത്തിലും സമ്പദ്വ്യവസ്ഥയ്ക്ക് അപകടം ഉണ്ടാക്കുന്നില്ല.

(a) നടക്കുന്ന
(b) ഓടുന്ന
(c) ഇഴയുന്ന
(d) കുതിക്കുന്ന

12th Economics Malayalam_Chapter-05.indd 92 2/3/2023 10:13:14 AM

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
c	c	a	b	c	b	a	d	a	a
11	12	13	14	15	16	17	18	19	20
a	a	d	c	a	c	c	b	b	c

ഭാഗം – B

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്കുകളിൽ ഉത്തരം നൽകുക.

21. പണം നിർവ്വചിക്കുക.
22. ബാർട്ടർ എന്നാൽ എന്ത്?
23. ചരക്ക് പണം എന്നാൽ എന്ത്?
24. സ്വർണ്ണ നിലവാരം എന്നാൽ എന്ത്?
25. എന്താണ് പ്ലാസ്റ്റിക് പണം? ഉദാഹരണം നൽകുക.
26. പണപ്പെരുപ്പം നിർവചിക്കുക.
27. സ്തംഭനപെരുപ്പം എന്നാൽ എന്ത്?

ഭാഗം – C

താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം നൽകുക.

28. ലോഹ പണത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
29. പണവിതരണം എന്നാൽ എന്ത്?
30. പണ വിതരണത്തിന്റെ നിർണ്ണായക ഘടകങ്ങൾ ഏതൊക്കെയാണ്?
31. പണപ്പെരുപ്പത്തിന്റെ തരങ്ങൾ എഴുതുക.
32. ചോദന വലി, ചെലവ് ഉന്ത് പണപ്പെരുപ്പം എന്നിവ വിശദീകരിക്കുക.
33. പണ മൂല്യത്തിന്റെ കേംബ്രിഡ്ജ് സമവാക്യങ്ങൾ പ്രസ്താവിക്കുക
34. കുറഞ്ഞ നാണയപ്പെരുപ്പം വിശദീകരിക്കുക.

ഭാഗം – D

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം നൽകുക

35. ഫിഷറിന്റെ പണ അളവ് സിദ്ധാന്തം ചിത്രീകരിക്കുക.
36. പണത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.
37. സമ്പദ്വ്യവസ്ഥയിൽ പണപ്പെരുപ്പത്തിന്റെ കാരണങ്ങളും ഫലങ്ങളും എന്തൊക്കെയാണ്?
38. വ്യാപാരചക്രത്തിന്റെ ഘട്ടങ്ങളെ വിവരിക്കുക.

12th Economics Malayalam_Chapter-05.indd 93 2/3/2023 10:13:14 AM

പ്രവർത്തനം

1. സമ്പാദ്യത്തിന്റെ തരങ്ങളായ നടപ്പ്, കണക്ക്, നിക്ഷേപങ്ങൾ, സമ്പാദ്യ നിക്ഷേപങ്ങൾ, സ്ഥിര നിക്ഷേപങ്ങൾ, പലിശ നിരക്ക്, സൗകര്യങ്ങൾ എന്നിവ അറിയാൻ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഉള്ള ദേശസാൽകൃത ബാങ്കുകളെ സന്ദർശിക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുക.

2. പുരാതനകാലത്തെ നാണയങ്ങൾ, കറൻസി നോട്ടുകൾ അതോടൊപ്പം ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലെയും നാണയങ്ങൾ, കറൻസി നോട്ടുകൾ എന്നിവ ശേഖരിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക.

പരാമർശങ്ങൾ

1. Ahuja, H L, (2010),"Modern Economics", 15th Revised Edition, S. Chand & Company Ltd., New Delhi.
2. Gaurav Datt & Ashwani Mahajan (2018), "Indian Economy", S.Chand and Company Limited, New Delhi – 110055
3. Gupta R.D. (1984), "Keynes Post – Keynesian Economics", Kalyani Publishers, Ludhiana – 8.
4. Jhingan M.L. (2008), "Monetary Economics", Vrinda Publication (P) Ltd., Delhi-32.
5. Sankaran S. (2018), "Macro Economics", Margham Publications, Chennai – 17.
6. Seth M.L. (2012), "Monetary Economics", Lakshmi Narayani Agarwal Publication, Agra.
7. Sudesh kumar 92009), Dictionary of Economics, Sahni Publications, New Delhi – 7.
8. Sundaram K.P.M. (2011), "Money, Banking,Trade and Finance". Sultan Chand & Sons Publishers, New Delhi – 2.N

12th Economics Malayalam_Chapter-05.indd 94 2/3/2023 10:13:14 AM

അദ്ധ്യായം

6

ബാങ്കിംഗ്

"വാണിജ്യബാങ്കുകൾ ബിസിനസിന് ഹ്രസ്വകാല വായ്പ നൽകുന്നതും പ്രക്രിയയിൽ പണം സൃഷ്ടിക്കുന്നതുമായ സ്ഥാപനങ്ങളാണ്."

- Culbertson

പഠന ലക്ഷ്യങ്ങൾ

1. കേന്ദ്രബാങ്കുകളുടേയും വാണിജ്യബാങ്കുകളുടേയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് നൽകുക.
2. ബാങ്കിന്റെ ഇതരസ്ഥാപനങ്ങളേയും അവയുടെ പ്രവർത്തനങ്ങളേയും മനസ്സിലാക്കുക.

6.1 ആമുഖം

സമ്പത്ത് എന്നത് വാണിജ്യം, വ്യവസായം കൃഷി തുടങ്ങിയ എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളുടേയും ജീവരക്തമായി കണക്കാക്കുന്നു. പൊതുവായി പറഞ്ഞാൽ ബാങ്ക് എന്നത് അടിസ്ഥാന സാമ്പത്തിക സേവനങ്ങളായ നിക്ഷേപങ്ങൾ സ്വീകരിക്കുക, വായ്പകൾ ലഭ്യമാക്കുക, തുടങ്ങിയകർത്തവ്യങ്ങൾ,നിർവ്വഹിക്കുന്നസ്ഥാപനങ്ങളാണ്. ബാങ്കുകൾ ആധുനിക വ്യവസായിക മേഖലയുടെ നട്ടെല്ലായിപ്രവർത്തിക്കുന്നു. എല്ലാ രാജ്യങ്ങളുടേയും വികസനത്തിന് മുഖ്യ പങ്കു വഹിക്കുന്നത് ബാങ്കുകളാണ്. രാജ്യങ്ങളുടെ സാമ്പത്തിക സുസ്ഥിരതയ്ക്ക് പ്രാധാന്യം നൽകുന്നതിനാൽ മിക്ക രാജ്യങ്ങളിലും ബാങ്കുകൾ വളരെയധികം നിയന്ത്രിക്കപ്പെടുന്നു.

6.2 വികസന ചരിത്രം

ലോകത്തിലെ ആദ്യത്തെ സാമ്പത്തിക വായ്പ നൽകുന്ന ബാങ്ക് 1157ൽ ബാങ്ക് ഓഫ് വെനീസ് ആയിരുന്നു. 1656ൽ സ്ഥാപിതമായ ഒരു സ്വകാര്യ ബാങ്കിൽ നിന്ന് ഉത്ഭവിച്ച സ്വീഡനിലെ റിക്സ് ബാങ്കുകൾ, ലോകത്തിലെ ഏറ്റവും പഴയ സെൻട്രൽ ബാങ്കാണ്. 1897 ൽ നോട്ട് പുറത്തിറക്കാനുള്ള ഏക അവകാശം ഈ ബാങ്ക് സ്വന്തമാക്കി. എന്നാൽ ബാങ്കിംഗ് കലയുടെ അടിസ്ഥാന കാര്യങ്ങൾ ബാങ്ക് ഓഫ് ഇംഗ്ലണ്ട് (1864) ൽ വികസിപ്പിച്ചെടുത്തതാണ് ആദ്യത്തെ ഇഷ്യു ബാങ്ക്

1920 ൽ ബ്രസ്സൽസിൽ നടന്ന അന്താരാഷ്ട്ര ധനകാര്യ സമ്മേളനം പാസ്സാക്കിയ പ്രമേയത്തിനനുസൃതമായി 1921 നും 1954 നും ഇടയിൽ ധാരാളം സെൻട്രൽ ബാങ്കുകൾ സ്ഥാപിക്കപ്പെട്ടു. ദക്ഷിണാഫ്രിക്കയിൽ റിസർവ്വ് ബാങ്ക്

12th Economics Malayalam_Chapter-06.indd 95 2/3/2023 10:30:30 AM

(1921) ലും ചൈനയിൽ ഒരു സെൻട്രൽബാങ്ക് (1928) ലും നിസർവ്വ് ബാങ്ക് ഓഫ് ന്യൂസിലാന്റ് (1934) ലും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ (1935) ലും സെൻട്രൽ ബാങ്ക് ഓഫ് സിലോൺ (1950) ബാങ്ക് ഓഫ് ഇസ്ട്രായേൽ (1954) ലും സ്ഥാപിക്കപ്പെട്ടു.

ഇന്ത്യൻ ബാങ്കുകളുടെ ചരിത്രം

- ഇന്ത്യയിലെ ആദ്യബാങ്ക് ബാങ്ക്ഓഫ് ഹിന്ദുസ്ഥാൻ (1770) (ബ്രിട്ടീഷ് ഭരണത്തിൽ കീഴിൽ)
- ഇന്ത്യയിൽ ബാങ്കിംഗ് മേഖലയെ നിയന്ത്രിച്ചിരുന്നതും ആധിപത്യം സ്ഥാപിച്ചിരുന്നതും പ്രസിഡൻസി ബാങ്കുകളായിരുന്നു.

മൂന്നു പ്രസിഡൻസി ബാങ്കുകളുണ്ടായിരുന്നു:

1. ബാങ്ക് ഓഫ് ബംഗാൾ (1809)
2. ബാങ്ക് ഓഫ് ബോംബെ (1840)
3. ബാങ്ക് ഓഫ് മദ്രാസ് (1843)

അവരെ പ്രസിഡനഷ്യൽ ബാങ്കുകൾ എന്നാണ് വിളിച്ചിരുന്നത്

ഇവയുടെ ലയനം (1921) → **ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യ**

മാറ്റമുണ്ടായത് (1955) → **എസ് ബി ഐ**

6.3 വാണിജ്യ ബാങ്കുകൾ


വാണിജ്യബാങ്കുകൾ എന്നത് ഒരു ബാങ്കിനെ അല്ലെങ്കിൽ ഒരു വലിയ ബാങ്കിന്റെ ഒരു ഡിവിഷനെ സൂചിപ്പിക്കുന്നു. ഇത് കോർപ്പറേഷനുകൾക്ക് അല്ലെങ്കിൽ വലിയ ഇടത്തരം ബിസിനസ്സ് പൊതുമേഖലയിലെ ചെറുകിട ബിസിനസ്സ് ചെയ്യുന്ന വ്യക്തിഗത അംഗങ്ങൾ എന്നിവർക്ക് ഹ്രസ്വകാല വായ്പ നിക്ഷേപ സൗകര്യങ്ങൾ നൽകുന്നു. വാണിജ്യ ബാങ്കുകൾ ദീർഘകാല വായ്പകൾ ലഭ്യമാക്കുന്നില്ല. കാരണം ബാങ്കിന് അതിന്റെ നിലനിൽപ്പിനാവശ്യമായ ആസ്തി നിലനിറുത്തേണ്ടതുണ്ട്.




6.3.1 വാണിജ്യബാങ്കുകളുടെ പ്രവർത്തനങ്ങൾ:

വാണിജ്യബാങ്കുകൾപൊതുനിക്ഷേപങ്ങൾ സ്വീകരിച്ച് വിവിധ നിക്ഷേപങ്ങൾക്ക് വായ്പ നൽകുന്നതിലൂടെ ലാഭം നേടിക്കൊണ്ട് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങളാണ്.

വാണിജ്യബാങ്കുകളുടെ പ്രവർത്തനങ്ങളെ പ്രാഥമിക പ്രവർത്തനങ്ങൾ എന്നും ദ്വിതീയ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിശാലമായി തരം തിരിച്ചിരിക്കുന്നു. അവ ഒരു ചിത്രത്തിൽ കാണിച്ചിരിക്കുന്നു.



12th Economics Malayalam_Chapter-06.indd 96 2/3/2023 10:30:35 AM



വാണിജ്യബാങ്കുകളുടെ പ്രവർത്തനങ്ങൾ

(a) പ്രാഥമിക പ്രവർത്തനങ്ങൾ:

1. നിക്ഷേപങ്ങൾ സ്വീകരിക്കൽ

വാണിജ്യബാങ്കുകൾപ്രധാനമായുംപൊതു നിക്ഷേപങ്ങളെആശ്രയിച്ചിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

രണ്ടു തരത്തിലുള്ള നിക്ഷേപങ്ങൾ ഉണ്ട് അവ താഴെ പറയുന്ന രീതിയിൽ ചർച്ച ചെയ്യുന്നു

(i) ഡിമാൻഡ് ഡിപ്പോസിറ്റ്സ്

ഇതിൽ നിക്ഷേപങ്ങൾ മുൻകൂട്ടി ബാങ്കി നെഅറിയിക്കാതെതന്നെപിൻവലിക്കാൻവ്യക്തി കൾക്ക് അവകാശമുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഈ നിക്ഷേപങ്ങളുടെ ഉടമകൾക്ക് എപ്പോൾ വേണമെങ്കിലും പണം സ്ലിപ്പ് അല്ലെ ങ്കിൽ ബാങ്ക് കൗണ്ടറിൽ ഡെബിറ്റ് കാർഡ് ഉപ യോഗിച്ച് എ.റ്റി.എം കേന്ദ്രങ്ങളിൽ നിന്ന് ഒരു ചെക്ക് എഴുതി തുക പിൻവലിക്കാൻ അനുവ ദാമുണ്ട്.

(ii) സമയ നിക്ഷേപങ്ങൾ

ഇത് നിശ്ചിത സമയത്തേയ്ക്ക് നിക്ഷേപിക്കുന്ന നിക്ഷേപങ്ങളെയാണ് സൂചിപ്പിക്കുന്നത് സമയനിക്ഷേപത്തിന് ബാങ്കുകൾ ഉയർന്ന പലിശ നൽകുന്നു. ഒരു നിശ്ചിത സമയപരിധിയ്ക്ക് ശേഷം ഈ നിക്ഷേപങ്ങൾ ബാങ്കിന് രേഖാമൂലമുള്ള അറിയിപ്പോടെ മാത്രമേ പിൻവലിക്കാൻ കഴിയൂ.

2. വായ്പകൾ വിപുലീകരിക്കൽ

വായ്പകൾ വിലുപീകരിക്കുക എന്നത് വ്യക്തികൾക്കും ബിസിനസ്സുകൾക്കും വായ്പ നൽകുന്നതിനെസൂചിപ്പിക്കുന്നു.വാണിജ്യബാങ്കു കൾ ഓവർ ഡ്രാഫ്റ്റ് കാഷ്ക്രെഡിറ്റ്, എക്സ് ചേഞ്ച് ബില്ലുകൾ എന്നിവയുടെ രൂപത്തിൽ വായ്പ നൽകുന്നു.

(b) ദ്വിതീയ പ്രവർത്തനങ്ങൾ

ദ്വിതീയ പ്രവർത്തനങ്ങളെ ഏജൻസി ഫംഗ്ഷൻ, ജനറൽ യൂട്ടിലിറ്റി ഫംഗ്ഷൻ, മറ്റു ഫംഗ്ഷനുകൾ എന്നീ മൂന്നു തലങ്ങളിൽ തരംതിരിക്കാം.

1. ഏജൻസി പ്രവർത്തനങ്ങൾ: വാണിജ്യ ബാങ്കുകൾ വിവിധ പ്രവർത്തനങ്ങൾ നിർ വ്വഹിച്ച്ഉപഭോക്താക്കളുടെഏജന്റായിപ്രവർ ത്തിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

(i) ചെക്കുകൾ ശേഖരിക്കുക

സെൻട്രൽ ബാങ്ക് നൽകുന്ന ക്ലിയറിംഗ് ഹൗസ് സൗകര്യങ്ങളിലൂടെ ബാങ്കുകൾ അവ രുടെ ഉപഭോക്താക്കളുടെ കൈമാറ്റത്തിനായി ചെക്കുകളും ബില്ലുകളും ശേഖരിക്കുന്നു.

(ii) വരുമാനം ശേഖരിക്കുക

വാണിജ്യബാങ്കുകൾ ലാഭവിഹിതം പെൻ ഷൻ, ശബളം, വാടക, താല്പര്യങ്ങൾ

12th Economics Malayalam_Chapter-06.indd 97 2/3/2023 10:30:35 AM

എന്നിവ അവരുടെ ഉപഭോക്താക്കൾക്കായി ശേഖരിക്കുന്നു. ഏതെങ്കിലും വരുമാനം ബാങ്ക് ശേഖരിക്കുമ്പോൾ ആ വിവരം ഒരു ക്രെഡിറ്റ് വൗച്ചർ വഴി ഉപഭോക്താക്കളെ അറിയിക്കുന്നു.

(iii) ചെലവുകൾ അടയ്ക്കൽ

ടെലിഫോൺ ബില്ലുകൾ, ഇൻഷ്വറൻസ് പ്രീമിയം, സ്കൂൾ ഫീസ്, വാടക എന്നിവ പോലുള്ള ഉപക്തോക്കളുടെ വിവിധ ബാധ്യതയുടെ ചെലവുകൾ വാണിജ്യ ബാങ്കുകൾ വഹിക്കുന്നു. ക്രെഡിറ്റ് വൗച്ചറിന് സമാനമായി ബാങ്ക് ചെലവുകൾ വഹിക്കുമ്പോൾ വിവരങ്ങൾക്കായി ഒരു ഡെബിറ്റ് വൗച്ചർ ഉപഭോക്താക്കൾക്ക് അയക്കുന്നു.

(2) പൊതു യൂട്ടിലിറ്റി പ്രവർത്തനങ്ങൾ: വാണിജ്യബാങ്കുകൾ വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിച്ച് ഉപഭോക്താക്കൾക്ക് ചില യൂട്ടിലിറ്റി സേവനങ്ങൾ നൽകുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

(i) ലോക്കർ സൗകര്യങ്ങൾ നൽകൽ

വാണിജ്യബാങ്കുകൾ ഉപഭോക്താക്കൾക്ക് ആഭരണങ്ങൾ, ഷെയറുകൾ, ഡിബഞ്ചറുകൾ, മറ്റു വിലപിടിപ്പുള്ള വസ്തുക്കൾ, എന്നിവ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ലോക്കർ സൗകര്യങ്ങൾ നൽകുന്നു. ഇത് വീടുകളിലെ മോഷണം മൂലം നഷ്ടപ്പെടാനുള്ള സാധ്യത കുറയ്ക്കുന്നു.

(ii) യാത്രക്കാരുടെ ചെക്കുകൾ വിതരണം ചെയ്യുന്നു

രാജ്യങ്ങൾക്ക് പുറത്ത് യാത്ര ചെയ്യുന്നതിനായി ബാങ്കുകൾ വ്യക്തികൾക്ക് യാത്രക്കാരുടെ ചെക്കുകൾ നൽകുന്നു. യാത്രചെയ്യുമ്പോൾ പണം പരിരക്ഷിക്കാനുള്ള സുരക്ഷിതവും എളുപ്പവുമായ മാർഗ്ഗമാണ് യാത്രക്കാരുടെ ചെക്കുകൾ.

(iii) വിദേശനാണ്യ ഇടപാടുകൾ

കയറ്റുമതിയിലും ഇറക്കുമതിയിലും ഇടപെടുന്ന ബിസിനസ്സുകാർക്ക് വിദേശനാണ്യം നൽകാൻ സഹായിക്കുന്നു. എന്നിരുന്നാലും വിദേശനാണ്യം കൈകാര്യം ചെയ്യുന്നതിന് വാണിജ്യബാങ്കുകൾ സെൻട്രൽ ബാങ്കിന്റെ അനുമതി വാങ്ങേണ്ടതുണ്ട്.

3. ഫണ്ടുകളുടെ കൈമാറ്റം

ഇത് ഒരു ബാങ്കിൽ നിന്ന് മറ്റൊന്നിലേയ്ക്ക് ഫണ്ടുകൾ കൈമാറുന്നതിനെ സൂചിപ്പിക്കുന്നു. ഡ്രാഫ്റ്റ്, ടെലിഫോണിക് ട്രാൻസ്ഫർ, ഇലക് ട്രോണിക് ട്രാൻസ്ഫർ എന്നിവ വഴിയാണ് ഫണ്ടുകൾ കൈമാറ്റം ചെയ്യപ്പെടുന്നത്.

4. ക്രെഡിറ്റ്കത്ത്

വാണിജ്യബാങ്കുകൾ ക്രെഡിറ്റ് കത്തുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. ഇത് അവരുടെ ക്രെഡിറ്റ് യോഗ്യതാ സർട്ടിഫിക്കറ്റ് ആണ്.

(i) അണ്ടർറൈറ്റിംഗ് സെക്യൂരിറ്റീസ്

വാണിജ്യബാങ്കുകൾ അണ്ടർറൈറ്റിംഗ് സെക്യൂരിറ്റികളുടെ ചുമതല നിർവ്വഹിക്കുന്നു. പൊതു ജനങ്ങൾക്ക് ബാങ്കുകളുടെ ക്രെഡിറ്റ് മൂല്യത്തിൽ പൂർണ്ണ വിശ്വാസമുണ്ട്. ബാങ്കുകൾ അണ്ടർറൈറ്റ് ചെയ്ത സെക്യൂരിറ്റികൾ വാങ്ങാൻ പൊതുജനങ്ങൾക്ക് മടി കാണിക്കരുത്.

(ii) ഇലക്ട്രോണിക് ബാങ്കിംഗ്

ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ പോലുള്ള സേവനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

(C) മറ്റു പ്രവർത്തനങ്ങൾ:

(i) പണവിതരണം

വാണിജ്യബാങ്കുകകളുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് പണവിതരണം ഉദാഹരണത്തിന് ഒരു വ്യക്തിയ്ക്ക് ഒരു ബാങ്ക് 5 ലക്ഷം രൂപ വായ്പ നൽകുന്നു. അപ്പോൾ തന്നെ ആ വ്യക്തിയിൽ ഒരു ഡിമാൻഡ് നിക്ഷേപം തുറക്കുന്നു. ആ അക്കൗണ്ടിൽ ബാങ്ക് 5 ലക്ഷം ക്രെഡിറ്റ് ചെയ്യുന്നു. ഇത് ആ അക്കൗണ്ടിൽ ഡിമാൻഡ് ഡിപ്പോസിറ്റുകൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. ഇവിടെ ശ്രദ്ധക്കേണ്ട കാര്യം പണമായി പണമടയ്ക്കില്ല എന്നതാണ്, അങ്ങനെ അധിക പണം അച്ചടിക്കാതെ പണത്തിന്റെ വിതരണം വർദ്ധിക്കുന്നു.

(ii) ക്രെഡിറ്റ് സൃഷ്ടിക്കൽ

ക്രെഡിറ്റ് സൃഷ്ടിക്കൽ എന്നാൽ വായ്പകളുടേയും അഡ്വാൻസുകളുടേയും ഗുണനം

12th Economics Malayalam_Chapter-06.indd 98 2/3/2023 10:30:35 AM

വാണിജ്യബാങ്കുകൾക്ക്പൊതുജനങ്ങളിൽനിന്ന് നിക്ഷേപം ലഭിക്കുന്നു. കൂടാതെ ഈ നിക്ഷേപങ്ങൾ വായ്പകൾ നൽകുന്നതിന് ഉപയോഗിക്കുന്നു.എന്നിരുന്നാലുംവാഗ്ദാനംചെയ്യുന്നവായ്പകൾ ബാങ്കിന് ലഭിച്ച നിക്ഷേപത്തേക്കാൾ പല മടങ്ങ് ഉയർന്നതാണ് ബാങ്കുകളുടെ ഈ പ്രവർത്തനത്തെ ക്രെഡിറ്റ്ക്രിയേഷൻ എന്നു വിളിക്കുന്നു.

(iii) സ്ഥിതിവിവരക്കണക്ക് ശേഖരണം:

വ്യാപാരം, വാണിജ്യം വ്യവസായം എന്നിവയുമായിബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ബാങ്കുകൾ ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. അതിനാൽ ബാങ്കുകൾ ഉപഭോക്താക്കളേയും പൊതു അധികാരികളേയും സാമ്പത്തിക കാര്യങ്ങളിൽ ഉപദേശിക്കുന്നു.

6.3.2. കൊമേഴ്സ്യൽ ബാങ്ക് ക്രെഡിറ്റ് സൃഷ്ടിക്കുന്നതിനുള്ള ഒരു മൈക്കാനിസം

ബാങ്ക് ക്രെഡിറ്റ് എന്നത് ബാങ്ക് വായ്പകളേയും അഡ്വാൻസുകളെയും സൂചിപ്പിക്കുന്നു. ബാങ്കുകൾ അവരുടെ വായ്പാ പ്രവർത്തനങ്ങളിലൂടെ ഒരു അധിക കൂട്ടിച്ചേർക്കൽ നടത്തുമ്പോൾ പണം സൃഷ്ടിക്കപ്പെടുമെന്ന് പറയപ്പെടുന്നു. സമ്പദ്വ്യവസ്ഥയിലെ പണം അതുപോലെ വായ്പക്കാർബാങ്കുകൾക്ക്വായ്പതിരിച്ചടയ്ക്കുമ്പോൾ പണം നശിപ്പിക്കുമെന്നും അതിനാൽ ബാങ്കുകൾ ഇതിനകം സൃഷ്ടിച്ച ക്രെഡിറ്റ് ഈ പ്രക്രിയയിൽ തുടച്ചു മാറ്റപ്പെടുമെന്നും പറയപ്പെടുന്നു.

ഡിമാൻഡ് ഡെപ്പോസിറ്റുകൾ വികസിപ്പിക്കാനോ കരാർ ചെയ്യാനോ ബാങ്കുകൾക്ക് അധികാരമുണ്ട്. കൂടുതലോ കുറവോ വായ്പകളും അഡ്വാൻസുകളും നൽകിമറ്റുആസ്തികൾനേടിയെടുക്കുന്നതിലൂടെ അവർ ഈ അധികാരം ഉപയോഗിക്കുന്നു. വായ്പകളും അഡ്വാൻസുകളും വികസിപ്പിക്കുന്നതിലൂടെ നിക്ഷേപം സൃഷ്ടിക്കാനുള്ള വാണിജ്യ ബാങ്കിന്റെ ഈ ശക്തിയെ ക്രെഡിറ്റ് സൃഷ്ടിക്കൽ എന്ന് വിളിക്കുന്നു.

പ്രാഥമിക/നിഷ്ക്രിയ നിക്ഷേപവും ഉരുത്തിരിഞ്ഞ സജീവ നിക്ഷേപവും

ആധുനിക ബാങ്കുകൾ രണ്ട് തരത്തിൽ നിക്ഷേപം സൃഷ്ടിക്കുന്നു. അവ പ്രാഥമിക നിക്ഷേപവും ഉരുത്തിരിഞ്ഞ നിക്ഷേപവുമാണ്. ഒരു ഉപഭോക്താവ് ബാങ്കിന് പണം നൽകുമ്പോൾ അദ്ദേഹത്തിന്റെ പേരിൽ ബാങ്ക് ഒരു ബുക്ക് ഡെബിറ്റ് നൽകുന്നു. ഇതാണ് പ്രൈമറി ഡെപ്പോസിറ്റ് എന്നാൽ അത്തരമൊരു തുല്യമായ പണമൊന്നും മുൻക്കൂട്ടി നൽകാത്ത നിക്ഷേപങ്ങളെ ഉരുത്തിരിഞ്ഞ നിക്ഷേപങ്ങൾ എന്നു പറയുന്നു.

പ്രാഥമിക നിക്ഷേപങ്ങൾ

- ഈ പ്രാഥമിക നിക്ഷേപങ്ങളിൽ നിന്നാണ് ബാങ്ക് ഉപഭോക്താക്കൾക്ക് വായ്പയും അഡ്വാൻസും നൽകുന്നത്.
- ഉപഭോക്താക്കൾ തന്നെയാണ് മുൻകൈയെടുക്കുന്നത് ഈ സാഹചര്യത്തിൽ ബാങ്കിന്റെ പങ്ക് നിഷ്ക്രിയമാണ്.
- അതിനാൽ ഈ നിക്ഷേപങ്ങളെ നിഷ്ക്രിയ നിക്ഷേപം എന്നു വിളിക്കുന്നു.

ക്രെഡിറ്റ്ക്രിയേഷൻഎന്നാൽവായ്പകളുടേയുംഅഡ്വാൻസുകളുടേയുംഗുണനംഎന്നാണ് അർത്ഥമാക്കുന്നത്. ബാങ്കുകൾ സൃഷ്ടിക്കുന്ന മൊത്ത നിക്ഷേപവും അവരുടെ കൈവശമുള്ള പണവും തമ്മിലുള്ള അനുപാതം നിലനിറുത്താൻ സെൻട്രൽ ബാങ്ക് നിർബന്ധിക്കുന്നു.

കൂടുതൽ വ്യക്തമാക്കുന്നതിനായി എല്ലാ ബാങ്കുകളും പണവും നിക്ഷേപവും തമ്മിലുള്ള അനുപാതം കുറഞ്ഞത് 20 ശതമാനം നിലനിർത്താൻ ബാധ്യസ്ഥരാണെന്ന് അനുമാനിക്കുന്നു.

1. ബാങ്കുകൾ അധിക കരുതൽ ധനം സൂക്ഷിക്കുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കുറഞ്ഞ പണക്കരുതൽ ശേഖരിച്ച ശേഷം പരമാവധി പരിധിവരെ വായ്പ നൽകുന്നതുപോലുള്ള വരുമാനം നേടുന്ന പ്രവർത്തനങ്ങൾക്ക് ഇത് വഴിയൊരുക്കും.
2. പണവിതരണത്തിൽ അഴുക്കുചാലുകളെന്നുമില്ല കൂടുതൽ അനുയോജ്യമായ കറൻസി കൈവശംവയ്ക്കാനോസമയനിക്ഷേപത്തിൽ നിന്ന് പിൻമാറാനോ പൊതുജനങ്ങൾ പെട്ടെന്ന് ആഗ്രഹിക്കുന്നില്ല.

മുകളിലുള്ള അനുമാനങ്ങൾക്ക് കീഴിൽ ഒരു ഉപഭോക്താവ് ₹ 1000 നിക്ഷേപിക്കുമ്പോൾ

12th Economics Malayalam_Chapter-06.indd 99 2/3/2023 10:30:35 AM

7.10 നേരിട്ടുള്ള വിദേശനിക്ഷേപവും വ്യാപാരവും

ആഗോള സമ്പദ്‌വ്യവസ്ഥയിലെ ഒരു പ്രധാന ഘടകമാണ് എഫ്.ഡി.ഐ. വിദേശ വ്യാപാരവും എഫ്.ഡി.ഐ യും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യപോലുള്ള വികസ്വര രാജ്യങ്ങളിൽ തോട്ടങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതിവിഭവമേഖലയിലെ എഫ്.ഡി.ഐ വ്യാപാരത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. എഫ്.ഡി.ഐ യുടെ വിദേശ ഉൽപാദനം വിദേശ വ്യാപാരത്തിന് പകരമായിഉപയോഗപ്രദമാണ്. വാണിജ്യ പ്രാദേശിക സംയോജന പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വരുമാനവും എഫ്.ഡി.ഐ യെ സ്വാധീനിക്കുന്നു.

മൂലധനചരക്കുകൾ, സാങ്കേതിക അറിവ്, അസംസ്കൃതവസ്തുക്കൾ മറ്റ് ഇൻപുട്ടുകൾ, അപര്യാപ്തമായ ഉപഭോക്തൃ വസ്തുക്കൾ എന്നിവപോലുള്ള വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ആവശ്യ ഇറക്കുമതികൾ സുഗമമാക്കുന്നതിലൂടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് എഫ്.ഡി.ഐ സഹായകരമാണ്.

ഒരു നിക്ഷേപം വിദേശ നിക്ഷേപമായിട്ട് മാറുന്നു.



ഒരു രാജ്യത്തിലെ (സ്വദേശം) ജനങ്ങളും സർക്കാരും മറ്റൊരുരാജ്യത്തിന്റെ(ആതിഥേയരാജ്യം) വ്യവസായങ്ങളിൽ നിക്ഷേപം ചെയ്യുന്നു.

ഒരു രാജ്യത്തിന്റെ കയറ്റുമതി വരുമാനം ഇറക്കുമതിക്ക് ധനസഹായം നൽകാൻ പര്യാപ്തമല്ലെങ്കിൽ വ്യാപാര വിടവ് നികത്താൻ എഫ്.ഡി.ഐ വന്നേക്കാം.

തൊഴിൽ സൃഷ്ടിക്കാനുള്ള ആഗ്രഹം, സാമ്പത്തികവികസനം ത്വരിതപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങൾ എഫ്.ഡി.ഐ യെ പ്രോത്സാഹിപ്പിക്കുന്നു. പല വികസ്വര രാജ്യങ്ങളും ഇറക്കുമതിയെക്കാൾ വിദേശ നിക്ഷേപത്തെ ശക്തമായി ഇഷ്ടപ്പെടുന്നു. എന്നിരുന്നാലും ഒരു സമ്പദ്‌വ്യവസ്ഥയുടെവിവിധവിഭാഗങ്ങൾ(ഇന്ത്യ എന്നു പറയുമ്പോൾ) എഫ്.ഡി.ഐ യുടെ യഥാർത്ഥ സ്വാധീനം വ്യത്യാസപ്പെടാം. ഇത് ചിലർക്ക് ഒരു അനുഗ്രഹവുംമറ്റുള്ളവർക്ക്വിലക്കേർപ്പെടുത്താം ക്ലാസ് റൂമിൽഇത് ചർച്ചചെയ്യാംഐ.എം.എഫും (IMF) ലോക ബാങ്കും നയങ്ങളും (FUND – BANKPOLICIES), സൃഷ്ടിക്കുന്ന യു.എസ്.ഡി യുടെ വലിയ ഡിമാൻഡ് തുടർച്ചയായി മൂല്യം നേടാൻ യു.എസ്.ഡി യെ സഹായിക്കുന്നു. ഫണ്ട് ബാങ്ക് നയങ്ങളുടെ മറഞ്ഞിരിക്കുന്ന അജണ്ടയിലൊന്നാണിത്.

7.10.1 എഫ്.ഡി.ഐ (FDI) യുടെ അർത്ഥം

ബഹുരാഷ്ട്ര സമ്പദ്‌വ്യവസ്ഥയിൽനേരിട്ടുള്ള നിക്ഷേപം ഒരു പ്രധാന പങ്ക് വഹിക്കുന്നു.

12th Economics Malayalam_Chapter-07.indd 144 2/3/2023 10:43:50 AM

വിദേശത്ത് നേരിട്ടുള്ള മൂലധനവും ബഹുരാഷ്ട്ര വ്യാപാരവും വളരെ അടുത്താണ്. വികസ്വര രാജ്യങ്ങളിലെ പ്രകൃതി വിഭവഹോർട്ടി കൾച്ചർ മേഖലകളിലെ വൻതോതിലുള്ള വിദേശനിക്ഷേപം അന്താരാഷ്ട്ര വ്യാപാരത്തിന്റെ വളർച്ചയ്ക്ക് കാരണമായി. വിദേശകമ്പനികളുടെ ഉൽപാദനവും ഇറക്കുമതിക്ക് പകരമായി ഇറക്കുമതി നിയന്ത്രിക്കുകയും ചെയ്യുന്നു.

വിദേശ പോർട്ട്ഫോളിയോ നിക്ഷേപം (FPI) വിദേശ പോർട്ട്ഫോളിയോ നിക്ഷേപമെന്നാൽ വിദേശത്തിന്റെ ഒരു രാജ്യത്തിന്റെ ബാങ്കിൽ പണം നിക്ഷേപിക്കുകയോ സ്റ്റോക്ക്, ബോണ്ട് മാർക്കറ്റുകളിൽ നിന്ന് വാങ്ങുന്ന ഫണ്ടുകൾ ചിലപ്പോൾ ഈ ഊഹക്കച്ചവടത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. വിദേശ പോർട്ട്ഫോളിയോ നിക്ഷേപം പേയ്മെന്റ് ബാലൻസ് അക്കൗണ്ടിന്റെ മൂലധനത്തിന്റെ ഭാഗമാണ്.

7.10.2 വിദേശത്ത് നേരിട്ടുള്ള നിക്ഷേപത്തിന്റെ ലക്ഷ്യങ്ങൾ

(FDI) എഫ്.ഡി.ഐ യ്ക്ക് ഇനി പറയുന്ന ലക്ഷ്യങ്ങളുണ്ട്.

1. വില്പന വിപുലീകരണം
2. വിഭവങ്ങൾ ഏറ്റെടുക്കൽ
3. വൈധ്യവൽക്കരണം
4. മത്സര അപകട സാധ്യത കുറയ്ക്കുക.

വിദേശസ്ഥാപന നിക്ഷേപം (FII) ഹെഡ്ജ് ഫണ്ടുകൾ ഇൻഷുറൻസ് കമ്പനികൾ, പെൻഷൻ ഫണ്ടുകൾ, മ്യൂച്യുൽ ഫണ്ടുകൾ എന്നിവയിലെ നിക്ഷേപമാണ് ഇന്ത്യയിലെ സാമ്പത്തിക നിക്ഷേപം ഇന്ത്യയിലെ സാമ്പത്തിക മേഖലയിലെ ഒരു സാധാരണ പദമാണ് വിദേശസ്ഥാപന നിക്ഷേപം ഉദാഹരണത്തിന് യൂണൈറ്റഡ് സ്റ്റേറ്റ്സിലെ ഒരു മ്യൂചൽ ഫണ്ടിന് ഇന്ത്യ അടിസ്ഥാനമാക്കിയുള്ള ഒരു കമ്പനിയിൽ നിക്ഷേപം നടത്താൻ കഴിയും.

7.10.3 വിദേശത്ത് നേരിട്ടുള്ള നിക്ഷേപത്തിന്റെ പ്രയോജനങ്ങൾ (FDI)

വിദേശ നിക്ഷേപം കൂടുതലും നേരിട്ടുള്ള നിക്ഷേപത്തിന്റെ രൂപമാണ്. അതിനാൽ ഞങ്ങൾ കൈകാര്യം ചെയ്യുന്നത് വിദേശത്ത് തേരിട്ടുള്ള നിക്ഷേപത്തെയാണ്. വിദേശത്ത് നേരിട്ടുള്ള നിക്ഷേപത്തിന്റെ ഗുണങ്ങൾ ഇനി പറയുന്നവയാണ്:

1. നിക്ഷേപത്തിന്റെ തോത് വർധിപ്പിക്കാനും അതു വഴി മികച്ച രാജ്യത്തിലെ വരുമാനവും ജോലിയും ലഭിക്കുവാനും FDI സഹായിച്ചേക്കാം
2. വിദേശത്ത് നേരിട്ടുള്ള നിക്ഷേപം സാങ്കേതിക വിദ്യ സ്വീകർത്താവിന് കൈമാറാൻ സഹായിക്കുന്നതിന് സൗകര്യമൊരുക്കുന്നു.
3. വിദേശകമ്പനികളുടെ ലാഭത്തിന് നികുതി ഏർപ്പെടുത്തുമ്പോഴോ ഇളവ് കരാറുകളിൽ നിന്ന് റോയൽറ്റി ലഭിക്കുമ്പോഴോ FDI ആതിഥേയ രാജ്യസർക്കാരിന് വരുമാനം ഉണ്ടാക്കിയേക്കാം.
4. നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ നിന്നുള്ള ലാഭത്തിന്റെ ഒരു ഭാഗം അനുബന്ധവ്യവസായങ്ങളുടെ വിപുലീകരണം നവീകരണം അതിൽ വികസനം എന്നിവയിലേക്ക് തിരികെ കൊണ്ടു പോകാം.
5. പ്രൊഫഷണൽ സങ്കീർണ്ണമായ മാനേജ്മെന്റ് സാങ്കേതികവിദ്യകളുടെ സ്വീകർത്താവിന്റെ രാജ്യത്ത് ഇതൊരു മാനേജറിയൽ വിപ്ലവം സൃഷ്ടിച്ചേക്കാം.
6. വിദേശമൂലധനം രാജ്യത്തിന്റെ കയറ്റുമതി വർദ്ധിപ്പിക്കാനും ഇറക്കുമതി ആവശ്യകതകൾ കുറയ്ക്കാനും പ്രാപ്തമാക്കിയേക്കാം. അതു വഴി ബാലൻസ്പേയ്മെന്റ് അസന്തുലിതാവസ്ഥ ലഘൂകരിക്കുന്നു.
7. ആഭ്യന്തര കുത്തകകളെ വർദ്ധിപ്പിക്കുന്നതിന് വിദേശ നിക്ഷേപം സഹായിക്കുകയും തകർക്കുകയും ചെയ്യും.
8. വിദേശ നിക്ഷേപത്തിൽ നിന്നുള്ള മൂലധന വരുമാനത്തേക്കാൾ FDI സ്വീകർത്താവിന്റെ രാജ്യത്ത് ഉത്പാദനത്തിന് കൂടുതൽ മൂല്യം നൽകുന്നുവെങ്കിൽ സാമൂഹിക വരുമാനം വിദേശ നിക്ഷേപത്തിന്റെ സ്വകാര്യ വരുമാനത്തോൾ വലുതാണ്.
9. മൂലധനവും വിദേശനാണ്യവും കൊണ്ടു വരുന്നതിലൂടെ ദേശീയ സാമ്പത്തിക വികസനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് FDI സേവിംഗ്സ് വിടവും വിദേശനാണ്യ വിനിമയവിടവും നികത്താൻ സഹായിക്കും

12th Economics Malayalam_Chapter-07.indd 145 2/3/2023 10:43:50 AM

10. വിദേശ സംരംഭങ്ങളുമായി സഹകരിച്ച് അനുബന്ധ വ്യവസായങ്ങളിൽ നിക്ഷേപിക്കുന്നതിന് വിദേശനിക്ഷേപം ആഭ്യന്തര സംരംഭത്തെ ഉത്തേജിപ്പിച്ചേക്കാം.

11. അവസാനമായി ഒരു വികസ്വര രാജ്യത്തേയ്ക്ക് നേരിട്ടുള്ള വിദേശ നിക്ഷേപം ഒഴുകുന്നത് മറ്റ് വികസനം അതിന്റെ സംരംഭകരെ പ്രോത്സാഹിപ്പിച്ചേക്കാം. ഇന്ത്യയിലെ സ്ഥാപനങ്ങൾ നേപ്പാൾ, ഉഗാണ്ട, എത്യോപ്യ, കെനിയ മറ്റ് വികസനം കുറഞ്ഞ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിക്ഷേപം ആരംഭിച്ചു. ഇന്ത്യയിലേക്കുള്ള വലിയ നേരിട്ടുള്ള വിദേശ നിക്ഷേപം ഒരു ചെറിയ രാജ്യത്ത് നിന്ന് (മൗറീഷ്യസ്) വരുന്നു.

7.10.4. നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ പോരായ്മകൾ

നേരിട്ടുള്ള വിദേശ നിക്ഷേപത്തിനെതിരെ ഇനിപറയുന്ന വിമർശനങ്ങൾ ഉന്നയിരിക്കപ്പെടുന്നു.

1. സ്വകാര്യ വിദേശ മൂലധനം മുൻഗണനാമേഖലകളെക്കാൾ ഉയർന്ന ലാഭമേഖലകളിലേയ്ക്ക് ഒഴുകുന്നു.

2. വിദേശ നിക്ഷേപകൻ കൊണ്ടുവന്ന സാങ്കേതിക വിദ്യകൾ ഉപഭോഗ ആവശ്യങ്ങൾ, ആഭ്യന്തരവിപണിയുടെ വലിപ്പം വിഭവലഭ്യത, സമ്പദ് വ്യവസ്ഥയുടെ വികസനത്തിന്റെ ഘട്ടം മുതലായവയ്ക്ക് അനുയോജ്യമല്ലായിരിക്കാം.

3. വിദേശ നിക്ഷേപം ചിലപ്പോൾ ബാലൻസിനെ പ്രതികൂലമായി ബാധിക്കുന്നു. ഒരു രാജ്യത്തിന്റെ പേയ്മെന്റുകൾ കാരണം, ഡിവിഡന്റ് മുതലായവ വഴി വിദേശനാണ്യം കുറയുന്നത് വിദേശ ആശങ്കകൾ മൂലമുള്ള നിക്ഷേപത്തേക്കാൾ കൂടുതലാണ്.

4. വിദേശ മൂലധനം ചിലപ്പോൾ ദേശീയ രാഷ്ട്രീയത്തിൽ ഇടപെടുന്നു.

5. വിദേശ നിക്ഷേപകർ ചിലപ്പോൾ അന്യായവും അധാർമികവുമായ വ്യാപാര രീതികളിൽ ഏർപ്പെടുന്നു.

6. ചില സന്ദർഭങ്ങളിൽ വിദേശനിക്ഷേപം ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നാശത്തിലേക്കോ ദുർബലതയിലേക്കോ നയിക്കപ്പെടുന്നു.

7. ചിലപ്പോൾ വിദേശ നിക്ഷേപം മത്സരം കുറയ്ക്കുന്ന/ഇല്ലാകാക്കുന്ന അപകടകരമായ അവസ്ഥയ്ക്കും കുത്തകകൾ അല്ലെങ്കിൽ ഒളിഗോ പോളിസ്റ്റിക് ഘടനകൾ സൃഷ്ടിക്കുന്നതിനും ഇടയാക്കും.

8. മിക്കപ്പോഴും വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ചെലവുകൾ ഉണ്ട്.

7.10.5. ഇന്ത്യയിൽ നേരിട്ടുള്ള വിദേശ നിക്ഷേപം

1991കളുടെ തുടക്കത്തിൽ സാമ്പത്തിക നയത്തിലെ പരിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഇത് ഇന്ത്യൻ വിപണികളെ FDI ലേക്ക് തുറക്കാൻ സഹായിച്ചു. ഇന്ത്യയിൽ FDI കാലങ്ങളായി വർദ്ധിച്ചു സ്വതന്ത്രമൂലധനത്തിന്റെ ഒഴുക്ക് മെച്ചപ്പെട്ട സാങ്കേതികവിദ്യ മാനേജ്മെന്റ് വൈദഗ്ധ്യം അന്താരാഷ്ട്ര വിപണികളിലേക്കുള്ള പ്രവേശനം എന്നിവയിൽ ഇന്ത്യയിൽ FDI പ്രയോജനകരമാണ്

ഇന്ത്യയിലെ എഫ്.ഡി.ഐ യുടെ പ്രധാന മേഖലകൾ ഇവയാണ്:

(i) സാമ്പത്തിക മേഖല (ബാങ്കിംഗ്, നോൺ ബാങ്കിംഗ്)

(ii) ഇൻഷുറൻസ്

(iii) ടെലികമ്മ്യൂണിക്കേഷൻ

(iv) ഹോസ്പിറ്റാലിറ്റി, ടൂറിസം

(v) ഫാർമസ്യൂട്ടിക്കൽസ്

(vi) സോഫ്റ്റ്വെയർ ഇൻഫർമേഷൻ ടെക്നോളജി.

വ്യാവസായിക മേഖലകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് അനുവാദമില്ല

(i) ആയുധങ്ങൾ, വെടിമരുന്ന്

(ii) അറ്റോമിക് എനർജി

(iii) റെയിൽവേ

12th Economics Malayalam_Chapter-07.indd 146 2/3/2023 10:43:50 AM

(iv) കൽക്കരി ലിഗ്നൈറ്റ്

(v) ഇരുമ്പ്, മാംഗനീസ്, ക്രോം, ജിപ്സം, സൾഫർ, സ്വർണ്ണം, വജ്രങ്ങൾ ചെമ്പ് തുടങ്ങിയവയുടെ ഖനനം

ഇന്ത്യയിലെ എഫ്.ഡി.ഐ. വരവ് 1990-91 ൽ 97 മില്യൺ ഡോളറിൽ നിന്ന് 2004-2005 ൽ 5,535 മില്യൺ ഡോളറായി ഉയർന്നു. 2011-2012 ൽ ഇത് 32,955 മില്യൺ ഡോളറായിരുന്നു. UNCTAD's വേൾഡ് ഇൻവെസ്റ്റ്മെന്റ് റിപ്പോർട്ട് 2018 ഇന്ത്യ എഫ്. ഡി.ഐ വെളിപ്പെടുത്തുന്നു. 44 ബില്യൺ 2016 ൽ 2017 ൽ ബില്യൺ 40 കുറഞ്ഞു.

സംഗ്രഹം

രാജ്യങ്ങൾക്ക്വാണിജ്യനേട്ടങ്ങൾഎങ്ങനെ കൈകാര്യംചെയ്യുന്നവെന്ന്കൈകാര്യംചെയ്യുന്ന സാമ്പത്തികശാസ്ത്രത്തിന്റെ വിലപ്പെട്ട ഒരു ശാഖയാണ് ഇന്റർനാഷണൽ ഇക്കണോമിക്സ്. ആദംസ്മിത്തിൽ നിന്ന് ആരംഭിക്കുന്ന അന്താ രാഷ്ട്ര വ്യാപാരത്തിന്റെ കാരണങ്ങളെക്കുറിച്ച് നിരവധി സിദ്ധാന്തങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഒരു പ്രത്യേക സിദ്ധാന്തത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള തർക്കം മോഡേൺ തിയറി ഓഫ് ഇന്റർനാഷണൽ ട്രേഡ് പരിഹരിച്ചു. വ്യാപാര ത്തിൽ നിന്നുള്ള നേട്ടങ്ങൾ വ്യാപാര നിബന്ധ നകൾ, പേയ്മെന്റിന്റെ ബാലൻസ് എന്നിവ ചർച്ച യുടെ പ്രധാന മേഖലകളാണ്.

വിനിമയനിരക്ക് നിശ്ചിതമോ വഴക്കമുള്ള തോ ആണ് രാജ്യത്തിന്റെ സാമ്പത്തിക ശക്തി നിർണ്ണയിക്കുന്ന ഒരു പ്രധാന ഘടകം വിദേശ വ്യാപാരത്തിന്റെയും വിദേശമൂലധനത്തിന്റെയും നിരയിൽ വികസിത രാജ്യങ്ങളുടെയും വികസ്വര രാജ്യങ്ങളുടെയും സാമ്പത്തികവികസനം നിർണ്ണ യിക്കുന്നതിൽ വിദേശ നിക്ഷേപം പ്രത്യേകിച്ച് എഫ്.ഡി.ഐ) ഒരു പ്രധാന പങ്ക് വഹിക്കുന്നു. അന്താരാഷ്ട്ര വ്യാപാരം സാമ്പത്തികമായി വിക സിത രാജ്യങ്ങളെ വലിയതോതിൽ സഹായിക്കു കയും നിരവധി ആഫ്രിക്കൻ ഏഷ്യൻ രാജ്യ ങ്ങളെ നിരാശപ്പെടുത്തുകയും ചെയ്തു.

അടുത്ത പാഠത്തിൽ അന്താരാഷ്ട്ര വ്യാപാര സംഘടനകളായ IMF, IBRD, WTO യും വ്യാപാര സംഘങ്ങളായ, ASEAN, BRICS തുടങ്ങിയ ബഹുരാഷ്ട്ര സാമ്പത്തിക പഠനങ്ങ ളുടെ ഏറ്റവും പ്രധാനപ്പെട്ട പങ്ക് ഞങ്ങൾ പരി ശോധിക്കയും ചിന്തിക്കുകയും ചെയ്യുന്നു.

ചിന്തിക്കുക ചെയ്യുക

1. ഇൻഡ്യൻകറൻസിയും യു.എസ് ഡോളറും തമ്മിലുള്ള വിനിമയ നിരക്ക് ₹1= $65. ആണെന്ന് കരുതുക ഇത് ₹1 = $55, ആയി മാറുകയാണെങ്കിൽ ഏത് കറൻസിയുടെ മൂല്യം വർധിക്കുകയും കുറയുകയും ചെയ്യുന്നു?
2. നമ്മുടെ സംസ്ഥാനത്തെ ഒരു പി.ഐ.പി യുടെ ആരോഗ്യസ്ഥിതി നിർണ്ണയിക്കാൻ ഇംഗ്ലണ്ടിൽനിന്നുള്ള ഒരു ഡോക്ടറെ ക്ഷണി ച്ചുവെന്ന് കരുതുക, ഡോക്ടർക്ക് നല്കുന്ന ഫീസ് പേയ്മെന്റ് ബാലൻസിന്റെ അക്കൗ ണ്ടിന്റെ ഏത് അക്കൗണ്ടിലാണ് നല്കുന്നു?

പദശേഖരം

- **അന്തർദേശീയ സാമ്പത്തികശാസ്ത്രം:** പ്രധാനമായും അന്താരാഷ്ട്രവ്യാപാരത്തിന്റെ അടിസ്ഥാന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സാമ്പത്തികശാസ്ത്രത്തിന്റെ ഒരു പ്രത്യേകശാഖ.
- **ആന്തരികവ്യാപാരം:** ഒരു പ്രത്യേക രാജ്യ ത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തി ക്കുള്ളിലെ വ്യാപാരം.
- **അന്തർദേശീയ വ്യാപാരം:** രണ്ടോ അതില ധികമോ രാജ്യങ്ങൾ തമ്മിലുള്ള ഒരു വ്യാ പാരം ഇത് ഭൂമിശാസ്ത്രപരവും രാഷ്ട്രീയ വുമായ അതിരുകൾക്കപ്പുറമുള്ള ഒരു വ്യാപാ രമാണ്.
- **സമ്പൂർണ്ണ ചെലവ് വ്യത്യാസങ്ങൾ:** രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഒരു ചരക്കിന്റെ ഉൽ പാദനത്തിന്റെ യഥാർത്ഥ ചെലവുകളിലെ വ്യത്യാസം.
- **താരതമ്യചെലവ് വ്യത്യാസങ്ങൾ:** താരതമ്യ സമ്പൂർണ്ണ ചെലവുകളിലെ വ്യത്യാസം രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ചരക്കുകളുടെഉൽപാ ദനച്ചെലവ്.
- **ഉൽപാദന ഘടക വിനിയോഗം :** ഒരു രാജ്യ ത്ത് ഒരു ഘടകത്തിന്റെ ലഭ്യതയിൽ സമൃദ്ധി.

12th Economics Malayalam_Chapter-07.indd 147 2/3/2023 10:43:50 AM

- **കച്ചവടനിബന്ധനകൾ:** ഒരു രാജ്യത്തിന്റെ ചരക്കുകൾ മറ്റൊരു രാജ്യത്തേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. അതായത് കയറ്റുമതി വിലയുടെയും ഇറക്കുമതി വിലയുടെയും അനുപാതം.

- **വ്യാപാരത്തിന്റെ ബാലൻസ് :** രണ്ട് രാജ്യങ്ങൾക്കിടയിൽ കൈമാറ്റം ചെയ്യുന്ന ചരക്കുകളുടെ മൂല്യങ്ങൾ തമ്മിലുള്ള ബാലൻസ് ദൃശ്യവും ദൃശ്യമല്ലാത്തതുമായ ഇനങ്ങളുടെ ഒരു വ്യാപാരമാണിത്.

- **പേയ്മെന്റ് കളുടെ ബാലൻസ്:** രാജ്യങ്ങൾക്കിടയിൽ കൈമാറ്റം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യങ്ങൾ തമ്മിലുള്ള ബാലൻസ്. ദൃശ്യം ദൃശ്യമല്ലാത്തതുമായ ജനങ്ങളുടെ ഒരു വ്യാപാരമാണിത്.

- **മൂല്യത്തകർച്ച:** സ്വർണ്ണത്തിന്റെയും മറ്റും വിദേശ നാണയങ്ങളുടെയും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗികമായി ആഭ്യന്തര നാണയങ്ങളുടെ മൂല്യം കുറയ്ക്കുന്നതിനെയാണ് മൂല്യത്തകർച്ചയെന്നു പറയുന്നത്.

- **വിദേശനാണയം :** മറ്റൊരു രാജ്യത്തിന്റെ കറൻസി.

- **വിനിമയ നിരക്ക് :** ഒരു രാജ്യത്തിന്റെ കറൻസി മറ്റൊരു രാജ്യത്തിന്റെ കറൻസിയുമായി കൈമാറ്റം ചെയ്യുന്നതിനാണ് വിനിമയ നിരക്ക് എന്ന് പറയുന്നത്.

- **നിശ്ചിത വിനിമയ നിരക്കുകൾ:** ഓരോ രാജ്യത്തിനും സെൻട്രൽ ബാങ്കിന്റെ പണ പരിവർത്തന നിരക്ക് നിർണയരീതി.

- **അയവുള്ള നിർണ്ണയ നിരക്ക് :** അയവുള്ള നിർണ്ണയ നിരക്കുകൾ ഒരു ഓപ്പൺ മാർക്കറ്റിൽ പ്രാഥമികമായി സ്വകാര്യ ഇടപാടുകളാൽ നിർണ്ണയിക്കപ്പെടുന്നു. മറ്റ് മാർക്കറ്റ് വിലകളെപ്പോലെ അവയും ദിവസം തോറും വ്യത്യാസപ്പെടുന്നു.

- **വിദേശത്ത് നേരിട്ടുള്ള നിക്ഷേപം :** ഒരു വിദേശ രാജ്യത്ത് ഒരു മൾട്ടിനാഷണൽ എന്റർപ്രൈസസ് നടത്തുന്ന നിക്ഷേപവും ഒരു പരിധി വരെ നിയന്ത്രണവും മാനേജുമെന്റിൽ പങ്കാളിത്തവും ഉൾക്കൊള്ളുന്നു.

12th Economics Malayalam_Chapter-07.indd 148 2/3/2023 10:43:50 AM

മാതൃകാ ചോദ്യങ്ങൾ

ഭാഗം A

ബഹു വികല്പ മാതൃകാ ചോദ്യങ്ങൾ

1. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം അറിയപ്പെടുന്നത് .....വ്യാപാരം

a) ബാഹ്യ
b) ആന്തരിക
c) അന്തർപ്രാദേശിക
d) വീട്

2. ഇനിപ്പറയുന്നവയിൽ ഏതാണ് വ്യാപാരത്തെ സ്വാധീനിക്കുന്നത്?

a) ഒരു ഉൽപ്പന്നത്തിന്റെ വികസനത്തിന്റെ ഘട്ടം
b) ഉൽപാദന ഘടകങ്ങളുടെ ആപേക്ഷിക വില
c) സർക്കാർ
d) മുകളിലുള്ളവയെല്ലാം

3. അന്താരാഷ്ട്രവ്യാപാരം ആഭ്യന്തര വ്യാപാരത്തിൽ നിന്ന് വ്യത്യസ്തപ്പെടാനുള്ള കാരണം

a) വ്യാപാരനിയന്ത്രണങ്ങൾ
b) ഘടകങ്ങളുടെ അസ്ഥിരത
c) വ്യത്യസ്ത സർക്കാർ നയങ്ങൾ
d) മേൽപറഞ്ഞവയെല്ലാം

4. പൊതുവേ രാജ്യങ്ങൾ അന്താരാഷ്ട്ര വ്യാപാരം നടത്താനുള്ള ഒരു പ്രധാന കാരണം

a) ചില രാജ്യങ്ങൾ താൽപര്യപ്പെടുന്ന ഒരു കാര്യം ഉൽപാദിപ്പിക്കുക മറ്റുള്ളവ മറ്റൊന്ന് ഉൽപാദിപ്പിക്കുക
b) വിഭവങ്ങൾ എല്ലാ വ്യാപാര രാജ്യങ്ങളിലും തുല്യമായി വിതരണം ചെയ്യപ്പെടുന്നില്ല
c) വ്യാപാരം ലാഭം ശേഖരിക്കാനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നു
d) പലിശ നിരക്ക് എല്ലാ വ്യാപാര രാജ്യങ്ങളിലും സമാനമല്ല

5. അന്താരാഷ്ട്ര വ്യാപാരത്തിന്റെ ആധുനിക സിദ്ധാന്തം ഇനി പറയുന്നവയിൽ ഏതാണ്

a) കേവലചെലവ്
b) താരതമ്യചെലവ്
c) ഫാക്ടർ എൻഡോവ്മെന്റ് സിദ്ധാന്തം
d) ഇവയൊന്നും അല്ല

6. വിനിമയ നിരക്കുകൾ നിർണ്ണയിക്കുന്നത്

a) മണിമാർക്കറ്റ്
b) വിദേശനാണ്യ വിപണി
c) സ്റ്റോക്ക് മാർക്കറ്റ്
d) ക്യാപിറ്റൽ മാർക്കറ്റ്

7. ഇനിപ്പറയുന്ന ഏത് വിനിമയ നിരക്കു രീതിയിൽ കമ്പോളശക്തികളായ വിതരണവും ചോദനവും വിനിമയ നിരക്കും നിർണ്ണയിക്കുന്നു

a) നിശ്ചിത വിനിമയ നിരക്ക്
b) അയവുള്ള വിനിമയ നിരക്ക്
c) നിരന്തരമായ വിനിമയ നിരക്ക്
d) സർക്കാർ നിയന്ത്രിത വിനിമയനിരക്ക്

8. മൊത്ത കയറ്റുമതി

a) കയറ്റുമതി X ഇറക്കുമതി
b) കയറ്റുമതി + ഇറക്കുമതി
c) കയറ്റുമതി - ഇറക്കുമതി
d) സേവനങ്ങളുടെ കയറ്റുമതി മാത്രം

9. ഇനിപ്പറയുന്നവയിൽ ആരാണ് വാണിജ്യ പരമായ ഏക ഘടകം നിബന്ധനകളുടെ ആശയം വിശദീകരിച്ചത്?

a) ജേക്കബ് വിന്നർ
b) ജി.എസ് ഡോണൻസ്
c) ടാസിംഗ്
d) ജെ.എസ്. മിൽ

12th Economics Malayalam_Chapter-07.indd 149 2/3/2023 10:43:50 AM

10. ഒരു രാജ്യത്തിന്റെ വ്യാപാരനിബന്ധനകൾ കാണിക്കുന്നു .....

a) കയറ്റുമതി ചെയ്തതും ഇറക്കുമതി ചെയ്തതുമായ ചരക്കുകളുടെ അനുപാതം
b) ഇറക്കുമതി തീരുവയുടെ അനുപാതം
c) കയറ്റുമതിയുടെയും ഇറക്കുമതിയുടെയും അനുപാതം
d) രണ്ടും (a) and (c)

11. അനുകൂലമായ വ്യാപാരത്തിൽ കയറ്റുമതിയുടെ മൂല്യം ഇറക്കുമതിയെക്കാൾ ..... .

a) കൂടുതൽ
b) കുറവ്
c) കൂടുതലോ/കുറവോ
d) എന്തിലും കൂടുതലല്ല

12. വ്യാപാരബാലൻസിൽ അസന്തുലിതാവസ്ഥ ഉണ്ടെങ്കിൽ (കയറ്റുമതിയെക്കാൾ കൂടുതൽ ഇറക്കുമതി) ഇത് കുറയ്ക്കാൻ കഴിയും

a) കസ്റ്റംസ് തീരുവ കുറയുന്നു
b) കയറ്റുമതി തീരുവ വർദ്ധിപ്പിക്കുക
c) കയറ്റുമതിയെ ഉത്തേജിപ്പിക്കുന്നു.
d) ഇറക്കുമതിയെ ഉത്തേജിപ്പിക്കുന്നു

13. പേയ്മെന്റ് ബാലൻസിൽ ഉൾപ്പെടുന്നത്

a) കാണാവുന്ന ഇനങ്ങൾ മാത്രം
b) അദൃശ്യ ഇനങ്ങൾ മാത്രം
c) ദൃശ്യവും അദൃശ്യവുമായ ഇനങ്ങൾ മാത്രം
d) ചരക്ക് വ്യാപാരം മാത്രം

14. ഒരു രാജ്യത്തിന്റെ ബാലൻസ് ഓഫ് പെയ്മെന്റിന്റെ ഘടകങ്ങൾ ഉൾപ്പെടുന്നു

a) കറന്റ് അക്കൗണ്ട്
b) ഔദ്യോഗിക അക്കൗണ്ട്
c) മൂലധന അക്കൗണ്ട്
d) മുകളിലുള്ളവയെല്ലാം

15. വ്യാപാര ബാലൻസിന്റെ കാര്യത്തിൽ

a) ചരക്കുകളുടെ ഇടപാടുകൾ രേഖപ്പെടുത്തുന്നു
b) ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകൾ
c) മൂലധന ധനകാര്യ അക്കൗണ്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്
d) ഇവയെല്ലാം

16. ടൂറിസത്തെയും യാത്രയെയും ഏത് പേയ്മെന്റ് ബാലൻസ് അക്കൗണ്ടുകളിലാണ് തരംതിരിച്ചിരിക്കുന്നത്?

a) ചരക്കുകളുടെ വ്യാപാര അക്കൗണ്ട്
b) സേവന അക്കൗണ്ട്
c) ഏകപക്ഷീയ കൈമാറ്റ അക്കൗണ്ട്
d) മൂലധന അക്കൗണ്ട്

17. ബാലൻസ് ഓഫ് പേയ്മെന്റിലെ ചാക്രിക അസന്തുലിതാവസ്ഥ എങ്ങനെ സംഭവിക്കുന്നു.

a) ബിസിനസ് സൈക്കിളിന്റെ വ്യത്യസ്തപാതകൾ
b) ചോദനത്തിന്റെ വരുമാന ഇലാസ്തികത അല്ലെങ്കിൽ ചോദനത്തിന്റെ വില ഇലാസ്തികത വ്യത്യസ്തമാണ്
c) ഒരു സമ്പദ്വ്യവസ്ഥയിലെ ദീർഘകാല മാറ്റങ്ങൾ
d) രണ്ടും (a), (b).

18. ഇനിപ്പറയുന്നവയിൽ ഏതാണ് നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ ഉദാഹരണമായി ഉദ്ധരിക്കാൻ കഴിയാത്തത്?

a) വിദേശത്ത് ഒരു പുതിയ ഓട്ടോ അസംബ്ലിപ്ലാന്റിന്റെ നിർമ്മാണം
b) വിദേശത്ത് നിലവിലുള്ള ഒരു ഉരുക്ക് വ്യവസായശാല ഏറ്റെടുക്കൽ
c) വിദേശത്ത് ഒരു ടെക്സ്റ്റൽസ് നൽകുന്ന ബോണ്ടുകൾ അല്ലെങ്കിൽ ബ്ലോക്ക് വാങ്ങൽ
d) വിദേശത്ത് സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു ബിസിനസ്സ് സ്ഥാപനം സൃഷ്ടിക്കുക

12th Economics Malayalam_Chapter-07.indd 150 2/3/2023 10:43:50 AM

19. ഇന്ത്യയിൽ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദനീയമല്ലാത്ത മേഖല ഏതാണ്

a) ബാങ്കിംഗ്
b) അറ്റോമിക് എനർജി
c) ഫാർമസ്യൂട്ടിക്കൽ
d) ഇൻഷുറൻസ്

20 നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ സൈദ്ധാന്തിക നേട്ടങ്ങൾ

a) സാമ്പത്തിക വികസനം
b) അന്താരാഷ്ട്രവ്യാപാര വികസനം
c) തൊഴിൽശേഷി വർദ്ധിപ്പിക്കൽ
d) മുകളിൽ പറഞ്ഞത് എല്ലാം

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
a	d	d	b	c	b	b	c	a	c
11	12	13	14	15	16	17	18	19	20
a	c	c	d	a	b	d	c	b	d

ഭാഗം B

ഇനിപ്പറയുന്ന ചോദ്യങ്ങൾക്കുത്തരം നൽകുക ഓരോ ചോദ്യത്തിനും 2 മാർക്ക്.

21. അന്തർദേശീയ സാമ്പത്തികശാസ്ത്രം എന്നാലെന്ത്?
22. അന്തർദേശീയ വ്യാപാരം നിർവചിക്കുക.
23. വ്യാപാരത്തിന്റെ ഏതെങ്കിലും രണ്ടു ചോദനകൾ പ്രസ്താവിക്കുക.
24. വിദേശ വ്യാപാരത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ട് ആദംസ്മിത്തും റിക്കാർഡോയും തമ്മിലുള്ള പ്രധാന വ്യത്യാസം എന്താണ്?
25. വ്യാപാരനിബന്ധനകൾ നിർവചിക്കുക.
26. പേയ്മെന്റ് ബാലൻസ് എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
27. വിനിമയനിരക്ക് എന്നാലെന്ത്?

ഭാഗം C

ഇനിപ്പറയുന്ന ചോദ്യങ്ങൾക്കുത്തരം നൽകുക ഓരോ ചോദ്യത്തിനും 3 മാർക്ക്.

28. അന്തർദേശീയ സാമ്പത്തിക ശാസ്ത്രം എന്ന വിഷയം വിവരിക്കുക.
29. അന്താരാഷ്ട്രവ്യാപാരത്തിന്റെ ക്ലാസിക്കൽ ആധുനിക സിദ്ധാന്തത്തെയും തമ്മിൽ താരതമ്യം ചെയ്യുക.
30. നെറ്റ് ബാർട്ടർ വ്യാപാര നിബന്ധനകളെയും മൊത്ത ബാർട്ടർ വ്യാപാര നിബന്ധനകളെയും വിശദീകരിക്കുക.
31. വ്യാപാരത്തിന്റെ ബാലൻസും പേയ്മെന്റെ ബാലൻസും തമ്മിൽ വേർതിരിക്കുക.
32. ഇറക്കുമതി നിയന്ത്രണങ്ങൾ എന്തൊക്കെയാണ്?
33. വഴക്കമുള്ള വിനിമയ നിരക്കിനെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക.
34. നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുക.

12th Economics Malayalam_Chapter-07.indd 151 2/3/2023 10:43:50 AM

ഭാഗം D

ഇനി പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക ഓരോ ചോദ്യത്തിനും 5 മാർക്ക്.

35. ആഭ്യന്തര വ്യാപാരവും അന്താരാഷ്ട്ര വ്യാപാരവും തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുക.
36. താരതമ്യ ചെലവ് സിദ്ധാന്തം സംക്ഷിപ്തമായി വിശദീകരിക്കുക.
37. അന്താരാഷ്ട്ര വ്യാപാരത്തിന്റെ ആധുനിക സിദ്ധാന്തം ചർച്ച ചെയ്യുക.
38. വിനർ നൽകിയ വ്യാപാര നിബന്ധനകളുടെ തരങ്ങൾ വിശദീകരിക്കുക.
39. പേയ്മെന്റ് ബാലൻസ് അക്കൗണ്ടിന്റെ ഘടകങ്ങളെ പുറത്തുകൊണ്ടു വരുക.
40. പേയ്മെന്റ് ബാലൻസിന്റെ വിവിധതരം അസന്തുലിതാവസ്ഥയെ ചർച്ച ചെയ്യുക.
41. വിനിമയ നിരക്ക് എങ്ങനെ നിർണ്ണയിക്കപ്പെടുത്തി ചിത്രീകരിക്കുക.
42. വിദേശത്ത് നേരിട്ടുള്ള നിക്ഷേപത്തിന്റെ നേട്ടങ്ങളെ വിശദീകരിക്കുക?

പ്രവർത്തനം

1. അന്താരാഷ്ട്ര കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിലേക്കോ വ്യവസായശാലകളിലോ വിദ്യാർത്ഥികളെ കൊണ്ടു പോകുകയും തുടർന്നുള്ള നടപടികളെ കുറിച്ചും അവിടെ സ്വീകരിക്കുകയും ചെയ്യേണ്ട നടപടികളെ കുറിച്ച് അവരെ അറിയിക്കുക.
2. വിദ്യാർത്ഥികളെ രാജ്യങ്ങളായി വിഭജിക്കുക അവർ അന്തർദേശീയ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നതു പോലെ തോന്നിപ്പിക്കുന്നതിന് അവർക്കിടയിൽ ചില സാധനങ്ങൾ കൈമാറുക.

12th Economics Malayalam_Chapter-07.indd 152 2/3/2023 10:43:50 AM

References

1. Bhargava, B.K (1992). Competition Success Review Economics for Civil Services Preliminary Examination, Sudha Publications Pvt. Ltd, New Delhi, 405 – 630.
2. Francis Cherunilam (2009). International Economics, Tata McGraw Hill Education Pvt. Ltd, New Delhi, 3-26,122-190, 357-373, 410-426.
3. Jhingan, M.L (2011). International Economics, Vrinda Publications (Pvt.) Ltd, Delhi, 295.
4. Mithani, D.M (2015). International Economics, Himalaya Publishing House, New Delhi, 1 – 250.
5. Neelamegam, V (2010). International Trade, Vrinda Publications (P) Ltd, Delhi, 1-160.
6. Sundharam, K.P.M (1986). Money, Banking, Trade and Finance, Sulthan Chand and Sons, New Delhi, 4.1 – 4.94.
7. True Man Book Company (2005). UGC NET / SET Economics, Danika Publishing Company, New Delhi, 156 – 205.

Websites

1. http://www.studyingeconomics.ac.uk/module-options/international-economics/
2. http://cis01.central.ucv.ro/iba/files/summary.pdf
3. https://www.thoughtco.com/definition-of-international-economics-1146350
4. https://keydifferences.com/difference-between-balance-of-trade-and-balance-of-payment.html
5. https://www.youtube.com/watch?v=IKDfze_KodA
6. https://www.investopedia.com/terms/f/foreign-portfolio-investment-fpi.asp
7. https://www.investopedia.com/terms/f/fii.asp
8. http://www.eiiff.com/investment/foreign-institutional.html
9. https://connectusfund.org/17-big-advantages-and-disadvantages-of-foreign-direct-investment.

12th Economics Malayalam_Chapter-07.indd 153 2/3/2023 10:43:50 AM

അദ്ധ്യായം

8

അന്താരാഷ്ട്ര സാമ്പത്തിക സംഘടനകൾ

"വിശാലമായ സാധ്യതകൾ കൂടുതൽ ഉള്ള പ്രവേശിക്കാൻ സാഹസം എടുക്കേണ്ട സാഹചര്യങ്ങളെ വിദേശ മൂലധനം അനന്തമായി തിരഞ്ഞെടുക്കുന്നു".


– റൂഡി ഡോർബുഷ്

പഠന ലക്ഷ്യങ്ങൾ

1. ആഗോള ബിസിനസ്സിന്റെ വ്യാപ്തി മെച്ചപ്പെടുത്തുന്നതിൽ അന്താരാഷ്ട്ര സാമ്പത്തിക സംഘടനകളുടെ പങ്ക് മനസ്സിലാക്കുക.
2. അന്താരാഷ്ട്ര നാണയനിധി, ലോക ബാങ്ക്, ലോക വ്യാപാര സംഘടന എന്നിവയുടെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നേട്ടങ്ങൾ എന്നിവ അറിയുക.
3. സാർക്ക്, ആസിയാൻ, ബ്രിക്സ് പോലുള്ള വ്യാപാര മണ്ഡലങ്ങളെയും അവയുടെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ നേട്ടങ്ങൾ എന്നിവയെയും പഠിക്കുക.

8.1 ആമുഖം

മുമ്പത്തെ അധ്യായത്തിൽ വ്യാപാരത്തിന്റെ അടിസ്ഥാനം, വ്യാപാരത്തിന്റെ നേട്ടങ്ങൾ, വ്യാപാരനിബന്ധനകൾ, അടവുശിഷ്ടം, വിദേശകൈമാറ്റം എന്നിവ നാം പഠിച്ചു. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം നടക്കുമ്പോൾ വികസിത രാജ്യങ്ങൾ എല്ലായ്പ്പോഴും നേട്ടത്തിനായി നിലകൊള്ളുകയും പ്രതികൂലമായ വ്യാപാര നിബന്ധനകൾ, അടവുശിഷ്ടം, വിനിമയ നിരക്ക് എന്നിവയാൽ എൽ. ഡി.സികൾബാധിക്കപ്പെടുകയുംചെയ്യുന്നു.(അവികസിത രാജ്യങ്ങൾ). 1930 കളിലെ മഹാമാന്ദ്യവും രണ്ടാം ലോക മഹായുദ്ധവും ദേശീയ നയങ്ങളെ ഉൾക്കൊള്ളാൻ പ്രേരിപ്പിച്ചു. ഗണ്യമായ തോതിൽ കയറ്റുമതിവർദ്ധിപ്പിക്കുന്നതിനുംഇറക്കുമതിനിയന്ത്രിക്കുന്നതിനും വേണ്ടി എല്ലാ രാജ്യങ്ങളിലും വ്യാപര നിയന്ത്രണങ്ങൾ, വിനിമയ നിയന്ത്രണങ്ങൾ, കൈമാറ്റ മൂല്യത്തകർച്ച എന്നിവ ഏർപ്പെടുത്തി.



ജോൺ മെയ്നാർഡ് കീൻസും (വലത്ത്) ഹാരി ഡെക്സ്റ്റർ വൈറ്റും, ലോക ബാങ്കിന്റെയും അന്താരാഷ്ട്ര നാണയ നിധിയുടെയും സ്ഥാപക പിതാക്കൻമാർ

12th Economics Malayalam_Chapter-08.indd 154 2/3/2023 10:50:25 AM

1944 ൽ IMF ലോകബാങ്ക്, അന്താരാഷ്ട്ര വാണിജ്യ സംഘടന (ITO) എന്നിവ സ്ഥാപിക്കുവാൻ ബ്രിട്ടൺവുഡ് സമ്മേളനം നിർദ്ദേശിച്ചു. 1944 ൽ IMF ഉം ലോക ബാങ്കും ആരംഭിച്ചു. ITO, യ്ക്ക് പകരമായി ഒരു ഇടക്കാല ക്രമീകരണം നടത്തി, GATT (ചുങ്ക വിഹിതവും വ്യാപാരവും സംബന്ധിച്ച പൊതു ഉടമ്പടി) എന്ന് നാമകരണം ചെയ്തു. GATT, WTO (ലോക വാണിജ്യ സംഘടന) ആയി രൂപാന്തരപ്പെട്ടു. അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക്, ലോകവ്യാപാര സംഘടന എന്നിവയുടെ ആസ്ഥാനങ്ങൾ താഴെയുള്ള പട്ടികയിൽ അവതരിപ്പിച്ചിരിക്കുന്നു.

സ്ഥാപനം	ആസ്ഥാനം	തുടങ്ങിയ വർഷം
അന്താരാഷ്ട്ര നാണയ നിധി	വാഷിംഗ്ടൺ ഡി.സി	1945
ലോക ബാങ്ക്	വാഷിംഗ്ടൺ ഡി.സി	1945
ലോക വ്യാപാര സംഘടന	ജനീവ	1995

8.2

അന്താരാഷ്ട്ര നാണയ നിധി

അംഗരാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ധനപരമായ സഹകരണം, സുരക്ഷിതത്വം, പ്രോത്സാഹനം എന്നിവ ഉറപ്പാക്കുകയാണ് അന്താരാഷ്ട്ര നാണയ നിധിയുടെ ഉദ്ദേശ്യം. ഹ്രസ്വകാല അടവുശിഷ്ട്രഅസന്തുലിതാവസ്ഥ മറികടക്കുവാൻ അംഗരാജ്യങ്ങളെ സഹായിക്കുന്നതിനായി കങഎ സ്ഥാപിക്കപ്പെട്ടു. നൗറു റിപ്പബ്ലിക് 2016 ൽ ചേർന്നതോടെ കങഎ ൽ ഇപ്പോൾ 189 അംഗരാജ്യങ്ങൾ ഉണ്ട്.



പസഫിക് സമുദ്രത്തിലെ തെക്ക് പസഫിക് ദ്വീപ് രാജ്യമായ നൗറു റിപ്പബ്ലിക് അന്താരാഷ്ട്ര നാണയ നിധി (IMF) ലോക ബാങ്ക് (IBRD) എന്നിവയുടെ 189 ാമത്തെ അംഗരാജ്യമായി

8.2.1. IMF ന്റെ ലക്ഷ്യങ്ങൾ

i) അംഗരാജ്യങ്ങൾതമ്മിലുള്ളഅന്താരാഷ്ട്രപണപരമായ സഹകരണം പ്രോത്സാഹിപ്പിക്കുക.

ii) അന്താരാഷ്ട്ര വ്യാപാരത്തിന്റെ വേഗമേറിയ സന്തുലിതമായ വളർച്ചയ്ക്ക് സഹായിക്കുക.

iii) മത്സര വിനിമയ മൂല്യത്തകർച്ച തടയുന്നതിലൂടെ വിനിമയ നിരക്ക് സ്ഥിരത ഉറപ്പാക്കുക.

iv) അംഗരാജ്യങ്ങൾ ഏർപ്പെടുത്തിയ വിനിമയ നിയന്ത്രണങ്ങൾ ഇല്ലായ്മ ചെയ്യുക അല്ലെങ്കിൽ കുറയ്ക്കുക.

v) ഉഭയകക്ഷി വ്യാപാര കരാറുകൾക്ക് പകരം നിലവിലുള്ള ഇടപാടുകളുടെ കാര്യത്തിൽ അടവ് സമ്പ്രദായവും ബഹുരാഷ്ട്ര വ്യാപാരവും സ്ഥാപിക്കുക.

vi) വികസിത രാജ്യങ്ങളിൽ നിന്ന് വികസ്വര രാജ്യങ്ങളിലേക്കുള്ള മൂലധനത്തിന്റെ ഒഴുക്ക് പ്രോത്സാഹിപ്പിക്കുക.

vii) അന്താരാഷ്ട്രദ്രവത്വപ്രശ്നം പരിഹരിക്കുക.

8.2.2 IMF ന്റെ പ്രവർത്തനങ്ങൾ



12th Economics Malayalam_Chapter-08.indd 155 2/3/2023 10:50:26 AM

i) വിനിമയ നിരക്കിൽ സ്ഥിരത കൊണ്ടു വരുന്നു

ഐ.എം.എഫ് വിനിമയ നിരക്ക് സ്ഥിരമായി നിലനിർത്തുകയും മൂല്യത്തകർച്ച മാനദണ്ഡത്തിന് പ്രധാന്യം നൽകുകയും ഒന്നിലധികം വിനിമയ നിരക്കുകൾ അകത്തേക്ക് കടത്തുന്ന അംഗങ്ങളെ തടയുകയും പ്രഖ്യാപിത തുല്യ മൂല്യമല്ലാത്ത വിലകൾക്ക് സ്വർണ്ണം വാങ്ങുകയും വില്ക്കുകയും ചെയ്യുന്നു.

ii) അടവുശിഷ്ടത്തിലെ അസന്തുലിതാവസ്ഥ ശരിയാക്കുന്നു

വിദേശ കറൻസികൾ വില്ക്കുന്നതിലൂടെയോ കടം കൊടുക്കുന്നതിലൂടെയോ അടവു ശിഷ്ടത്തിലുണ്ടാകുന്ന ഹ്രസ്വകാല അസന്തുലിതാവസ്ഥ കുറയ്ക്കുകയോ അല്ലെങ്കിൽ ഇല്ലാതാക്കുകയോ ചെയ്യുന്നതിലൂടെ ഐ.എം.എഫ് അംഗരാജ്യങ്ങളെ സഹായിക്കുന്നു

iii) തുല്യ മൂല്യങ്ങൾ നിർണ്ണയിക്കുന്നു

അംഗരാജ്യങ്ങളുടെ തുല്യ മൂല്യങ്ങളുള്ള കറൻസികളുടെ നിർണ്ണയ സമ്പ്രദായം ഐ.എം.എഫ് നടപ്പിലാക്കുന്നു. ഐ.എം.എഫിന്റെ വസ്തുതാ കരാർ പ്രകാരം ഓരോ അംഗരാജ്യങ്ങളും അവരുടെ കറൻസിയുടെ തുല്യമൂല്യങ്ങൾ സ്വർണ്ണത്തിന്റെയോ യു.എസ് ഡോളറിന്റെയോ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കണം. ഈ കരാർ പ്രകാരം ഐ.എം.എഫ് ചില വികസിത രാജ്യങ്ങൾക്ക് അനുകൂലമായി അന്താരാഷ്ട്ര നാണയ വ്യവസ്ഥയുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നു

iv) ആവശ്യകതയും വിതരണവും തുലനം ചെയ്യുന്നു

വിവിധ കറൻസികളുടെ ആവശ്യവും വിതരണവും തമ്മിലുള്ള തുലനം നിലനിർത്തുന്നതിനുള്ള പ്രധാന പ്രവർത്തനത്തിൽ ഐ.എം.എഫിനെ ചുമതലപ്പെടുത്തി. കൂടുതൽ ആവശ്യമുള്ള കറൻസിയെ ദുർലഭ കറൻസിയായി പ്രഖ്യാപിക്കാൻ ഈ ഫണ്ടിന് സാധിക്കും. ബന്ധപ്പെട്ട രാജ്യത്ത് നിന്ന് വാങ്ങുന്നതിലൂടെയോ അല്ലെങ്കിൽ സ്വർണ്ണത്തിന് പകരമായി അതേ കറൻസി വാങ്ങുന്നതിലൂടെയോ ഇതിന്റെ വിതരണം വർദ്ധിപ്പിക്കാൻ കഴിയും.

v) വ്യാപാര നിയന്ത്രണങ്ങൾ കുറയ്ക്കുന്നു

പണമടയ്ക്കുന്നതിനുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുക, വിവേചനപരമായ പരിശീലനങ്ങൾ ഒഴിവാക്കുക എന്നീ ഉദ്ദേശങ്ങളോടെ അംഗരാജ്യങ്ങളുടെ മേൽ ചുമത്തപ്പെടുന്ന മറ്റു വ്യാപാര തടസ്സങ്ങളും ചുങ്കവും കുറയ്ക്കാൻ ഫണ്ട് ലക്ഷ്യമിടുന്നു.

vi) വായ്പാ സൗകര്യങ്ങൾ നൽകുന്നു

അംഗരാജ്യങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഐ.എം.എഫ് വ്യത്യസ്ത കടങ്ങളും വായ്പാ സൗകര്യങ്ങളും നൽകുന്നു. അടിസ്ഥാന വായ്പാ സൗകര്യംമൂന്ന് വർഷത്തെ കാലയളവിലേയ്ക്കുള്ള,വിപുലീകൃത ഫണ്ട് സൗകര്യം, നഷ്ടപരിഹാര ധന സഹായം, ഘടനാപരമായ ക്രമീകരണ സൗകര്യം ഉൾപ്പെടുന്ന വായ്പാ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ഐ.എം.എഫ് ന്റെ പ്രവർത്തനങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1. സാമ്പത്തികം – അടവുശിഷ്ടത്തിലെ ഹ്രസ്വകാല ഇടക്കാല കമ്മി ശരിയാക്കാനുള്ള സഹായം
2. കാര്യനിർവ്വഹണം – പെരുമാറ്റച്ചട്ടം
3. ഉപദേശം- പ്രബോധനവും സാങ്കേതിക വിദഗ്ദ്ധോപദേശവും.

8.2.3 ഐ.എം.എഫ് വാഗ്ദാനം ചെയ്യുന്ന സൗകര്യങ്ങൾ

ഫണ്ട് അതിന്റെ അംഗങ്ങൾക്ക് നിരവധി പുതിയ വായ്പാ സൗകര്യങ്ങൾ സൃഷ്ടിക്കുന്നു. അവയിൽ മുഖ്യമായവ:

(i) അടിസ്ഥാന വായ്പാ സൗകര്യം:

അടവു ശിഷ്ടവുമായി ബന്ധപ്പെട്ട താൽക്കാലിക ബുദ്ധിമുട്ടുകൾ മറികടക്കാൻ ഐ.എം.എഫ് അംഗരാജ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു. പ്രതിഫല കമ്മി പരിഹരിക്കുന്നതിന് ഒരു അംഗരാജ്യം ഫണ്ടിൽ നിന്ന് അവയുടെ സ്വന്ത കറൻസിക്ക് പകരമായി മറ്റു കറൻസികൾ അഥവാ എസ്.ഡി.ആർ വാങ്ങുന്നു അംഗരാജ്യം മറ്റു കറൻസികൾ അഥവാ എസ്.

12th Economics Malayalam_Chapter-08.indd 156 2/3/2023 10:50:26 AM

ഡി.ആറിനൊപ്പം സ്വന്തം കറൻസി തിരികെ വാങ്ങുമ്പോൾ വായ്പ തിരിച്ചടയ്ക്കുന്നു. ഒരു അംഗരാജ്യത്തിന് ഒരു വർഷത്തിൽ ഫണ്ടിൽ നിന്ന് അതിന്റെ നിശ്ചിത വിഹിതത്തിൽ 25% നിരുപാധികമായി വായ്പയെടുക്കാവുന്നതാണ്. ഈ നിരുപാധികമായ കടം വാങ്ങലിനെ കരുതൽ വായ്പാ വിഹിതം എന്ന് വിളിക്കുന്നു.

പ്രത്യേക തിരിച്ചെടുക്കൽ അവകാശങ്ങൾ

പ്രത്യേക തിരിച്ചെടുക്കൽ അവകാശ വ്യവസ്ഥ (SDR) സ്ഥാപിക്കുന്നതിൽ ഫണ്ട് വിജയിച്ചു. ഇതിനെ കടലാസു സ്വർണ്ണം (Paper Gold) എന്നും വിളിക്കുന്നു. അന്താരാഷ്ട്ര ദ്രവത്വ പ്രശ്നം പരിഹരിക്കുന്നതിനായി 1969 ൽ ഐ.എം.എഫിനാൽ അന്താരാഷ്ട്ര കരുതൽ ശേഖരത്തിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടതാണിത്. ഐ.എം.എഫ് അംഗങ്ങൾക്ക് അവരുടെ നിശ്ചിത ഫണ്ട് വിഹിതത്തിന് ആനുപാതികമായി വിനിയോഗിക്കപ്പെടുന്നു. അടവു ശിഷ്ട കമ്മി പരിഹരിക്കുന്നതിനും അംഗരാജ്യങ്ങളുടെ മൊത്ത കരുതൽ നില ഫണ്ടിനോടൊപ്പം നിലനിർത്തുന്നതിനും എസ്.ഡി.ആറിനെ ഒരു പണമടയ്ക്കൽ മാർഗ്ഗമായി അംഗരാജ്യങ്ങൾ ഉപയോഗിക്കുന്നു. അങ്ങനെ എസ്.ഡി.ആർ അന്താരാഷ്ട്ര അക്കൗണ്ട് യൂണിറ്റ് ആയും അടവ് മാർഗ്ഗമായും ഉപയോഗിക്കുന്നു. വായ്പകൾ, അവയുടെ തിരിച്ചടവുകൾ, ദ്രാവക കരുതൽ ധനം, മൂലധനം തുടങ്ങിയ ഫണ്ടിന്റെ എല്ലാ ഇടപാടുകളും എസ്.ഡി.ആറിൽ പ്രകടിപ്പിക്കുന്നു.

നാണയ നിധിയുടെ നേട്ടങ്ങൾ, ഹെയ്ന്റെ വാക്കുകിൽ സംഗ്രഹിക്കാം ഫണ്ട് ഒരു അന്താരാഷ്ട്ര റിസർവ് ബാങ്ക് പോലെയാണ് h

(ii) വിപുലീകൃത ഫണ്ട് സൗകര്യം

ഈ ക്രമീകരണത്തിൽ ഐ.എം.എഫ് അടിസ്ഥാന വായ്പാ സൗകര്യത്തിന് മുകളിൽ അംഗങ്ങളുടെ നിശ്ചിത വിഹിതത്തിൽ 140% വരെ അധിക വായ്പ എടുക്കാൽ സൗകര്യം നൽകുന്നു. ഈ വിപുലീകൃത സൗകര്യം മൂന്ന് വർഷത്തെ കാലയളവിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ പലിശനിരക്ക് കുറവാണ്.

(iii) നഷ്ടപരിഹാര ധനസഹായ സൗകര്യം

കഅംഗരാജ്യങ്ങൾക്ക് അധിക സാമ്പത്തിക സഹായം നൽകുന്നതിന് 1963 ൽ ഐ.എം.എസ് നഷ്ടപരിഹാര ധനസഹായം ഏർപ്പെടുത്തി. പ്രത്യേകിച്ചും കയറ്റുമതി വരുമാനത്തിൽ കുറവ് നേരിടുന്ന പ്രാഥമിക ഉൽപാദന രാജ്യങ്ങൾ. 1981 ൽ കോമ്പൻസേറ്ററി ധനകാര്യ സൗകര്യത്തിന്റെ കവറേജ് ധാന്യ ഇൻപുട്ടിന്റെ വിലയിലെ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടായ പേയ്മെന്റ് പ്രശ്നത്തിലേക്ക് വ്യാപിച്ചു.

(iv) സംഭരണ ശേഖര സൗകര്യം

സംഭരണ ശേഖര ധനസഹായ സൗകര്യം 1969 ൽ ആരംഭിച്ചു. പ്രാഥമിക ഉല്പന്നവില സ്ഥിരപ്പെടുത്തുന്നതിനുള്ള സംഭരണ ശേഖര ക്രമീകരണങ്ങൾക്കായി പ്രാഥമിക ഉല്പന്നങ്ങൾ (ഭക്ഷ്യധാന്യങ്ങൾ) ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾക്ക് ധനസഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

(v) അനുബന്ധ ധനസഹായ സൗകര്യം

അനുബന്ധ ധനസഹായത്തിൻ കീഴിൽ നിലവിലെ നിശ്ചിത വിഹിത അളവുകളുമായി ബന്ധപ്പെട്ട അടവ് പ്രശ്നങ്ങൾ നേരിടുന്ന അംഗരാജ്യങ്ങൾക്ക് അനുബന്ധ ധനസഹായം നൽകുന്നതിനായി ഐ.എം.എസ് താൽക്കാലിക ക്രമീകരണം നടത്തുന്നു.

(vi) ഘടനാപരമായ ക്രമീകരണ സൗകര്യം

IMF ഘടനാപരമായ സ്ഥാപനം നടത്തി ക്രമീകരണ സൗകര്യം (SAF) 1986 മാർച്ചിൽ പേയ്മെന്റുകളുടെ അധിക ബാലൻസ് നൽകുന്നതിന് എന്നതിലേയ്ക്കുള്ള ഇളവ് നിബന്ധനകളിലെ സഹായം ദരിദ്ര അംഗരാജ്യങ്ങൾ, ഡിസംബറിൽ 1987 ൽ മെച്ചപ്പെടുത്തിയ ഘടനാപരമായ ക്രമീകരണം വർദ്ധിപ്പിക്കുന്നതിന് സൗകര്യം (ESAF)

12th Economics Malayalam_Chapter-08.indd 157 2/3/2023 10:50:26 AM

സജ്ജമാക്കി ഇതിലേക്കുള്ള ആനുകൂല്യ വിഭവങ്ങളുടെ ലഭ്യത വരുമാനമുള്ള രാജ്യങ്ങൾ സേഫിന്റെ ലക്ഷ്യം ദരിദ്ര രാജ്യങ്ങളെ നിർബ ന്ധിക്കുക എന്നതാണ് ഇസാഫ് ശക്തമായ മാക്രോ ഇക്കണോമിക്സ് ഏറ്റെടുക്കുന്നതിന്

8.2.4. ഐ.എം.എഫിന്റെ നേട്ടങ്ങൾ

അന്താരാഷ്ട്ര നാണയ നിധിയുടെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്:

i) പണ കരുതൽ നിധി സ്ഥാപിക്കൽ

വ്യത്യസ്ത രാജ്യങ്ങളുടെ ദേശീയ കറൻസി കളുടെ വലിയ ശേഖരം നേടുന്നതിന് ഫണ്ട് ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വിദേശ വിനിമയ ആവ ശ്യകതകൾ അഭിമുഖീകരിക്കുന്നതിനായി, അംഗ രാജ്യങ്ങളെ സഹായിക്കുവാൻ ഐ.എം.എഫ് അതിന്റെ ശേഖരം ഉപയോഗിക്കുന്നു.

ii) പണപരമായ അച്ചടക്കവും സഹകരണവും

അംഗരാജ്യങ്ങൾ തമ്മിലുള്ള പണപരമായ അച്ചടക്കവും സഹകരണവും നിലനിർത്തുന്നതി നായി ഐ.എം.എഫ് അതീവ താല്പര്യം പ്രകടി പ്പിച്ചു. ഈ ലക്ഷ്യം നേടാൻ, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന രാജ്യങ്ങൾക്ക് മാത്രം ധനസഹായം നൽകി.

iii) യു.ഡി.സി യുടെ പ്രശ്നങ്ങളിൽ പ്രത്യേക താല്പര്യം

വികസ്വര രാജ്യങ്ങളുടെ രൂക്ഷമായ പ്രശ് നങ്ങൾക്കായി പ്രത്യേക താല്പര്യം നിലനിർത്തി യതാണ് ഫണ്ടിന്റെ ശ്രദ്ധേയമായ വിജയം. യു.ഡി.സി യുടെ അടവു ശിഷ്ട പ്രശ്നം പരിഹ രിക്കുന്നതിനായി ഫണ്ട് ധനസഹായം നൽ കുന്നു. എന്നിരുന്നാലും നിരവധി യു.ഡി.സികൾ കളായി യുഡിസി തന്നെ തുടരുന്നു. അതേ സമയം വികസിത രാജ്യങ്ങൾ ഗണ്യമായ വളർച്ച കൈവരിച്ചു.

8.2.5. ഇന്ത്യയും ഐ.എം.എഫും

1970 വരെ ഇന്ത്യ ഫണ്ടിൽ അഞ്ചാം സ്ഥാന ത്ത് തുടർന്നു. ഒരു സ്ഥിരം കാര്യനിർവ്വഹണ അദ്ധ്യ ക്ഷനെ നിയമിക്കാനുള്ള അധികാരം ഇന്ത്യയ്ക്ക് ഉണ്ട്. ഫണ്ട് സഹായത്തിന്റെ പ്രധാന ഗുണഭോ ക്താക്കളിൽ ഒരാളാണ് ഇന്ത്യ. ഇതിന് വിവിധ ഫണ്ട് പ്രതിനിധികളിൽ നിന്ന് കാലാകാലങ്ങളിൽ സഹായം ലഭിക്കുകയും ഇത് പതിവായി അതിന്റെ കടം തിരിച്ചടയ്ക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ ഐ.എം.എഫിലെ നിലവിലെ എസ്.ഡി.ആർ. നിശ്ചിത വിഹിതം, 5821.5 മില്ല്യൺ ആണ്. 2.44% കൈവശ ഓഹരികളോടെ 13 മത്തെ, ഏറ്റവും വലിയ നിശ്ചിത വിഹിതം കൈവശമുള്ള രാജ്യമായി ഇന്ത്യ മാറുന്നു. അടവ് ശിഷ്ടത്തിലെ കമ്മി പരി ഹരിക്കുവാൻ വായ്പ സ്വീകരിക്കുന്നതിനു പുറമെ, ഫണ്ടിന്റെ അംഗത്വത്തിൽ നിന്ന് മറ്റു ചില കാര്യ ങ്ങളിലും ഇന്ത്യയ്ക്ക് നേട്ടമുണ്ടായി.

എന്താണ് എസ്.ഡി.ആർ?

- ഐ.എം.എഫിന്റെ കല്പന പണം
- അന്തർലീനമായ കറൻസി വിഭാഗത്തിലെ സാധ്യത അവകാശം എസ്.ഡി.ആർ എന്താണ് സൂചിപ്പിക്കുന്നത്

എന്താണ് എസ്.ഡി.ആർ (പ്രത്യേക ഡ്രോയിംഗ് അവകാശങ്ങൾ)?

- പ്രത്യേക തിരിച്ചെടുക്കൽ അവകാശങ്ങൾ

എന്തുകൊണ്ടാണ് എസ്.ഡി.ആർ സൃഷ്ടിക്കപ്പെട്ടത്?

- ലോക കരുതൽ കറൻസി ആകാൻ
- ആഗോള ദ്രവ്യത സൃഷ്ടിക്കുവാൻ

SDR എങ്ങനെ വിലമതിക്കുന്നു?

- 1969 ലെ യഥാർത്ഥ സൃഷ്ടി

എസ്.ഡി.ആറിന്റെ മൂല്യം 0.888671 ഗ്രാം നേർത്ത സ്വർണ്ണത്തിന് തുല്യമായതും അതേ സമയം ഒരു യു.എസ്.ഡോളറിന് തുല്യമായ തും ആണ് എന്ന് തുടക്കത്തിൽ നിർവചിക്ക പ്പെട്ടു.


12th Economics Malayalam_Chapter-08.indd 158 2/3/2023 10:50:26 AM

8.3

പുനർനിർമ്മാണത്തിനും വികസനത്തിനുമുള്ള അന്താരാഷ്ട്ര ബാങ്ക് (IBRD) അഥവാ ലോകബാങ്ക്

1944 ലെ ബ്രിട്ടൺവുഡ്സ് സമ്മേളനത്തിൻ കീഴിൽ 1945 ൽ സ്ഥാപിതമായ പുനർനിർമ്മാണത്തിനും വികസനത്തിനുമുള്ള അന്താരാഷ്ട്ര ബാങ്കിനെ (IBRD), ലോകബാങ്ക് (WB) എന്നും വിളിക്കാവുന്നതാണ്. യുദ്ധകാല സമ്പദ് വ്യവസ്ഥയിൽ നിന്ന് സമാധാന കാല സമ്പദ് വ്യവസ്ഥയിലേക്കുള്ള സുഗമമായ പരിവർത്തനം സാധ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത് അന്താരാഷ്ട്ര നാണയ നിധിയോടൊപ്പം അതിന്റെ സഹോദരസ്ഥാപനം എന്നറിയപ്പെടുന്നു. അന്താരാഷ്ട്ര നാണയ നിധിയിലെ അംഗത്വം ഐ.ബി.ആർ.ഡിയിൽ അംഗമാകുന്നതിന് ഒരു മുൻ വ്യവസ്ഥയാണ്. അംഗ രാജ്യങ്ങൾക്ക് ദീർഘകാല സാമ്പത്തിക സഹായം നൽകുന്നതിനാണ് ഐ.ബി.ആർ.ഡി സ്ഥാപിതമായത്.





8.3.1. IBRD യുടെ ലക്ഷ്യങ്ങൾ

ലോക ബാങ്കിന്റെ ലക്ഷ്യങ്ങൾ

1. പുനർ നിർമ്മാണവും വികസനവും
2. മൂലധന നിക്ഷേപത്തിനുള്ള പ്രോത്സാഹനം
3. അന്താരാഷ്ട്ര വ്യാപാരത്തിനുള്ള പ്രോത്സാഹനം
4. സമാധാന കാല സമ്പദ്വ്യവസ്ഥ സ്ഥാപിക്കുക
5. പരിസ്ഥിതി സംരക്ഷണം

ലോക ബാങ്കിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. സാമ്പത്തിക പുനർനിർമ്മാണത്തിനും വികസനത്തിനും അംഗരാജ്യങ്ങളെ സഹായിക്കുക.
2. അടവുശിഷ്ട സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി ദീർഘകാല മൂലധന നിക്ഷേപം ഉത്തേജിപ്പിക്കുക അതുവഴി അംഗരാജ്യങ്ങൾക്കിടയിൽ അന്താരാഷ്ട്ര വ്യാപാരത്തിന്റെ സന്തുലിത വികസനം ഉറപ്പാക്കുന്നു.
3. അംഗരാജ്യങ്ങളുടെ അടിസ്ഥാന സ്വകര്യങ്ങൾക്കും വ്യാവസായിക പദ്ധതികൾക്കും വേണ്ടിയുള്ള വായ്പകൾക്ക് ഉത്തരവാദം നൽകുന്നു.

12th Economics Malayalam_Chapter-08.indd 159 2/3/2023 10:50:27 AM

4. യുദ്ധം തകർത്ത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് സമാധാന സമ്പദ്‌വ്യവസ്ഥയിലേക്ക് പരിവർത്തനം ചെയ്യാൻ സഹായിക്കുന്നു.

5. ഉല്പാദനആവശ്യങ്ങൾക്കായിസ്വന്തംഫണ്ടിൽ നിന്നും നേരിട്ടുള്ള വായ്പകൾ വഴി വിദേശ സ്വകാര്യ നിക്ഷേപം പൂർത്തിയാക്കുക.

ലോകബാങ്കിന്റെ വായ്പ നല്കുന്ന നടപടിക്രമം:

ബാങ്ക് അംഗങ്ങൾക്ക് വായ്പകൾ നല്കുന്നത് മൂന്ന് വഴികളിലൂടെയാണ്

i) സ്വന്തം ഫണ്ടിൽ നിന്നുള്ള വായ്പകൾ,

ii) കടമെടുത്ത മൂലധനത്തിൽ നിന്നുള്ള വായ്പകൾ

iii) ബാങ്കിന്റെ ഉത്തരവാദത്തിലൂടെയുള്ള വായ്പകൾ.

അംഗരാജ്യങ്ങളിലെ, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തെ നേരിട്ട് സ്വാധീനിക്കുന്ന ധനകാര്യപദ്ധതികൾക്ക് ലോക ബാങ്ക് (WB) അതിന്റെ വികസന വായ്പാ തന്ത്രത്തിൽ മാറ്റം വരുത്തുകയും കൂടുതൽ ഊന്നൽ നല്കുകയും ചെയ്യുന്നു. മറ്റേതൊരു മേഖലയെക്കാളും കാർഷിക വായ്പകളുടെ അളവ് വേഗത്തിൽ വർദ്ധിച്ചു. ഗ്രാമീണ മേഖലയുടെ വികസന പ്രവർത്തനങ്ങൾ പോലുള്ളവയിൽ ബാങ്ക് ഇപ്പോൾ താല്പര്യം കാണിക്കുന്നു. അവ:

a) ഗ്രാമീണജനങ്ങളിൽ വിദ്യാഭ്യാസത്തിന്റെ വ്യാപനം

b) ഗ്രാമപ്രദേശങ്ങളിലെ റോഡുകളുടെ വികസനം

c) ഗ്രാമങ്ങളുടെ വൈദ്യുതീകരണം.

8.3.2 IBRD യുടെ പ്രവർത്തനങ്ങൾ

അംഗരാജ്യങ്ങൾക്ക്, പ്രത്യേകിച്ച് അവികസിത രാജ്യങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി വായ്പ നൽകുന്നതിൽ ലോകബാങ്ക് പ്രധാന പങ്ക് വഹിക്കുന്നു. വിവിധ വികസന പദ്ധതികൾക്കായി ലോകബാങ്ക് ദീർഘ കാല വായ്പകൾ നൽകുന്നു. കരാറിന്റെ നിബന്ധന ഒന്ന് പ്രതിപാദിക്കുന്ന ലോകബാങ്ക് നിർവഹിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. ഉൽപ്പാദന ആവശ്യങ്ങൾക്കായുള്ള നിക്ഷേപം

ഉല്പാദനആവശ്യങ്ങൾക്കായുള്ളനിക്ഷേപ സൗകര്യം വഴി അംഗരാജ്യങ്ങളിലെ പ്രദേശങ്ങളുടെ പുനർ നിർമ്മാണത്തിനും വികസനത്തിനും സഹായിക്കുന്ന പ്രവർത്തനം ലോകബാങ്ക് നിർവഹിക്കുന്നു. അവികസിത രാജ്യങ്ങളിലെ ഉല്പാദന സൗകര്യങ്ങളുടെയും വിഭവങ്ങളുടെയും വികസനത്തിന് ഇത് പ്രോത്സാഹനം നൽകുന്നു.

2. അന്താരാഷ്ട്ര വ്യാപാരത്തിന്റെ വളർച്ചയെ സന്തുലിതമാക്കുക

അന്താരാഷ്ട്ര തലത്തിൽ വ്യാപാരത്തിന്റെദീർഘകാലസന്തുലിതവളർച്ചയെപ്രോത്സാഹിപ്പിക്കുകയും അന്താരാഷ്ട്ര നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിലൂടെ അംഗരാജ്യങ്ങളുടെ അടവും ശിഷ്ട സന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക.

3. വായ്പകളും ഉത്തരവാദങ്ങളും നൽകുക

പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റ് വ്യത്യസ്ഥ മാർഗ്ഗങ്ങളിലൂടെ വായ്പകൾ ക്രമീകരിക്കുകയും വായ്പകൾക്ക് ഉത്തരവാദം നൽകുകയും ചെയ്യുന്നു.

4. വിദേശ സ്വകാര്യ നിക്ഷേപത്തിന്റെ പ്രോത്സാഹനം

വായ്പകൾക്ക് ഉത്തരവാദം നൽകുന്നത് വഴിയും സ്വകാര്യ നിക്ഷേപകർ നടത്തുന്ന മറ്റ് നിക്ഷേപങ്ങൾ വഴിയും സ്വകാര്യ വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നു. കടമെടുത്ത ഫണ്ടുകളിൽ നിന്നോ സ്വന്ത വിഭവങ്ങളിൽ നിന്നോ ഉൽപ്പാദന ആവശ്യങ്ങൾക്കായി ധന സഹായം നൽകുന്നതിലൂടെ ബാങ്ക് സ്വകാര്യ നിക്ഷേപങ്ങൾ നടത്തുന്നു.

5. സാങ്കേതിക സേവനങ്ങൾ

ലോകബാങ്ക്, ഉദ്യോഗസ്ഥ സംഘടന അല്ലെങ്കിൽ വിദഗ്ദ്ധർ വഴി അംഗരാജ്യങ്ങൾക്ക് വിവിധ തരത്തിലുള്ള സാങ്കേതിക സേവനങ്ങൾക്ക് സൗകര്യമൊരുക്കുന്നു.

12th Economics Malayalam_Chapter-08.indd 160 2/3/2023 10:50:27 AM

8.3.3. ലോകബാങ്കിന്റെ നേട്ടങ്ങൾ

യുദ്ധത്തിൽ തകർന്ന രാജ്യങ്ങളുടെ പുനർനിർമ്മാണത്തിനും വികസനത്തിനുമുള്ള പ്രാഥമിക ലക്ഷ്യം കൈവരിക്കുന്നതിൽ ലോകബാങ്ക് വിജയിച്ചു. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷംയൂറോപ്പിന്റെ പുനർനിർമ്മാണത്തിന് ഇത് വളരെയധികം സഹായിച്ചു. വികസിത, വികസ്വര രാജ്യങ്ങളുടെ വളർച്ച പ്രക്രിയയിൽ സമാനമായ പരിചരണമാണ് ഇത് നൽകുന്നത്.

i) 1960 ൽ ബാങ്കുകളുടെ അംഗത്വം 30 രാജ്യങ്ങളുടെ പ്രാരംഭസംഖ്യയിൽ 68 നിന്ന് രാജ്യങ്ങളായും 1988 ൽ ഇത് 151 രാജ്യങ്ങളായി ഉയരുകയുംചെയ്തു. എന്നത് ശ്രദ്ധേയമാണ്. ഐ.ബി. ആർ.ഡിയ്ക്ക് 189 അംഗരാജ്യങ്ങളുണ്ട്.

ii) അംഗരാജ്യങ്ങളുടെപുനർനിർമ്മാണത്തിനും വികസന ആവശ്യങ്ങൾക്കുമായി ഇടത്തര, ദീർഘകാല വായ്പകൾ (അതായത് 15 മുതൽ 20 വർഷ കാലയളവിൽ നൽകേണ്ടത്) ബാങ്ക് നൽകുന്നു. വായ്പയുടെ യഥാർത്ഥ കാലാവധി ധനസഹായം നൽകപ്പെടുന്ന ഉപകരണംഅല്ലെങ്കിൽയന്ത്രസംവിധാനത്തിന്റെ ഉപയോഗപ്രദമായ ആയുഷ്ക്കാലത്തെ ആശ്രയിച്ചിരിക്കുന്നു.

iii) തുടക്കത്തിൽ ലോകബാങ്കിന്റെ വായ്പകൾ യൂറോപ്യൻ രാജ്യങ്ങളുടെ പുനർനിർമ്മാണ പരിപാടികൾക്ക് ധനസഹായം നൽകുന്നതിനായിരുന്നു പ്രധാനമായും നിർദ്ദേശിച്ചിരുന്നത്. പിന്നീട് അതിന്റെ വികസന വായ്പാ തന്ത്രത്തിൽ മാറ്റം വരുത്തുകയും വികസ്വര രാജ്യങ്ങളിലെ ദരിദ്ര ജന വിഭാഗങ്ങൾക്കായുള്ള ധനകാര്യ പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നല്കുകയും ചെയ്തു.

iv) കാർഷികം, ജലസേചനം, വൈദ്യുതി, ഗതാഗതം എന്നിവയുടെ ഉൽപാദന ആവശ്യങ്ങൾക്കായി മാത്രമാണ് ലോകബാങ്ക് അംഗരാജ്യങ്ങൾക്ക് വായ്പ നൽകുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ബാങ്ക് കൂടുതൽ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നു.

v) അന്താരാഷ്ട്ര വികസന സമിതി (IDA), ബാങ്കിന്റെ മൃദു വായ്പാ ജാലകത്തിലൂടെ വളരെ കുറഞ്ഞ പലിശ നിരക്കിൽ വികസ്വര രാജ്യങ്ങൾക്ക് വായ്പ നൽകുന്നു. എന്നിരുന്നാലും അംഗരാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക അസമത്വം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പല ആഫ്രിക്കൻ രാജ്യങ്ങൾക്കും അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

8.3.4. ഇന്ത്യയും ലോകബാങ്കും:

പുനർനിർമ്മാണത്തിനും വികസനത്തിനുമുള്ള അന്താരാഷ്ട്ര ബാങ്ക് എന്ന പേര് ആസൂത്രണ കാര്യാലോചന സഭയ്ക്ക് ആദ്യം നിർദ്ദേശിച്ചത് ഇന്ത്യയാണ്. ഇന്ത്യയിൽ സാമ്പത്തിക വളർച്ചയ്ക്കുള്ള നയങ്ങൾ രൂപപ്പെടുത്തുന്നതിലൂടെയും നയങ്ങൾനടപ്പാക്കുന്നതിന് ധനസഹായം നൽകുന്നതിലൂടെയും അവ രണ്ടും പരസ്പരം അടുത്ത ബന്ധം വളർത്തിയെടുത്തു. സാമ്പത്തിക വികസനത്തിനായി ലോകബാങ്ക് ഇന്ത്യയ്ക്ക് വലിയ സാമ്പത്തിക സഹായം നൽകി, വൈദ്യുതോർജ്ജം, ഗതാഗതം, ആശയവിനിമയം, ജലസേചനപദ്ധതികൾ,ഉരുക്ക്വ്യവസായംഎന്നീ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ലോകബാങ്ക് ഇന്ത്യയ്ക്ക് നൽകിയ സഹായത്തെക്കുറിച്ച് പ്രത്യേക പരാമർശം നടത്താം.

ഇന്ത്യയിലെ നിരവധി പദ്ധതികൾക്ക് ലോകബാങ്ക് സഹായം നൽകിയിട്ടുണ്ട്. മൂലധന വിപണി വികസനം, നേരിട്ടുള്ള വിദേശ നിക്ഷേപം, വിദേശ വിപണികളിലേക്കുള്ള പ്രവേശനം, പുതിയതും വികസിച്ചുകൊണ്ടിരിക്കുന്നതുമായ കമ്പനികളിലെ ഓഹരി നിക്ഷേപം അടിസ്ഥാന സൗകര്യം എന്നിങ്ങനെ അഞ്ച് മുൻഗണനാ മേഖലകളെ ഐ.എഫ്.സി കണ്ടെത്തി. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും സാമ്പത്തിക വികസനത്തിന്റെയും കാര്യ പരിപാടികൾ ത്വരിതപ്പെടുത്തുന്നതിന് ലോക ബാങ്ക് ഇന്ത്യയെ സഹായിച്ചിട്ടുണ്ട്. 1980 ൽ ചൈന ലോകബാങ്കിൽ അംഗമാകുന്നതുവരെ ലോക ബാങ്ക് സഹായത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താവായിരുന്നു ഇന്ത്യ.

12th Economics Malayalam_Chapter-08.indd 161 2/3/2023 10:50:27 AM

ഇന്ത്യയും ഐ.ബി.ആർ.ഡിയും സുസ്ഥിര ബന്ധം

- ലോകബാങ്ക് സമൂഹത്തിലെ അഞ്ച് ഘടകങ്ങളിൽ നാലിൽ അംഗമാണ് ഇന്ത്യ.
  - ★ പുനർനിർമ്മാണത്തിനും വികസനത്തിനുമുള്ള അന്താരാഷ്ട്ര ബാങ്ക്(**IBRD, 1945**)
  - ★ അന്താരാഷ്ട്ര വികസന സമിതി (**IDA, 1960**)
  - ★ അന്താരാഷ്ട്ര ധനകാര്യ കമ്പനി (**IFC, 1956**)
  - ★ ബഹുമുഖ നിക്ഷേപ ഉത്തരവാദ നിർവ്വഹണം (**MIGA, 1958**)
  - ★ നിക്ഷേപ തർക്ക ഉടമ്പടിക്കായുള്ള അന്താരാഷ്ട്ര കേന്ദ്രം (**ICSID, 1966**) [ഇന്ത്യ ഇതിന്റെ അംഗമല്ല]
- ഐ.ബി.ആർ.ഡി, ഐ.ഡി.എ, ഐ.എഫ്.സി എന്നിവയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളാണ് ഇന്ത്യ. 1948 മുതൽ, കാർഷിക യന്ത്രങ്ങൾക്കായുള്ള ധനസഹായ പദ്ധതി അംഗീകരിച്ചതിലൂടെ, ഇന്ത്യയിൽ ലോകബാങ്കിന്റെ സഹായം ആരംഭിച്ചു.
- 1.5 മില്ല്യൺ, യു.എസ്.ഡോളറുമായി ഇന്ത്യയിൽ ഐ.എഫ്.സിയുടെ ആദ്യനിക്ഷേപം നടന്നത് 1959 നാണ്.
- 1994 ജനുവരിയിൽ ഇന്ത്യ മിഗയിൽ അംഗമായി.
- IBRD / IFC / IDA/ MIGA എന്നിവയുടെ അദ്ധ്യക്ഷഭരണ സമിതിയിൽ ഇന്ത്യയുടെ ഒരു കാര്യനിർവഹണ അദ്ധ്യക്ഷൻ ഉണ്ട്.

8.4

ലോക വ്യാപാര സംഘടന

ഗാറ്റിന്റെ GATT. ന്റെ പിൻഗാമിയായി WTO 1995 ൽ സ്ഥാപിതമായി. ഒരു സ്ഥിരം സംഘമായി രൂപീകരിച്ച ഒരു പുതിയ അന്താരാഷ്ട്ര സംഘടനയാണ് ഇത്. ചരക്കുകളുടെയും സേവനങ്ങളുടെയും വ്യാപാരം, വിദേശ നിക്ഷേപം, ബൗദ്ധിക സ്വത്തവകാശങ്ങൾ എന്നിവയിൽ കാവൽ നായയുടെ പങ്ക് വഹിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഇത്. WTO യുടെ സെക്രട്ടറി ജനറലായ ആർതർ ഡങ്കൽ രൂപീകരിച്ച ഡങ്കൽ രൂപരേഖ അതിന്റെ അടിസ്ഥാനമായി മാറി.

ഓരോരണ്ടുവർഷത്തിലുംപ്രധാനസാരങ്ങൾ വ്യാപാരവുമായിബന്ധപ്പെട്ടകാര്യങ്ങൾഎന്നിവ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി അംഗരാജ്യങ്ങളുടെ വാണിജ്യമന്ത്രിമാരുടെ സമ്മേളനം സംഘടിപ്പിക്കുന്നു. ആദ്യത്തെ WTO സമ്മേളനം 1996 ൽ സിംഗപ്പൂരിൽ നടന്നു. അടുത്തിടെ സമ്മേളനം നടന്നത് 2017 ൽ അർജീനയിൽ ആണ്. 2020 ൽ കസാക്കിസ്ഥാനിൽ പന്ത്രാമത്തെ മന്ത്രിസമ്മേളനം സംഘടിപ്പിക്കാൻ പദ്ധതിയിട്ടിരുന്നു.

ലോക വ്യാപാര കേന്ദ്രം



WTC യുടെ ആസ്ഥാനം യു.എസ്.എ യിലെ ന്യൂയോർക്കിൽ സ്ഥിതി ചെയ്യുന്നു. 1973 ഏപ്രിൽ നാലിന് സ്ഥാപിതമായ ഇതിന്റെ സവിശേഷത അതിരടയാളമായ ഇരട്ട ഗോപുരങ്ങളാണ്. പിന്നീട് ഇത് വിമാന ആക്രമണത്തിലൂടെ 2001 സെപ്റ്റംബർ 11 ന് നശിപ്പിക്കപ്പെട്ടു. ലോകമെമ്പാടും അന്താരാഷ്ട്ര വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ബിസിനസ്സുകളെ ഇത് ഒരുമിച്ച് കൊണ്ടുവരുന്നു.

12th Economics Malayalam_Chapter-08.indd 162 2/3/2023 10:50:27 AM

8.4.1. WTO യുടെ ലക്ഷ്യങ്ങൾ

വ്യാപാര നിയന്ത്രണങ്ങൾ ഉദാരവൽക്കരിക്കുന്നതിലൂടെ അന്താരാഷ്ട്ര വ്യാപാരം വിപുലീകരിക്കുകയും സാമ്പത്തിക അഭിവൃദ്ധി കൈവരിക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

i) ചുങ്കവും മറ്റ് തടസ്സങ്ങളും കുറയ്ക്കുന്നത് ഉറപ്പാക്കുക.

ii) വ്യാപാരത്തിലെ വിവേചനം ഇല്ലാതാക്കുക.

iii) ഉയർന്ന ജീവിത നിലവാരം സുഗമമാക്കുക.

iv) ലോകവിഭവങ്ങളുടെപരാമാവധിഉപയോഗം സാധ്യമാക്കുക.

v) അന്താരാഷ്ട്ര വ്യാപാരത്തിന്റെ വളർച്ചയിൽ ന്യായമായ വിഹിതം നേടാൻ എൽ.ഡി.സികളെ പ്രാപ്തമാക്കുക.

vi) വാണിജ്യ നയങ്ങൾ, പരിസ്ഥിതി നയങ്ങൾ, സുസ്ഥിര വികസനം എന്നിവ തമ്മിലുള്ള ബന്ധം ഉറപ്പാക്കുക.

WTO കരാറുകൾ

ബൗദ്ധികസ്വത്തവകാശങ്ങൾ സംബന്ധിച്ച വ്യാപാര കരാർ (TRIPs)

പകർപ്പ് അവകാശം, വ്യാപാര മുദ്രകൾ, നിർമ്മാണ അവകാശകുത്തക, ഭൂമിശാസ്ത്രപരമായ സൂചനകൾ, വ്യാപാര രഹസ്യങ്ങൾ, വ്യാവസായിക രൂപകല്പന എന്നിവ ബൗദ്ധിക സ്വത്തവകാശങ്ങളിൽ ഉൾപ്പെടുന്നു. ട്രിപ്സ് കരാർ ഉൽപാദനപ്രക്രിയയിലെകുത്തകഅവകാശങ്ങൾക്കു പകരം ഉൽപ്പന്ന കുത്തക അവകാശങ്ങൾ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. കുത്തക അവകാശങ്ങൾക്ക് 20 വർഷവും പകർപ്പ് അവകാശങ്ങൾക്ക് 50 വർഷവും വ്യാപാര മുദ്രകൾക്ക് 7 വർഷവും രേഖാ ചിത്ര മാതൃകകൾക്ക് 10 വർഷവും സംരക്ഷണ കാലയളവ് ആയിരിക്കും. ട്രിപ്സുകളുടെ ഫലമായി വിത്തുകൾ, മരുന്നുകൾ, രാസവളങ്ങൾകീടനാശിനികൾഎന്നിവയ്ക്കായി വികസ്വരരാജ്യങ്ങൾവികസിതരാജ്യങ്ങളെആശ്രയിക്കുന്നത് വർദ്ധിച്ചു. കർഷകർ അവരുടെ വിത്തുകൾക്കായി വ്യവസായിക സ്ഥാപനത്തെ ആശ്രയിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

WTO യുടെ ട്രിപ്സിന്റെ സ്ഥാപനം (ബൗദ്ധിക സ്വത്തവകാശങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ട വശങ്ങൾ) 1995 ലെ കരാർ അന്താരാഷ്ട്രബൗദ്ധികസ്വത്തവകാശ നിയമത്തിന്റെയും നയരൂപീകരണത്തിന്റെയും മുഖച്ഛായ മാറ്റി. ന്യൂനതകളും ഐ.പി പരിരക്ഷയിലെ പൊരുത്തക്കേടുകളും വ്യാപാരത്തെ വളച്ചൊടിക്കുകയും അതിന്റെ നേട്ടങ്ങൾക്ക് തടസ്സമുണ്ടാക്കുകയും ചെയ്യുമെന്ന് ട്രിപ്സ് ചർച്ചകൾ തിരിച്ചറിഞ്ഞു. വൈവിധ്യമാർന്ന ആഭ്യന്തരനയങ്ങൾ പിന്തുടരാൻ WTO അംഗങ്ങൾക്ക് മതിയായ ഇടം നൽകിക്കൊണ്ട് ഐ.പി പ്രശ്നങ്ങളെ കുറിള്ള വ്യാപാരപിരിമുറുക്കങ്ങൾലഘൂകരിക്കാൻട്രിപ്സ് കരാർ സഹായിക്കുന്നു.

വ്യാപാര അനുബന്ധ നിക്ഷേപ നടപടി കരാർ (TRIMs)

ട്രിംസ് രാജ്യത്തെ വിദേശ നിക്ഷേപത്തിലെ വ്യവസ്ഥകളുമായോ നിയന്ത്രണങ്ങളുമായോ ബന്ധപ്പെട്ടിരിക്കുന്നു. ദേശീയ കമ്പനികൾക്ക് തുല്യമായി വിദേശ കമ്പനികൾക്കും തുല്യപരിചരണം ഏർപ്പെടുത്തണമെന്ന് ഇത് ആവശ്യപ്പെടുന്നു. വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യങ്ങളെയാണ് ട്രിംസ് വ്യാപകമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിദേശ നിക്ഷേപത്തിന്റെ നിയന്ത്രണങ്ങളെക്കുറിച്ചുള്ള താഴെപ്പറയുന്ന കാരണങ്ങൾ നീക്കം ചെയ്യേണ്ടതുണ്ട്.

- നിക്ഷേപത്തിന്റെ വ്യാപ്തിയിൽ നിയന്ത്രണം ഇല്ല.
- പ്രാദേശിക വസ്തുക്കളുടെ ഉപയോഗവുമായി ബന്ധമില്ല.
- നിർബന്ധിത കയറ്റുമതി ഇല്ല.
- കുത്തകഅവകാശം, ലാഭവിഹിതം, പലിശഎന്നിവയുടെ പ്രത്യാനയിക്കലിന് നിയന്ത്രണമില്ല.
- വ്യാപാര സന്തുലിതാവസ്ഥ ആവശ്യമില്ല.അതായത് ഇറക്കുമതി കയറ്റുമതിയിൽ കവിയരുത്.

സേവന വ്യാപാരത്തിലെ പൊതുവായ കരാർ (GATS)

ബാങ്കിംഗ്, ഇൻഷുറൻസ്, ഗതാഗതം,

ആശയവിനിമയംതുടങ്ങിയസേവനവ്യാപാരങ്ങൾ ഉൾപ്പെടുന്ന ആദ്യ ബഹുരാഷ്ട്ര നിയമങ്ങളുടെ കൂട്ടമാണ് ഗാറ്റ്സ്. എല്ലാ അംഗരാജ്യങ്ങളും വിവേചനം കൂടാതെ മറ്റെല്ലാ രാജ്യങ്ങളിലേക്കും എം.എഫ്.എൻ (വളരെ അനുകൂലമായ രാജ്യം) പദവി വ്യാപിപ്പിക്കും. സേവനങ്ങളുടെ മേൽ പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും പ്രസിദ്ധീകരിച്ചു കൊണ്ട് സുതാര്യത നിലനിർത്തണം.

ഘട്ടം ഘട്ടമായി അവസാനിപ്പിക്കുന്ന ബഹു ഇഴ കരാർ(MFA)

1974 മുതൽ ബഹു ഇഴ കരാർ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും ലോക വ്യാപാരത്തെ നിയന്ത്രിച്ചു. വികസ്വര രാജ്യങ്ങൾ വികസിത രാജ്യങ്ങളിലേയ്ക്ക് തുണിത്തരങ്ങൾ കയറ്റുമതിചെയ്യുന്നതിന് ചുങ്കത്തീരുവ ചുമത്തി. ഈ ചുങ്കത്തീരുവ സമ്പ്രദായം പത്തുവർഷത്തിനുള്ളിൽ ഘട്ടം ഘട്ടമായി അവസാനിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. ഇത് ഇന്ത്യയ്ക്ക് ഗുണകരമായി.

കാർഷിക കരാർ (AoA)

കാർഷിക കരാർ ആദ്യമായി ഗാറ്റിന് GATT. കീഴിൽ ഉൾപ്പെടുത്തി. ചുങ്കത്തീരുവ, ചുങ്കം വെട്ടിക്കുറയ്ക്കൽ സബ്സിഡി കുറയ്ക്കൽ എന്നിവയാണ് കരാറിന്റെ പ്രധാന വശങ്ങൾ.

തർക്ക ഉടമ്പടി സംഘം

തർക്ക ഉടമ്പടി സംഘം നടപടിക്രമ കാലതാമസത്തിന് അറുതി വരുത്തുന്നു. ഏതു തർക്കമായാലും 18 മാസത്തിനുള്ളിൽ പരിഹരിക്കേണ്ടത് നിർബന്ധമാണ്. ബഹുരാഷ്ട്ര വ്യാപാര സംവിധാനത്തിലൂടെയാണ് തർക്കങ്ങൾ പരിഹരിക്കപ്പെടുന്നത്. എന്നിരുന്നാലും സംഘത്തിന്റെ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ കാരണം ഇന്ത്യയ്ക്ക് വൻ കയറ്റുമതി വരുമാനം നഷ്ടപ്പെട്ടു.

8.4.2. WTO യുടെ പ്രവർത്തനങ്ങൾ

WTO യുടെ പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്

i) ബഹുരാഷ്ട്ര വ്യാപാര കരാറുകളുടെയും, കരാറുകളുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും ഭരണം നടത്തുന്നതിനും കൃത്യ നിർവ്വഹണത്തിനും സഹായിക്കുന്നു.

ii) കരാറുകളുമായി ബന്ധപ്പെട്ട ബഹുമുഖ വ്യാപാര ബന്ധങ്ങളുടെ കാര്യത്തിൽ അതിന്റെ അംഗങ്ങൾ തമ്മിൽ സന്ധി സംഭാഷണത്തിനുള്ള ചർച്ചാവേദി ഒരുങ്ങുന്നു.

iii) ഇത് തർക്കങ്ങളുടെ പരിഹാരത്തെ ക്രമീകരിക്കുന്ന ചട്ടങ്ങളെയും നടപടി ക്രമങ്ങളെയും കുറിച്ചുള്ള ധാരണ നൽകുന്നു.

iv) ആഗോള സാമ്പത്തിക നയ രൂപീകരണത്തിൽ കൂടുതൽ സമന്വയം കൈവരിക്കുന്നതിനായി ഐ.എം.എഫ്, ലോക ബാങ്ക് അനുബന്ധ ഏജൻസികൾ എന്നിവയുമായി ഇത് സഹകരിക്കുന്നു.

WTO യുടെ പ്രധാന പ്രവർത്തനങ്ങൾ

- ❖ WTO വ്യാപാര കരാറുകൾ നിർവ്വഹിക്കുന്നു.
- ❖ വ്യാപാര സന്ധി സംഭാഷണത്തിനുള്ള ചർച്ചാവേദി
- ❖ വ്യാപാര തർക്കങ്ങൾ കൈകാര്യം ചെയ്യുന്നു
- ❖ ദേശീയ വ്യാപാര നയങ്ങൾ നിരീക്ഷിക്കൽ
- ❖ വികസ്വര രാജ്യങ്ങൾക്ക് സാങ്കേതിക സഹായവും പരിശീലനവും
- ❖ മറ്റു അന്താരാഷ്ട്ര സംഘടനകളുമായുള്ള സഹകരണം

8.4.3. WTO യുടെ നേട്ടങ്ങൾ

WTO യുടെ നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്

1) അടവുശിഷ്ട പ്രശ്നങ്ങൾക്കായുള്ള നിയന്ത്രണ നടപടികളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞു.

2) സേവന വ്യാപാരം ബഹുരാഷ്ട്ര വ്യവസ്ഥയിലേക്ക് കൊണ്ടുവരികയും പല രാജ്യങ്ങളും ചരക്കിലേതുപോലെ വ്യാപാരത്തിനും നിക്ഷേപത്തിനുമായി വിപണി തുറക്കുകയും ചെയ്തു

3) വ്യാപാര നയ അവലോകന സംവിധാനം വ്യാപാര നയ വികസനങ്ങളെ നിരന്തരം നിരീക്ഷിക്കുന്ന പ്രക്രിയ സൃഷ്ടിച്ചു.

12th Economics Malayalam_Chapter-08.indd 164 2/3/2023 10:50:27 AM

WTO മന്ത്രിതല സമ്മേളനങ്ങൾ

WORLD TRADE ORGANIZATION

12. കസാക്കിസ്ഥാൻ - 2020
11. ബ്യൂണസ് അയേഴ്സ്, 2017 ഡിസംബർ 10-13
10. നെയ്റോബി 2015 ഡിസംബർ 15-18
09. ബാലി 2013 ഡിസംബർ 3-6
08. ജനീവ 2011 ഡിസംബർ 15-17
07. ജനീവ 2009 നവംബർ 30- ഡിസംബർ 2
06. ഹോങ്കോംഗ് 2005 ഡിസംബർ 13-18
05. കാൻകോൺ 2003 ഡിസംബർ 10-14
04. ദോഹ 2001 നവംബർ 9-13
03. സിയാറ്റിൽ – 1999 നവംബർ 30, ഡിസംബർ 3
02. ജനീവ 1998 മെയ് 18-20
01. സിംഗപ്പൂർ 1996 ഡിസംബർ 9-13

8.4.4. WTO യും ഇന്ത്യയും

ഇന്ത്യ WTO. യുടെ സ്ഥാപക അംഗമാണ്. ഇന്ത്യ ബഹുമുഖ വ്യാപാര സമീപനത്തെ അനുകൂലിക്കുന്നു. ഇത് MFN നില ആസ്വദിക്കുകയും മറ്റ് എല്ല. വ്യാപാര പങ്കാളികൾക്കും ഒരേ സ്ഥാനം അനുവദിക്കുകയും ചെയ്യുന്നു. ഇനിപ്പയുന്ന കാരണങ്ങളാൽ ഇന്ത്യയ്ക്ക് WTO യിൽ നിന്ന് നേട്ടമുണ്ടായി:

1. അസംസ്കൃത വസ്തുക്കൾ, ഘടകങ്ങൾ, മൂലധന ഉല്പന്നങ്ങൾ എന്നിവയുടെ ചുങ്കത്തീരുവ കുറയ്ക്കുന്നതിലൂടെ, ഇന്ത്യയുടെ വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, കൂടുതൽ ഇറക്കുമതി ചെയ്യാൻ കഴിഞ്ഞു. ഇന്ത്യയുടെ ഇറക്കുമതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
2. യാതൊരു ഉഭയകക്ഷി വ്യാപാര കരാറുമില്ലാതെ ഇന്ത്യയ്ക്ക് വിവിധ രാജ്യങ്ങളിൽ വിപണി പ്രവേശനം ലഭിക്കുന്നു.
3. നൂതന സാങ്കേതിക വിദ്യ കുറഞ്ഞ ചെലവിൽ ലഭിച്ചു.
4. വാണിജ്യതർക്കങ്ങളിൽ നിന്ന് വേഗത്തിൽ പരിഹാരം നേടാനുള്ള ഒരു മെച്ചപ്പെട്ട നിലയിലാണ് ഇന്ത്യ.
5. ഇന്ത്യൻ കയറ്റുമതിക്കാർക്ക് വിശാലമായ വിപണി വിവരങ്ങളിൽ നിന്നും പ്രയോജനം ലഭിച്ചു.

LWARB

8.5 വ്യാപാര മണ്ഡലങ്ങൾ

- ചില രാജ്യങ്ങൾ അവരുടെ ഇടയിൽ അനാവശ്യമത്സരം ഒഴിവാക്കുന്നതിനായി അവരുടെ സമ്പദ്വ്യവസ്ഥയെ സമന്വയിപ്പിച്ച് ബിസിനസ്സ് അവസരങ്ങൾ സൃഷ്ടിക്കുന്നു. വ്യാപാരമണ്ഡലങ്ങൾ, പരസ്പരപ്രയോജനത്തിനായി രാജ്യങ്ങൾക്കിടയിലോ, രാജ്യങ്ങൾ തമ്മിലോഉള്ള വിവിധതരംക്രമീകരണങ്ങൾ പ്രാപ്തമാക്കുന്നു. സാമ്പത്തിക സംയോജനം സ്വതന്ത്രവ്യാപാരമേഖല, ചുങ്കതീരുവഏകീകരണം(കസ്റ്റംസ്യൂണിയൻ),പൊതുവിപണി, സാമ്പത്തിക ഏകീകരണം എന്നിവയുടെ രൂപത്തിൽ കാണപ്പെടുന്നു.
- സ്വതന്ത്ര വ്യാപാര മേഖല വ്യാപാര മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശമാണ്. ഇതിന്റെ അംഗരാജ്യങ്ങൾ ഒരു സ്വതന്ത്ര വ്യാപാര കരാർ (FTA). ഒപ്പു വച്ചു. വ്യാപാര തടസ്സങ്ങൾ കുറയ്ക്കുന്നതിനായി കുറഞ്ഞത് രണ്ട് രാജ്യങ്ങൾക്കിടയിലുള്ളസഹകരണംഇത്തരം കരാറുകളിൽ ഉൾപ്പെടുന്നു ഉദാ: SAFTA, EFTA.
- കസ്റ്റംസ് യൂണിയൻ : അംഗങ്ങൾക്കിടയിൽ ചുങ്കതീരുവായില്ലാത്ത ഒരു സ്വതന്ത്ര മേഖലയും (അംഗങ്ങൾക്കിടയിൽ പൂജ്യം ചുങ്കതീരുവ) എന്നാൽ പൊതു ബാഹ്യ ചുങ്ക തീരുവയോടുകൂടിയതും ആയ ഒരുതരം വ്യാപാര മണ്ഡലമാണ് കസ്റ്റംസ് യൂണിയൻ ഉദാ: ബെനെലക്സ് (ബെൽജിയം നെതർലാന്റ്, ലക്സംബർഗ് എന്നിവ).
- പൊതുവിപണി : വ്യാപാര ഉടമ്പടികളിലൂടെ സ്ഥാപിക്കപ്പെട്ടു. അംഗങ്ങൾക്കിടയിൽ തൊഴിൽ അല്ലെങ്കിൽ മൂലധനത്തിന്റെ സഞ്ചാര

12th Economics Malayalam_Chapter-08.indd 165 2/3/2023 10:50:27 AM

സ്വാതന്ത്ര്യവും വിധേയത്വ സ്വതന്ത്ര വ്യാപാരവും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരേ ഭൂമിശാസ്ത്ര വിസ്തൃതിക്കുള്ളിലുള്ള രാജ്യങ്ങൾ തമ്മിൽ രൂപീകരിച്ച ഒരു സമൂഹമാണിത്. ഉദാ:യൂറോപ്യൻ പൊതു വിപണി

❖ സാമ്പത്തിക ഏകീകരണം : ചുങ്കതീരുവ ഏകീകരണവും പൊതു വിപണിയും ഇടകലർതാണ് സാമ്പത്തിക ഏകീകരണം ഉല്പന്ന നിയന്ത്രണം, ചരക്കുകളുടെയും സേവനങ്ങളുടെയുംഉല്പാദന ഘടകങ്ങളുടെയും സഞ്ചാര സ്വാതന്ത്ര്യം, ഒരു പൊതു ബാഹ്യ വ്യാപാര നയം തുടങ്ങിയ പൊതുവായ നയങ്ങൾ പങ്കെടുക്കുന്ന രാജ്യങ്ങൾക്ക് കാണപ്പെടുന്നു (ഉദാ: യൂറോപ്യൻ സാമ്പത്തിക ഏകീകരണം)

സ്ഥാപനം	ആസ്ഥാനം	സ്ഥാപിതമായ വർഷം
പ്രാദേശിക സഹകരണത്തിനായുള്ള ദക്ഷിണ ഏഷ്യൻ സമിതി	കാഠ്മണ്ഡു	1985
ആസിയാൻ	ബാങ്കോക്ക്	1967
ബ്രിക്സ്	ഷാംഗായ്	2001

8.6 പ്രാദേശിക സഹകരണത്തിനായുള്ള ദക്ഷിണ ഏഷ്യൻ സമിതി (സാർക്ക്)

സാമ്പത്തികവും സാമൂഹികവുമായ പുരോഗതി, ദക്ഷിണേഷ്യൻ മേഖലയിലെ സാംസ്കാരിക വികസനം, മറ്റു വികസ്വര രാജ്യങ്ങളുമായുള്ള സൗഹൃദം അല്ലെങ്കിൽ സഹകരണം എന്നിവയുടെ പ്രോത്സാഹനത്തിനായി ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ഒരു സംഘടനയായ പ്രാദേശിക സഹകരണത്തിനായുള്ള ദക്ഷിണേഷ്യൻ സമിതി 1985, ഡിസംബർ 8 ന് സ്ഥാപിതമായി സാർക്ക് (SAARC) സമൂഹത്തിൽ ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മാലദ്വീപുകൾ, നേപ്പാൾ, പാക്കിസ്ഥാൻ, ശ്രീലങ്ക, എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്നു. 2007 ഏപ്രിലിൽ അഫ്ഘാനിസ്ഥാൻ ഇതിന്റെ എട്ടാമത്തെ അംഗമായി. അംഗരാജ്യങ്ങളുടെ അംഗീകൃത സഹകരണ മേഖലകളിലെ സംയുക്ത പ്രവർത്തനങ്ങളിലൂടെ സാമ്പത്തികവും സാമൂഹികവുമായ വികസന പ്രക്രിയ ത്വരിതപ്പെടുത്തുക എന്നതാണ് സമിതിയുടെ അടിസ്ഥാന ലക്ഷ്യം. സർക്കാരിന്റെ ഔദ്യോഗിക കാര്യാലയം 1987 ജനുവരി 16 ന് കാഠ്മണ്ഡുവിൽ (നേപ്പാൾ) സ്ഥാപിതമായി. ആദ്യത്തെ സാർക്ക് ഉച്ചകോടി 1985 ൽ ധാക്കയിൽ വച്ച് നടന്നു. സാർക്ക് രണ്ടു വർഷത്തിലൊരിക്കൽ കൂടിക്കാഴ്ച നടത്തുന്നു. അടുത്തിടെ, 2018 ൽ 20മത് സാർക്ക് ഉച്ചകോടിക്ക് ആതിഥേയത്വം വഹിച്ചത് ശ്രീലങ്കയാണ്.

സാർക്കിലെ അംഗങ്ങൾ


ഇന്ത്യ


ഭൂട്ടാൻ


പാക്കിസ്ഥാൻ


നേപ്പാൾ


ബംഗ്ലാദേശ്


മാലദ്വീപുകൾ


ശ്രീലങ്ക


അഫ്ഗാനിസ്ഥാൻ

ഇതിന്റെ സ്ഥാപക അംഗങ്ങൾ ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മാലദ്വീപുകൾ, നേപ്പാൾ, പാക്കിസ്ഥാൻ, ശ്രീലങ്ക എന്നിവയാണ്. അഫ്ഘാനിസ്ഥാൻ പിന്നീട് 2007 ഏപ്രിൽ 3 ന് ചേർന്നു.

12th Economics Malayalam_Chapter-08.indd 166 2/3/2023 10:50:27 AM

8.6.1. സാർക്കിന്റെ ലക്ഷ്യങ്ങൾ

സാർക്കിന്റെ അധികാരപത്രത്തിലെ നിബന്ധന 1 അനുസരിച്ച്, സമിതിയുടെ ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്:

i) ദക്ഷിണേഷ്യയിലെ ജനങ്ങളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കുകയും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക;

ii) മേഖലയിലെ സാമ്പത്തിക വളർച്ച, സമൂഹിക പുരോഗതി, സാംസ്കാരിക വികസനം എന്നിവ ത്വരിതപ്പെടുത്തുക;

iii) ദക്ഷിണേഷ്യയിലെ രാജ്യങ്ങൾക്കിടയിൽ കൂട്ടായ സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക;

iv) മറ്റൊരാളുടെ പ്രശ്നങ്ങളിൽ പരസ്പര വിശ്വാസം, ധാരണ, അഭിനന്ദനം എന്നിവയ്ക്കായി സഹകരിക്കുക;

v) സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക, സാങ്കേതിക ശാസ്ത്ര മേഖലകളിൽ സജീവ സഹകരണവും പരസ്പര സഹായവും പ്രോത്സാഹിപ്പിക്കുക;

vi) മറ്റു വികസ്വര രാജ്യങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്തുക;

vii) പൊതു താല്പര്യമുള്ള വിഷയങ്ങളിൽ അന്താരാഷ്ട്ര ചർച്ചാവേദിയിൽ പരസ്പര സഹകരണം ശക്തിപ്പെടുത്തുക;

viii) സമാന ലക്ഷ്യങ്ങളോടും താല്പര്യങ്ങളോടും കൂടിയ അന്താരാഷ്ട്ര, പ്രാദേശിക സംഘടനകളുമായി സഹകരിക്കുക.

8.6.2. സാർക്കിന്റെ പ്രവർത്തനങ്ങൾ

സാർക്കിന്റെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

1. മേഖലയിലെ സഹകരണത്തിന്റെ പരിപാലനം
2. അംഗരാജ്യങ്ങളുമായി ബന്ധപ്പെട്ട പൊതു പ്രശ്നങ്ങൾ തടയൽ.
3. അംഗരാജ്യങ്ങൾക്കിടയിൽ ശക്തമായ ബന്ധം ഉറപ്പാക്കൽ.
4. വിവിധ രീതിയിലുള്ള നടപടികളിലൂടെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക.
5. മേഖലയിലെ ഭീകരത തടയൽ.

8.6.3. സാർക്കിന്റെ നേട്ടങ്ങൾ

1. സാർക്ക് മുൻഗണന വ്യാപാരകരാർ (SAPTA) സ്ഥാപിക്കുകയും ഇറക്കുമതിയിൽ ചുങ്ക തീരുവ, ഇതര ചുങ്ക വീത തടസ്സങ്ങൾ എന്നിവ കുറയ്ക്കുകയും ചെയ്യുക.
2. കൃഷി, ആശയവിനിമയം, വിദ്യാഭ്യാസം, ആരോഗ്യം, ജനസംഖ്യ, ഗ്രാമ വികസനം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക സമിതികൾ സാർക്ക് രാജ്യങ്ങൾക്കിടയിൽ സാമ്പത്തിക സഹകരണത്തിനായി രൂപീകരിക്കുക.
3. ദാരിദ്ര്യ ലഘൂകരണ പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ അംഗരാജ്യങ്ങളിലേക്ക് കൈമാറുന്നതിനായി സാർക്ക് ഒരു ത്രിതല സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
4. കാർഷിക അനുബന്ധ വിഭവങ്ങളായ മത്സ്യ ബന്ധനം, വനസംരക്ഷണം മുതലായവയുടെ കേന്ദ്രവിവര സ്ഥാപനമായി സാർക്ക് കാർഷിക വിവര കേന്ദ്രം (SAIC) 1988 മുതൽ പ്രവർത്തിക്കുന്നു.
5. വികസന പദ്ധതികൾ, മാനവ വിഭവ വികസനം ആന്തരിക ഘടന, വികസന പദ്ധതികൾക്കായി ദക്ഷിണേഷ്യൻ വികസന ഫണ്ട് (SADF) കാണപ്പെടുന്നു. ഈ ഉയർന്ന അവകാശ വാദങ്ങളോടെ, കഴിഞ്ഞ 30 വർഷത്തിനിടയിൽ പാരസ്പരിക സാർക്ക് വ്യാപാരം മൂന്ന് ശതമാനത്തിനപ്പുറം പോയിട്ടില്ല.

12th Economics Malayalam_Chapter-08.indd 167 2/3/2023 10:50:27 AM

8.7 തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സമിതി (ആസിയാൻ)

1967 ഓഗസ്റ്റ് 8 ന് ബാങ്കോക്കിൽ അഞ്ച് യഥാർത്ഥ അംഗ രാജ്യങ്ങളായ ഇന്തോനേഷ്യ, മലേഷ്യ,ഫിലിപ്പൈൻസ്,സിംഗപ്പൂർ,തായ്ലൻഡ്, എന്നിവ ചേർന്ന് സ്ഥാപിച്ചതാണ് ആസിയാൻ, പിന്നീട് ബ്രൂണൈ ദാറുസ്സലാം, വിയറ്റ്നാം, ലാവോസ്, മ്യാൻമാർ, കംബോഡിയ എന്നിവ ഇതിൽ ചേർന്നു. ആസിയാനിലെ പത്ത് അംഗങ്ങൾക്കു പുറമെ, ആറ് സംവാദ പങ്കാളികൾ അതിന്റെ ചർച്ചകളിൽ പങ്കെടുക്കുന്നു. ചൈന, ജപ്പാൻ, ഇന്ത്യ, ദക്ഷിണകൊറിയ, ന്യൂസിലാന്ഡ് ഓസ്ട്രേലിയ എന്നിവയാണ് അവ. ചുങ്ക വിഹിതവും ഇതര ചുങ്കവിഹിത തടസ്സങ്ങളും കുറയ്ക്കുന്നതു കൊണ്ട് ആസിയാൻ രാജ്യങ്ങൾക്ക് എഫ്.റ്റി.എ യിൽ നിന്ന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വ്യാപാര മണ്ഡലങ്ങൾ സ്ഥാപിക്കുന്നതിലൂടെ, പൊതുവായ ചരിത്രാപരവും സാംസ്കാരികവുമായ പശ്ചാത്തലം അംഗരാജ്യങ്ങളുടെ ഐക്യവും ദൃഢ ബന്ധവും നിലനിർത്തുന്നതിന് ഉതകുന്നു. ആഗോളവൽക്കരണവും വിവേക പൂർണ്ണമായ സ്ഥൂല സാമ്പത്തിക നയങ്ങളും പിന്തുടരുന്ന ആസിയാൻ രാജ്യങ്ങളുടെ ജീവരക്തമാണ് വിദേശ വ്യാപാരം.അംഗരാജ്യങ്ങളിലെ സർക്കാർ മേധാവികളുടെ ആസിയാൻ ഉച്ചകോടി, ആസിയാൻ സഹകരണത്തിന്റെ ഏറ്റവും ഉയർന്ന ചർച്ചാവേദിയാണ്. ഇതിന്റെ യോഗങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ നടത്തപ്പെടുന്നു. ആസിയാൻ വിദേശ കാര്യ മന്ത്രിമാരുടെ യോഗം അടുത്ത ഉയർന്ന തീരുമാനമെടുക്കുന്ന സമിതിയാണ്.

1992 ൽ ഇന്ത്യ ആസിയാന്റെ് മേഖല സംവാദ പങ്കാളിയായി മാറിയപ്പോൾ മുതൽ ആസിയാനുമായുള്ള ഇന്ത്യയുടെ ബന്ധം തുടങ്ങി. ആസിയാൻ രാജ്യങ്ങളുടെ ഭൂമിശാത്ത്രപരമായ സാമീപ്യം ഇന്ത്യയുടെ കയറ്റുമതി വർദ്ധിക്കുന്നതിനും ചരക്ക് ഗതാഗത ചെലവ് കുറയ്ക്കുന്നതിനും സഹായിക്കുന്നു.



8.7.1 ആസിയാന്റെ ലക്ഷ്യങ്ങൾ

ആസിയാൻപ്രഖ്യാപനം,സമിതിയുടെലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും ഇപ്രകാരം പ്രതിപാദിക്കുന്നു:

(i) മേഖലയുടെ സാമ്പത്തിക വളർച്ച, സാമൂഹിക ഉന്നതി, സാംസ്കാരിക വികസനം എന്നിവ ത്വരിതപ്പെടുത്തുന്നു;

(ii) പ്രാദേശിക സമാധാനവും സ്ഥിരതയും പ്രോത്സാഹിപ്പിക്കുകയും ഐക്യരാഷ്ട്ര സഭയുടെ അധികാര പത്രത്തിലെ തത്വങ്ങൾ പാലിക്കുകയും ചെയ്യുക;

(iii) പൊതുമേഖലകണക്കുപരിശോധനാപ്രവർത്തന തലത്തിലെ അറിവും അനുഭവവും കൈമാറ്റംചെയ്യുന്നതിലൂടെആസിയാനിലെ അംഗങ്ങൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുക.

12th Economics Malayalam_Chapter-08.indd 168 2/3/2023 10:50:28 AM

(iv) അംഗങ്ങൾക്കിടയിൽ ഗവേഷണം, പരിശീലനം, വിദ്യാഭ്യാസം എന്നിവയ്ക്ക് അനുയോജ്യമായ അന്തരീക്ഷവും സൗകര്യങ്ങളും നൽകുക

(v) മറ്റ് അന്താരാഷ്ട്ര സംഘടനകളുമായി ആസിയാന്റെ ബന്ധം ഉറപ്പാക്കുകയും വിവര കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുക.

8.7.2 ആസിയാന്റെ പ്രവർത്തനങ്ങൾ

(i) യൂറോപ്യൻ യൂണിയനെപ്പോലെ ഒരൊറ്റ പ്രാദേശികവിപണിസൃഷ്ടിക്കുന്നതിലൂടെആസിയാനിനുള്ളിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നിക്ഷേപങ്ങളുടേയും സഞ്ചാര സ്വാതന്ത്ര്യത്തിന് സഹായിക്കുന്നു.

(ii) ഇത് ഒരു അംഗരാജ്യത്തിന്റെ വിപണനക്കാർക്ക് മറ്റു അംഗങ്ങളുടെ വിപണിയിലേക്ക് സ്വതന്ത്രപ്രവേശനമാർഗ്ഗംനൽകുന്നതിലൂടെ മേഖലയിലെവളർച്ചയെപ്രോത്സാഹിപ്പിക്കുന്നു.

(iii) ഇത് വ്യത്യസ്ഥ രാജ്യങ്ങളിൽ നിന്നുള്ള ബിസിനസ്സുകാർ തമ്മിലുള്ള ബിസിനസ്സ് മത്സരശേഷിയും അംഗരാജ്യങ്ങൾക്കിടയിലുള്ള ഇടുങ്ങിയ വികസന വിടവുകളും മെച്ചപ്പെടുത്തുന്നു.

(iv) ഇത് അംഗരാജ്യങ്ങളുടെ വിപണി, നിക്ഷേപ അവസരങ്ങൾക്ക് വഴിയൊരുക്കുന്നു.

(v) ഇത് വ്യവസായവും വ്യാപാരവും ഉൾപ്പെടെയുള്ള പല മേഖലകളിലും സഹകരണം വളർത്തുന്നു.

എല്ലാ ആസിയാൻ സമ്പദ്‌വ്യവസ്ഥകളും 1997 ൽ വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടു.

8.8 ബ്രിക്സ്

ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണ ആഫ്രിക്ക, എന്നീ അഞ്ച് പ്രധാനപ്പെട്ട ദേശീയ സമ്പദ്‌വ്യവസ്ഥകളുടെ കൂട്ടായ്മയുടെ ചുരുക്കപ്പേരാണ് ബ്രിക്സ് 2010 ൽ ദക്ഷിണാഫ്രിക്കയുടെ അവതരണത്തിനു മുൻപ് യഥാർത്ഥത്തിൽ ആദ്യത്തെ നാലുപേരെ ബ്രിക് എന്ന് വർഗ്ഗീകരിച്ചു. 2001 ൽ ബ്രിക് എന്ന പദം ഉപയോഗിച്ചു. പ്രാദേശിക കാര്യങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തിയതിനാൽ ബ്രിക്സ് അംഗങ്ങൾ പരക്കെ അറിയപ്പെട്ടു. 2009 മുതൽ ബ്രിക്സ് രാജ്യങ്ങൾ ഔപചാരികമായ ഉച്ചകോടികളിൽ പ്രതിവർഷം സന്ദർശനങ്ങൾ നടത്തുന്നു. 2018 ജൂലൈയിൽ പത്താമത്തെ ബ്രിക്സ് ഉച്ചകോടിക്ക് ദക്ഷിണ ആഫ്രിക്ക ആതിഥേയത്വം വഹിച്ചു. 2018 ലെ ബ്രിക്സ് ഉച്ചകോടി കാര്യപരിപാടിയിൽ സമഗ്ര വളർച്ച, വ്യാപാര പ്രശ്നങ്ങൾ, ആഗോള നിർവ്വഹണം, അഭിവൃദ്ധി പങ്കിടൽ, അന്താരാഷ്ട്ര സമാധാനം, സുരക്ഷ എന്നിവ ഉൾപ്പെടുന്നു.



ഇതിന്റെ ആസ്ഥാനം ചൈനയിലെ ഷാങ് ഹായിലാണ്. ബ്രിക്സ് വികസന ബാങ്ക് എന്ന് മുമ്പ് വിളിച്ചിരുന്ന പുതിയ വികസന ബാങ്ക് സ്ഥാപിച്ചത് ബ്രിക്സ് രാജ്യങ്ങളാണ്. ആദ്യത്തെ ബ്രിക്സ് ഉച്ചകോടി മോസ്കോയിൽ നടക്കുകയും ദക്ഷിണാഫ്രിക്ക 2018 ജൂലൈയിൽ ജോഹന്നാസ്ബർഗിൽ പത്താമത്തെ സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുകയും ചെയ്തു. യഥാക്രമം 2012 ലും 2016 ലും നടന്ന നാലാമത്തേതും എട്ടാമത്തേതുമായ ഉച്ചകോടികളിൽ ആതിഥേയത്വം വഹിക്കാനുള്ള അവസരം ഇന്ത്യയ്ക്ക് ലഭിച്ചു.

ബ്രിക്സിനെക്കുറിച്ചുള്ള ചില വസ്തുതകൾ

- ആഗോള ജി.ഡി.പി യുടെ 21 ശതമാനം ഉണ്ടാക്കുന്നത് ബ്രിക്സ് രാജ്യങ്ങളാണ് കഴിഞ്ഞ 15 വർഷത്തിനിടെ അവരുടെ ആഗോള ജി.ഡി.പി യുടെ വിഹിതത്തെ മൂന്നിരട്ടിയായി അവർ വർദ്ധിപ്പിച്ചു.
- ലോക ജനസംഖ്യയിൽ 43 ശതമാനത്തിന്റെയും സ്വദേശം ബ്രിക്സ് രാജ്യങ്ങളിലാണ്.
- അളവിടപ്പെട്ട 4.4 ട്രില്ല്യൺ ഡോളർ വിദേശകരുതൽ ബ്രിക്സ് രാജ്യങ്ങളിൽ സംയോജിപ്പിച്ചിരിക്കുന്നു

12th Economics Malayalam_Chapter-08.indd 169 2/3/2023 10:50:28 AM

8.8.1. ബ്രിക്സിന്റെ ലക്ഷ്യങ്ങൾ

1. അന്യപ്രവേശനം ഇല്ലാത്ത വ്യാപാര മണ്ഡലം സൃഷ്ടിച്ച് സഹകരണം വർദ്ധിപ്പിക്കുക.

2. യു.എസ് ഡോളർ ഒഴികെയുള്ള കറൻസി ഉപയോഗിക്കുക. ഡോളർ ഒരു പ്രധാന കറൻസി ആയതിനാൽ, ഡോളറിന്റെ പ്രവാഹം യു.എസി ന് നിയന്ത്രിക്കാൻ കഴിയുമെന്നതിനാൽഇതരകറൻസികളുമായിപ്രവർത്തിക്കുന്ന രാജ്യങ്ങളെ ബ്രിക്സ് സഹായിക്കുന്നു.

3. പ്രാദേശിക സഹകരണം വർദ്ധിപ്പിക്കുക.

4. വ്യാപാര സഹകരണത്തിനായി വികസ്വര രാജ്യങ്ങൾക്കായിട്ടുള്ള പ്രത്യേക വ്യാപാര സംഘടന സൃഷ്ടിക്കുക.

8.8.2. ബ്രിക്സിന്റെ പ്രവർത്തനങ്ങൾ

1. കൂടുതൽ നിയമാനുസൃതമായ അന്താരാഷ്ട്ര സംവിധാനത്തിന്റെ രക്ഷാധികാരി എന്ന നിലയിലും യു.എൻ കാര്യ നിർവഹരണസമിതിയുടെ പരിഷ്ക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഇത് പ്രവർത്തിക്കുന്നു.

2. ഈ രാജ്യങ്ങളുടെ കൂട്ടായ്മ പ്രത്യേകിച്ചും ദക്ഷിണ സഹകരണത്തിനുള്ള ചട്ടക്കൂടിനെ ഉദ്ദേശിച്ചുള്ളതാണ്.

3. വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിലുള്ള വർദ്ധിച്ചു വരുന്ന വിടവ് നികത്തുന്നതിനുള്ള ഒരു പ്രതിനിധിയായി പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് WTO യിൽ ബ്രിക്സ് രാജ്യങ്ങൾ കാർഷിക നയങ്ങൾ സംബന്ധിച്ച ന്യായമായ ക്രമം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു

4. വാണിജ്യ ആനുകൂല്യം, കാലാവസ്ഥ വ്യതിയാന ഉടമ്പടികൾ പോലുള്ള മേഖലകളിൽ നേട്ടമുണ്ടാക്കാൻവികസ്വരരാജ്യങ്ങളെസഹായിക്കുന്നതിന് ഇത് അഭിനന്ദനീയമായ സംഭാവനയാണ് നൽകുന്നത്.

5. സാമ്പത്തിക സഹകരണത്തിനപ്പുറം വിവരങ്ങൾ, വിനിമയവേദി എന്നിവ പ്രചാരപ്പെടുത്തുന്നു.

6. ആഗോള ചർച്ചാവേദിയിലെ മധ്യശക്തികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തേജകമായി ഇത് പ്രവർത്തിക്കുന്നു.

8.8.3 ബ്രിക്സിന്റെ നേട്ടങ്ങൾ

ബ്രിക്സിന്റെപ്രധാനപ്പെട്ടനേട്ടങ്ങളിൽചിലത് ചുവടെ ചേർക്കുന്നു.

- അനിശ്ചിതകാല കരുതൽ ക്രമീകരണത്തിന്റെ സ്ഥാപനം സാമ്പത്തിക ധനകാര്യ മേഖലയിലെ അംഗങ്ങളുടെ പങ്കാളിത്തം കൂടുതൽ ശക്തമാക്കുകയും ഏകീകരിക്കുകയും ചെയ്തു.
- ബ്രസീലിൽ നടന്ന ആറാമത്തെ ബ്രിക്സ് ഉച്ചകോടിയിൽ അംഗരാജ്യങ്ങൾ, ഏഷ്യൻ വികസന ബാങ്കിന്റെയും ലോക ബാങ്കിന്റെയുംമാതൃകയിൽ2015ൽചൈനയിലെഷാങ്ഹായ്ആസ്ഥാനമായുള്ളഒരുവികസനബാങ്ക് (പുതിയ വികസന ബാങ്ക്) സൃഷ്ടിക്കുന്നതിനുള്ള ഒരു വ്യാപാര കരാറിൽ ഒപ്പുവച്ചു.
- സാമ്പത്തിക സാധ്യതയും ജനസംഖ്യാപരമായ വികസനവും കൂടുതലുള്ള ബ്രിക്സ് രാജ്യങ്ങൾ, ആഗോള കാര്യ പരിപാടികൾ നിശ്ചയിക്കുന്നതിനും ആഗോള നിയന്ത്രണം ക്രമീകരിക്കുന്നതിനും സ്വാധീനം ചെലുത്തുന്നു.

ലോക ജനസംഖ്യയിൽ 43% ബ്രിക്സ് പങ്കുവയ്ക്കുന്നുങ്കെിലും ആഗോള ജി.ഡി.പി 21% മാത്രമാണ് ഉള്ളത് എന്നത് ഓർമ്മിക്കേണ്ടതാണ്.

സംഗ്രഹം:

വായ്പാസൗകര്യങ്ങളുംവ്യാപാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഐ.എം.എഫ് വഹിക്കുന്ന പങ്കിനെക്കുറിച്ച് അന്താരാഷ്ട്ര സാമ്പത്തിക സംഘടനകളെക്കുറിച്ചുള്ളഇപ്പോഴത്തെഅദ്ധ്യായംചർച്ചചെയ്യുന്നു. ഐ.എം.എഫിന്റെ ധനകാര്യം, നിയന്ത്രണം, വിദഗ്ദ്ധാഭിപ്രായം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇന്ത്യയ്ക്ക് ഉണ്ടായ നേട്ടങ്ങളും കൈകാര്യം ചെയ്തിരിക്കുന്നു. കൂടുതലായി ലോകബാങ്ക്,WTO എന്നിവയും ആവരണം ചെയ്തിരിക്കുന്നു.

12th Economics Malayalam_Chapter-08.indd 170 2/3/2023 10:50:28 AM

WTO നടപ്പിലാക്കിയ വിവിധ കരാറുകളായ ട്രിപ്സ്, ട്രീംസ്, ഗാറ്റ്സ്, AoA, MFA എന്നിവ ചർച്ച ചെയ്യപ്പെട്ടവയാണ്.

അധ്യായത്തിന്റെ അവസാനഭാഗം സാർക്ക് (ദക്ഷിണ ഏഷ്യൻ രാജ്യങ്ങൾ), ആസിയാൻ (തെക്ക് കിഴക്ക്, ഏഷ്യ) ബ്രിക്സ് എന്നീ വ്യാപാര മണ്ഡലങ്ങളുടെ പ്രാദേശിക സാമ്പത്തിക സമന്വയവും, അവയുടെ നേട്ടങ്ങളുമായി ബന്ധപ്പെട്ടതാണ്.

പദശേഖരണം

- **ഘടനാപരമായ ക്രമീകരണ സൗകര്യം:** ശക്തമായ സ്ഥൂല സാമ്പത്തികവും ഘടനാപരവുമായ കാര്യപരിപാടികൾ ഏറ്റെടുക്കുന്നതിന് ദരിദ്ര അംഗരാജ്യങ്ങൾക്ക് കൂടുതൽ അടവുശിഷ്ട ധനസഹായം ആനുകൂല്യമായി നൽകുന്നു.

- **പ്രത്യേക തിരിച്ചെടുക്കൽ അവകാശങ്ങൾ:** അന്താരാഷ്ട്രനാണയനിധിസൃഷ്ടിച്ചഅന്താരാഷ്ട്ര ധന കരുതൽ കറൻസി അംഗരാജ്യങ്ങളുടെ നിലവിലുള്ള പണ ശേഖരണത്തിന് അനുബന്ധമായി പ്രവർത്തിക്കുന്നു.

- **വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങൾ(TRIPs):** പകർപ്പവകാശം, വ്യാപാരമുദ്രകൾ, കുത്തക അവകാശം, ഭൂമിശാസ്ത്രപരമായ സൂചനകൾ, വ്യാവസായിക രൂപകല്പനകൾ, സൂക്ഷ്മ ജീവ സസ്യങ്ങളുടെ കണ്ടുപിടിത്തം. എന്നിവ ട്രിപ്സിൽ ഉൾപ്പെടുന്നു.

- **വ്യാപാരവുമായി ബന്ധപ്പെട്ട നിക്ഷേപ അവകാശങ്ങൾ (TRIMs):** ഒരു രാജ്യത്തെ വിദേശ നിക്ഷേപത്തിനു മേൽ ചുമത്തുന്ന നിബന്ധനകൾ അല്ലെങ്കിൽ നിയന്ത്രണങ്ങളുമായി ട്രിംസ് ബന്ധപ്പെട്ടിരിക്കുന്നു.

- **ബഹുമുഖ വ്യാപാര കരാർ:** ഇത് രാജ്യങ്ങൾതമ്മിലുള്ളബഹുരാഷ്ട്രനിയമഅഥവാ വ്യാപാര കരാറാണ്, വളരെ കൂടുതൽ ആകാതെ, രണ്ടിലധികം രാജ്യങ്ങൾ തമ്മിലുള്ള കരാറാണ് ഇത്.

- **വ്യാപാര മണ്ഡലങ്ങൾ :** ഇവ അന്താരാഷ്ട്ര വ്യാപാരത്തിൽ ഒരുമിച്ച് ഏർപ്പെടുന്ന ഒരു കൂട്ടം രാജ്യങ്ങളാണ് അവ സാധാരണയായി സ്വതന്ത്ര വ്യാപാര കരാർ അല്ലെങ്കിൽ മറ്റു സമിതികൾ വഴി ബന്ധപ്പെട്ടിരിക്കുന്നു.

- **സ്വതന്ത്രവ്യാപാരമേഖല:** സ്വതന്ത്രവ്യാപാര കരാറിൽ ഒപ്പുവച്ച അംഗരാജ്യങ്ങൾ അടങ്ങുന്ന വ്യാപാര സംഘം ഉൾ കൊള്ളുന്ന പ്രദേശം. വ്യാപാര തടസ്സങ്ങൾ കുറയ്ക്കുന്നതിന്, കുറഞ്ഞത് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം, ഇത്തരം കരാറുകളിൽ ഉൾപ്പെടുന്നു.

- **ചുങ്ക ഏകീകരണം (കസ്റ്റംസ് യൂണിയൻ):** ഒരു പൊതു ബാഹ്യ ചുങ്ക വിഹിതം ഉള്ള സ്വതന്ത്ര വ്യാപാര മേഖല (അംഗങ്ങൾക്കിടയിൽ പൂജ്യം ചുങ്ക വിഹിതം).

- **പൊതു വിപണി:** വിധേയത്വ സ്വതന്ത്ര വ്യാപാരവും തൊഴിൽ അല്ലെങ്കിൽ മൂലധനത്തിന്റെ സഞ്ചാര സ്വാതന്ത്ര്യവും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരേ ഭൂമിശാസ്ത്ര വിസ്തൃതിക്കുള്ളിലുള്ള രാജ്യങ്ങൾ തമ്മിൽ രൂപീകരിച്ച ഒരു സംഘം.

- **സാമ്പത്തിക ഏകീകരണം:** ചുങ്ക ഏകീകരണത്തോട് ചേർന്ന് പൊതു വിപണിയും ഇടകലർന്നതാണ് സാമ്പത്തിക ഏകീകരണം ഉല്പന്ന നിയന്ത്രണം ചരക്കുകളുടെയും സേവനങ്ങളുടെയും ഉല്പാദന ഘടകങ്ങളുടെയും സഞ്ചാര സ്വാതന്ത്ര്യം, ഒരു പൊതു ബാഹ്യവ്യാപാര നയം തുടങ്ങിയ പൊതുവായ നയങ്ങൾ പങ്കെടുക്കുന്ന രാജ്യങ്ങൾക്ക് കാണപ്പെടുന്നു.

12th Economics Malayalam_Chapter-08.indd 171 2/3/2023 10:50:28 AM

മാതൃകാ ചോദ്യങ്ങൾ

ഭാഗം – A

ബഹുവികല്പ ചോദ്യങ്ങൾ

1. അന്താരാഷ്ട്ര നാണയ നിധി ഏതിന്റെ അനന്തര ഫലമാണ്

a) പാണ്ഡംഗ് സമ്മേളനം
b) ഡങ്കൽ രൂപരേഖ
c) ബ്രെട്ടൺ വുഡ്സ് സമ്മേളനം
d) ദോഹ സമ്മേളനം

2. അന്താരാഷ്ട്ര നാണയനിധിയുടെ ആസ്ഥാനം കാണപ്പെടുന്നത്

a) വാഷിംഗ്ടൺ. ഡി.സി
b) ന്യൂയോർക്ക്
c) വിയന്ന
d) ജനീവ

3. IBRD യെ അന്യഥാ വിളിക്കാവുന്നത്

a) IMF
b) ലോക ബാങ്ക്
c) ആസിയാൻ
d) അന്താരാഷ്ട്ര ധനകാര്യ കമ്പനി

4. പ്രത്യേക തിരിച്ചെടുക്കൽ അവകാശങ്ങളുടെ മറ്റൊരു പേര്

a) കടലാസ് സ്വർണ്ണം
b) കാട്ടകൾ
c) സ്വമേധയായുള്ള കയറ്റുമതി നിയന്ത്രണങ്ങൾ
d) ഇവയൊന്നുമില്ല

5. ദീർഘകാല വായ്പ നല്കുന്ന സംഘടന

a) ലോകബാങ്ക്
b) അന്താരാഷ്ട്ര നാണയനിധി
c) ലോക വ്യാപാര സംഘടന
d) ബ്രിക്സ്

6. ഇനിപ്പറയുന്ന രാജ്യങ്ങളിൽ ഏതാണ് സാർക്ക് അംഗമല്ലാത്തത്?

a) ശ്രീലങ്ക
b) ജപ്പാൻ
c) ബംഗ്ലാദേശ്
d) അഫ്ഘാനിസ്ഥാൻ

7. അന്താരാഷ്ട്ര വികസന സമിതി ഏതിന്റെ അനുബന്ധ സ്ഥാപനമാണ്

a) IMF
b) ലോകബാങ്ക്
c) സാർക്ക്
d) ആസിയാൻ

8. ---------- കുത്തക അവകാശങ്ങൾ, പകർപ്പവകാശങ്ങൾ വ്യാപാര രഹസ്യങ്ങൾ, എന്നിവയുമായി ബന്ധപ്പെട്ടതാണ്

a) ട്രിപ്സ്
b) ട്രിംസ്
c) ഗാഹ്സ്
d) നാമ

9. WTO യുടെ ആദ്യ മന്ത്രിസഭായോഗം നടന്നത്

a) സിംഗപ്പൂർ
b) ജനീവ
c) സിയാറ്റിൽ
d) ദോഹ

10. ഓരോ _____വർഷത്തിലൊരിക്കൽ ആസിയാൻ യോഗങ്ങൾ നടക്കുന്നു.

a) 2
b) 3
c) 4
d) 5

12th Economics Malayalam_Chapter-08.indd 172 2/3/2023 10:50:28 AM

11. ഇനിപ്പറയുന്നവയിൽ സാർക്ക് അംഗമല്ലാത്തത് ഏത്?

a) പാക്കിസ്ഥാൻ
b) ശ്രീലങ്ക
c) ഭൂട്ടാൻ
d) ചൈന

12. സാർക്ക്---------- വർഷത്തിലൊരിക്കൽ കണ്ടുമുട്ടുന്നു.

a) 2
b) 3
c) 4
d) 5

13. ആസിയാന്റെ ആസ്ഥാനം

a) ജഹാർത
b) ന്യൂഡലഹി
c) കൊളംബോ
d) ടോക്കിയോ

14. ബ്രിക്ക് എന്ന പദം ഉപയോഗിച്ചത്

a) 2001
b) 2005
c) 2008
d) 2010

15. ആസിയാൻ സൃഷ്ടിക്കപ്പെട്ടത്

a) 1965
b) 1967
c) 1972
d) 1997

16. 2018 ജൂലൈയിൽ പത്താമത്തെ ബ്രിക്സ് ഉച്ചകോടി നടന്നത്

a) ബീജിംഗ്
b) മോസ്കോ
c) ജോഹന്നാസ്ബർഗ്
d) ബ്രസീലിയ

17. പുതിയ വികസന ബാങ്കുമായി ബന്ധപ്പെട്ടത്

a) ബ്രിക്സ്
b) WTO
c) സാർക്ക്
d) ആസിയാൻ

18. ഇനിപ്പറയുന്നവയിൽ ഏതാണ് ആസിയാന്റെ ആറ് സംവാദ പങ്കാളികളിൽ വരാത്തത്?

a) ചൈന
b) ജപ്പാൻ
c) ഇന്ത്യ
d) ഉത്തരകൊറിയ

19. കാർഷിക വിഭവങ്ങളുമായി ബന്ധപ്പെട്ട കേന്ദ്ര വിവരസ്ഥാപനമായ സാർക്ക് കാർഷിക വിവര കേന്ദ്രം സ്ഥാപിതമായത്

a) 1985
b) 1988
c) 1992
d) 1998

20. ബെനലക്സ് ഏതിന്റെ രൂപമാണ്

a) സ്വതന്ത്ര വ്യാപാര മേഖല
b) സാമ്പത്തിക ഏകീകരണം
c) പൊതു വിപണി
d) ചിങ്ക ഏകീകരണം

12th Economics Malayalam_Chapter-08.indd 173 2/3/2023 10:50:28 AM

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
c	a	b	a	a	b	b	a	a	b
11	12	13	14	15	16	17	18	19	20
d	a	a	a	b	c	a	d	b	d

ഭാഗം B

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക (2 മാർക്ക്)

21. പ്രത്യേക തിരിച്ചെടുക്കൽ അവകാശങ്ങൾ എന്നതിന്റെ അർത്ഥം എഴുതുക.
22. ആസിയാന്റെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ സൂചിപ്പിക്കുക.
23. അംഗരാജ്യങ്ങൾക്ക് ഐ.ബി.ആർ.ഡി വായ്പ നൽകുന്ന രണ്ട് വഴികൾ ചൂണ്ടിക്കാണിക്കുക.
24. പൊതു വിപണി നിർവചിക്കുക.
25. സ്വതന്ത്ര വ്യാപാരമേഖല എന്നാൽ എന്ത്?
26. സർക്കാരിന്റെ ഔദ്യോഗിക കാര്യാലയം എവിടെ, എപ്പോൾ സ്ഥാപിതമായി?
27. ലോക ബാങ്ക് സമൂഹത്തിലെ ഏതെങ്കിലും രണ്ട് അനുബന്ധ സ്ഥാപനങ്ങൾ നിർദ്ദേശിക്കുക.

ഭാഗം C

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക (3 മാർക്ക്):

28. സാമ്പത്തിക സമന്വയത്തിന്റെ വിവിധ രൂപങ്ങൾ പരാമർശിക്കുക.
29. വ്യാപാര മണ്ഡലങ്ങൾ എന്തൊക്കെയാണ്?
30. IMF ന്റെ ഏതെങ്കിലും മൂന്ന് വായ്പാ നടപടികൾ പരാമർശിക്കുക.
31. ബഹുമുഖക്കരാർ എന്നാൽ എന്ത്?
32. 2018 ലെ ബ്രിക്സ് ഉച്ചകോടിയുടെ കാര്യപരിപാടി എഴുതുക.
33. സാർക്കിന്റെ പ്രവർത്തനങ്ങൾസംക്ഷിപ്തമായി പ്രസ്താവിക്കുക.
34. ബ്രിക്സിന്റെ നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

ഭാഗം D

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (5 മാർക്ക്)

35. IMF ന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.
36. ലോകബാങ്കിന്റെ പ്രവർത്തനങ്ങൾ പുറത്തു കൊണ്ട് വരിക.
37. ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് WTO യുടെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുക.
38. കുറിപ്പെഴുതുക a) സാർക്ക് b) ബ്രിക്സ്

12th Economics Malayalam_Chapter-08.indd 174 2/3/2023 10:50:28 AM

പ്രവർത്തനം

1. വിദ്യാർത്ഥികളോട് ലോക മാപ്പിലൂടെ രാജ്യങ്ങളുടെ സ്ഥാനവും അതിന്റെ തലസ്ഥാനവും നന്നായി മനസ്സിലാക്കാൻ ആവശ്യപ്പെടുക.
2. വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര സാമ്പത്തിക സംഘടനകളും അതിന്റെ സ്ഥിതികളും മനസ്സിലാക്കാൻ പ്രസക്തമായ വെബ്സൈറ്റിലേക്ക് പോകാം.

References

1. Cherunilam, Francis (2010), "International Economics", The McGraw Hill Publications, New Delhi.
2. Jhingan, M.L., (2000), "International Economics" Vrindha Publications Private Limited, New Delhi.
3. Krugman R. Paul (2003), "International Economics: Theory and Policy", Sixth Edition, Pearson Education, New Delhi.
4. Mithani, D M (1982), "International Economics", Himalaya Publishing House, New Delhi.
5. Rao, Subba, (2012), "International Business", Third Edition, Himalaya Publishing House, New Delhi.
6. Robert C. Feensta and Alan M. Taylor, (2008), "International Economics", Worth Publishers, New York.
7. Van Meerhaeghe, M.A.G. (1998), "International Economic Institutions", 7th edition, Kluwer Academic Publishers, Dordrecht.

Website Link

http://www.worldbank.org
http://www.imf.org

12th Economics Malayalam_Chapter-08.indd 175 2/3/2023 10:50:28 AM

അദ്ധ്യായം

9

ധനകാര്യ സാമ്പത്തിക ശാസ്ത്രം

"വരവുകൾ വളരെ കുറവായിരിക്കും പക്ഷേ അവിടെ പരാജയങ്ങളൊന്നുമില്ല, ചെലവിൽ നിങ്ങൾ ശരിയായി പഠിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ".

- തിരുക്കുറൽ *No.478*

പഠന ലക്ഷ്യങ്ങൾ

1. പൊതുധനകാര്യത്തിന്റെ അർത്ഥവും വിഷയവും മനസ്സിലാക്കാൻ.
2. പ്രത്യക്ഷവും പരോക്ഷവുമായ നികുതികൾ മനസിലാക്കുന്നതിന്.
3. ധനകാര്യകമ്മീഷന്റെ പ്രവർത്തനങ്ങൾ വിവരിക്കാൻ.

9.1 ആമുഖം

ധനകാര്യസാമ്പത്തികശാസ്ത്രം എന്ന പദം പുതിയതാണ്. ഈ വിഷയത്തിൽ പഴയതും ജനപ്രിയവുമായ പദം പൊതുധനകാര്യം എന്നതാണ്. പൊതുധനകാര്യം എന്ന വിഷയം ഗവൺമെന്റിന്റെധനകാര്യപ്രവർത്തനങ്ങളുമായിബന്ധപ്പെട്ടിരിക്കുന്നു. ഗവൺമെന്റ് ട്രഷറിയുടെ സാമ്പത്തിക പ്രവർത്തനങ്ങളെ കുറിച്ചും ഇത് ചർച്ച ചെയ്യുന്നു. ഫിസ്കൽ (ധനകാര്യം) എന്ന പദം ബാസ്കറ്റ് എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്ഉണ്ടായത്. പൊതുപഴ്സിനെയാണ്പ്രതീകാത്മകമായികാണിക്കുന്നത്. അതിനാൽപൊതുധനകരാര്യം എന്ന വിഷയത്തെ ധനകാര്യസാമ്പത്തികശാസ്ത്രം എന്ന പുതിയതായി അറിയപ്പെടുന്നു.

ഗവൺമെന്റ് ഏത് രീതിയിലാണ് വിഭവങ്ങളെ സ്വരൂപീക്കുന്നതും ചെലവഴിക്കുകയും ചെയ്യുന്നത് എന്നതിനെ കുറിച്ചുള്ള പഠനമാണ് പൊതുധനകാര്യം. പൗരൻമാരുടെ കൂട്ടായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. സ്റ്റേറ്റ് ആധുനിക സ്റ്റേറ്റ് ഒരു ക്ഷേമ രാഷ്ട്രമാണ്. വ്യാപകമായും തീവ്രമായും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ഫണ്ട് ആവശ്യമാണ്. ഈ അധ്യായത്തിൽ പൊതു വരുമാനം, പൊതു ചെലവ്, പൊതുകടം, ബഡ്ജറ്റ്, ഡെഡറൽ ഫിനാൻസ്, ലോക്കൽ ഫിനാൻസ് എന്നിവയുമായി ബന്ധപ്പെട്ടതാണ്.

9.2 പൊതുധനകാര്യത്തിന്റെ അർത്ഥം

ഗവൺമെന്റിന്റെ സാമ്പത്തിക വശങ്ങളെ കുറിച്ചുള്ള പഠനമാണ് പൊതുധനകാര്യം (പബ്ളിക്ക് ഫിനാൻസ്) പൊതു അധികാരികളുടെ വരുമാനവും ചെലവും സംബന്ധിച്ചുള്ളതും അവയെ ഒന്നോടൊന്ന് ക്രമീകരിക്കുകയും ചെയ്യൽ എന്നതിനെക്കുറിച്ചാണ് ഇത് ബന്ധപ്പെട്ടിരിക്കുന്നത്.

12th Economics Malayalam_Chapter-09.indd 176 2/3/2023 10:51:34 AM

9.3

നിർവചനങ്ങൾ

"സാമ്പത്തികവും രാഷ്ട്രിയവും തമ്മിലുള്ള അതിർത്തി രേഖയിൽ സ്ഥിതിചെയ്യുന്ന ഒന്നാണ് പൊതുധനകാര്യം. ഇത് പൊതു സ്ഥാപനങ്ങളുടെ വരുമാനവും ചെലവും ഇവ തമ്മിലുള്ള ക്രമീകരണവുമായി ബന്ധപ്പെട്ടതാണ്".

-ഹ്യൂജ് ഡാൽട്ടൺ

"സ്റ്റേറ്റിന്റെ വരുമാനം, ചെലവ് എന്നിവയുടെ സ്വഭാവവും തത്വങ്ങളെയും കുറിച്ചുള്ള ഒരന്വേഷണമാണ് പൊതുധനകാര്യം".

-ആഡംസ്മിത്

9.4

പൊതുധനകാര്യ വിഷയം അല്ലെങ്കിൽ വ്യാപ്തി

ആധുനിക കാലത്ത് പൊതുധനകാര്യം എന്ന വിഷയത്തിൽ 5 പ്രധാന ഉപവിഭവങ്ങൾ ഉൾപ്പെടുന്നു. അതായത് പൊതു വരുമാനം പൊതു ചെലവ്, പൊതുകടം, ധനകാര്യ ഭരണം, ധന കാര്യനയം എന്നിങ്ങനെ.



1. പൊതുവരുമാനം

പൊതുവരുമാനത്തിൽഉൾപ്പെടുന്നത്പൊതു വരുമാനം ഉയർത്തുന്ന രീതികൾ അതായത് നികുതി, നികുതിഇതര വരുമാനങ്ങൾ, നികുതി ചുമത്ത ലിന്റെ തത്വങ്ങൾ, നികുതി നിരക്കുകൾ, നികുതിയുടെ ആഘാതം, സംഭവങ്ങൾ, നികുതി മാറ്റൽ, അവയുടെ ഫലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണ് പൊതുവരുമാനം.

2. പൊതു ചെലവ് ഗവൺമെന്റ്

ഗവൺമെന്റിന്റെചെലവിനെനിയന്ത്രിക്കുന്ന അടിസ്ഥാന തത്വങ്ങൾ, പൊതു ചെലവിന്റെ ഫലങ്ങൾ, പൊതു ചെലവിനെ നിയന്ത്രിക്കുക എന്നിവയെ കുറിച്ചു പഠിക്കുന്നതാണ് പൊതു ചെലവ്.

3. പൊതുകടം

ആഭ്യന്തര ബാഹ്യസ്രോതസ്സുകളിൽ നിന്ന് വായ്പ രൂപിക്കുന്ന രീതികളാണ് പൊതുകടം. പൊതുകടത്തിന്റെ ഭാരം ഫലങ്ങൾ, കടംവീട്ടൽ എന്നിവ ഇതിലാണ് ഉൾപ്പെടുന്നത്.

4. സാമ്പത്തികഭരണം

പൊതുബഡ്ജറ്റിന്റെ വിവിധ വശങ്ങളെ കുറിച്ചുള്ള പഠനം ഈ ഭാഗം കൈകാര്യം ചെയ്യുന്നു. സർക്കാരിന്റെവാർഷിക സാമ്പത്തിക പദ്ധതിയാണ് ബഡ്ജറ്റ്. ഒരു പൊതുബഡ്ജറ്റ് തയ്യാറാക്കാനുള്ള നടപടികൾ, അതിന്റെ ലക്ഷ്യങ്ങൾ, പാസ്സാക്കുക അല്ലെങ്കിൽ അനുവദിക്കൽ, വിനിയോഗം, വിലയിരുത്തൽ കണക്കെടുപ്പ് എന്നീ ഘടകങ്ങൾ സാമ്പത്തിക ഭരണത്തിൽ ഉൾപ്പെടുന്നു.

5. ധനനയം

നികുതികൾ, സബ് സിഡികൾ, പൊതുകടം, പൊതു ചെലവ് എന്നിവ ധനനയത്തിന്റെ ഉപകരണങ്ങളാണ്.

9.5

പൊതുധനകാര്യവും സ്വകാര്യ ധനകാര്യവും

ഗവൺമെന്റിന്റെ വരുമാനം, ചെലവ്, കടംവാങ്ങൽ, സാമ്പത്തികഭരണം എന്നിവയു

12th Economics Malayalam_Chapter-09.indd 177 2/3/2023 10:51:34 AM

മായി ബന്ധപ്പെട്ടതാണ് പൊതു ധനകാര്യം. വ്യക്തിഗത അല്ലെങ്കിൽ സ്വകാര്യ കമ്പനികളുടെ വരുമാനം,ചെലവ്,കടംവാങ്ങൽ,ധനകാര്യഭരണം എന്നിവയെ കുറിച്ചുള്ള പഠനമാണ് സ്വകാര്യ ധനകാര്യം.പൊതുസ്വകാര്യധനകാര്യങ്ങൾഅടിസ്ഥാനപരമായി സമാനമാണ്. എന്നാൽ വിവിധ പ്രവർത്തനവശങ്ങളിൽ പരസ്പരം വ്യത്യസ്തമാണ്. പൊതു സ്വകാര്യ ധനകാര്യങ്ങൾ തമ്മിലുള്ള സമാനതകളും പൊരുത്തക്കേടുകളും ചുവടെ വിശദീകരിച്ചിരിക്കുന്നു.

9.5.1. സമാനതകൾ

1. യുക്തിബോധം

സ്വകാര്യ ധനകാര്യവും പൊതു ധനകാര്യവും യുക്തിബോധത്തെ അടിസ്ഥാനമാക്കി ഉള്ളതാണ്. മാക്സിമം ക്ഷേമം നേടുകയും പരമാവധി കുറഞ്ഞ ഘടകചെലവും അടിസ്ഥാനമാക്കിയുള്ളതാണ്.

2. വായ്പ എടുക്കാനുള്ള പരിധി

വായ്പ എടുക്കുന്നതുമായി ബന്ധപ്പെട്ട് ഇരുവരും സംയമനം പാലിക്കണം. ഇതിന്റെ പരിധിക്കപ്പുറം ഗവൺമെന്റിന് ജീവിക്കാൻ കഴിയില്ല. സ്റ്റേറ്റിന്റെ കമ്മിധനസഹായത്തിനും ഒരുപരിധിയുണ്ട്.

3. വിഭവ വിനിയോഗം

സ്വകാര്യ പൊതുമേഖലകൾക്ക് അവരുടെ സൗകര്യങ്ങൾക്കനുസരിച്ച് പരിമിത വിഭവങ്ങളാണുള്ളത്. അതിനാൽ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ ഇരുവരും ശ്രമിക്കുന്നു.

4. ഭരണം

ഗവൺമെന്റിന്റെയോ സ്വകാര്യമേഖലയുടെയോ കാര്യക്ഷമതാ നടപടികൾ ഭരണയന്ത്രത്തെ ആശ്രയിച്ചിരിക്കുന്നു. ഭരണയന്ത്രം കാര്യക്ഷമമല്ലാത്തതോ അഴിമതിയോ ഉള്ളതാണെങ്കിൽ അത് നഷ്ടത്തിലും പാഴ് ചെലവിലേക്കും നയിക്കുന്നു.

9.5.2. സമാനതയില്ലായ്മകൾ

1. വരുമാനത്തിന്റെയും ചെലവുകളുടെയും ക്രമീകരണങ്ങൾ

സർക്കാർ അവരുടെ വരുമാനത്തെ ചെലവുമായിക്രമീകരിക്കുമ്പോൾവ്യക്തികൾഅവരുടെ ചെലവ് വരുമാനവുമായി ക്രമീകരിക്കുന്നു. ലഭ്യമായ തുണിക്ക് അനുസരിച്ച് സ്വകാര്യ ധനകാര്യം കോട്ട് തുന്നുമ്പോൾ കോട്ടിന്റെ ആവശ്യകതക്കനുസരിച്ച് പൊതുമേഖല തുണി തെരഞ്ഞെടുക്കുന്നു.

2. കടംവാങ്ങൽ

സർക്കാരിന് ആഭ്യന്തര ബാഹ്യ സ്രോതസ്സുകളിലൂടെ കടമെടുക്കാം. ബോണ്ടുകൾ പുറപ്പെടുവിച്ചുകൊണ്ട് ഇവർക്ക് ജനങ്ങളിൽ നിന്ന് കടംവാങ്ങാം. എന്നിരുന്നാലും ഒരു വ്യക്തിക്ക് തന്നിൽ നിന്ന് കടംവാങ്ങാൻ കഴിയില്ല.

3. കറൻസി അച്ചടിക്കാനുള്ള അവകാശം

സർക്കാരിന് കറൻസി അച്ചടിക്കാൻ കഴിയും കറൻസി സൃഷ്ടിക്കൽ, വിതരണം, നിരീക്ഷിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്വകാര്യ മേഖലക്ക് കറൻസി സൃഷ്ടിക്കാൻ കഴിയില്ല.

4. കാലിക ഭാവി തീരുമാനങ്ങൾ

ഭാവിയിലെ ആസൂത്രണത്തിലും ദീർഘകാല തീരുമാനങ്ങൾ എടുക്കുന്നതിലും പൊതുധനകാര്യം കൂടുതൽ ഇടപെടുന്നു. ഈ മുതൽമുടക്കുകളിൽ സ്കൂൾ നിർമ്മാണം, ആശുപത്രികൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. സ്വകാര്യ ധനകാര്യം ഹ്രസ്വകാല വീക്ഷണമുള്ള പ്രോജറ്റുകളെ കുറിച്ചുള്ള സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

5. ലക്ഷ്യം

സമ്പദ്വ്യവസ്ഥയിൽ സാമൂഹ്യനേട്ടം പ്രദാനം ചെയ്യുക എന്നതാണ് പൊതുമേഖലയുടെ പ്രധാന ലക്ഷ്യം. വ്യക്തിഗത ആനുകൂല്യം പരമാവധിയാക്കുക എന്നതാണ് സ്വകാര്യമേഖല ലക്ഷ്യമിടുന്നത്. അതായത് ലാഭം.

12th Economics Malayalam_Chapter-09.indd 178 2/3/2023 10:51:34 AM

6. വരുമാനം നേടാനുള്ള നിർബന്ധം

ഒരു സ്വകാര്യ വ്യക്തിയുടെ വരുമാന സ്രോതസ്സുകൾ താരതമ്യേന പരിമിതമാണ്. അതേ സമയം ഗവൺമെന്റിന്റെ വിഭവങ്ങൾ വിശാലമാണ്. സർക്കാരിന് അതിന്റെ അധികാരവും ഉപയോഗിക്കാൻ കഴിയും.

7. കടുത്തതും മനപൂർവവുമായ മാറ്റങ്ങൾ വരുത്താനുള്ള കഴിവ്

പൊതുധനകാര്യത്തിന് വരുമാനവുമായി ബന്ധപ്പെട്ട് കടുത്ത തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ട്. ഉദാഹരണത്തിന്, വരുമാനം ഫലപ്രദമായും മനപൂർവ്വമായും ക്രമീകരിക്കാൻ കഴിയും. എന്നാൽ വ്യക്തികൾക്ക് അത്തരം വമ്പിച്ച തീരുമാനങ്ങൾ എടുക്കാൻ കഴിയില്ല.

9.6 ആധുനിക സ്റ്റേറ്റിന്റെ പ്രവർത്തനം

ആധുനികസംസ്ഥാനം എന്നത് ഒരു പോലീസ് സംസ്ഥാനം മാത്രമല്ല ഒരു ക്ഷേമരാഷ്ട്രമാണ്.സാമ്പത്തികവുംസാമൂഹകവുമായതലക്കെട്ടുകൾ സൃഷ്ടിക്കുന്നതിലൂടെയും സുസ്ഥിര വികസനത്തിനായുള്ള ആന്തരിക ബാഹ്യവിഭവങ്ങൾ സ്ഥിരമാക്കുന്നതിലും, സുസ്ഥിര പുരോഗതിക്കായി വിഭവങ്ങൾ സംരക്ഷിക്കുന്നതിലൂടെയും സ്റ്റേറ്റിന് പ്രധാന പങ്കുണ്ട്.



(i) സുരക്ഷ

ബാഹ്യആക്രമണത്തിൽനിന്നുംആന്തരിക മുന്നേറ്റങ്ങളിൽനിന്നുംജനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഗവൺമെന്റിന്റെ പ്രാഥമിക പ്രവർത്തനം. സുരക്ഷാ സേവനങ്ങൾക്കു വേണ്ടി ഗവൺമെന്റ് വേണ്ടത്ര പോലീസിന്റെയും സൈനീകസേനയുടെയും ക്രമീകരണങ്ങൾ നടത്തണം.

(ii) നീതിന്യായം:

തർക്കങ്ങൾ പരിഹരിക്കുക. നീതി ലഭ്യമാക്കുക എന്നിവ ഗവൺമെന്റുമായി ബന്ധപ്പെട്ടതാണ്. എല്ലാവിഭാഗം പൗരൻമാർക്കും നീതി ലഭിക്കുന്നതിന് വേണ്ടത്ര നീതിന്യായ ഘടന ഭരണഘടന അനുവദിക്കണം.

(iii) സംരംഭങ്ങൾ

സ്വകാര്യ സംരംഭത്തിന്റെ നിയന്ത്രണവും ക്രമീകരണവും ധുനിക സ്റ്റേറ്റിന് കീഴിലാണ്. ചില സംരംഭകങ്ങളുടെ ഉടമസ്ഥാവകാശവും അവ വിജയകരമായി നടത്തുന്നതും സർക്കാരിന്റെ ഉത്തരവാദിത്തങ്ങളാണ്.

12th Economics Malayalam_Chapter-09.indd 179 2/3/2023 10:51:34 AM

(iv) സാമൂഹ്യക്ഷേമം

രാജ്യത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ, സാമൂഹ്യ പരിരക്ഷ, ആരോഗ്യം, ശുചിത്വം എന്നിവക്കായി വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടത് സംസ്ഥാന ത്തിന്റെ കടമയാണ്.

(v) അടിസ്ഥാന സൗകര്യങ്ങൾ

സാമൂഹ്യവും സാമ്പത്തികവുമായ അടി സ്ഥാന ആവശ്യങ്ങൾ സൃഷ്ടിച്ച് രാജ്യത്തിന്റെ സാമ്പത്തികവികസനത്തിന് അടിത്തറ പണി യണം.

(vi) സ്ഥൂലസാമ്പത്തികനയം

സ്ഥൂല സാമ്പത്തിക ലക്ഷ്യങ്ങൾ നേടു ന്നതിന് വേണ്ടി സാമ്പത്തിക നയവും പണന യവും ഗവൺമെന്റ് നടത്തേണ്ടതുണ്ട്.

(vii) സാമൂഹ്യനീതി

ഒരു സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാ പ്രക്രി യയിൽ സമൂഹത്തിലെ ചില വിഭാഗങ്ങൾ മറ്റു ള്ളവരുടെ ചെലവിൽ നേട്ടമുണ്ടാക്കുന്നു. വരു മാനം പുനർവിതരണം ചെയ്യുന്നതിനായി ധനപര മായ നടപടികളിൽ സർക്കാർ ഇപെടേണ്ടതുണ്ട്.

(viii) കുത്തകനിയന്ത്രണം

ഗവൺമെന്റിന്റെ മറ്റൊരു പ്രവർത്തന മാണ് സാമ്പത്തിക ശക്തികളുടെ കേന്ദ്രീകരണം എന്ന മറ്റൊരു തിൻമയെ ദുരീകരിക്കൽ എന്നത് അതിനാൽ കുത്തകളെ നിയന്ത്രിക്കാനും സാമ്പ ത്തിക ശക്തി കേന്ദ്രീകരിക്കുന്ന വ്യാപാര പ്രവർ ത്തനങ്ങളെ നശിപ്പിക്കാനും സ്റ്റേറ്റ് ഇടപെടുന്നു.

ഇത് നിയന്ത്രിക്കാൻ വേണ്ടി സ്റ്റേറ്റിന് മൂന്നുതര ത്തിലുള്ള പങ്കുണ്ട്.

i) ചരക്കുകളുടെയും സേവനങ്ങളുടെയും നിർ മ്മാതാവ് എന്ന നിലയിൽ.

ii) പൊതുചരക്കുകളുടെയും സാമൂഹ്യ ചരക്കു കളുടെയും വിതരണക്കാർ എന്ന നിലയിൽ.

iii) ഒരു സംവിധാനത്തിന്റെ നിയന്ത്രകൻ.

9.7 പൊതുചെലവ്

9.7.1. അർത്ഥം

ഒരു രാജ്യത്തിലെ കേന്ദ്ര, സംസ്ഥാന പ്രാദേശിക ഗവൺമെന്റുകൾ നിർവഹിക്കുന്ന ചെലവാണ് പൊതു ചെലവ്.

9.7.2. നിർവചനം

പൊതുചെലവിനെ ഇങ്ങനെ നിർവചിച്ചി രിക്കുന്നു. "ജനങ്ങളുടെ കൂട്ടായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനായി കേന്ദ്ര, സംസ്ഥാന, പ്രാ ദേശിക പൊതു വിഭാഗങ്ങൾ ചെലവാക്കുന്ന താണ് പൊതു ചെലവ്."

9.7.3. പൊതുചെലവുകളുടെ തരംതിരിവുകൾ:

1. **നേട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള തരം തിരിവ്:**

കോൺ, പ്ലെഹൻ എന്നിവർ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ പൊതു ചെലവിനെ നാലായി തരംതിരിച്ചിരിക്കുന്നു:

a) എല്ലാ സമൂഹത്തിനും പ്രയോജനപ്പെടുന്ന പൊതുചെലവ്, ഉദാഹരണത്തിന് പൊതു ഭരണം, പ്രതിരോധം, വിദ്യാഭ്യാസം, പൊതു ജനാരോഗ്യം, ഗതാഗതം എന്നിവയ്ക്കുള്ള ചെലവ്.

b) ചില വ്യക്തികൾക്ക് ഒരു പ്രത്യേക ആനു കൂല്യവുംഒരേസമയംനീതിയുടെപൊതുവായ ആനുകൂല്യവും നൽകുന്ന പൊതുചെലവ് ഉദാഹരണം, നീതിന്യായ ഭരണം തുടങ്ങിയവ.

c) ചിലപ്രത്യേകവിഭാഗം വ്യക്തികൾക്ക് നേരിട്ട് നേട്ടം ലഭിക്കുന്നതും മുഴുവൻ സമൂഹത്തി നും പരോക്ഷനേട്ടം ലഭിക്കുന്നതുമായ

12th Economics Malayalam_Chapter-09.indd 180 2/3/2023 10:51:34 AM

പൊതു ചെലവുകൾ. ഉദാ : സാമൂഹ്യ സുരക്ഷ, പൊതു ക്ഷേമം, പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവ.

d) കുറച്ചു വ്യക്തികൾക്ക് ചില പ്രത്യേക നേട്ടങ്ങൾ അനുവദിക്കുന്ന പൊതു ചെലവ്, ഉദാഹരണം ചില പ്രത്യേക വ്യവസായങ്ങൾക്ക് നൽകുന്ന സബ്സിഡി.

2. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ്:

ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തില പൊതു ചെലവിനെ ആഡം സ്മിത്ത് താഴേപറയുന്ന വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു:

a) **സംരക്ഷണ പ്രവർത്തനങ്ങൾ:** ഇതിൽ ഉൾപ്പെടുന്നത് രാജ്യത്തെ പൗരൻമാരുടെ സുരക്ഷ, ബാഹ്യ അധിനിവേശത്തിൽ നിന്നും ആന്തരിക തകരാറിൽ നിന്നും സംരക്ഷിക്കുക, ഉദാ: സുരക്ഷ, പോലീസ്, കോടതികൾ മുതലായവക്കുള്ള പൊതു ചെലവ്.

b) **വാണിജ്യ പ്രവർത്തനങ്ങൾ:** വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും പുരോഗതിക്കു വേണ്ടി ചെലവാക്കുന്ന പൊതുചെലവ്.

c) **വികസന പ്രവർത്തനങ്ങൾ:** അടിസ്ഥാന വികസനത്തിനും വ്യവസായത്തിനുമായിചെലവഴിച്ച പൊതുചെലവ് ഇതിൽ ഉൾപ്പെടുന്നു.

9.7.4. ഗവൺമെന്റ് ചെലവ് വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ

ആധുനിക രാഷ്ട്രം ഒരു ക്ഷേമരാഷ്ട്രമാണ്. ക്ഷേമരാഷ്ട്രത്തിൽ ഗവൺമെന്റിന് നിരവധി പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. ഉദാഹരണത്തിന് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ഈ കാരണങ്ങളൊക്കെയാണ് പൊതു ചെലവ് വർദ്ധിക്കാനുള്ള കാരണങ്ങൾ.

1. ജനസംഖ്യാവളർച്ച

കഴിഞ്ഞ 67 വർഷത്തെ ആസൂത്രണത്തിൽ ഇന്ത്യയുടെ ജനസംഖ്യ 1951 ൽ 36.1 കോടിയിൽ നിന്നും 2011 ൽ 121 കോടിയായി വർദ്ധിച്ചു. ജനസംഖ്യാ വളർച്ചയ്ക്ക് ആരോഗ്യം, വിദ്യാഭ്യാസം, നിയമം എന്നിവയിൽ കടുത്ത നിക്ഷേപം ആവശ്യമാണ്. യുവജനങ്ങൾക്ക് വിദ്യാഭ്യാസം. സേവനങ്ങൾ എന്നിവക്ക് കൂടുതൽ ചെലവ് നേരിടുന്നു. എന്നാൽ പ്രായമായവർക്ക് കൈമാറ്റ ചെലവുകളായ വാർദ്ധക്യപെൻഷൻ, സാമൂഹിക സുരക്ഷയും ആരോഗ്യസൗകര്യങ്ങളും എന്നിവക്ക് അധിക തുക വേണ്ടിവരുന്നു.

2. പ്രതിരോധ ചെലവ്

ആസൂത്രണ കാലയളവിൽ ഇന്ത്യയിൽ പ്രതിരോധ ചെലവിൽ വളരെയധികം വർദ്ധനവുണ്ടായി. പ്രതിരോധ ഉപകരണങ്ങളുടെ നവീകരണത്തിന് പ്രതിരോധ ചെലവ് ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കയാണ്. 1990 91ൽ സർക്കാരിന്റെ പ്രതിരോധ ചെലവ് 10.874 കോടി രൂപയിൽ നിന്നും 2018 19 2,95,511 കോടിയായി വർദ്ധിച്ചു.

3. ഗവൺമെന്റ് സബ്സിഡികൾ

ഭക്ഷണം, രാസവളങ്ങൾ, മുൻഗണനാമേഖലയിലെ വായ്പയുടെ പലിശ, കയറ്റുമതി, വിദ്യാഭ്യാസം തുടങ്ങിയവക്ക് ഗവൺമെന്റ് വൻതോതിൽ സബ്സിഡി നൽകുന്നു. വൻതോതിലുള്ള സബ്സിഡികൾ നൽകുന്നത് പൊതുചെലവ് വർദ്ധിക്കാൻ ഇടയാകുന്നു.

1990-91 ൽ കേന്ദ്ര സർക്കാർ നൽകിയ സബ്സിഡികൾക്കുള്ള ചെലവ് ₹9581 കോടി ആയിരുന്നു. ഇത് 2018-19 ൽ ₹2,29,715.67 കോടിയായി വർദ്ധിച്ചു. ഇതിനുപുറമെ കോർപറേറ്റ് മേഖലകൾക്കും ₹5 ലക്ഷം കോടിയിലധികം സബ്സിഡികൾ നൽകുന്നു.

4. കടസേവനം

ഗവൺമെന്റ് ആന്തരികവും ബാഹ്യവുമായ ഉറവിടങ്ങളിൽ നിന്ന് ഭീമമായ തുക കടമെടുക്കുന്നു. ഇതിന്റെ ഫലമായി കടസേവനങ്ങൾക്കായി

12th Economics Malayalam_Chapter-09.indd 181 2/3/2023 10:51:34 AM

സർക്കാർ ഭീമമായ തുക തിരിച്ചടക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പലിശയടവ്.

1990–91 ൽ ₹21,500 കോടിയിൽ നിന്ന് 2018 –19 ൽ ₹5,75,794 കോടിയായി വർദ്ധിച്ചു.

5. വികസന പദ്ധതികൾ

ജലസേചനം, ഇരുമ്പുരുക്ക്, ഘനയന്ത്രങ്ങൾ, വൈദ്യുതി, വാർത്താവിനിമയം തുടങ്ങിയ വിവിധ വികസന പദ്ധതികൾ ഗവൺമെന്റ് ഏറ്റെടുക്കുന്നു. വികസന പദ്ധതികൾക്ക് കൂടുതൽ മുതൽമുടക്ക് ഉണ്ടാക്കുന്നു.

6. നഗരവൽക്കരണം

നഗരവൽക്കരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1950 5 ൽ ജനസംഖ്യയുടെ 17% നഗരവാസികളായിരുന്നു. ഇപ്പോൾ നഗരജനസമഖ്യ 43% ആയി ഉയർന്നു. ഒരു ദശലക്ഷത്തിലധികം ജനസംഖ്യയുള്ള 54 ൽ അധികം നഗരങ്ങളു്. നഗരവൽക്കരണത്തിന്റെ വർദ്ധനവിന് ക്രമസമാധാനം, വിദ്യാഭ്യാസം, നാഗരിക സൗകര്യങ്ങൾ എന്നിവക്കായി കടുത്ത ചെലവ് വേണ്ടിവരുന്നു.

7. വ്യവസായവൽക്കരണം

അടിസ്ഥാന ഘനവ്യവസായങ്ങൾക്ക് കൂടുകൽമൂലധനവുംനീണ്ടകാലയളവുംആവശ്യമായിവരുന്നു. ആസൂത്രതമേഖലയിൽ അത്തരം വ്യവസായങ്ങൾ തുടങ്ങുന്നത് ഗവൺമെന്റാണ്. അവികസിത രാഷ്ട്രങ്ങൾക്ക് ഗതാഗതം, വാർത്താവിനിമയം, വൈദ്യുതി, ഇന്ധനം മുതലായ ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്.

8. സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങൾക്കുള്ള ധനസഹായത്തിൽ വർദ്ധനവ്

പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സ്റ്റേറ്റ് യൂണിയൻ പ്രദേശങ്ങൾക്ക് ധനസഹായം നൽകുന്നതിൽ വൻ വർദ്ധനവുണ്ടായി.

9.8 പൊതുവരുമാനം

ഗവൺമെന്റ് നിരവധി പ്രവർത്തനങ്ങൾ നിർവഹിക്കേതുണ്ട്. പൊതു വരുമാനത്തിലൂടെ മാത്രം ധനസഹായം ചെയ്യാൻ കഴിയുന്ന പൊതു ചെലവിന്റെ ഗണ്യമായ തുക അവയിൽ ഉൾപ്പെടുന്നു. പൊതു വരുമാനത്തിന്റെ അളവ് പൊതു ചെലവിന്റെ ആവശ്യത്തെയും ജനങ്ങൾക്ക് കൊടുക്കാനുള്ള കഴിവിനെയും ആശ്രയിച്ചിരിക്കുന്നു.

9.8.1. അർത്ഥം

എല്ലാ ഉറവിടങ്ങൾ വഴിയും ലഭിക്കുന്ന ഗവൺമെന്റിന്റെ വരുമാനമാണ് പൊതുവരുമാനം.


ഡാൽട്ടന്റെ അഭിപ്രായത്തിൽ, പൊതുവരുമാനം എന്ന പദത്തിന് രണ്ട് ഇന്ദ്രിയങ്ങൾ ഉണ്ട്. ഇടുങ്ങിയതും വിശാലവും ഇതിന്റെ വിശാല അർത്ഥത്തിൽ ഏതുസമയത്തും ഒരു പൊതു വിഭാഗം സുരക്ഷിതമാക്കുന്ന എല്ലാ വരുമാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇടുങ്ങിയ അർത്ഥത്തിൽ വരുമാനസ്രോതസ്സുകൾ എന്ന് പൊതുവെ അറിയപ്പെടുന്ന പൊതുവിഭാഗത്തിന്റെ വരുമാനം മാത്രമേ ഇതിൽ ഉൾപ്പെടുന്നുള്ളൂ. ആവശ്യകത ഒഴിവാക്കാനായി ആദ്യത്തേതിനെ പൊതുരസീതുകൾ എന്നും രണ്ടാമത്തേതിനെ പൊതു വരുമാനം എന്നും വിശേഷിപ്പിക്കുന്നു.

ഇടുങ്ങിയ അർത്ഥത്തിൽ വരുമാന സ്രോതസ്സുകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സർക്കാരിന്റെ വരുമാന ഉറവിടങ്ങൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ. വിശാലമായ അർത്ഥത്തിൽ ഗവൺമെന്റിന്റെ ലോണുകൾ ഇതിൽ ഉൾപ്പെടുന്നു.

9.8.2. പൊതുവരുമാനത്തിന്റെ തരംതിരിക്കൽ.

പൊതുവരുമാനത്തെ 2 ആയി തരംതിരിക്കാം.

12th Economics Malayalam_Chapter-09.indd 182 2/3/2023 10:51:34 AM



9.9 നികുതി വരുമാനം

9.9.1. അർത്ഥം

പൊതുചെലവ് നേരിടാൻ വേണ്ടി പൗരൻമാർ നിർബന്ധമായി ഗവൺമെന്റിന് നൽകുന്നതാണ് നികുതി. ഇത് നിയമപരമായി ഗവൺമെന്റ് നികുതിദായകന്റെ മേൽ അടിച്ചേൽപ്പിക്കുന്നതാണ്. ഒരു വിധത്തിലും നികുതിദായകന് ഇതിൽ നിന്നും വിട്ടുനിൽക്കാൻ കഴിയില്ല.



9.9.2 നിർവചനങ്ങൾ

"നികുതിദായകന് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യത്തെകുറിച്ച് പരാമർശിക്കാതെ ഒരു വ്യക്തിയോ സ്ഥാപനമോ സർക്കാരിന് നൽകിയ നിർബന്ധിത ചെലുത്തലാണ് നികുതി."

-അനാറ്റോൾ മുറാദ്

"നികുതിദായകന് കൃത്യമായ സേവനത്തിന്റെ തുക കണക്കിലെടുക്കാതെ പൊതു അധികാരികൾ ചുമത്തുന്ന നിർബന്ധിത സംഭാവനയാണ് നികുതി ഏതെങ്കിലും നിയമകുറ്റത്തിന് പിഴയായി ഈടാക്കാറില്ല."

- ഡാൾട്ടൺ

9.9.3. നികുതിയുടെ സവിശേഷതകൾ

1. നികുതി എന്നത് സർക്കാരിന് നിർബന്ധിതമായി അടയ്ക്കുന്നതാണ്. നികുതി ചുമത്തുന്ന വ്യക്തി കൃത്യമായി നികുതി അടയ്ക്കണം. നികുതിനൽകാൻ വിസമ്മതിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്.
2. ഒരു നികുതിദായകനും പൊതു അധികാരികളും തമ്മിൽ തുല്യത ഇല്ല. ഇതിനർത്ഥം നികുതി അടയ്ക്കുന്ന വ്യക്തിക്ക് നികുതി അടയ്ക്കുന്നതിനെതിരെ ഒരു പ്രത്യേക ആനുകൂല്യവും ക്ലെയിം ചെയ്യാൻ കഴിയില്ല എന്നാണ് ഇതിൻറെ അർത്ഥം
3. നികുതി ദായകന്റെ ഭാഗത്തുനിന്നും ചില ത്യാഗങ്ങൾ ഓരോ നികുതിയിലും ഉൾപ്പെടുന്നു
4. നിയമലംഘനത്തിന് പിഴയായി നികുതി ചുമത്തുന്നില്ല.

നികുതി വരുമാന ഉറവിടങ്ങളിൽ ചിലത്

- ❖ വരുമാന നികുതി
- ❖ കോർപ്പറേറ്റ് നികുതി
- ❖ വില്പന നികുതി
- ❖ സർചാർജ്
- ❖ സെസ്

9.9.4. നികുതി ഇതര വരുമാനം

നികുതി ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്ന് ഗവൺമെന്റിന് ലഭിക്കുന്ന വരുമാനമാണ് നികുതി ഇതര വരുമാനം. നികുതിഇതര വരുമാനത്തിന്റെ ഉറവിടങ്ങൾ

1. ഫീസ്

സർക്കാരിന്റെ മറ്റൊരു പ്രധാന വരുമാനമാർഗ്ഗമാണ് ഫീസ്, പൗരൻമാർക്ക് ഒരു സേവനം നൽകുന്നതിന് പൊതു അധികാരികൾ ഫീസ് ഈടാക്കുന്നു. നികുതിയിൽ നിന്ന് വ്യത്യസ്തമായി ഫീസിന്റെ കാര്യത്തിൽ നിർബന്ധമില്ല. സർക്കാർ ചില സേവനങ്ങൾ നൽകുകയും അവർക്ക് ചിലഫീസ് ഈടാക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് പാസ്പോർട്ടുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ എന്നിവ നൽകുന്നതിന് ഫീസ് ഈടാക്കുന്നു.

12th Economics Malayalam_Chapter-09.indd 183 2/3/2023 10:51:34 AM

2. പിഴ

പിഴ എന്നത് നിയമലംഘനത്തിന് ഒരു വ്യക്തിയുടെ മേൽ ചുമത്തുന്നതാണ്. ഉദാഹരണത്തിന്, ട്രാഫിക് നിയമലംഘനം, നിശ്ചിത സമയത്തിനുശേഷം വരുമാന നികുതി അടയ്ക്കൽ തുടങ്ങിയവ.

3. പൊതുസംരംഭങ്ങളിൽ നിന്നുള്ള വരുമാനം

പൊതുസംരംഭങ്ങളിൽ നിന്നുള്ള മിച്ചം വഴി സർക്കാരിന് വരുമാനം ലഭിക്കുന്നു. ചില പൊതുമേഖലാ സ്ഥാപനങ്ങൾ മികച്ചലാഭം നേടുന്നു. സർക്കാരിന് ലഭിക്കുന്ന ലാഭം അല്ലെങ്കിൽ ലാഭവിഹിതം പൊതു ചെലവിനായി ഉപയോഗപ്പെടുത്താം.

4. മെച്ചപ്പെട്ട ചുമത്തലിന്റെ പ്രത്യേക വിലയിരുത്തൽ

ചിലസർക്കാർ പ്രവർത്തനങ്ങളുടെയോ പൊതു പദ്ധതികളുടെയോ ഉപഭോക്താക്കളായ സമൂഹത്തിലെ ചിലഅംഗങ്ങൾക്ക് ഈടാക്കുന്ന ഒരു പ്രത്യേക വില ഈടാക്കലാണ് ഇത്. ഉദാഹരണത്തിന് ഒരു പൊതു പാർക്ക് കാരണം അല്ലെങ്കിൽ ഒരു റോഡ് നിർമ്മാണം കാരണം ആ പ്രദേശത്തെ വ്യക്തികൾക്ക് സ്വത്തിൽ അല്ലെങ്കിൽ ഭൂമിയിൽ ഒരു വില മതിപ്പ് അനുഭവപ്പെടാം.

5. സമ്മാനങ്ങളും ധനസഹായങ്ങളും

- ഒരു ഗവൺമെന്റിൽ നിന്നും മറ്റൊരു ഗവൺമെന്റിലേക്ക് തുക അനുവദിക്കുന്നത് ആധുനിക കാലത്തെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. കേന്ദ്രഗവൺമെന്റ് സ്റ്റേറ്റ് ഗവൺമെന്റിനും സ്റ്റേറ്റ് ഗവൺമെന്റ് പ്രാദേശിക ഗവൺമെന്റുകൾക്കും അവരുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് തുക അനുവദിക്കുന്നു.

- വിദേശരാജ്യങ്ങളിൽ നിന്നുള്ള തുകയെ വിദേശ രാജ്യങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്ന് സൈനിക സഹായം, ഭക്ഷ്യസഹായം, സാങ്കേതിക സഹായം എന്നിവ സ്വീകരിക്കുന്നു.

6. അവകാശികളില്ലാത്ത സർക്കാരിൽ വന്നുചേരുന്ന വസ്തു

നിയമാവകാശികൾ ഇല്ലാതെയും വില്പത്രങ്ങൾ ഇല്ലാതെയോ ഒരു വ്യക്തി മരണപ്പെടുമ്പോൾ അയാളുടെ സ്വത്ത് ഗവൺമെന്റ് അവകാശപ്പെടുന്നു.


9.9.5. നികുതി ചുമത്തലിന്റെ തത്വങ്ങൾ:

ഒരു നല്ല നികുതിക്ക് ഉണ്ടാകേണ്ട ഗുണങ്ങൾ അല്ലെങ്കിൽ സ്വഭാവ സവിശേഷതകളെയാണ് നികുതിയുടെ തത്വങ്ങളെ വിവരിക്കുന്നത്. തത്വങ്ങൾ വിവരിക്കുന്നത് വേറിട്ട നികുതിയുടെ ഗുണങ്ങളെയാണ്. നികുതി സമ്പ്രദായം മൊത്തത്തിലുള്ളതിന്റെ ഗുണങ്ങളല്ല. ഒരു നല്ല നികുതി സമ്പ്രദായത്തിന് വിവിധ തത്വങ്ങൾ ഉള്ള എല്ലാ നികുതികളുടെയും സംയോജനം ഉണ്ടായിരിക്കണം.

ആദംസ്മിത്തിന്റെ അഭിപ്രായത്തിൽ പരമാവധി ഈടാക്കലിന് നാലുപ്രധാന തത്വങ്ങൾ ഉണ്ട്. അവ താഴേ പറയുന്നു:

നികുതിചുമത്തലിന്റെ തത്വങ്ങൾ

1. കഴിവ് തത്വം
2. നിശ്ചയ തത്വം
3. സൗകര്യതത്വം
4. സാമ്പത്തികതത്വം



1. കഴിവുതത്വം

ജനങ്ങൾക്ക് അവരുടെ കഴിവിന് അനുസരിച്ച് നികുതി നൽകേണ്ടവിധത്തിൽ ഗവൺമെന്റ് നികുതി ചുമത്തണം. അത്തരം സാഹചര്യത്തിൽ ഒരു ധനികനായ വ്യക്തി ഒരു മധ്യവർഗവ്യക്തിയുമായോ ദരിദ്രനായ വ്യക്തിയുമായി താരതമ്യപ്പെടുത്തുമ്പോൾ അധികാര നികുതി നൽകണം.

2. നിശ്ചയതത്വം

നികുതിനിരക്ക് അല്ലെങ്കിൽ പണമടയ്ക്കൽ എന്നിവയെ കുറിച്ച് ഒരു അനിശ്ചിതത്വവും

12th Economics Malayalam_Chapter-09.indd 184 2/3/2023 10:51:34 AM

ഇല്ലെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്. ഗവൺമെന്റ് ഏകപക്ഷീയമായി നികുതി പിരിക്കുകയാണെങ്കിൽ അത് ജനങ്ങളുടെ പ്രവർത്തനശേഷിയെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു.

3. സൗകര്യത്വം

നികുതി പിരിക്കുന്ന രീതിയും നികുതി അടയ്ക്കുന്ന സമയവും ജനങ്ങളുടെ സൗകര്യത്തിന് അനുസൃതമായിരിക്കണം. എല്ലാ നികുതിദായകർക്കും ബുദ്ധിമുട്ടില്ലാതെ നികുതി ചുമത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഗവൺമെന്റ് സൗകര്യമാക്കണം.

4. സാമ്പത്തികത്വം

നികുതി പിരിക്കുന്നതിനായി ഗവൺമെന്റ് പണം ചെലവഴിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് നികുതി പിരിക്കുന്നതിന് ഉത്തരവാദിത്തമുള്ള വ്യക്തികൾക്ക് ശമ്പളം നൽകുന്നു. ശേഖരണ ചെലവ് കൂടിയ നികുതികളെ മോശനികുതികളായി കണക്കാക്കുന്നു. അതിനാൽ സ്മിത്തിന്റെ അഭിപ്രായത്തിൽ ശേഖരണ ചെലവ് വളരെ കുറഞ്ഞതും വിലകുറഞ്ഞതുമായ നികുതികൾ ഗവൺമെന്റ് ചുമത്തേണ്ടതാണ്

9.9.6. പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും

7509H

പ്രത്യക്ഷ നികുതി

ഒരു വ്യക്തിയുടെ വരുമാനത്തിനും സമ്പത്തിനുമേൽ ചുമത്തുന്ന നികുതിയാണ് പ്രത്യക്ഷ നികുതി ഇത് ഗവൺമെന്റിന് നേരിട്ട് നൽകുകയുംചെയ്യുന്നു. അത്തരം നികുതിയുടെഭാരംമാറ്റാൻ കഴിയില്ല. നികുതി പുരോഗമനപരമായതാണ്. വ്യക്തിയുടെ പണമടയ്ക്കൽ കഴിവിനനുസരിച്ച് ഇത് ഈടാക്കുന്നു. അതായത്, ധനികരിൽ നിന്നും അധികവും ദരിദ്രരിൽ നിന്ന് കുറവും നികുതി ശേഖരിക്കണം.

പ്രത്യക്ഷ നികുതിയുടെ പദ്ധതികളും നയങ്ങളും ശുപാർശ ചെയ്യുന്നത് ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യ ഗവൺമെന്റിന്റെ സെൻട്രൽ ബോർഡ് ഓഫ് ഡയറക്റ്റ് ടാക്സസ് (CBDT) ആണ്



12th Economics Malayalam_Chapter-09.indd 185 2/3/2023 10:51:36 AM

9.9.7. പ്രത്യക്ഷ നികുതിയുടെ ഗുണങ്ങൾ

1. സമത്വം

പ്രത്യക്ഷ നികുതി പുരോഗമനപരമാണ്. അതായത് നികുതിയുടെ അടിസ്ഥാനത്തിൽ നികുതിനിരക്ക് വ്യതയാസപ്പെടുന്നു. ഉദാ. കഴിവു തത്വം എന്നത് വരുമാന നികുതി പൂർത്തിയാക്കുന്നു.

2. നിശ്ചയം

പ്രത്യക്ഷ നികുതികൾക്ക് സ്ഥിരതത്വം ഉറപ്പുവരുത്താൻ കഴിയും. ഉദാഹരണമായി വരുമാന നികുതി അടയ്ക്കുന്ന വ്യക്തിക്ക് എപ്പോഴാണ് അല്ലെങ്കിൽ ഏതുനിരക്കിലാണ് അടക്കേണ്ടത് എന്നറിയാം.

3. ഇലാസ്തികത:

ഇലാസ്തികതയുടെ തത്വത്തെ പ്രത്യക്ഷ നികുതി തൃപ്തിപ്പെടുത്തുന്നു. വരുമാന നികുതി ഇലാസ്തിക സ്വഭാവമുള്ളതാണ്. വരുമാനം വർദ്ധിക്കുമ്പോൾ ഗവൺമെന്റിന്റെ നികുതി വരുമാനവും സ്വയമേ വർദ്ധിക്കുന്നു.

4. സാമ്പത്തികം

പ്രത്യക്ഷ നികുതി ശേഖരിക്കാനുള്ള ചെലവ് ഗണ്യമായി വളരെ കുറവാണ്. ഗവൺമെന്റിന് നേരിട്ട് നികുതിദായകർ ചെലുത്തുന്നു.

9.9.8. പ്രത്യക്ഷനികുതിയുടെ അപാകതകൾ

1. ജനപ്രീതിയില്ല

പ്രത്യക്ഷനികുതികൾപൊതുവെജനകീയമല്ല. ഇത് അസൗകര്യമുള്ളതും അയഞ്ഞതുമാണ്.

2. ഉല്പാദനക്ഷമതയെ ബാധിക്കുന്നത്

പല സാമ്പത്തിക വിദഗ്ദ്ധരുടെയും അഭിപ്രായത്തിൽ പ്രത്യക്ഷ നികുതി ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചേക്കാം. കൂടുതൽ വരുമാനം നേടാൻ പൗരൻമാർ തയ്യാറല്ല. കാരണം അത്തരം സാഹചര്യങ്ങളിൽ കൂടുതൽ നികുതി നൽകേണ്ടിവരും.

3. അസൗകര്യങ്ങൾ

നികുതി അടയ്ക്കുന്നവർ അക്കൗണ്ടുകൾ പരിപാലിക്കുന്നതിനും തിരിച്ച് സമർപ്പിക്കുന്നതിനും ഒരേ സമയം നികുതി അടയ്ക്കുന്നതും അസൗകര്യമായി കാണുന്നു.

4. നികുതി തട്ടിപ്പുകൾ

നേരിട്ടുള്ള നികുതിയുടെ ഭാരം വളരെ കടുത്തതാണ്. നികുതിദായകർ എല്ലായ്പ്പോഴും നികുതി ഒഴിവാക്കാൻ ശ്രമിക്കുന്നു. ഇത് ആത്യന്തികമായി കള്ളപ്പണത്തിന്റെ ഉല്പാദനത്തിലേക്ക് നയിക്കുന്നു. ഇത് സമ്പദ്വ്യവസ്ഥക്ക് ഹാനികരമാണ്.

9.9.9. പരോക്ഷ നികുതി

ചരക്കുകളും സേവനങ്ങളും വാങ്ങുന്ന ഒരു വ്യക്തിക്ക് ഈടാക്കുന്ന ഒരു നികുതിയാണ് പരോക്ഷനികുതിയായി പരാമർശിക്കുന്നത്. അത് സർക്കാരിന് പരോക്ഷമായി അടയ്ക്കുന്നു. നികുതിയുടെഭാരം മറ്റൊരാൾക്ക് എളുപ്പത്തിൽമാറ്റാം. ധനികരോ ദരിദ്രരോ ആയ എല്ലാ വ്യക്തികൾക്കും നികുതി ഈടാക്കുന്നു.

നിരവധിതരം പരോക്ഷ നികുതികളുണ്ട്:

എക്സൈസ് തീരുവ : നികുതി ഭാരം ചില്ലറ വ്യാപാരികൾക്കും മൊത്തക്കച്ചവടക്കാർക്കും നിർമ്മാതാവ് മാറ്റി നൽകുന്നു.

വില്പന നികുതി: ഒരു കടയുടമയോ ചില്ലറക്കാരനോ പണമടക്കുന്നു. തുടർന്ന് ചരക്കുകളുടെയും സേവനങ്ങളുടെയും വില്പന നികുതിഈടാക്കി നികുതി ഭാരം ഉപഭോക്താക്കളിലേക്ക് മാറ്റുന്നു.

കസ്റ്റം തിരുവ: രാജ്യത്തിന് പുറത്തു നിന്നുള്ള ചരക്കുകളിൽ നിന്ന് ഇറക്കുമതി തീരുവ ചുമത്തുന്നു. ആത്യന്തികമായി ഉപഭോക്താക്കളും ചില്ലറ വ്യാപാരികളും അടയ്ക്കുന്നു.

വിനോദനികുതി: സിനിമതിയേറ്റർ ഉടമകളുടെ ബാധ്യത അവർ സിനിമാ താരങ്ങൾക്ക് കൈമാറുന്നു.

12th Economics Malayalam_Chapter-09.indd 186 2/3/2023 10:51:36 AM

സേവന നികുതി: ഇത് സേവനങ്ങളായ ഫോൺ ബിൽ, ഇൻഷുറൻസ് പ്രിമിയം, ഹോട്ടലുകളിലെ ഭക്ഷണബില്ലുകൾ മുതലായവ.

9.9.10. പരോക്ഷ നികുതിയുടെ ഗുണങ്ങൾ

(1) വിശാലവ്യാപനം

എല്ലാ ഉപഭോക്താക്കളും അതായത് ധനികരോ, ദരിദ്രരോ ആയാലും പരോക്ഷ നികുതി നൽകണം. ഇക്കാരണത്താൽ പ്രത്യക്ഷനികുതിയേക്കാൾ കൂടുതൽ ആളുകളെ പരോക്ഷ നികുതിക്ക് ഉൾകൊള്ളാൻ കഴിയുമെന്ന് പറയപ്പെടുന്നു. ഉദാഹരണമായി, ഇന്ത്യയിൽ എല്ലാവരും പരോക്ഷ നികുതി അടക്കുന്നതിൽ വെറും രണ്ട് ശതമാനം ആദായനികുതി അടക്കുന്നതിലാണ്.

(2) നീതിപൂർവ്വമായ

ധനികരായ ആൾക്കാർ ഉപയോഗിക്കുന്ന ആഡംബരവസ്തുക്കളിൻമേൽ അധിക നികുതി ഈടാക്കുമ്പോൾ നീതിപൂർവ്വകം എന്ന തത്വത്തെ പരോക്ഷ നികുതി തൃപ്തിപ്പെടുത്തുന്നു.

(3) സാമ്പത്തികം

ഉല്പാദകരും റീട്ടെയിലുകാരും നികുതി ശേഖരിച്ച് ഗവൺമെന്റിന് നൽകുമ്പോൾ ശേഖരണ ചെലവ് വളരെ കുറവായിരിക്കും. വ്യാപാരികൾ സത്യസന്ധരായ നികുതി ശേഖകരായി പ്രവർത്തിക്കുന്നു.

(4) ദോഷകരമായ ഉപഭോഗം തടയുന്നു

ആരോഗ്യത്തിന് ഹാനികരമായ ചരക്കുകളിൽ സർക്കാർ നികുതി ചുമത്തുന്നു. ഉദാഹരണം പുകയില, മദ്യം മുതലായവയെ പാപ നികുതിയായി അറിയപ്പെടുന്നു.

(5) സൗകര്യപ്രദമായത്

പരോക്ഷനികുതികൾ ചരക്കുകളിലും സേവനങ്ങളിലും ഈടാക്കുന്നു. ഉപഭോക്താക്കൾ വാങ്ങുമ്പോഴെല്ലാം അവർ നികുതി അടക്കും നികുതി അടക്കുന്നതിന്റെ കഷ്ടത അവർക്ക് അനുഭവപ്പെടുന്നില്ല.

9.9.11. പരോക്ഷ നികുതിയുടെ അപാകതകൾ

(1) ശേഖരണത്തിന്റെ ഉയർന്ന ചെലവ്

പരോക്ഷ നികുതി ശേഖരിക്കുന്നതിനുള്ള ചെലവ് നേരിട്ടുള്ള നികുതിയെക്കാൾ കൂടുതലാണ്. പരോക്ഷ നികുതി പിരിക്കാൻ സർക്കാർ വലിയ തുക ചെലവഴിക്കണം.

(2) ഇലാസ്തികരഹിതം

പ്രത്യക്ഷ നികുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇലാസ്തികരഹിതം പരോക്ഷ നികുതികളിൽ കുറവാണ്. പരോക്ഷ നികുതികൾ സാധാരണയായി ആനുപാതികമാണ്.

(3) പിന്നോക്കംപോകുന്ന

പരോക്ഷനികുതികൾ ചിലപ്പോൾ അന്യായവും പിന്തിരിപ്പുമാണ്. കാരണം ധനികരും ദരിദ്രരും അവരുടെ വരുമാന നിലവാരം കണക്കിലെടുക്കാതെ ഒരേ നികുതി നൽകേണ്ടിവരുന്നു.

(4) അനിശ്ചിതത്വം

പരോക്ഷനികുതിയിലെ വർദ്ധന വില വർദ്ധിക്കുന്നതിനും ചരക്കുകളുടെ ചോദനം കുറയുന്നതിനും കാരണമാകുന്നു. അതിനാൽ പ്രതീക്ഷിക്കുന്ന വരുമാന ശേഖരണത്തെ കുറിച്ച് സർക്കാരിന് അനിശ്ചിതത്വമുണ്ട്. അതിനാൽ പരോക്ഷ നികുതിക്ക് കീഴിൽ ഡാൾട്ടന്റെ അഭിപ്രായത്തിൽ പരോക്ഷ നികുതിക്ക് കീഴിൽ 2+2 എന്നത് നാല് അല്ല മൂന്ന് അല്ലെങ്കിൽ മൂന്നിൽ കുറവാണെന്ന് ഡാൾട്ടൺ പറയുന്നു

(5) നാഗരിക ബോധമില്ല

നികുതി വിലയിൽ മറഞ്ഞിരിക്കുന്നതിനാൽ നികുതി അടക്കുന്നതിനെ കുറിച്ച് ഉപഭോക്താക്കൾക്ക് അറിയില്ല.

12th Economics Malayalam_Chapter-09.indd 187 2/3/2023 10:51:36 AM

9.9.12. താരതമ്യചാർട്ട്

താരതമ്യപ്പെടുത്താനുള്ള അടിസ്ഥാനം	പ്രത്യക്ഷ നികുതി	പരോക്ഷ നികുതി
അർത്ഥം	വ്യക്തിയുടെ വരുമാനത്തിലും സമ്പത്തിലും ഈടാക്കുകയും ഗവൺമെന്റിന് നേരിട്ട് അടയ്ക്കുകയും ചെയ്യുന്നതാണ് പ്രത്യക്ഷ നികുതി	ചരക്കുകളുംസേവനങ്ങളും ഉപയോഗിക്കുന്ന വ്യക്തിയുടെമേൽ ഈടാക്കുകയും ഗവൺമെന്റിന് പരോക്ഷമായി നികുതി അടക്കുകയും ചെയ്യുന്നതാണ് പരോക്ഷ നികുതി
സ്വഭാവം	പുരോഗമനം	പിന്നോക്കംവാങ്ങൽ
ഫലങ്ങളും ആഘാതങ്ങളും	ഒരേവ്യക്തിയിൽ തന്നെ	വ്യത്യസ്ത വ്യക്തികളിൻമേൽ
നികുതി അടിസ്ഥാനം	നികുതിദായകന്റെ വരുമാനവും സമ്പത്തും	ചരക്കുകളുടെ വാങ്ങൽ, വില്പന, അല്ലെങ്കിൽ നിർമ്മാണവും സേവന സൗകര്യങ്ങളും
ഒഴിവാക്കൽ	നികുതി ഒഴിവാക്കൽ സാധ്യമാണ്	ചരക്കുകളുടെയും സേവനങ്ങളുടെയും വിലയിൽ നികുതി ഉൾപ്പെടുന്നതിനാൽ ഒഴിവാക്കൽ കഷ്ടമാണ്
പണപ്പെരുപ്പം	പണപ്പെരുപ്പം നിയന്ത്രിക്കാൻ പ്രത്യക്ഷനികുതി സഹായിക്കുന്നു.	പരോക്ഷ നികുതി വില പണപ്പെരുപ്പം ഉയർത്തുന്നു.
ചുമത്തലും ശേഖരണവും	വ്യക്തികൾ, കമ്പനി, ഉല്പാദക യൂണിറ്റുകൾ എന്നിവയിൽ നിന്ന് നികാതി ചുമത്തുകയും ശേഖരിക്കുകയും ചെയ്യുന്നു	ചരക്കുകളുടെയും സേവനങ്ങളുടെയും ഉപഭോക്താക്കളുടെ മേൽ ചുമത്തുകയും ശേഖരിക്കുകയും ചെയ്യുന്നു. എന്നാൽ നികുതി ദായകൻ പണം നൽകി നിക്ഷേപിക്കുന്നു.
ഭാരം	മാറ്റം സാധ്യമല്ല	മാറ്റം സാധ്യമാണ്

9.9.13. GST (ചരക്ക് സേവന നികുതി)



- GST ഒരു പരോക്ഷനികുതിയാണ്. ഇത് ഇന്ത്യയിലെ നിരവധി പരോക്ഷ നികുതികളെ മാറ്റം വരുത്തി ചരക്ക് സേവന നികുതിനിയമം 2017 മാർച്ച് 29 ന് പാർലമെന്റ് അവതരിപ്പിച്ചു. 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്നു. ഓരോ മൂല്യവർദ്ധനവിനും ഈടാക്കുന്ന സമഗ്രമായ, മൾട്ടിസ്റ്റേജ്, ലക്ഷ്യസ്ഥാനം അടിസ്ഥാനമാക്കിയുള്ള നികുതിയാണ് ഇന്ത്യയിലെ ചരക്കുസേവന നികുതി.
- ലളിതമായി പറഞ്ഞാൽ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിൻമേൽ ഈടാക്കുന്ന പരോക്ഷ നികുതിയാണ് (GST).
- രാജ്യത്തിന് മൊത്തമായിട്ടുള്ള പരോക്ഷ നികുതിയാണ് GST.
- GST ക്കു കീഴിൽ വില്പനയുടെ അവസാന ഘട്ടത്തിൽ നികുതി ചുമത്തുന്നു. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ കേന്ദ്ര GST യും സംസ്ഥാന GST യും ഈടാക്കുന്നു.

12th Economics Malayalam_Chapter-09.indd 188 2/3/2023 10:51:36 AM



ഒന്നിലധികം ലെവികൾ സ്ഥാപിക്കുന്നതിന് ഒറ്റനികുതി നിർമ്മാതാവ് വിതരണക്കാരൻ മുതൽ ഉപഭോക്താവ്

ലക്ഷ്യസ്ഥാനം അടിസ്ഥാനമാക്കി

തമിഴ്നാട്ടിലെ നിർമ്മാണം പൂർത്തിയായ ചരക്കുകൾ കർണ്ണാടകയിലെ അവസാന ഉപഭോക്താക്കൾക്ക് വിൽക്കുന്നു. ഉപഭോഗ സമയത്ത് GST ചുമത്തുന്നനിനാൽ ഈ സാഹചര്യത്തിൽ മുഴുവൻ നികുതി വരുമാനവും കർണ്ണാടകയ്ക്ക് ലഭിക്കുന്നു. തമിഴ്നാടിന് ലഭിക്കുന്നില്ല.

GST യുടെ ഘടകങ്ങൾ

GST ക്ക് മൂന്നുതരം ഘടകങ്ങൾ ഉണ്ട്: CGST, SGST, IGST എന്നിവയാണ് അവ.

CGST: അന്തർസംസ്ഥാന വില്പനയിൻമേൽ കേന്ദ്രഗവൺമെന്റിൽ നിന്നും ഈടാക്കുന്നത് (ഉദാ: സംസ്ഥാനത്തിനകത്തോ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നോ)

SGST: അന്തർസംസ്ഥാന വില്പനകളിൽ നിന്നും സംസ്ഥാനഗവൺമെന്റ് ശേഖരിക്കുന്നത് (ഉദാ സംസ്ഥാനത്തിനകത്തോ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നോ)

IGST: സംസ്ഥാനങ്ങൾ തമ്മിലുള്ള വില്പനയിൽ കേന്ദ്രഗവൺമേന്റ് ശേഖരിക്കുന്നത് (ഉദാ: മഹാരാഷ്ട്രയിൽ നിന്നും തമിഴ്നാട്ടിലേക്ക്)

പുതിയ രീതിയിലുള്ള നികുതിഘടന താഴേപറയുന്നു :

കൈമാറ്റം	പുകിയഭരണ ക്രമം	പഴയ ഭരണക്രമം	
സംസ്ഥാനത്തി നകത്തവില്പന	CGST + SGST	VAT + സെൻട്രൽ എക്സൈസ്/സേവന നികുതി	കേന്ദ്രവും സംസ്ഥാനവും തുല്യമായി വരുമാനം വീതിക്കുന്നു
മറ്റൊരു സംസ്ഥാന ത്തിൽ വിൽക്കുന്നു	IGST	കേന്ദ്രവില്പന നികുതി + എക്സൈസ്/സേവന നികുതി	സംസ്ഥാനത്തിനകത്തെ വില്പന യിൽ ഒരു തരം നികുതി മാത്രം കാണുന്നു

വില്പന നികുതി VAT, GST എന്നിവയുടെ സ്വഭാവം

1. കുതിച്ചുയരുന്ന ഫലങ്ങളുള്ള ഒരു മൾട്ടി പോയിന്റ് നികുതിയാണ് വില്പന നികുതി.
2. കുതിച്ചുയരുന്ന ഫലങ്ങളില്ലാത്ത മൾട്ടി പോയിന്റ് നികുതിയാണ് VAT.
3. കുതിച്ചുയരുന്ന ഫലങ്ങളില്ലാത്ത ഒരു പോയിന്റ് നികുതിയാണ് GST

GST യുടെ നേട്ടങ്ങൾ

1. ചരക്കുകളുടെയും സേവനങ്ങളുടെയും വില്പനയിലെ ശക്തിപ്രവാഹം GST ഒഴിവാക്കുന്നു പ്രഭാവം നീക്കം ചെയ്യുന്നത് ചരക്കുകളുടെ വിലയെ നേരിട്ട് ബാധിക്കും. നികുതിയുടെ മേൽ നികുതി ഒഴിവാക്കുന്നതിനാൽ ചരക്കുകളുടെ വില കുറയുന്നു.

12th Economics Malayalam_Chapter-09.indd 189 2/3/2023 10:51:36 AM

2. GST പ്രധാനമായും സാങ്കേതികമായി നയിക്കുന്നു. രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, റീഫണ്ടിനുള്ള അപേക്ഷ, അറിയിപ്പിനോടുള്ള പ്രതികരണം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും GST പോർട്ടലിന്റെ ഓൺലൈനിൽ ചെയ്യേണ്ടതാണ്. ഇത് പ്രവർത്തനങ്ങളെ വേഗത്തിലാക്കും.

9.10

പൊതുകടം



പതിനെട്ട്പത്തൊൻപത് നൂറ്റാണ്ടുകളിൽ ഗവൺമെന്റിന്റെ പങ്ക് വളരെ കറവായിരുന്നു. എന്നാൽ 20 ാം നൂറ്റാണ്ടു മുതൽ ഗവൺമെന്റിന്റെ ഉത്തരവാദിത്തങ്ങളിൽ വളരെയധികം വർദ്ധനവുണ്ടായി. അതിനാൽ വ്യക്തികളിൽ നിന്നും രാജ്യത്തിനകത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ നിന്നും പരമ്പരാഗത സ്രോതസ്സുകൾ വഴികടമെടുക്കാൻ ഗവൺമെന്റ് അനുവദിക്കുന്നു. വികസനപ്രവർത്തനങ്ങൾക്കു വേണ്ടി അവികസിത രാജ്യങ്ങൾ ഭീമമായ തുക കടം വാങ്ങുന്നു. കടഭാരം കടുത്ത ഒരു പ്രശ്നമാണ്. മിക്കരാജ്യങ്ങളും കടക്കെണിയിലാണ്.

9.10.1. നിർവചനങ്ങൾ

"വാഗ്ദാനങ്ങൾ കൈവശമുള്ളവർക്ക് ഒരു പ്രധാന തുകയും മിക്ക സന്ദർഭങ്ങളിലും മുതലും പലിശയും നൽകാനുള്ള ട്രഷറി വാഗ്ദാനങ്ങളുടെ രൂപമാണ് കടം"

– ഫിലിപ്പ് ഇ ടെയ്ലർ

"സ്വകാര്യ മേഖലയിലെ വ്യക്തിക്കോ സ്ഥാപനങ്ങൾക്കോ ധനകാര്യ നിർമ്മാണ വില്പനയിൽ നിന്നുള്ള പണം, മാനുഷികശക്തി, വിഭവങ്ങൾ എന്നിവയ്ക്ക് സ്വകാര്യമേഖലയെ പ്രേരിപ്പിക്കുന്നതിനും ഈ വിഭവങ്ങൾ വാങ്ങുന്നതിനോ അല്ലെങ്കിൽ ക്ഷേമപ്രവർത്തനങ്ങൾക്കോ സബ്സിഡികൾക്കോ ഗവൺമെന്റ് പണം നൽകുന്നു".

– കാൾ .എസ്. ഷേപ്പ്

9.10.2. പൊതുകടത്തിന്റെ തരങ്ങൾ

i) ആന്തരിക പൊതുകടം

രാജ്യത്തിനകത്തെവിവിധസ്ഥാപനങ്ങളിൽ നിന്നോ രാജ്യത്തെ പൗരൻമാരിൽ നിന്നോ ഗവൺമെന്റടുക്കുന്ന ലോൺ ആണ് ആഭ്യന്തര പൊതുകടം. ആന്തരിക പൊതു കടത്തിൽ സമ്പത്ത് കൈമാറ്റം ഉൾപ്പെടുന്നു.

ആന്തരിക പൊതുകടത്തിന്റെ ഉറവിടങ്ങൾ താഴെ പറയുന്നവയാണ്:

- ഗവൺമെ ബോണ്ടുകളും ഈടുകളും വാങ്ങുന്ന വ്യക്തികൾ;
- സ്വകാര്യബാങ്കുകളും പൊതു ബാങ്കുകളും ഗവൺമെന്റിൽ നിന്ന് ബോണ്ടുകൾ വാങ്ങുന്നു.
- UTI, LIC, GIC തുടങ്ങിയ ധനകാര്യേതര സ്ഥാപനങ്ങളിൽ നിന്നും ഗവൺമെന്റ് ബോണ്ടുകൾ വാങ്ങുന്നു.
- സെൻട്രൽ ബാങ്ക് പണവിതരണ രൂപത്തിൽ ഗവൺമേന്റുകൾക്ക് വായ്പ നൽകാൻ കഴിയും. ഗവൺമെന്റിന്റെ ചെലവുകൾ നേരിടാൻ വേണ്ടി സെൻട്രൽ ബാങ്ക് പണം പുറത്തിറക്കുന്നു.

ii) ബാഹ്യപൊതുകടം

വിദേശത്തുനിന്നോ ഒരു അന്താരാഷ്ട്ര സംഘടനയിൽ നിന്നോ വായ്പ എടുക്കുമ്പോൾ അതിനെ ബാഹ്യ പൊതുകടം എന്ന് വിളിക്കുന്നു. IMF, IDA, ലോകബാങ്ക്, ADB മറ്റു രാജ്യങ്ങളിൽ നിന്നും ഗവൺമെന്റുകളിൽ നിന്നുമുള്ള ലോണുകൾ എന്നിവയാണ് പ്രധാന ബാഹ്യപൊതുകടത്തിന്റെ ഉറവിടങ്ങൾ.

12th Economics Malayalam_Chapter-09.indd 190 2/3/2023 10:51:36 AM

2018 ൽ രാജ്യങ്ങളുടെ ബാഹ്യ പൊതുകടം				
റാങ്ക്	രാജ്യം	ബാഹ്യകടം (USD Millions)	പ്രതിശീർഷം US ഡോളർ	GDP ശതമാനം
1	USA	21,171,000	58,200	98
2	UK	8,475,956	127,000	313
3	ഫ്രാൻസ്	5,689,745	87,200	213
4	ജർമനി	5,398,267	65,600	141
7	ജപ്പാൻ	3,586,817	28,200	74
13	ചൈന	1,710,625	1,200	14
21	റഷ്യ	537,458	3,700	40
22	ഇന്ത്യ	529,000	380	20

ഉറവിടം : ലോകബാങ്ക് റിപ്പോർട്ട്, (29-06-2018) 2018 അവസാനം ഇന്ത്യയുടെ ബാഹ്യകടം

9.10.3. പൊതുകടം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ

പൊതുകടം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ താഴേപറയുന്നു:

1. യുദ്ധവും യുദ്ധ തയ്യാറെടുക്കലും

യുദ്ധങ്ങളിൽ ഏർപ്പെടുന്നത് ഗവൺമെന്റിന്റെ കടം വർദ്ധിക്കുന്നതിന് പ്രധാന കാരണമാണ്. ആധുനിക കാലത്ത് യുദ്ധത്തിന് തയ്യാറെടുക്കലും ന്യൂക്ലിയർ സുരക്ഷാ നടപടികൾക്കും ഗവൺമെന്റിന്റെ വരുമാനത്തിന്റെ കൂടുതൽ ഭാഗവും ചെലവഴിക്കുന്നു. ഇത് കടം വർദ്ധിക്കാൻ ഇടയാക്കുന്നു.

2. സാമൂഹ്യ കടമകൾ

ആധുനിക സംസ്ഥാനങ്ങളെ ക്ഷേമസംസ്ഥാനങ്ങൾ ആയികണക്കാക്കുന്നു അതിനാൽ സാമൂഹ്യകടമകളായ പൊതു ജനാരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, ഇൻഷുറൻസ്, ഗതാഗതം വാർത്താവിനിമയം എന്നിവ ഏറ്റെടുത്തു നടത്തണം. രാജ്യത്തെ പൗരൻമാർക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെയാണിത്. ഇതിനുവേണ്ടി സ്റ്റേറ്റിന് ഭീമമായ പൊതുകടം നേരിടേണ്ടി വരും.

3. സാമ്പത്തിക വികസനവും അഭാവവും

രാജ്യത്തെ സാമ്പത്തിക വികസനത്തിനായി ഗവൺമെന്റ് നിരവധി പദ്ധതികൾ ഏറ്റെടുക്കുന്നു. യെറിൽവേ നിർമ്മാണം, ഊർജ്ജപദ്ധതികൾ, ജലസേചന പദ്ധതികൾ, ഘനവ്യവസായങ്ങൾ തുടങ്ങിയവ പൊതുകടത്തിന്റെ രൂപത്തിൽ വിഭവങ്ങൾ ശേഖരിച്ച് ഏറ്റെടുത്തു നടത്തുന്നു. കടുത്ത പൊതുചെലവ് കാരണം സർക്കാരുകൾ എല്ലായ്പ്പോഴും കമ്മിബഡ്ജറ്റുകൾ അഭിമുഖീകരിക്കുന്നു. അത്തരം കമ്മികൾക്ക് വായ്പ എടുക്കലിലൂടെ മാത്രമേ ധനസഹായം ലഭിക്കൂ.

4. തൊഴിലില്ലായ്മ

ആധുനിക കാലത്തെ മിക്ക ഗവൺമെന്റുകളും തൊഴിലില്ലായ്മ പ്രശ്നത്തെ അഭിമുഖീകരിക്കുന്നു. കടുത്ത ചെലവുമുഖേന ഇത് പരിഹരിക്കേണ്ടത് ഗവൺമെന്റിന്റെ ഒരു കടമായി മാറിയിരിക്കുന്നു. തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും സാമ്പത്തിക മാന്ദ്യം പരിഹരിക്കുന്നതിനും സർക്കാർ വലിയ ചെലവുകൾ

12th Economics Malayalam_Chapter-09.indd 191 2/3/2023 10:51:37 AM

ചെയ്യേണ്ടതുണ്ട്. ഇതിനായി ഗവൺമെന്റ് പൊതുകടം ആശ്രയിണ്ടേതുണ്ട്.

5.പണപ്പെരുപ്പം നിയന്ത്രിക്കൽ

പൊതുകടം വർദ്ധിപ്പിക്കുന്നതിലൂടെ വില വർദ്ധനവ് തടയുകയും സമ്പദ്വ്യവസ്ഥയിൽ ഒഴുകുന്ന അധിക പണത്തെ ഗവൺമെന്റിന് പിൻ വലിക്കാൻ കഴിയുന്നു .

6.തകർച്ചയെ നേരിടൽ

തകർച്ചാ ഘട്ടങ്ങളിൽ സ്വകാര്യമുതൽ മുടക്ക് കാണില്ല. ആഭ്യന്തര ബാഹ്യ ഉറവിടങ്ങളിൽ കൂടെ ഗവൺമേന്റ് നഷ്ടപരിഹാരം നൽകി ചെലവാക്കുന്നു.

9.10.4. പൊതുകടം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ

പൊതുകടം തിരിച്ചടയ്ക്കുന്ന പ്രവർത്തനമാണ് വീണ്ടെടുക്കൽ. ഗവൺമെന്റ് പൊതു ജനങ്ങൾക്ക് ഈടുകൾ വിൽക്കുന്നു. കാലാവധി പൂർത്തിയാക്കുന്ന സമയത്ത് ഈടുകൾ കൈവശം വയ്ക്കുന്ന വ്യക്തി ഗവൺമെന്റിന് നൽകുന്നു. കടം തിരിച്ചടക്കുന്നതിന് താഴേപറയുന്ന മാർഗങ്ങൾ സ്വീകരിക്കുന്നു.

(1) സിങ്കിങ് ഫണ്ട്

സിങ്കിങ് ഫണ്ട് എന്നു വിളിക്കുന്ന പ്രത്യേക ഫണ്ട് ഗവൺമെന്റ് ഉപയോഗിക്കുന്നു. ഈ ഫണ്ടിലേക്ക് സർക്കാർ ഓരോ വർഷവും ഒരു നിശ്ചിത തുക ക്രെഡിറ്റ് ചെയ്യുന്നു. കട കാലാവധി ആകുമ്പോൾ തുകയോടൊപ്പം പലിശയും ചേർന്ന് ഒരു വൻ തുക ശേഖരിക്കപ്പെടുന്നു. ഈ രീതി ആദ്യമായി ആരംഭിച്ചത് ഇംഗ്ലണ്ടിലെ വാൾപോളാണ്.

(2) പരിവർത്തനം

പൊതുകടം വീടുക്കലിനുള്ള മറ്റൊരു നടപടിയാണ് ലോണുകളുടെ പരിവർത്തനം. ഇതിനർത്ഥം ഒരു പഴയ ലോണിനെ പുതിയ രൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്നു. ഈ രീതിയനുസരിച്ച് കടുത്ത പലിശയുള്ള പൊതുകടത്തെ കുറഞ്ഞ പലിശയുള്ള പൊതുകടമാക്കി മാറ്റുന്നു. കട പരിവർത്തനം യഥാർത്ഥത്തിൽ കട ബാധ്യത കുറയ്ക്കുമെന്ന് ഡാൾട്ടൺ കരുതി.

(3) ബഡ്ജറ്റ് മിച്ചം

സർക്കാർ മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കടം തിരിച്ചടയ്ക്കാൻ ഇത് ഉപയോഗപ്പെടുത്താം. പൊതുവരുമാന ചെലവിനേക്കാൾ വർദ്ധിക്കുമ്പോൾ മിച്ചം സംഭവിക്കുന്നു. എന്നിരുന്നാലും ഈ രീതി വളരെ അപൂർവ്വമായി മാത്രമേ സാധ്യമാകൂ.

(4) തുല്യവാർഷിക ഗഡു

ഈ രീതി അനുസരിച്ച് തുല്യ വാർഷിക ഗഡുക്കളായി ഗവൺമെന്റ് പൊതുകടം തിരിച്ചടക്കുന്നു. പൊതുകടം വീട്ടാനുള്ള ഏറ്റവും എളുപ്പ മാർഗ്ഗമാണിത്.

(5) നിരസിക്കൽ

വായ്പ അടയ്ക്കുന്നതിനുള്ള ഭാരം ഒഴിവാക്കാനുള്ള ഏറ്റവും എളുപ്പമാർഗ്ഗമാണിത്. അത്തരം സാഹചര്യങ്ങളിൽ വായ്പ തിരിച്ചടക്കാനുള്ള ബാധ്യത സർക്കാർ തിരിച്ചറിയുന്നില്ല. യഥാർത്ഥമായി ഒരു വായ്പയും തിരിച്ചടയ്ക്കുന്നില്ല അതിനെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും, സാധാരണ ഗതിയിൽ സർക്കാർ അങ്ങനെ ചെയ്യുന്നില്ല. ചെയ്താൽ അതിന്റെ വിശ്വാസം നഷ്ടപ്പെടും.

(6) പലിശ നിരക്കിൽ കുറവ്

സാമ്പത്തിക ബുദ്ധിമുട്ടുവരുന്ന സമയങ്ങളിൽ പലിശ നിരക്ക് നിർബന്ധിതമായി കുറയ്ക്കുക എന്നതാണ് കടം വീട്ടുന്നതിനുള്ള മറ്റൊരു രീതി.

(7) മൂലധന ലെവി

ഒരു വ്യക്തിയുടെയോ ഏതെങ്കിലും സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിലുള്ള മൂലധന ആസ്തികൾക്ക് സർക്കാർ നികുതി ചുമത്തുമ്പോൾ അതിനെ മൂലധന ലെവി എന്ന് വിളിക്കുന്നു. മിനിമം പരിധിക്ക് മുകളിലുള്ള

12th Economics Malayalam_Chapter-09.indd 192 2/3/2023 10:51:37 AM

മൂലധന ആസ്തികൾക്ക് ഈ ലെവി ചുമത്തുന്നതാണ് ഉയർന്ന പുരോഗമന സ്കെയിൽ അങ്ങനെ ശേഖരിച്ച ഫണ്ട് യുദ്ധകാല കട ബാധ്യതകൾ അടയ്ക്കുന്നതിന് സർക്കാരിന് ഉപയോഗിക്കാൻ കഴിയും.

9.11 ബഡ്ജറ്റ്

'ബഡ്ജറ്റ്' എന്നവാക്കിന്റെഉത്ഭവംഫ്രഞ്ച് പദമായ 'ബഗെറ്റ്' ൽ നിന്നാണ് ഉണ്ടായത്. ഒരു 'ചെറിയ ലെതർ ബാഗ്' എന്നാണ് ഇതിന്റെ അർത്ഥം. വരാനിരിക്കുന്ന സാമ്പത്തിക വർഷത്തെ ഗവൺമെന്റ് കണക്കാക്കുന്ന വരുമാനവും ചെലവും കാണിക്കുന്ന ഒരു വാർഷിക സാമ്പത്തിക പ്രസ്താവനയാണ് ബഡ്ജറ്റ്.

9.11.1. നിർവചനങ്ങൾ

"പൊതു വരുമാനത്തിന്റെയും ചെലവിന്റെയും പ്രാഥമിക അംഗീകൃത പദ്ധതി ഉൾക്കൊള്ളുന്ന രേഖയാണിത്".

-റെനിസ്റ്റോർ.

"ഒരു നിശ്ചിത കാലയളവിലെ സാമ്പത്തിക ക്രമീകരണങ്ങളെ ബഡ്ജറ്റ് അർത്ഥമാക്കുന്നു. അവ നിയമസഭയിൽ അംഗീകരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന പതിവ് സൂചിപ്പിക്കുന്നു".

- ബസ്തബാലെ

9.11.2. കേന്ദ്രബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും

ഇന്ത്യ ഒരു ഫെഡറൽ സമ്പദ്വ്യവസ്ഥയാണ്. അതിനാൽ ദേശീയ ബഡ്ജറ്റിനെ സർക്കാരിന്റെ രണ്ട് പാളികളായി തിരിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടന അനുസരിച്ച് കേന്ദ്രഗവൺമെന്റ് വാർഷിക സാമ്പത്തിക പ്രസ്താവന സമർപ്പിക്കുന്നു. അതായത് ആർട്ടിക്കിൾ 112 പ്രകാരമുള്ള യൂണിയൻ ബഡ്ജറ്റ് പാർലമെന്റിന് സമർപ്പിക്കണം. കൂടാതെ ഓരോ സ്റ്റേറ്റ് ഗവൺമെന്റും ആർട്ടിക്കൾ 202 പ്രകാരം അവരുടെ വാർഷിക സാമ്പത്തിക പ്രസ്താവന നിയമസഭയിൽ സമർപ്പിക്കണം.

9.11.3. ബഡ്ജറ്റിന്റെ തരങ്ങൾ

വരുമാന മൂലധന ബഡ്ജറ്റ്

റവന്യൂ അക്കൗണ്ടിനും മറ്റു അക്കൗണ്ടുകൾക്കുമായുള്ള ചെലവിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിനെ രായി അവതരിപ്പിക്കാൻ കഴിയും.


i) റവന്യൂ ബഡ്ജറ്റ്: ഇതിൽ വരുമാന വരവും ചെലവും ഉൾപ്പെടുന്നു. വരുമാന വരവുകളെ നികുതി വരുമാനമെന്നും നികുതി ഇതര വരുമാനമെന്നും തിരിച്ചിരിക്കുന്നു. വരുമാന ചെലവിനെ പദ്ധതി വരുമാന ചെലവ്, പദ്ധതിയില്ലാത്ത വരുമാന ചെലവ് എന്നിങ്ങനെ തരം തിരിക്കാം.

ii) മൂലധന ബഡ്ജറ്റ്: ഇതിൽ മൂലധന വരുമാനവും ചെലവും ഉൾപ്പെടുന്നു. ഇതിൽ മൂലധന വരവിന്റെ പ്രധാന സ്രോതസ്സുകൾ ലോണുകൾ മുൻപണങ്ങൾ തുടങ്ങിയവയാണ്. മൂലധന ചെലവിനെ പദ്ധതി മൂലധന ചെലവെന്നും പദ്ധതി ഇതര മൂലധന ചെലവെന്നും രണ്ടായി തരം തിരിക്കാം.

iii) അനുബന്ധബഡ്ജറ്റ്: യുദ്ധ അടിയന്തരകാലത്തോ പ്രകൃതിദുരന്തങ്ങളായ സുനാമി, വെള്ളപ്പൊക്കം തുടങ്ങിയ സമയത്തേ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ചെലവുകൾ എല്ലായ്പ്പോഴും വേണ്ടത്ര രീതിയിൽ ഉള്ളതായിരിക്കില്ല. ഈ സാഹചര്യങ്ങളിൽ ഒരു അനുബന്ധ ബഡ്ജറ്റ് ആവശ്യമായിവരുന്നു ഇത്തരം ആകസ്മികമായ സംഭവങ്ങളെ നേരിടാൻ ഗവൺമെന്റ് ഒരു അനുബന്ധ ബഡ്ജറ്റ് അവതരിപ്പിക്കുന്നു.

iv) വോട്ട് ഓൺ അക്കൗണ്ട്: ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 116 പ്രകാരം ബഡ്ജറ്റ് ഒരു വർഷത്തിന്റെ മധ്യത്തിൽ അവതരിപ്പിക്കാൻ കഴിയും. കാരണം രാഷ്ട്രീയ സ്വഭാവമുള്ളതുകൊണ്ടാകാം. തെരഞ്ഞെടുപ്പ് നടക്കാതിരിക്കുന്നതിനാൽ നിലവിലുള്ള ഗവൺമെന്റിന് തുടരുകയോ തുടരാതിരിക്കുകയോ ചെയ്യാം. തുടർന്ന് ഗവൺമെന്റ് 'ലെയിംഡക്ക്ബഡ്ജറ്റ്' തുടങ്ങുന്നു. ഇതിനെ 'വോട്ട് ഓൺ അക്കൗണ്ട് ബഡ്ജറ്റ്' എന്നും വിളിക്കുന്നു.

12th Economics Malayalam_Chapter-09.indd 193 2/3/2023 10:51:37 AM



പാർലമെന്റിൽ ബഡ്ജറ്റ് പാസ്സാക്കുന്നതു വരെ ആവശ്യമായ സന്ദർഭങ്ങളിൽ ചെലവഴിക്കാൻ സർക്കാരിന് പാർലമെന്റിൽ നിന്നും അനുമതി ലഭിക്കുന്ന പ്രത്യേക വ്യവസ്ഥയാണ് വോട്ട് ഓൺ അക്കൗണ്ട് ബഡ്ജറ്റ്. ഏകീകൃത ഫണ്ടിൽ നിന്ന് പണം പിൻവലിക്കുന്നതിന് പാർലമെന്റിന്റെ ഇരു സഭകളുടെയും നിയമപരമായി അനുമതി ആവശ്യമാണ്. അതുവരെ ചെലവുകൾ നിറവേറ്റുന്നതിന് അറിയപ്പെടുന്ന അക്കൗണ്ട് ബഡ്ജറ്റാണിത്. രണ്ട് മാസത്തിൽ കൂടുതൽ ഇത്തരത്തിലുള്ള ബഡ്ജറ്റ് പൊതുവെ അംഗീകരിക്കുന്നില്ല.

v) ശൂന്യാടിസ്ഥാന ബഡ്ജറ്റ് : ഇന്ത്യാ ഗവൺമെന്റ് 1987-88 ൽ ആദ്യമായി സീറോ ബെയ്സ് ബഡ്ജറ്റ് (ശൂന്യാടിസ്ഥാന ബഡ്ജറ്റ്) അവതരിപ്പിച്ചു. ഇതിൽ ഗവൺമേന്റ് ബഡ്ജറ്റ് ചെലവുകളെ ഒരു പ്രത്യേക ഇനമാക്കി കണക്കാക്കി പുതുതായി വിലയിരുത്തുന്നതാണ്. ഈ പദ്ധതിക്കായി ഇതിനകം സജ്ജീകരിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക ലക്ഷ്യങ്ങളുടെ വെളിച്ചത്തിലും അതുപോലെ തന്നെ സാമൂഹ്യ മുൻഗണനകൾ കണക്കിലെടുത്തും പദ്ധതിയെ മൊത്തത്തിൽ ന്യായീകരിക്കുകയോ അല്ലാതെയോ ചെയ്യാം.

vi) പ്രകടന ബഡ്ജറ്റ്: ഏതെങ്കിലും പ്രവർത്തന ഫലം ഏതെങ്കിലും ബഡ്ജറ്റിനെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ അത്തരം ബഡ്ജറ്റിനെ പ്രകടന ബഡ്ജറ്റ് എന്നു വിളിക്കുന്നു. ലോകത്ത് ആദ്യമായി യു.എസ്.എ യിൽ പ്രകടന ബഡ്ജറ്റ് നിർമ്മിച്ചു. സർ. ഹൂപ്പറിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ 1949 ൽ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു. യു.എസ്.എ യിൽ ഒരു പ്രകടന ബഡ്ജറ്റ് തയ്യാറാക്കാൻ ഈ കമ്മീഷൻ ശുപാർശ ചെയ്തു. ജനങ്ങളുടെ നൻമക്കായി എന്താണ് ചെയ്യുന്നത്. എത്ര ചെയ്തു എന്നു പറയാൻ ഗവൺമെന്റ് നിർബന്ധിതമാണ്. ഇന്ത്യയിൽ പ്രകടന ബഡ്ജറ്റിനെ ഫലബഡ്ജറ്റ് എന്നും അറിയപ്പെടുന്നു.


12th Economics Malayalam_Chapter-09.indd 194 2/3/2023 10:51:37 AM

vii) സന്തുലിത ബഡ്ജറ്റ്, അസന്തുലിത ബഡ്ജറ്റ്

A. സന്തുലിത ബഡ്ജറ്റ്

ഒരു വർഷം ഗവൺമെന്റിന്റെ വിലയിരുത്തുന്ന വരുമാനം പ്രതീക്ഷിത ചെലവിന് തുല്യമാകുന്ന സാഹചര്യമാണ് സന്തുലിത ബഡ്ജറ്റ്.

ഗവൺമെന്റിന്റെ വിലയിരുത്തപ്പെട്ട വരുമാനം
=
ഗവൺമെന്റിന്റെ നിർദ്ദിഷ്ട ചെലവ്.



B. അസന്തുലിത ബഡ്ജറ്റ്

വരവും ചെലവും പരസ്പരം തുല്യമല്ലാത്ത ബഡ്ജറ്റാണ് അസന്തുലിത ബഡ്ജറ്റ്

അസന്തുലിത ബഡ്ജറ്റ് രണ്ട് തരത്തിലുണ്ട്:

1. മിച്ച ബഡ്ജറ്റ്
2. കമ്മി ബഡ്ജറ്റ്

1. മിച്ച ബഡ്ജറ്റ്

ഒരു വർഷത്തെ വിലയിരുത്തപ്പെട്ട വരുമാനംപ്രതീക്ഷിത ചെലവിനേക്കാൾ അധികമായാൽ ആ ബഡ്ജറ്റ് ഒരു മിച്ച ബഡ്ജറ്റ് ആണ്.

ഗവൺമെന്റ് കണക്കാക്കിയ വരുമാനം
>
ഗവൺമെന്റ് കണക്കാക്കിയ ചെലവ്.

2. കമ്മി ബഡ്ജറ്റ്

കണക്കാക്കിയ ഗവൺമെന്റ് ചെലവ് കണക്കാക്കിയ വരുമാനത്തേക്കാൾ അധികമായാൽ ആ ബഡ്ജറ്റ് ഒരു കമ്മി ബഡ്ജറ്റ് ആയിരിക്കും.

കണക്കാക്കിയ ഗവൺമെന്റ് വരുമാനം
<
നിർദ്ദിഷ്ട ഗവൺമെന്റ് ചെലവ്.

9.11.4. ബഡ്ജറ്റ് നടപടിക്രമം

ബഡ്ജറ്റ് തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതുമായ സംവിധാനത്തെ ബഡ്ജറ്റ് നടപടിക്രമം സൂചിപ്പിക്കുന്നു.

(A) ബഡ്ജറ്റ് തയ്യാറാക്കൽ

ധനമന്ത്രാലയം എല്ലാവർഷവും കേന്ദ്ര ബഡ്ജറ്റ് തയ്യാറാക്കുന്നു. സംസ്ഥാനതലത്തിൽ ധനകാര്യ വകുപ്പിനാണ് വാർഷിക സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുന്ന ഉത്തരവാദിത്തം. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ താഴേപറയുന്ന ഘടകങ്ങൾ കണക്കിയെടുക്കുന്നു:

- ഒരു പദ്ധതി കാലയളവിനുള്ളിൽ കൈവരിക്കേണ്ട സ്ഥൂല സാമ്പത്തിക ലക്ഷ്യങ്ങൾ;
- ബഡ്ജറ്റിന്റെ അടിസ്ഥാന തന്ത്രം;
- വിവിധപദ്ധതികളുടെസാമ്പത്തികആവശ്യകതകൾ;
- വരുമാനചെലവുകളെകണക്കാക്കൽ(സുരക്ഷാ ചെലവുകൾ, സബ്സിഡി, കടത്തിന് പലിശ അടക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു);
- മൂലധന ചെലവുകൾ കണക്കാക്കുന്നു (റെയിൽവേകൾ,റോഡുകൾ,ജലസേചനം എന്നിവയുടെ പുരോഗതി ഇതിൽ ഉൾപ്പെടുന്നു);
- നികുതി,ഇതരനികുതിവരുമാനങ്ങൾഎന്നിവയിൽ നിന്നുള്ള വരുമാനത്തിന്റെ വിലയിരുത്തൽ;

12th Economics Malayalam_Chapter-09.indd 195 2/3/2023 10:51:37 AM

- വായ്പകൾ വീടുക്കൽ, പൊതുമേഖലാ യൂണിറ്റുകളുടെ ഓഹരി വിറ്റഴിക്കൽ, കമ്പോളകടം വാങ്ങൽ എന്നീ മൂലധന വരവിന്റെ വിലയിരുത്തൽ.
- വരുമാനവരവുകളും വരുമാനചെലവുകളും തമ്മിലുള്ള അന്തരം കണക്കാക്കൽ
- ധനകമ്മി, പ്രാഥമിക കമ്മി, വരുമാന കമ്മി എന്നിവയുടെ വിലയിരുത്തൽ.

ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രക്രിയ

ധനമന്ത്രാലയം ബഡ്ജറ്റ് തയ്യാറാക്കുന്നു

↓

വിവിധമന്ത്രാലങ്ങളുടെയും വകുപ്പുകളുടെയും കണക്കാക്കപ്പെട്ട വരുമാനവും ചെലവും ധനമന്ത്രാലയത്തിന് അയക്കുന്നു

↓

ബഡ്ജറ്റ് തയ്യാറാക്കുന്നു

↓

മന്ത്രിസഭയുടെ അംഗീകാരത്തിനായി ധനകാര്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്നു

↓

പാർലമെന്റിൽ അവതരണത്തിനായി ബഡ്ജറ്റ് തയ്യാറാക്കുന്നു

(B) ബഡ്ജറ്റ് അവതരണം

ഒരു പുതിയ സാമ്പത്തിക വർഷത്തിന്റെ തലേന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കേന്ദ്ര ഗവൺമെന്റിനെ പ്രതിനിധീകരിച്ച് കേന്ദ്ര ബഡ്ജറ്റ് പാർലമെന്റിന്റെ മുന്നിൽ വയ്ക്കുന്നു. അതു പോലെ സംസ്ഥാന തലത്തിലും അത് സംസ്ഥാന സർക്കാരിന്റെ ബഹുമാനപ്പെട്ട ധനമന്ത്രി സംസ്ഥാന ബഡ്ജറ്റ് നിയമസഭയുടെ മുമ്പാകെ വയ്ക്കുന്നു.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് എല്ലാ പണ ബില്ലുകളും താഴത്തെ സഭയിൽ ആരംഭിക്കണം. എല്ലാ പണ ബില്ലുകളും ആദ്യം കേന്ദ്രത്തിൽ ലോകസഭയുടെ മുൻപിലും സംസ്ഥാന തലത്തിൽ നിയമ സഭയുടെ മുന്നിലും അവതരിപ്പിക്കുന്നു. വിവിധ നികുതി നിർദ്ദേശങ്ങളുടെ ആവശ്യം ബഡ്ജറ്റിൽ ഉൾപ്പെടുന്നു. ധനകാര്യ ബിൽ പാസാക്കിയ ശേഷം വോട്ടുചെയ്ത ആവശ്യങ്ങൾക്ക് നിയമപരമായി പ്രാബല്യമുണ്ടാകാനും ബഡ്ജറ്റ് അനുസരിച്ച് ചെലവുൾക്ക് അംഗീകാരം നൽകാനും ഒരു വിനിയോഗ ബിൽ അവതരിപ്പിക്കുന്നു. അങ്ങനെയാണ് ബഡ്ജറ്റുകൾ ഇന്ത്യയിൽ നടപ്പിലാക്കുന്നത്.

(C) ബഡ്ജറ്റ് നടപ്പിലാക്കുന്നു

ഗവൺമെന്റിന്റെ വിവിധ വകുപ്പുകളാണ് ബഡ്ജറ്റ്പ്രധാനമായുംപ്രാവർത്തികമാക്കുന്നത് അനുവദിച്ച ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗത്തിന് ബഡ്ജറ്റ് വ്യവസ്ഥകൾ ശരിയായി നടപ്പാക്കേണ്ടത് പ്രധാനമാണ്.

ബഡ്ജറ്റിൻമേൽ പാർലമെന്റിന്റെ നിയന്ത്രണം

ഇന്ത്യയിൽ ഗവൺമെന്റ് അക്കൗണ്ടുകളെ മൂന്ന് ഭാഗങ്ങളായി കണക്കാക്കുന്നു:

(i) ഏകീകൃത ഫണ്ട്
(ii) ആകസ്മിക ഫണ്ട്
(iii) പൊതു അക്കൗണ്ടുകൾ

പാർലമെന്റിൽ രണ്ട് കമ്മറ്റികൾ ഉണ്ട്

(i) പൊതു അക്കൗണ്ട് കമ്മറ്റി
(ii) വിലയിരുത്തൽ കമ്മറ്റി.

ഈ കമ്മറ്റിയിലെ ചെലവുകളിൽ സ്ഥിരമായ ഒരു അക്കൗണ്ട് സൂക്ഷിക്കുന്നു. അതിൽ ഒരു മന്ത്രാലയത്തിനോ വകുപ്പിനോ അനുവ,ിച്ച തുകയേക്കാൾ കവിയാൻ പാടില്ല.

9.11.5. ബഡ്ജറ്റ് കമ്മി

ബഡ്ജറ്റ് വരവ് ബഡ്ജറ്റ് ചെലവിനേക്കാൾ കുറവാണെങ്കിൽ ആ സാഹചര്യമാണ് ബഡ്ജറ്റ് കമ്മി.

12th Economics Malayalam_Chapter-09.indd 196 2/3/2023 10:51:37 AM

ഇന്ത്യൻ ഗവൺമെന്റ് ബഡ്ജറ്റിനെ പരാമർശിച്ച് ബഡ്ജറ്റ് കമ്മി 4 തരത്തിലുണ്ട്.

(a) വരുമാന കമ്മി

(b) ബഡ്ജറ്റ് കമ്മി

(c) ധനകാര്യ കമ്മി

(d) പ്രാഥമിക കമ്മി

(A) വരുമാന കമ്മി

ഗവൺമെന്റ് വരുമാന വരവിനേക്കാൾ അധികമാണ് ഗവൺമെന്റ് വരുമാന ചെലവെങ്കിൽ അത് വരുമാന കമ്മിയെ സൂചിപ്പിക്കുന്നു. മൂലധന വരവുകളും മൂലധന ചെലവുകളും ഇത് പരിഗണിക്കുന്നില്ല. ഗവൺമെന്റ് ദൈനംദിന പ്രവർത്തനങ്ങളുടെ കഴിവിനേക്കാൾ അപ്പുറത്താണ് പ്രവർത്തനങ്ങൾ എങ്കിൽ അത് വരുമാന കമ്മിയെ സൂചിപ്പിക്കുന്നു.

വരുമാന കമ്മി (RD) = മെത്ത വരുമാന ചെലവ് (RE) - മൊത്ത വരുമാന വരവ് (RR),

RE - RR > 0

(B) ബഡ്ജറ്റ് കമ്മി

മൊത്തവരവും മൊത്ത ചെലവും തമ്മിലുള്ള വ്യത്യാസമാണ് ബഡ്ജറ്റ് കമ്മി

ബഡ്ജറ്റ് കമ്മി = മൊത്ത ചെലവ് – മൊത്ത വരവ്

(C) ധനകമ്മി

ധനകമ്മി (FD) = ബഡ്ജറ്റ് കമ്മി + സർക്കാരിന്റെ വിപണന വായ്പകളും ബാധ്യതകളും

(D) പ്രാഥമിക കമ്മി

ധനകമ്മിയിൽ നിന്നും പലിശ കൊടുക്കൽ കുറക്കുമ്പോൾ പ്രാഥമിക കമ്മിക്ക് തുല്യമാകുന്നു. ഇത് സൂചിപ്പിക്കുന്നത് ഗവൺമെന്റിന്റെ യഥാർത്ഥ ഭാരമാണ്. കഴിഞ്ഞ കാലങ്ങളിലെടുത്ത വായ്പയുടെ പലിശ ഭാരം ഇതിൽ ഉൾപ്പെടുന്നില്ല അതിനാൽ പ്രാഥമിക കമ്മി കാണിക്കുന്നത് ഗവൺമെന്റിന്റെ കടമെടുക്കലാണ്. ഇതിൽ പലിശ കൊടുക്കൽ ഉൾപ്പെടുന്നില്ല.

പ്രാഥമിക കമ്മി (PD) = ധനകമ്മി (PD) - പലിശ കൊടുക്കൽ (IP)

9.12 സംയുക്ത ധനകാര്യം

കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് വരുമാന സ്രോതസ്സുകൾ വീതിച്ചു നൽകുന്ന രീതിയാണ് സംയുക്ത ധനകാര്യം കേന്ദ്ര സംസ്ഥാന അധികാരികൾക്കിടയിൽ വരുമാന വിഭവങ്ങളുടെ സ്രോതസുകളുടെ വ്യക്തമായ വിഭജനം ഇത് നൽകുന്നു.

- **അധികാര വിഭജനം:** നമ്മുടെ ഭരണഘടനയിൽ വ്യക്തമായ അധികാര വിഭജനം ഉണ്ട്. ആരും ഈ പരിധി ലംഘിക്കുന്നില്ല. മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ അതിക്രമിച്ച് കടക്കാൻ ശ്രമിക്കുകയും ഉത്തരവാദിത്തങ്ങളുടെ സ്വന്തം മേഖലക്കുള്ളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഭരണ ഘടനയുടെ 7 ാമത്തെ ഷെഡ്യൂളിൽ മൂന്നു ലിസ്റ്റുകളുണ്ട്. യൂണിയൻ ലിസ്റ്റ് സ്റ്റേറ്റ്ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിവയാണ് അവ.
- യൂണിയൻ ലിസ്റ്റിന്റെ പട്ടികയിൽ ദേശീയ പ്രാധാന്യമുള്ളസുരക്ഷ,റെയിൽവേ,വാർത്താവിനിമയം തുടങ്ങി 100 വിഷയങ്ങൾ ഉൾപ്പെടുന്നു.
- സ്റ്റേറ്റ് ലിസ്റ്റിൽ പൊതുജനാരോഗ്യം, പോലീസ് തുടങ്ങിയ പ്രാദേശിക താല്പര്യമുള്ള 61 വിഷയങ്ങൾ ഉൾപ്പെടുന്നു.
- കൺകറന്റ് ലിസ്റ്റിൽവൈദ്യുതി,വ്യാപാരസംഘടന, സാമ്പത്തിക സാമൂഹ്യ ആസൂത്രണമ തുടങ്ങി കേന്ദ്രത്തിനും സ്റ്റേറ്റിനും പ്രാധാന്യമുള്ള 52 വിഷയങ്ങൾ ഉൾപ്പെടുന്നു.

12th Economics Malayalam_Chapter-09.indd 197 2/3/2023 10:51:38 AM

കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധം

(I) കേന്ദ്ര ഉറവിടങ്ങൾ

1. കോർപ്പറേഷൻ നികുതി
2. നോട്ടുകൾ, നാണയ, വിദേശനാണ്യം, നിഷേധിക്കപ്പെടാനൊക്കാത്ത നാണ്യങ്ങൾ.
3. കയറ്റുമതി തീരുവ ഉൾപ്പെടെയുള്ള കസ്റ്റംസിന്റെ ചുമതലകൾ.
4. പുകയിലക്കും ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ചില ചരക്കുകളുടെയും എക്സൈസ് തീരുവ.
5. കാർഷിക ഭൂമി ഒഴികെയുള്ള സ്വത്തിന്റെ കാര്യത്തിൽ എസ്റ്റേറ്റ് ഡ്യൂട്ടി.
6. യൂണിയൻ പട്ടികയിലെ ഏതെങ്കിലും കാര്യങ്ങൾക്കുള്ള ഫീസ്. എന്നാൽ ഒരു കോടതിയിലും എടുക്കുന്ന ഫീസ് ഉൾപ്പെടുന്നില്ല.
7. വിദേശ ലോണുകൾ.
8. ഇന്ത്യൻ ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ സംഘടിപ്പിക്കുന്ന ലോട്ടറികൾ.
9. പോസ്റ്റ് ഓഫീസ് നിക്ഷേപ ബാങ്കുകൾ.
10. ടെലഗ്രാമുകൾ, ടെലഫോണുകൾ, വയർലസ്, ബ്രോഡ്കാസ്റ്റിംഗ് മറ്റു ആശയവിനിമയ മാർഗ്ഗങ്ങൾ.
11. കേന്ദ്രത്തിന്റെ സ്വത്ത്.
12. കേന്ദ്രത്തിന്റെ പൊതുകടം.
13. റെയിൽവേകൾ.
14. കൈമാറ്റ ബില്ലുകൾ, ചെക്കുകൾ, പ്രോമിസറി നോട്ടുകൾ മുതലായവയുമായി ബന്ധപ്പെട്ട സ്റ്റാബ് ഡ്യൂട്ടി നിരക്കുകൾ
15. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.
16. കാർഷിക വരുമാനം ഒഴികെയുള്ള വരുമാന നികുതി.
17. വ്യക്തികളുടെയും കമ്പനികളുടെയും കാർഷിക ഭൂമി ഒഴികെയുള്ള ആസ്തികളുടെ മൂലധന മൂല്യത്തിൻ മേലുള്ള നികുതികൾ.
18. സ്റ്റോക്ക് എക്സ്ചേഞ്ച് ഇടപാടുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി ഒഴികെയുള്ള നികുതികൾ.
19. പത്രങ്ങളുടെ വാങ്ങലിനോ വില്പനയിലോ അതിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങൾക്കുമുള്ള നികുതി.
20. റെയിൽവേകൾ, കടൽ, വായു എന്നിവയിലൂടെയുള്ള ചരക്കുകളുടെയും യാത്രക്കാരുടെയും അതിതീവ്രമായ നികുതി.

(II) സംസ്ഥാന ഉറവിടങ്ങൾ

1. തലവരിചുങ്കം
2. കാർഷിക ഭൂമിയുടെ പിൻ തുടർച്ചക്കുള്ള നികുതി.
3. ലഹരിവസ്തുക്കൾ, കറുപ്പ് മുതലായവ ഉല്പാദിപ്പിക്കുന്നതോ ആയ ചില വസ്തുക്കളുടെ എക്സൈസ് തീരുവ.
4. കാർഷിക ഭൂമിയുടെ എസ്റ്റേറ്റ് ഡ്യൂട്ടി.
5. സംസ്ഥാന പട്ടികയിലെ ഏതെങ്കിലും കാര്യങ്ങളിലെ ഫീസ്. എന്നാൽ ഏതെങ്കിലും കോടതിയിൽ എടുത്ത ഫീസ് ഉൾപ്പെടുന്നില്ല.
6. ഭൂമി വരുമാനം.
7. യൂണിയൻ പട്ടികയിൽ വ്യക്തമാക്കിയ രേഖകൾ ഒഴികെയുള്ള രേഖകളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ.
8. കാർഷിക വരുമാനത്തിന് നികുതി.
9. ഭൂമിക്കും കെട്ടിടങ്ങൾക്കും നികുതി.
10. ധാതുവികസനവുമായി ബന്ധപ്പെട്ട് പാർലമെന്റ് ചുമത്തുന്ന പരിമിതികൾക്ക് വിധേയമായി ധാതു അവകാശങ്ങൾക്കുള്ള നികുതി.
11. വൈദ്യുതി ഉപഭോഗത്തിനോ വിൽപനയ്ക്കോ നികുതി.
12. ഒരു പ്രാദേശിക സ്ഥലത്തേക്ക് ചരക്കുകൾ പ്രവേശിക്കുന്നതിനോ വിൽക്കുന്നതിനോ ഉള്ള നികുതി.

12th Economics Malayalam_Chapter-09.indd 198 2/3/2023 10:51:38 AM

13. പത്രങ്ങൾഒഴികെയുള്ളവയുടെവാങ്ങലിനും വിൽപനയ്ക്കുമുള്ള നികുതികൾ.
14. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യ ങ്ങൾഒഴികെയുള്ളപരസ്യങ്ങൾക്കുള്ളനികു തികൾ.
15. റോഡ്, ഉൾനാടൻ ജലഗതാഗതം എന്നിവ യിൽ കൂടെയുള്ള ചരക്കുകൾക്കും യാത്ര കാർക്കുമുള്ള നികുതി ചുമത്തൽ.
16. വാഹനങ്ങൾക്കുള്ള നികുതി.
17. മൃഗങ്ങൾക്കും ബോട്ടുകൾക്കുമുള്ള നികുതി.
18. തൊഴിലുകൾ, കച്ചവടങ്ങൾ, തൊഴിലിനുള്ള അപേക്ഷ എന്നിവയ്ക്കുള്ള നികുതി.
19. വിനോദങ്ങൾ, ആഘോഷങ്ങൾ, വാതുവയ്പ് ചൂതാട്ടം എന്നിവ ഉൾപ്പെടെയുള്ള ആഡം ബരങ്ങൾക്കുള്ള നികുതികൾ.
20. ചുങ്കം.

(III) കേന്ദ്രംചുമത്തുന്നതുംശേഖരിക്കുന്നതും എന്നാൽ സംസ്ഥാനങ്ങൾക്ക് വീതിച്ചു കൊടുക്കുന്നതുമായനികുതികൾ.(ആർ ട്ടിക്കിൾ 269)

1. കാർഷിക ഭൂമി ഒഴികെയുള്ള വസ്തുക്കളുടെ പിൻ തുടർച്ചക്കുള്ള ഡ്യൂട്ടികൾ.
2. കാർഷിക ഭൂമി ഒഴികെയുള്ള സ്വത്തുക്കളുടെ എസ്റ്റേറ്റ് ഡ്യൂട്ടി.
3. റയിൽ നിരക്കിനും ചരക്കുനീക്കത്തിനുമുള്ള നികുതി.
4. സ്റ്റോക്ക് കൈമാറ്റങ്ങളിലെയും ഭാവി വിപ ണികളിലെയും ഇടപടാടുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഒഴികെയുള്ള നികുതി.
5. പത്രങ്ങളുടെ വിൽപ്പനക്കോ വാങ്ങലിനോ അതിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങൾക്കോ ഉള്ള നികുതികൾ
6. റയിൽവേ, കടൽ, വായു എന്നിവയിൽ കൂടെയുള്ള ചരക്കുകൾക്കും യാത്രക്കാർക്കു മുള്ള അന്തിമമായ നികുതി.
7. പത്രങ്ങൾ ഒഴികെയുള്ള ചരക്കുകൾ വാങ്ങു ന്നതിനും വിൽക്കുന്നതിനുമുള്ള നികുതി അത്തരം വാങ്ങലും വില്പനയും അന്തർ സംസ്ഥാന വ്യാപാരത്തിലോ വാണിജ്യ ത്തിലോ ഏർപ്പെടുമ്പോഴുള്ള നികുതി.

(IV) യൂണിയൻ ചുമത്തിയതും എന്നാൽ സംസ്ഥാനങ്ങൾ ശേഖരിക്കുന്നതും സ്വായത്തമാക്കിയതുമായ നികുതി (ആർട്ടിക്കിൾ 268)

സ്റ്റാമ്പ് ഡ്യൂട്ടികൾ, ഔഷധവും ടോയ് ലറ്റ് തയ്യാറാക്കാൽ എന്നിവക്കുള്ള എക്സൈസ് ഡ്യൂട്ടി (ഇവ യൂണിയൻ ലിസ്റ്റിൽ സൂചിപ്പിച്ചി ട്ടുണ്ട്) എന്നിവ ഇന്ത്യാഗവൺമെന്റ് ചുമത്തേണ്ട താണ്. എന്നാൽ ശേഖരിക്കേണ്ടതുമാണ്.

(i) ഏതെങ്കിലും കേന്ദ്രഭരണ പ്രദേശങ്ങളിൽ ഇന്ത്യഗവൺമെന്റ് അത്തരം തീരുവ ചുമത്ത പ്പെടുമ്പോൾ.

(ii) മറ്റു സാഹചര്യങ്ങളിൽ സ്റ്റേറ്റ് യഥാക്രമം അത്തരം തീരുവ ചുമത്തപ്പെടുന്നു.

(V) യൂണിയൻഈടാക്കുകയുംശേഖരിക്കുക യും ചെയ്യുന്നതും എന്നാൽ യൂണിയനും സംസ്ഥാനങ്ങളും തമ്മിൽ വിതരണം ചെയ്യാവുന്നതുമായ നികുതികൾ (ആർട്ടിക്കിൾ 270,272)

1. കാർഷിക വരുമാനം ഒഴികെയുള്ള വരുമാന ത്തിൻ മേലുള്ള നികുതികൾ.
2. കേന്ദ്രപട്ടികയിൽസൂചിപ്പിച്ചിട്ടുള്ളതുംഇന്ത്യാ ഗവൺമെന്റ് ശേഖരിക്കുന്നതുമായ മരുന്നുക ളുടെയും ടോയ്ലറ്റ് ക്രമീകണങ്ങൾക്കുമുള്ള എക്സൈസ് തീരുവഒഴികെയുള്ളഎക്സൈ സിന്റെ യൂണിയൻ ചുമതലകൾ.

വരുമാനത്തിൻമേലുള്ള നികുതികളിൽ കോർപ്പറേഷൻ നികുതി ഉൾപ്പെടുന്നില്ല. ധന കാര്യ കമ്മീഷന്റെ ശുപാർശകൾക്കനുസരിച്ചാണ് യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ആദായ നികുതി വരുമാനം വിതരണം ചെയ്യുന്നത്.

9.12.1. സംയുക്ത ധനകാര്യ തത്വങ്ങൾ

ധനകാര്യത്തിന്റെ സംയുക്ത വ്യവസ്ഥയുടെ കാര്യത്തിൽ ഇനിപ്പറയുന്ന പ്രധാന തത്വങ്ങൾ പ്രയോഗിക്കേണ്ടതുണ്ട്:

12th Economics Malayalam_Chapter-09.indd 199 2/3/2023 10:51:38 AM

1. സ്വാതന്ത്ര്യത്തിന്റെ സംയുക്ത വ്യവസ്ഥ.
2. നീതി തത്വം (തുല്യത തത്വം).
3. ഏകീകൃതയുടെ തത്വം.
4. പര്യാപ്തതയുടെ തത്വം.
5. ധനപരമായ പ്രവേശനത്തിന്റെ തത്വം.
6. സംയോജനത്തിന്റെയും ഏകോപനത്തിന്റെയും തത്വം.
7. കാര്യക്ഷമതയുടെ തത്വം.
8. ഭരണപരമായ സമ്പദ്വ്യവസ്ഥ തത്വം.
9. ഉത്തരവാദിത്വത്തിന്റെ തത്വം.

1. സ്വാതന്ത്ര്യത്തിന്റെ തത്വം

ഫെഡറൽഫിനാൻസ് (സംയുക്ത ധനകാര്യം) സമ്പ്രദായത്തിൽ ഗവൺമെന്റ് സ്വയംഭരണവും ആഭ്യന്തര സാമ്പത്തിക കാര്യങ്ങളിൽ സ്വതന്ത്രവുമായിരിക്കണം. ഇത് അർത്ഥമാക്കുന്നത് ഓരോ ഗവൺമെന്റിനും പ്രത്യേകമായ വരുമാന സ്രോതസുകൾ, നികുതി ചുമത്താനുള്ള അധികാരം, പണം കടംവാങ്ങി ചെലവുകൾ നടത്താനുള്ള കാര്യങ്ങളിൽ ഗവൺമെന്റിന് പൊതുവെ സ്വയം ഭരണാധികാരം ഉണ്ടായിരിക്കും.

2. തുല്യത തത്വം

തുല്യതയുടെ വീക്ഷണകോണിൽ നിന്ന് നോക്കിയാൽ വിഭവങ്ങൾ വിവിധ സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യുമ്പോൾ ഓരോ സംസ്ഥാനത്തിനും വരുമാനത്തിന്റെ ന്യായമായ പങ്ക് ലഭിക്കും.

3. ഏകീകൃതത്വം

ഒരു ഫെഡറൽ സംവിധാനത്തിൽ ഓരോ സംസ്ഥാനവും സംയുക്ത ധനകാര്യത്തിനായി തുല്യ നികുതി അടയ്ക്കണം. എന്നാൽ ഈ തത്വം പ്രായോഗികമായി പിന്തുടരാൻ കഴിയില്ല. കാരണം ഓരോ യൂണിറ്റിന്റെയും നികുതി നൽകാനുള്ള ശേഷി തുല്യമല്ല.

4. വിഭവങ്ങളുടെ പര്യാപ്തത തത്വം

പര്യാപ്തതയുടെ തത്വം എന്തെന്നാൽ ഓരോ ഗവൺമെന്റിന്റെയും, അതായത് കേന്ദ്രവും സംസ്ഥാനവും അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ പര്യാപ്തമായിരിക്കണം. നിലവിലുള്ളതും ഭാവിയിലേതുമായ ആവശ്യങ്ങൾ കണക്കിലെടുത്ത് ഇവിടെ പര്യാപ്തത തീരുമാനിക്കേണ്ടതുണ്ട്. കൂടാതെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ, മുൻകൂട്ടി പ്രതീക്ഷിക്കാത്ത ചെലവുകളായ യുദ്ധം, വെള്ളപ്പൊക്കം തുടങ്ങിയവ നിറവേറ്റുന്നതിനായി വിഭവങ്ങൾ ഇലാസ്തികമായിരിക്കണം.

5. ധനപരമായ പ്രവേശന തത്വം

ഒരു ഫെഡറൽ സമ്പ്രദായത്തിൽ വർദ്ധിച്ചു വരുന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അവരുടെ നിർദ്ദിഷ്ട പ്രദേശത്തിനുള്ളിൽ പുതിയ വരുമാന സ്രോതസ്സുകൾ വികസിപ്പിക്കാനുള്ള സാധ്യതയുണ്ട്. ചുരുക്കത്തിൽ സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് വിഭവങ്ങൾ വളരണം.

6. സംയോജനത്തിന്റെയും ഏകോപനത്തിന്റെയും തത്വം

സമ്പദ്വ്യവസ്ഥയെ മൊത്തത്തിൽ സമന്വയിപ്പിക്കണം, രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ വിവിധ തലങ്ങളിൽ തികഞ്ഞ ഏകോപനം ഉണ്ടായിരിക്കണം. അപ്പോൾ ഫെഡറൽ സംവിധാനം മാത്രമേ നിലനിൽക്കൂ. രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വിതസനം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇത് ചെയ്യണം.

7. കാര്യക്ഷമതയുടെ തത്വം

സാമ്പത്തിക വ്യവസ്ഥ നന്നായി ചിട്ടപ്പെടുത്തുകയും കാര്യക്ഷമമായി നടത്തുകയും വേണം. ഒഴിവാക്കലിനും വഞ്ചനയ്ക്കും സാധ്യതയില്ല. വർഷത്തിൽ ഒന്നിലധികം തവണ ആർക്കും നികുതി ചുമത്തരുത്. ഇരട്ട നികുതി ഒഴിവാക്കണം.

8. ഭരണഘടന സാമ്പത്തികതത്വം

ഏതൊരു ഫെഡറൽ സംവിധാധത്തിന്റെയും പ്രധാന മാനദണ്ഡം സാമ്പത്തികമായിരിക്ക

12th Economics Malayalam_Chapter-09.indd 200 2/3/2023 10:51:38 AM

ണം എന്നതാണ്. അതായത്, ശേഖരണ ചെലവ് വളരെ കുറഞ്ഞ തലത്തിലായിരിക്കണം. കൂടാതെ, വരുമാനത്തിന്റെ പ്രധാന ഭാഗം ഗവൺമെന്റിന്റെ മറ്റുചെലവ് വിഹിതത്തിനു വേണ്ടിയായിരിക്കണം.

9. ഉത്തരവാദിത്തത്തിന്റെ തത്വം

ഓരോ ഗവൺമെന്റും അവരുടെ സാമ്പത്തിക തീരുമാനങ്ങൾക്ക് സ്വന്തം നിയമസഭയോട് ഉത്തരവാദിത്വമുള്ളവരായിരിക്കണം. അതായത് കേന്ദ്രം പാർലമെന്റിനോടും സംസ്ഥാനം അസംബ്ലിയോടും.

9.13

ധനകാര്യ കമ്മീഷന്റെ ചരിത്രം

- ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം രൂപീകരിച്ച ഒരു അർദ്ധ ജൂഡിഷ്യൽ ബോഡിയാണിത്. കേന്ദ്രവും സംസ്ഥാനവും ധനബന്ധ ചട്ടക്കൂട് നിർവചിക്കുന്നതിനായി 1951ൽ സ്ഥാപിതമായതായിരുന്നു.
- കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ളതും (ലംബ അസന്തുലിതാവസ്ഥ) സ്റ്റേറ്റുകൾ തമ്മിലുള്ളതും (തിരശ്ചീന അസന്തുലിതാവസ്ഥ) ആയ സാമ്പത്തിക അസന്തുലിതാവസ്ഥ കുറയ്ക്കുക എന്നതാണ് ധനകാര്യ കമ്മീഷന്റെ ലക്ഷ്യം. ഇത് സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
- 5 വർഷത്തിലൊരിക്കൽ ഒരു ധനകാര്യ കമ്മീഷൻ രൂപീകരിക്കും. ഇത് സാധാരണയായി കാലയളവിന് രണ്ടുവർഷം മുൻപാണ് രൂപീകരിക്കുന്നത്. ഇതൊരു താൽക്കാലിക അംഗമാണ്.
- 14 ാമത് ധനകാര്യ കമ്മീഷൻ 2013 ൽ രൂപീകരിച്ചു. ഇതിന്റെ ശുപാർശകൾ 2015 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ നിലനിൽക്കുന്നതാണ്.
- 15 ാമത് ധനകാര്യ കമ്മീഷൻ 2017 നവംബറിൽ ആരംഭിച്ചു. അതിന്റെ ശുപാർശ 2020 ഏപ്രിൽ 1 മുതൽ നടപ്പാക്കും.

16ധനകാര്യ കമ്മീഷൻ	രൂപീകൃതമായ വർഷം	ചെയർമാൻ	പ്രവർത്തന കാലയളവ്
1	1951	കെ.സി. നിയോഗി	1952–57
2	1956	കെ. സന്താനം	1957–62
3	1960	എ.കെ. ചന്ദ	1962–66
4	1964	പി.വി രാജമന്നാർ	1966–69
5	1968	മഹാവീർ ത്യാഗി	1969–74
6	1972	കെ. ബ്രഹ്മാനന്ദറെഡ്ഡി	1974–79
7	1977	ജെ.എം. ഷേലത്ത്	1979–84
8	1983	വൈ.ബി. ചവാൻ	1984–89
9	1987	എൻ.കെ.പി. സാൽവെ	1989–95
10	1992	കെ.സി. പന്ത്	1995–2000
11	1998	എ.എം. ഖുസ്റോ	2000–05
12	2002	സി. രംഗരാജൻ	2005–10
13	2007	ഡോ.വിജയ് എൽ കേൽക്കർ	2010–15
14	2013	ഡോ. വൈ.വി. റെഡ്ഡി	2015–20
15	2017	എൻ.കെ. സിംഗ്	2020–25

12th Economics Malayalam_Chapter-09.indd 201 2/3/2023 10:51:38 AM


9.13.1. ഇന്ത്യൻ ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ

ആർട്ടിക്കിൾ 280 (3) ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് പറയുന്നു. രാഷ്ട്രപതിക്ക് ശുപാർശകൾ നൽകേണ്ടത് കമ്മീഷന്റെ കടമയാണെന്ന് ആർട്ടിക്കിൾ പറയുന്നു:

1. നികുതിയുടെ ആകെ വരുമാനത്തിന്റെ വിതരണം യൂണിയനും സംസ്ഥാനങ്ങളും തമ്മിൽ വിഭജിക്കപ്പെടാം. അത്തരം വരുമാനത്തിന്റെ ബന്ധപ്പെട്ട വീതം സംസ്ഥാനങ്ങൾക്ക് വീതിക്കുന്നു;

2. കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകേണ്ട ധന സഹായത്തിന്റെ അളവ് നിർണയിക്കുക (ആർട്ടിക്കിൾ 275 (1)). അത്തരം ധന സഹായത്തിനുള്ള സംസ്ഥാനത്തിന്റെ യോഗ്യതയെ നിയന്ത്രിക്കുന്ന തത്വങ്ങൾ ആവിഷ്കരിക്കുക;

എങ്ങനെ നികുതി വിഭജിക്കുന്നു



- കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി ഓരോ 5 വർഷവും ജി.എസ്.ടി ഉപയോഗിച്ച് വിതരണം ചെയ്യാൻ അനുവദിക്കാൻ ആർട്ടിക്കിൾ 280 ധനകാര്യ കമ്മീഷനെ നിർബന്ധിക്കുന്നു.
- 15 ാമത് ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 2020 ഏപ്രിൽ മുതൽ ആരംഭിക്കും.

3. ഇന്ത്യൻ പ്രസിഡന്റിന് താല്പര്യമുള്ള മറ്റേതെങ്കിലും വിഷയങ്ങൾ കമ്മീഷൻ പരാമർശിക്കുന്നു. കടാശ്വാസം, സ്റ്റേറ്റുകളുടെ ദുരന്തനിവാരണത്തിനുള്ള ധനസഹായം, അധിക എക്സൈസ് തീരുവ തുടങ്ങിയ നിരവധി വിഷയങ്ങൾ കമ്മീഷൻ ഈ വിഭാഗത്തിൽ ഏറ്റെടുക്കുന്നു.

9.14

ലോക്കൽ ധനകാര്യം

ലോക്കൽ ധനകാര്യം എന്നത് ഇന്ത്യയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യത്തെ സൂചിപ്പിക്കുന്നു. ഒരു വൈവിധ്യമാർന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യയിൽ ഉണ്ട്. ഇന്ന് നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന നാല് പ്രധാന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉണ്ട്:

തദ്ദേശ സ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്തുകൾ
2. ജില്ലാബോർഡുകൾ അല്ലെങ്കിൽ സിലാപരിഷത്തുകൾ
3. മുനിസിപ്പാലിറ്റികൾ
4. മുനിസിപ്പൽ കോർപ്പറേഷനുകൾ

1. ഗ്രാമപഞ്ചായത്തുകൾ:



◆ ഒരു പഞ്ചായത്തിന്റെ നിയമനിർമ്മാണം ഒരു റവന്യൂഗ്രാമത്തിൽ ഒതുങ്ങുന്നു. ചില സന്ദർഭങ്ങളിൽ രണ്ടോ അതിലധികമോ ചെറിയ ഗ്രാമങ്ങൾ ചേർന്ന് ഒരു പഞ്ചായത്തിൻ കീഴിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് രാജ് രൂപീകരിക്കുന്നത് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളുടെയും നയമാണ്.

◆ **പ്രവർത്തനങ്ങൾ**

a) പഞ്ചായത്തുകളുടെപ്രവർത്തനങ്ങൾസിവിൽ, സാമ്പത്തികം, മുതലായവ ഉൾപ്പെടെയുള്ള വിശാലപ്രദേശമാണ്. അതിനാൽ ചെറിയ തർക്കങ്ങൾ അവിടെ വച്ചുതന്നെ പഞ്ചായത്തുകൾ തീർപ്പിലാക്കുന്നു.

12th Economics Malayalam_Chapter-09.indd 202 2/3/2023 10:51:38 AM

b) റോഡുകൾ, പ്രാഥമിക വിദ്യാലയങ്ങൾ, ഗ്രാമീണ ഔഷധശാലകൾ തുടങ്ങിയവ പഞ്ചായത്തുകൾ കൈകാര്യം ചെയ്യുന്നു.

c) കുടിക്കുന്നതിനും ജലസേചനത്തിനുമുള്ള ജലത്തിന്റെ വിതരണം അവരുടെ ഉത്തരവാദിത്തമേഖലയിൽഉൾപ്പെടുന്നു. ചിലസന്ദർഭങ്ങളിൽ കൃഷി, വിപണനം, ശേഖരണം തുടങ്ങിയവ അവരെ ഏൽപിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തുകളുടെ വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തുകളുടെവരുമാനസ്രോതസുകൾ ചുവടെ ചേർക്കുന്നു.

(i) പൊതുവായ സ്വത്ത് നികുതി


(ii) ഭൂമിയുടെ നികുതി

(iii) തൊഴിൽ നികുതി

(iv) മൃഗങ്ങൾക്കും വാഹനങ്ങൾക്കും ഉള്ള നികുതി

സേവന നികുതി, ഒക്ട്രോയ്, തിയേറ്റർ നികുതി, തിർത്ഥാടന നികുതി, വിവാഹ നികുതി, ജനനമരണ നികുതി, തൊഴിൽ നികുതി, എന്നിവയാണ്മറ്റുനികുതികൾ. വാസ്തവത്തിൽസംസ്ഥാനസർക്കാരിന്റെ അനുമതിയോടെ മാത്രമേ നികുതികൾ പഞ്ചായത്തുകൾക്ക് ലഭിക്കുകയുള്ളൂ. നികുതി നിരക്കുകളിൽ ചില പരിമിതികൾ ഉണ്ട്. അവയെ നിരീക്ഷിക്കേണ്ടതാണ്.

2. ജില്ലാബോർഡുകൾ അല്ലെങ്കിൽ സിലാ പരിഷത്തുകൾ:



◆ ഗ്രാമപ്രദേശങ്ങളിൽ ജില്ലാ ബോർഡുകൾ അഥവാ സിലാ പരിഷത്തുകൾ ജില്ലാ തലത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഒരു ജില്ലാ ബോർഡിന്റെ പ്രാദേശിക അധികാരപരിധി പൊതുവെ ഒലു റവന്യൂ ജില്ലയാണ്.

◆ **പ്രവർത്തനങ്ങൾ**

തമിഴ്നാട്ടിൽസിലാപരിഷത്ത് പഞ്ചായത്ത് സമിതികളുടെ പ്രവർത്തനങ്ങളെ നടത്താൻ ഉപദേശിക്കുകയും പൊതുവായ മേൽനോട്ടം വഹിക്കുകയുംപുരോഗമനപദ്ധതികളെനടപ്പിലാക്കുന്നതിന് വേണ്ട ഉപദേശം നൽകുകയും ചെയ്യുന്നു.

ജില്ലാബോർഡിന്റെ വരുമാന സ്രോസ്സുകൾ

(i) സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം.

(ii) ഭൂമി സെസ്സുകൾ.

(iii) ടോൾ, ഫീസ് മുതലായവ.

(iv) സ്വത്തിൽനിന്നുള്ളവരുമാനവുംസംസ്ഥാനസർക്കാരിൽ നിന്നുള്ള ലോണുകൾ.

(v) വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രം സ്പോൺസർ ചെയ്ത പദ്ധതികൾക്കുള്ള ധനസഹായം.

(vi) മേളകളിൽ നിന്നും പ്രദർശനങ്ങളിൽ നിന്നുമുള്ള വരുമാനം.

(vii) ജില്ലാ ബോർഡുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകാവുന്ന സ്വത്ത് നികുതിയും മറ്റും നികുതികളും.

3. മുനിസിപ്പാലിറ്റികൾ



12th Economics Malayalam_Chapter-09.indd 203 2/3/2023 10:51:39 AM

◆ സ്ഥാപനങ്ങളും പ്രവർത്തനങ്ങളും നഗരപ്രദേശങ്ങളിലെ ശുചിത്വം, പൊതുജനാരോഗ്യം, പ്രാദേശിക റോഡുകൾ, വിളക്കുകൾ, ജലവിതരണം, തെരുവുകൾ വൃത്തിയാക്കൽ, പാർക്കുകളുടെയും പൂന്തോട്ടങ്ങളുടെയും അറ്റകുറ്റപണി, ആശുപത്രികൾ മരുന്നു കടകൾ, മൃഗാശുപത്രികൾ എന്നിവയുടെ പരിപാലനം ഡ്രെയിനേജ് വിതരണം എന്നിവ പോലുള്ള പ്രാദേശിക കാര്യങ്ങളെ പരിപാലിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ളതാണ്. മുനിസിപ്പാലിറ്റികൾ എന്നിരുന്നാലും ഈ പ്രവർത്തനങ്ങളെല്ലാം ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരിക്കും.

മുനിസിപ്പാലിറ്റികളിലെ വരുമാന സ്രോതസ്സ്

(i) സ്വത്തിൻമേലുള്ള നികുതി

(ii) ചരക്കുകൾക്കുള്ള നികുതി പ്രധാനമായും ഒക്ട്രോയ്


(iii) വ്യക്തിഗത നികുതികൾ, കൊഴിൽ, വ്യാപാരം എന്നിവയ്ക്കുള്ള നികുതികൾ

(iv) വാഹനങ്ങൾക്കും മൃഗങ്ങൾക്കുമുള്ള നികുതി

(v) തിയേറ്റർ നികുതി

(vi) സ്റ്റേറ്റ് ഗവൺമെന്റിൽ നിന്നുള്ള ധന സഹായങ്ങൾ.

4. മുനിസിപ്പൽകോർപ്പറേഷനുകൾ



സ്ഥാപനങ്ങളും പ്രവർത്തനങ്ങളും:

മുനിസിപ്പാലിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് വിശാലമായ അധികാരങ്ങളുണ്ട്. കൂടുതൽ സ്വാതന്ത്ര്യവും അവർക്കു ലഭിക്കുന്നു. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പൊതുവായി ചില പ്രവർത്തനങ്ങൾ വീതിച്ചു നൽകുന്നു. പലവിതരണം, ഡ്രെയിനേജ് ലൈറ്റിംഗ്, റോഡുകൾ, ചേരിവൃത്തിയാക്കൽ, പാർപ്പിടം, നഗര ആസൂത്രണം തുടങ്ങിയ പ്രവർത്തനങ്ങൾ അവർ ഏറ്റെടുത്തു നടത്തുന്നു.

കോർപ്പറേഷനുകളുടെ വരുമാന സ്രോതസ്സ്

(i) സ്വത്തിൻമേലുള്ള നികുതി,

(ii) വാഹനങ്ങൾക്കും മൃഗങ്ങൾക്കുമുള്ള നികുതി,

(iii) വ്യാപാരം, അപേക്ഷക്ഷണിക്കൽ, തൊഴിൽ എന്നിവയ്ുള്ള നികുതി,

(iv) തിയേറ്റർ നികുതി,

(v) നഗരങ്ങളിലേക്ക് വില്പനക്കെത്തിക്കുന്ന വസ്തുക്കളുടെ നികുതി,

(vi) പരസ്യങ്ങൾക്കുള്ള നികുതി,

(vii) ഒക്ട്രോയി, ടെർമിനൽ നികുതി തുടങ്ങിയവ.

കോർപ്പറേറ്റുകൾക്ക് അവരുടെ തെരഞ്ഞെടുപ്പിന് ന്യായമായ സ്വാതന്ത്ര്യമുണ്ട്. നിയമം അനുശാസിക്കുന്ന പരാമവധി കുറഞ്ഞ നിരക്കുകൾക്ക് വിധേയമായി ഈ നികുതികൾ പരിഷ്കരിക്കണം.

9.15 ധനനയം

മാക്രോഇക്കണോമിക് പോളിസിയുടെ ഒരു ഉപാധിയെന്ന നിലയിൽ ആധുനിക ഗവൺമെന്റുകൾക്കിടയിൽ ധനനയം വളരെ പ്രചാരത്തിലുണ്ട്. ധനനയത്തിന്റെ വർദ്ധിച്ച വരുന്ന പ്രാധാന്യവും മഹാമാന്ദ്യവും കെയിൻസിന്റെ നൂതന സാമ്പത്തികശാസ്ത്രത്തിൽ വികസിപ്പിച്ചതാണ്.

9.15.1. ധനനയത്തിന്റെ അർത്ഥം

പൊതുവായ ഭാഷാ നയത്തിൽ ബഡ്ജറ്റ് കൃത്രിമത്വം എന്നാൽ മാക്രോ ഇക്കണോമിക് വേരിയബിളുകളായ, തൊഴിൽ, ഉല്പന്നം, സമ്പാദ്യം, നിക്ഷേപം എന്നിവയെ ബാധിക്കുന്നു.

12th Economics Malayalam_Chapter-09.indd 204 2/3/2023 10:51:39 AM

9.15.2. നിർവചനം

"ധനനയം എന്ന പദം സൂചിപ്പിക്കുന്നത് ഗവൺമെന്റിന്റെ ചെലവും വരുമാനപദ്ധതികളും അഭികാമ്യഫലങ്ങൾ ഉളവാക്കുന്നതിനുവേണ്ടിയും ദേശീയവരുമാനം, ഉല്പാദനം, തൊഴിൽ എന്നിവയിൽ അഭികാമ്യമല്ലാത്ത ഫലങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടിയും ഉപയോഗിക്കുന്ന ഒരു നയത്തെയാണ് സൂചിപ്പിക്കുന്നത്"

– ആർതർസ്മിത്ത്

"നമ്മുടെ ദേശീയ സാമ്പത്തികലക്ഷ്യങ്ങൾ വർദ്ധിപ്പിക്കാനായി പൊതുധനകാര്യം അല്ലെങ്കിൽ ചെലവ്, നികുതികൾ, വായ്പ, സാമ്പത്തിക ഭരണം എന്നിവയെ ഉപയോഗപ്പെടുത്തുന്നതാണ് സാമ്പത്തിക നയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്"

– ബ്യൂഹ്ലർ


9.15.3. ധനകാര്യ ഉപാധികൾ

ധനകാര്യഉപാധികളെ, സാമ്പത്തിക ഉപകരണങ്ങൾ അല്ലെങ്കിൽ സാമ്പത്തിക ലിവർ എന്നീ ഉപാധികളിലൂടെ ധനനയം നടപ്പിലാക്കുന്നു. ഗവൺമെന്റ് ചെലവ്, നികുതി, കടംവാങ്ങൽ എന്നിവ ധനകാര്യ ഉപകരണങ്ങളാണ്.

i) നികുതിചുമത്തൽ: നികുതിവഴി ജനങ്ങളിൽ നിന്നുള്ള വരുമാനം ഗവൺമെന്റിലെത്തുന്നു. നികുതികൾ പ്രത്യക്ഷമായോ, പരോക്ഷമായോ ചുമത്തുന്നു. നികുതിവർദ്ധനവ് ചെലവാക്കാവുന്ന വരുമാനത്തെ കുറയ്ക്കുന്നു. അതിനാൽ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന് നികുതി വർദ്ധിപ്പിക്കണം. തകർച്ച സമയത്ത് നികുതി കുറയ്ക്കണം.

ii) പൊതുചെലവ്: പൊതുചെലവ് ജീവനക്കാരുടെവേതനവുംശമ്പളവുംഉയർത്തുന്നു.അതുവഴി ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള ചോദനം വർദ്ധിക്കുന്നു. അതിനാൽ സാമ്പത്തിക മാന്ദ്യത്തിനെതിരെ പോരാടുന്നതിനായി പൊതു ചെലവ് ഉയർത്തുകയും പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന് പൊതു ചെലവ് കുറയ്ക്കുകയും ചെയ്യുന്നു.

iii) പൊതുകടം: ഗവൺമെന്റ് വായ്പ എടുക്കുമ്പോൾ ഫണ്ട് കൈമാറ്റം പൊതുജനങ്ങളിൽ നിന്നും ഗവൺമെന്റിലെത്തുന്നു. പലിശ അടക്കുകയും പൊതുകടം തിരിച്ചടയ്ക്കുകയും ചെയ്യുമ്പോൾ ഫണ്ട് ഗവൺമെന്റിൽ നിന്നും പൊതുജനങ്ങളിലെത്തുന്നു.



12th Economics Malayalam_Chapter-09.indd 205 2/3/2023 10:51:40 AM

9.15.4. ധനനയത്തിന്റെ ലക്ഷ്യങ്ങൾ:



താഴേപറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് സാമ്പത്തിക നയം പ്രയോജന പ്രദമാണ്:

1. പൂർണ്ണതൊഴിൽ

വികസിതരാജ്യങ്ങളിലെയും വികസ്വര രാജ്യങ്ങളിലെയും ധനനയത്തിന്റെ പൊതുലക്ഷ്യം പൂർണ്ണതൊഴിൽ എന്നതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാമൂഹിക അധികചെലവുകൾക്കുള്ള പൊതു ചെലവ് വർദ്ധിപ്പിക്കുന്നു. ഇന്ത്യയിൽ MGNREGS പോലുള്ള ഗ്രാമീണ തൊഴിൽ പദ്ധതികൾക്കുള്ള പൊതുചെലവ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യം വച്ചുള്ളതാണ്

2. വിലസ്ഥിരത

മൊത്തചോദനവും മൊത്ത പ്രദാനവും തമ്മിലുള്ള പൊരുത്തക്കേടാണ് വിലസ്ഥിരതക്ക് കാരണം. ചരക്കുകളുടെ അധിക ചോദനം പണപ്പെരുപ്പത്തിന് കാരണമാകുന്നു. യഥാർത്ഥ ഉല്പാദനത്തേക്കാൾ കൂടുതൽ ഗവൺമെന്റ് ചെലവ് മൂലമാണ് അധിക ചോദനം ഉണ്ടാകുന്നതെങ്കിൽ ഏറ്റവും ഫലപ്രദമായ നടപടി പൊതുചെലവ്കുറയ്ക്കുകഎന്നതാണ്. സ്വകാര്യ ചെലവ് കാരണം അധിക ചോദനം ഉണ്ടാകുന്നെങ്കിൽ നികുതി ചുമത്തലാണ് ഏറ്റവും നല്ലനടപടി. നികുതി ചുമത്തൽവഴിചെലവാക്കേണ്ട വരുമാനവും മൊത്ത ചോദനവും കുറയാൻ ഇടയാകുന്നു.

തകർച്ചക്കെതിരെ പോരാടുന്നതിന് ഗവൺമെന്റ് ചെലവ് വർദ്ധിപ്പിക്കേണ്ടതും നികുതി ചുമത്തൽ കുറയ്ക്കേണ്ടതുമാണ്.

3. സാമ്പത്തിക വളർച്ച

സമ്പദ്വ്യവസ്ഥയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക നയം ഉപയോഗിക്കുന്നു. മുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിനായി നികുതിയെ ഒരു ഉപകരണമായി ഉപയോഗിക്കുന്നു. പുതിയ വ്യവസായങ്ങൾക്കുള്ള നികുതി, അവധിദിന നികുതി ഇളവുകൾ എന്നിവ നിക്ഷേപത്തെ ഉത്തേജിപ്പിക്കുന്നു. സ്വകാര്യ മുതൽ മുടക്കിൽ അവശേഷിക്കുന്ന വിടവ് നികത്താൻ പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിക്കണം. നികുതി നടപടികളിലൂടെ വിഭവശേഖരണം അപര്യാപ്തമാകുമ്പോൾ ആഭ്യന്തര ബാഹ്യ സ്രോതസ്സുകളിൽ നിന്ന് കടമെടുക്കാൻ സർക്കാർ തയ്യാറാകുന്നു.

4. തുല്യമായ വിതരണം

ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് നികുതി ചുമത്തലിലെ പുരോഗമന നിരക്ക് സഹായിക്കുന്നു. അതുപോലെ സൗജന്യവിദ്യാഭ്യാസം, സ്കൂൾ കുട്ടികൾക്ക് ഉച്ച ഭക്ഷണം, സബ്സിഡികൾ എന്നിവ പോലുള്ള ക്ഷേമപദ്ധതികളിലൂടെ പൊതു ചെലവിലെ പുരോഗമന നിരക്ക്പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നു.

5. കൈമാറ്റസ്ഥിരത

അന്താരാഷ്ട്ര വ്യാപാരത്തിലെ ഏറ്റകുറച്ചിലുകൾ വിനിമയ നിരക്കിന്റെ ചലനത്തിന് കാരണമാകുന്നു. നികുതി ഇളവുകളും കയറ്റുമതി അധിഷ്ഠിത യൂണിറ്റുകൾക്കുള്ള സബ്സിഡിയും കയറ്റുമതി വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ആവശ്യമല്ലാത്ത ഇനങ്ങൾ കയറ്റുമതി ഇറക്കുമതി ചെയ്യുന്നതിനുള്ള കസ്റ്റംസ് തീരുവ ഇറക്കുമതി ബിൽ കുറയ്ക്കാൻ സഹായിക്കുന്നു. അസംസ്കൃത വസ്തുക്കളുടെയും യന്ത്രങ്ങളുടെയുംഇറക്കുമതി തീരുവകുറയ്ക്കുന്നതിലൂടെ ചെലവ് കുറയ്ക്കാനുംകയറ്റുമതിയെമത്സരാധിഷ്ഠിതമാക്കാനും കഴിയും.

12th Economics Malayalam_Chapter-09.indd 206 2/3/2023 10:51:40 AM

6. മൂലധന രൂപീകരണം

സാമ്പത്തിക വികസനത്തിന് മൂലധന സ്വരൂപീകരണം അത്യാവശ്യമാണ്. നികുതി ഇളവുവഴി ചെലവാക്കേണ്ട വരുമാനം, സമ്പാദ്യം എന്നിവ വർദ്ധിക്കുകയും അതുവഴി മൂലധന രൂപീകരണം വർദ്ധിക്കാനിടയാകുന്നു. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഗതാഗതം എന്നീ മേഖലകളിലെ പൊതുചെലവ് സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്നു.

7. പ്രാദേശിക സന്തുലനാവസ്ഥ

പിന്നോക്ക പ്രദേശങ്ങളിലെ വ്യവസായങ്ങൾക്കുള്ള ധനസഹായങ്ങൾ പ്രാദേശിക അസന്തുലിതാവസ്ഥയെ കുറക്കുന്നതിന് സഹായിക്കുന്നു. വ്യാവസായിക എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് പൊതുചെലവ് ഉപയോഗിക്കുന്നതിനാൽ പിന്നോക്കപ്രദേശങ്ങളിലെ വ്യാവസായിക പ്രവർത്തനങ്ങൾ ഉത്തേജിക്കപ്പെടുന്നു.

സംഗ്രഹം:

കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും പ്രാദേശിക ഭരണകൂടത്തിന്റെയും വരുമാനവും ചെലവും കൈകാര്യം ചെയ്യുന്ന ശാസ്ത്രമാണ് പൊതുധനകാര്യം. ആധുനിക കാലത്ത് ഈ വിഷയത്തിൽ അഞ്ച് പ്രധാന വിഭാഗങ്ങൾ ഉൾപ്പെടുന്നു. പൊതുവരുമാനം, പൊതു ചെലവ്, പൊതുകടം, ധനഭരണം, ധനനയം അതിനാൽ വികസിതവും അവികളിതവുമായ സമ്പദ്‌വ്യവസ്ഥകളിൽ പൊതു ധനകാര്യം ഒരു പ്രധാന പങ്ക് വഹിക്കുന്നു. വികസിത സമ്പദ്‌വ്യവസ്ഥകളിൽ സാമ്പത്തിക അസ്ഥിരത പ്രശ്നം ഉണ്ടാകുന്നു. ഇതിനുകാരണം ചോദനത്തിന്റെ അഭാവമോ അധികചോദനമോ ആയിരിക്കും വികസിത രാജ്യങ്ങളിൽ വേഗത്തിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുള്ള ഉപകരണങ്ങളിലൊന്നാണ് ധനനയം

വൻ തകർച്ചയ്ക്കുശേഷം ധനനയം ജനപ്രിയമായി തകർച്ചയിൽ നിന്നും കരകയറാൻ സമ്പദ്‌വ്യവ സ്ഥയിൽ ഗവൺമെന്റിന്റെ ഇടപെടലിന് പ്രാധാന്യം നൽകി. ഗവൺമെന്റ് ചെലവുകൾ, സ്വകാര്യ നിക്ഷേപം, പലിശ നിരക്ക്, ഉപഭോഗം, വരുമാന വളർച്ച എന്നിവ തമ്മിൽ അടുത്ത ബന്ധമുണ്ട്.

ശബ്ദപരാമർശം

നികുതി: കിഡ് പ്രൊ ക്യൂ ഇല്ലാതെ പൗരൻമാർ നിർബന്ധമായി സർക്കാരിന് അടയ്ക്കുന്ന തുക.

കിഡ് പ്രോ ക്യൂ: എന്തിന്റെയെങ്കിലും പ്രതിഫലമായി ഒരു ആനുകൂല്യമോ നേട്ടമോ നൽകുക.

ആനുപാതിക നികുതി: നികുതി അടിസ്ഥാനമില്ലാതെ ഒരേ നിരക്കിൽ നികുതി ചുമത്തുക

പുരോഗമന നികുതി: നികുതി അടിത്തറ വർദ്ധിക്കുന്നതിനൊപ്പം ഉള്ള നികുതി വർദ്ധനവ്

പിന്തിരിപ്പൻ നികുതി: ദരിദ്രർക്ക് ഉയർന്ന നികുതിനിരക്കും ധനികർക്ക് കുറഞ്ഞ നികുതി നിരക്കും ചുമത്തുക

ആന്തരിക പൊതുകടം: രാജ്യത്തുള്ള പൗരൻമാരിൽ നിന്നോ വിവിധ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ എടുക്കുന്ന വായ്പ

ബാഹ്യപൊതുകടം: വിദേശത്തു നിന്നോ ഒരു അന്താരാഷ്ട്ര സംഘടനയിൽ നിന്നോ എടുക്കുന്ന വായ്പ

ധനനയം : ഗവൺമെന്റിന്റെ വരുമാനവും ചെലവും തമ്മിലുള്ള പ്രവർത്തനങ്ങളുടെ നയം.

കമ്മിബഡ്ജറ്റ് : ഗവൺമെന്റിന്റെ പ്രതീക്ഷിത വരുമാനവും പ്രതീക്ഷിത ചെലവും തമ്മിലുള്ള അന്തരം

ലോക്കൽ ധനകാര്യം: ഇന്ത്യയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ധനകാര്യത്തെ സൂചിപ്പിക്കുന്നു.

12th Economics Malayalam_Chapter-09.indd 207 2/3/2023 10:51:40 AM

മാതൃകാ ചോദ്യങ്ങൾ

RO2DT

ഭാഗം – A

മൾട്ടിപ്പിൾ ചോയിസ് ചോദ്യങ്ങൾ

1. ആധുനിക സംസ്ഥാനം

a) ലെയ്സെസ് ഫെയർ സ്റ്റേറ്റ്
b) പ്രഭുവർഗ്ഗ സംസ്ഥാനം
c) ക്ഷേമ രാഷ്ട്രം
d) പോലീസ് സംസ്ഥാനം

2. ഇനി പ്പറയുന്നവയിലൊന്ന് സ്വകാര്യ ധന കാര്യത്തിന്റെ സവിശേഷതയല്ല

a) വരുമാനവും ചെലവും തുലനം ചെയ്യുന്നത്
b) രഹസ്യം
c) വരുമാനത്തിന്റെ ചില ഭാഗം ലാഭിക്കൽ
d) പ്രചരണം

3. നികുതിയിൽ ഇനിപ്പറയുന്ന സ്വഭാവ സവിശേഷതകൾ ഉണ്ട്

a) നിർബന്ധി
b) ക്വിഡ് പ്രോ. ക്വോ ഇല്ല
c) അടയ്ക്കുന്നതിൽ പരാജയപ്പെടുന്നത് കുറ്റകരമാണ്
d) മുകളിൽ പറഞ്ഞവ

4. ആഡംസ്മിത്ത് ഇനിപ്പറയുന്നവയിൽ ഏത് നികുതിയുടെ നിബന്ധനകൾ പട്ടികപ്പെടുത്തിയിട്ടില്ല?

a) സമത്വത്തിന്റെ തത്വം
b) നിശ്ചയദാർഢ്യ തത്വം
c) സൗകര്യാതത്വം
d) ലാളിതത്വം

5. ഇനിപ്പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ശരിയായവ തിരിച്ചറിയുക.

i. സംസ്ഥാനത്തിലോ കൺകറന്റ് ലിസ്റ്റിലോ പരാമർശിക്കാത്ത നികുതി ചുമത്താൻ കേന്ദ്ര സർക്കാരിന് പ്രത്യേക അധികാരമില്ല.

ii. ചില നികുതി വരുമാനം യൂണിയൻ പട്ടികയിൽ നിന്ന് സംസ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനും ഭരണഘടന അനുശാസിക്കുന്നു.

a) i മാത്രം
b) ii മാത്രം
c) രണ്ടും
d) ഒന്നുമില്ല

6. GST

a) വിൽപ്പന നികുതി
b) കോർപ്പറേഷൻ നികുതി
c) ആദായ നികുതി
d) പ്രാദേശിക നികുതി

7. നേരിട്ടുള്ള നികുതിക്ക് ഇനിപ്പറയുന്ന ഗുണങ്ങളുണ്ട്

a) തുല്യത
b) സൗകര്യപ്രദമായ
c) നിശ്ചയദാർഢ്യം
d) നാഗരിക ബോധം

8. ഇനിപ്പറയുന്നവയിൽ ഏതാണ് നേരിട്ടുള്ള നികുതി?

a) എക്സൈസ് തീരുവ
b) ആദായ നികുതി
c) കസ്റ്റംസ് തീരുവ
d) സേവന നികുതി

9. ഇനിപ്പറയുന്നവയിൽ ഏതാണ് യൂണിയൻ പട്ടികയ്ക്ക് കീഴിലുള്ള നികുതി?

a) വ്യക്തിഗത ആദായ നികുതി
b) കോർപ്പറേഷൻ നികുതി
c) കാർഷിക വരുമാന നികുതി
d) എക്സൈസ് തീരുവ

12th Economics Malayalam_Chapter-09.indd 208 2/3/2023 10:51:40 AM

10. സർക്കാരിന്റെ വരുമാന രസീതുകളിൽ

a) പലിശ
b) ലാഭവും ഡിവിഡന്റുകളും
c) റിക്കവറികളും വായ്പകളും
d) സ്വത്തിൽ നിന്ന് വാടക

11. വരുമാന ചെലവും വരുമാന രസീതുകളും തമ്മിലുള്ള വ്യത്യാസം

a) വരുമാന കമ്മി
b) ധനകമ്മി
c) ബഡ്ജറ്റ് കമ്മി
d) പ്രാഥമിക കമ്മി

12. മൊത്തം രസീതുകളുടെ ചെലവും വായ്പകളും മറ്റ് ബാധ്യതകളും ഉൾപ്പെടെയുള്ള വ്യത്യാസം കമ്മി എന്ന് വിളിക്കുന്നു

a) ധനകമ്മി
b) ബഡ്ജറ്റ്കമ്മി
c) പ്രാഥമിക കമ്മി
d) വരുമാന കമ്മി

13. കമ്മി ധനസഹായത്തിന്റെ പ്രാഥമിക ലക്ഷ്യം

a) സാമ്പത്തിക വികസനം
b) സാമ്പത്തിക സ്ഥിരത
c) സാമ്പത്തിക സമത്വം
d) നതൊഴിൽ സൃഷ്ടിക്കൽ

14. കമ്മി ബഡ്ജറ്റ് എന്നാൽ

a) ചെലവിനേക്കാൾ സർക്കാരിന്റെ വരുമാനത്തിന്റെ അധികഭാഗം
b) സർക്കാരിന്റെ നിലവിലെ ചെലവിനേക്കാൾ അധികമാണ് അതിന്റെ മൊത്തം വരുമാനത്തേക്കാൾ നിലവിലെ വരുമാന ച്ചെലവ്
c) സർക്കാരിന്റെ ആകെവരുമാനത്തിന്റെ അധികാരമാണ്
d) ഇവയൊന്നുമല്ല

15. പൊതുകടം തിരിച്ചടയ്ക്കുന്നതിനുള്ള രീതികൾ

a) പരിവർത്തനം
b) സിങ്കിംഗ് ഫണ്ട്
c) ഫണ്ടുചെയ്ത കടം
d) ഇവയെല്ലാം

16. പൊതുകടത്തിന്റെഅർത്ഥംവ്യക്തമാക്കുന്നത്

a) പഴകിയത് പുതിയ ബോണ്ടുകൾ കൈമാറ്റം ചെയ്യുന്നത്
b) ഉയർന്ന പലിശ ബോണ്ടുകൾ
c) ഹ്രസ്വകാല ബോണ്ടുകൾക്കുള്ള ദീർഘകാല ബോണ്ടുകൾ
d) മുകളിൽ പറഞ്ഞവയെല്ലാം

17. ബഡ്ജറ്റ് എന്ന പദം ഫ്രഞ്ച് പദമായ ബഗെറ്റ് എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് എന്നർത്ഥം വരുന്നത്

a) ഒരു ചെറിയ ബാഗ്
b) ശൂന്യമായ ബോക്സ് (പെട്ടി)
c) പേപ്പറുകളുള്ള ഒരു പെട്ടി
d) മേൽപ്പറഞ്ഞവ ഒന്നുമില്ല

18. ഇനിപയുന്നവയിൽ ഏതാണ് കടമെടുക്കുന്ന രസീത് ആയിക്കാക്കാത്തത്?

a) വരുമാന കമ്മി
b) ബഡ്ജറ്റ് കമ്മി
c) ധനക്കമ്മി
d) പ്രാഥമിക കമ്മി

19. ധനകമ്മീഷൻ നിർണ്ണയിക്കുന്നത്

a) ഇന്ത്യാ ഗവൺമെന്റിന്റെ ധനകാര്യം
b) സംസ്ഥാനങ്ങളിലേക്ക് വിഭവം കൈമാറ്റം
c) വിവിധ വകുപ്പുകളിലേക്ക് വിഭവങ്ങൾ കൈമാറ്റം ചെയ്യുന്നത്
d) മുകളിൽ പറഞ്ഞവയൊന്നുമില്ല

12th Economics Malayalam_Chapter-09.indd 209 2/3/2023 10:51:40 AM

20. ഇനിപ്പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ശരിയായവ തിരിച്ചറിയുക.

i. ധനകാര്യ കമ്മീഷനെ രാഷ്ട്രപതി നിയമിക്കുന്നു

ii. ധനകാര്യ കമ്മിഷന്റെ കാലാവധി അഞ്ച് വർഷമാണ്

a) i മാത്രം

b) ii മാത്രം

c) രണ്ടും

d) ഒന്നുമില്ല

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
c	d	d	d	b	a	b	b	c	d
11	12	13	14	15	16	17	18	19	20
a	a	a	c	d	b	a	c	b	c

ഭാഗം B

രണ്ടുമാർക്ക് ചോദ്യങ്ങൾ

21. പൊതുകടം നിർവചിക്കുക.
22. പൊതുവരുമാനം എന്താണ്?
23. നികുതിയും നിരക്കും വ്യത്യാസപ്പെടുത്തുക
24. പൂജ്യം അടിസ്ഥാനമാക്കിയുള്ള ബഡ്ജറ്റിനെ കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.
25. നേരിട്ടുള്ള നികുതിക്ക് രണ്ട് ഉദാഹരണങ്ങൾ നൽകുക.
26. GST യുടെ ഘടകങ്ങൾ എന്തൊക്കെയാണ്?
27. പൊതുകടം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

ഭാഗം C

മൂന്നുമാർക്ക് ചോദ്യങ്ങൾ

28. നികുതിയുടെ തത്വങ്ങളെക്കുറിച്ച് വിവരിക്കുക.
29. പൊതുധനകാര്യവും സ്വകാര്യധനകാര്യവും തമ്മിലുള്ള ഏതെങ്കിലും മൂന്ന് സമാനതകൾ പരാമർശിക്കുക.
30. ഒരു ആധുനിക സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
31. നികുതിയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ പ്രസ്താവിക്കുക.
32. നേരിട്ടുള്ള നികുതിയും പരോക്ഷനികുതിയും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ ചൂണ്ടികാണിക്കുക.
33. പ്രാഥമിക കമ്മി എന്നാൽ എന്ത്?
34. പൊതുകടം വീണ്ടെടുക്കുന്നതിനുള്ള ഏതെങ്കിലും മൂന്ന് രീതികൾ പരാമർശിക്കുക.

ഭാഗം D

അഞ്ചുമാർക്ക് ചോദ്യങ്ങൾ

35. പൊതുധനകാര്യത്തിന്റെ വ്യാപ്തി വിശദീകരിക്കുക.
36. നേരിട്ടുള്ള നികുതിയെക്കാൾ പരോക്ഷനികുതിയുടെ ഗുണങ്ങൾ പുറത്തെടുക്കുക.
37. കടം വീണ്ടെടുക്കുന്നതിനുള്ള രീതികൾ വിശദീകരിക്കുക.
38. ധനനയത്തിന്റെ ഉപകരണങ്ങൾ വ്യക്തമാക്കുക.

12th Economics Malayalam_Chapter-09.indd 210 2/3/2023 10:51:40 AM

39. ഫെഡറൽ ധനകാര്യത്തിന്റെ തത്വങ്ങൾ വിശദികരക്കുക.
40. ബഡ്ജറ്റിലെ വിവിധതരം കമ്മി വിവരിക്കുക.
41. പൊതു ചെലവിന്റെ സമീപകാല വളർച്ചയുടെ കാരണങ്ങൾ എന്തൊക്കെയാണ്?

പ്രവർത്തനം

വിവിധ ബില്ലുകൾ ശേഖരിക്കുകയും വ്യത്യസ്ത ചരക്കുകൾക്കും സേവനങ്ങൾക്കുമായി ജി.എസ്ടി യുടെ വ്യത്യസ്ത നിരക്കുകൾ പട്ടികപ്പെടുത്തുകയും ചെയ്യുക.

References

1. Public Finance – Dr.H.L.Bhatia – Vikas Publishers-2018
2. Public Finance – R.K.lekhi – Joginder Sing – Kalyani Publications-2010
3. Public Finance – AmbarGhose, Chandra Ghosh – PHI Publications -2014
4. Public FinaceTheroy and Practice – Dr. S.K.Sing – S.Chand Publication -2010

Website Link

https://edurev.in/courses/10460_Public-Finance-Notes--Videos.
https://eclass.uoa.gr/modules/document/file.php/ECON123/Lectures/Lecture%2001%20Introduction.pdf

12th Economics Malayalam_Chapter-09.indd 211 2/3/2023 10:51:40 AM

അദ്ധ്യായം

10

പരിസ്ഥിതി സാമ്പത്തികശാസ്ത്രം

"പാരിസ്ഥിതിക പ്രശ്നങ്ങൾ ശരിക്കും സാമൂഹിക പ്രശ്നങ്ങളാണ് - അതിന്റെ ആരംഭത്തിന് മനുഷ്യർ തന്നെ കാരണക്കാരാകുന്നു; അതിനാൽ ബാധിക്കപ്പെടുന്നതും മനുഷ്യർ തന്നെ".
–സർ. എഡ്മണ്ട് ഹിലാരി

പഠന ഉദ്ദേശ്യങ്ങൾ

1. സാമ്പത്തികവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിന്;
2. പലതരത്തിലുള്ള പരിസ്ഥിതി മലിനീകരണവും അവയുടെ പരിണിത ഫലങ്ങളും മനസ്സിലാക്കൽ,
3. സുസ്ഥിരതയുടെ പ്രാധാന്യം മനസ്സിലാക്കൽ അതോടൊപ്പം വിവിധതരം പരിസ്ഥിതിയെ വിവരിക്കൽ

10.1 ആമുഖം

പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം എന്നത് സാമ്പത്തിക പ്രവർത്തനവും, മനുഷ്യനും പ്രകൃതി പരിസ്ഥിതികളും തമ്മിലുള്ള ഇടപെടലുകളെക്കുറിച്ചുള്ള പഠനമാകുന്നു. പാരിസ്ഥിതിക വിഭവങ്ങളുടെ കാര്യക്ഷമമായ വിഹിതവുമായി ബന്ധപ്പെട്ട സാമ്പത്തിക ശാസ്ത്രത്തിന്റെ ഉപവിഭാഗമാണ് പരിസ്ഥിതി സാമ്പത്തികം. പരിസ്ഥിതി നേരിട്ടുള്ള മൂല്യവും സാമ്പത്തിക പ്രവർത്തനങ്ങൾക്കവാശ്യമായ അസംസ്കൃത വസ്തുക്കളും നൽകുന്നു. അപ്രകാരം ഇവർ പരസ്പരാശ്രിതരാണ് എന്ന് കാണാം.

പ്രകൃതിവിഭവങ്ങളെക്കുറിച്ചുള്ള മൂല്യനിർണയം, സംരക്ഷണം, മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്കരണം, പുനരുപയോഗം തുടങ്ങിയ പ്രശ്നങ്ങൾ പരിസ്ഥിതി സമ്പദ് വ്യവസ്ഥയിൽ ഉൾപ്പെടുന്നു. വിഭവങ്ങൾ പ്രകൃതി ദുരന്തമായാലും കൃത്രിമമായാലും പരിമിതമാണെങ്കിൽ ഈ പൊതു നയങ്ങൾ ഫലപ്രദമാകുന്നത് പരമാവധി നേട്ടമുക്കുമ്പോൾ മാത്രമാണ്..



12th Economics Malayalam_Chapter-10.indd 212 2/3/2023 10:54:03 AM

പാരിസ്ഥിതിക സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രധാനലക്ഷ്യം എന്നത് പ്രത്യേക ഉപകരണങ്ങൾ അല്ലെങ്കിൽ മാറി മാറിവരുന്ന നയങ്ങളെ തിരിച്ചറിയുക എന്നിവവിപണിയെ പ്രകൃതിവിഭവങ്ങളുടെ ഏറ്റവും കൂടുതൽ വിഹിതത്തിലേക്ക് നീക്കുന്നു.

10.2

പരിസ്ഥിതി എന്ന വാക്കിന്റെ അർത്ഥം

പരിസ്ഥിതിയുമായി ബന്ധമുള്ള ഒരു ഫ്രഞ്ച് പദമായ "Environ" എന്ന വാക്കിൽ നിന്നാണ് പരിസ്ഥിതി എന്ന പദം ആവിഷ്കൃതമായത്. പരിസ്ഥിതി എന്നാൽ നിബന്ധനകൾ, സാഹചര്യങ്ങൾ എന്നിവ ഒരു ജീവിയുടെയോ, ഒരു കൂട്ടം ജീവികളുടെയോ ചുറ്റുപാടുകളെ ബാധിക്കുന്നത് എന്നാണ് അർത്ഥമാക്കുന്നത്. ഒരു ജീവിയുടെയോ പാരിസ്ഥിതിക വസ്തുക്കളുടെയോ സങ്കീർണമായ ഭൗതിക, രാസിക ജീവനുള്ള ഘടകങ്ങളുമായി ബന്ധപ്പെട്ടു കാണപ്പെടുന്നു.

പരിസ്ഥിതി സാമ്പത്തികത്തിന്റെ അർത്ഥം

ഇത് സാമ്പത്തികത്തിന്റെ വിവിധ ശാഖകളെയും അവയുടെ മൂല്യത്തെയും തിരിച്ചറിയുകയും, തെരഞ്ഞെടുക്കപ്പെട്ട ആ മൂല്യങ്ങളിൽ നിരോധം ഏർപ്പെടുത്തുകയും ചെയ്യുന്ന സാമ്പത്തിക ശാസ്ത്രത്തിന്റെ വ്യത്യസ്തമായ ഒരു ശാഖയാണ് ഇത്. എല്ലാ ചെലവുകളും ആനുകൂല്യങ്ങളും കണക്കിലെടുത്ത് സാമ്പത്തിക പ്രവർത്തനങ്ങളും പാർസ്ഥിതിക ആഘാതങ്ങളും സന്തുലിതമാക്കുകയാണ് ലക്ഷ്യം. പാരിസ്ഥ്തിക പ്രശ്നങ്ങളുടെയും നയങ്ങളുടെയും സാമ്പത്തിക ആഘാതം പഠിക്കുന്ന സാമ്പത്തിക മേഖലയാണ് പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം.

ലോകമെമ്പാടുമുള്ള ദേശീയ അല്ലെങ്കിൽ പ്രാദേശിക വിരോധാഭാസ നയങ്ങളുടെ സാമ്പത്തിക ഫലങ്ങളെക്കുറിച്ചുള്ള ഭൗതികവും അനുഭവപരവുമായ പഠനങ്ങൾ പരിസ്ഥിതി സാമ്പത്തിക ശാസ്ത്രത്തിൽ ഉൾപ്പെടുന്നു.

10.3

ആവാസവ്യവസ്ഥ

ആവാസവ്യവസ്ഥയിൽ ഒരു പ്രദേശത്തെ എല്ലാ ജീവജാലങ്ങളും (സസ്യങ്ങൾ, മൃഗങ്ങൾ, ജീവികൾ) ഉൾപ്പെടുന്നു. അവ പരസ്പരം ഇടപഴകുകയും ജീവനില്ലാത്തവയുമായും (കാലാവസ്ഥ, ഭൂമി, സൂര്യൻ, മണ്ണ്, അന്തരീക്ഷം) അഭേദ്യമായ ബന്ധം പുലർത്തുകയും ചെയ്യുന്നു. ആവാസ വ്യവസ്ഥകൾ ജീവഘടക (Biosphere) ത്തിന്റെ രീതികളാണ്. അവ ഭൂമിയിലെ മുഴുവൻ ആരോഗ്യത്തെയും നശിപ്പിക്കുന്നു. വിഭവങ്ങളുടെ വളർച്ച, ക്ഷേമം മുതലായവ ആവാസ വ്യവസ്ഥയിൽ ഉൾപ്പെടുന്നു.




10.4

സാമ്പത്തികവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം


ധാരാളം ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും (Living and non-living things) പരസ്പരം ബന്ധപ്പെട്ടു കാണപ്പെടുന്നു. മനുഷ്യജീവിതം സാമൂഹിക, രാഷ്ട്രീയ, സദാചാര, ഫിലോസഫിക്കൽ ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ മനുഷ്യജീവിതം ആരംഭിക്കുന്നത് പരിസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. സാമ്പത്തികവും ചുറ്റുപാടു

12th Economics Malayalam_Chapter-10.indd 213 2/3/2023 10:54:03 AM

മായുള്ള ബന്ധത്തെ വിവരിക്കുന്നതിൽ ഭൗതിക തുലന മാതൃക ആയി കാണപ്പെടുന്നു. ഭൗതിക തുലന മാതൃക വികസിപ്പിച്ചെടുത്തത് അലൻനീസ്, ആർ.വി. അയ്യർ എന്നിവരാണ്. ഇൻപുട്ടും,ഔട്ട്പുട്ടും തമ്മിലുള്ള ബന്ധം ഭൗതിക മായ സന്തുലിത ഒഴുക്കുകളായി സാമ്പത്തി കാവസ്ഥകളിൽ കാണപ്പെടുന്നു. ഇൻപുട്ടുകൾ ചുറ്റുപാടുമുള്ള ഭൗതിക വസ്തുക്കളുമായി ബന്ധ പ്പെട്ടിരിക്കുന്നു. സാമ്പത്തികവും ചുറ്റുപാടുമായി പരസ്പരം ആശ്രയിക്കുന്ന ഘടകങ്ങളെ താഴെപ റയുന്ന രീതിയിൽ കണക്കാക്കപ്പെടുന്നു



ചിത്രം 10.1



മെറ്റീരിയൽ ബാലൻസിന്റെ സമീപനത്തെക്കുറിക്കുന്ന ഫ്ളോ ഡയഗ്രാം

മാറ്റ് (Mat) എൻ. ജോർജ്ജ് (N. George) എന്നിവരുടെ സംരക്ഷണ നിയമത്തെ തെർമോ ഡൈനാമിക് നിയമം എന്നു പറയപ്പെടുന്നു. ഊർ ജ്ജസംരക്ഷണ നിയമത്തിൽ ഒരു ഉല്പാദനത്തി ൽ എന്താണ് പോകുന്നത്, എന്താണ് ഉല്പാദിത മാകുന്നത്, എന്താണ് സംഭവിക്കുന്നത് എന്ന് വ്യക്തമാക്കുന്നതാണ് മെറ്റീരിയൽ ബാലൻസ് അപ്രോച്ച് എന്നത്. മെറ്റീരിയൽ പ്ലേ ഡയഗ്രാമിൽ എല്ലാ പ്രക്രിയകളുടെയും ഇൻപുട്ടും ഔട്ട്പുട്ടം തമ്മിൽ യോജിപ്പിക്കപ്പെടുന്നു. എല്ലാ അസംസ് കൃത പദാർത്ഥങ്ങളും അനാവശ്യമായ മാലിന്യ ങ്ങളായി മാറ്റപ്പെടുന്നു. തൊഴിൽ സ്ഥാപനങ്ങളി ൽ നിന്നുള്ള ഇൻപുട്ടുകൾ വഴി പുറംതള്ളപ്പെടുന്ന ഔട്ട്പുട്ട് മാലിന്യങ്ങൾ ഖര, ദ്രാവക, വാതക മാലി ന്യങ്ങളായി പുറന്തള്ളപ്പെടുന്നു. വീടുകളിലെ ഉപഭോഗസാധനങ്ങളുടെ മാലിന്യങ്ങളും പരി സ്ഥിതിയിൽ മാലിന്യകൂമ്പാരമായി മാറ്റപ്പെടുന്നു. ചുരുക്കത്തിൽമെറ്റീരിയലുംഊർജ്ജവുംപരിസ്ഥി തിയിൽ നിന്നും ലഭിക്കുകയും അവ ഉപയോഗിക്ക പ്പെടുകയും പരിസ്ഥിതി മാലിന്യങ്ങളായി മാറ്റപ്പെ ടുകയും ചെയ്യുന്നു എന്നതാണ് സത്യം. ചുരുക്ക ത്തിലുള്ള മെറ്റീരിയൽ ഉല്പാദന, ഉപഭോഗ സമവാക്യം ബാലൻസ് സമീപനവും ആകാം.


12th Economics Malayalam_Chapter-10.indd 214 2/3/2023 10:54:03 AM

$$M = G-(R_C- R_P) + (R^r_P + R^r_c) = R^d_p + R^d_c$$

പ്രകൃതി ലോകത്തിൽ നിന്നുള്ള വസ്തുക്കളുടെയും ഊർജ്ജത്തിന്റെയും പ്രവാഹം (M)	=	സാമ്പത്തിക പ്രവർത്തനങ്ങൾ, സാധനങ്ങളുടെയും ഉല്പാദനം (G) - ഉപഭോഗവും ഉല്പാദനവും ഉപ ഭോഗം, ഉല്പാദന പ്രവർത്തനങ്ങൾ (R_C+R_P) + ഉല്പാദനത്തിലും ഉപ ഭോഗത്തിലുമുള്ള പ്രവർത്തനങ്ങൾ ($R^r_P + R^r_C$)	=	ഉല്പാദനത്തിലൂടെയും ഉപഭോഗത്തിലൂടെയും പ്രകൃതിലോകത്തിലേക്ക് അന്തിമമായി അവശേഷിക്കപ്പെടുന്ന ശേഷിപ്പുകൾ ($R^d_C+ R^d_C$)

സാമ്പത്തികം - പരിസ്ഥിതി പരസ്പര ബന്ധങ്ങൾ

വസ്തുക്കളുടെ അവശിഷ്ട മാതൃക*



W_1 & W_2 = വീട്ടുപയോഗ സാധനങ്ങളുടെയും ഉല്പാദക സ്ഥാപനങ്ങളുടെയും അവശിഷ്ടം, F=അന്തിമ ഉല്പന്നം

ഇത് ശരിയാണോ? പരിസ്ഥിതി എന്നത് പുതുപ്പിക്കപ്പെടുന്നതും പുതുപ്പിക്കാനാകാത്തതുമായ എല്ലാ അസംസ്കൃത പദാർത്ഥങ്ങളുടെയും വിതരണകേന്ദ്രമായി കാണപ്പെടുന്നുവോ അതോ എല്ലാ മാലിന്യങ്ങളെയും ശുചിയാക്കുന്ന സിങ്ക് ആയി പ്രവർത്തിക്കുന്നുവോ അതോ അവയെല്ലാംപരസ്പരംബന്ധപ്പെട്ടിരിക്കുന്നുവോ എന്ന് നാം അറിഞ്ഞിരിക്കേതത്യാവശ്യമാണ്. ഗാർഹിക വസ്തുക്കളും ഉല്പാദന സ്ഥാപനങ്ങളും പ്രകൃതിയിലെ അസംസ്കൃത വസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗാർഹിക വസ്തുക്കളും സ്ഥാപനങ്ങളും യഥാക്രമം ഉപഭോഗത്തിന്റെയും ഉല്പാദനത്തിന്റെയും അവശിഷ്ടങ്ങൾ പ്രകൃതിയിലേക്ക് വലിച്ചെറിയുന്നു. എല്ലാത്തരം മാലിന്യങ്ങളും സ്വാംശീകരിക്കാൻ പ്രകൃതിക്ക് ശക്തിയുണ്ട്. എന്നാൽ ഈ ശക്തിക്ക് പരിമിതിയുണ്ട്. എല്ലാത്തിനും ഒരു പരിധിയുല്ലോ. പാരിസ്ഥിതിക സാമ്പത്തിക ശാസ്ത്രത്തിൽ ഭൂമി എത്തപ്പെട്ടിരിക്കുന്നു. സാച്യുറേഷൻ പോയിന്റ് കൂടാതെ. ഇതിന് എല്ലാത്തരം മാലിന്യങ്ങ

12th Economics Malayalam_Chapter-10.indd 215 2/3/2023 10:54:04 AM

ളെയും വൃത്തിയാക്കാൻ കഴിയില്ല. ഓർമ്മിക്കുക ഭൂമിക്കും എപ്പോഴും സഹകരിക്കാനാവില്ല.

10.5 പാരിസ്ഥിതിക വസ്തുക്കൾ

സാധാരണ വായു, ശുദ്ധമായ ജലം, ഭൂപ്രകൃതി, ഹരിതഗതാഗത ഘടന (വഴിയോരങ്ങൾ, സൈക്കിൾ പാതകൾ, ഹരിതപാതകൾ... etc) പൊതുപാർക്കുകൾ, നഗരപാർക്കുകൾ, നദികൾ, പർവതങ്ങൾ, വനങ്ങൾ, ബീച്ചുകൾ എന്നിവ ഉൾപ്പെടെയുള്ള വിപണനേതര വസ്തുക്കളാണ് പരിസ്ഥിതി വസ്തുക്കൾ. പാരിസ്ഥിതിക വ്യവസ്ഥകളുടെ ചൂഷണം സമ്പദ് വ്യവസ്ഥയിലും മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും ക്ഷേമത്തിലും ചെലുത്തുന്ന സ്വാധീനത്തെ കേന്ദ്രീകരിക്കുന്നു.

10.6 പരിസ്ഥിതി ഗുണങ്ങൾ



മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും സ്വാധീനം അധികമായി ചെലുത്തുന്നതിനാൽ പരിസ്ഥിതിയുടെപൊതുവായസ്വഭാവമോ,പ്രാദേശികമായ ഗുണവിശേഷങ്ങളോ പ്രകടമായി കാണാറില്ല. മറിച്ച് മറ്റൊരു പരിസ്ഥിതി ഗുണനിലവാരമാണ് പ്രകടമാകുന്നത്. ഒന്നോ അതിലധികമോ ജീവവർഗ്ഗങ്ങളുടെ ആവശ്യകതകളുമായും മനുഷ്യന്റെ ഏതെങ്കിലും ആവശ്യങ്ങളുമായും താരതമ്യപ്പെടുത്തുമ്പോൾ ഒരു പാരിസ്ഥിതിക അവസ്ഥയുടെ അളവാണിത്. മുതലാളിത്ത പ്രവർത്തന രീതികാരണം പരിസ്ഥിതി ഗുണനിലവാരം തുടർച്ചയായി കുറയുന്നു.

എല്ലാവരും ഒരേ സമയം ഉപയോഗിക്കുന്ന ഒരു ശുദ്ധമായ പൊതു നന്മയാണ് പരിസ്ഥിതി. അതിൽനിന്ന് ആരെയും ഒഴിവാക്കാനാവില്ല. ഉപഭോഗംപുനരുജ്ജീവിപ്പിക്കാത്തതുംഅതിൽനിന്ന് ഒരു ഉപഭോക്താവിനെയും ഒഴിവാക്കാൻ കഴിയാത്തതുമായ ഒന്നാണ് ശുദ്ധമായ പൊതുനന്മ. ശുദ്ധമായ പൊതുചരക്കുകൾ ഒരു വലിയ പ്രശ്നമായി കാണപ്പെടുന്നു. തൽഫലമായി വിഭവങ്ങൾ കുറയുന്നു. പ്രകൃതി GDP യ്ക്കു നൽകുന്ന സംഭാവനകൾ, അതുപോലെ പ്രകൃതി വസ്തുക്കളുടെdepletion (നശീകരണം) മുതലായവ ഇപ്പോഴത്തെ ദേശീയ വരുമാനവുമായി കണക്കാക്കാൻ സാധിക്കുകയില്ല.

ബാഹ്യഘടകങ്ങളും പരിസ്ഥിതിയും

ആമുഖം

പരിസ്ഥിതി സാമ്പത്തിക ശാസ്ത്രത്തിൽ ഉല്പാദനത്തിൽ നിന്നും ഉപഭോഗവസ്തുക്കളിൽ നിന്നും സേവനങ്ങളിൽ നിന്നും ഉണ്ടാകുന്ന നെഗറ്റീവ്ബാഹ്യഘടകങ്ങൾമൂലമാണ്. വിപണിയിലെ തോൽവി ഏറ്റവും കൂടുതൽ സംഭവിക്കുന്നത്. ബാഹ്യഘടകങ്ങളിൽ തൃതീയ പക്ഷപ്രഭാവം (third party effects) ഉണ്ടാകുന്നത് സാധനങ്ങളുടെയും സേവനങ്ങളുടെയും ശരിയായിട്ടുള്ള നഷ്ടപരിഹാരം കൊടുക്കുന്നത് എന്നിവ വിപണിയുടെ പുറലോകവുമായി ബന്ധപ്പെടുത്തുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നു. അതായത് ജനങ്ങൾ നേരിട്ട് ഉല്പാദനത്തിലും ഉപഭോഗത്തിലും സേവനങ്ങളിലും ശീീഹ്ല ആകുന്നില്ല. അവയെ സ്പിൽ ഓവർ ഇഫ്ക്ട് (Spill over effects) എന്നു പറയപ്പെടുന്നു.

10.6.1 ബാഹ്യതയുടെ അർത്ഥം


തൃതീയ കക്ഷികളുടെ പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന സ്പിൽ ഓവർ പ്രഭാവങ്ങളുടെ ബാഹ്യഫലങ്ങളെ ബാഹ്യതകൾ പരാമർശിക്കുന്നു. സാമ്പത്തിക യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ആശ്രയത്വം മൂലമാണ് ബാഹ്യതകൾ ഉണ്ടാകുന്നത്.

നിർവചനങ്ങൾ

ഉപഭോഗം, ഉല്പാദനം എന്നീ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികൾ ആകാത്തതും പണം അടയ്ക്കാത്തതുമായ വ്യക്തികളുടെ പ്രവർത്തനങ്ങളാണ് ബാഹ്യതയിൽ നിർവചിക്കപ്പെടുന്നത്. ഈ ബാഹ്യതകൾ.

ബാഹ്യതകൾ ഉണ്ടാകുമ്പോൾ ഉൽപാദന പ്രവർത്തനവും ഉപഭോഗ പ്രവർത്തനവും അവയിലൂടെ ഉണ്ടാകുന്ന ആഘാതവും പ്രയോജനകരമായോ അല്ലെങ്കിൽ നേരെ മറിച്ചോ ആകാം. പ്രയോജനകരമായ ബാഹ്യതകൾ ആണെങ്കിൽ അതിനെ പോസിറ്റീവ് ബാഹ്യത്വം എന്നും പ്രതികൂലമാണെങ്കിൽ അതായത് നിഷ്പ്രയോജനപരമാണെങ്കിൽ അവയെ നെഗറ്റീവ് ബാഹ്യത്വം എന്നും വിളിക്കുന്നു.

12th Economics Malayalam_Chapter-10.indd 216 2/3/2023 10:54:04 AM



പോസിറ്റീവ് ഉപഭോഗ ബാഹ്യത

ചില സമയങ്ങളിൽ ഒരു പ്രദേശത്തെ സ്വകാര്യ സുരക്ഷാ ഏജൻസിയിലെ നിവാസികൾക്ക് നൽകപ്പെടുന്ന സുരക്ഷാകവചം (Patrol) ആ പ്രദേശത്തെ മറ്റു നിവാസികൾക്കും യാതൊരു ചെലവുമില്ലാതെ പ്രയോജനപ്പെടുന്നു.

നെഗറ്റീവ് ഉപഭോഗ ബാഹ്യത

ഒരു വ്യക്തി സിഗരറ്റ് വലിക്കുന്നു എന്നാൽ അത് ആ വ്യക്തിക്ക് സംതൃപ്തി നൽകുന്നു എന്നാൽ ഈ പ്രവർത്തി നിഷ്ക്രിയമായി പുകവലിക്കാത്തവർക്ക് ബുദ്ധിമുട്ട് (അസംതൃപ്തി) ഉണ്ടാവുകയും ചെയ്യുന്നു

പോസിറ്റീവ് ഉൽപാദന ബാഹ്യത

തേനീച്ച കൂടുകൾക്ക് അനുയോജ്യമായ സ്ഥാനം ആപ്പിൾതോട്ടമാകുന്നു. (പുതിയ ചെടികൾ വളരുന്ന തോട്ടം) എന്നാൽ തേൻ ഉണ്ടാക്കുമ്പോൾ, ആ പ്രവൃത്തിയിലൂടെ ആപ്പിൾ പുഷ്പങ്ങളുടെ പരാഗണത്തിനും അത് കാരണമാകുന്നു. ആ ആനുകൂല്യങ്ങൾ ഇരു നിർമ്മാതാക്കൾക്കും (തേനിച്ച,ആപ്പിൾ)ഒരുപോലെലഭ്യമാകുന്നു.ഇതിനെ റെസിപ്രോക്കൾ, അൻട്രാഡഡ് ഇന്റർ ഡിപെൻഡൻസി (Reciprocal Untraded Interdependency) എന്നു പറയുന്നു.

കമ്പനിയിലെ ജോലിക്കാർക്ക് പരിശീലനം നൽകുന്നുവെന്ന് കരുതുക. ഈ ട്രെയിനിംഗ് നൽകുന്ന ജോലിക്കാർ കുറച്ചുനാൾ കഴിയുമ്പോൾ വേറെ കമ്പനികളിൽ ജോലിക്കു പോകുന്നു. അങ്ങനെ എത്തപ്പെടുന്നവർക്ക് വീണ്ടും പരിശീലനം നൽകേണ്ട ആവശ്യം വരുന്നില്ല. അത് ആ കമ്പനിക്കാർക്ക് ലാഭമായിത്തീരുന്നു.

നെഗറ്റീവ് ഉല്പാദന ബാഹ്യത

നെഗറ്റീവ് ഉല്പാദന ബാഹ്യതയ്ക്ക് ഉദാഹരണം

ഫാക്ടറി പ്രവർത്തന സജ്ജമാകുമ്പോഴുണ്ടാകുന്ന മലിനീകരണം മറ്റുള്ളവർക്ക് ബാധകമാകുന്നു

നെഗറ്റീവ് ബാഹ്യതകളെക്കുറിച്ചുള്ള ഏതെങ്കിലും ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ ബാഹ്യ ചെലവുകൾ പ്രാധാന്യമർഹിക്കുന്നുണ്ടോ എന്നും അവ അളക്കാനും കൃത്യമായി വിലമതിക്കാനും ആകുന്നുണ്ടോ എന്ന് പരിഗണിക്കുക.


തൊഴിൽശാലകളിലെ മലിനീകരണം


രാസവളങ്ങളിൽ നിന്നുള്ള മലിനീകരണം


ശബ്ദമലിനീകരണം


തൊഴിൽശാലാ മാലിന്യങ്ങൾ


അഴുകിയ മീനുകൾ


മീഥേൻ വായുവിന്റെ പുറംതള്ളൽ

12th Economics Malayalam_Chapter-10.indd 217 2/3/2023 10:54:04 AM

തൊഴിൽശാലകളിൽ നിന്നും പുറംതള്ളപ്പെടുന്ന മാലിന്യങ്ങൾ വായുമലിനീകരണവും ജലമലിനീകരണവും ഉളവാക്കുന്നു. കെട്ടി നിൽക്കുന്ന ജലത്തിലേക്ക് മാലിന്യങ്ങൾ ചേരുമ്പോൾ അത് ഉപയോഗശൂന്യമായി മാറുന്നു. eg. Tanneries. നിഷ്ക്കളങ്കരായ നിവാസികൾ ബാഹ്യചെലവ് നൽകി ഈ നഷ്ടത്തെ പരിഹരിക്കുന്നു.

10.7 മലിനീകരണം

അർത്ഥം

മലിനീകരണം എന്നത് പ്രകൃതിപരിസ്ഥിതിയിലേക്ക് കെട്ടിനിൽക്കുന്ന അവശിഷ്ടങ്ങൾ കൂടി ചേരുന്നതിലൂടെ വിപരീത ഉപയോഗങ്ങൾ ഉളവാക്കുന്ന പ്രവണതയാണ്. ജീവൻ നശിപ്പിക്കൽ, പരിസ്ഥിതിക്ക് വിഷാംശം എത്തൽ, ആവാസ വ്യവസ്ഥയിലേക്കുള്ള ആധിപത്യം, ചുറ്റുപാടിന്റെ സൗന്ദര്യം നശിപ്പിക്കുക എന്നിവ പ്രതികൂലമാറ്റമുണ്ടാക്കുന്നു.

മലിനീകരണത്തിന്റെ തരങ്ങൾ

1. വായു മലിനീകരണം
2. ജലമലിനീകരണം
3. ശബ്ദ മലിനീകരണം
4. നില മലിനീകരണം

10.7.1 വായു മലിനീകരണം



നിർവചനം

"അന്തരീക്ഷത്തിലെ ഏതെങ്കിലും ഖരദ്രാവക വാതക വസ്തുക്കളുടെ സാന്നിദ്ധ്യമാണ് വായുമലിനീകരണത്തിന് കാരണമാകുന്നത്. അന്തരീക്ഷത്തിലെ അവയുടെ സാന്ദ്രീകരണമാണ് അന്തരീക്ഷ മലിനീകരണമായി മാറുന്നത്. മനുഷ്യർക്ക് അല്ലെങ്കിൽ പരിസ്ഥിതി സാമ്പത്തിക ശാസ്ത്രത്തിന് ഇത് ഹാനികരമായി ഭവിക്കുന്നു."

-വായുമലിനീകരണ നിയന്ത്രണത്തിന്റെ നിയമം, 1981.

വായുമലിനീകരണത്തിന്റെ തരങ്ങൾ

- **അന്തർ ഗൃഹസ്ഥവായു മലിനീകരണം:** നമ്മുടെ വീടുകളിലും വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും ദൈനംദിന ജീവിതത്തിൽ പുറംതള്ളപ്പെടുന്ന വായുക്കൾ അന്തരീക്ഷത്തെ മലിനപ്പെടുത്തുന്നു. ഉദാഹരണമായി വിറക് കത്തുമ്പോഴുണ്ടാകുന്ന പുക, മണ്ണെണ്ണ സ്റ്റൗ കത്തുമ്പോഴുണ്ടാകുന്ന പുക എന്നിവ വായുവിനെ മലിനമാക്കുന്നു. ഇതാണ് അന്തർഗൃഹസ്ഥ വായു മലിനീകരണം.

- **ബാഹ്യഗൃഹസ്ഥ വായു മലിനീകരണം:** ബാഹ്യഗൃഹസ്ഥ വായുമലിനീകരണം കണക്കാക്കുന്നത് ചുറ്റും വ്യാപിച്ചിരിക്കുന്ന വായുവിലുണ്ടാകുന്ന മലിനീകരണമാണ്. ഖരപദാർത്ഥങ്ങൾ കത്തുമ്പോഴുണ്ടാകുന്ന പുകയും തൊഴിൽ ശാലകളിൽ നിന്നും ബഹിർഗമിക്കുന്ന പുകയും ഈ മലിനീകരണത്തിന് കാരണമായിത്തീരുന്നു.

വായു മലിനീകരണത്തിനുള്ള കാരണങ്ങൾ

1. **വാഹനങ്ങൾ പുറംതള്ളുന്ന പുക:** വാഹനങ്ങളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നും പുറംതള്ളപ്പെടുന്ന പുക പടലങ്ങൾ അന്തരീക്ഷത്തെ മലിനമാക്കുന്നു. ദശലക്ഷക്കണക്കിന് വാഹനങ്ങളാണ് ഓരോ ദിവസവും നിരത്തിലൂടെ ഓടുന്നത്. ഇവയിൽ നിന്നും പുറത്തു വരുന്ന കാർബൺഡൈ ഓക്സൈഡ് കാർബൺ മോണോക്സൈഡ് മുതലായ വാഹനങ്ങൾ നമ്മുടെ അന്തരീക്ഷത്തെ കഠിനമായി ബാധിക്കുന്നു.

2. **ഇന്ധനങ്ങൾ കത്തുമ്പോഴുണ്ടാകുന്ന പുക:** കൽക്കരി, പെട്രോൾ തുടങ്ങിയ ഇന്ധനങ്ങൾ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുത നിലയങ്ങളിൽ കത്തിക്കുമ്പോൾ ഒരു വലിയ ചലനത്തെ അത് സൃഷ്ടിക്കുന്നതോടൊപ്പം പുക മാലിന്യങ്ങൾ പുറംതള്ളപ്പെടുകയും ചെയ്യുന്നു. സൾഫർഡൈ ഓക്സൈഡ് പോലുള്ള രാസപദാർത്ഥങ്ങൾ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ പുറത്തേക്കു വരുന്നു. ഈ പുകപടലം അന്തരീക്ഷത്തിലെ പുകപടലവുമായി ചേർന്ന് അമ്ലമഴ ഉണ്ടാകാൻ കാരണമാകുന്നു.

12th Economics Malayalam_Chapter-10.indd 218 2/3/2023 10:54:04 AM

3. **വ്യവസായശാലകളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന പുക:** വ്യവസായ മേഖലകളിൽ നിന്നും ഫാക്ടറികളിൽ നിന്നുമുള്ള കനത്ത യന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ പുറംതള്ളപ്പെടുന്ന വാതകങ്ങൾ അന്തരീക്ഷത്തെ മലിനമാക്കുന്നു.

4. **കാർഷിക നിർമ്മാണ അവശിഷ്ടങ്ങൾ:** കാർഷിക പ്രവർത്തനങ്ങളിലും, നിർമ്മാണ വസ്തുക്കളുടെ അവശിഷ്ടങ്ങളിലും ഉണ്ടാകുന്ന പൊടിപടലങ്ങളും മറ്റും വാതകപൊടി പടലങ്ങളുമായി ചേർന്ന് അന്തരീക്ഷത്തെ ബാധിക്കുന്നു. അതുപോലെകൃഷിക്കായിഉപയോഗിക്കുന്ന അമോണിയ പോലുള്ള രാസവളങ്ങൾ വായുമലിനീകരണത്തിന് കാരണമാകുന്നു.

5. **പ്രകൃതിദത്തമായ കാരണങ്ങൾ:** അഗ്നിപർവ്വതങ്ങൾന പർവ്വതങ്ങൾ പൊട്ടുന്നത്, കാട്ടുതീ, പൊടിപടലം പരത്തുന്ന കൊടുങ്കാറ്റുകൾ എന്നിവയിലൂടെ അന്തരീക്ഷത്തിലേക്ക് വായു മലിനീകരണം സംഭവിക്കുന്നു

6. **ഗാർഹിക പ്രവർത്തനങ്ങൾ:** ഗാർഹിക പ്രവർത്തനങ്ങളായ പാചകം, ചൂടാക്കൽ, വിളക്കുകൾ കത്തിക്കൽ, വിവിധതരം കൊതുകുതിരികൾ, കീടനാശിനികൾ, രാസവസ്തുക്കൾ എന്നിവയും, വീടു വൃത്തിയാക്കുന്നിനുപയോഗിക്കുന്ന കൃത്രിമ സുഗന്ധ വസ്തുക്കൾ എന്നിവയും വായുമലിനീകരണത്തിന് കാരണമാകുന്നു.

വായുമലിനീകരണത്തിന്റെ ഫലങ്ങൾ

1. **ശ്വാസകോശ, ഹൃദയ സംബന്ധമായ രോഗങ്ങൾ:** വായുമലിനീകരണം കുട്ടികളിലും മുതിർന്നവരിലും വളരെ അപകടസാദ്ധ്യതയുളവാക്കുന്ന രോഗങ്ങൾക്ക് കാരണമാകുന്നു. സാധാരണയായി ന്യുമോണിയയും ആത്സ്മയും ഉണ്ടാകാൻ കാരണമാകുന്നു.

2. **ആഗോളതാപനം:** അന്തരീക്ഷത്തിലെ താപനില വർദ്ധിപ്പിക്കുന്നത് ആഗോളതാപനത്തിലേക്ക് നയിക്കുകയും അതുവഴി സമുദ്രനിരപ്പ് ഉയരുകയും ചെയ്യുന്നു. സ്ഥലംമാറ്റം ഉണ്ടാവുകയും ആവാസവ്യവസ്ഥ നഷ്ടപ്പെടുകയും ചെയ്യുന്നു.

3. **അമ്ലമഴ:** ഫോസിൽ ഇന്ധനങ്ങൾ കത്തുന്ന സമയത്ത് അപകടകരമായ വാതകങ്ങളായ നൈട്രജൻ ഓക്സൈഡുകൾ, സൾഫർ ഡൈ ഓക്സൈഡുകൾ എന്നിവ അന്തരീക്ഷത്തിലേക്ക് പുറത്തുവിടുന്നു. അമ്ലമഴ മനുഷ്യർക്കും മൃഗങ്ങൾക്കും വലിയ നാശനഷ്ടമുളവാക്കുന്നു.

4. **യൂട്രോഫിക്കേഷൻ:** മത്സ്യങ്ങളെയും സസ്യങ്ങളെയും മൃഗങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ചില മലിനീകരണ വസ്തുക്കളിൽ ഉയർന്ന അളവിൽ നൈട്രജൻ അടങ്ങിയിരിക്കുന്ന അവസ്ഥയാണ് യൂട്രോഫിക്കേഷൻ.

5. **വന്യജീവി ബാധ:** അന്തരീക്ഷവായുവിൽ അടങ്ങിയിരിക്കുന്ന വിഷമയമായ രാസവസ്തുക്കൾ വന്യജീവികളെ പ്രതികൂലമായി ബാധിക്കുകയും അവയെ പുതിയ സ്ഥലത്തേക്ക് മാറ്റാനും അവരുടെ ആവാസവ്യവസ്ഥയെ നശിപ്പിക്കാനും പ്രേരിപ്പിക്കുന്നു.

6. **ഓസോൺ പാളിയുടെ ക്ഷയം:** ഭൂമിയുടെ അന്തരീക്ഷത്തിൽ കാണപ്പെടുന്ന ഓസോൺ പാളി മനുഷ്യനെ ദോഷകരമായ അൾട്രാ വയലറ്റ് കിരണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു. അന്തരീക്ഷത്തിൽ ക്ലോറോഫ്ളൂറോ കാർബണുകളും ഹൈഡ്രോ ക്ലോറോ ഫ്ളൂറോ കാർബണുകളും ഉള്ളതിനാൽ ഭൂമിയുടെ ഓസോൺ പാളിയിൽ ക്ഷയം സംഭവിക്കാൻ കാരണമാകുന്നു.

7. **മനുഷ്യ ആരോഗ്യം:** ആഗോളതലത്തിൽ മരണത്തിനും രോഗത്തിനും ഒരു പ്രധാന കാരണം ബാഹ്യഗൃഹ വായുമലിനീകരണമാകുന്നു (Outdoor air Pollution) ഈ ആരോഗ്യ പ്രശ്നങ്ങൾ ആശുപത്രി പ്രവേശനം, എമർജൻസി റൂം സന്ദർശനം, അകാലമരണ സാധ്യത മുതലായവയെ വർദ്ധിപ്പിക്കുന്നു. ആഗോളതലത്തിൽ 4.2 ബില്യൻ അകാല മരണങ്ങൾ അന്തരീക്ഷ മലിനീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഓരോ ദിവസവും 93% കുഞ്ഞുങ്ങൾ അതായത് 15 വയസ്സിനു താഴെയുള്ള കുട്ടികൾ (1.8 ബില്യൻ കുട്ടികൾ) മാലിന്യമുള്ള വായു ശ്വസിച്ച് ആരോഗ്യപ്രശ്നമുള്ളവരായിത്തീരുന്നു. – WHO

12th Economics Malayalam_Chapter-10.indd 219 2/3/2023 10:54:04 AM

വായു മലിനീകരണത്തെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ

1. പട്ടണങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും അകലെ വ്യവസായ ശാലകൾ ആരംഭിക്കുക
2. വ്യവസായ ശാലകളിൽ ചിമ്മിനിയുടെ ദൈർഘ്യം വർദ്ധിപ്പിക്കുക
3. കൂടുതൽ സസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിക്കുക
4. പ്രകൃതിദത്ത വാതകങ്ങളായ ബയോഗ്യാസ്, CNG, LPG എന്നിവ ഉപയോഗിക്കുക.
5. യാത്രകൾക്കായി പൊതുവാഹനങ്ങൾ ഉപയോഗിക്കുക

10.7.2 ജല മലിനീകരണം

നിർവചനം

"ആമുഖമായി നേരിട്ടോ അല്ലാതെയോ യൂസ്റ്റ്യൂറികൾ ഉൾപ്പെടെയുള്ള സമുദ്ര അന്തരീക്ഷത്തിലേക്ക് കടക്കപ്പെടുന്ന പദാർത്ഥങ്ങളുടെയും ഊർജ്ജത്തിന്റെയും പ്രഭാവം മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമാകുന്നു."

- യുണൈറ്റഡ്നേഷൻസ്, *1971*



ജലമലിനീകരണത്തിന്റെ തരങ്ങൾ

i. **ഉപരിതല ജലമലിനീകരണം:** ഉപരിതല ജലത്തിൽ, ഭൗമപ്രതലത്തിൽ കാണപ്പെടുന്ന നദികൾ, തടാകങ്ങൾ, സമുദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു. അപകടകരമായ മലിന വസ്തുക്കൾ ഈ ഉപരിതലജലവുമായി സമ്പർക്കം പുലർത്തുകയും അവ ജലത്തിൽ ലയിക്കുകയും ജലം മലിനമാക്കപ്പെടുകയും ചെയ്യുന്നു. ഇതാണ് ഉപരിതല ജലമലിനീകരണം.

ii. **ഭൂഗർഭജലമലിനീകരണം:** മനുഷ്യനിർമ്മിത വസ്തുക്കളായ മണ്ണെണ്ണ (gasoline oil) പോലുള്ള രാസപദാർത്ഥങ്ങൾ ഭൂഗർഭജലവുമായി ചേരുന്നതിനാൽ അത് മലിനജലമായി മാറുന്നു. കൂടാതെ സെപ്റ്റിക് ടാങ്കുകളിൽ നിന്ന് വരുന്ന മലിനജലം, സംസ്ക്കരിക്കപ്പെടാത്ത മാലിന്യങ്ങൾ, ഭൂഗർഭ സംഭരണ ടാങ്കുകളിൽ നിന്നുള്ള രാസവസ്തുക്കൾ, ചോർച്ചയുള്ള ലാൻഡ്ഫില്ലുകൾ എന്നിവ ഭൂഗർഭ ജലത്തെ മലിനമാക്കുന്നു.

iii. **മൈക്രോ ബയോളജിക്കൽ മലിനീകരണം:** മനുഷ്യചുറ്റുപാടുകളിൽ കാണപ്പെടുന്ന കുളം, നദി, അരുവി എന്നിവകളിൽ ചില സമയങ്ങളിൽ പ്രകൃതിദത്ത മലിനീകരണം സംഭവിക്കുന്നു. ഈ ജലത്തിൽ വൈറസുകൾ, ബാക്ടീരിയകൾ പോലുള്ള സൂക്ഷ്മാണുക്കൾ കലർന്ന് ജലം മലിനമാക്കപ്പെടുകയും മനുഷ്യർക്കും മൃഗങ്ങൾക്കും ഹാനികരമായിത്തീരുകയും ചെയ്യുന്നു.

iv. **ഓക്സിജൻ കുറവിനാലുണ്ടാകുന്ന മലിനീകരണം:** ഓക്സിജന്റെ അളവ് കുറയുമ്പോൾ താരതമ്യേന നിരുപദ്രവകാരികളായ സൂക്ഷ്മജീവികൾ നശിക്കുകയും മിമരൃീയശര സൂക്ഷ്മജീവികൾ രൂപംകൊള്ളുകയും ചെയ്യുന്നു. ചില വായുരഹിത സൂക്ഷ്മജീവികൾ മനുഷ്യർക്കും മൃഗങ്ങൾക്കും ഹാനികരമാകുന്നു. മാത്രമല്ല അമോണിയം സൾഫൈഡ് പോലുള്ള വാതകങ്ങളുടെ അളവു കൂടുതലിന് ഇത് കാരണമാകുന്നു.

ജലമലിനീകരണത്തിനുള്ള കാരണങ്ങൾ

ജലം മലിനമാകുന്നതിന് ധാരാളം കാരണങ്ങൾ കാണപ്പെടുന്നു. ഇവിടെ പ്രധാനപ്പെട്ട ചില കാരണങ്ങൾ മാത്രം പ്രതിപാദിക്കുന്നു:

1. **പുറംതള്ളപ്പെടുന്ന മാലിന്യങ്ങളും മലിന ജലവും:** വീടുകളിൽ നിന്നും കൃഷി സ്ഥലങ്ങളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നും പുറംതള്ളപ്പെടുന്ന മലിനവസ്തുക്കൾ, അവശിഷ്ടങ്ങൾ, ദ്രാവക മാലിന്യങ്ങൾ എന്നിവ നദികളിലും കായലുകളിലും വന്നുകൂടുന്നു. ഈ മാലിന്യങ്ങൾ വിഷകരമായ മലിനവസ്തുക്കൾ അടങ്ങിയിരിക്കുന്നു. ഇവ ജലത്തെ മലിനമാക്കുകയും ജലസസ്യങ്ങളെയും ജന്തുക്കളെയും ഹാനികരമായി ബാധിക്കുകയും ചെയ്യുന്നു.

2. **ഖരമാലിന്യങ്ങൾ വലിച്ചെറിയൽ:** ഖര മാലിന്യങ്ങൾ വെള്ളത്തിലേക്ക് വലിച്ചെറിയുന്നത് കാരണം അവ അഴുകിച്ചേർന്ന് ജലം മലിനമാക്കപ്പെടുകയും വളരെ ദോഷകരമായ പ്രശ്നങ്ങൾ ഉളവാക്കുകയും ചെയ്യുന്നു.

12th Economics Malayalam_Chapter-10.indd 220 2/3/2023 10:54:05 AM

3. **തൊഴിൽശാലാ മാലിന്യങ്ങൾ:** വ്യവസായ ശാലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ ആയ ആസ്ബസ്റ്റോസ്, ലഡ്, മെർക്കുറി, ഗ്രീസ് ഓയിൽ, പെട്രോകെമിക്കൽസ് മുതലായവ ജലത്തെ മലിനമാക്കുകയും ജനങ്ങൾക്കും പരിതസ്ഥിതിക്കും ദോഷകരമായ അവസ്ഥകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

4. **എണ്ണ ശുദ്ധീകരണ ശാല:** കടൽജലം മലിനമാകുന്നതിന് എണ്ണശുദ്ധീകരണ ശാലകളിൽ നിന്നും പുറത്തേക്കു വരുന്ന ഖരമാലിന്യങ്ങൾ ഒരു കാരണമാകുന്നു. ഇവ കടൽജലത്തിൽ അലിഞ്ഞു ചേരുന്നില്ല. അതിനാൽ കടൽപ്പരപ്പിൽ ഇത് പാടപോലെ കാണപ്പെടുകയും ജല മലിനീകരണം സൃഷ്ടിക്കുകയും ചെയ്യുന്നു.

5. **അമ്ലമഴ:** വായുമലിനീകരണംമൂലമുണ്ടാകുന്ന ജലമലിനീകരണമാണ് അമ്ലമഴ. അന്തരീക്ഷത്തിലെ വായുമലിനീകരണം മൂലമുണ്ടാകുന്ന അസിഡിറ്റി കണികകൾ നീരാവിയിൽ കലരുമ്പോൾ അത് ആസിഡ് മഴയ്ക്ക് കാരണമായിത്തീരുന്നു.

6. **ആഗോള താപനം:** ആഗോളതാപനത്തിന്റെ ഫലമായി ഊഷ്മാവ് വർദ്ധിക്കുന്നു. ജലതാപനിലയിൽ വർദ്ധനവുണ്ടാകുന്നതിനാൽ ജല സസ്യങ്ങളെയും മൃഗങ്ങളെയും ഇത് ഹാനികരമായി ബാധിക്കുന്നു.

7. **യൂട്രോഫിക്കേഷൻ:** ജലാശയങ്ങളിലെ പോഷകങ്ങളുടെ വർദ്ധിച്ച നിലയാണ് യൂട്രോഫിക്കേഷൻ. ഇത് വെള്ളത്തിൽ ആൽഗകൾ പൂക്കുന്നതിന് കാരണമാകുന്നു. ഇത് വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും മത്സ്യത്തെയും മറ്റു ജീവജാലങ്ങളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

ജലമലിനീകരണത്തിന്റെ ഫലങ്ങൾ

ജലമലിനീകരണം മനുഷ്യന്റെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ജീവനെയും ജീവിതത്തെയും ഹാനികരമായി ബാധിക്കുന്നു. മലിന ജലം സംസ്കാരത്തിന് ഹാനികരമാണ്. കാരണം ഇത് വിളവിനെയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെയും പ്രതികൂലമായി ബാധിക്കുന്നു. സമുദ്ര ജലമലിനീകരണം സമുദ്ര ജീവികളെ നശിപ്പിക്കുന്നു. രാസപദാർത്ഥങ്ങൾ ജലത്തിൽ കരുന്നത് മലിനീകരണത്തിന് കാരണമാകുന്നു. ജലമലിനീകരണത്തിന്റെ ഫലമായി പല സ്ഥലങ്ങളിലും അവശിഷ്ടങ്ങൾകുമിഞ്ഞുകൂടുന്നു. നഗരപ്രദേശങ്ങളിലെ മിക്ക ജലാശയങ്ങളും വളരെയധികം മലിനമായി കാണപ്പെടുന്നു. അവശിഷ്ടങ്ങൾ കുമിഞ്ഞു കൂടുന്നതിന്റെ ഫലമായി വ്യക്തിജീവിതങ്ങൾ ബാധിക്കപ്പെടുന്നു. വ്യവസായങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, എന്നിവയിൽ നിന്നും വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ കാരണമാണിത് സംഭവിക്കുന്നത്.

i. **ജലജീവികളുടെ നാശം:** ജലമലിനീകരണം മൂലമുണ്ടാകുന്ന പ്രധാന പ്രശ്നം ജലാശയങ്ങളെ ആശ്രയിക്കുന്ന ജീവികളെ കൊല്ലുന്നു എന്നതാണ്. ചത്ത മത്സ്യം, ഞണ്ടുകൾ, കടൽ ജന്തുക്കൾ, ഡോൾഫിനുകൾ എന്നിവ ബീച്ചുകളിൽ പലപ്പോഴും വന്നടിയുന്നു. അവയുടെ ആവാസവ്യവസ്ഥയുടെ മലിനീകരണത്താൽ അവ നശിപ്പിക്കപ്പെടുന്നു.

ii. **ഭക്ഷ്യശൃംഖലയിലുണ്ടാകുന്ന തടസ്സം:** മലിനീകരണം സ്വാഭാവിക ഭക്ഷ്യശൃംഖയെയും തടസ്സപ്പെടുത്തുന്നു. ലെഡ്, കാഡ്മിയം തുടങ്ങിയ മലിനവസ്തുക്കളെ ചെറിയ മത്സ്യങ്ങൾ കഴിക്കുന്നു. ഈ ചെറിയ മത്സ്യങ്ങളെ വലിയ മത്സ്യങ്ങൾ കഴിക്കുകയും ഭക്ഷ്യ ശൃംഖല എല്ലാ ഉയർന്ന തലങ്ങളിലും തടസ്സപ്പെടുകയും ചെയ്യുന്നു.

iii. **രോഗങ്ങൾ:** സംസ്ക്കരിക്കപ്പെടാത്തതും സംസ്ക്കരണ വിധേയമാക്കാത്തതുമായ മാലിന്യങ്ങൾ പുറന്തള്ളുന്നത് കടുത്ത പാരിസ്ഥിതിക തകർച്ചയ്ക്ക് കാരണമാകുന്നു. വിവേചന രഹിതമായ മനുഷ്യ പ്രവർത്തനങ്ങളായ തുറന്ന മലമൂത്രവിസർജ്ജനം, ഖരമാലിന്യ ശേഖരണം, ഡ്രെയിനേജ് ജലം എന്നിവ കാരണം ബാക്ടീരിയൽ രോഗങ്ങളായ ടൈഫോയ്ഡ്, ഡിസന്ററി (വയറിളക്കം), മഞ്ഞപ്പിത്തം, ഡെങ്കിപ്പനി, വൈറസ് രോഗങ്ങളായ വൈറൽപനി, അണുബാധ തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്നു. ജലപുഴുക്കളാൽ ഉണ്ടാകുന്ന അണുബാധയാൽ മുകളിൽപ്പറഞ്ഞ രോഗങ്ങൾ ഉണ്ടാകുന്നു.

iv. **ആവാസവ്യവസ്ഥയുടെ നാശം:** ജലമലിനീകരണം ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്നു. അശ്രദ്ധമായ മനുഷ്യമലിനീകരണം പലപ്രദേശങ്ങളെയുംഇപ്പോൾബാധിക്കുന്നു. ഈമലിനീകരണംമനുഷ്യആവാസവ്യവസ്ഥയെ തന്നെ ഹാനികരമായി ബാധിക്കുന്നു.

12th Economics Malayalam_Chapter-10.indd 221 2/3/2023 10:54:06 AM

ജലമലിനീകരണത്തെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ

1. സമഗ്രജലമാനേജ്മെന്റ് പദ്ധതി നടപ്പാക്കുക.
2. ശരിയായ അഴുക്കുചാലുകളുടെ നിർമ്മാണം, കുളങ്ങളുടെ ശുചീകരണം എന്നിവ നിർവഹിക്കുക.
3. ഡ്രെയിനേജ് ലൈനിന്റെ പരിപാലനം.
4. മലിനജല ശുദ്ധീകരണ പ്ലാന്റ് തയ്യാറാക്കുക.
5. ശുദ്ധജലത്തിന്റെയും മലിനജലത്തിന്റെയും ശരിയായ വേർതിരിവും പരിപാലനവും.
6. നിയമവിരുദ്ധമായി മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നത് തടയുക.

10.7.3 ശബ്ദമലിനീകരണം



നിർവചനം

അമിതമായ ശബ്ദമോ, അനാവശ്യമായ ശബ്ദമോ ആണ് ശബ്ദമലിനീകരണത്തിന് കാരണം. ഇത് മനുഷ്യന്റെ ആരോഗ്യത്തെയും പരിസ്ഥിതിയുടെ ഗുണമേന്മയേയും അത് സാരമായി ബാധിക്കുന്നു. ശബ്ദമലിനീകരണം തൊഴിൽശാലകളിൽ നിന്നും പുറപ്പെടുന്ന യന്ത്രങ്ങളുടെ തുടർച്ചയായ ചലനം കാരണവും സംഭവിക്കുന്നു. കൂടാതെ റോഡ് ഗതാഗതം, റെയിൽ ഗതാഗതം, വ്യോമ ഗതാഗതം തുടങ്ങിയവയാലും ബാഹ്യഗൃഹ പ്രവർത്തനങ്ങളും ശബ്ദമലിനീകരണത്തിന് കാരണമായിത്തീരുന്നു.

-ജെറി എ., നാഥൻസെൻ, റിച്ചാർഡ് ഇ. ബെർഗ്. 2018

ശബ്ദമലിനീകരണത്തിന്റെ വകഭേദങ്ങൾ

i. **അന്തരീക്ഷ ശബ്ദം:** അന്തരീക്ഷശബ്ദം ഉണ്ടാകുന്നതിനു കാരണം ഇടിമിന്നലുകളുടെ ഉത്ഭവം കാരണവും, പ്രകൃതിദത്ത വൈദ്യുത തടസ്സങ്ങൾ അന്തരീക്ഷത്തിലേർപ്പെടുത്തുന്നതു കാരണവുമാകുന്നു.

ii. **വ്യാവസായിക ശബ്ദം:** തൊഴിൽശാലകളിലുണ്ടാകുന്ന ശബ്ദമാണ് വ്യാവസായിക ശബ്ദം കൊണ്ടുദ്ദേശിക്കുന്നത്. ശബ്ദ ഉന്നതി അപശബ്ദമായി മാറുന്നു. കനതൊഴിൽശാലകളായ കപ്പൽ നിർമ്മാണശാല, ഇരുമ്പുരുക്കു തൊഴിൽശാലകൾ എന്നിവയിൽ നിന്നും പുറപ്പെടുന്ന ശബ്ദങ്ങൾ കേൾവിയുടെ പരിധിക്കപ്പുറമുള്ളവയാകുന്നു.

iii. **മനുഷ്യനിർമ്മിതമായ ശബ്ദം:** മനുഷ്യനിർമ്മിത ശബ്ദ മലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ കപ്പലുകൾ, വിമാനം, ഭൂകമ്പ പര്യവേഷണം, സമുദ്രത്തിനുള്ളിലെ പ്രവർത്തനങ്ങൾ, ഡ്രില്ലിംഗ്, മോട്ടോർബോട്ട് നിർമ്മാണം എന്നിവയാണ്.

ശബ്ദമലിനീകരണത്തിന്റെ കാരണങ്ങൾ

i. **മോശമായ നഗര ആസൂത്രണം:** അനുചിതമായ ആസൂത്രണം നഗര യാത്രക്കാരിൽ കൂടുതൽ അസ്വസ്ഥത സൃഷ്ടിക്കും.

ii. **മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള ശബ്ദം:** മോട്ടോർ വാഹനങ്ങളിൽ നിന്നും പുറത്തു വരുന്ന ശബ്ദം താല്ക്കാലിക ശ്രവണതയെ നഷ്ടപ്പെടുത്തുന്നു.

iii. **പടക്കങ്ങൾ:** ചില അവസരങ്ങളിൽ പടക്കം പൊട്ടിക്കുന്ന ശബ്ദങ്ങൾ പൊതുജനങ്ങളെ ദ്രോഹിക്കുന്ന ശബ്ദമുണ്ടാക്കുന്നു. ചിലപ്പോൾ പ്രായമായവർക്കും കുഞ്ഞുങ്ങൾക്കും ബധിരതയുണ്ടാകാൻ ഇത് കാരണമാകുന്നു.

iv. **തൊഴിൽശാലാ യന്ത്രങ്ങൾ:** മില്ലുകൾ, മെഷീനുകൾ, ന്യൂഡ്രില്ലുകൾ എന്നിവയുടെ തുടർച്ചയായ ശബ്ദം അസഹനീയമാണ്. ഇത് ഇവിടെ ജോലിചെയ്യുന്ന തൊഴിലാളികളെയും കാര്യമായി ബാധിക്കുന്നു.

12th Economics Malayalam_Chapter-10.indd 222 2/3/2023 10:54:06 AM

ശബ്ദമലിനീകരണത്തിന്റെ ഫലങ്ങൾ

a. **കേൾവി നഷ്ടപ്പെടൽ:** ദീർഘകാലമായുള്ള ശബ്ദമുഖരിത അന്തരീക്ഷം കേൾവി നഷ്ടപ്പെടലിന് വഴിയൊരുക്കുന്നു. വാർദ്ധക്യാവസ്ഥയിലുള്ളവർക്ക് തങ്ങളുടെ കേൾവിക്ഷമത നഷ്ടമാകുന്ന സ്ഥിതി സംജാതമാകുന്നു.

b. **ശാരീരിക മാനസിക അനാരോഗ്യാവസ്ഥ:** അനാവശ്യ ശബ്ദമുഖരിത അന്തരീക്ഷം ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണമായി ശല്യപ്പെടുത്തലും ആക്രമണവും ഉയർന്ന രക്ത സമ്മർദ്ദത്തിനും, ഹൃദയസംബന്ധമായ പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നു.

c. **ഹൃദയസംബന്ധ പ്രശ്നങ്ങൾ:** ഹൃദയാഘാതം പോലുള്ള രോഗങ്ങൾക്ക് ഉയർന്ന ശബ്ദം കാരണമാകുന്നു. മാത്രമല്ല ഉയർന്ന രക്തസമ്മർദ്ദത്തിലേക്ക് ഇത് കാരണമായിത്തീരുന്നു.

d. **മൃഗങ്ങളെയും ജലജീവികളെയും ദോഷകരമായി ബാധിക്കുന്നു:** ശബ്ദമലിനീകരണം മൃഗങ്ങളിൽ മാരകമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

e. **വന്യ ജീവികളെയും മത്സ്യങ്ങളെയും ബാധിക്കുന്നു :** ഇത് ഹോർമോൺ അസന്തുലിതാവസ്ഥ, വിട്ടുമാറാത്ത സമ്മർദ്ദം, പരിഭ്രാന്തി, രക്ഷപ്പെടൽ സ്വഭാവം, പരിക്ക്, എന്നിവ സൃഷ്ടിക്കുന്നു.

ശബ്ദമലിനീകരണത്തെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ

1. ശബ്ദ തടസ്സങ്ങൾ ഉപയോഗിക്കുക
2. ഉപരിതല ഗതാഗതത്തിനുള്ള പുതിയ റോഡ്
3. ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തുക.
4. കനത്ത വാഹനങ്ങൾക്ക് സമയനിയന്ത്രണം ഏർപ്പെടുത്തുക
5. ജോലിസ്ഥലങ്ങളിൽ ശബ്ദ തടസ്സങ്ങൾ ഏർപ്പെടുത്തുക
6. ഉച്ചഭാഷിണികളുടെ നിയന്ത്രണം

10.7.4 നില മലിനീകരണം



നിർവചനം

നിലമലിനീകരണം നിർവചിക്കുന്നത് നിലപ്പരപ്പിനു മുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യത്താൽ ഭൂമിക്കുണ്ടാകുന്ന അപക്ഷയം എന്നാണ്. പരിസ്ഥിതിയെ മാറ്റി മറിക്കുന്ന തരത്തിൽ പുറന്തള്ളുന്നതോ നിക്ഷേപിക്കുന്നതോ ആയ ഏതെങ്കിലും ഖര, ദ്രാവക, വാതക മലിനീകരണങ്ങൾ നില മലിനീകരണത്തിന് കാരണമാകുന്നു

-പരിസ്ഥിതി പദ്ധതികളുടെ സംരക്ഷണ നിയമം *1997*

നിലമലിനീകരണത്തിന്റെ തരങ്ങൾ

i. **ഖരമാലിന്യങ്ങൾ:** എല്ലാ തരത്തിലുള്ള ഉപയോഗ ശൂന്യമാലിന്യങ്ങളായ പേപ്പർ, പ്ലാസ്റ്റിക് കുപ്പികൾ, പാത്രങ്ങൾ, കുപ്പികൾ, ക്യാനുകൾ, ഭക്ഷണം പൊതിഞ്ഞ കവറുകൾ, തകർന്ന ഇലക്ട്രോണിക് വസ്തുക്കൾ, മുനിസിപ്പൽ മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ എന്നിവ ഇതിൽപ്പെടുന്നു.

ii. **കീടനാശിനികളും വളങ്ങളും:** ഉയർന്നവിളവു പ്രതീക്ഷിച്ചുകൊണ്ട് ഉപയോഗിക്കപ്പെടുന്ന കീടനാശിനികൾ, വളങ്ങൾ എന്നിവ ഭൂമിയെ മലിനമാക്കുന്നു.

iii. **വന നശീകരണം:** മനുഷ്യജീവിതം മരങ്ങളെ ആശ്രയിച്ച് കാണപ്പെടുന്നു. മരങ്ങൾ അന്തരീക്ഷത്തിൽ നിന്നും കാർബൺഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുകയും ജീവന് ആവശ്യമായ ഓക്സിജൻ പുറപ്പെടുവിക്കുകയും ചെയ്യുന്നു. വനങ്ങൾ നശിപ്പിക്കുന്നതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുകയും നിലമലിനീകരണത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു..

12th Economics Malayalam_Chapter-10.indd 223 2/3/2023 10:54:06 AM

നിലമലിനീകരണ കാരണങ്ങൾ

i. **വന നശീകരണവും മണ്ണൊലിപ്പും:** മണ്ണൊലിപ്പിനുള്ള ഏറ്റവും വലിയ പ്രശ്നമായി കാണപ്പെടുന്നത് വനനശീകരണമായിരുന്നു. നിലം ഒരു പ്രാവശ്യം വരണ്ട പ്രദേശമായി മാറിക്കഴിഞ്ഞാൽ പിന്നീട് മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാൻ പ്രയാസമാണ്.

ii. **കൃഷിയിട പ്രവർത്തനങ്ങൾ:** ജനസംഖ്യാവർദ്ധനവിന്റെയും മൃഗങ്ങളുടെ വർദ്ധനവിന്റെയും ഫലമായി ആഹാര ഉല്പാദനം അധികമായി വേണ്ടിവരുന്നു. അധികം ധാന്യങ്ങൾ ഉല്പാദിപ്പിക്കുവാൻ വേണ്ടി കീടനാശിനികളും വളങ്ങളും അധികമായി ഉപയോഗിക്കുന്നു. കീടങ്ങളിൽ നിന്നും വിളവിനെ സംരക്ഷിക്കുവാൻ വേണ്ടി അമിതമായി കീടനാശിനികളുപയോഗിക്കുന്നു. ഇതിന്റെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടമായിത്തീരുന്നു.

iii. **ഖനന പ്രവർത്തനങ്ങൾ:** ഭൂമിയിൽ നിന്നും അമിതമായി കൽക്കരി ഖനനം ചെയ്യുന്നതിനാൽ ധാരാളം പ്രദേശങ്ങൾ മണ്ണിനടിയിലാകാൻ സാധ്യത ഉണ്ടാകുന്നു.

iv. **ലാൻഡ് ഫിൽസ്:** ജനങ്ങളുടെ ജീവിതനിലവാരത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതിന്റെ ഫലമായി ടൺ കണക്കിന് വീട്ടുപകരണങ്ങൾ ഭൂമിയിൽ നിറയാൻ കാരണമായീത്തീർന്നു. ഗാർബേജസുകളായ പ്ലാസ്റ്റിക്കുകൾ, പേപ്പർ, തുണികൾ, തടികൾ, ആശുപത്രി മാലിന്യങ്ങൾ എന്നിവ കൊണ്ട് നിലം നിറയാൻ കാരണമായിത്തീരുന്നു. ഈ വസ്തുക്കളെ പുനർനിർമ്മാണം ചെയ്യാൻ സാധിക്കുകയില്ല. ഇതിന്റെ ഫലമായി നില പ്രദേശങ്ങൾ മുഴുവനും വീട്ടുപകരണങ്ങൾ കൊണ്ടുനിറയാൻ കാരണമാകുന്നു.

v. **വ്യവസായവൽക്കരണം:** വർദ്ധിച്ചുവരുന്ന ഉപഭോഗങ്ങളുടെ ഫലമായി വ്യവസായശാലകളുടെ എണ്ണം വർദ്ധിക്കാൻ കാരണമായി. ഇത് വനങ്ങളുടെ നശീകരണത്തിനു കാരണമാകുന്നു. ഗവേഷണങ്ങളും പുതിയ രീതിയിലുള്ള രാസവളങ്ങളും, രാസവസ്തുക്കളും, വിഷവസ്തുക്കളും ഉപയോഗിക്കുന്നതിന്റെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയാൻ കാരണമാകുന്നു.

vi. **നിർമ്മാണ പ്രവർത്തനങ്ങൾ:** നഗരവൽക്കരണത്തിന്റെ ഫലമായി ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. ഇതിനാൽ മരം, ലോഹം, ഇഷ്ടികകൾ, പ്ലാസ്റ്റിക് തുടങ്ങിയ ഖരമാലിന്യങ്ങൾ കുന്നുകൂടാൻ കാരണമായി. ഭൂമി മലിനീകരണത്തിന് കാരണമാകുന്ന മലിനീകരണവസ്തുക്കൾ നഗര പ്രദേശങ്ങളിൽ നിന്നും പ്രാന്തപ്രദേശങ്ങളിലേക്ക് വലിച്ചെറിയുന്നതാണ് ഈ മലിനീകരണത്തിന് കാരണമാകുന്നത്.

vii. **ന്യൂക്ലിയാർ മാലിന്യങ്ങൾ:** അവശേഷിക്കുന്ന റേഡിയോ ആക്ടീവ് വസ്തുക്കൾ, ദോഷകരവും വിഷമയവുമായ രാസവസ്തുക്കൾ മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നു. ഇത് ഭൂമിയുടെ ഫലഭൂയിഷ്ഠതയെ കുറയ്ക്കുന്നു. കീടനാശിനികൾ കീടങ്ങളെ മനുഷ്യരെയും കൊല്ലുന്ന അവസ്ഥാവിശേഷമാണ് കണ്ടുവരുന്നത്.

നിലമലിനീകരണത്തിന്റെ ഫലങ്ങൾ

1. **മണ്ണിന്റെ മലിനീകരണം:** നിലമലിനീകരണത്തിന്റെ മറ്റൊരു പേരാണ് മണ്ണ് മലിനീകരണം. ഭൂമിയുടെ ഉപരിതലത്തിലുണ്ടാക്കുന്ന മലിനീകരണമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അമിതമായ രാസപദാർത്ഥങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം മണ്ണിന്റെ മലിനീകരണത്തിന് കാരണമായിത്തീരുന്നു.

2. **ആരോഗ്യപരമായ ആഘാതം:** വിഷരാസവസ്തുക്കളും കീടനാശിനികളും മണ്ണിനെ മലിനമാക്കുമ്പോൾ അതുനിമിത്തം മനുഷ്യർക്ക് ചർമ്മ കാൻസർ, ശ്വസനവ്യവസ്ഥാ തകരാറുകൾ തുടങ്ങിയ രോഗങ്ങളുണ്ടാകുന്നു, വിഷരാസവസ്തുക്കൾ ഭക്ഷണങ്ങളിലൂടെയും പച്ചക്കറികളിലൂടെയും ശരീരത്തിൽ എത്തുന്നു.

3. **വായുമലിനീകരണത്തിന് കാരണമാകുന്നു:** മണ്ണിടിച്ചിലും മാലിന്യങ്ങളും അന്തരീക്ഷ മലിനീകരണത്തിലേക്ക് നയിക്കുന്നു. അന്തരീക്ഷത്തിൽ കലരുന്ന അസാധാരണമായ വിഷവസ്തുക്കൾ സാധാരണക്കാരുടെ ഇടയിൽ ശ്വാസകോശസംബന്ധമായ രോഗങ്ങൾ ഉണ്ടാക്കുന്നു.

4. **വന്യജീവി നശീകരണം:** കഴിഞ്ഞ ദശകങ്ങളിൽ രാജ്യം ഏറെക്കുറെ കഷ്ടതകളിലൂടെ കടന്നു പോകേണ്ടിവന്നിട്ടുണ്ട്. ആവാസവ്യവസ്ഥയും പ്രകൃതി പരിസ്ഥിതിയും നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ ഭീഷണിയാണ് ദേശം നേരിടുന്നത്. കരയിലെ നിരന്തരമായ

12th Economics Malayalam_Chapter-10.indd 224 2/3/2023 10:54:06 AM

മനുഷ്യ പ്രവർത്തനം മൃഗങ്ങളെ ശല്യപ്പെടുത്തുകയും ധാരാളം മൃഗങ്ങളുടെ വംശനാശത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു.

നില മലിനീകരണത്തെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ

1. മലിനീകരണ വസ്തുക്കളെ കുറയ്ക്കുകയും, പുനരുപയോഗം ചെയ്യാൻ പറ്റുന്നവയെ പുനരുപയോഗിക്കുകയും,പുനർനിർമ്മാണംചെയ്യുകയും ചെയ്താൽ നിലമലിനീകരണം ഒരു പരിധിവരെ നിയന്ത്രിക്കാം
2. ജൈവ നശീകരണ ഉൽപ്പന്നങ്ങൾ വാങ്ങുക
3. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുക
4. കൃഷിമാറ്റം നടത്തുക
5. ആവശ്യമില്ലാത്ത വസ്തുക്കളെ മണ്ണിനടിയിൽ കുഴിച്ചിടുക.
6. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക.

10.8 ആഗോള താപനം



ഭൗമാന്തരീക്ഷത്തിൽ ശരാശരി താപനില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് (കരയിലും ജലത്തിലും) അതുപോലെ അന്തരീക്ഷത്തിലും താപനില വർദ്ധിക്കുന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ അന്തരീക്ഷ താപനിലയിലുണ്ടായ വർദ്ധനവ് 0.75°C (1.4°F) ഈ വർദ്ധനവിന്റെ മൂന്നിൽ രണ്ടു ഭാഗവും 1975 മുതൽ സംഭവിച്ചതാണ്. കാർബൺഡൈ ഓക്സൈഡ്, മീഥേൻ, ക്ലോറോ ഫ്ളൂറോ കാർബൺ, നൈട്രസ് ഓക്സൈഡുകൾ എന്നിവ ഭൂമിയുടെ ഉപരിതലത്തെ ചൂടാക്കുന്ന ഹരിതഗൃഹ വാതകങ്ങളാണ്. അതിനാൽ ഇതിനെ ഗ്രീൻ ഹൗസ് ഇഫക്ട് (Green house effect) എന്നു വിളിക്കുന്നു. ആഗോളതാപനത്തിന്റെ 50% ഉളവാക്കുന്ന ഹരിതഗൃഹ വാതകങ്ങളിൽ CO_2 ഏറ്റവും പ്രധാനപങ്കുവഹിക്കുന്നു. ഫോസിൽ ഇന്ധനവും മറ്റ് ജൈവവസ്തുക്കളും കത്തിക്കുന്നത് വനനശീകരണം എന്നിവ കാർബൺഡൈ ഓക്സൈഡിന് കാരണമാകുന്നു. മുൻകാലങ്ങളിൽ ഭൂമിയുടെ താപനിലയിൽ വർദ്ധനവ് അനുഭവപ്പെട്ടപ്പോൾ ഉണ്ടായ ആഗോളതാപനം സ്വാഭാവിക കാരണങ്ങളാൽ സംഭവിച്ചതാകുന്നു. എന്നാൽ ഇന്ന് അത് മനുഷ്യന്റെ പ്രവർത്തനങ്ങളാലാണ് സംഭവിക്കുന്നത്.

ആഗോളതാപനം, കൃഷിയെയും പൂന്തോട്ട ഉല്പാദനത്തെയും, പരിസ്ഥിതി വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. കുറഞ്ഞ മഴ ഉയർന്ന താപനില, അധികമായി ഉപയോഗിക്കുന്ന കീടനാശിനികൾ എന്നിവയും കൃഷിയെ തടസ്സപ്പെടുത്തുന്നു. മലേറിയ, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം എന്നീ രോഗങ്ങൾ ഉളവാക്കുന്ന കൊതുകുകൾ പോലുള്ളവയെയും വൈറസുകളുടെയും വർദ്ധനവ് കാരണം ആരോഗ്യത്തിന് ഭീഷണിയുളവാക്കുന്നു. അത്തരം ശരാശരി ആഗോളതാപനില, ഉപരിതല താപനിലയിലെ വർദ്ധനവ്, മഴയുടെ അവസ്ഥയിൽ ഉള്ള മാറ്റം എന്നിവ ഭയാനകമായ മാറ്റങ്ങൾ ഉളവാക്കുകയും ഗുരുതരമായ വാസസ്ഥല അസന്തുലിതാവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്നു.

10.9 കാലാവസ്ഥ വ്യതിയാനം

അന്തരീക്ഷത്തിൽ വർദ്ധിച്ചുവരുന്ന ഹരിത ഗൃഹവാതകങ്ങളുടെപ്രവർത്തനംകാരണംഉളവാകുന്ന കാലാവസ്ഥാ വ്യതിയാനം ദീർഘകാല അടിസ്ഥാനത്തിലുള്ള മാറ്റങ്ങളെസൂചിപ്പിക്കുന്നു. മാത്രമല്ല വ്യാവസായിക വിപ്ലവത്തിന്റെ തുടക്കം മുതലുള്ള മനുഷ്യ പ്രവർത്തനങ്ങൾ കാരണം പ്രകൃതിക്കുണ്ടായ വ്യതിയാനങ്ങൾ സമീപകാല പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെ വർദ്ധനവ് വ്യാവസായിക വിപ്ലവത്തിന്റെ ആരംഭം മുതൽ വർദ്ധിച്ചുവരുകയും ഏതാണ്ട് 40% എത്തുകയും


12th Economics Malayalam_Chapter-10.indd 225 2/3/2023 10:54:06 AM

ചെയ്തു. ഈ വർദ്ധിച്ചുവരുന്നതിൽ ഒരു മില്യന്റെ 280 ഭാഗവും വ്യവസായ വിപ്ലവത്തിന്റെ മുന്നിലുണ്ടായവയും, ഒരു മില്യന്റെ 402 ഭാഗങ്ങൾ 2016 വരെ വ്യാവസായിക വിപ്ലവവുമായി ബന്ധപ്പെട്ട കാലഘട്ടം മുതൽ വർദ്ധിച്ചവയുമാകുന്നു. ഈ കാർബൺഡൈ ഓക്സൈഡിന്റെ വർദ്ധനവാണ് ആഗോളതാപനത്തിന് വഴിതെളിയിക്കുന്നത്.

കടലിലെ പ്രവാഹങ്ങൾ മൂലമുണ്ടാകുന്ന ചൂട്, ഉയർന്നതാപലനില, മഴയുടെ വിതരണത്തിൽ കാണപ്പെടുന്ന മാറ്റം, കൊടുങ്കാറ്റിന്റെ തീവ്രത, ആവൃത്തി എന്നിവയെക്കുറിച്ച് മനസ്സിലാക്കാൻ ലോകത്തിലെ പലഭാഗങ്ങളും തയ്യാറായിക്കഴിഞ്ഞു. ഇതുകാരണം സമുദ്രനിരപ്പും അന്തരീക്ഷ താപനിലയും ഉയരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.


10.10 അമ്ലമഴ

അമ്ലമഴ വായു മലിനീകരണത്തിന്റെ അനന്തരഫലങ്ങളിലൊന്നാണ്. ഫാക്ടറികളിൽ നിന്നും വാഹനത്തിൽ നിന്നും പുറത്തുവരുന്ന പുക അന്തരീക്ഷജലവുമായി സമ്പർക്കമുണ്ടാവുകയും അമ്ലമഴയായിത്തീരുകയും ചെയ്യുന്നു. ഈ പുറത്തുവരുന്ന പുകയിൽ നൈട്രജൻ ഓക്സൈഡുകൾ, സൾഫർഡൈ ഓക്സൈഡ്, സൾഫർ ഡ്രൈ ഓക്സൈഡ് എന്നിവ കലർന്നിരിക്കുന്നു. ഇവ ജലവുമായി കലർന്ന് നൈട്രിക് ആസിഡ്, സൾഫ്യൂറിക് ആസിഡ്, സൾഫ്യൂറസ് ആസിഡ് എന്നിവ ഉണ്ടാകുന്നു



ഈ പ്രക്രിയ പ്രകൃതിയിൽ സംഭവിക്കുന്നു.

അഗ്നി പർവ്വത സ്ഫോടനങ്ങൾ മൂലവും ഇത്തരം മാറ്റങ്ങൾ പ്രകൃതിയിൽ സംഭവിക്കുന്നു. ഇത് സസ്യങ്ങളെയും ജല ജന്തുക്കളെയും ഹാനികരമായി ബാധിക്കുന്നു.



12th Economics Malayalam_Chapter-10.indd 226 2/3/2023 10:54:06 AM

10.11 ഇലക്ട്രോണിക് മാലിന്യങ്ങൾ



ഇൻഫോടെക് സൊസൈറ്റിയുടെ പുതിയ ഉപോൽപ്പന്നമാണ് ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നറിയപ്പെടുന്ന ഇ മാലിന്യങ്ങൾ പഴകിയതും ഉടഞ്ഞതും, ഉപയോഗശൂന്യവുമായ ഇലക്ട്രിക് സാധനങ്ങളുടെ ഭൗതികാവശിഷ്ടമാണ് ഇലക് ട്രോണിക് മാലിന്യങ്ങൾ. ഇവയിൽ ഉയർന്ന വിലയുള്ളതും വലുതുമായ സാധനങ്ങളും ഉൾ പ്പെടുന്നു. വീട്ടുപയോഗ സാധനങ്ങളായ റഫ്രിജറേറ്ററുകൾ, എയർ കണ്ടിഷണറുകൾ, സെൽഫോണുകൾ, കമ്പ്യൂട്ടറുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഉപഭോക്താക്കൾ പുനർ നിർമ്മാണത്തിനായി കണ്ടെത്തിയിരിക്കുന്ന ടെ ലിവിഷൻ, കമ്പ്യൂട്ടറുകൾ, ഓഡിയോ ഉപകരണ ങ്ങൾ, വി.സി.ആർ, ഡി.വി.ഡി, ഐഫോൺ, ഫാക്സ്, സിറോക്സ് മെഷീൻ, വയർലസ് ഉപക രണങ്ങൾ എന്നിവയുടെ അവശി ഷ്ടങ്ങളും ഇലക് ട്രോണിക് മാലിന്യങ്ങളിൽ ഉൾപ്പെടുന്നു.

ഖര മാലിന്യങ്ങൾ

മനുഷ്യപ്രവർത്തനത്തിന്റെ ഫലമായി ഉണ്ടാകുന്ന അവശിഷ്ടങ്ങളെയാണ് ഖരമാലിന്യ ങ്ങൾ എന്നു പറയുന്നത്. ഇവ ഖര, അർദ്ധഖര, ദ്രാവക രൂപങ്ങളിൽ കാണപ്പെടുന്നു. ഖരമാലിന്യ ങ്ങളിൽ ആശുപത്രികളിലെയും വീടുകളിലെയും മാലിന്യങ്ങൾ, ചത്ത മൃഗങ്ങൾ, ചാരം, കാർഷിക അവശിഷ്ടങ്ങൾ, തൊഴിൽശാലാ അവശിഷ്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. തെരുവുകളിൽ നിന്നും വീടുകളിൽ നിന്നും ഇത്തരം മാലിന്യങ്ങൾ കൃത്യ സമയത്ത് മാറ്റിയില്ലായെങ്കിൽ ആരോഗ്യ പ്രശ്ന ങ്ങളും പരിസരമാലിന്യവും ഉണ്ടാകാനിടയാ കുന്നു.

10.12 സുസ്ഥിര വികസനം

അർത്ഥം

'സുസ്ഥിര വികാസം' എന്നത് കഴിഞ്ഞ തല മുറയുടെ മാത്രമല്ല ഭാവി തലമുറയുടെയും ക്ഷേമവുമായി ബന്ധപ്പെട്ടതാണ്. ഇതിന്റെ ലക്ഷ്യം സവർണരുടെ ആഡംബര ആവശ്യ ങ്ങൾ നിറവേറ്റുക മാത്രമല്ല ദരിദ്രരുടെ അടി സ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ശുചിത്വം, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം എന്നിവ നൽകലും കൂടിയാണ്. കഴിഞ്ഞ തലമുറ സമ്മാനിച്ച വിഭവങ്ങളെ തീർക്കാതിരിക്കാൻ പുതിയ തല മുറ ശ്രദ്ധിക്കേണ്ടതും ആവശ്യമാണ്. ഭാവി തലമു റയ്ക്കുവേണ്ടി സംരക്ഷിക്കാനും ഈ സുസ്ഥി രവികാസം ലക്ഷ്യമിടുന്നു. ഇതിനെ ഇന്റർ - ജന റേഷണൽ ഇക്വിറ്റി എന്നുവിളിക്കുന്നു.

നിർവചനം

"ഭാവിതലമുറയ്ക്ക് അവരുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിൽ വീഴ്ച വരുത്താതെ വർത്തമാനകാല ആവശ്യങ്ങൾ നിറ വേറ്റുന്ന വികസനമാണ് സുസ്ഥിര വികസനം"

-പരിസ്ഥിതി വികസനത്തിനായുള്ള ലോക കമ്മീഷൻ, 1987-

"പ്രകൃതി മൂലധനത്തിൽ ശ്രദ്ധ കേന്ദ്രീക രിക്കുക എന്നതാണ് ബദൽ സമീപനം. സുസ്ഥിര വികസനത്തിന് സമ്പത്തുക്കൾ ഭാവിയിൽ കുറ യരുതെന്ന് നിർദ്ദേശിക്കുന്നു."

-പിയർസ്, മാർക്കണ്ടയ, ബാർബിയർ, 1989-

10.12.1 സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs)

സാമ്പത്തിക വളർച്ച, **സാമൂ ഹിക** വികാസം, **പാരിസ്ഥിതിക** സംരക്ഷണം എന്നിങ്ങനെ മൂന്ന് പ്രധാനഘടക ങ്ങളെ സമന്വയിപ്പിക്കുന്നതിന് സുസ്ഥിരവിക സനം ലക്ഷ്യമിടുന്നു. 2030 നു മുമ്പ് ലോകഭാവി യുടെ വികസനത്തിനുവേണ്ടി 17 ലക്ഷ്യങ്ങൾ ഉൾ പ്പെടുന്ന ഒരു സെറ്റ് ഐക്യരാഷ്ട്രസഭ രൂപീകരിച്ചു.

12th Economics Malayalam_Chapter-10.indd 227 2/3/2023 10:54:07 AM



ഇതിൽ ലോക ഐക്യം, അഖണ്ഡത, രൂപാന്തരം എന്നീ മൂന്നു ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നു.

1. എല്ലായിടത്തും ദാരിദ്ര്യം അവസാനിപ്പിക്കുക
2. വിശപ്പ്അവസാനിപ്പിക്കുക,ഭക്ഷ്യസുരക്ഷയും മെച്ചപ്പെട്ട പോഷകാഹാരവും കൈവരിക്കുക, സുസ്ഥിര കൃഷിയെ പ്രോത്സാഹിപ്പിക്കുക
3. ആരോഗ്യകരമായജീവിതംഉറപ്പാക്കുക.എല്ലാ പ്രായത്തിലുമുള്ളവരുടെ ക്ഷേമം പ്രോത്സാ ഹിപ്പിക്കുക
4. ഏവർക്കും സമഗ്രവും നിലവാരമുള്ളതുമായ വിദ്യാഭ്യാസംഉറപ്പാക്കുകയുംപ്രോത്സാഹിപ്പി ക്കുകയും ചെയ്യുക
5. ലിംഗസമത്വം കൈവരിക്കുക. പുരുഷനെയും സ്ത്രീയെയുംഒരുപോലെകണക്കാക്കുകയും സ്ത്രീകൾക്കും പെൺകുട്ടികൾക്കും കൂടു തൽ ശക്തിപകരുകയും ചെയ്യുക
6. ഏവർക്കും ശുദ്ധ ജലവും ശുചിത്വവും ഉറപ്പു വരുത്തുക
7. എല്ലാരംഗങ്ങളിലുംവിശ്വസനീയവുംസുസ്ഥി രവും ആധുനികവുമായ ഊർജ്ജത്തിലേ ക്കുള്ള പ്രവേശനം ഉറപ്പുവരുത്തുക
8. ഏവർക്കും സമഗ്രമായ സാമ്പത്തിക വളർച്ച, തൊഴിൽ, മാന്യമായ ജോലി എന്നിവയെ പ്രോത്സാഹിപ്പിക്കുക
9. ആധുനിക ഘടനകൾക്കും സുസ്ഥിരവികസ നത്തിനും പ്രാധാന്യം കൊടുക്കുക.
10. രാജ്യങ്ങൾക്കുള്ളിലും രാജ്യങ്ങൾക്കിടയിലു മുള്ള അസമത്വം കുറയ്ക്കുക
11. നഗരങ്ങളെ സുരക്ഷിതവും സുസ്ഥിരവു മാക്കുക
12. ഊർജ്ജസ്വലതയും സുസ്ഥിര ഉല്പാദന രീതിയിലും ആക്കുക
13. സുസ്ഥിരമായ ഉപഭോഗവും മാറ്റവും അതിന്റെ പ്രത്യാഘാതങ്ങളും ഉറപ്പാക്കുക
14. കാലാവസ്ഥ,സമുദ്രങ്ങൾ,സമുദ്രവിഭവങ്ങൾ എന്നിവയ്ക്കെതിരായ പോരാട്ടത്തിന് അടിയ ന്തര നടപടി സ്വീകരിക്കുക

12th Economics Malayalam_Chapter-10.indd 228 2/3/2023 10:54:07 AM

15. വനങ്ങളെ സംരക്ഷിക്കുക, മരുഭൂമിമയമാക്കൽ ഇല്ലാതാക്കുക, ഭൂമിയെ സംരക്ഷിക്കൽ, ജൈവ വൈധ്യ നഷ്ടം ഒഴിവാക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകൽ
16. സമാധാനപരവും സമന്വയിപ്പിച്ചതുമായ നഗരങ്ങൾ സുസ്ഥിര വികസനത്തിനുള്ള മാർഗ്ഗങ്ങൾ എന്നിവ സ്വീകരിക്കുക
17. സുസ്ഥിര വികസനത്തിനുള്ള ആഗോളപങ്കാളിത്തത്തെ ഉറപ്പാക്കുക

10.13

ഹരിത സംരംഭങ്ങൾ



ലോകമെമ്പാടുമുള്ള സംഘടനകളുടെയും വ്യവസായങ്ങളുടെയും സുസ്ഥിരതയ്ക്കുവേണ്ടി പരിശ്രമിക്കുന്നതും പരിസ്ഥിതി കൂട്ടായ്മ വർദ്ധിപ്പിക്കുന്നതും ആയ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുവാൻ ഇന്ന് ധാരാളം സംഘടനകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അതിനാൽ രാഷ്ട്രീയ ലോബികൾ, പൗരത്വപ്രവർത്തനങ്ങൾ, ഉപഭോക്തൃ സമ്മർദ്ദം എന്നിവയിലൂടെ നാം മുന്നോട്ട് പ്രവർത്തിക്കണം. ദുർബലമായ ഭൂമി എന്ന ഈ ഗ്രഹത്തെ സംരക്ഷിക്കുന്നതിന് നാം സമാധാനപരമായ നേരിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആഗോളതാപനം ഒരു ആഗോള പ്രശ്നമായതിനാൽ മലിനീകരണം ഘടകങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ പണം ചെലവാക്കേണ്ടതാണ്.

10.14

ജൈവകൃഷി

ജൈവകൃഷി എന്നത് കാർഷിക ഉല്പാദനവുമായി ബന്ധപ്പെട്ടതാണ്. ഇതിൽ ജൈവവളം, ജൈവമാലിന്യങ്ങൾ, വിളമാറ്റം, പയർവർഗ്ഗസസ്യങ്ങളുടെ ഉല്പാദനം, ജൈവപരമായ കീടനാശിനി ഉപയോഗം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. കൃത്രിമവളം, കീടനാശിനികൾ, കന്നുകാലി അഡിറ്റീവുകൾ എന്ന ഉപയോഗിക്കുന്നതിനെ ഇത് എതിർക്കുന്നു.

ജൈവ ഇൻപുട്ടുകൾക്ക് സൂക്ഷ്മജീവികൾ വളരെ പ്രാധാന്യമർഹിക്കുന്നു. മണ്ണ് സമ്പുഷ്ടമാക്കുക പോലുള്ള ചില നേട്ടങ്ങൾ സൂക്ഷ്മജീവികളെക്കൊണ്ട് ഉണ്ട്. കാർഷിക ആവാസ വ്യവസ്ഥയിലെ വിവിധ സമുദായങ്ങളുടെ ഉല്പാദന ക്ഷമതയും, ശാരീരിക ക്ഷമതയും ഓപ്റ്റിമൈസ് (വർദ്ധിപ്പിക്കുന്നതിനായി) രൂപകല്പന ചെയ്ത ഒരു സമഗ്ര സംവിധാനമാണ് ഓർഗാനിക് ഉല്പാദനം. ജൈവകൃഷിയുടെ പ്രാധാന്യം താഴെ പറയുന്നു.:

1. ഉല്പാദനം, മൺപുഴുക്കൾ, സസ്യങ്ങൾ, കന്നുകാലികൾ, മനുഷ്യർ എന്നിവരുൾപ്പെടെ പരിസ്ഥിതിയുമായി യോജിക്കുന്ന സംരംഭങ്ങൾ വികസിപ്പിക്കുക, പരിസ്ഥിതി, മണ്ണിന്റെ നശീകരണം, മണ്ണൊലിപ്പ് എന്നിവ സംരക്ഷിക്കുക, ജീവശാസ്ത്രപരമായ അവസ്ഥയെ പ്രോത്സാഹിപ്പിക്കുക എന്നിവ ഇതിൽ പ്രാധാന്യമർഹിക്കുന്നു.
2. മണ്ണിനുള്ളിലെ ജൈവ പ്രവർത്തനങ്ങൾക്കായുള്ള വ്യവസ്ഥകൾ വികസിപ്പിക്കുന്നതിലൂടെ ദീർഘകാല മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്താനാകുന്നു
3. ആവാസ വ്യവസ്ഥയിലെ ജൈവ വൈവിധ്യത്തെ നിലനിർത്തുക
4. ഈ സംരംഭങ്ങളിൽ സാധ്യമാകുന്നത്രയും വസ്തുക്കളും വിഭവങ്ങളും പുനരുപയോഗിക്കുക

12th Economics Malayalam_Chapter-10.indd 229 2/3/2023 10:54:07 AM



ജൈവ അവശിഷ്ടം



പച്ചിലവളം



വിളമാറ്റം



വളങ്ങൾ

ജൈവ കൃഷി



ജീവശാസ്ത്ര നേത്യത്വം



ജൈവവളം



മൃഗസംരക്ഷണം

ക്ഷാര കൃഷി

ഏതാണ്ട് 50 ശതമാനത്തോളമുള്ള ജലസേചന ഭൂമിയിൽ വരണ്ടതും പകുതി വരണ്ടതുമായ പ്രദേശങ്ങൾക്ക് ചില മണ്ണ് ക്ഷാരണ പ്രശ്നങ്ങൾ കാണപ്പെടുന്നു. ആ പ്രദേശങ്ങളിലേക്കുള്ള പാതകളിൽ ഭാഗികമായോ പൂർണ്ണമായോ ഉപ്പിന്റെ അളവ് മണ്ണിൽ ലയിച്ചു കാണപ്പെടുന്നു. അങ്ങനെയുള്ള സ്ഥലത്തെ ക്ഷാരമണ്ണ് പ്രദേശം എന്നറിയപ്പെടുന്നു.

പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ഇൻഡോ-ഗാഞ്ചറ്റിക് സമതല പ്രദേശങ്ങളിലാണ് ക്ഷാരമണ്ണ് അധികമായി കാണപ്പെടുന്നത്, ചണ്ഡീഗഢ്, രാജസ്ഥാൻ, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക, മധ്യപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഭാഗികമായി ക്ഷാരമണ്ണ് കാണപ്പെടുന്നു..

12th Economics Malayalam_Chapter-10.indd 230 2/3/2023 10:54:08 AM

5. സ്വാഭാവിക ആവശ്യങ്ങളെ ഓർഗാനിക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകയും പരിപാലിക്കുകയും ചെയ്യുന്നു.
6. അനുയോജ്യ ശ്രദ്ധാപരിചരണം, ഉല്പന്നങ്ങളുടെ സംരക്ഷണത്തിനും, അവയുടെ സുപ്രധാന ഗുണങ്ങൾ കൈകാര്യം ചെയ്യുന്നതിനും, ഉല്പാദനത്തിന്റെ ഓർഗാനിക് സംയോജനം നിലനിർത്തുന്നതിനും സഹായിക്കുന്നു.
7. കാർഷിക സംവിധാനങ്ങളിലെ പുനരുല്പാദിപ്പിക്കുന്ന വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.

10.15 വൃക്ഷത്തോട്ടം

ഓക്സിജൻ നൽകുന്നതിലൂടെയും ഗുണനിലവാരമുള്ള കാലാവസ്ഥ മെച്ചപ്പെടുത്തലിലൂടെയും ജലസംരക്ഷണത്തിലൂടെയും മരങ്ങൾ പരിസ്ഥിതിയെ സംരക്ഷിക്കുന്നു. മാത്രമല്ല പ്രകാശ സംശ്ലേഷണത്തിലൂടെയും മണ്ണിനെ സംരക്ഷിക്കുന്നതിലൂടെയും വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിലൂടെയും വനങ്ങൾ പ്രകൃതിയ്ക്കു സഹായകമായിത്തീരുന്നു. കൂടാതെ കാർബൺഡൈ ഓക്സൈഡിനെ സ്വീകരിച്ചിട്ട് നമുക്ക് ശ്വസിക്കാനാവശ്യമായ ഓക്സിജനെ ഉല്പാദിപ്പിക്കുന്നു. അതിനാൽ മരങ്ങൾ ഭൂമിയുടെ ശ്വാസകോശമായികാണപ്പെടുന്നു. വനങ്ങൾ മണ്ണൊലിപ്പിനെ തടയുകയും ജല സംരക്ഷണം നിർവഹിക്കപ്പെടുകയും ചെയ്യുന്നു.

10.16 വിത്ത്പന്തുകൾ



വിത്ത് പന്തുകൾ



ഒരു വിത്ത് പന്ത് (seed ball) സാധരണയായി കളിമണ്ണും കമ്പോസ്റ്റും ചേർന്ന മിശ്രിതത്തിൽ പൊതിഞ്ഞ് ഉണക്കുക. മുളവരുമ്പോൾ അവയെ നട്ടുപിടിപ്പിക്കാം. അല്ലെങ്കിൽ അടിസ്ഥാനപരമായി വിത്തുകൾ മണ്ണിൽ നിക്ഷേപിക്കുകയും അവയുടെ വർഗ്ഗത്തെ ഉല്പാദിപ്പിക്കുകയും ചെയ്യാം. ശരിയായി മുളച്ച് ഇല വരുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കുക. വിത്ത് പന്തുകൾ മുളപ്പിച്ച് കൃഷിയെ മെച്ചപ്പെടുത്തൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. വളരെ സമയം നാം അതിനു വേണ്ടി കാത്തിരിക്കണം

സംഗ്രഹം

അദ്ധ്യായത്തിന്റെ ആമുഖം മനുഷ്യന്റെ പ്രവർത്തനത്തെയും പരിസ്ഥിതിയെയും പ്രതിപാദിക്കുന്നു. പാരിസ്ഥിതിക വിഭവങ്ങളുടെ സമൃദ്ധമായ വിഹിതം സംബന്ധിച്ച് ഉള്ള സാമ്പത്തിക ശാസ്ത്രത്തിന്റെ ഉപയോഗമാണ് പരിസ്ഥിതി സാമ്പത്തികത്വത്തിന്റെ ആശയം, അലൻ നീസ്, ആർ.വി. അയ്യർ എന്നിവർ ചേർന്ന് മെറ്റീരിയൽ ബാലൻസ് രീതി രൂപീകരിച്ചെടുത്തു.

രണ്ടാം ഭാഗം വായു പോലുള്ള വ്യത്യസ്ത മലിനീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. അവ വായു, ജലം, ശബ്ദം, നിലം എന്നിവയുടെ മലിനീകരണം അവയുടെ പരിണിത ഫലങ്ങൾ എന്താണ്? എങ്ങനെ അവയെ നിയന്ത്രിക്കാൻ സാധിക്കും ഇതിനെക്കുറിച്ചൊക്കെ അതിൽ പ്രതിപാദിക്കുന്നു. വീണ്ടും ആഗോളതാപനം, കാലാവസ്ഥാ മാറ്റം, അമ്ലമഴ, ലംമലേ, മുതലായ പരിസ്ഥിതിമലിനീകരണത്തിന് കാരണമാകുന്നവയെപ്പറ്റിയും അവസാനം സുസ്ഥിര വികസനത്തെ

12th Economics Malayalam_Chapter-10.indd 231 2/3/2023 10:54:08 AM

ക്കുറിച്ചും, അവയുടെ പുരോഗമനത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. അവയെ സംരക്ഷിക്കുന്നതിനു വേണ്ടി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചു. അവ ജൈവകൃഷി, വൃക്ഷത്തോട്ടം, സീഡ്ബാൾ, ക്ഷാര കൃഷി, ഹരിത ഇനിഷിയേറ്റീവ് മുതലായവ ആകുന്നു. എന്നാൽ ഇന്ന് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങൾ വ്യാവസായിക മണ്ണൊലിപ്പ്, നിലമലിനീകരണം, വനനശീകരണം എന്നിവയാണ്. ഇതെല്ലാം സമ്പന്നരുടെ അത്യാഗ്രഹം കൊണ്ട് ഉണ്ടാകുന്നവയാണ്. ഇന്ത്യ പോലുള്ള രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വ്യവസായശാലകളുടെയും കമ്പോളങ്ങളുടെയും അഭാവമാണ്. ഇവ ശരിയായ രീതിയിൽ പ്രവർത്തിച്ചില്ലായെങ്കിൽ ആഗോളപ്രശ്നം നിയന്ത്രിക്കാൻ സാധിക്കില്ല. പുരോഗതി പ്രാപിച്ച രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ആഗോള താപനം. അവ ധാരാളം നാശനഷ്ടങ്ങൾ ഉണ്ടാക്കാൻ കാരണമാകുന്നു.

പദപരിചയം

- **പരിസ്ഥിതി :** വായു, ജലം, നിലം, പ്രകൃതി വിഭവങ്ങൾ, സസ്യജാലങ്ങൾ, ജന്തുവർഗ്ഗങ്ങൾ. മുതലായവ നമ്മുടെ ചുറ്റുപാടും കാണപ്പെടുന്നു. ഇവ മനുഷ്യരും മറ്റുള്ള ഘടകങ്ങളുമായി ബന്ധപ്പെട്ടു കാണപ്പെടുന്നു.
- **ആവാസ വ്യവസ്ഥ :** ജീവനുള്ള ഘടകങ്ങൾ പരസ്പരം ബന്ധപ്പെട്ടു കാണപ്പെടുന്നു. എക്കോളജി അവയെക്കുറിച്ചുള്ള പഠനമാണ്.
- **ആവാസ വ്യവസ്ഥ :** ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിക്കുന്നതാണിത്.
- **ബാഹ്യതകൾ :** ഒരു വ്യക്തിയോ സ്ഥാപനമോ ഒരു നടപടി എടുക്കുന്നുവെങ്കിലും എല്ലാ ചെലവുകളും വഹിക്കാത്ത ബാഹ്യത (Negative) അല്ലെങ്കിൽ മൂന്നാം കക്ഷികളിൽ വരുന്ന എല്ലാ ആനുകൂല്യങ്ങളും (പോസിറ്റീവ് ബാഹ്യത) അല്ലെങ്കിൽ ചെലവുകളോ, ആനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യം
- **മലിനീകരണം :** വായുവിലോ അല്ലെങ്കിൽ ജലത്തിലോ അവശിഷ്ടങ്ങൾ ലയിച്ചു ചേരുന്നു. അത് പ്രകൃതിയിൽ മാലിന്യമുണ്ടാകാൻ കാരണമാകുന്നു.
- **വായു മലിനീകരണം :** വായുവിലുണ്ടാകുന്ന അവശിഷ്ടങ്ങൾ എല്ലാം തന്നെ അവയിൽ ലയിക്കുന്നില്ല. അങ്ങനെയുള്ള അവശിഷ്ടങ്ങൾ മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നു. മനുഷ്യർക്ക് ഇത് ഹാനികരമായ ഫലങ്ങൾ സൃഷ്ടിക്കുന്നു.
- **ജലമലിനീകരണം :** ജലത്തിൽ അലിഞ്ഞു ചേർന്ന് ദോഷകമായ ഫലങ്ങൾ സൃഷ്ടിക്കുകയും ജലത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് ജലമലിനീകരണം.
- **നില മലിനീകരണം :** ഖരവസ്തുക്കളുടെയും ദ്രാവക വസ്തുക്കളുടെയും അവശിഷ്ടങ്ങൾ ഖരപ്രദേശങ്ങളിൽനിക്ഷേപിക്കപ്പെടുന്നു. അല്ലെങ്കിൽ മണ്ണിൽ അടിഞ്ഞു ചേരുന്ന മാലിന്യങ്ങൾ ഭൂഗർഭ ജലത്തിൽ അലിഞ്ഞു ചേരുകയും മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു.
- **ആഗോളതാപനം :** ഗ്രീൻഹൗസ് വാതകങ്ങളുടെ ഉപയോഗത്താൽ ഭൂമിയുടെ ഉപരിതല ഊഷ്മാവ് വർദ്ധിക്കാൻ കാരണമാകുന്നു.
- **കാലാവസ്ഥാമാറ്റം :** കാലാവസ്ഥാമാറ്റം എന്നു പറയുന്നത് അന്തരീക്ഷ ഊഷ്മാവിലും കാറ്റിന്റെ ഗതിയിലും ഉണ്ടാകുന്ന മാറ്റമാണ്.
- **അമ്ലമഴ :** സൾഫർ ഡൈ ഓക്സൈഡും (SO_2) നൈട്രജൻ ഓക്സൈഡും (NOx) അന്തരീക്ഷത്തിൽ ജലവുമായി ചേരുമ്പോൾ ഭൂമിയിൽ അമ്ല മഴയായി പതിക്കുന്നു. കൂടാതെ മഞ്ഞായും നിലം പതിക്കുന്നു.
- **ഖരമാലിന്യങ്ങൾ :** ദ്രാവകാവസ്ഥയിൽ അല്ലാത്തതും, അലിഞ്ഞു ചേരാത്തതുമായ വസ്തുക്കൾ (Municipal Garbage) വ്യാവസായിക മാലിന്യങ്ങൾ എന്നിവയിൽ സ്ഫോടനപരമായ വസ്തുക്കൾ അടങ്ങിയിരിക്കുന്നു. ഖരമാലിന്യങ്ങൾ, അധികമായി കാണപ്പെടുന്നത് സീവേജ് മാലിന്യങ്ങൾ, പുനരുല്പാദന മാലിന്യങ്ങൾ, ഖനന പ്രക്രിയയിലെ മാലിന്യങ്ങൾ എന്നിവയാണ്.
- **സുസ്ഥിര വികസനം :** ഭാവിതലമുഖയ്ക്ക് ഒരു കോട്ടവും തട്ടാതെ ഉപയോഗപ്രദമാകും വിധം ഇന്നത്തെ തലമുറ രുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുക എന്നതാണ് സുസ്ഥിര വികസനം.
- **ജൈവകൃഷി :** ജൈവകൃഷിയിലൂടെ മൃഗപരിപാലനവും ജൈവ അവശിഷ്ടങ്ങളുടെ ഉപയോഗവും വർദ്ധിപ്പിക്കാനാകുന്നു. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതിന്റെ അളവ് കുറയ്ക്കാൻ സാധിക്കുന്നു.

12th Economics Malayalam_Chapter-10.indd 232 2/3/2023 10:54:08 AM

മാതൃകാ ചോദ്യങ്ങൾ

ഭാഗം – A

ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. പരിസ്ഥിതി എന്ന പദം ഒരു ഫ്രഞ്ച് പദത്തിൽ നിന്നാണ് നൽകിയിരിക്കുന്നത്

   a. ഏകദേശം
   b. ചുറ്റുപാട്
   c. പരിസ്ഥിതി
   d. മുഴുവൻ

2. ജീവനുള്ളവ എന്ന പദം പരിസ്ഥിതിയിൽ എന്താണ് അർത്ഥമാക്കുന്നത്

   a. ജീവനുള്ളവ
   b. ജീവനില്ലാത്തവ
   c. ഭൗതീകം
   d. മുകളിൽ പറഞ്ഞവയല്ല

3. ചെറിയ ഘടകമാണ് ആവാസവ്യവസ്ഥ

   a. ഐനോസ്പിയർ
   b. ലിത്തോസ്പിയർ
   c. ബയോസ്പിയർ
   d. മെസോസ്പിയർ

4. മെറ്റീരിയൽ ബാലൻസ് മാതൃക ആരാണ് വികസിപ്പിച്ചത്?

   a. തോമസും പിക്കാർഡിയും
   b. അലൻക്നീസും ആർ.വി. അയേഴ്സ്
   c. ജോവാൻ റോബിൻസൺ, ജെ.എം. കീൻസ്
   d. ജോസഫ് സ്റ്റിഗ്ലിറ്റ്സ്, എഡ്വേർഡ് ചേംബർലിൻ

5. പരിസ്ഥിതി വസ്തുക്കൾ ----------

   a. കമ്പോള പദാർത്ഥങ്ങൾ
   b. കമ്പോളമല്ലാത്ത പദാർത്ഥങ്ങൾ
   c. ഇവ രണ്ടും
   d. മുകളിൽ പറഞ്ഞവയല്ല

6. ശുദ്ധമായ പൊതുനന്മയിൽ ഉപഭോഗം ----------

   a. എതിരാളി
   b. എതിരാളികൾ അല്ല
   c. ഇവ രണ്ടും
   d. ഇവയൊന്നുമല്ല

7. വിപണിയിലെ ഏറ്റവും പ്രധാനപ്പെട്ട പരാജയങ്ങൾക്ക് കാരണം

   a. പോസിറ്റീവ് ബാഹ്യത
   b. നെഗറ്റീവ് ബാഹ്യത
   c. ഇവ രണ്ടും
   d. ഇവയൊന്നും അല്ല

8. ഔട്ട് ഡോർ വായുവിന്റെ പൊതു ഉറവിടം ഇനിപ്പറയുന്നവയിൽ നിന്നുള്ള ജ്വലന പ്രക്രിയകളാണ് മലിനീകരണം ഉണ്ടാക്കുന്നത്

   a. ചൂടാക്കലും പാചകവും
   b. പരമ്പരാഗത സ്റ്റൗവുകൾ
   c. മോട്ടോർ വാഹനങ്ങൾ
   d. ഇവയെല്ലാം

9. കാർബൺ മോണോക്സൈഡിന്റെ പ്രധാന സംഭാവനകൾ

   a. ഓട്ടോമൊബൈൽസ്
   b. വ്യാവസായിക പ്രക്രിയ
   c. നിശ്ചല ഇന്ധന ഉദ്വമനം
   d. മേൽപ്പറഞ്ഞവയൊന്നുമില്ല

10. ആഗോളതാപനത്തിന്റെ കാരണങ്ങൾ ഇനിപ്പറയുന്നവയിൽ ഏതാണ്?

    a. ഭൂമിയുടെ ഗുരുത്വാകർഷണ ബലം
    b. ഓക്സിജൻ
    c. സെൻട്രിപെറ്റൽ
    d. താപനില വർദ്ധിക്കുന്നത്

12th Economics Malayalam_Chapter-10.indd 233 2/3/2023 10:54:08 AM

11. മനുഷ്യരെ ദോഷത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് ഇനിപ്പറയുന്നവയിൽ ഏതാണ് ഉത്തരവാദികൾ?
    a. UV-A
    b. UV-C
    c. ഓസോൺ പാളി
    d. മുകളിൽ പറഞ്ഞവയൊന്നുമല്ല

12. ആഗോളതാപനം ഇതിനെ സൂചിപ്പിക്കുന്നത്
    a. പാരിസ്ഥിതികമാറ്റം
    b. കാലാവസ്ഥാ വ്യതിയാനം
    c. അന്തരീക്ഷ മാറ്റം
    d. മുകളിൽ പറഞ്ഞവയല്ല

13. താഴെ പറയുന്നവയിൽ ഏതാണ് ആഗോളതാപനത്തിന്റെ പ്രതീക്ഷിത ഫലം?
    a. സമുദ്ര നിരപ്പ് ഉയരുന്നു
    b. ഈർപ്പത്തിന്റെ മാറ്റം
    c. മരുഭൂമിയിലെ വികാസം
    d. മുകളിൽപ്പറഞ്ഞവയെല്ലാം

14. പോഷക സമ്പുഷ്ടികരണ പ്രക്രിയ എന്ന് വിളിക്കുന്നത്
    a. യൂട്രോഫിക്കേഷൻ
    b. പോഷകങ്ങൾ
    c. പരിമിതപ്പെടുത്തൽ
    d. സമ്പുഷ്ടീകരണം

15. മണ്ണിന്റെ മലിനീകരണത്തിന്റെ പ്രധാന കാരണം
    a. കീടനിയന്ത്രണ നടപടികൾ
    b. ഭൂമി വീണ്ടെടുക്കൽ
    c. കാർഷിക ഒഴുക്ക്
    d. രാസവളം

16. വനനശീകരണത്തിന് താഴെപ്പറയുന്നവയിൽ ഏതാണ് കാരണം?
    a. തടി വിളവെടുപ്പ് വ്യവസായം
    b. പ്രകൃതി വനവൽക്കരണം
    c. മണ്ണിന്റെ സ്ഥിരത
    d. കാലാവസ്ഥാ സ്ഥിരത

17. ഇലക്ട്രോണിക് മാലിന്യങ്ങൾക്ക് സാധാരണമാണ് എന്ന് പരാമർശിക്കുന്നത്
    a. ഖരമാലിന്യങ്ങൾ
    b. സംയോജിത മാലിന്യങ്ങൾ
    c. ഈ-മാലിന്യങ്ങൾ
    d. ആശുപത്രി മാലിന്യങ്ങൾ

18. ആസിഡ് മഴ അതിന്റെ അനന്തരഫലങ്ങളിലൊന്നാണ് വായുമലിനീകരണം
    a. വായു മലിനീകരണം
    b. ജല മലിനീകരണം
    c. നില മലിനീകരണം
    d. ശബ്ദ മലിനീകരണം

19. സുസ്ഥിര വികസന ലക്ഷ്യങ്ങളും നേട്ടങ്ങളും കൈവരിക്കേണ്ടത്
    a. 2020
    b. 2025
    c. 2030
    d. 2050

20. ക്ഷാരമണ്ണ് പ്രധാനമായും സമതലപ്രദേശങ്ങളിലാണ് കാണപ്പെടുന്നത്?
    a. സിന്ധുഗംഗ
    b. ഉത്തരേന്ത്യൻ
    c. ഗംഗാസമലതലം
    d. മുകളിൽപ്പറഞ്ഞവയെല്ലാം

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
c	a	c	b	b	b	b	b	a	d
11	12	13	14	15	16	17	18	19	20
c	d	b	a	d	a	c	a	c	d

12th Economics Malayalam_Chapter-10.indd 234 2/3/2023 10:54:08 AM

ഭാഗം - B

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഇനി പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

21. പരിസ്ഥിതിയുടെ അർത്ഥം പറയുക.
22. എക്കോസിസ്റ്റം എന്നാൽ എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്?
23. പ്രതിശീർഷക കാർബൺഡൈ ഓക്സൈഡ് ഉദ്ഗമനം ഏറ്റവും കൂടുതലുള്ള രാജ്യങ്ങളെക്കുറിച്ച് പരാമർശിക്കുക..
24. എന്താണ് പാരിസ്ഥിതിക വസ്തുക്കൾ? ഉദാഹരണം നൽകുക.
25. ശബ്ദമലിനീകരണം നിയന്ത്രണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെ?
26. ആഗോളതാപനം നിർവചിക്കുക.
27. വിത്ത് പന്ത് (seed ball) ന്റെ അർത്ഥം വ്യക്തമാക്കുക.

ഭാഗം-C

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം നൽകുക.

28. സമ്പത്ത് വ്യവസ്ഥയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം സംക്ഷിപ്തമാക്കുക.
29. മെറ്റീരിയൽ ബാലൻസ് തത്വത്തിന്റെ അർത്ഥം വ്യക്തമാക്കുക.
30. വ്യത്യസ്ത തരം വായുമലിനീകരണം വിശദീകരിക്കുക.
31. ജല മലിനീകരണത്തിന്റെ കാരണങ്ങൾ എന്തെല്ലാം?
32. ഇ-മാലിന്യത്തിന്റെ അർത്ഥം പറയുക.
33. നില മലിനീകരണം എന്നാലെന്ത്? നിലമലിനീകരണത്തിന്റെ കാരണങ്ങൾ എന്തെല്ലാം.
34. ചെറുകുറിപ്പ് എഴുതുക a) കാലാവസ്ഥമാറ്റം b) ആസിഡ് മഴ

ഭാഗം-D

ഒരു പേജിൽ കവിയാതെ ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

35. പരിസ്ഥിതിയെ സംരക്ഷിക്കാനായി ജിഡിപി വളർച്ചയും ഗുണനിലവാരവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.
36. ബാഹ്യതയെക്കുറിച്ചും അതിന്റെ വർഗ്ഗീകരണത്തെക്കുറിച്ചും വിശദീകരിക്കുക
37. സുസ്ഥിര വികസനത്തിന്റെ പ്രാധാന്യവും ലക്ഷ്യങ്ങളും വിശദീകരിക്കുക.

12th Economics Malayalam_Chapter-10.indd 235 2/3/2023 10:54:08 AM

പ്രവർത്തനം

പരിസ്ഥിതിയെ തകർക്കുന്ന നിലവിലെ പ്രവണത ശരിയാക്കാൻ ആരാണ് കൂടുതൽ പണം നൽകേണ്ടത്, വികസിത രാജ്യങ്ങളോ വികസ്വര രാജ്യങ്ങളോ എന്തുകൊണ്ട്

References

1. Karpagam M. (1993). Environmental Economics, Sterling Publishers, New Delhi.
2. Sankaran S. (1994). Environmental Economics, Margham, Chennai.
3. Sacratees J. and Karthigarani (2008). Environment Impact Assessment, APH Publishing Corporation, New Delhi.
4. Garge, M.R. (Ed.) (1996). Environmental Pollution and Protection, Deep and Deep Publications, New Delhi.
5. Lodha S.L (Ed.) (1991). Economics of Environment, publishers, New Delhi.
6. The Hindu Survey of Environment: Annual Reports.

12th Economics Malayalam_Chapter-10.indd 236 2/3/2023 10:54:08 AM

അദ്ധ്യായം

11

സാമ്പത്തിക വികസനവും ആസൂത്രണവും

ഒരു നല്ല പദ്ധതി തെറ്റായ നടപ്പാക്കൽ കാരണം പരാജയപ്പെടാം. എന്നാൽ തെറ്റായ പദ്ധതി നല്ല നടപ്പാക്കലിലൂടെ വിജയിപ്പിക്കുവാനും കഴിയില്ല.

"ഇന്നും എല്ലാ ദിവസവും നിങ്ങളുടെ ജോലി ആസൂത്രണം ചെയ്യുക തുടർന്ന് നിങ്ങളുടെ പ്ലാൻ പ്രവർത്തിക്കുക"

-മാർഗരറ്റ് താച്ചർ

പഠന ലക്ഷ്യങ്ങൾ

1. സാമ്പത്തിക വികസനത്തിന്റെ പ്രക്രിയ, സവിശേഷതകൾ, നിർണ്ണയിക്കലുകൾ എന്നിവ മനസ്സിലാക്കാൽ..
2. ആസൂത്രണത്തിന് അനുകൂലമായും പ്രതികൂലമായും വിഷയങ്ങൾ പഠിക്കുന്നതിനും വിവിധതരം ആസൂത്രണങ്ങളെ താരതമ്യം ചെയ്യുന്നതിനും.
3. എൻഐടിഐ ആയോഗിന്റെ പ്രവർത്തനങ്ങൾ വിവരിക്കുന്നതിന്.

11.1 വികസിതത്തിന്റേയും അവികസിതത്തിന്റേയും അർത്ഥം

ആമുഖം

വികസനം എന്ന ആശയം മെച്ചപ്പെടുത്തലിനുള്ള ഘടനാപരമായ മാറ്റങ്ങളെ സൂചിപ്പിക്കുന്നു. രാംലോകമഹായുദ്ധം വരെ ഇന്നത്തെ മൂന്നാം ലോക രാജ്യങ്ങളുടെ വിരളമായി കാണിച്ചിരിക്കുന്നു. രാം ലോക മഹായുദ്ധത്തിനു ശേഷം അവികിത രാജ്യങ്ങളുടെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിൽ തുടങ്ങുകയും വികസനത്തിന്റേയും വളർച്ചയുടേയും സിദ്ധാന്തങ്ങളും മാതൃകകളും രൂപപ്പെടുത്തുകയും ചെയ്തു. ഒരു കാലത്ത് ഇംഗ്ലിന്റേയും മറ്റ് യൂറോപ്യൻ രാജ്യങ്ങളുടേയും കോളനികളായിരുന്നു. അവികസിത രാജ്യങ്ങൾ (യുഡിസികൾ) സ്വാതന്ത്ര്യവും സ്വതന്ത്രവുമായതിനു ശേഷം സാമ്പത്തിക വികസനത്തിലേയ്ക്കുള്ള ഒരു ഉണർവ് ഉണ്ടായി.

സാമ്പത്തിക വികസനത്തിലേയ്ക്കുള്ള സമീപനം

ംവികസനം എന്ന ആശയത്തിന് രണ്ട് പ്രധാന സമീപനങ്ങളുണ്ട്. അതായത് പരമ്പരാഗത സമീപനവും പുതിയ ക്ഷേമത്തെ അടിസ്ഥാനമാക്കിയുള്ള സമീപനവും.

12th Economics Malayalam_Chapter-11.indd 237 2/3/2023 10:55:14 AM

1. പരമ്പരാഗത സമീപനം: പരമ്പരാഗത സമീപനം വികസനത്തെ സാമ്പത്തികമായി കർശനമായി നിർച്ചിക്കുന്നു. ഉൽപാദനത്തിലും സേവനത്തിലും ഉള്ള വ്യാവസായിക വൽക്കരണത്തിന്റെ പ്രാധാന്യത്തെ ഇത് ഊന്നിപ്പറയുന്നു. പ്രതിശീർഷ ജി.എൻ.പിയുടെ വളർച്ച ഏറ്റവും താഴെത്തട്ടിലുള്ള ആളുകളെ കബളിപ്പിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

2. പുതിയ ക്ഷേമാധിഷ്ഠിത സമീപനം: 1970 കളിൽ സാമ്പത്തിക വികസനം, ദാരിദ്ര്യം കുറയ്ക്കൽ അസമത്വം വർദ്ധിച്ചുവരുന്ന സമ്പദ്വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ എന്നിവ കണക്കിലെടുത്ത് പുനർ നിർവ്വചിക്കപ്പെട്ടു. ഈ ഘട്ടത്തിൽ വളർച്ചയുമായുള്ള പുനർവിതരണം ജനപ്രിയ മുദ്രാവാക്യമായി.

മൈക്കൽ പി റ്റൊഡാരോയുടെ വാക്കിൽ വികസനം പ്രധാനമാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബഹുമുഖ പ്രക്രിയയാണ്. അതിനാൽ, സാമൂഹിക ഘടനകൾ ജനകീയ മനോഭാവങ്ങളും ദേശീയ സ്ഥാപനങ്ങളും അതുപോലെ തന്നെ വളർച്ചയുടെ ത്വരിതപ്പെടുത്തൽ, അസമത്വം കുറയ്ക്കൽ, സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ.


അവികസനം

പ്രാഥമിക മേഖലയുടെ പ്രബലത അതായത് കൃഷി, ആളോഹരി വരുമാനം, വ്യാപകമായ ദാരിദ്ര്യം, വരുമാനവും സമ്പത്തും വിതരണം ചെയ്യുന്നതിലെ വിശാലമായ അസമത്വം ജനസംഖ്യയേക്കാൾ, മൂലധനത്തിന്റെ കുറഞ്ഞ നിരക്ക്, ഉയർന്ന തൊഴിലില്ലായ്മ നിരക്ക്, സാങ്കേതിക പിന്നോക്കാവസ്ഥ എന്നിവയാണ് അവികസിത രാജ്യങ്ങളുടെ (UDCs) ന്റെ സവിശേഷത.

അവികസിത സമ്പദ്വ്യവസ്ഥയുടെ വിശേഷതകൾ

ആമുഖം

- അവികസിത രാജ്യം എന്ന പദം ആപേക്ഷികമാണ്.
- ലോകബാങ്ക് ലോക വികസന റിപ്പോർട്ടിൽ പ്രതിശീർഷമൊത്ത ദേശീയ വരുമാനത്തിന്റെ (GNI) അടിസ്ഥാനത്തിൽ വിവിധ രാജ്യങ്ങളെ തരംതിരിച്ചു.



അവികസിതത്തിന്റെ അർത്ഥം

അവികസിതം എന്ന പദം ഒരു സമ്പദ്വ്യവസ്ഥയുടെ അവസ്ഥയെ സൂചിപ്പിക്കുന്നു. അവിടെ പ്രതിശീർഷ വരുമാനത്തിന്റെ വളരെ താഴ്ന്ന നില കാരണം ജനങ്ങളുടെ ജീവിത നിലവാരം വളരെ കുറവാണ് തൽഫലമായി ഉല്പാദനക്ഷമത കുറയുകയും ജനസംഖ്യ വളർച്ച നിരക്ക് വർദ്ധിക്കുകയും ചെയ്യുന്നു.

11.2 സാമ്പത്തിക വളർച്ച സാമ്പത്തിക വികസനം

1. വികസന അവസ്ഥ

അവസ്ഥപൊതുവായി പറഞ്ഞാൽ സാമ്പത്തിക വികസനം അവികസിത രാജ്യങ്ങളുടെ പ്രശ്നങ്ങളേയും വികസിത രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയേയും സൂചിപ്പിക്കുന്നു.

12th Economics Malayalam_Chapter-11.indd 238 2/3/2023 10:55:14 AM

2. മാറ്റത്തിന്റെ സ്വഭാവവും നിലവാരവും

വികസനം ഒരു തുടർച്ചയല്ലാത്തതും സ്വതസിദ്ധവുമായ മാറ്റമാണ്. അതേ സമയം വളർച്ച ദീർഘകാലാടിസ്ഥാനത്തിലുള്ള സ്ഥിരമായ മാറ്റമാണ്.

3. മാറ്റത്തിന്റെ വ്യാപ്തി

വളർച്ച എന്നതിനർത്ഥം ഉല്പന്നത്തിന്റെ അളവ് കൂട്ടുക എന്നതാണ് എന്നാൽ വികസനം ഉല്പാദനത്തിലെകാര്യക്ഷമതയെസൂചിപ്പിക്കുന്നു. അതായത് ഒരു യൂണിറ്റ് ഇൻപുട്ടിൽ നിന്നും ലഭിക്കുന്ന. ഔട്ട് പുട്ട് ദാരിദ്ര്യം, അസമത്വം, തൊഴിലില്ലായ്മ എന്നിവയുടെ ഘടന കുറയ്ക്കുന്നതിലെ മാറ്റങ്ങളും ഇത് സൂചിപ്പിക്കുന്നു.



സാമ്പത്തിക വളർച്ച VS. സാമ്പത്തിക വികസനം

4. മാറ്റത്തിന്റെ പരിധി

സാമ്പത്തിക വികസനം സാമ്പത്തിക വളർച്ചയേക്കാൾ വിശാലമായ ആശയം ശരാശരി വളർച്ചയും ഘടനാപരമായ മാറ്റവും എടുക്കുന്നു.

സാമ്പത്തിക വളർച്ചയും സാമ്പത്തിക വികനവും തമ്മിലുള്ള വ്യത്യാസം

സാമ്പത്തിക വളർച്ച	സാമ്പത്തിക വികസനം
വികസിത രാജ്യങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു.	അവികസിത രാജ്യങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു.
മാറ്റങ്ങൾ ക്രമേണയും സ്ഥിരവുമാണ്	മാറ്റം നിരന്തരവും സ്വാഭാവികവുമാണ്കൂടുതൽ
കൂടുതൽ ഉല്പന്നം എന്ന് അർത്ഥമാക്കുന്നു.	കൂടുതൽ ഉല്പന്നം മാത്രമല്ല അതിന്റെ ഘടനയേയും അർത്ഥമാക്കുന്നു
ആശങ്കകൾ അളവ് വശങ്ങൾ അതായത് ആളോഗതി വരുമാനം വർദ്ധിക്കുന്നു	അളവ് വശങ്ങളും ഗുണപരവും
ഇടുങ്ങിയത്	വിശാലമായ ആശയം വികസനം = വളർച്ച+ മാറ്റം

11.3 മാറ്റംസാമ്പത്തിക വികസനത്തിന്റെ അളവ്

നാല് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സാമ്പത്തിക വികസനം കണക്കാക്കുന്നത്

- **മൊത്തം ദേശീയ ഉത്പന്നം (GNP):** ഒരു രാജ്യത്തിൽ ഒരു പ്രത്യേക വർഷത്തിൽ ഉൽപാദിപ്പിക്കുന്ന എല്ലാ അന്തിമ ചരക്കുകളുടേയും മൊത്തം വിപണി മൂല്യമാണ് ജി.എൻ.പി അതോടൊപ്പം ആ രാജ്യത്തിലെ പൗരൻമാർ വിദേശത്ത് താമിക്കുന്നവർ ഉൾപ്പെടെ നേടിയ വരുമാനത്തിൽ നിന്ന് ആ രാജ്യത്ത് താമസിക്കുന്ന പ്രവാസികളുടെ വരുമാനം കുറയ്ക്കുക. ഒരു രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു അളവു കോലാണ് ജി.എൻ.പി ഉയർന്ന ജി.എൻ.പി ഉയർന്ന ജീവിത നിലവാരത്തിലേക്ക് നയിക്കുന്നു. മറ്റുള്ള കാര്യങ്ങളിൽ മാറ്റമില്ലാതിരുന്നാൽ (GNP)എന്ന അനുമാനത്തിലെത്തിച്ചേരുന്നു.
- **പ്രതിശീർഷ GNP:** ഇത് ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്വ്യവസ്ഥയുടെ പ്രതിശീർഷ യഥാർത്ഥ വരുമാനത്തിലെ വർദ്ധനവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക

12th Economics Malayalam_Chapter-11.indd 239 2/3/2023 10:55:14 AM

വളർച്ചയുടെ ഈ സൂചകം ഊന്നൽ നൽകുന്നത് സാമ്പത്തിക വളർച്ചയ്ക്ക് യഥാർത്ഥ ആളോഹരി വരുമാനത്തിന്റെ വർദ്ധനവ് ജന സംഖ്യയുടെ വളർച്ചാ നിരക്കിനേക്കാൾ കൂടുതലായിരിക്കണം എന്നുള്ളതാണ്.

- **ക്ഷേമം:** വ്യക്തികളുടെ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉപഭോഗത്തിൽ വർദ്ധനവുകുന്ന ഒരു പ്രക്രിയയായി സാമ്പത്തിക വികസനം കണക്കാക്കപ്പെടുന്നു. ക്ഷേമ വികസന കോണിൽ നിന്ന് സാമ്പത്തിക വികസനം. ആരോഗ്യ രംഗത്തും സാക്ഷരതയിലും ജീവിത നിലവാരത്തിലും ഉകുന്ന സുസ്ഥിരവാദമാണ്..

- **സാമൂഹിക സൂചകങ്ങൾ:** സാമൂഹിക സൂചകങ്ങളെ സാധാരണയായി ജനങ്ങളുടെ അടിസ്ഥാന, കൂട്ടായ വിദ്യാഭ്യാസം, ഭക്ഷണം, ജല ശുചിത്വം, ഭവന സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നേരിട്ട് നൽകുന്നതിലൂടെ സാമൂഹിക പിന്നോക്കാവസ്ഥ പരിശോധിക്കപ്പെടുന്നു.

11.4 സാമ്പത്തിക വികസനത്തിന്റെ നിർണ്ണായകൻമാർ

സാമ്പത്തിക വികസനം ഒരൊറ്റ ഘടകത്താൽ നിർണ്ണയിക്കപ്പെടുന്നില്ല. സാമ്പത്തിക സാമൂഹ രാഷ്ട്രീയ മത ഘടകങ്ങളെ സാമ്പത്തിക വികസനം ആശ്രയിച്ചിരിക്കുന്നു.

11.5 സാമ്പത്തിക സാമ്പത്തികേതര ഘടകങ്ങൾ

സാമ്പത്തിക വികസനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

സാമ്പത്തിക ഘടകങ്ങൾ

1. പ്രകൃതി വിഭവങ്ങൾ
2. മൂലധന രൂപീകരണം
3. വിപണികളുടെ വലിപ്പം
4. ഘടനാപരമായ മാറ്റം
5. സാമ്പത്തിക വ്യവസ്ഥ
6. അടയാളപ്പെടുത്താവുന്ന മിച്ചം
7. വിദേശ വ്യാപാരം
8. സാമ്പത്തിക വ്യവസ്ഥ

സാമ്പത്തികേതര ഘടകങ്ങൾ

1. മാനുഷിക വിഭവങ്ങൾ
2. സാങ്കേതിക അറിവ്
3. രാഷ്ട്രീയ സ്വാതന്ത്ര്യം
4. സാമൂഹിക സംഘടന
5. അഴിമതി രഹിത ഭരണം
6. വികസനത്തിനായുള്ള ആഗ്രഹം
7. സദാചാരവും ധാർമ്മികവുമായ സാമൂഹികവുമായ മൂല്യങ്ങൾ
8. കാസിനോ മുതലാളിത്തം
9. പാട്രിമോണിയൽ മുതലാളിത്തം

12th Economics Malayalam_Chapter-11.indd 240 2/3/2023 10:55:14 AM

11.5.1. സാമ്പത്തിക ഘടകങ്ങൾ

1. **പ്രകൃതി വിഭവങ്ങൾ:** സമ്പദ്‌വ്യവസ്ഥയുടെ വികാസത്തെ ബാധിക്കുന്ന പ്രധാനഘടകം പ്രകൃതി വിഭവങ്ങളുകട ലഭ്യതയാണ്.പ്രകൃതി വിഭവങ്ങൾ സമൃദ്ധമായി നിലനിൽക്കുന്നത് വികസനത്തിന് അത്യാവശ്യമാണ്. ഇപകൃതി വിഭവങ്ങളുടെ കുറവുള്ള രാജ്യം അതിവേഗം വികസിച്ചു കൊിരിക്കില്ല. എന്നാൽ ജപ്പാനെപ്പോലുള്ള ഒരു രാജ്യത്തിന് പ്രകൃതി വിഭവങ്ങൾ ഇല്ലാത്തതിനാൽ അവ ഇറക്കുമതി ചെയ്യുകയും സാങ്കേതിക വിദ്യയുടെ സഹായത്തോടെ സാമ്പത്തിക വികസന വേഗത കൈവരിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ പ്രകൃതി വിഭവങ്ങൾ അധികമാണെങ്കിലും ദരിദ്രമാണ്.

2. **മൂലധന രൂപീകരണം :** സാമ്പത്തിക വളർച്ചയുടെ പ്രധാന താക്കോലാണ് മൂലധന രൂപീകരണം. മൂലധന രൂപീകരണം എന്നത് നിലവിലുള്ള മൂലധന ചരക്കുകളുടെ മൊത്തം കൂട്ടിച്ചേർക്കലിനെ സൂചിപ്പിക്കുന്നു. അവ സസ്യങ്ങളും യന്ത്രങ്ങളും പോലെ സ്പഷ്ടമാണ് അല്ലെങ്കിൽ ആരോഗ്യം, വിദ്യാഭ്യാസം, ഗവേഷണം എന്നിവപോലെ അദൃശ്യമാണ്. മൂലധന രൂപീകരണം തൊഴിലാളികളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും അതുവഴി ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കാനും സഹായിക്കുന്നു. ഉൽപാദനത്തിന്റെ ന്യൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിന് ഇത് സഹായിക്കുന്നു. ഇത് പ്രകൃതി വിഭവങ്ങളുടെ മികച്ച വിനിയോഗം, വ്യവായിക വൽക്കരണം, സാമ്പത്തിക പുരോഗതിയ്ക്ക് ആവശ്യമായ വിപണികളുടെ വ്യാപനം എന്നിവയിലേക്ക് നയിക്കുന്നു.

3. **വിപണിയുടെ വലിപ്പം:** വിപണിയുടെ വലിയ വലുപ്പം ഉല്പാദനത്തെ ഉത്തേജിപ്പിക്കുകയും, തൊഴിൽ വർദ്ധിപ്പിക്കുകയും ദേശീയ പ്രതിശീർഷ വരുമാനം ഉയർത്തുകയും ചെയ്യും അതുകൊാണ് വികസിത രാജ്യങ്ങൾ ലോകവ്യാപാരസംഘടന WTO വഴി മറ്റ് രാജ്യങ്ങളിലേക്ക് വിപണി വ്യാപിപ്പിക്കുന്നത്.

4. **ഘടനാപരമായ മാറ്റം:** ഗടനാപരമായ മാറ്റം എന്നത് തൊഴിൽപരമായ മാറ്റത്തെ സൂചിപ്പിക്കുന്നു. രാജ്യത്തെ ഏതൊരു സമ്പദ്‌വ്യവസ്ഥയേയും പൊതുവായി മൂന്ന് അടിസ്ഥാന മേഖലകളായി തിരിച്ചിരിക്കുന്നു. പ്രാഥമിക മേഖകളായ കാർഷിക, മൃഗസംരക്ഷണം, വനവൽക്കരണംതുടങ്ങിയവദ്വിതീയമേഖലകളായവ്യാവസായിക ഉൽപാദനം, നിർമ്മാണങ്ങൾ, വ്യാപാരം, ബാങ്കിംഗ്, വാണിജ്യം തുടങ്ങിയവ തൃതീയ മേഖലയിലും ഉൾപ്പെടുന്നു. പ്രധാനമായുംകാർഷികമേഖലയ്ക്ക്മുൻതൂക്കംകൊടുക്കുന്ന ഏതൊരു സമ്പദ്‌വ്യവസ്ഥയും പിന്നോക്കാവസ്ഥയിലാണ്.

5. **ധനകാര്യ സംവിധാനം:** രാജ്യത്ത് കാര്യക്ഷമതയും, സംഘടിതവുമായഒരുബാങ്കിംഗ്സംവിധാനത്തിന്റെ നിലനിൽപ്പിനെ ധനകാര്യ സംവിധാനംസൂചിപ്പിക്കുന്നു. മൂലധനംഎളുപ്പത്തിൽ ലഭ്യമാക്കുന്നതിന് ഒരു സംഘടിത പണ വിപണി ഉായിരിക്കണം.

6. **വിപണനംചെയ്യാവുന്ന മിച്ചം:** വിപണനമിച്ചം എന്നത് കർഷകർ അവരുടെ കുടുംബ ഉപഭോഗ ആവശ്യങ്ങൾക്ക് മുകളിലായി കൃഷി ചെയ്യുന്ന മൊത്തംകാർഷികഉല്പാദനത്തെ സൂചിപ്പിക്കുന്നു. വരുമാനം നേടുന്നതിനായി വിപണിയിൽ വിൽക്കാൻ കഴിയുന്ന മിച്ചമാണിത്. ഇത് സമ്പദ്‌വ്യവസ്ഥയുടെ മറ്റ് മേഖലകളിലെ വാങ്ങൽ ശേഷി, തൊഴിൽ, ഉല്പാദനം എന്നിവ ഉയർത്തുന്നു. ദേശീയ വരുമാനം വർദ്ധിച്ചതിനാൽ അതിന്റെ ഫലമായി രാജ്യം വികസിക്കും.

7. **വിദേശ വ്യാപാരം:** വ്യാപാരത്തിന്റെ അനുകൂലമായ സന്തുലിതാവസ്ഥയും,വ്യാപാരനിബന്ധനകപളും ആസ്വദിക്കുന്ന രാജ്യം എല്ലായ്പ്പോഴും വികസിതമായിരിക്കും. ഇതിന് വലിയ ഫോറെക്സ് (വിദേശനാണ്യ) കരുതൽ ശേഖരവും സ്ഥിരമായ വിനിമയ നിരക്കും ഉണ്ട്.

8. **സാമ്പത്തിക വ്യവസ്ഥ:** സ്വതന്ത്ര കമ്പോള സംവിധാനം (ലൈസെസ്ഫെയർ) സ്വീകരിക്കുന്ന രാജ്യങ്ങൾ നിയന്ത്രിത സമ്പദ്‌വ്യവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ മികച്ച വളർച്ചാനിരക്ക് ആസ്വാദിക്കുന്നു. ചില രാജ്യങ്ങളിൽ ഇത് ശരിയായിരിക്കാം. പക്ഷേ എല്ലാ രാജ്യങ്ങൾക്കും ഇത് ബാധകമല്ല.

12th Economics Malayalam_Chapter-11.indd 241 2/3/2023 10:55:14 AM

11.5.2. സാമ്പത്തികേതര ഘടകങ്ങൾ

സാമ്പത്തിക വികസനത്തിന് രാഷ്ട്രീയ ദാനങ്ങൾ, സാമൂഹിക മനോഭാവം രാഷ്ട്രീയ സാഹചര്യങ്ങൾ, ചരിത്രപരമായ സംഭവങ്ങൾ എന്നിവയുമായി വളരെയധികം ബന്ധമുണ്ട്. മൂലധനം അത്യാവശ്യമാണ്. പക്ഷേ പുരോഗതിയുടെ മതിയായ അവസ്ഥയല്ല..

1. **മാനവ വിഭവശേഷി:** ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി ദേശീയ വരുമാനം നേടുന്നതിനുമുള്ള കഴിവ് കാരണം മാനവ വിഭവശേഷി മനുഷ്യ മൂലധനമായി അറിയപ്പെടുന്നു. മാനുഷിക വികസനവും സാമ്പത്തിക വളർച്ചയും തമ്മിൽ വള ബന്ധമുണ്ട് ആരോഗ്യകരമായ, വിദ്യാസമ്പന്നവും വിദഗ്ദ്ധവുമായ തൊഴിൽ ശക്തിയാണ് ഏറ്റവും പ്രധാനപ്പെട്ട ഉൽപാദന സ്വത്ത് അറിവ്, കഴിവുകൾ, ആളുകളുടെ പ്രക്രിയയാണ് മനുഷ്യ മൂലധന രൂപീകരണം ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക സേവനങ്ങൾ എന്നിവയ്ക്കുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നു. അധ്വാനം കാര്യക്ഷമവും നിപുണതയുള്ളതുമാണെങ്കിൽ വളർച്ചയ്ക്ക് സംഭാവന നൽകാനുള്ള ശേഷി ഉയർന്നതായിരിക്കും ഉദാഹരണത്തിന് ജപ്പാനും ചൈനയും.

2. **സാങ്കേതിക അറിവ്:** ശാസ്ത്രീയവും സാങ്കേതികവുമായ അറിവ് പുരോഗമിക്കുമ്പോൾ കൂടുതൽ സങ്കീർണ്ണമായ സാങ്കേതിക വിദ്യകൾ എല്ലാ മേഖലയിലെയും ഉൽപാദന ക്ഷമതയെ ക്രമാനുഗതമായി ഉയർത്തുന്നു. നവീകരണം സാമ്പത്തികവികസനത്തിന് കാരണമാകുന്നുവെന്ന് ഷും പീറ്റർ അഭിപ്രായപ്പെടുന്നു.

3. **രാഷ്ട്രീയ സ്വാതന്ത്ര്യം:** വികസന പ്രക്രിയ രാഷ്ട്രീയ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യയിൽ നിന്ന് സമ്പത്ത് ഒഴുക്കി വിടുന്നത് ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ വർദ്ധനവിന് പ്രധാന കാരണമാണെന്ന് ദാദാബായ് നവറോജി തന്റെ ദാരിദ്രവും ബ്രിട്ടീഷ് ഭരണവും എന്ന ക്ലാസിക് കൃതിയിൽ വിശദീകരിച്ചു.

4. **സാമൂഹിക സംഘടന :** വികസനത്തിന്റെ ഫലങ്ങൾ ന്യായമായി വിതരണം ചെയ്യപ്പെടുമെന്ന് തോന്നുമ്പോൾ മാത്രമേ ആളുകൾ വികസന പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുന്നുള്ളൂ. വികസന പരിപാടികളുടെ ഒരു പ്രി കിണ്ടഷൻ വികസനത്തിൽ ബഹുജനപങ്കാളിത്തം പ്രക്രിയയെ ത്വരിതപ്പെടുത്തുന്നു. വികലമായ സാമൂഹിക സംഘടന വളർച്ചയുടെ നേട്ടങ്ങൾ ഉചിതമാക്കാൻ ചില ഗ്രൂപ്പുകളെ ഉനുവദിക്കുമ്പോഴെല്ലാം ഭൂരിഭാഗം ദരിദ്രരും വികസന പ്രക്രിയയിൽ പങ്കെടുക്കുന്നില്ല. ഇതിനെ മുതലാളിത്ത സധഹൃദം എന്നു വിളിക്കുന്നു.

5. **അഴിമതി രഹിത ഭരണം:** അഴിമതി വികസന പ്രക്രിയയിലെ ഒരു നെഗറ്റീവ് ഘടകമാണ്. രാജ്യങ്ങൾ അവരുടെ ഭരണ സംവിധാനത്തിൽ നിന്ന് അഴിമതി വേരൊടെ നിർമ്മാർജനം ചെയ്തില്ലായെങ്കിൽ മുതലാളിത്തത്തിന്റെ സുഹൃത്തുക്കളും, വ്യാപാരികളും പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് തുടരും. നികുതി ചുരുക്കൽ അഴിമതി വളർത്തുകയും അത് സാമ്പത്തിക പുരോഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യും.

6. **വികസനത്തിനായുള്ള ആഗ്രഹം:** ഏതൊരു രാജ്യത്തും സാമ്പത്തിക വളർച്ചയുടെ വേഗത ആ രാജ്യത്തെ ജനങ്ങളുടെ വികസന ആഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഈ ബോധം കുറവായിട്ടുള്ള രാജ്യങ്ങളിൽ അവിടത്തെ ജനങ്ങൾ ദാരിദ്ര്യം അവരുടെ വിധിയായി അംഗീകരിക്കും. അവിടെ വികസന സാധ്യത വളരെ കുറവാണ്.

7. **സദാചാരപരവും ധാർമ്മികവും സാമൂഹികവുമായ മൂല്യങ്ങൾ:** ഇവ വിപണിയുടെ കാര്യക്ഷമത നിർണ്ണയിക്കുന്നുവെന്ന് ഡഗ്ലസ് സി നോർത്ത് അഭിപ്രായപ്പെടുന്നു. ആളുകൾ സത്യസന്ധരമെല്ലങ്കിൽ കമ്പോളത്തിന് പ്രവർത്തിക്കാൻ കഴിയില്ല.


8. **കാസിനോ മുതലാളിത്തം :** ആളുകൾ തങ്ങളുടെ വരുമാനത്തിന്റെയും സമയത്തിന്റേയും വലിയൊരു പങ്ക് വിനോദത്തിനും മദ്യത്തിനും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുകയാണെങ്കിൽ ഉല്പാദന പ്രവർ

12th Economics Malayalam_Chapter-11.indd 242 2/3/2023 10:55:15 AM

ത്തനങ്ങൾ കഷ്ടപ്പെട്ടേയ്ക്കാം എന്ന് തോമസ് പിക്കറ്റി അഭിപ്രായപ്പെടുന്നു.

9. പാട്രിമോണിയൽ മുതലാളിത്തം : മാതാപിതാക്കളിൽ നിന്ന് കുട്ടികളിലേക്ക് സമ്പത്ത് യാതൊരും പ്രയാസവും കൂടാതെ എത്തിച്ചേർന്നിരുന്നുവെങ്കിൽ, കുട്ടികൾ, കഠിനാധ്വാനം ചെയ്യില്ല, കാരണം കുട്ടികൾക്ക് ആസ്തികളുടെ മൂല്യം അറിയില്ല. അതിനാൽ ഉൽപാദന ക്ഷമത കുറവായിരിക്കും എന്ന് തോമസ് പിക്കറ്റി അഭിപ്രായപ്പെടുന്നു.

11.6 ദാരിദ്ര്യത്തിന്റെ ദുഷിച്ച വൃത്തം



കുറഞ്ഞ വികസനം നിലനിൽക്കുന്ന രാജ്യങ്ങളിൽ (എൽ.ഡി.സി.എസ്) താഴ്ന്ന നിലവാരത്തിലുള്ള വികസനം നിലനിർത്തുന്ന ദാരിദ്ര്യത്തിന്റെദുഷിച്ച വൃത്തങ്ങൾ എന്നറിയപ്പെടുന്ന വൃത്താകൃതിയിലുള്ള ബന്ധങ്ങളുണ്ട്. ഈ ആശയം നർക്സ് ഇങ്ങനെ വിശദീകരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ഒരു വൃത്താത്യരിയിലുള്ള ഒരു കൂട്ടം ഒരേ സ്വഭാവമുള്ള ശക്തികൾ അവ ഒരു ദരിദ്ര രാജ്യത്തെ ദാരിദ്ര്യാവസ്ഥയിൽ നിലനിറുത്തുന്ന തരത്തിൽ പരസ്പരം പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഒരു ദരിദ്രാന് ഭക്ഷണം കഴിക്കാനുള്ള പ്രാപ്തിയില്ലാ

12th Economics Malayalam_Chapter-11.indd 243 2/3/2023 10:55:15 AM

യായിരിക്കാം. ആരോഗ്യം ശാരീരികമായി ദുർബല മായിരിക്കാം. അവന്റെ പ്രവർത്തന ശേഷി താഴ് ന്നതായിരിക്കാം. അതിന്റെ അർത്ഥം അവർ ദരിദ്ര നാണെന്ന് അതിനർത്ഥം അവന് ഭക്ഷണം കഴി ക്കാൻ പര്യാപ്തമല്ലെന്നും മറ്റും എന്നാണ്. ഒരു രാജ്യവുമായി മൊത്തത്തിൽ ബന്ധപ്പെട്ട ഇത്തര ത്തിലുള്ള ഒരു സാഹചര്യം സംഗ്രഹിക്കാം. ഒരു രാജ്യം ദരിദ്രമാണ്, കാരണം ആ രാജ്യം ദരിദ്ര മാണ്

ദാരിദ്ര്യത്തിന്റെ ദുഷിച്ച വൃത്തം ചോദന ത്തിന്റെ ഭാഗത്തും വിതരണത്തിന്റെ ഭാഗത്തും പ്രവർത്തിക്കുന്നു.

വിതരണ ഭാഗത്ത്, യഥാർത്ഥ വരുമാനത്തി ന്റെ താഴ്ന്ന നില എന്നാൽ കുറഞ്ഞ സമ്പാദ്യം എന്നാണ് അർത്ഥമാക്കുന്നത് കുറഞ്ഞ ലാഭം കുറഞ്ഞ നിക്ഷേപത്തിലേയ്ക്കും മൂലധനത്തിന്റെ അഭാവത്തിലേക്കും നയിക്കുന്നു. മൂലധനത്തിന്റെ കുറവ് ഉല്പാദനക്ഷമതയെ കുറയ്ക്കുന്നു. ഇത് കുറഞ്ഞ വരുമാനത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. അങ്ങനെ ദുഷിച്ച വൃത്തം വിതരണ ഭാഗം പൂർത്തിയാക്കുന്നു.

യഥാർത്ഥ വരുമാനത്തിന്റെ താഴ്ന്ന നില കുറഞ്ഞ ചോദനത്തിലേയ്ക്ക് നയിക്കുന്നു. ഇത് കുറഞ്ഞ നിക്ഷേപ നിരക്കിലേക്ക് നയിക്കുന്നു. അതിനാൽ മൂലധനത്തിന്റെ കുറവ് കുറഞ്ഞ ഉല്പാദനക്ഷമത, കുറഞ്ഞ വരുമാനം എന്നിവ യ്ക്ക് കാരണമാകുന്നു.

11.6.1. ദാരിദ്ര്യത്തിന്റെ ദുഷിച്ച വൃത്തത്തെ തകർക്കുന്നു

ദാരിദ്ര്യത്തിന്റെ ദുഷിച്ച വൃത്തം വിതരണ ത്തിന്റെ കുറഞ്ഞലാഭവും നിക്ഷേപവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവികസിത രാജ്യങ്ങളിൽ (യു.ഡി.എസ്) ഉപഭോഗം കുറയ്ക്കാതെ നിക്ഷേപ നിരക്കും മൂലധന രൂപീകരണവും വർദ്ധിപ്പിക്കാൻ കഴിയും. ഇതിനായി നാമമാത്ര നിരക്ക് സമ്പാദ്യം എന്നത് ശരാശരി സമ്പാദ്യ നിരക്കിനേക്കാൾ കൂടുതലായിരിക്കണം.

ചോദന ഭാഗത്തുള്ള ദുഷിച്ച വൃത്തത്തെ തകർക്കാൻ സമതുലിതമായ വളർച്ചയുടെ തന്ത്രം നർക്സ് നിർദ്ദേശിച്ചു. നിരവധി വ്യവസായങ്ങളിൽ നിക്ഷേപം നടത്തുകയാണെങ്കിൽ അതൊടൊപ്പം തൊഴിലാളികൾ വിവിധ വ്യവസായങ്ങളിൽ ഏർ പ്പെടുന്നത് പരസ്പരം ഉല്പന്നങ്ങളുടെ ഉപയോ ഗമായി തീരുകയും പരസ്പരം ഉല്പന്നങ്ങളുടെ ഉപയോഗമായി തീരുകയും പരസ്പരം ആവശ്യ കത വർദ്ധിപ്പിക്കുകയും ചെയ്യും. സന്തുലിതമായ വളർച്ച അതായത് ധാരാളാം വ്യവസായങ്ങളിൽ ഒരേ സമയം നിക്ഷേപിക്കുന്നത് പരസ്പര ആവശ്യം സൃഷ്ടിക്കുന്നു. അങ്ങനെ, സന്തുലിതമായ വളർ ച്ചയുടെ തന്ത്രത്തിലൂടെ മൂലധന രൂപീകരണത്തി ന്റെ ആവശ്യകതയിൽ പ്രവർത്തിക്കുക ദാരിദ്ര്യ ത്തിന്റെ ദുഷിച്ച വൃത്തത്തെ തകർക്കാൻ കഴിയും.

11.7 ആസൂത്രണം

അർത്ഥം

ആസൂത്രണം എന്നത് ഒരു സാങ്കേതികത യാണ്. ഒരു കേന്ദ്ര ആസൂത്രണ അതോറിറ്റി നിശ്ച യിച്ചിട്ടുള്ള മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതും കൃത്യ മായി നിർവ്വചിക്കപ്പെട്ടതുമായ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരമാണിത്. സാമ്പത്തിക, സാമൂ ഹിക രാഷ്ട്രീയ സൈനിക ലക്ഷ്യങ്ങൾ കൈവ രിക്കുക എന്നുള്ളതാണ് ഇതിന്റെ അന്തമമായ ലക്ഷ്യം.

നിർവ്വചനങ്ങൾ

"സാമ്പത്തിക ആസൂത്രണം എന്നത് ഉൽപാ ദനത്തിന്റേയും കൈമാറ്റത്തിന്റേയും സ്വകാര്യ പ്രവർത്തനങ്ങളുടെ കൂട്ടായ നിയന്ത്രണം അല്ലെ ങ്കിൽ അടിച്ചമർത്തൽ എന്നാണ്."

-യോബിൻസ്-

"സാമ്പത്തിക ആസൂത്രണം വിശാലമായ അർത്ഥത്തിൽ പറഞ്ഞാൽ സാമ്പത്തിക പ്രവർ ത്തനത്തിന്റെ വലിയ വിഭവങ്ങളുടെ ചുമതലയു ള്ള വ്യക്തികൾ തിരഞ്ഞെടുത്ത ലക്ഷ്യങ്ങളിലേ ക്കുള്ള ബോധ പൂർവ്വമായ ദിശയാണ്".

ഡാൾട്ടൺ-

11.7.1. ഇന്ത്യയിലെ സാമ്പത്തിക ആസൂത്രണം

സാമ്പത്തിക തീരുമാനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച ചില സാമ്പത്തിക ലക്ഷ്യങ്ങൾ നിറ വേറ്റുന്നതിനായി രൂപീകരിച്ച പദ്ധതികളാണ് .

12th Economics Malayalam_Chapter-11.indd 244 2/3/2023 10:55:15 AM

നിർദ്ധിഷ്ട സമയത്തിനുള്ളിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള റോഡ്മാപ്പ് ഇത് നൽകുന്നു. സാമ്പത്തിക ആസൂത്രണത്തെക്കുറിച്ചുള്ള നിലവിലെ ചിന്ത തികച്ചും പുതിയതാണ്. അത് മാർക്സിസ്റ്റ് സോഷ്യലിസത്തിൽ വേരൂന്നിയതാണ്. ഇരുപതാം നൂറ്റാണ്ടിൽ, യൂറോപ്പിൽ നിന്നുള്ള ബുദ്ധി ജീവികൾ, സൈദ്ധാന്തികർ, ചിന്തകൾ മുതലാളിത്തത്തേയും സമൂഹത്തിന്റെ അസമത്വത്തേയും തടയുന്നതിന് ഭരണകൂട ഇടപെടൽ എന്ന ആശയം മുന്നോട്ടുവച്ചു

1928 ൽ സോവിയറ്റ് യൂണ്യൻ ആദ്യമായി സാമ്പത്തിക ആസൂത്രണം സ്വീകരിച്ചു. ഇത് രാജ്യത്തെ ഒരു വ്യാവസായിക ശക്തിയായി മാറാൻ പ്രാപ്തമാക്കി. 1930 കളിലെ മഹാമാന്ദ്യകാലത്ത് സാമ്പത്തിക ആസൂത്രണത്തെ കുറിച്ചുള്ള ആശയം ശക്തിപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം യുദ്ധാനന്തര സമ്പദ്വ്യവസ്ഥയുടെ ഫലപ്രദമായ നടത്തിപ്പിനായി സാമ്പത്തിക വിഭവങ്ങളുടെ മതിയായതും അനുയോജ്യവുമായ ആസൂത്രണം ആവശ്യമായി തീർന്നു.

സ്വതന്ത്ര്യാനന്തരം 1948 ൽ വ്യാവസായിക നയത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ നയമാണ് ദേശീയ ആസൂത്രണം കമ്മിഷൻ പ്രഖ്യാപിക്കാൻ നിർദ്ദേശിച്ചതും സമ്മിശ്ര സാമ്പത്തിക വ്യവസ്ഥാ നയത്തിന്റെ വിശദീകരണം നൽകിയതും 1950 ജനുവരി 26 ന് ഭരണഘടന പ്രാബല്യത്തിൽ വന്നു. യുക്തി സഹമായി ആസൂത്രണ കമ്മിഷൻ 1950 മാർച്ച് 15 ന് സൃഷ്ടിക്കപ്പെട്ടു. ആഭ്യപഞ്ചവത്സര പദ്ധതി (1951 56) ആരംഭിച്ചുകൊണ്ട് 1951ഏപ്രിൽ 1 ന് പദ്ധതി യുഗം ആരംഭിച്ചു. ഇന്ത്യയിലെ ആസൂത്രണത്തിന്റെ പരിണാമം താഴെ പറയുന്നു:

1. **സർ എം വിശ്വേശ്വരയ്യ (1934):** ഒരു പ്രമുഖ എഞ്ചിനീയറും, രാഷ്ട്രീയക്കാരനും 1934 ൽ ആസൂത്രിത സമ്പദ്വ്യവസ്ഥ എന്ന പുസ്തകത്തിലൂടെ ഇന്ത്യയിൽ സാമ്പത്തിക ആസൂത്രണത്തിന് അടിത്തറയിടുന്നതിനുള്ള ആദ്യ ശ്രമം നടത്തി. ഇത് ഒരു പത്തു വർഷത്തേയ്ക്കുള്ള പദ്ധതിയായിരുന്നു.

2. **ജവഹർലാൽ നെഹ്റു (1938):** ഒരു കമ്മിറ്റിയിലൂടെ ദേശീയ ആസൂത്രണ കമ്മിഷൻ രൂപീകരിച്ചു. എന്നാൽ രാഷ്ട്രീയ യുഗത്തിലേയും രണ്ടാം ലോക മഹായുദ്ധത്തിലേയും മാറ്റങ്ങൾ കാരണം അത് ഫലവത്തായില്ല.

3. **ബോംബെ പ്ലാൻ (1940):** ബോംബെയിലെ 8 പ്രമുഖ വ്യവസായികൾ ബോംബെ പ്ലാൻ അവതരിപ്പിച്ചു. ഇത് 15 വർഷത്തെ നിക്ഷേപ പദ്ധതിയായിരുന്നു.

4. **എസ്.എൻ. അഗർവാൾ (1944)** കാർഷിക ഗ്രാമീണ സമ്പദ്വ്യവസ്ഥയെ കേന്ദ്രീകരിച്ച് ഗാന്ധിയൻ പദ്ധതിയ്ക്ക് രൂപം നൽകി.

5. **എം.എൻ. റോയ് (1945)** പീപ്പിൾസ് പ്ലാൻ തയ്യാറാക്കി. കാർഷിക ഉല്പാദന വിതരണം യന്ത്രവത്ക്കരിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു ഇത്.

6. **ജെ.പി നാരായണൻ (1950)** ഗാന്ധിയൻ പദ്ധതിയിൽ നിന്നും വിനോബ ഭാവേയുടെ ആശയത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട സർവോദായ പദ്ധതിയ്ക്ക് രൂപം നൽകി. ഇത് കാർഷിക മേഖലയ്ക്ക് മാത്രമല്ല ചെറുകിട കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

എല്ലാ പദ്ധതികളും പരിഗണിച്ച ശേഷം അതേ വർഷം തന്നെ ജവഹർലാൽ നെഹ്റു ഇന്ത്യയിൽ പഞ്ചവത്സരപദ്ധതി ആവിഷ്ക്കരിക്കാൻ ആസൂത്രണ കമ്മിഷൻ രൂപീകരിച്ചു. അദ്ദേഹം ഇന്ത്യ ഗവൺമെന്റിന്റെ ആസൂത്രണ കമ്മിഷന്റെ ആദ്യത്തെ ചെയർമാൻ ആയിരുന്നു.

11.7.2. ആസൂത്രണത്തിന് വഴിതെളിച്ച സംഗതികൾ

സാമ്പത്തിക ആസൂത്രണം താഴെപ്പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കപ്പെടുന്നു.

1. **കമ്പോള സംവിധാനം ത്വരിതപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും:** അവികസിത രാജ്യങ്ങളിൽ കമ്പോള സംവിധാനം അപൂർണ്ണമായി പ്രവർത്തിക്കുന്നു. കാരണം

12th Economics Malayalam_Chapter-11.indd 245 2/3/2023 10:55:15 AM

വികസനത്തിന്റെയും ആസൂത്രണത്തിന്റെയും അജ്ഞതയും അപരിചിതത്വവുമാണ്. സമ്പദ് വ്യവസ്ഥയുടെ വലിയ ഭാഗം ധനസമ്പാദനം നടത്താത്ത മേഖലയാണ്. ഉല്പന്നം, ഘടകം, പണം മൂലധന വിപണികൾ എന്നിവ ശരിയായി ക്രമീകരിച്ചിട്ടില്ല. അതിനാൽ ആസൂത്രിത സമ്പദ്വ്യവസ്ഥ സ്വതന്ത്ര സമ്പദ്വ്യവസ്ഥയ്ക്ക് മികച്ച പകരമായിരിക്കും

2. തൊഴിലില്ലായ്മ നീക്കം ചെയ്യുന്നതിന്: മൂലധന ദൗർലഭ്യം നിലനിൽക്കുന്നതിനാൽ വർദ്ധിച്ചു കൊണ്ടിരിക്കുന്ന തൊഴിൽ സേനയ്ക്ക് മികച്ച തൊഴിലവസരങ്ങൾ നൽകുന്ന പ്രശ്നം വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ് അവികസിത രാജ്യങ്ങളിൽ ആസൂത്രണം ചെയ്യേതിന്റെ ആവശ്യകത വ്യാപകമായ തൊഴി ലില്ലായ്മയും വേഷം മാറിയ തൊഴിലില്ലായ് മയും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകതയെ കൂടുതൽ ഊന്നിപ്പറഞ്ഞു.

3. സന്തുലിത വികസനം കൈവരിക്കുന്നതിന്: മതിയായ സംരംഭത്തിന്റേയും താല്പരജ്യത്തിന്റേയും അഭാവത്തിൽ, സമ്പദ്വ്യവസ്ഥയുടെ സന്തുലിതമായ വികസനം ആസൂത്രണം ചെയ്യുന്നതിനുള്ള ഏക സ്ഥാപനമാണ് ആസൂത്രണ അതോരിറ്റി ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനത്തിന് അവികസിത രാജ്യങ്ങൾക്ക് കാർഷിക, വ്യാവസായിക മേഖലകളുടെ വികസനം, സാമൂഹികവുമായ തലക്കെട്ടുകൾ സ്ഥാപിക്കൽ, ആഭ്യന്തര, വിദേശവ്യാപാര മേഖലകളെ യോജിപ്പിച്ച് വികസിപ്പിക്കൽ എന്നിവ ആവശ്യമാണ്.

i) **കാർഷിക വ്യാവസായിക മേഖലകളുടെ വികസനം:** വ്യാവസായിക മേഖലയ്ക്കൊപ്പം കാർഷിക മേഖലയും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത കാർഷികവും വ്യവസായവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് കാർഷിക പുനസംഘടന വ്യാവസായിക മേഖലയ്ക്ക് ആഗീരണം ചെയ്യാൻ കഴിയുന്ന മിച്ച തൊഴിലാളികളെ പുറത്തുവിടുന്നു. വ്യാവസായിക മേഖലയ്ക്കു വേണ്ട അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിന് കാർഷിക മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണ്.

ii) **അടിസ്ഥാനസൗകര്യ വികസനം:** സാമ്പത്തികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ, കാർഷിക വ്യാവസായിക മേഖലകൾക്ക് വികസിക്കാൻ കഴിയില്ല, കനാലുകൾ, റോഡുകൾ, റെയിൽവേ, പവർ സ്റ്റേഷനുകൾ തുടങ്ങിയവ നിർമ്മിക്കുന്നത് ഒഴിച്ചു കൂടാനാവാത്ത കാർഷിക വികസനമാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് ഉയർന്ന മൂലധന നിക്ഷേപവും ദൈർഘ്യമുള്ള പ്രതീക്ഷിത വരുമാനവും കുറ വരുമാന നിരക്കും ഉൾപ്പെടുന്നു. ആസൂത്രണത്തിലൂടെ ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ നൽകാൻ സംസ്ഥാനങ്ങൾക്ക് മാത്രമേ സാധിക്കൂ.

iii) **പണ മൂലധന വിപണികളുടെ വികസനം:** ആഭ്യന്തര, വിദേശ വ്യാപാരത്തിന്റെ വ്യാപനത്തിന് കാർഷിക, വ്യാവസായിക മേഖലകളുടെ വികസനം മാത്രമല്ല, സാമൂഹികവും സാമ്പത്തികവുമായ തലക്കെട്ടുകൾ മാത്രമല്ല, പണ ത്തിന്റേറയും, ധന കാര്യ സ്ഥാപനങ്ങളുടെ നില നിൽപ്പും ആവശ്യമാണ്. അവികസിത രാജ്യ ങ്ങളിൽ പണവും മൂലധന വിപണികളും പര്യപ്തമല്ല. ഈ ഘടകം വ്യവസായത്തിന്റേയും വ്യാപാരത്തിന്റേയും വളർച്ചയ്ക്ക് ഒരു തടസ്സമായി പ്രവർത്തിക്കുന്നു. അതിനാൽ ആസൂത്രണത്തിന് മാത്രം മികച്ച പണവിപണിയും മൂലധന വിപണിയും നൽകാൻ കഴിയും.

4. ദാരിദ്ര്യവും അസമത്വവും നീക്കം ചെയ്യുക: അവികസിത രാജ്യങ്ങളിലേയ്ക്കുള്ള ദേശീയ, പ്രതീശീർഷ വരുമാനം ഉയർത്തുന്നതിനും അസമത്വങ്ങളും ദാരിദ്ര്യവും ുയറ്ക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള ഏക പാത ആസൂത്രണമാണ്. കഴിഞ്ഞ 65 വർഷത്തിനുള്ളിൽ ഇത് ഇന്ത്യയിൽ സംഭവിച്ചിട്ടുണ്ടോ?

അതിനാൽ ആർതർ ലൂയിസ് പറയുന്നു പിന്നോക്ക രാജ്യങ്ങളിൽ ആസൂത്രണം കൂടുതൽ

12th Economics Malayalam_Chapter-11.indd 246 2/3/2023 10:55:15 AM

ആവശ്യമാണ് വികസനത്തിനു വേണ്ട വഴികളും മാർഗ്ഗങ്ങളും ആവിഷ്ക്കരിക്കുന്നതിനും, ദേശീയ വരുമാനം ഉയർത്തുന്നതിനുമുള്ള ഏകീകൃത ശ്രമങ്ങൾ നടത്തുന്നതിനും

11.7.3. ആസൂത്രണത്തിനെതിരായ വിഷയങ്ങൾ

മാർക്കറ്റ് മെക്കാനിസം (കമ്പോള സാഹചര്യങ്ങളുടെ) പരാജയം, ആസൂത്രണത്തിലൂടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സംസ്ഥാന ഇടപെടലിനെ ക്ഷണിച്ചു. സാമ്പത്തിക ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ വികസിത രാജ്യങ്ങളിലെ സ്ഥിരത, കുറഞ്ഞ വികസന സാധ്യതയുള്ള രാജ്യങ്ങളുടെ വളർച്ച എന്നിവയാണ്. എന്നാൽ സാമ്പത്തിക ആസൂത്രണവും പരിമിതികളിൽ നിന്ന് മുക്തമല്ല. അത് സ്വകാര്യ സംരംഭങ്ങളെ തടസ്സപ്പെടുത്തുകയും, തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുകയും വലിയ ഭരണ ചിലവ് ഉൾപ്പെടുത്തുകയും വില സംവിധാനത്തിന്റെ യാന്ത്രിക ക്രമീകരണം നിറുത്തുകയും ചെയ്യുക. ആസൂത്രണത്തിനെതിരായ വാദങ്ങൾ താഴെ ചർച്ചചെയ്യപ്പെടുന്നു.

1. സ്വാതന്ത്ര്യനഷ്ടം

തീരുമാനമെടുക്കുന്നതിൽ സ്വാതന്ത്ര്യത്തിന്റെ അഭാവം സാമ്പത്തിക വളർച്ചയ്ക്ക് ഒരു തടസ്സമായി പ്രവർത്തിക്കാം. നിയന്ത്രണങ്ങളും തടസ്സപ്പെടുത്തലുകളും ആസൂത്രിത സ്വാതന്ത്ര്യ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ് സാമ്പത്തികത്തിൽ ഉപഭോഗ സ്വാതന്ത്ര്യം തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എന്നിവ ഉൾപ്പെടുന്നു. തൊഴിൽ, ഉല്പാദനത്തിനുള്ള സ്വാതന്ത്ര്യം, ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുവാനുള്ള സ്വാതന്ത്ര്യം എന്നിവ ആസൂത്രണത്തിന് കീഴിൽ നിർണ്ണായക തീരുമാനങ്ങൾ എടുക്കുന്നു. കേന്ദ്ര ആസൂത്രണ അതോറിട്ടി. ഉപഭോക്താക്കൾക്കും നിർമ്മാതാക്കൾക്കും തൊഴിലാളികൾക്കും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നില്ല. അതിനാൽ, കേന്ദ്രീകൃത ആസൂത്രണം വ്യക്തി സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിലേക്ക് നയിക്കുകയും സാമ്പത്തിക സ്തംഭനാവസ്ഥയിൽ അവസാനിക്കുകയും ചെയ്യുന്നുവെന്ന് ഹയക് തന്റെ റോഡ് ടു സെർഫോം എന്ന പുസ്തകത്തിൽ വിശദീകരിക്കുന്നു. സർക്കാരിന്റെ തീരുമാനങ്ങൾ എല്ലായ്പ്പോഴും യുക്തിസഹമല്ല. പക്ഷേ സ്വകാര്യ ഉല്പാദകർക്കുള്ള സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യപ്പെടും. ലാഭത്തിന് മുൻഗണന നൽകിയാൽ ക്ഷേമം തരം താഴ്ത്തപ്പെടും.

2. സംരംഭത്തിന്റെ ഉൻമൂലനം

കേന്ദ്രീകൃത ആസൂത്രണത്തിന് കീഴിൽ, സംരംഭങ്ങൾക്കും പുതുമകൾക്കും കീഴിൽ, സംരംഭങ്ങൾക്കും പുതുമകൾക്കും പ്രോത്സാഹനമുണ്ടാകില്ല. ആസൂത്രണം പതിവ് നടപടി ക്രമങ്ങൾ പാലിക്കുകയും വളർച്ചയുടെ സ്തംഭനാവസ്ഥയ്ക്ക് കാരണമാവുകയും ചെയ്യും. സംരംഭങ്ങളുടെ അഭാവം ഇനിപ്പറയുന്ന രീതികളിലെ പുരോഗതിയെ ബാധിച്ചേക്കാം.

a. സ്വകാര്യ ഉടമസ്ഥാതയുടെയും ലാഭലക്ഷ്യത്തിന്റേയും അഭാവം, സംരംഭകരെ ധീരമായ തീരുമാനങ്ങളിൽ നിന്നും, വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽനിന്നും നിരുത്സാഹപ്പെടുത്തുന്നു. പുതിയ ആശയങ്ങൾ പുതിയ വഴികൾ, പുതിയ രീതികൾ എന്നിവ തിരയുന്നതിനുള്ള പ്രോത്സാഹനമാണ് ആകർഷകമായ ലാഭം. ഇത് ഒരു ആസൂത്രിത സമ്പദ്വ്യവസ്ഥയിൽ കാണുന്നില്ല.

b. ആസൂത്രിക സമ്പദ്വ്യവസ്ഥയിൽ എല്ലാവരും അവരുടെ പരിശ്രമം, കാര്യക്ഷമത, ഉല്പാദനക്ഷമത എന്നിവ കണക്കിലെടുക്കാതെ തുല്യ പ്രതിഫലം ആസ്വാദിക്കുന്നതിൽ പുതിയതും അപകട സാധ്യതയുള്ളതുമായ സംരംഭങ്ങൾ ഏറ്റെടുക്കാൻ ആരും താല്പര്യപ്പെടുന്നില്ല.

c. ആസൂത്രിത സമ്പദ്വ്യവസ്ഥകളുടെ സവിശേഷതകളായ ഉദ്യോഗസ്ഥ ഭരണവും ചുവപ്പുനാടയും നടപടികളുടെ കാലതാമസത്തിനും സമയ നഷ്ടത്തിനും കാരണമാകുന്നതിനാൽ സംരംഭകത്വത്തെ തകർക്കുന്നു. ബിസിനസ്സ് ചെയ്യുന്നതിനുള്ള എളുപ്പത്തെ തടസ്സപ്പെടുത്തുന്നു. ഇക്കാരണത്താലാണ് റഷ്യ ചൈന തുടങ്ങിയ സോഷ്യലിസ്റ്റ് രാജ്യങ്ങൾ പോലും സ്വകാര്യ സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത്.

3. മാനേജ്മെന്റിന്റെ ഉയർന്ന ചിലവ്

വ്യാവസായ വൽക്കരണം, സാമൂഹ്യനീതി പ്രാദേശിക സന്തുലിതാവസ്ഥ, തുടങ്ങിയ ആസൂത്രണത്തിന്റെ ഫലങ്ങൾ നല്ലതാണെന്നതിൽ സംശയമില്ല. എന്നാൽ സാമ്പത്തിക കാര്യങ്ങളുടെ നടത്തിപ്പിന്റെ ചെലവ് ആസൂത്രണത്തിന്റെ നേട്ടങ്ങളെക്കാൾ കൂടുതലാണ്. പദ്ധതി ശേഖരണവും നടപ്പാക്കലും വിവർശേഖരണത്തിനും ഭരണനിർവ്വഹണത്തിനുമായി ഒരു കൂട്ടം ഉദ്യോഗസ്ഥരുടെ ഇടപെടൽ ഉൾക്കൊന്നു. ലൂയിസ് അഭിപ്രായ

12th Economics Malayalam_Chapter-11.indd 247 2/3/2023 10:55:15 AM

പ്പെടുന്നതു പോലെ ഞങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കുന്നതാണ് നല്ലത് ഞങ്ങൾക്ക് കൂടുതൽ ആസൂത്രകർ ആവശ്യമാണ്. അപര്യാന്തമായ ഡേറ്റ, തെറ്റായ വിലയിരുത്തലുകൾ, പദ്ധതികളുടെ അനുചിതമായ നടപ്പാക്കൽ എന്നിവ വിഭവങ്ങൾ പാഴാക്കുകയും, മിച്ചമോ, കുറവോ ഉണ്ടാക്കുകയും ചെയ്യും.


4. മുൻകൂട്ടി കണക്കാക്കുന്നതിൽ ബുദ്ധിമുട്ട്

ഗവൺമെന്റ് നിയയന്ത്രണങ്ങൾ ഇല്ലാത്ത സമ്പദ്വ്യവസ്ഥയിൽ (ലെയ്സെസ്മെഫയർ) വില ആവശ്യം,വിതരണം, എന്നിവയ്ക്കിടയിലുള്ള യാന്ത്രിക ക്രമീകരണത്തിന് വിലസംവിധാനം സഹായം നൽകുന്നു. വിലമാറ്റത്തെ അടിസ്ഥാനമാക്കി നിർമ്മാതാക്കളും ഉപഭോക്താക്കളും അവരുടെ വിതരണവും ചോദനവും ക്രമീകരിക്കുന്നു. ആസൂത്രിതസമ്പദ്വ്യവസ്ഥയിൽഅത്തരമൊരു സംവിധാനം ഇല്ല. ഉപഭോഗവും ഉൽപാദനവും സംബന്ധിച്ച് തീരുമാനമെടുക്കാൻ കൃത്യമായ രീതിയിൽ അഡ്വാൻസ് കണക്കുകൂട്ടലുകൾ അസാധ്യമാണ്. കണക്കുകൂട്ടലുകൾ ആസൂത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതും വളരെ ബുദ്ധിമുട്ടാണ്. വിപണി അടിസ്ഥാനമാക്കിയുള്ള സമ്പദ്വ്യവസ്ഥയിലും അധിക ചോദനം നടക്കാം. അമേരിക്ക ഉൾപെടെയുള്ള പല വിദേശ സമ്പദ്വ്യവഥകളിലും ഇത് സംഭവിച്ചിട്ടുണ്ട്.

ആസൂത്രണത്തിന് എതിരായ വാദങ്ങൾ കൂടുതലും കേന്ദ്രീകൃതവും ഏകാധിപത്യ ആസൂത്രണവുമാണ്. ജനാധിപത്യ ആസൂത്രണം, പ്രേരണയാൽ ആസൂത്രണം പ്രത്യേകിച്ചും സമ്മിശ്ര സമ്പദ്വ്യവസ്ഥയ്ക്ക് തീഴിലുള്ള വികേന്ദ്രീകൃത ആസൂത്രണം എന്നിവ സ്വകാര്യമേഖലയ്ക്കും പൊതു മേഖലയ്ക്കും തുല്യ പങ്ക് നൽകുന്നു. ആസൂത്രിത സമ്പദ്വ്യവസ്ഥ ഒരു വിപണി സമ്പദ്വ്യവസ്ഥയേക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അതിനാൽ ചോദ്യം പദ്ധതിയുടെ ഒന്നോ, പദ്ധതിയോ അല്ല മറിച്ച് പദ്ധതിയുടെ തരമാണ്. കമ്പോള സംവിധാനത്തിന്റെ (മാർക്കറ്റ് മെക്കാനിം) ശരിയായ മിശ്രിതവും, ശരിയായ അനുപാതത്തിലുമുള്ള സംസ്ഥാന ഇടപെടലും, സ്ഥിരതയ്ക്കും, സാമൂഹിക, നീതിയ്ക്കുപുറകേയുള്ള ത്വരിതപ്പെടുത്തിയ സാമ്പത്തിക വളർച്ചയും വാഗ്ദാനം ചെയ്യും..

11.8

ആസൂത്രണ തരങ്ങൾ



സാമ്പത്തിക ആസൂത്രണം എന്നാൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ സാമ്പത്തിക വികസനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശമിക്കുന്ന ഒരു പ്രക്രിയ പ്രത്യയ ശാസ്ത്രത്തിലും, നിർവ്വഹണ പ്രക്രിയയിലും വ്യത്യാസമുള്ള വിവിധതരം ആസൂത്രണങ്ങൾ ഉണ്ട്.

12th Economics Malayalam_Chapter-11.indd 248 2/3/2023 10:55:15 AM

1. ജനാധിപത്യം Vs ഏകാധിപത്യം :




പൗരൻമാരുടെ പൊതുസ്വകാര്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾപ്പെടെ സമൂഹത്തിൽ മേൽ സമ്പൂർണ്ണ നിയന്ത്രണം നിലനിറുത്താൻ സർക്കാർ ശ്രമിക്കുന്ന ഒരു രൂപമാണിത്

ജനാധിപത്യ ആസൂത്രണമെന്നാൽ ജനാധിപത്യത്തിനുള്ളിലെ ആസൂത്രണത്തെ സൂചിപ്പിക്കുന്നു. പദ്ധതി രൂപീകരിക്കുന്നതിന്റേയും നടപ്പാക്കുന്നതിന്റേയും ഓരോ ഘട്ടത്തിലും ജനങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. തയ്യാറെടുപ്പിന്റെഘട്ടത്തിൽവിവിധ സംഗഭഥാനസർക്കാരുകളുമായും സ്വകാര്യ സംരംഭങ്ങളുമായുംസാധ്യമായരീതികൾ വിശാലമായ കൂടിയാലോചനകൾ നടത്തുന്നു. ഇതാണ് ഒരു ജനാധിപത്യ ആസൂത്രണത്തിന്റെ സവിശേഷത. ആസൂത്രണ കമ്മിഷൻ തയ്യാറാക്കിയത് അത്തരത്തിലുള്ള ഒരു പദ്ധതിയല്ല. ഇത് രാജ്യത്തെ പാർലമെന്റിന് അംഗീകരിക്കുവാനോ നിരസിക്കുവാനോ പരിഷ്ക്കരിക്കുവാനോ കഴിയും.

ഏകാധിപത്യ ആസൂത്രണത്തിൽ കീഴിൽ, ഒരൊറ്റ പദ്ധതിയ്ക്ക് അനുസൃതമായി എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളുടേയും കേന്ദ്ര നിയന്ത്രണവും സംവിധാനവും ഉണ്ട്. ഉപഭോഗം ഉല്പാദനം, കൈമാറ്റം, വിതരണം എന്നിവ നിയന്ത്രിക്കുന്നത് സംസ്ഥാനമാണ്. സ്വേച്ഛാധിപത്യത്തിൽ ആസൂത്രണ അതോറിറ്റിയാണ് പരമോന്നത സംഘടന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ലക്ഷ്യങ്ങൾ, വിഹിതം, രീതികൾ നടപടി ക്രമങ്ങൾ എന്നിവയെ കുറിച്ച് ഇത് തീരുമാനിക്കുന്നു.

2. കേന്ദ്രീകൃത വികേന്ദ്രീകൃത: കേന്ദ്രീകൃത ആസൂത്രണത്തിൻ കീഴിൽ ഒരു രാജ്യത്തെ മുഴുവൻ ആസൂത്രണ പ്രക്രിയയും ആ രാജ്യത്തെ കേന്ദ്ര ആസൂത്രണ അതോറിറ്റിയുടെ കീഴിലാണ് ഈ അതോറിറ്റി ഒരു കേന്ദ്ര പദ്ധതി രൂപപ്പെടുത്തുന്നു. സമ്പദ്വ്യവസ്ഥയിലെ എല്ലാ മേഖലകളുടേയും ലക്ഷ്യങ്ങൾ, മുൻഗണനകൾ എന്നിവ പരിഹരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അതിനെ മുകളിൽ നിന്ന് ആസൂത്രണം എന്ന് വിളിക്കുന്നു.



കേന്ദ്രീകൃതം Vs വികേന്ദ്രീകൃതം

വികേന്ദ്രീകൃത ആസൂത്രണത്തിൻ കീഴിൽ പ്രദേശിക സംഘടനകളും സ്ഥാപനങ്ങളും കേന്ദ്ര അധികാരികളുടെ ഇടപെടലില്ലാതെ പദ്ധതി രൂപീകരിക്കുകയും, അംഗീകരിക്കുകയും നടപ്പിലാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ താഴെ നിന്ന് ആസൂത്രണം എന്ന് വിളിക്കുന്നു.

3. സൂചനനൽകുന്ന ആസൂത്രണം Vs പ്രചോദനം: സൂചന നൽകുന്ന ആസൂത്രണം അനുസരിച്ച് മുൻകൂട്ടിനിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമായി പദ്ധതി നടപ്പിലാക്കാൻ ആസൂത്രണം ചെയ്യുകയും നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു കേന്ദ്ര അതോറിറ്റി ഉണ്ട്.

പ്രചോദനത്തിലൂടെയുള്ള ആസൂത്രണത്തിന് കീഴിൽ വിവിധ ധനപരമായ നടപടികളിലൂടെ ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഒരു സാധനത്തിന്റെ ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ ആസൂത്രണ അതോറിറ്റി ആഗ്രഹിക്കുന്നുവെങ്കിൽ അതിന് സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകാം. അതിനാൽ, പ്രേരണയാൽ ആസൂത്രണം ചെയ്യുന്നത് ദിശാസൂചനപ്രകാരം ആസൂത്രണം ചെയ്യുന്നു അതേ ഫലങ്ങൾ നേടാൻ കഴിയും. എന്നാൽ വ്യക്തിഗത സ്വാതന്ത്ര്യത്തിന്റെ ത്യാഗം കുറവാണ്.

4. സൂചക Vs അനിവാര്യ ആസൂത്രണം: സൂചക ആസൂത്രണം മിശ്ര സമ്പദ്വ്യവസ്ഥയുടെ ഒരു സവിശേഷതയാണ്. 1947 50 ലെ മോനെറ്റ് പ്ലാൻ

12th Economics Malayalam_Chapter-11.indd 249 2/3/2023 10:55:16 AM


മുതൽ ഫ്രാൻസിൽ ഇത് പ്രയോഗത്തിൽ ഉണ്ട്. സമ്മിശ്ര സമ്പദ് വ്യവസ്ഥയിൽ പൊതു മേഖലയും സ്വകാര്യ മേഖലയും ഒരുമിച്ച് പ്രവർത്തിക്കുന്നു. ഈ പദ്ധതിപ്രകാരം പദ്ധതിയുടെ രൂപരേഖ സർക്കാർ തയ്യാറാക്കുന്നു. സ്വകാര്യ മാനേജ്മെന്റ് ട്രേഡ് യൂണിയനുകൾ, ഉപഭോക്തൃ ഗ്രൂപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് വിദഗ്ധർ എന്നിവരുമായി ഇത് ചർച്ച ചെയ്യുന്നു. വിവിധ സാമ്പത്തിക യൂണിറ്റുകളുടെ ഏകോപനമാണ് ആസൂത്രണത്തിന്റെ പ്രധാന പ്രവർത്തനം. സ്വകാര്യമേഖലയ്ക്ക് എല്ലാത്തരം സൗകര്യങ്ങളും സംസ്ഥാനം നൽകുന്നു. സ്വകാര്യമേഖല ലക്ഷ്യങ്ങളും മുൻഗണനകളും നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനം സ്വകാര്യ മേഖലയെ നിർബന്ധിക്കുന്നില്ല മറിച്ച് പ്രവർത്തന മേഖലകളേയും ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനേയും സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ ആസൂത്രണം മൃദുവും വഴക്കമുള്ളതുമാണ്.

അനിവാര്യ ആസൂത്രണത്തിൻ കീഴിൽ പദ്ധതി തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും സംസ്ഥാനം ശക്തമാണ്. ഒരിക്കൽ ഒരു പദ്ധതി രൂപീകരിച്ചാൽ, അത് നടപ്പിലാക്കുന്നത് ഒരു കാര്യ നിർവ്വഹണമാണ്. യു.എസ്.എസ്.ആർ. പ്രസിഡന്റ് സ്റ്റാലിൻ പറയുമായിരുന്നു ഞങ്ങളുടെ പദ്ധതികളാണ് ഞങ്ങളുടെ നിർദ്ദേശങ്ങൾ. മുഴുവൻ വിഭവങ്ങളിലും സംസ്ഥാനത്തിന് സമ്പൂർണ്ണ നിയന്ത്രണം ഉണ്ട്. ഉപഭോക്തൃ പരമാധികാരമില്ല സർക്കാർ നയങ്ങളും നടപടി ക്രമങ്ങളും കർക്കശമാണ്. ചൈനയും റഷ്യയും അനിവാര്യമായ ആസൂത്രണം പിൻതുടരുന്നു

5. ഹ്രസ്വ, ഇടത്തരം ദീർഘകാല ആസൂത്രണം: ഹ്രസ്വകാല പദ്ധതികളെ നിയന്ത്രണ പദ്ധതികൾ എന്നും വിളിക്കുന്നു. അവ ഒരു വർഷത്തെ കാലയളവ് ഉൾക്കൊള്ളുന്നു. അതിനാൽ അവ വാർഷിക പദ്ധതികൾ എന്നും അറിയപ്പെടുന്നു.

3 മുതൽ 7 വർഷം വരെ ഇടത്തരം പദ്ധതികൾ നിലനിൽ ക്കും എന്നാൽ സാധാരണയായി ഇടത്തരം പദ്ധതി 5 വർഷത്തേയ്ക്കാണ് നിർമ്മിച്ചിരിക്കുന്നത്. ഇടത്തരം ആസൂത്രണം സാമ്പത്തിക വിഭവങ്ങളുടെ വിഹിതമായി മാത്രമല്ല ഭൗതിക വിഭവങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

ദീർഘകാല പദ്ധതികൾ 10 മുതൽ 30 വർഷം വരെ നീണ്ടുനിൽക്കുന്നു. ഈ പദ്ധതിയെ കാഴ്ചപ്പാടിന്റെ പദ്ധതി (പെർസ്പക്ടീവ്) എന്നും അറിയപ്പെടുന്നു. ദീർഘകാല ആസൂത്രണത്തിനു പിന്നിലെ അടിസ്ഥാന തത്വചിന്ത സമ്പദ്വ്യവസ്ഥയിൽ ഘടനാപരമായ മാറ്റം കൊണ്ടുവരുക എന്നുള്ളതാണ്..



12th Economics Malayalam_Chapter-11.indd 250 2/3/2023 10:55:16 AM

6. ഫിനാൻഷ്യൽ ഫിസിക്കൽ പ്ലാനപിംഗ്: ധന കാര്യ ആസൂത്രണം എന്നത് പണത്തിന്റെ അടിസ്ഥാനത്തിൽവിഭവങ്ങൾ അനുവദിക്കുന്ന ആസൂത്രണത്തിന്റെ സാങ്കേതികതയെയാണ്. സൂചിപ്പിക്കുന്നത് അതേ സമയം ഭൗതിക ആസൂത്രണം എന്നത് പുരുഷൻമാർ, മെറ്റീരിയലുകൾ, യന്ത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഭവങ്ങൾ അനുവദിക്കുന്നതിനെയാണ്.

7. പ്രവർത്തനയോഗ്യമായ Vs ഘടനാപരമായ ആസൂത്രണം: നിലവിലുള്ള ആസൂത്രണത്തെ നിലവിലുള്ള സാമ്പത്തിക സാമൂഹിക ഘടയ്ക്കുള്ളിൽ എല്ലാ ആസൂത്രണ പ്രവർത്തനങ്ങളും നയിക്കുന്നതിലൂടെ സാമ്പത്തിക ബുദ്ധി മുട്ടുകൾ നീക്കാൻശ്രമിക്കുന്ന ആസൂത്രണത്തെയാണ് പ്രവർത്തനയോഗ്യമായ (ഫംഗ്ഷണൽ പ്ലാനിംഗ്) എന്നു പറയുന്നത്.

ഘടനാപരമായ ആസൂത്രണം രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക ചട്ടകൂടിലെ നല്ല മാറ്റങ്ങളെ സൂചിപ്പിക്കുന്നു. വികസിത രാജ്യങ്ങളിലാണ് ഇത്തരത്തിലുള്ള ആസൂത്രണം കൂടുതലും സ്വീകരിക്കുന്നത്

8. സമഗ്ര Vs ഭാഗിക ആസൂത്രണം: സമ്പദ്‌വ്യവസ്ഥയുടെ പ്രധാന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പൊതുവായ ആസൂത്രണത്തെ സമഗ്രമായ ആസൂത്രണം എന്ന് വിളിക്കുന്നു. അതേ സമയം ഭാഗിക ആസൂത്രണം എന്നത് സമ്പദ്‌വ്യവസ്ഥയിലെ ചില പ്രധാന മേഖലകളെ മാത്രം പരിഗണിക്കുക എന്നതാണ്.

11.9 NITI ആയോഗ്

NITI ആയോഗ് (നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ) 2015 ജനുവരി ഒന്നിന് കേന്ദ്ര മന്ത്രികഭാ പ്രമേയത്തിലൂടെ രൂപീകരിച്ചു. NITI ആയോഗ് ഇന്ത്യാ ഗവൺമെന്റിന്റെ നയചിന്തയാണ് 2014 ഓഗസ്റ്റ് 13 ന് ഇത് ആസൂത്രണ കമ്മിഷനെ മാറ്റി സ്ഥാപിച്ചു. NITI ആയോഗിന്റെ ചെയർപേഴ്സൺ പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാർ അനൗദ്യോഗിക അംഗങ്ങളും ആയിരിക്കും. NITI ആയോഗിന്റെ വൈസ് ചെയർമാൻ പ്രവർത്തന തലവൻ (മാനേജർ) ആയിരിക്കും. ഇതിന്റെ ആദ്യ വൈസ് ചെയർമാൻ അരവിന്ദ് പനംഗാരിയ.

11.9.1. NITI ആയോഗിന്റെ പ്രവർത്തനങ്ങൾ

1. സഹകരണവും മത്സരപരവുമായ ഫെഡറലിസം:: ദേശീയ നയം രൂപീകരിക്കുന്ന പങ്കാളികളാക്കാൻ പ്രാപ്തരാക്കുക..

2. പങ്കിട്ട ദേശീയ അജ: സംസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ ദേശീയ വികസന മുൻഗണനകളുടേയും തന്ത്രങ്ങളുടേയും പങ്കിട്ട കാഴ്ചപ്പാട് ആവിഷ്ക്കരിക്കുക.

3. വികേന്ദ്രീകൃത ആസൂത്രണം: ആസൂത്രണ പ്രക്രിയയെ താഴെ നിന്ന് മുകളിലേയ്ക്ക് എന്ന മാതൃകയിലേക്ക് പുനക്രമീകരണം ചെയ്യുക.

4. ദർശനവും സാഹചര്യ ആസൂത്രണവും: ഇന്ത്യയുടെ ഭാവിയിലേയ്ക്ക് ഇടത്തരം, ദീർഘകാല തന്ത്രപരമായ ചട്ടക്കൂടുകൾ രൂപകല്പന ചെയ്യുക.

5. വൈദഗ്ധ്യത്തിന്റെ ശൃംഖല: കൂട്ടായ പങ്കാളിത്തത്തിലൂടെ സർക്കാർ നയങ്ങളിലേയ്ക്കും പ്രോഗ്രാമുകളിലേയ്ക്കും മുഖ്യധാരാ ബാഹ്യ ആശയങ്ങളും വൈദഗ്ധ്യവും നേടിയെടുക്കുക.

6. യോജിപ്പിക്കൽ: ഗവൺമെന്റിന്റെ വിവിധ തലങ്ങളിൽ ഉടനീളം പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുന്നതിന്, പ്രത്യേകിച്ചും ഒന്നിലധികം മേഖലകളിലെ ക്രോസ് കട്ടിംഗ്, ഓവർ ലാപ്പിംഗ് പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടുമ്പോൾ എല്ലാ പങ്കാളികളും തമ്മിലുള്ള ആശയവിനിമയം, ഏകോപനം, സഹകരണം എന്നിവ ഉറപ്പാക്കുക.

7. പ്രശ്നപരിഹാരം: സർക്കാർ പരിപാടികൾ വേഗത്തിൽ നടപ്പാക്കുന്നതിന് അന്തർ മേഖല, അന്തർ വകുപ്പ്, അന്തർ സംസ്ഥാന, കേന്ദ്ര സംസ്ഥാന പ്രശ്നങ്ങൾക്ക് പരസ്പര സമന്വയത്തിനുള്ള വേദി നൽകുക.

12th Economics Malayalam_Chapter-11.indd 251 2/3/2023 10:55:16 AM



8. ലോകവുമായി ഇന്റർഫേസ് ഏകോപിപ്പിക്കുക: ഇന്ത്യയുടെ വികസന പ്രക്രിയയ്ക്കായി അന്താരാഷ്ട്ര സംഘടനകളിൽ നിന്ന് വരുന്ന ആഗോള വൈദഗ്ധ്യവും, വിഭവങ്ങളും ഉപയോഗപ്പെടുത്തുന്നതിനുള്ള നോഡൽ.

9. ഇന്റേണൽ കൺസൾട്ടൻസി: നയവും പരിപാടികളും സംബന്ധിച്ച് ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ആഭ്യന്തര കൺസൾട്ടൻസി നൽകുന്നു.

10. ശേഷി വർദ്ധിപ്പിക്കൽ: ഏറ്റവും പുതിയ ആഗോള ട്രെൻഡുകൾക്കൊപ്പം, ശേഷിവർദ്ധിപ്പിക്കൽ സാങ്കേതിക വിദ്യ ഉയർത്തൽ, ബെഞ്ച് മാർക്കിംഗ് നൽകാനും അറിവ് നൽകാനും ഇത് പ്രാപ്തമാക്കുന്നു.

11. നിരീക്ഷണവും വിലയിരുത്തലും: ഇത് നയങ്ങളും പ്രോഗ്രാമുകളും നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും പ്രത്യാഘാതങ്ങൾ വിലയിരുത്തുകയും ചെയ്യും.

12th Economics Malayalam_Chapter-11.indd 252 2/3/2023 10:55:18 AM

അടൽ ഇന്നൊവേഷൻ മിഷൻ, പല സംര ക്ഷണ നടപടികളോടുള്ള ആയുഷ്മാൻ ഭാരത് സമീപനം, മെഡിക്കൽകൗൺസിൽ ഓഫ് ഇന്ത്യ യ്ക്ക് പകരമായി ദേശീയ മെഡിക്കൽ മിഷൻ സ്ഥാപിക്കുന്നതിനുള്ള കരട് ബിൽ എന്നിവയെ ല്ലാം NITI ആയോഗിൽ സങ്കൽപ്പിക്കപ്പെട്ടിട്ടുണ്ട.

NITI ആയോഗും ഉത്തരവാദിത്തത്തിന്റെ ഉയർന്ന തലത്തിലേക്ക് കൊണ്ടു വരുന്നു. വിവിധ മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന ഒരു വികസന നിരീ ക്ഷണ വിലയിരുത്തൽ ഓഫീസ് ഇത് സ്ഥാപിച്ചു. അത്തരം ഡാറ്റ ഉപയോഗിച്ച് മത്സരാധിഷ്ഠിത ഫെഡറലിസത്തിന്റെ ഒരു മനോഭാവം വളർത്തി യെടുക്കുന്നതിന് ഇതിന് കഴിഞ്ഞിട്ടുണ്ട്. പ്രകടനം അടിസ്ഥാനമാക്കിയുള്ള സംസ്ഥാനങ്ങളുടെ റാങ്കി ംഗ് ആയോഗ് ചെയ്യുന്നു. NITI ആയോഗിന്റെ വിജയം ഗണ്യമായ കാലയളവിനു ശേഷം വില യിരുത്താനാകും.

സംഗ്രഹം

ഈ അധ്യായത്തിന്റെ ആദ്യ ഭാഗം ഇരുപ താം നൂറ്റാണ്ടിൽ പ്രാധാന്യം നേടിയ സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ടതാണ് വികസനവും വളർച്ചയും എന്ന ആശയം പരസ്പരം മാറ്റാവുന്ന രീതിയിൽ ഉപയോഗിക്കുന്നു. എന്നിരുന്നാലും, ഇവ രണ്ടും തമ്മിൽ നേരിയ വ്യത്യാസമുണ്ട് സാമ്പ ത്തിക വികസനത്തിന്റെ വേഗത സാമ്പത്തിക, സാമ്പത്തികേതര ഘടകങ്ങളിൽ തരംതിരിക്കപ്പെട്ട നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ദാരി ദ്രത്തിന്റെ വൃത്തം പ്രധാനമായ നിരവധി തടസ്സ ങ്ങളാൽ സാമ്പത്തിക വികസനം തടസ്സപ്പെടു ത്തുന്നു. രണ്ടാം ഭാഗം സാമ്പത്തിക ആസൂത്രണ വുമായി ബന്ധപ്പെട്ടതാണ്. മാർക്കറ്റ് സംവിധാന ത്തിന്റെ പരാജയം ആസൂത്രണത്തിന്റെ പിറവി കൊണ്ടുവന്നു. ആസൂത്രണം സോവിയറ്റ് യൂണി യനിൽ ആരംഭിച്ച് ഇന്ത്യപോലുള്ള രാജ്യത്തിലേ ക്കും മിക്ക സമ്മിശ്ര സമ്പദ്വ്യവസ്ഥകളിലേക്കും വ്യാപിച്ചു.ആസൂത്രണത്തെ അനുകൂലിക്കുന്ന ശക്തമായ വാദങ്ങളും ആസൂത്രണത്തിനെതിരെ ചില വാദങ്ങളും ഉണ്ട്. സർക്കാർ നിയന്ത്രണ ത്തിന്റെ വ്യാപ്തി അനുസരിച്ച് പല സമ്പദ് വ്യവസ്ഥകളിലും പലതരത്തിലുള്ള ആസൂത്ര ണങ്ങൾ നിലനിൽക്കുന്നു. ഇത് ഏകാധിപത്യപ രവും സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വളരെ കേന്ദ്രീ കൃതവുമാണ്, ഫ്രാൻസ് പോലുള്ള രാജ്യങ്ങളിൽ ആസൂത്രണം ജനാധിപത്യപരവും സൂചകപരവു മായ ആസൂത്രണമാണ്. ഇന്ത്യയിലെ ആസൂത്രണ കമ്മിഷന് പകരമായി വന്ന പുതിയ ആസൂത്രണ സമിതിയാണ് NITI ആയോഗ്.

പദശേഖരണം

- **വളർച്ച :** സാമ്പത്തിക വളർച്ച എന്നത് യഥാ ർത്ഥ GDP യുടെ വർദ്ധനവിനെ സൂചിപ്പിക്കു ന്നു. അതായത് ദേശീയ ഉൽപാദനത്തിന്റെ ദേശീയ ചെലവുകളുടെ മൂല്യത്തിലുണ്ടായ വർദ്ധന.
- **വികസനം :** നിർദ്ദിഷ്ട ലക്ഷ്യങ്ങളും ആവശ്യ കതകളും നിറവേറ്റുന്നതിന്, ശാസ്ത്രീയവും സാങ്കേതികവുമായ അറിവിന്റെ വ്യവസ്ഥാ പിത ഉപയോഗം.
- **സാമൂഹിക സൂചകങ്ങൾ :** വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ ആരോഗ്യം വിദ്യാഭ്യാസം, ശുചിത്വം, വെള്ളം, ഭക്ഷണം മുതലായവയാണ് ഇത്.
- **മൂലധന ശേഖരണം :** നിലവിലുള്ള മൂലധന സ്റ്റോക്കിന് പുറമേയുള്ള പ്രക്രിയ
- **സാമ്പത്തിക ആസൂത്രണം :** പണത്തിന്റെ രൂപത്തിൽ വിഭവങ്ങൾ അനുവദിക്കുന്ന ആസൂത്രണ സാങ്കേതികതകൾ
- **ഫിസിക്കൽ പ്ലാനിംഗ് :** പുരുഷൻമാർ, മെറ്റീരി യലുകൾ, യന്ത്രങ്ങൾ എന്നിവയുടെ അടി സ്ഥാനത്തിൽ വിഭവങ്ങൾ അനുവദിക്കുന്ന ആസൂത്രണത്തിന്റെ സാങ്കേതികതകൾ
- **കാഴ്ചപ്പാട് ആസൂത്രണം :** ദീർഘകാല ആസൂത്രണം അതായത് 15 അല്ലെങ്കിൽ കൂടുതൽ കാലത്തേക്ക്
- **അവികസിത വികസനം :** അവികസിത വിക സനം താഴ്ന്ന നിലയിലുള്ള യഥാർത്ഥ വികസനത്തിന്റെ സവിശേഷതയാണ്. ആളോഹരി വരുമാനം, വ്യാപകമായ ദാരിദ്ര്യം, സാക്ഷരതയുടെ താഴ്ന്ന നിലവാരം, കുറഞ്ഞ ആയുർദൈർഘ്യം, വിഭവങ്ങളുടെ ദുർവിനിയോഗം തുടങ്ങിയവ.

12th Economics Malayalam_Chapter-11.indd 253 2/3/2023 10:55:18 AM

- **മാനുഷിക മൂലധനം :** വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും മനുഷ്യനെ കൂടുതൽ ഉല്പാദന ക്ഷമമാക്കുന്നതിനെയാണ് മാനുഷിക മൂലധനം.
- **ദാരിദ്ര്യത്തിന്റെ വൃത്തം :** അവികസിത രാജ്യങ്ങളിലെ താഴ്ന്ന നിലവാരത്തിലുള്ള വികസനം നിലനിറുത്തുന്ന വൃത്താകൃതിയിലുള്ള ബന്ധങ്ങൾ.
- **ആസൂത്രണം :** ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളെ കുറിച്ച് ചിന്തിക്കുന്ന പ്രക്രിയയാണിത്.
- **കേന്ദ്രീകൃത ആസൂത്രണം :** കേന്ദ്രീകൃത ആസൂത്രണം എന്നാൽ അധികാരവും തീരുമാനമെടുക്കലും ഉയർന്ന മാനേജ്മെന്റിന്റെ കൈകളിലാണ്.

മാതൃകാ ചോദ്യങ്ങൾ

HCKSV

ഭാഗം-A

ബഹുവികല്പ ചോദ്യങ്ങൾ

1. 'വളർച്ചയ്ക്കൊപ്പം പുനർവിതരണം' ജനപ്രിയ മുദ്രാവാക്യമായി മാറിയത് ഏത് സമീപനത്തിന്റെ മുദ്രാവാക്യമാണ്
   a) പരമ്പരാഗത സമീപനം
   b) പുതിയ ക്ഷേമാധിഷ്ഠിത സമീപനം
   c) വ്യാവസായിക സമീപനം
   d) മേൽപ്പറഞ്ഞവ ഒന്നുമല്ല

2. സാമ്പത്തിക വളർച്ചയുടെ സവിശേഷത അല്ലാത്തത്?
   a) വികസിത രാജ്യങ്ങളുമായി ബന്ധപ്പെട്ടത്
   b) ക്രമാനുഗതമായ മാറ്റം
   c) കണ്ടിറ്റേറ്റീവ് വർഷവുമായി ബന്ധപ്പെട്ടത്
   d) വിശാലമായ ആശയം

3. ഇനിപ്പറയുന്നവയിൽ ഏതാണ് അവികസിതയുടെ സവിശേഷത?
   a) ദാരിദ്ര്യത്തിന്റെ ദുഷിച്ച വൃത്തം
   b) വർദ്ധിച്ചുവരുന്ന ബഹുജന ഉപഭോഗം
   c) വ്യവസായങ്ങളുടെ വളർച്ച
   d) ഉയർന്ന നഗരവൽക്കരണ നിരക്ക്

4. സാമ്പത്തിക വികസനത്തിന്റെ സാമ്പത്തികേതര നിർണ്ണയം
   a) പ്രകൃതി വിഭവങ്ങൾ
   b) മാനവ വിഭവ ശേഷി
   c) മൂലധന രൂപീകരണം
   d) വിദേശ വ്യാപാരം

5. സാമ്പത്തിക വളർച്ച അളക്കുന്നത് ----------
   a) ഉല്പാദന ക്ഷമതയുടെ വളർച്ച
   b) നാമമാത്ര വരുമാനത്തിലെ വർധന
   c) ഉല്പന്നങ്ങളുടെ വർദ്ധന
   d) ഇവയൊന്നുമല്ല

6. ദാരിദ്ര്യത്തിന്റെ വിതരണ വൃത്തങ്ങൾ സൂചിപ്പിക്കുന്നത് ദരിദ്രരാജ്യത്തിന്റെ ദരിദ്രരായി തുടരും എന്നാണ് കാരണം
   a) സംരക്ഷണം കുറവാണ്
   b) നിക്ഷേപം കുറവാണ്
   c) ഫലപ്രദമായ ഗവൺമെന്റിന്റെ അഭാവം
   d) എ.ബി. എന്നിവയ്ക്ക് മുകളിൽ

7. ഇനിപ്പറയുന്നവയിൽ ഏതാണ് കാർഷിക മേഖലയിലും ഗ്രാമീണ സമ്പദ്വ്യവസ്ഥയിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്?
   a) പീപ്പിൾ പ്ലാൻ
   b) ബോംബെ പ്ലാൻ
   c) ഗാന്ധിയൻ പ്ലാൻ
   d) വിശ്വേശ്വര്യ പദ്ധതി

8. കാലക്രമത്തിൽ, ശരിയായ രീതിയിൽ ഇനിപ്പറയുന്ന പദ്ധതികൾ ക്രമീകരിക്കുക
   a) പീപ്പിൾസ് പ്ലാൻ
   b) ബോംബെ പ്ലാൻ
   c) ജവഹർലാൽ നെഹ്റു പ്ലാൻ
   d) വിശ്വേശ്വര്യ പദ്ധതി

ഉത്തര ചോയ്സുകൾ

a)	(i)	(ii)	(iii)	(iv)
b)	(iv)	(iii)	(ii)	(i)
c)	(i)	(ii)	(iv)	(iii)
d)	(ii)	(i)	(iv)	(iii)

12th Economics Malayalam_Chapter-11.indd 254 2/3/2023 10:55:18 AM

9. എം.എൻ. റോയ് ബന്ധപ്പെട്ടിരിക്കുന്നത് ----------

a) കോൺഗ്രസ് പ്ലാൻ
b) പീപ്പിൾസ് പ്ലാൻ
c) ബോംബെ പ്ലാൻ
d) മേൽപ്പറഞ്ഞവയൊന്നുമല്ല

10. ഇനിപ്പറയുന്നവയിൽ ഏതാണ് സൂചിപ്പിക്കുന്ന ആസൂത്രണം സ്വീകരിക്കുന്നത്?

a) ഫ്രാൻസ്
b) ജർമ്മനി
c) ഇറ്റലി
d) റഷ്യ

11. ഹ്രസ്വകാല പദ്ധതിയെ ---------- എന്നും വിളിക്കുന്നു

a) നിയന്ത്രണപദ്ധതികൾ
b) നിയന്ത്രണാതീതമായ പദ്ധതികൾ
c) റോളിംഗ് പദ്ധതികൾ
d) ഡി റോളിംഗ് പദ്ധതികൾ

12. ദൈർഘ്യ കാല പദ്ധതികൾ ---------- എന്നും അറിയപ്പെടുന്നു.

a) പുരോഗമന പദ്ധതികൾ
b) പുരോഗമന രഹിത പദ്ധതികൾ
c) കാഴ്ചപ്പാട് പദ്ധതികൾ
d) കാഴ്ചപ്പാടില്ലാത്ത പദ്ധതികൾ

13. ദീർഘകാല ആസൂത്രണത്തിന് പിന്നിലെ അടിസ്ഥാന തത്വചിന്ത----------മാറ്റങ്ങൾ വരുത്തുക എന്നതാണ്?

a) ഫിനാൻഷ്യൽ (സാമ്പത്തിക)
b) കാർഷിക
c) വ്യാവസായിക
d) ഘടനാപരമായ

14. സർവോദയ പ്ലാൻ നിരദ്ദേശിച്ചത് ----------

a) മഹാത്മാഗാന്ധി
b) ജെ.പി. നാരായണൻ
c) എസ്.എൻ. അംഗർവാൾ
d) എം.എൻ റോയ്

15. ആസൂത്രണ കമ്മിഷൻ രൂപീകരിച്ചത് -----

a) 1950 b) 1951
c) 1947 d) 1948

16. 'റോഡ് റ്റു സെർഫ്ഡം'' എന്ന പുസ്തകം എഴുതിയത് ആരാണ്?

a) ഫ്രീഡ്രിക് ഹയക്ക്
b) എച്ച് ആർ ഹിക്സ്
c) ഡേവിഡ് റിക്കാർഡോ
d) തോമസ് റോബർട്ട്

17. കാഴ്ചപ്പാട് പദ്ധതി (പെർസ്പെക്ടീവ് പ്ലാൻ) ----

a) ഹ്രസ്വകാല പദ്ധതി
b) ഇടത്തരം പദ്ധതി
c) ദീർഘകാല പദ്ധതി
d) മുകളിൽ പറഞ്ഞതൊന്നുമല്ല

18. NITI ആയോഗ് രൂപീകരിച്ചിരിക്കുന്നത് ---------- ലൂടെയാണ്

a) പ്രസിഡൻഷ്യൽ ഓർഡിനൻസ്
b) ഇന്ത്യൻ രാഷ്ട്രപതി അനുവദിച്ച ബിസിനസ്സ് നിയമങ്ങൾ
c) കാബിനറ്റ് പ്രമേയം
d) മേൽപ്പറഞ്ഞവയൊന്നും അല്ല

19. NITI ആയോഗിന്റെ വിപുലീകരണം?

a) ഇന്ത്യയെ പരിവർത്തനം ചെയ്യുന്നതിനുള്ള ദേശീയ എൻസ്റ്റിറ്റ്യൂട്ട്
b) ഇന്ത്യയെ പരിവർത്തനം ചെയ്യുന്ന ദേശീയ ഇൻസ്റ്റിറ്റ്യൂട്ട
c) ദേശീയ സ്ഥാപനം ഇന്ത്യയെ പരിവർത്തനം ചെയ്യുക
d) ഇന്ത്യയെ പരിവർത്തനം ചെയ്യുന്നതിനുള്ള ദേശീയ സ്ഥാപനം

20. NITI ആയോഗിന്റെ ചെയർപേഴ്സൺ

a) പ്രധാനമന്ത്രി
b) പ്രസിഡന്റ്
c) വൈസ് പ്രസിഡന്റ്
d) ധനമന്ത്രി

12th Economics Malayalam_Chapter-11.indd 255 2/3/2023 10:55:18 AM

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
b	d	a	b	c	d	c	b	b	a
11	12	13	14	15	16	17	18	19	20
a	c	d	b	a	a	c	c	d	a

ഭാഗം-B

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

21. സാമ്പത്തിക വികസനം നിർവ്വചിക്കുക
22. വികസനത്തിന്റെ സൂചകങ്ങൾ പരാമർശിക്കുക.
23. സാമ്പത്തിക വളർച്ചയും വികസനവും തമ്മിൽ വേർതിരിക്കുക
24. എന്താണ് GNP?
25. സാമ്പത്തിക ആസൂത്രണം നിർവ്വചിക്കുക.
26. സാമ്പത്തിക വികസനത്തിന്റെ സാമൂഹിക സൂചകങ്ങൾ ഏതാണ്?
27. NITI ആയോഗിനെകുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

ഭാഗം-C

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം നൽകുക.

28. ദാരിദ്ര്യ വൃത്തത്തിന്റെ പ്രധാന കാരണങ്ങൾ രേഖാചിത്രത്തിലൂടെ വ്യക്തമാക്കുക
29. വികസനം നിർണ്ണയിക്കുന്ന സാമ്പത്തികേതര ഘടകങ്ങൾ ഏതാണ്?
30. ദാരിദ്ര്യത്തിന്റെ ദുഷിച്ച വൃത്തത്തെ നിങ്ങൾ എങ്ങനെ തകർക്കും?
31. ഇന്ത്യയിലെ സാമ്പത്തിക ആസൂത്രണത്തിന്റെ പരിണാമം കണ്ടെത്തുക.
32. ആസൂത്രണത്തിനുള്ള കേസ് വിവരിക്കുക.
33. പ്രവർത്തനപരവും ഘടനാപരവുമായ ആസൂത്രണം തമ്മിൽ വേർതിരിക്കുക.
34. NITI ആയോഗിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ഭാഗം-D

ഒരു പേജിൽ ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

35. സാമ്പത്തിക വികസനത്തിന്റെ സാമ്പത്തിക നിർണ്ണയങ്ങളെ കുറിച്ച് ചർച്ച ചെയ്യുക.
36. വ്യത്യസ്ത തരം ആസൂത്രണം വിവരിക്കുക.
37. ആസൂത്രണത്തിനെതിരായ വാദങ്ങൾ അവതരിപ്പിക്കുക.

References

1. Jhingan M.L. (2011). The Economics of Development and Planning, 40th Edition, Vrinda Publications (P) Ltd.
2. Todaro M.P and Smith S.C, (2011). Economic Development , Addison Wesley, New York
3. Vaidehi Shriram Daptardar (2015): India: Economic Policies and Performances – 1947-48 to 2015-16, New Century Publications, New Delhi.

12th Economics Malayalam_Chapter-11.indd 256 2/3/2023 10:55:18 AM

അദ്ധ്യായം

12

സ്ഥിതിവിവര ശാസ്ത്രത്തിന്റെ രീതികളും സാമ്പത്തിക സംഖ്യാ ശാസ്ത്രവും ഒരു ആമുഖം

"സ്ഥിതിവിവരക്കണക്ക് ശാസ്ത്രത്തിന്റെ വ്യാകരണമാണ്."

- കാൾ പിയേഴ്സൺ

പഠന ലക്ഷ്യങ്ങൾ


1. സാമ്പത്തിക പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിന് ഉപയോഗപ്രദമാകുന്ന ചില സ്ഥിതിവിവരക്കണക്കുകളുടെ സാങ്കേതികത വിവരിക്കുക.
2. സാമ്പത്തിക സംഖ്യാശാസ്ത്രം എന്ന വിഷയത്തെ കുറിച്ചും അതിന്റെ പ്രയോഗത്തെക്കുറിച്ചും ഒരു ലഘു ആമുഖം നൽകുക.

12.1 പദോൽപത്തി ശാസ്ത്രവും ആഗോളതലത്തിൽ സ്ഥിരി വിവര ശാസ്ത്രത്തിന്റെ നാഴികക്കല്ലുകളും

സ്ഥിതിവിവരക്കണക്ക് എന്ന പദം പാശ്ചാത്യരാജ്യങ്ങളിലാണ് ഉത്ഭവിച്ചത്. ലാറ്റിൻ ഭാഷയിൽ സ്റ്റാറ്റസ് ജർമ്മൻ ഭാഷയിൽ "സ്റ്റാറ്റിസ്റ്റിക്" ഫ്രഞ്ച് ഭാഷയിൽ "സ്റ്റാറ്റിസ്ക്" എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നു. വിവിധ രാജ്യങ്ങളിൽ രാഷ്ട്ര തന്ത്ര ശാസ്ത്രത്തെ വിവരിക്കാൻ 1749 ൽ ഗോട്ട്റഫഡ് അച്ചൻവാൾ സ്റ്റാറ്റിസ്റ്റിക് എന്ന പദം ഉപയോഗിച്ചുവെന്ന് പറയപ്പെടുന്നു. ചുരുക്കത്തിൽ ഈ പേരുകൾ എല്ലാം രാഷ്ട്രീയ ഭരണകൂടത്തെ വിവരിക്കുന്ന മാർഗ്ഗങ്ങളാണ്.

1845 "സുപ്രധാന സ്ഥിതിവിവരക്കണക്കുകളുടെ സംഭാവനകൾ" എന്ന തലക്കെട്ടോടെയുള്ള സ്ഥിതി വിവരക്കണക്കുകൾ ഉള്ള ആദ്യത്തെ പുസ്തകം എഴുതിയത് ഫ്രാൻസിസ് ജി.പി. നെൽസൺ ആണ്. ജനന മരണവിമായി ബന്ധപ്പെട്ട ദത്തത്തെക്കുറിച്ച് ആസൂത്രിതമായ പഠനം തയ്യാറാക്കാനായിരുന്നു അത്.

സ്ഥിതിവിവര ശാസ്ത്രത്തിന്റെ പിതാവ്



റൊണാൾഡ് ഫിഷർ

സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാന തത്വങ്ങൾ വികസിപ്പിച്ചത് ജീവശാസ്ത്രജ്ഞനായ അവസാന നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന റൊണാൾഡ് ഫിഷർ ആണ്. അദ്ദേഹത്തിന്റെ സ്ഥിതി വിവരശാസ്ത്ര പഠനങ്ങൾപരിണാമ ഉദ്ഗ്രഥനത്തിലേക്കും ആധുനികജനിതകത്തിലേക്കും നയിച്ചു

സ്ഥിതി വിവര ശാസ്ത്ര വിഷയത്തിന് ഒരു സ്മാരക സംഭാവന നൽകിയ ആർ.എ. ഫിഷറിന് ബയോമെട്രി, ജനിതകശാസ്ത്രം, മനഃശാസ്ത്രം, വിദ്യാഭ്യാസം കാർഷികം തുടങ്ങിയ വിവിധ മേഖലകളിൽ സ്ഥിതിവിവര കണക്കുകൾ പ്രയോഗിക്കാൻ കഴിഞ്ഞു. മൂല്യനിർണ്ണയ സിദ്ധാന്തം, വിപര്യായത്തിന്റെ വിശകലനം പരീക്ഷണങ്ങളുടെ രൂപ കല്പന എന്നിവയുടെ

12th Economics Malayalam_Chapter-12.indd 257 2/3/2023 3:07:19 PM

മുന്നോടിയായി അദ്ദേഹം അറിയപ്പെടുന്നു. അതിനാൽ അദ്ദേഹം സ്ഥിതിവിവര ശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു.

12.2 ഇന്ത്യയിൽ സ്ഥിതിവിവരകണക്കുകളുടെ പരിണാമം



പ്രൊഫ.പി.സി.മഹലനോബിസ്

ചന്ദ്രഗുപ്ത മൗര്യന്റെ ഭരണകാലത്ത് ജനനമരണങ്ങൾ രേഖപ്പെടുത്തുന്നതിനായി സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ കാത്തുസൂക്ഷിക്കുന്ന ഒരു സമ്പ്രദായം നിലവിലുണ്ടായിരുന്നതായി ചരിത്രത്തിൽ നിന്നുള്ള തെളിവുകൾ സാക്ഷ്യപ്പെടുത്തുന്നു. അത്തരത്തിലുള്ള രേഖകൾ 300 ബി.സിക്ക് മുമ്പുള്ള കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പോലും കാണപ്പെടുന്നു. പെഇ ഇ അക്ബരി എന്ന പുസ്തകം, അക്ബറിന്റെ ഭരണകാലത്ത് (1596 97) നടത്തിയ സ്ഥിതിവിവരക്കണക്കുകളും ഭരണപരമായ നിരീക്ഷണങ്ങളും പരാമർശിക്കുന്നു. പി.സി മഹലനോബിസ് ആധുനികസ്ഥിതിവിവരശാസ്ത്രത്തിന്റെസ്ഥാപകൻ എന്നും ഇന്ത്യയിൽ സ്ഥിതിവിവര ശാസ്ത്ര ത്തിന്റെ പിതാവ് എന്നും അറിയപ്പെടുന്നു. 2007 മുതൽ എല്ലാ വർഷവും ജൂൺ 29 ന് അദ്ദേഹത്തിന്റെ സ്ഥിതിന്റെ ജനനവാർഷികത്തിന്റെ സ്മരണയ്ക്കായി വിവര ശാസ്ത്രദിനമായി ആഘോഷിക്കുന്നു.

12.3 സ്ഥിതിവിവരശാസ്ത്രത്തിന്റെ നിർവചനങ്ങൾസ്ഥിതി

ൾസ്ഥിതിവിവരശാസ്ത്രം എന്ന പദം രണ്ട് ആശയങ്ങളിൽ ഉപയോഗിക്കുന്നു. ഏകവചനവും ബഹുവചനവും. ഏകവചനരൂപത്തിൽ, ഇത് സ്ഥിര വിവര ശാസ്ത്രരീതികൾ എന്നാണ് അർത്ഥമാക്കുന്നത്. സ്ഥിതി വിവരക്കണക്കുകൾ ഏകവചനരൂപത്തിൽ ഉപയോഗിക്കുമ്പോൾ ദത്തങ്ങളുടെ ശേഖരണം, അവതരണം, വർഗ്ഗീകരണം, വ്യാഖ്യാനം എന്നിവ എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു. ബഹുവചനരൂപത്തിൽ സംഖ്യകളുടെയും വസ്തുതകളുടെയും ശേഖരണത്തെ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ ഇതിനെ എണ്ണൽ ശാസ്ത്രം, ശരാശരികളുടെ ശാസ്ത്രം എന്നിങ്ങനെ നിർവചിച്ചിരിക്കുന്നു.

സ്ഥിതിവിവരശാസ്ത്രത്തിന്റെ നിർവചനങ്ങൾ

സ്ഥിതിവിവരശാസ്ത്രം എന്നത് മൂല്യനിർണ്ണയങ്ങളുടെയും അനുമാനങ്ങളുടെയും ശാസ്ത്രമാണ്

- ബോഡിംഗ്ടൺ

സംഖ്യാദത്തങ്ങളുടെശേഖരണം,ക്രമീകരണം,അവതരണം,വിശകലനം,വ്യാഖ്യാനംഎന്നിങ്ങനെ സ്ഥിതി വിവരക്കണക്കിനെ നിർ വചിക്കാം

- ക്രോക്സ്റ്റൺ & കൗഡൻ

12.4 സ്ഥിതിവിവരക്കണക്കുകളുടെ സവിശേഷതകളും പ്രവർത്തനങ്ങളും

i) **വസ്തുതകളുടെ ആകെത്തുകയാണ് സ്ഥിതിവിവരക്കണക്ക്.** ഉദാഹരണത്തിന് ഒരു വർഷമായി ബന്ധപ്പെട്ട ഒരു കലണ്ടറിലെ അക്കങ്ങളെ സ്ഥിതിവിവരക്കണക്കുകൾ എന്നു വിളിക്കില്ല. പക്ഷെ, ഇതിനെ സ്ഥിതിവിവരക്കണക്കുകളിൽ ഉൾപ്പെടുത്തണം. ഒരു നീ കാലയളവിലേക്കുള്ള ഒരു കൂട്ടം കണക്കുകളും അവയുടെ ബന്ധങ്ങളും അതിൽ അടങ്ങിയിരിക്കുന്നു.

ii) **സ്ഥിതിവിവരക്കണക്കുകൾ സംഖ്യാപരമായി എണ്ണിത്തിട്ടപ്പെടുത്തുകയും കണക്കാക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു.**

iii) **സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം മുൻകൂട്ടി നിശ്ചയിച്ച ഉദ്ദേശ്യത്തോടെ ചിട്ടയായിരിക്കണം:** കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനു മുമ്പു തന്നെ സ്ഥിതിവിവര കണക്ക് ശേഖരണത്തിന്റെ ഉദ്ദേശ്യം നിശ്ചയിക്കപ്പെട്ടിരിക്കണം.

iv) **താരതമ്യപ്പെടുത്തുന്നതിനുള്ളഒരുസാങ്കേതികതയായി ഉപയോഗിക്കാൻ പ്രാപ്തി യുള്ളതായിരിക്കണം:** രണ്ട് വ്യത്യസ്ത ഗണങ്ങളുടെ വിവരങ്ങൾ, ശരാശരികൾ, അനുപാതങ്ങൾ, നിരക്കുകൾ, ഗുണകങ്ങൾ എന്നീ ഉപകരണങ്ങൾ കൊണ്ട് താരതമ്യം ചെയ്യാൻ കഴിവുള്ളതായിരിക്കണം.

12th Economics Malayalam_Chapter-12.indd 258 2/3/2023 3:07:20 PM

സ്ഥിതിവിവരക്കണക്കുകളുടെ പ്രവർത്തനങ്ങൾ

- സ്ഥികിവിവരക്കണക്കുകൾ വസ്തുതകളെ കൃത്യമായ രൂപത്തിൽ അവതരിപ്പിക്കുന്നു.
- ഇത് കണക്കുകളുടെ പിണ്ഡത്തെ ലളിത മാക്കുന്നു..
- ഇത് താരതമ്യപ്പെടുത്താൻ സഹായിക്കുന്നു.
- ഇത് രൂപപ്പെടുത്തുന്നതിനും പരിശോധി ക്കുന്നതിനും സഹായിക്കുന്നു..
- ഇത് പ്രവചനത്തിന് സഹായിക്കുന്നു.
- അനുയോജ്യമായ നയങ്ങളുടെ രൂപീകര ണത്തിന് സഹായിക്കുന്നു.

12.5 സ്ഥിതിവിവരക്കണക്കുകളുടെ സ്വഭാവം

വ്യത്യസ്ത സ്ഥിതിവിവര വിദഗ്ദ്ധരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും സ്ഥിതിവിവരക ണക്കുകളുടെ സ്വഭാവത്തെ കുറിച്ചുള്ള കാഴ്ചപ്പാ ടുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലർ ഇതിനെ ശാസ്ത്രം എന്നു വിളിക്കുന്നു. ചിലർ ഇത് ഒരു കലയാണെന്ന് പറയുന്നു.

മറുവശത്ത് സ്ഥിതിവിവരക്കണക്ക് ഒരു ശാസ്ത്രം പോലെ തന്നെ ഒരു കലയും ആണെന്ന് ടിപ്പെറ്റ് പരിഗണിക്കുന്നു.

12.6 സ്ഥിതിവിവരക്കണക്കുകളുടെ വ്യാപ്തി

ജീവശാസ്ത്രം, വാണിജ്യം, വിദ്യാഭ്യാസം, പദ്ധതി, തൊഴിൽ നിർവ്വഹണം, വിവര സാങ്കേ തിക വിദ്യ തുടങ്ങിയ സാമൂഹികവും ഭൗതികവു മായ മനുഷ്യ പ്രവർത്തനത്തിന്റെ എല്ലാ മേഖല യിലും സ്ഥിതിവിവരക്കണക്കുകൾ പ്രയോഗിക്ക പ്പെടുന്നു.

സ്ഥിതിവിവര ശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും

സ്ഥിതിവിവര ദത്തവും സാങ്കേതിക വിദ്യ കളും വേതനത്തിലെ ഏറ്റക്കുറച്ചിലുകൾ, വിലകൾ, ഉല്പാദനം വരുമാനത്തിന്റെയും സമ്പത്തിന്റെ യും വിതരണം തുടങ്ങിയ പല സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വളരെയധികം ഉപയോഗപ്ര ദമാണ്.

സ്ഥിതിവിവര ശാസ്ത്രവും കമ്പനികളും

ഉല്പന്നങ്ങൾ നിർദ്ദേശങ്ങളുമായി പൊരു ത്തപ്പെടുന്നുണ്ടോ ഇല്ലയോ എന്ന് കണ്ടെത്താൻ സ്ഥിതിവിവരക്കണക്കുകൾ പല കമ്പനികളിലും വ്യാപകമായി ഉപയോഗിക്കുന്നു.

സ്ഥിതിവിവരശാസ്ത്രവും വാണിജ്യവും

സ്ഥിതിവിവരക്കണക്കുകൾ വിജയകരമായ വാണിജ്യത്തിന്റെ ജീവരക്തമാണ്. നിലവിലുള്ള അവസ്ഥകൾ പ്രകടിപ്പിക്കുന്നതിനും ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള മാറ്റങ്ങൾ പ്രവചിക്കുന്ന തിനും വിപണി നിരീക്ഷണം പ്രധാന പങ്ക് വഹി ക്കുന്നു.

സ്ഥിതിവിവരശാസ്ത്രവും വിദ്യാഭ്യാസവും

മാറുന്ന പരിസ്ഥിതിക്ക് അനുസരിച്ച് പുതിയ പാഠ്യക്രമം ആരംഭിക്കുന്നതി നുള്ള നയങ്ങളുടെ രൂപീകരണത്തിന് സ്ഥിതിവിവരക്കണക്ക്ആവശ്യ മാണ്. പൊതു, സ്വകാര്യ ഉടമസ്ഥതയിലുള്ള നിര വധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മുൻകാല അറി വുകൾപരീക്ഷിക്കുന്നതി നുംപുതിയഅറിവ്വിക സിപ്പിക്കുന്നതി നുമായിഗവേഷണവികസനപ്രവ ർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. സ്ഥിതി വിവരക്ക ണക്കുകളിലൂടെ മാത്രമേ ഇവ സാധ്യമാകൂ

സ്ഥിതി വിവരശാസ്ത്രവും ആസൂത്രണവും:

ആസൂത്രണത്തിൽ സ്ഥിതിവിവരക്കണക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ആസൂത്രണ ലോകം എന്ന് വിശേഷിപ്പിക്കാവുന്ന ആധുനിക ലോകത്ത്, മിക്കവാറും എല്ലാ സർക്കാർ സംഘടനകളുടെ യും കാര്യക്ഷമമായ പ്രവർത്തനത്തിനും, നയ പരമായ തീരുമാനങ്ങളുടെ രൂപീകരണത്തിനും അവ നടപ്പിലാക്കുന്നതിനും ആസൂത്രണത്തിന്റെ സഹായം തേടുന്നു. മുകളിലുള്ള ലക്ഷ്യങ്ങൾ നേടുന്നതിനായി, ദത്തങ്ങൾ ക്രമീകരിക്കുന്ന തിനും വിശകലനം ചെയ്യുന്നതിനും വ്യാഖ്യാനി ക്കുന്നതിനുമായി, വിവിധ നൂതന സ്ഥിതി വിവ രണ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നു. ഇന്ത്യയിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർ ക്കാർ തലങ്ങളിലുള്ള ആസൂത്രണത്തിന് സ്ഥിതി വിവരക്കണക്കുകൾ ഒരു പ്രധാന പങ്ക് വഹി ക്കുന്നു. പക്ഷെ ദത്തങ്ങളുടെ ഗുണനിലവാരം വളരെ അശാസ്ത്രീയമാണ്.

12th Economics Malayalam_Chapter-12.indd 259 2/3/2023 3:07:20 PM

സ്ഥിതിവിവരശാസ്ത്രവും വൈദ്യവും

വൈദ്യശാസ്ത്രത്തിൽ സ്ഥിതി വിവര ഉപ കരണങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു. ഒരു പുതിയ മയക്കുമരുന്നിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനോ രണ്ടു മയക്കുമരുന്നുകൾ അല്ലെങ്കിൽ രണ്ട് മരുന്നുകളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്നതിനോ രണ്ട് മാതൃകകളുടെ റ്റി- പരിശോധനകൾ ഉപയോഗിക്കുന്നു. സ്ഥിതി വിവരക്കണക്കുകളുടെ കൂടുതൽ കൂടുതൽ പ്രയോഗങ്ങൾ ഇപ്പോൾ ചികിത്സാവിധി സംബ ന്ധമായ അന്വേഷണത്തിൽ ഉപയോഗിക്കുന്നു.

സ്ഥിതിവിവരശാസ്ത്രവും ആധുനിക വിജ്ഞാപനങ്ങളുംസ്ഥിതി

വിവരക്കണക്കുകൾ കമ്പ്യൂട്ടർ, വിവര സാങ്കേതികവിദ്യ എന്നീ മേഖലകളിലെ മാതൃക കളെ സമന്വയിപ്പിക്കാൻ പ്രാപ്തമാക്കുകയും അങ്ങനെ അവ അനേകം സംഘടനകളുടെ തീരു മാനമെടുക്കൽ നടപടി ക്രമങ്ങളുടെ ഭാഗമാകു കയും ചെയ്തു എന്നത് സമീപകാല വികസനങ്ങ ളാണ്. അനുകരണ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിന് ധാരാളം സോഫ്റ്റ്വെയർ പാക്കേജുകൾ ലഭ്യമാണ്.

12.7 സ്ഥിതിവിവര ശാസ്ത്രത്തിന്റെ പരിമിതികൾ

മാനുഷിക പ്രവർത്തനത്തിന്റെ എല്ലാ മേഖ ലകളിലും സ്ഥിതിവിവരക്കണക്കുകളുടെ വിശാ ലമായ പ്രയോഗം കാണപ്പെടുന്നു. എങ്കിലും അവ യുടേതായ പരിമിതികളും ഉണ്ട്. അവയിൽ ചിലത് ചുവടെ നൽകിയിരിക്കുന്നു.

1. സ്ഥിതിവിവരശാസ്ത്രം ഗുണപരമായ പ്രതിഭാസത്തിന്റെ പഠനത്തിന് അനുയോജ്യ മല്ല: സ്ഥിതി വിവരശാസ്ത്രം അടിസ്ഥാനപരമായി ഒരു ശാസ്ത്രവും സംഖ്യാദത്തങ്ങളുടെ ഗണവു മായി ബന്ധപ്പെട്ടതും ആണ്. പാരിമാണിക അള വുകളുടെ പഠനത്തിന് ഇത് പ്രായോഗികമാണ്. വാസ്തവത്തിൽ ശാക്തീകരണം, നേതൃത്വം, സത്യസന്ധത, ദാരിദ്ര്യം, ബുദ്ധി തുടങ്ങിയ ഗുണ പരമായ വശങ്ങൾ സംഖ്യാപരമായി പ്രകടിപ്പി ക്കാൻ കഴിയില്ല. കൂടാതെ ഗുണപരമായ പ്രതി ഭാസത്തിനുമേൽ സ്ഥിതി വിവര കണക്ക് വിശക ലണനംനേരിട്ട് പ്രയോഗിക്കാൻ സാധ്യമല്ല..

2.സ്ഥിതിവിവരശാസ്ത്രനിയമങ്ങൾകൃത്യ മല്ല: ഗണിതശാസ്ത്രവും ഭൗതിക ശാസ്ത്രങ്ങളും കൃത്യമാണെന്ന് നന്നായി അറിയാവുന്നതാണ് എന്നാൽ വിവര ശാസ്ത്ര നിയമങ്ങൾ കൃത്യ മല്ല. സ്ഥിതിവിവര ശാസ്ത്രനിയമങ്ങൾ ഏകദേ ശങ്ങൾ മാത്രമാണ്. സ്ഥിതി വിവര ശാസ്ത്ര നിഗമനങ്ങൾ സാർവത്രികമായി ശരിയല്ല. ശരാശ രിയിൽ മാത്ര മാണ് അവ ശരിയായിട്ടുള്ളത്.

3. സ്ഥിതിവിവരക്കണക്ക് പട്ടിക ദുരുപ യോഗം ചെയ്യപ്പെടാം: സ്ഥിതിവിവരക്കണക്ക്, വിദഗ്ദ്ധർ മാത്രമേ ഉപയോഗിക്കാവൂ. അല്ലാത്ത പക്ഷം, സ്ഥിതിവിവരക്കണക്ക് രീതികൾ വൈദഗ് ദ്ധ്യമില്ലാത്തവരുടെ കൈയ്യിൽ വളരെ അപകട കരമായ ഉപകരണങ്ങളായേക്കാം. അനുഭവ പരി ചയമില്ലാത്തവരും പരിശീലനം ലഭിക്കാത്തവരു മായ വ്യക്തികൾ സ്ഥിതിവിവരക്കണക്ക് ഉപകര ണങ്ങൾ ഉപയോഗിച്ചാൽ അത് തെറ്റായ നിഗമന ങ്ങളിലേക്ക് നയിച്ചേക്കാം..

4. സ്ഥിതി വിവരക്കണക്ക് പ്രശ്ന പഠന ത്തിന്റെ ഒരേ ഒരു രീതി മാത്രമാണ്: പ്രശ്നങ്ങൾ രാജ്യങ്ങളുടെസംസ്ക്കാരം,തത്വചിന്ത,മതംഎന്നീ പഞ്ചാത്തലങ്ങൾകണക്കിലെണുത്തുകൊണ്ട്പഠി ക്കേണ്ടതായതിനാൽ സ്ഥിതിവിവര ക്കണക്ക് പ്രശ് നങ്ങൾക്ക് പൂർണ്ണമായ പരിഹാരം നൽകുന്നില്ല. അങ്ങനെ സ്ഥിതിവിവരക്കണക്കി ന്റെ പഠനം മറ്റു തെളിവുകളോട് അനുബന്ധമുള്ള തായിരിക്കണം.

12.8 സ്ഥിതിവിവരക്കണക്കിന്റെ തരങ്ങൾ

വിവരണാത്മക സ്ഥിതിവിവരക്കണക്ക്, അനുമാനാത്മക സ്ഥിതിവിവരക്കണക്ക് എന്നി ങ്ങനെ രണ്ട് പ്രധാന തരം സ്ഥിതി വിവരക്കണ ക്കുകൾ ഉണ്ട്.


വിവരണാത്മക സ്ഥിതിവിവരക്കണക്ക്

ദത്തങ്ങളുടെ സംയോജനത്തിനും വിവര ണത്തിനുമായി നീക്കി വച്ചിരിക്കുന്ന സ്ഥിതി വിവരക്കണക്കിന്റെ ഒരു ശാഖയാണ് വിവരണാ ത്മക സ്ഥിതിവിവരക്കണക്ക

അനുമാനാത്മക സ്ഥിതിവിവരക്കണക്ക്

ജനസംഖ്യാ ദത്തങ്ങളെക്കുറിച്ച് അനുമാനം തയ്യാറാക്കാനായി മാതൃകാ ദത്തങ്ങൾ ഉപയോ ഗിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്ക ണക്കിന്റെ ശാഖയാണ് അനുമാനാത്മക സ്ഥിതി വിവരക്കണക്ക്.

12th Economics Malayalam_Chapter-12.indd 260 2/3/2023 3:07:20 PM



സ്ഥിതിവിവരക്കണക്കിന്റെ തരങ്ങൾ

വിവരണാത്മക സ്ഥിതിവിവരക്കണക്കും അനുമാനാത്മക സ്ഥിതിവിവരണക്കണക്കും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ

S.No	വിവരണാത്മക സ്ഥിതിവിവരക്കണക്ക്	അനുമനാത്മക സ്ഥിതിവിവരക്കണക്ക്
1.	ഇത് ജനസംഖ്യയുടെ അധീനതയിലുള്ള പഠനത്തെപ്പറ്റി വിവരിക്കുന്നു.	മാതൃഫലത്തെ അടിസ്ഥാനമാക്കി ജന സംഖ്യ യെക്കുറിച്ച് നിഗമനം നൽകുന്നു.
2.	ചാർട്ടുഖൾ, രേഖാചിത്രങ്ങൾ ഗ്രാഫ് എന്നി വയിലൂടെ വാക്കുകളിൽ വിവരിക്കുന്നതിനേ ക്കാൾ അർത്ഥവത്തായ രീതിയിൽ ദത്തങ്ങളെ അവതരിപ്പിക്കുന്നു.	ഫലത്തിന്റെ അടിസ്ഥാനത്തിൽ അനുമാനങ്ങൾ ഉപയോഗിക്കുകയും പരിശോധിക്കുകയും പ്രവചി ക്കുകയും ചെയ്യുന്നു
3.	ഇത് ദത്തത്തിന് സംഗ്രഹം നൽകുന്നു	ഇത് മാതൃകയ്ക്ക് അതീതമായ ജനസംഖ്യയെ മനസ്സിലാക്കാൻ ശ്രമിക്കുന്നു

12.9 ദത്തം

പരിസോധിക്കുന്നതിനായി ശേഖരിച്ചതും തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്നതിന് ഉപ യോഗപ്രദമാകുന്നതുമായ വസ്തുക്കൾ അഥവാ അക്കങ്ങളെക്കുറിച്ചുള്ളവിവരമാണ് ദത്തം. സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാന അസംസ് കൃത വസ്തുക്കളാണ് ദത്തങ്ങൾ..

സ്ഥിതിവിവരക്കണക്കുകളിൽ ദത്തങ്ങളെ രണ്ട് വിശാലമായ വിഭാഗങ്ങളായി തരംതിരിച്ചിരി ക്കുന്നു..

1. **പരിമാണികമായ ദത്തം** അളവിന്റെ നിർദ്ദി ഷ്ട യൂണിറ്റുകളിൽ നിർണ്ണയിക്കാൻ സാധി ക്കുന്നവയാണ് ഇവ. തുടർച്ചയായ അളവുകൾ നൽകുന്ന പാരിമാണിക നിരീക്ഷണങ്ങളുടെ സവിശേഷതകളെ ഇവ പരാമർശിക്കുന്നു. ഉദാ: പ്രായം, വരുമാനം, സ്ഥാപനങ്ങളുടെ എണ്ണം മുതലായവ

2. **ഗുണാത്മകമായ ദത്തം** ഒരു വിഷയത്തിന്റെ യോവസ്തുവിന്റെയോഗുണപരമായസവിശേ ഷതകളെ പരാമർശിക്കുന്നു. ഒരു സവിശേഷ തയുടെ നിരീണങ്ങൾ നിർവചിക്കപ്പെടുകയും വിഭിന്ന ശ്രേണികളിൽ ഒരു പ്രത്യേക ഗുണ ത്തിന്റെ സാന്നിദ്ധ്യം അല്ലെങ്കിൽ അഭാവം കണക്കിലെടുത്ത് ശ്രദ്ധിക്കപ്പെടുകയും ചെയ്യു മ്പോൾഅത്സ്വഭാവത്തിൽഗുണപരമാകുന്നു. ഇത്തരത്തിലുള്ള ദത്തങ്ങളെ വീണ്ടും നാമ മാത്രദത്തം, തരശ്രേണി (റാങ്ക്) ദത്തം എന്നി ങ്ങനെ തരംതിരിച്ചിരിക്കുന്നു. ഉദാ: ലിംഗഭേദം, വർഗ്ഗം, സത്യസന്ധത

(i) നാമമാത്രദത്തം ഗുണനിലവാരസവിശേഷത അനുസരിച്ച്, ഒരു മാതൃക അല്ലെങ്കിൽ ജന സംഖ്യ ഉൾക്കൊള്ളുന്ന രണ്ടോ അതിലധി കമോ ഇനങ്ങൾ അല്ലെങ്കിൽ യൂണിറ്റുകൾ തരംതിരിക്കുന്നതിന്റെ ഫലമാണ് നാമമാത്ര ദത്തങ്ങൾ. വിദ്യാർത്ഥികളെ അവരുടെ ലിംഗ മനുസരിച്ച് (പുരുഷൻമാരും, സ്ത്രീകളും) തൊഴിലാളികളെ അവരുടെ കഴിവിനനുസ രിച്ച്(വിദഗ്ദ്ധർ,അർദ്ധവിദഗ്ദ്ധർ,അവിദഗ്ദ്ധർ) ജീവനക്കാരെ അവരുടെ വിദ്യാഭ്യാസ നിലവാ രത്തിനനുസരിച്ച് (വിദ്യാലയ പരീക്ഷ ജയിച്ച വർ, ബിരുദാധാരികൾ, ബിരുദാനന്തര ബിരുദ ധാരികൾ) തരം തിരിക്കാം.

(ii) തരശ്രേണി ദത്തം, മറുവശത്ത് 1,2,3.....n എന്നീ പൂർണ്ണ സംഖ്യകൾക്ക് അനുശ്രണമായി

12th Economics Malayalam_Chapter-12.indd 261 2/3/2023 3:07:20 PM


പ്രത്യേക ക്രമത്തിൽ റാങ്ക് നൽകുന്നതിന്റെ ഫലമാണ് തരശ്രേണി ദത്തം. ഒരു വാദം, ഒരു മത്സരം, ഒരു അഭിമുഖം, ഒരു നാട്യം എന്നിവയുടെ പ്രകടനത്തിന്റെ നില അനുസരിച്ച് റാങ്ക് നിശ്ചയിക്കാം. ഉദാഹരണത്തിന് ഒരു അഭിമുഖത്തിൽ പ്രത്യക്ഷപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് അഭിമുഖത്തിലെ പ്രകടനത്തെ ആശ്രയിച്ച് ഒന്നു മുതൽ വരെയുള്ള പൂർണ്ണ സംഖ്യകളിൽ റാങ്കുകൾ നിശ്ചയിക്കാവുന്നതാണ്.

ദത്ത ശേഖരണത്തിന്റെ ഉറവിടങ്ങൾ

ശ്രദ്ത ഉറവിടങ്ങളുടെ അടിസ്ഥാനത്തിൽ ദത്തങ്ങളെ പ്രാഥമിക ദത്തങ്ങൾ, ദ്വിതീയ ദത്തങ്ങൾ എന്നിങ്ങനെ രണ്ട് തരങ്ങളായി കാണാൻ കഴിയും ഇവ രണ്ടും ചുവടെ നിർവചിക്കുന്നു:

(i) **പ്രാഥമിക ദത്തങ്ങൾ:** പ്രാഥമിക ഉറവിടങ്ങളിൽ നിന്ന് ആദ്യമായി ശേഖരിച്ചതും ഏതെങ്കിലും രൂപത്തിൽ ഇതുവരെ നിലവിലില്ലാത്തതുമായ ദത്തങ്ങളാണിവ അവയുടെ സ്വഭാവത്തിനനുസരിച്ച് മൊത്ത ജനസംഖ്യയും അല്ലെങ്കിൽ അതിൽ നിന്നെടുത്ത മാതൃകയും ഉൾക്കൊള്ളുന്ന ആദ്യം ശേഖരിച്ചതും പുതിയതുമായ ദത്തങ്ങളാണ് ഇവ

(ii) **ദ്വിതീയ ദത്തങ്ങൾ:** പ്രസിദ്ധീകരിച്ചതും പ്രസിദ്ധീകരിക്കാത്തതുമായ തിരിച്ചറിയാൻ കഴിയുന്ന ദ്വിതീയ ഉറവിടങ്ങളിൽ നിന്നുള്ളവയും നേരത്തെ ചില രൂപത്തിൽ നിലവിലു ള്ളവയുമാണ് ഇവ. യഥാർത്ഥത്തിൽ ആവ ശ്യമായ രൂപത്തിൽ അനിവാര്യമല്ല എങ്കിലും ഈ പൊതുവെ പ്രസിദ്ധീകരിച്ച ഉറവിടങ്ങ ളിൽ നിന്നും ലഭ്യമാണ്. ഉദാ: സി.എസ്.ഒ, എൻ.എസ്.എസ്.ഒ, ആർ.ബി.ഐ എന്നിവയിൽ നിന്നുള്ള ദത്തങ്ങൾ.



ദത്തങ്ങളുടെ വർഗ്ഗീകരണം

12.10 ഗണിത ശരാശരി അഥവാ ശരാശരി ($\bar{X}$)

മധ്യ മൂല്യത്തെ കേന്ദ്ര പ്രവണതയുടെ അളവ് എന്നും ശരാശരി എന്നും സ്ഥാനങ്ങളുടെ അളവ് എന്നും വിളിക്കുന്നു. അഞ്ച് ശരാശ രികൾ ഉണ്ട്. അവയിൽ ശരാശരി, മദ്ധ്യം, മോഡ് എന്നിവ ലളിത ശരാശരികൾ എന്നും മറ്റു രണ്ട് ശരാശരികളായ ജ്യാമിതീയ ശരാശരി, അനുയോജ്യ ശരാശരി എന്നിവയെ പ്രത്യേക ശരാശരി എന്നും വിളിക്കുന്നു.

ശരാശരിയുടെ അർത്ഥം

- "മറ്റു അക്കങ്ങൾ ചുറ്റും ഒന്നിച്ചു ചേരുന്ന സവിശേഷമായ മൂല്യമാണ് കേന്ദ്ര പ്രവണതയുടെ അളവ് എന്നത്"
- "ശരാശരി എന്നത് ഒരു വിഭാഗത്തെ മുഴുവനായും പ്രതിനിധീകരിക്കുന്നു. ഇത് ഒരു ഭാഗമായി മാറുന്നു എങ്കിലും മൊത്തത്തെ പ്രതിനിധീകരിക്കുന്നു."
- "എറ്റവും വ്യാപകമായി ഉപയോഗിക്കുന്ന സംഗ്രഹ അക്കങ്ങളുടെ ഗണം, സ്ഥാനങ്ങളുടെ അളവ് എന്നറിയപ്പെടുന്നു."

12th Economics Malayalam_Chapter-12.indd 262 2/3/2023 3:07:20 PM

ഒരു അസ്ഥിരതയുടെ ശരാശരി എന്നത് നിരീക്ഷണങ്ങളുടെ ആകെത്തുകയെ നിരീക്ഷണങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ കിട്ടുന്നതാണ് എന്ന് നിർവ്വചിച്ചിരിക്കുന്നു. അസ്ഥിരം x അനുമാനിക്കുന്ന n മൂല്യങ്ങൾ $x_1, x_2 \dots x_n$ ആണെങ്കിൽ ശരാശരി എന്നത് എല്ലാ x മൂല്യങ്ങളുടെയും ആകെത്തുകയെ x മൂല്യങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ കിട്ടുന്നതാണ്..

$$\bar{X} = \frac{X_1+X_2+X_3+X_4+\cdots+X_n}{n} = \frac{1}{n}\sum_{i}^{n}{}_{1}X_i,$$

വർഗ്ഗീകരിക്കാത്ത അല്ലെങ്കിൽ അസംസ്കൃത ദത്തങ്ങൾക്ക് ആണ് ഈ സൂത്രവാക്യം

ഉദാഹരണം 1: നൽകിയിട്ടുള്ളദത്തങ്ങളുടെശരാശരി കണക്കാക്കുക 2,4,6,8,10.

നേരിട്ടുള്ള രീതി $\bar{X} = \frac{\sum X}{n}$

ഇവിടെ $\sum X$ = മൂല്യങ്ങളുടെ ആകെത്തുക

N = ഇനങ്ങളുടെ എണ്ണം

പരിഹാരം:

$$\bar{X} = \frac{2+4+6+8+10}{5} = \frac{30}{5} = 6$$

കുറുക്കു വഴി രീതി:

ശരാശരി കണ്ടെത്തുന്നതിനുള്ള സൂത്രവാക്യം,

$$\bar{X} = A + \frac{\sum d}{n}$$

ഇവിടെ A= അനുമാനിച്ച ശരാശരി അഥവാ X ന്റെ ഏതെങ്കിലും മൂല്യം

d = അനുമാനിച്ച ശരാശരിയിൽ നിന്നുള്ള ഓരോ മൂല്യത്തിന്റെയും വ്യതിയാനങ്ങൾ.

ഉദാഹരണം 2: 5 വിഷയങ്ങളിൽ ഒരു വിദ്യാർത്ഥിയുടെ മാർക്കുകൾ 75,68, 80,92,56. എന്നിവയാണ്അവന്റെ ശരാശരി മാർക്ക് കണ്ടെത്തുക.

പരിഹാരം:

X	d = X - A
75	7
68 → A	**0**
80	12
92	24
56	-12
Total	**31**

$$\bar{X} = A + \frac{\sum d}{n}$$

$$= 68 + \frac{31}{5}$$

$$= 68 + 6.2$$

$$= 74.2$$

12.11 പ്രാമാണിക വ്യതിചലനം (σ)

വിതരണത്തിന്റെ കേന്ദ്ര ബിന്ദു കണ്ടെത്താൻ കേന്ദ്ര പ്രവണതയുടെ നടപടികൾ സഹായിക്കുന്നു.പക്ഷെ ഇനങ്ങൾഎങ്ങനെയാണ്കേന്ദ്ര ബിന്ദുവിന്റെ ഇരുവശത്തും വ്യാപിക്കുന്നതെന്ന് അവ വെളിപ്പെടുത്തുന്നില്ല. ആവൃത്തി വിതരണത്തിന്റെ ഈ സവിശേഷതയെ സാധാരണയായി പ്രസരണം എന്ന് പരാമർശിക്കുന്നു. വ്യതിയാനത്തിന്റെ നില വിവിധ അളവുകളിലുള്ള പ്രസരണത്താൽ വിലയിരുത്തപ്പെടുന്നു. രണ്ടു തരത്തിലുള്ള പ്രസരണ നടപടികളുണ്ട്

1. പ്രസരണത്തിന്റെ സമ്പൂർണ്ണ അളവ്

2. പ്രസരണത്തിന്റെ ആപേക്ഷിക അളവ്

പ്രസരണത്തിന്റെ സമ്പൂർണ്ണ അളവ് നിരീക്ഷണ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ മൂല്യങ്ങളുടെ ഗണത്തിലെ വ്യതിയാനത്തിന്റെ അളവിനെ സൂചിപ്പിക്കുന്നു..

പ്രസരണത്തിന്റെ ആപേക്ഷിത അളവ്, നിരീക്ഷണ അളവുകളുടെ യൂണിറ്റുകളിൽ നിന്ന് സ്വതന്ത്രമാണ്. അവ പൂർണ്ണമായ അക്കങ്ങളാണ്. നിരീക്ഷണങ്ങളുടെ വ്യത്യസ്ഥ അളവുകളുടെ യൂണിറ്റുകളിൽ കാണപ്പെടുന്ന രണ്ടോ അതിലധികമോ ഗണങ്ങളുടെ വ്യതിയാനം താരതമ്യം ചെയ്യാൻ ഇവ ഉപയോഗിക്കുന്നു..

പ്രസരണത്തിന്റെ സനമൂർണ്ണ അളവ് രീരികളിൽ ഒന്നാണ് പ്രാമാണിക വ്യതിചലനം കാൾ പിയേഴ്സൺ 1993ൽപ്രാമാണികവ്യതിചലനംഎന്ന ആശയം അവതരിപ്പിച്ചു. പ്രാമാണിക വ്യതി ചലനത്തെ ശരാശരിയുടെ വർഗ്ഗമൂല വ്യതിചലനം എന്നും വിളിക്കുന്നു. കാരണം, ഇത് ഗണിത ശരാശരിയിൽ നിന്നുള്ള ശരാശരിയുടെ വർഗ്ഗ വ്യതിയാനത്തിന്റെ വർഗ്ഗമൂലം ആണ്. ഇത്

12th Economics Malayalam_Chapter-12.indd 263 2/3/2023 3:07:20 PM

കൃത്യമായ ഫലം നൽകുന്നു. പ്രാമാണിക വ്യതിചലനത്തിന്റെവർഗ്ഗത്തെവിപര്യായം(വേരിയൻസ്) എന്ന് വിളിക്കുന്നു.

നിർവചനം:

തന്നിരിക്കുന്ന നിരീക്ഷണത്തിന്റെ ഗണിത ശരാശരിയിൽ നിന്നുള്ള വ്യതിചലനത്തിന്റെ ശരാശരിയുടെ വ്യക്തമായ വർഗ്ഗമൂലമാണ് ഇത് എന്ന് നിർവചിക്കാവുന്നതാണ്

ജനസംഖ്യയുടെ പ്രാമാണിക വ്യതിചലനത്തെ ഗ്രീക്ക് അക്ഷരമായ **σ** (സിഗ്മ) സൂചിപ്പിക്കുന്നു. മാതൃകയുടെ പ്രാമാണിക വ്യതിചലനത്തെക്ക 's' എന്ന് സൂചിപ്പിക്കുന്നു.

പ്രാമാണിക വ്യതിചലനത്തിന്റെ കണക്കുകൂട്ടൽ വ്യക്തിഗത ശ്രേണി:

ഒരു വ്യക്തിഗത ശ്രേണിയിൽ പ്രാമാണിക വ്യതിചലനം കണക്കാക്കാൻ രണ്ട് രീതികൾ ഉണ്ട്.

a) യഥാർത്ഥ ശരാശരിയിൽ നിന്നെടുത്ത വ്യതിയാനങ്ങൾയ

b) അനുമാനിച്ച ശരാശരിയിൽ നിന്നെടുത്ത വ്യതിയാനങ്ങൾ

സ്റ്റാൻഡേർഡ് ഡീവിയേഷൻ = $\sqrt{\left(\frac{\sum(x-\bar{x})^2}{n}\right)}$

ഇവിടെ, $\bar{x}$ = വിതരണത്തിലെ ശരാശരി മൂല്യം

n = നിരീക്ഷണങ്ങളുടെ എണ്ണം.

ഘട്ടങ്ങൾ:

1. തന്നിരിക്കുന്ന ദത്തങ്ങളുടെ യഥാർത്ഥ ശരാശരി കണ്ടെത്തുക ($\bar{X}$)
2. ശരാശരിയിൽ നിന്ന് ഓരോ മൂല്യത്തിന്റെയും വ്യതിയാനം കണ്ടെത്തുക ($x = X - \bar{X}$)
3. വ്യതിയാനങ്ങളുടെവർഗ്ഗവുംവ്യതിയാനങ്ങളുടെ വർഗ്ഗത്തിന്റെ മൊത്തവും എടുക്കുക $\sum x^2$
4. മൊത്ത $\sum x^2$ നെ നിരീഷണങ്ങളുടെ എണ്ണം കൊണ്ട് ഹരിക്കുക $\left(\frac{\sum x^2}{n}\right)$
5. $\left(\frac{\sum x^2}{n}\right)$ ന്റെ വർഗ്ഗമൂലമാണ് സ്റ്റാസ്റ്റഡേർഡ് ഡീവിയേഷൻ.

$$\sigma = \sqrt{\left(\frac{\sum x^2}{n}\right)} \quad \text{or} \quad \sqrt{\left(\frac{\sum(x-\bar{x})^2}{n}\right)}$$

$$\frac{\sum x^2}{n} = \text{വേരിയൻസ്} = \frac{\sum(x-\bar{x})^2}{n}$$

മാതൃകയുടെ വലിപ്പം 30 ൽ കുറവാണെങ്കിൽ

വേരിയൻസ് = $\frac{\sum(x-\bar{x})^2}{n-1}$;

ഇവിടെ n = നിരീകക്ഷണങ്ങളുടെ എണ്ണം.

ഉദാഹരണം 1: യഥാർത്ഥ ശരാശരി രീതി ഉപയോഗിച്ച് താഴെ തന്നിരിക്കുന്ന ദത്തങ്ങളുടെ സ്റ്റാൻഡേർഡ് ഡീവിയേഷൻ കണക്കാക്കുക: 25, 15, 23, 42, 27, 25, 23, 25, and 20.

പരിഹാരം: യഥാർത്ഥ ശരാശരിയിൽ നിന്നുള്ള വ്യതിയാനങ്ങൾ.

Sl. No	മൂല്യങ്ങൾ (X)	$X - \bar{X}$	$(X - \bar{X})^2$
1	25	25-25=0	0
2	15	15-25=10	100
3	23	23-25= -2	4
4	42	42-25=17	289
5	27	27-25=2	4
6	25	25-25=0	0
7	23	23-25=-2	4
8	25	25-25=0	0
9	20	20-25=-5	25
N=9	225	0	426

$$\bar{X} = \frac{225}{9} = 25$$

$$\sigma = \sqrt{\left(\frac{\sum(x-\bar{x})^2}{n}\right)} = \sqrt{\frac{426}{9}} = \sqrt{47.33}$$

σ = 6.88 ഉത്തരം

ഉദാഹരണം 2: അനുമാനിച്ച ശരാശരി രീതി ഉപയോഗിച്ച് താഴെ തന്നിരിക്കുന്ന ദത്തങ്ങളുടെ സ്റ്റാൻഡേർഡ് ഡീവിയേഷൻ കണക്കാക്കുക: 43, 48, 65, 57, 31, 60, 37, 48, 78, 59

പരിഹാരം: അനുമാനിച്ച ശരാശരിയിൽ നിന്നുള്ള

12th Economics Malayalam_Chapter-12.indd 264 2/3/2023 3:07:21 PM

വ്യതിയാനങ്ങൾ

Sl. No	(X)	d=X-A (A=57)	d^2
1	43	-14	196
2	48	-9	81
3	65	8	64
4	57	0	0
5	31	-26	676
6	60	3	9
7	37	-20	400
8	48	-9	81
9	78	21	441
10	59	2	4
N=10		$\sum d = -44$	$\sum d^2=1952$

$$\sigma = \sqrt{\frac{\sum d^2}{n} - \left(\frac{\sum d}{n}\right)^2} = \sqrt{\frac{1952}{10} - \left(\frac{-44}{10}\right)^2}$$

$$= \sqrt{195.2-19.36} = \sqrt{175.84} = 13.26,$$


ഉത്തരം = 13.26

12.12 സംബന്ധികം (കോറിലേഷൻ) (Y)


ആമുഖം

രണ്ടോ അതിലധികമോ അസ്ഥിരതകളുടെ പരസ്പരമാറ്റം വിശകലനം ചെയ്യാൻ സഹായിക്കുന്ന സ്ഥിതി വിവരക്കണക്കിന്റെ ഉപകരണമാണ് സംബന്ധികം സംബന്ധിക ഗുണക കണക്കാക്കലിന് അടിസ്ഥാനമിട്ടത് സർ. ഫ്രാൻസിസ് ഗാൽട്ടൺ ആണ്.

സംബന്ധികത്തിന്റെ തരങ്ങൾ


കാർ പിയേഴ്സൺ

സംബന്ധികത്തെ പല വ്യത്യസ്ത വഴികളിൽ തരം തിരിച്ചിട്ടുണ്ട്. സംബന്ധികത്തെ തരംതിരിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മൂന്ന് മാർഗ്ഗങ്ങളാണ്:



തരം I: അസ്ഥിരതകളുടെ മാറ്റത്തിന്റെ ദിശയുടെ അടിസ്ഥാനത്തിൽ

അസ്ഥിരതകളുടെ മാറ്റത്തിന്റെ ദിശയുടെ അടിസ്ഥാനത്തിൽ സംബന്ധികത്തെ പോസിറ്റീവ് സംബന്ധികം എന്നും നെഗറ്റീവ് സംബന്ധികം എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു.

12th Economics Malayalam_Chapter-12.indd 265 2/3/2023 3:07:21 PM

പോസിറ്റീവ് സംബന്ധികം:

രണ്ട് അസ്ഥിരതകളുടെ മൂല്യങ്ങൾ ഒരേ ദിശയിൽ നീങ്ങുമ്പോൾ അതിനെ പോസിറ്റീവ് സംബന്ധികം എന്നു വിളിക്കുന്നു.

ഉദാ 1: ഒരു കുടുംബത്തിന്റെ വരുമാനവും ചെലവും ഒരേ സമയം വർദ്ധിക്കുകയോ കുറയുകയോ ചെയ്യുകയാണെങ്കിൽ അവിടെ പോസിറ്റീവ് സംബന്ധികം കാണപ്പെടുന്നു ഉദാ: $Y = a + bx$

യഃനെഗറ്റീവ് സംബന്ധികം:

അസ്ഥിരതകളുടെ മൂല്യങ്ങൾ വിപരീത ദിശകളിലേക്ക് നീങ്ങുമ്പോൾ അതിനെ നെഗറ്റീവ് സംബന്ധികം എന്ന് വിളിക്കുന്നു.

ഉദാ. Ex. $Y = a - bx$

ഉദാ 1: ഉല്പന്നത്തിന്റെ വിലയും ചോദനവും വിപരീത ദിശയിൽ നീങ്ങുന്നു.

തരം II: പഠനവിധേയമായ അസ്ഥിരതകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ..

പഠനവിധേയമായ അസ്ഥിരതകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് തരങ്ങൾ കാണപ്പെടുന്നു

a) ലഘു സംബന്ധികം

b) ബഹു സംബന്ധികം

c) ഭാഗിക സംബന്ധികം

ലഘു സംബന്ധികം:

രണ്ട് അസ്ഥിരതകൾ മാത്രം പഠന വിധേയമാക്കുന്നു എങ്കിൽ അതിനെ ലഘു കോറിലേഷൻ എന്നു വിളിക്കുന്നു.

ബഹു സംബന്ധികം:

മൂന്നോ അതിലധകമോ അസ്ഥിരതകൾ പഠന വിധേയമാക്കുകയാണെങ്കിൽ അതിനെ ബഹു സംബന്ധികം എന്ന് വിളിക്കുന്നു..

ഉദാ: ചോദന അളവിന്റെ ഘടകങ്ങൾ

$$Q_d = f(P, Pc, Ps, t, y)$$

ഇവിടെ Q_d ചോദനത്തിന്റെ അളവിനെ സൂചിപ്പിക്കുന്നു, f എന്നത് പ്രവർത്തനത്തെ സൂചിപ്പിക്കുന്നു.

P എന്നത് ചരക്കുകളുടെ വിലയാണ്,

P_c എന്നത് മത്സരാധിഷ്ഠിത ഉല്പന്നങ്ങളുടെ വിലയാണ്

P_s എന്നത് പകര ഉല്പന്നങ്ങളുടെ വിലയാണ്

t എന്നത് ആസ്വാദനവും അഭിരുചിയും ആണ്

y എന്നത് വരുമാനം ആണ്.

ഭാഗിക സംബന്ധികം:

രണ്ടിൽ കൂടുതൽ അസ്ഥിരതകൾ ഉണ്ടെങ്കിലും മറ്റ് അസ്ഥിരതകളെ സ്ഥിരമായി നിലനിർത്താൻ രണ്ട് അസ്ഥിരതകളെ മാത്രമേ കണക്കാക്കുന്നുള്ളൂ എങ്കിൽ അത്തരത്തിലുള്ള സംബന്ധികത്തെ ഭാഗിക സംബന്ധികം എന്നു വിളിക്കുന്നു

തരം III: അസ്ഥിരതകൾ തമ്മിലുള്ള മാറ്റത്തിന്റെ അനുപാത സ്ഥിരതയുടെ അടിസ്ഥാനത്തിൽ

അസ്ഥിരതകൾ തമ്മിലുള്ള മാറ്റത്തിന്റെ അനുപാത സ്ഥിരതയുടെ അടിസ്ഥാനത്തിൽ സംബന്ധികത്തെ രേഖീയമായ സംബന്ധികം, രേഖീയമറ്റ സംബന്ധികം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു.

രേഖീയമായ സംബന്ധികം: ഒരു അസ്ഥിരതയുടെ മാറ്റത്തിന്റെ അളവ് മറ്റൊന്നിലെ മാറ്റത്തിന്റെ അളവിന് സ്ഥിരമായ അനുപാതം വഹിക്കുമ്പോൾ സംബന്ധികം രേഖീയമാണെന്ന്.

ഉദാ. $Y = a + bx$

രേഖീയമറ്റ സംബന്ധികം: ഒരു അസ്ഥിരതയുടെ മാറ്റത്തിന്റെ അളവ് മറ്റ് അസ്ഥിരതകളുടെ മാറ്റത്തിന്റെ അളവിന് സ്ഥിരമായ അനുപാതം വഹിക്കുന്നില്ലെങ്കിൽ സംബന്ധികം രേഖീയ മറ്റതായിരിക്കും.

Ex. $Y = a + bx^2$

സംബന്ധികം പഠിക്കുന്നതിനുള്ള രീതികൾ:

രണ്ട് അസ്ഥിരതകൾ സംബന്ധികമാണോ അല്ലയോ എന്ന് കത്തുന്നതിനുള്ള വിവിധ രീതികൾ:

1. ചിതറൽ രേഖാചിത്ര രീതി
2. രേഖാരൂപ രീതി (ഗ്രാഫിക് രീതി)
3. കാൾ പിയേഴ്സണിന്റെ സംബന്ധിത ഗുണകം
4. അത്യല്പവർഗ്ഗ രീതി.

12th Economics Malayalam_Chapter-12.indd 266 2/3/2023 3:07:21 PM

ഇതിൽ, ആദ്യ രണ്ടെണ്ണം ഡയഗ്രം, ഗ്രാഫുകൾ എന്നിവയുടെ അറിവിനെ അടിസ്ഥാന മാക്കിയുള്ളതാണ്, മറ്റുള്ളവ ഗണിതശാസ്ത്ര രീതികളാണ്.

1. ചിതറൽ രേഖാചിത്ര രീതി:

നിരീക്ഷിക്കപ്പെട്ട ബിന്ദുക്കളുടെ രേഖാ രൂപമാണ് ചിതറൽ രേഖാചിത്രം. ഇതിൽ ഓരോ ബിന്ദുവും സമാനമായ X അല്ലെങ്കിൽ Y യുടെ മൂല്യത്തെ പ്രതിനിധീകരിക്കുന്നു. ഈ രണ്ട് അസ്ഥിരതകളും തമ്മിലുള്ള ബന്ധത്തെ ഇത് രേഖാരൂപങ്ങളായി ചിത്രീകരിക്കുന്നു.

ചിതറൽ രേഖാ ചിത്ര രീതിയുടെ പ്രയോജനങ്ങൾ


(1) ഇത് വളരെ ലളിതവും ഗണിതേതരവുമായ രീതിയാണ്

(2) ഇത് അത്യുച്ച ഇനത്തിന്റെ വലുപ്പത്തെ സ്വാധീനിക്കുന്നില്ല.

(3) രണ്ട് അസ്ഥിരതകൾ തമ്മിലുള്ള ബന്ധം ഉറപ്പാക്കലിന്റെ ആദ്യഘട്ടമാണിത്..

ചിതറൽ രേഖാ ചിത്ര രീതിയുടെ പോരായ്മകൾ


ഇതിന് അസ്ഥിരതകൾ തമ്മിലുള്ള സംബന്ധികത്തിന്റെ തോത് കൃത്യമായി സ്ഥാപിക്കാൻ കഴിയില്ല. പക്ഷെ സംബന്ധികത്തിന്റെ ദിശ ലഭ്യമാക്കുകയും അത് ഉയർന്നതോ താഴ്ന്നതോ ആണെന്ന് ചിത്രീകരിക്കുകയും ചെയ്യുന്നു.



2. രേഖാരൂപ രീതി

രീതിഈ രീതിയിൽ രണ്ട് അസ്ഥിരതകളുടെ വ്യക്തിഗത മൂല്യങ്ങൾ രേഖാ രൂപ കടലാസിൽ അടയാളപ്പെടുത്തുകയും x, y. എന്നീ രണ്ട് അസ്ഥിരതകളുടെ വക്രങ്ങൾ വരയ്ക്കുകയും ചെയ്യുന്നു. X, Y എന്നിവ രണ്ടും മുകളിലേയ്ക്കോ താഴേയ്ക്കോ ഒരേ ദിശയിൽ നീങ്ങുന്നു എങ്കിൽ, അത്തരം ംബ ന്ധികത്തെ പോസിറ്റീവ് സംബന്ധികം എന്ന് വിളിക്കുന്നു. X, Y എന്നിവയുടെ വക്രങ്ങൾ വിപരീത ദിശയിൽ നീങ്ങുന്നു എങ്കിൽ സംബന്ധികത്തെ നെഗറ്റീവ് സംബന്ധികം എന്നു വിളിക്കുന്നു.

12th Economics Malayalam_Chapter-12.indd 267 2/3/2023 3:07:21 PM



ഉറവിടം: കേന്ദ്ര സ്ഥിതിവിവരണ സംഘടന

3. കാൾ പിയേഴ്സണിന്റെ സംബന്ധിക ഗുണകം

AEWOB

കാൾ പിയേഴ്സണിന്റെ രീതി 'r'.. എന്ന അടയാളത്തിൽ സൂചിപ്പിക്കപ്പെടുന്ന പിയേഴ്സണിന്റെ സംബന്ധിക ഗുണകം എന്ന് ജനപ്രീയമായി അറിയപ്പെടുന്നു. സംബന്ധിക ഗുണകമായ 'r', X, Y. എന്നീ രണ്ട് അസ്ഥിരതകൾ തമ്മിലുള്ള രേഖീയ ബന്ധത്തിന്റെ തോത് അളക്കുന്നു. കാൾ പിയേഴ്സണിന്റെ സംബന്ധിക ഗുണകം കണക്കാക്കുന്ന സൂത്രവാക്യം:

1) $$r = \frac{N\Sigma XY - (\Sigma X)(\Sigma Y)}{\sqrt{N\Sigma X^2 - (\Sigma X)^2}\sqrt{N\Sigma Y^2 - (\Sigma Y)^2}}$$

നിബന്ധനകളായ യഥാർത്ഥ ശരാശരിയിൽ നിന്നോ അനുമാനിച്ച ശരാശരിയിൽ നിന്നോ വ്യതിയാനം എടുക്കാതെ നേരിട്ടുള്ള രീതി ഉപയോഗിച്ച് 'r' കണക്കാക്കുന്നു.

2) യഥാർത്ഥ ശരാശരിയിൽ നിന്ന് വ്യതിയാനം എടുത്ത് r കണക്കാക്കുന്നു.

$$r = \frac{\sum xy}{\sqrt{\sum x^2 \sum y^2}}$$ ഇവിടെ $x = (x-\bar{x})$, $y = (y-\bar{y})$

3) അനുമാനിച്ച ശരാശരി എടുത്ത് 'r' കണക്കാക്കുന്നു

$$r = \frac{N\sum dxdy - (\sum dx)(\sum dy)}{\sqrt{N\sum dx^2 - (\sum dx)^2}\sqrt{N\sum dy^2 - (\sum dy)^2}}$$

ഇവിടെ dx എന്നത് അനുമാനിച്ച ശരാശരി A (X-A), യിൽ നിന്നുള്ള x ശ്രേണികളുടെ വ്യതിയാനങ്ങളെ സൂചിപ്പിക്കുന്നു dy എന്നത് അനുമാനിച്ച ശരാശരി θ (Y-B) യിൽ നിന്നുള്ള y ശ്രേണിയുടെ വ്യതിയാനങ്ങളെ സൂചിപ്പിക്കുന്നു

$\sum dxdy$ = അനുമാനിച്ച ശരാശരികളിൽ നിന്നുള്ള x, y ശ്രേണികളുടെ വ്യതിയാന ഗുണനത്തിന്റെ ആകെത്തുക..

$\sum dx^2$ = അനുമാനിച്ച ശരാശരിയിൽ നിന്നുള്ള x ശ്രേണികളുടെ വ്യതിയാന വർഗ്ഗങ്ങളുടെ ആകെത്തുക

$\sum dy^2$= അനുമാനിച്ച ശരാശരിയിൽ നിന്നുള്ള y ശ്രേണികളുടെ വ്യതിയാന വർഗ്ഗങ്ങളുടെ ആകെത്തുക

$\sum dx$ = x ന്റെ അനുമാനിച്ച ശരാശരിയിൽ നിന്നുള്ള x ശ്രേണികളുടെ വ്യതിയാനത്തിന്റെ ആകെത്തുക

$\sum dy$ = y യുടെ അനുമാനിച്ച ശരാശരിയിൽ നിന്നുള്ള y ശ്രേണികളുടെ വ്യതിയാനത്തിന്റെ ആകെത്തുക

സംബന്ധിക ഗുണകം കണക്കാക്കുന്നതിനുള്ള നടപടിക്രമം (നേരിട്ടുള്ളതും യഥാർത്ഥ ശരാശരി രീതിയിൽ നിന്നുള്ള വ്യതിയാനവും).

- **ഘട്ടം1** രണ്ട് ശ്രേണികളായ 'X' 'Y' എന്നിവയുടെ വ്യതിയാനങ്ങൾ കണക്കാക്കുക
- **ഘട്ടം2** രണ്ട് ശ്രേണികളിലുള്ള 'X', Y എന്നിവയുടെ വ്യതിയാനങ്ങൾ അതാതിന്റെ ശരാശരിയിൽ നിന്ന് കണക്കാക്കുക.

12th Economics Malayalam_Chapter-12.indd 268 2/3/2023 3:07:22 PM

❖ **ഘട്ടം-3** 'X', 'Y' എന്നിവ ഓരോന്നിന്റെയും വ്യതിയാനങ്ങളെ വർഗ്ഗീകരിക്കുക. വ്യതിയാന വർഗ്ഗങ്ങളുടെ ആകെത്തുക അങ്ങനെ ലഭിക്കുന്നു.

❖ **ഘട്ടം-4** X നു താഴെയുള്ള ഓരോ വ്യതിയാനത്തെയും Y നു കീഴിലുള്ള ഓരോ വ്യതിയാനത്തോട് ഗുണിച്ച് 'xy'. എന്ന ഗുണനഫലം നേടുക. അതിനു ശേഷം ത,ഥ. യുടെ ഗുണനഫലത്തിന്റെ ആകെത്തുക Σxy എന്ന് ലഭിക്കുന്നു.

❖ **ഘട്ടം-5** മൂല്യത്തെ സൂത്രവാക്യത്തിലേക്ക് മാറ്റുക.

കാൾ പിയേഴ്സണിന്റെ സംബന്ധിക ഗുണകത്തിന്റെ സൂത്രവാക്യം വർഗ്ഗീകരിക്കാത്ത ദത്തങ്ങൾ.

നേരിട്ടുള്ള രീതി	പരോക്ഷ രീതി
അസ്ഥിരതകൾ അതുപോലെ ഉപയോഗിക്കുന്നു	യഥാർത്ഥ ശരാശരി വ്യതിയാന രീതി

നേരിട്ടുള്ള രീതി:

1 $$r = \frac{\Sigma xy}{\sqrt{\Sigma x^2 \, \Sigma y^2}}$$

$$r = \frac{N\Sigma XY - (\Sigma X)(\Sigma Y)}{\sqrt{N\Sigma X^2 - (\Sigma X)^2}\sqrt{N\Sigma Y^2 - (\Sigma Y)^2}}$$

ഇവിടെ $x = (x-\bar{x})$, $y = (y-\bar{y})$

2. അനുമാനിച്ച ശരാശരി വ്യതിയാന രീതി

$$r = \frac{N\Sigma dxdy - (\Sigma dx)(\Sigma dy)}{\sqrt{N\Sigma dx^2 - (\Sigma dx)^2}\sqrt{N\Sigma dy^2 - (\Sigma dy)^2}}$$

2. പരോക്ഷ രീതി

$$dx = (x-\bar{x}) \text{ and } dy = (y-\bar{y})$$

r ഉത്ഭവത്തിൽ നിന്നും സ്വതന്ത്രമാണ്

r അളവിന്റെ യൂണിറ്റിൽ നിന്നും സ്വതന്ത്രമാണ്

$-1 \le r \le +1$

ഉദാഹരണം 1: താഴെത്തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്ന് കാൾപിയേഴ്സണിന്റെ സംബന്ധിക ഗുണകം കണക്കാക്കുകയും അതിന്റെ മൂല്യം വ്യാഖ്യാനിക്കുകയും ചെയ്യുക::

വില :X	10	12	14	15	19
പ്രദാനം:Y	40	41	48	60	50

പരിഹാരം: നമുക്ക് വില X ആയും പ്രദാനം Y ആയും എടുക്കാം

പിയേഴ്സിന്റെ സംബന്ധിക ഗുണകം കണക്കാക്കൽ

വില: X	പ്രദാനം: Y	XY	X^2	Y^2
10	40	400	100	1600
12	41	492	144	1681
14	48	672	196	2304
15	60	900	225	3600
19	50	950	361	2500
$\Sigma x = 70$	$\Sigma y = 239$	$\Sigma xy = 3414$	$\Sigma x^2 = 1026$	$\Sigma y^2 = 11685$

$$r = \frac{N\Sigma XY - (\Sigma X)(\Sigma Y)}{\sqrt{N\Sigma X^2 - (\Sigma X)^2}\sqrt{N\Sigma Y^2 - (\Sigma Y)^2}} \qquad r = \frac{(5 \times 3414) - (70 \times 239)}{\sqrt{(5 \times 1026) - (70)^2}\sqrt{5x11685 - (239)^2}}$$

12th Economics Malayalam_Chapter-12.indd 269 2/3/2023 3:07:22 PM

$$r = \frac{17,070 - 16,730}{\sqrt{230 \times 1304}} \qquad r = \frac{340}{547.65} = +0.621$$

ഉല്പന്നത്തിന്റെ വിലയും ഉല്പന്നത്തിന്റെ പ്രദാനവും പോസിറ്റീവ് സംബന്ധികമാണ്. ഉല്പന്നത്തിന്റെ വില വർദ്ധിക്കുമ്പോൾ ഉല്പന്നത്തിന്റെ പ്രദാനവും വർദ്ധിക്കുന്നു.

യഥാർത്ഥ ശരാശരി രീതി:

ഉദാ-1: താഴെപ്പറയുന്ന ദത്തങ്ങൾക്ക് യഥാർത്ഥ ശരാശരി രീതി ഉപയോഗിച്ച് സംബന്ധിക ഗുണകം കണക്കാക്കുക..

കാറിന്റെ ആയുസ്, വർഷങ്ങളിൽ	3	6	8	9	10	6
വാർഷിക പരിപാലന ചെലവ് (in 000 ₹)	1	7	4	6	8	4

പരിഹാരം:

$$r = \frac{\sum xy}{\sqrt{\sum x^2 \ \sum y^2}} \quad \text{where } x = x-\bar{x},\ y = y-\bar{y}$$

S.No	x	$x-\bar{x}$ x - 7=x	$(x-\bar{x})^2 = x^2$	Y	$y-\bar{y}$ Y –5=y	$(y-\bar{y})^2 = y^2$	xy
1	3	-4	16	1	-4	16	16
2	6	-1	1	7	2	4	-2
3	8	+1	1	4	-1	1	-1
4	9	2	4	6	1	1	2
5	10	3	9	8	3	9	9
6	6	-1	1	4	-1	1	+1
	$\bar{x}\ \frac{42}{6} = 7$	0	32	$\bar{y}\ \frac{42}{6} = 7$	0	32	25

$$\sum x^2 = 32 \qquad \sum y^2 = 32 \qquad \sum xy = 25$$

സൂത്രവാക്യത്തിൽ പ്രയോഗിക്കുന്നു.

$$r = \frac{\sum xy}{\sqrt{\sum x^2 \ \sum y^2}} = \frac{25}{\sqrt{32 \times 32}} = \frac{25}{32} = 0.781$$

r = 0.781, കാർ പല വർഷങ്ങളിൽ പഴക്കമുള്ളതായി തീരുമ്പോൾ അതിന്റെ പരിപാലന ചെലവും വർദ്ധിക്കുന്നു. കാറിന്റെ ആയുസ്സും അതിന്റെ പരിപാലന ചെലവും പോസിറ്റീവ് സംബന്ധികമാണ്..

അനുമാനിച്ച ശരാശരി വ്യതിയാന രീതി

ഉദാ 1: താഴെ തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്ന് X ഉം Y ഉം തമ്മിലുള്ള കാൾപിയേഴ്സണിന്റെ സംബന്ധിക ഗുണകം കണ്ടെത്തുക::

X:	10	12	13	16	17	20	25
Y:	19	22	26	27	29	33	37

പരിഹാരം:

അനുമാനിച്ച ശരാശരി വ്യതിയാന രീതിയുടെ സൂത്രവാക്യം.

12th Economics Malayalam_Chapter-12.indd 270 2/3/2023 3:07:22 PM

$$r = \frac{N\sum dxdy - (\sum dx)(\sum dy)}{\sqrt{N\sum dx^2 - (\sum dx)^2}\sqrt{N\sum dy^2 - (\sum dy)^2}}$$

S.No	X	Y	(X-A)=dx	(Y-A)=dy	dx2	dy2	Dxdy
1	10	19	-6	-8	36	64	48
2	12	22	-4	-5	16	25	20
3	13	26	-3	-1	9	1	3
4	16	27	0	0	0	0	0
5	17	29	1	2	1	4	2
6	20	33	4	6	16	36	24
7	25	37	9	10	81	100	90
N=7	∑X=113	∑Y=193	∑(X-A)=1	∑(Y-A)=4	$\sum dx^2$=159	$\sum dy^2$=230	∑dxdy=187

$$\bar{x} = \frac{\sum X}{N} = \frac{113}{7} = 16\frac{1}{7}$$

$$\bar{y} = \frac{\sum Y}{N} = \frac{193}{7} = 27\frac{4}{7}$$

അനുമാനിച്ച മൂല്യങ്ങൾ A = 16 & B = 27
അതിനാൽ dx = X – A ⇒ X – 16 ഉം

dy = Y- A ⇒ Y – 27

$$\therefore r = \frac{N\sum dxdy - (\sum dx)(\sum dy)}{\sqrt{N\sum dx^2 - (\sum dx)^2}\sqrt{N\sum dy^2 - (\sum dy)^2}}$$

$$= \frac{7\times187 - 1\times4}{\sqrt{7\times159 - (1)^2}\sqrt{7\times230 - (4)^2}}$$

$$= \frac{1309 - 4}{\sqrt{1112}\sqrt{1610 - 16}}$$


$$= \frac{1305}{\sqrt{1112}\sqrt{1594}} = \frac{1305}{(33.34)(39.92)}$$

$$= \frac{1305}{1330.9} = 0.9865 \qquad r = 0.986$$

ഇവിടെ X ഉം Y ഉം തമ്മിലുള്ള ഉയർന്ന പോസിറ്റീവ് സംബന്ധികം നിലനിർത്തുന്നു.

12.13 അധോഗമനം

റിഗ്രഷന്റെ പരിണാമം


ഫ്രാൻസിസ് ഗാൽട്ടൺ

പിതാക്കൻമാരുടെയും പുത്രൻമാരുടെയും ഉയരത്തെപ്പറ്റിയുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുമ്പോഴാണ് 1877 ൽ ഫ്രാൻസിസ് ഗാൽട്ടൺ, എഗ്രഷൻ എന്ന പദം ആദ്യമായി കണ്ടുപിടിച്ചതും ഉപയോഗിച്ചതും ഒരു നിശ്ചിത ഉയരത്തിലുള്ള മാതാപിതാക്കൾക്ക് ജനിച്ച കുട്ടികളുടെ ശരാശരി ഉയരം, മൊത്തത്തിലെ ജനസംഖ്യയുടെ ശരാശരി ഉയരത്തിലേക്ക് നീങ്ങുകയോ പിന്തിരിയുകയോ ചെയ്യുന്നു. ഗാൽട്ടന്റെ സാർവത്രിക അധോഗമന നിയമം അദ്ദേഹത്തിന്റെ സൂഹൃത്ത് കാൾപിയേഴ്സൺ സ്വീകരിച്ചു. അദ്ദേഹം കുടുംബഗണങ്ങളിലെ അംഗങ്ങളുടെ ഉയരത്തെ സംബന്ധിക്കുന്ന ആയിരത്തിലധികം രേഖകൾ ശേഖരിച്ചു. റിഗ്രഷൻ എന്ന വാക്കിന്റെ അക്ഷരാർത്ഥം ശരാശരിയിലേയ്ക്കുള്ള ചുവടുവയ്പിന്റെ പിനമാറ്റം എന്നാണ്.

അധോഗമനം എന്നത് അസ്ഥിരതകൾ തമ്മിലുള്ള ബന്ധത്തെപ്പറ്റിയ പഠനമാണ്. Y ആശ്രിത അസ്ഥിരതയും ത സ്വതന്ത്ര അസ്ഥിരതയും ആണെങ്കിൽ, അസ്ഥിരതകൾ തമ്മിലുള്ള രേഖീയ ബന്ധത്തെ X ൽ Y യുടെ റിഗ്രഷൻ സമവാക്യം എന്നു വിളിക്കുന്നു. റിഗ്രഷൻ സമവാക്യം, അറിയപ്പെടുന്ന X മൂല്യത്തിന് അനുയോ

12th Economics Malayalam_Chapter-12.indd 271 2/3/2023 3:07:22 PM

ജ്യമായ Y യുടെ മൂല്യം കണക്കാക്കാൻ ഉപയോഗിക്കുന്നു. പിന്തിരിപ്പിക്കുന്നതിനോ തിരികെ പോകുന്നതിനോ ഉള്ള ഈ പ്രവണതയെ വിവരിക്കുന്ന രേഖയെ ഡാൽട്ടഞ റിഗ്രഷൻ രേഖ എന്നു വിളിക്കുന്നു.

സംബന്ധികവും അധോഗമനവും തമ്മിലുള്ള വ്യത്യാസം

t	സംബന്ധികം	അധോഗമനം
1	മറ്റൊന്നിന് സമാനമായ ദിശയിലോ വിപരീത ദിശയിലോ മാറുന്ന രന്നോ അതിലധികമോ അസ്ഥിരതകൾ തമ്മിലുള്ള ബന്ധമാണ് സംബന്ധികം	സ്ഥികംരണ്ട് അസ്ഥിരതകൾ തമ്മിലുള്ള ശരാശരിബന്ധംകാണിക്കുന്നഗണിതസാസ്ത്ര അളവായ എിഗ്രഷൻ അർത്ഥമാക്കുന്നത് പിന്നോട്ട് പോകുക എന്നാണ്
2	X, Y എന്നീ രണ്ട് അസ്ഥിരതകളും ക്രമ രഹിതമാണ്രണ്ട	രണ്ട് അസ്ഥിരതകളും ക്രമ രഹിതമാകാം
3	ഇത് രണ്ട് അസ്ഥിരതകൾ തമ്മിലുള്ള ബന്ധത്തിന്റെ തോത് കണ്ടെത്തുന്നു, കാരണ ഫലബന്ധം അല്ല.	ഇത് അസ്ഥിരതകൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുകയും പ്രവർത്തനപരമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു
4	ഇത് രണ്ട് അസ്ഥിരതകൾ തമ്മിലുള്ള ബന്ധം പരിശോധിക്കുകയും പരീക്ഷിക്കുവാൻ ഉപയോഗിക്കുകയും പരിമിതമായ വിവരങ്ങൾ നല്കുകയും ചെയ്യുന്നു	പരീക്ഷിക്കുന്നതിനോടൊപ്പം മറ്റൊരു സ്ഥിര മൂല്യത്തിന് അനുബന്ധമായി ഒരു മൂല്യത്തിന്റെ പ്രവചനത്തിനായി ഉപയോഗിക്കുന്നു.
5	സംബന്ധിക ഗുണകം ഒരു ആപേക്ഷിത അളവാണ്. ബന്ധത്തിന്റെ വ്യാപ്തി കാണപ്പെടുന്നത് −1 നും +1 നും ഇടയിലാണ്	അധോഗമന ഗുണകവും ഒരു ആപേക്ഷിക അളവാണ്. നമുക്ക് സ്വതന്ത്ര അസ്ഥിരതയുടെ മൂല്യം അറിയാമെങ്കിൽ ആശ്രയ അസ്ഥിരതയുടെ മൂല്യം കണ്ടെത്താൽ സാധിക്കും
6	രണ്ട് അസ്ഥിരതകൾ തമ്മിലുള്ള സംബന്ധികം വ്യാപമാകാം.	റിഗ്രഷനിൽ അങ്ങനെയുള്ള വ്യാപ അധോമനങ്ങളൊന്നുമില്ല
7	ഇതിന്റെ പ്രയോഗങ്ങൾ പരിമിതങ്ങളാണ്, എന്തെന്നാൽ ഇത് അസ്ഥിരതകൾ തമ്മിലുള്ള രേഖീയ ബന്ധം മാത്രം ഉറപ്പാക്കുന്നു.	ഇതിന്റെ പ്രയോഗങ്ങൾ വിശാലമാണ്, എന്തെന്നാൽഇത് അസ്ഥിരതകൾതമ്മിലുള്ള രേഖീയ, രേഖീയമറ്റ ബന്ധത്തെ കുറിച്ച് പഠിക്കുന്നു.
8	വ്യാപകമായ ഗണിത ശാസ്ത്ര പ്രതിപാദത്തിന് ഇത് ഒട്ടും ഉപയോഗപ്രദമല്ല	ഇത് വ്യാപകമായ ഗണിക ശാസ്ത്ര പ്രതിപാദത്തിന് വിശാലമായി ഉപയോഗിക്കുന്നു

രണ്ട് റിഗ്രഷൻ രേഖകൾ

X ൽ Y => X = a + by

Y ൽ X => Y = a + bx

യഃതന്നിരിക്കുന്ന മറ്റൊരു അസ്ഥിരതയുടെ മൂല്യത്തിൽ നിന്ന് ഒരു അസ്ഥിരതയുടെ മികച്ച കണക്കാക്കൽ നൽകുന്ന രേഖയാണ് റിഗ്രഷൻ രേഖ. ഈ രേഖ രണ്ട് അസ്ഥിരതകൾ തമ്മിലുള്ള ശരാശരി ബന്ധത്തിന്റെ ഗണിതരൂപം നൽകുന്നു മറ്റൊരു അസ്ഥിരതയുടെ ഏങ്കിലും നിർദ്ദിഷ്ട മൂല്യത്തിന് അനുസരിച്ച ഒരു അസ്ഥിരതയുടെ മൂല്യത്തിന് മികച്ച കണക്കാക്കൽ നൽകുന്ന രേഖയാണ് റിഗ്രഷൻ രേഖ.

X ൽ Y, Y ൽ X എന്നീ റിഗ്രഷൻ സമവാക്യങ്ങൾ അനുയോജ്യമാക്കുന്നതിന് താഴെപ്പറയുന്ന ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു.

ഉദാ 1: ഇനിന്നറയുന്ന ദത്തങ്ങൾക്കായി

X ൽ Y, Y ൽ X എന്നീ രണ്ട് റിഗ്രഷൻ സമവാക്യങ്ങൾ യോജിപ്പിക്കുക.

$\bar{X}$=12, $\bar{Y}$=10, σy= 0.2, σx =0.1 and r = 0.85

12th Economics Malayalam_Chapter-12.indd 272 2/3/2023 3:07:22 PM

പരിഹാരം

Y ൽ X, എന്ന റിഗ്രഷൻ രേഖയുടെ സമവാക്യം

$$(X-\bar{X}) = r \times \frac{\sigma x}{\sigma y} \times (Y-\bar{Y})$$

തന്നിട്ടുള്ളവ $\bar{X} = 12$, $\bar{Y} = 10$

$r = 0.85$, $\sigma x = 0.1$ and $\sigma y = 0.2$

സൂത്രവാക്യത്തിലേക്ക് മൂല്യങ്ങൾ മാറ്റുമ്പോൾ

$$(X-12) = 0.85 \times (0.1/0.2) \times (Y-10)$$
$$(X-12) = 0.85 \times (0.5) \times (Y-10)$$
$$X = 0.425 \times (Y-10) + 12$$
$$X = 0.425Y - 4.25 + 12$$
$$X = 0.425Y + 7.75$$

Y ൽ X

ഉത്തരം $X = 0.425Y + 7.75$

X ൽ Y എന്ന റിഗ്രഷൻ രേഖയുടെ സമവാക്യം

$$(Y-\bar{Y}) = r \times \frac{\sigma y}{\sigma x} \times (X-\bar{X})$$

തന്നിട്ടുള്ളവ $\bar{X} = 12$, $\bar{Y} = 10$

$r = 0.85$, $\sigma x = 0.1$ and $\sigma y = 0.2$

സൂത്രവാക്യത്തിലേക്ക് മൂല്യങ്ങൾ മാറ്റുമ്പോൾ

$$(Y-10) = 0.85 \times (0.2/0.1) \times (X-12)$$
$$(Y-10) = 0.85 \times (2) \times (X-12)$$
$$Y = 1.7 \times (X-12) + 10$$
$$Y = 1.7X - 20.4 + 10$$
$$Y = 1.7X - 10.4$$


X ൽ Y

ഉത്തരം $Y = 1.7X - 10.4$

12.14 സാമ്പത്തിക സംഖ്യാ ശാസ്ത്രത്തിലേക്കുള്ള ആമുഖം

സാമ്പത്തിക സംഖ്യാശാസ്ത്രത്തിന്റെ ഉദ്ഭവം

പുരാതന കാലങ്ങളിൽ വസ്തുതകളും എണ്ണങ്ങളും ഉപയോഗിച്ച് സാമ്പത്തിക വിദഗ്ദ്ധർ അവരുടെ ആശയങ്ങളെ പിനഭതുണയ്ക്കാൻ ശ്രമിച്ചു. ദത്തങ്ങളുടെ സഹായത്തോടെ പണത്തിന്റെ അളവ് സിദ്ധാന്തത്തിന്റെ ഗണിതശാസ്ത്ര സമവാക്യം വികസിപ്പിച്ച ആദ്യത്തെ വ്യക്തിയാണ് ഇർവിംഗ് ഫിഷർ 1926 ൽ ഗണിതശാസ്ത്രം, സ്ഥിതി വിവരക്കണക്ക് രീതികൾ, സാമ്പത്തിക ശാസ്ത്രം എന്നീ മൂന്ന് വിഷയങ്ങളുടെ ഏകീകരണത്തെ നോർവീജിയൻ സാമ്പത്തിക വിദഗ്ദ്ധനും സ്ഥിതിവിവരക്കണക്ക് വിദഗ്ദ്ധനുമായ റാഗ്നർ ഫ്രിഷ് സാമ്പത്തിക സംഖ്യാശാസ്ത്രം എന്ന് നാമകരണം ചെയ്തു.


റാഗ്നർ ഫ്രിഷ്

റാഗ്നർ ആന്റൺ കീറ്റിൽ ഫ്രിഷ് 1969 ലെ നോബിൾ അനുസ്മരണ പുരസ്കാരം

സാമ്പത്തിക സംഖ്യാശാസ്ത്രം എന്ന പദം രണ്ട് ഗ്രീക്ക് ഉത്ഭവ വാക്കുകളായ ആക്കോവിയ ഉട്പോവ് എന്നിവയിൽ നിന്ന് രൂപീകൃതമായവയാണ്. ആക്കോവിയയുടെ അർത്ഥം സമ്പദ്വ്യവസ്ഥ എന്നും ഉട്പോവിന്റെ അർത്ഥം അളവ് എന്നുമാണ്. സാമ്പത്തിക പ്രതിഭാസങ്ങളെപ്പറ്റി പഠിക്കുന്ന ഒരു സ്വതന്ത്ര വിജ്ഞാന ശാഖയായി സാമ്പത്തിക സംഖ്യാശാസ്ത്രം ഉയർന്നു വന്നു

സാമ്പത്തിക ശാസ്ത്രം, സ്ഥിതിവിവരശാസ്ത്രം, ഗണിത ശാസ്ത്രം എന്നിവയുടെ സംയോജനമായി സാമ്പത്തിക സംഖ്യാ ശാസ്ത്രത്തെ കണക്കാക്കാവുന്നതാണ്.

വെൻ രേഖാചിത്രവും ചിത്ര പ്രാതിനിധ്യവും പിൻ തുടർന്നാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന മൂന്ന് വിഷയങ്ങളുടെ സംയോജനമാണ് സാമ്പത്തിക സംഖ്യാ ശാസ്ത്രം.

സാമ്പത്തിക ശാസ്ത്രം + ഗണിത ശാസ്ത്രം= ഗണിതസാമ്പത്തിക ശാസ്ത്രം
ഗണിത സാമ്പത്തികശാസ്ത്രം+ സ്ഥിതിവിവരദത്തങ്ങളും അവയുടെ സാങ്കേതികതയും
= സാമ്പത്തിക സംഖ്യാശാസ്ത്രം
സ്സാമ്പത്തികശാസ്ത്രം + സ്ഥിതിവിവരശാസ്ത്രം + ഗണിതശാസ്ത്രം+അനുഭവദത്തങ്ങൾ
= സാമ്പത്തിക സംഖ്യാശാസ്ത്രം

12th Economics Malayalam_Chapter-12.indd 273 2/3/2023 3:07:23 PM

നിർവചനങ്ങൾ


ആർതർ എസ് ഗോൾഡ് ബെർഗറുടെ വാക്കുകളിൽ, സാമ്പത്തിക സിദ്ധാന്തത്തിന്റെ ഉപകരണങ്ങളായ ഗണിതശാസ്ത്രം സ്ഥിതിവിവരക്കണക്ക് അനുമാനങ്ങൾ എന്നിവ സാമ്പത്തിക പ്രതിഭാസത്തിന്റെ വിശകലനത്തിന് പ്രയോഗിക്കുന്ന ഒരു സാമൂഹിക ശാസ്ത്രമാണ് സാമ്പത്തിക സംഖ്യാ ശാസ്ത്രം എന്ന് നിർവചിക്കുന്നു.

ഗണിതശാസ്ത്ര സ്ഥിതിവിവരക്കണക്കുകൾ സാമ്പത്തിക ദത്തങ്ങളിൽ പ്രയോഗിക്കുക, ഗണിത സാമ്പത്തികശാസ്ത്രംനിർമ്മിക്കുന്ന മാതൃകകൾക്ക്അനുഭവപരമായപിന്തുണനൽകുക, സംഖ്യാഫലങ്ങൾ ലഭ്യമാക്കുക എന്നീ സാമ്പത്തിക ശാസ്ത്രത്തിന്റെ പങ്കിനെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകളുടെ ഫലമാണ് സാമ്പത്തിക സംഖ്യാശാസ്ത്രം എന്ന് ഗെർഹാർഡ് ടിൻബെർ ജെൻ ചൂണ്ടിക്കാട്ടുന്നു.

സാമ്പത്തിക സംഖ്യാശാസ്ത്രം സാമ്പത്തിക ശാസ്ത്ര നിയമങ്ങളുടെ അനുഭവപരമായ നിശ്ചയദാർഢ്യത്തോട് സംബന്ധപ്പെട്ടിരിക്കുന്നു. എച്ച്. തീൽ

റാഗ്നർ റഫിഷിന്റെ വാക്കുകളിൽ അളവ്പരമായ സാമ്പത്തിക സംഖ്യാ ശാസ്ത്ര സിദ്ധാന്തത്തിന്റെയും സ്ഥിതി വിവരക്കണക്ക് നിരീക്ഷണത്തിയെും പരസ്പര സൂക്ഷ്മഗ്രഹണമെന്ന് സാമ്പത്തിക സംഖ്യാ ശാസ്ത്രത്തിന്റെ സാരാംശം

സാമ്പത്തിക സംഖ്യാ ശാസ്ത്രം എന്നാൽ സാമ്പത്തിക അളവ് സമ്പ്രദായം എന്നാണ് അർത്ഥമാക്കുന്നത് സാമ്പത്തിക ബന്ധങ്ങളുടെ അളവ് സാമ്പത്തിക സംഖ്യാ ശാസ്ത്രം കൈകാര്യം ചെയ്യുന്നു..



സാമ്പത്തിക സംഖ്യാശാസ്ത്രത്തിന്റെ ലക്ഷ്യങ്ങൾ

സാമ്പത്തിക സിദ്ധാന്തത്തിന് അനുഭവ ഉള്ളടക്കം നൽകുന്നു എന്നതാണ് സാമ്പത്തിക സംഖ്യാ ശാസ്ത്രത്തിന്റെ പൊതുവായ ലക്ഷ്യം നിർദ്ദിഷ്ട ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്:

1. വരാനിരിക്കുന്ന കാലഘട്ടത്തിന്റെ സ്വഭാവം വിശദീകരിക്കാൻ അതായത് സാമ്പത്തിക പ്രതി ഭാസങ്ങൾ പ്രവചിക്കുന്നതിന് സഹായിക്കുന്നു.

2. അസ്ഥിരതകൾക്കിടയിലോ അസ്ഥിരതകൾ തമ്മിലോ ഉള്ള പഴയതും സ്ഥാപിതമായതുമായ ബന്ധങ്ങൾ തെളിയിക്കാൻ ഇത് സഹായിക്കുന്നു.

3. പുതിയ സിദ്ധാന്തങ്ങളും പുതിയ ബന്ധങ്ങളും സ്ഥാപിക്കാൻ ഇത് സഹായിക്കുന്നു..

4. പരിധികളുടെ അനുമാനങ്ങളും കണക്കാക്കലും പരീക്ഷിക്കാൻ ഇത് സഹായിക്കുന്നു.

12th Economics Malayalam_Chapter-12.indd 274 2/3/2023 3:07:23 PM



മേൽപ്പറഞ്ഞ മൂന്ന് വിഷയങ്ങളുടെ സംയോജനമാണ് സാമ്പത്തിക സംഖ്യാ ശാസ്ത്രം

സാമ്പത്തിക സംഖ്യാ ശാസ്ത്രത്തിന്റെ പ്രവർത്തന സമ്പ്രദായം

വിശാലമായി പറാൽ, പരമ്പരാഗതമായ അല്ലെങ്കിൽ പ്രാചീനമായ സാമ്പത്തിക സംഖ്യാ ശാസ്ത്ര പ്രവർത്തന സമ്പ്രദായങ്ങളിൽ ഇനി പ്പറയുന്ന ഘട്ടങ്ങൾ ഉൾപ്പെടുന്നു

1) സിദ്ധാന്തത്തിന്റെ അഥവാ പരികല്പനയുടെ പ്രസ്താവന
2) സിദ്ധാന്തത്തിന്റെ ഗണിത ശാസ്ത്ര മാതൃക യുടെ സവിശേഷത
3) സിദ്ധാന്തത്തിന്റെ സാമ്പത്തിക സംഖ്യാ ശാസ്ത്ര മാതൃകയുടെ സവിശേഷത
4) ദത്തങ്ങൾ ലഭ്യമാകുന്നു
5) സാമ്പത്തിക സംഖ്യാ ശാത്ത്ര മാതൃകകളുടെ പരിധികളുടെ കണക്കാക്കൽ
6) പരികല്പന പരിശോധന
7) പ്രവചനം അല്ലെങ്കിൽ ദീർഘദൃഷ്ടി
8) നിയന്ത്രണത്തിനോ നയപരമായ ആവശ്യ ങ്ങൾക്കോ വേണ്ടി മാതൃക ഉപയോഗിക്കുന്നു.

അപഗ്രഥനത്തിന്റെ പ്രവാഹചിത്രം/സാമ്പത്തിക സംഖ്യാ ശാസ്ത്രത്തിന്റെ പ്രവർത്തന സമ്പ്രദായം

സാമ്പത്തിക സംഖ്യാശാസ്ത്ര മാതൃകയുടെ അപഗ്രഥനം



ഗണിതശാസ്ത്ര മാതൃകകൾ സ്ഥിതിവിവര ശാസ്ത്ര മാതൃകകൾ എന്നിവയ്ക്ക് സാമ്പത്തിക സംഖ്യാ ശാസ്ത്ര മാതൃകകളുമായുള്ള വ്യത്യാസം

1. ഗണിത സാമ്പത്തിക ശാസ്ത്രത്തിലെ മാതൃക കൾസാമ്പത്തികസിദ്ധാന്തങ്ങളെഅടിസ്ഥാന മാക്കി വികസിപ്പിച്ചെടുക്കുന്നു. അതേ സമയം സാമ്പത്തിക സംഖ്യാ ശാസ്ത്ര മാതൃകകൾ, യഥാർത്ഥ ദത്തങ്ങളിലൂടെ യാഥാർത്ഥ്യ സാമ്പ ത്തികസിദ്ധാന്തങ്ങളുടെസാധുതപരിശോധിക്കു കയുംസാമ്പത്തികസിദ്ധാന്തങ്ങളെഅടിസ്ഥാന മാക്കി വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു.
2. സ്ഥിതിവിവരക്കണക്കിലെ റിഗ്രഷൻ വിശകല നം തെറ്റായ പദത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീ കരിക്കുന്നില്ല. സാമ്പത്തിക സംഖ്യാ ശാസ്ത്ര മാതൃകകൾ തെറ്റായ പദങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു

സ്ഥിതിവിവരക്കണക്ക് റിഗ്രഷൻ:

$$Yi = \beta_0 + \beta_1 X_i$$

സാമ്പത്തികസംഖ്യാശാസ്ത്ര റിഗ്രഷൻ:

$$Yi = \beta_0 + \beta_1 X_i + U_i$$

(രണ്ടിൽ കൂടുതൽ അസ്ഥിരതകൾ കൊണ്ട്)

അല്ലെങ്കിൽ

$$Y = \beta_0 + \beta_1 X_1 + \beta_2 X_2 + \beta_3 X_3 + U_i$$

12th Economics Malayalam_Chapter-12.indd 275 2/3/2023 3:07:23 PM

ക്രമാനുഗതമായ ഭാഗം: $\beta_0 + \beta_1 Xi$ അഥവാ വിശദീകരിച്ച ഭാഗവുംക്രമരഹിതമായ ഭാഗം: U_i റിഗ്രഷനിലെ വിശദീകരിക്കാത്ത ഭാഗവും U_i, X ൽ Y യുടെ റിഗ്രഷൻ ബന്ധം വ്യക്തമാക്കുന്നതിൽ ഒഴിവാക്കിയ അസ്ഥിരതകളുടെ പങ്കിനെപ്പറ്റി പ്രതിനിധീകരിക്കുന്നു. അതിനാൽ U_i യെ അവഗണിക്കാൻ കഴിയില്ല; അവഗണിക്കരുത്.

രേഖീയ റിഗ്രഷൻ മാതൃകയുടെ അനുമാനങ്ങൾ

രേഖീയ റിഗ്രഷൻ മാതൃക ചില അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്

1. അവയിൽ ചിലത് ക്രമരഹിതമായ അസ്ഥിരതയുടെ വിതരണത്തെ പരാമർശിക്കുന്നു.
2. അവയിൽ ചിലത് U_i ഉം വിശദീകരണ അസ്ഥിര തകളും തമ്മിലുള്ള (മുകളിലുള്ള ഉദാഹര ണത്തിൽ നല്കിയിട്ടുള്ള x_1, x_2, x_3) ബന്ധത്തെ സൂചിപ്പിക്കുന്നു.
3. അവയിൽ ചിലത് U_i വിശദീകരണ അസ്ഥിരതകൾ തമ്മിലുള്ള ബന്ധത്തെത്തന്നെയാണ് പരാമർശിക്കുന്നത്..

മൂല്യങ്ങളുടെ വിതരണത്തെക്കുറിച്ചുള്ള അനുമാനങ്ങളെസാമാന്യഅത്യല്പവർഗ്ഗങ്ങളുടെ (OLS). യാദൃശ്ചിക അനുമാനങ്ങൾ എന്നു വിളിക്കുന്നു. U_i ഉം വിശദീകരണ അസ്ഥിരതകളും തമ്മിലുള്ള ബന്ധവുമായി ബന്ധപ്പെട്ട അനുമാനങ്ങളെയും വിശദീകരണ അസ്ഥിരതകൾ തമ്മിലുള്ള ബന്ധവുമായി ബന്ധപ്പെട്ടവയെയും മറ്റു അനുമാനങ്ങൾ എന്നു വിളിക്കുന്നു.

അനുമാനങ്ങൾ

1. "U" എന്നത് ഒരു ക്രമരഹിതമായ യഥാ അസ്ഥിരതയാണ്. അതായത് "U" നെ പോസിറ്റീവ് നെഗറ്റീവ് അഥവാ പൂജ്യം മൂല്യങ്ങൾ എന്ന് അനുമാനിക്കാം. അതിനാൽ "U" ന്റെ ശരാശരി പൂജ്യമായിരിക്കും.
2. "U" വിന്റെ ശരാശരിപൂജ്യമായിരിക്കും "U" ന്റെ വിപര്യായം സ്ഥിരമാണ്
3. "U" ന് ഒരു സാധാരണ വിതരണം ഉണ്ട്.
4. ഏതെങ്കിലും ഒരു U_i വിന് മറ്റൊരു U_j മായുള്ള മാറ്റത്തിന്റെ അളവ് പൂജ്യത്തിന് തുല്യമാണ്
5. "U" വിശദീകരണ അസ്ഥിരതകളിൽ നിന്ന് സ്വതന്ത്രമാണ് (s)
6. വിശദീകരണഅസ്ഥിരതകൾപിശകുകളില്ലാതെ അളക്കുന്നു.
7. വിശദീകരണ അസ്ഥിരതകൾ തികച്ചും രേഖീയ സംബന്ധികം അല്ല.
8. അസ്ഥിരതകൾശരിയായിസമാഹരിച്ചിരിക്കുന്നു.
9. ബന്ധം ശരിയായി തിരിച്ചറിയുകയും വ്യക്തമാക്കുകയും ചെയ്യുന്നു.
10. പരിധികൾ രേഖീയമാണ്.


12.15 ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾ

സർക്കാർ ഏജൻസികളോ അന്താരാഷ്ട്ര സംഘടനകൾ പോലുള്ള മറ്റു പൊതു സ്ഥാപനങ്ങളോ പ്രസിദ്ധീകരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ആണ് ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾ. പൗരൻമാരുടെ ജീവിതത്തിലെ എല്ലാ പ്രധാന മേഖലകളെയും കുറിച്ച് അവർ അളവ്പരമോ ഗുണപരമോ ആയ വിവരങ്ങൾ നല്കുന്നു. ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾ സാമ്പത്തികവും സാമൂഹികവുമായ വികസനം പൊതുജനങ്ങൾക്ക് പ്രാപ്യമാക്കാൻ, സർക്കാർ നയങ്ങളുടെ സ്വാധീനം വിലയിരുത്താൻ അനുവദിക്കുന്നതിലൂടെ, ഉത്തരവാദിത്തം മെച്ചപ്പെടുത്തുന്നതിനായി വിവരങ്ങൾ സൃഷ്ടിക്കുന്നു.

സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും കാര്യപരിപാടി നടപ്പിലാക്കൽ വകുപ്പിന്റെയും ലയനത്തിനു ശേഷം ഒരു സ്വതന്ത്ര മന്ത്രാലയമായി 1999 ൽ സ്ഥിതിവിവരക്കണക്കിന്റെയും കാര്യപരിപാടി നടപ്പാക്കലിന്റെയും മന്ത്രാലയം (MOSPI) നിലവിൽ വന്നു.

മന്ത്രാലയത്തിന് രണ്ട് പക്ഷങ്ങൾ ഉണ്ട്. സ്ഥിതി വിവരക്കണക്കും കാര്യപരിപാടി നടപ്പാക്കലും.

12th Economics Malayalam_Chapter-12.indd 276 2/3/2023 3:07:24 PM



കേന്ദ്രസ്ഥിതിവിവരക്കണക്ക് കാര്യാലയം (NSO) കമ്പ്യൂട്ടർ സെന്റർ, ദേശീയ മാതൃക നിരീക്ഷണ കാര്യാലയം (CSO), എന്നിവ ഉൾപ്പെടുന്ന ദേശീയ സ്ഥിതിവിവരക്കണക്ക് കാര്യാലയത്തെ (NSSO) സ്ഥിതിവിവരക്കണക്ക് പക്ഷം എന്ന് വിളിക്കുന്നു.

കേന്ദ്രസ്ഥിതിവിവരക്കണക്ക് കാര്യാലയം (CSO)

ദേശീയ സ്ഥിതിവിവരക്കണക്ക് സംഘടനയുടെ (NSO). രുപക്ഷങ്ങളിൽ ഒന്നാണ് കേന്ദ്ര സ്ഥിതിവിവരക്കണക്ക് കാര്യാലയം. ഇത് രാജ്യത്തെ സ്ഥിതിവിവരണ പ്രവർങ്ങളുടെ ഏകോപനത്തിനും സ്ഥിതി വിവരണമാനദണ്ഡങ്ങൾ ആവിഷ്ക്കരിക്കുന്നതിനും പരിപാലിക്കുന്നതിനും ഉത്തരവാദിയാണ്. ദേശീയകണക്കുകളുടെസമാഹാരം, വ്യവസായശാലകളുടെ വാർഷിക നിരീക്ഷണങ്ങളും സാമ്പത്തിക കണക്കെടുപ്പുകളും നടത്തുക, വ്യാവസായിക ഉല്പാദന സൂചികയുടെയും ഉപഭോക്തൃവില സൂചികയുടെയും സമാഹാരം എന്നിവ ഇതിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വിവിധ സാമൂഹിക സ്ഥിതി വിവരക്കണക്കുകൾ, പരിശീലനം, അന്താരാഷ്ട്ര സഹകരണം, വ്യവസായിക വർഗ്ഗീകരണം മുതലായവയും ഇത് കൈകാര്യം ചെയ്യുന്നു.

CSO യെനയിക്കുന്നത്ഒരുഡയറക്ടർജനറലാണ്. അദ്ദേഹത്തെ സഹായിക്കുന്ന അഞ്ച് കൂടുതൽ ഡയറക്ടർ ദേശീയ കണക്ക്വിഭാഗം, സാമൂഹിക സ്ഥിതി വിവരക്കണക്ക് വിഭാഗം, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വിഭാഗം, പരിശീലന വിഭാഗം, ഏകോപന, പ്രിദ്ധകരണ വിഭാഗം എന്നിവയെ പരിപാലിക്കുന്നു.

CSO സ്ഥിതിചെയ്യുന്നത്ന്യൂഡൽഹിയിലെ പാർലമെന്റ് തെരുവിലെ സർദാർ പട്ടേൽ ഭവനിലാണ്. CSO യുടെ വ്യാവസായിക സ്ഥിതിവിവരക്കണക്ക് പക്ഷം കൊൽക്കത്തയിലാണ് സ്ഥിതി ചെയ്യുന്നത് CSO യുടെ കീഴിലുള കമ്പ്യൂട്ടർ സെന്റർ സ്ഥിതി ചെയ്യുന്നത് ന്യൂഡൽഹിയിലെ ആർ.കെ. പുരത്തിലാണ്

ദേശീയ മാതൃക നിരീക്ഷ സംഘടന (NSSO)

ഇന്ത്യൻ ഗവൺമെന്റിന്റെ സ്ഥിതിവിവരക്കണക്ക് മന്ത്രാലയത്തിൻ കീഴിലുള്ള ഒരു സംഘടനയാണ് ദേശീയ മാതൃക നിരീക്ഷണ സംഘടന. ഇപ്പോൾ അത് ദേശീയ മാതൃക നിരീക്ഷണ കാര്യാലയംഎന്നറിയപ്പെടുന്നു.പതിവായിസാമൂഹിക, സാമ്പത്തിക നിരീക്ഷണങ്ങൾ നടത്തുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സംഘടനയാ ണിത്. ഇത് 1950 ലാണ് സ്ഥാപിതമായത്. NSSO യ്ക്ക് നാല് വിഭാഗങ്ങളുണ്ട്:

1. നിരീക്ഷണ രൂപകല്പനയും ഗവേഷണ വിഭാഗവും (SDRD)
2. പ്രവർത്തനരംഗ നിർവഹണ വിഭാഗം (FOD)
3. ദത്ത ക്രമീകരണ വിഭാഗം (DPD)
4. ഏകോപന, പ്രസിദ്ധീകരണ വിഭാഗം (CPD)

കാര്യപരിപാടി നടപ്പാക്കൽ നക്ഷത്തിന് മൂന്ന് വിഭാഗങ്ങളുണ്ട്. അതായത്,

12th Economics Malayalam_Chapter-12.indd 277 2/3/2023 3:07:24 PM

(i) ഇരുപത് അംശ പരിപാടികൾ

(ii) അടിസ്ഥാന സൗകര്യ മേൽനോട്ടവും പദ്ധതി മേൽനോട്ടവും

(iii) പാർലമെന്റ് അംഗ തദ്ദേശീയ മേഖല വികസന പദ്ധതി.

ഈ മൂന്ന് പക്ഷങ്ങൾക്ക് പുറമെ, ഇന്ത്യാ ഗവൺമെന്റ് പ്രമേയം, സ്വയം ഭരണാധികാര സ്ഥാപനം എന്നിവയിലൂടെ സൃഷ്ടിച്ച ദേശീയ സ്ഥിതിവിവരക്കണക്ക് സമിതി കാണപ്പെടുന്നു. അതായത് ഒരു പാർലമെന്റ് നിയമ പ്രകാരം സ്ഥിതി വിവരണ ശാസ്ത്ര സ്ഥാപനത്തെ ദേശീയ പരി സ്ഥിതി പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാ പിച്ചു.

സംഗ്രഹം

ആദ്യഭാഗം സ്ഥിതിവിവരക്കണക്കിന്റെ അർ ത്ഥം, സ്വഭാവം,തരം, വ്യാപ്തി എന്നിവ കൈകാര്യം ചെയ്യുന്നു. ദത്തങ്ങൾ, ദത്തങ്ങളുടെ ഉറവിടം, അതിന്റെ തരങ്ങൾ എന്നിവയെക്കുറിച്ചുള്ള ഹ്രസ്വ വിവരങ്ങൾ രണ്ടാം ഭാഗത്തിൽ തൽകിയിരിക്കുന്നു. ഈ അദ്ധ്യായത്തിന്റെ മൂന്നാം ഭാഗം x, y എന്നീ രണ്ട് അളവ്പരമായ അസ്ഥിരതകൾക്കിടയിലുള്ള രേഖീയ സംസർഗ്ഗത്തിന്റെ ദിശയും ശക്തിയും അളക്കുന്ന സംബന്ധികം 'r' നെക്കുറിച്ച് വിശദീ കരിക്കുന്നു. നാലാമത്തെ വിഭാഗം റിഗ്രഷനെ ചിത്രീകരിക്കുന്നു. ഈ അദ്ധ്യായത്തിന്റെ അവ സാനഭാഗം സാമ്പത്തിക ശാസ്ത്രത്തെ അവത രിപ്പിക്കുന്നു. അടുത്തതായി ഇന്ത്യൻ സ്ഥിതി വിവരശാസ്ത്ര വ്യവസ്ഥിതിയുടെ സംഘടിത ഘടന സാരാംശത്തിൽ നൽകിയിരിക്കുന്നു.

യുംമാത്യകാ ചോദ്യങ്ങൾ

O6TZD

ഭാഗം – A

അബഹുവികല്പ ചോദ്യങ്ങൾ

1. സ്ഥിതിവിവരക്കണക്ക് എന്ന പദം ഉപയോഗി ക്കുന്നത്_____.

   (a) ഏകവചനം
   (b) ബഹുവചനം
   (c) ഏകവചനവും ബഹുവചനവും
   (d) മുകളിലുള്ളവയെന്നുമില്ല

2. സ്ഥിതിവിവരക്കണക്കുകൾ മൂല്യനിർണ്ണയങ്ങ ളുടെയും അനുമാനങ്ങളുടെയും ശാസ്ത്ര മാണ് എന്ന് പ്രസ്താവിച്ചത് ആര്

   (a) ഹൊറേസ് സെക്രിസ്റ്റ്
   (b) ആർ.എ. ഫിഷർ
   (c) യാ ലുൻ ചൗ
   (d) ബോഡിംഗ്ടൺ

3. ദ്വിതീയ ദത്തങ്ങളുടെ ഉറവിടങ്ങളാണ് _____.

   (a) പ്രസിദ്ധീകരിച്ച ഉറവിടങ്ങൾ
   (b) പ്രസിദ്ധീകരിക്കാത്ത ഉറവിടങ്ങൾ
   (c) മേൽപ്പറഞ്ഞവ അല്ലാത്തത്
   (d) (A) യും (B) യും

4. ചോദ്യാവലികളിലൂടെ ശേഖരിച്ച ദത്തങ്ങ ളാണ് _____.

   (a) പ്രാഥമിക ദത്തങ്ങൾ.
   (b) ദ്വിതീയ ദത്തങ്ങൾ
   (c) പ്രസിദ്ധീകരിച്ച ദത്തങ്ങൾ
   (d) വർഗ്ഗീകരിച്ച ദത്തങ്ങൾ

5. രണ്ട് അസ്ഥിരതകൾക്കിടയിൽ നിലനില്ക്കുന്ന രേഖീയ ബന്ധത്തിന്റെ ശക്തിയുടെ അളവി നെ വിളിക്കുന്നത്:

   (a) ചരിവ്
   (b) ആന്തരഖണ്ഡം
   (c) സംബന്ധിക ഗുണകം
   (d) അധോഗമന സമവാക്യം

6. രണ്ട് അസ്ഥിരതകളായ X ഉം Y ഉം ഒരേ സമയം വർദ്ധിക്കുകയോ കുറയുകയോ ചെയ്യുന്നു. എങ്കിൽ സംബന്ധിക ഗുണകം ഇതായിരിക്കും:.

   (a) പോസിറ്റീവ്
   (b) നെഗറ്റീവ്
   (c) പൂജ്യം
   (d) ഒന്ന്

12th Economics Malayalam_Chapter-12.indd 278 2/3/2023 3:07:24 PM

7. ഒരു അസ്ഥിരത വർദ്ധിക്കുന്നതിനനുസരിച്ച് മറ്റൊരു അസ്ഥിരത കുറയുന്നത് ചിതറൽ രേഖാചിത്രത്തിലെ ബിന്ദുക്കൾ സൂചിപ്പിക്കുന്നു എങ്കിൽ 'r' ന്റെ മൂല്യം ഇതായിരിക്കും:

(a) മികച്ച പോസിറ്റീവ്
(b) തികഞ്ഞ നെഗറ്റീവ്
(c) നെഗറ്റീവ്
(d) പൂജ്യം

8. സംബന്ധിക ഗുണകം r ന്റെ മൂല്യം ഇവയ്ക്കിടയിൽ സ്ഥിതി ചെയ്യുന്നു:

(a) 0, 1
(b) -1, 0
(c) -1, +1
(d) -0.5, +0.5

9. റിഗ്രഷൻ എന്ന പദം ഉപയോഗിച്ചത്:

(a) ന്യൂട്ടൺ
(b) പിയേഴ്സൺ
(c) സ്പിയർമാൻ
(d) ഗാൽട്ടൺ

10. ലളിത രേഖീയ അധോഗമന വിശകലനത്തിന്റെ ഉദ്ദേശ്യം ഇതാണ്::

(a) ഒരു അസ്ഥിരതയെ മറ്റൊരു അസ്ഥിരതയിൽ നിന്ന് പ്രവചിക്കുക
(b) ഒരു ചിതറൽ രേഖാചിത്രത്തിലെ ബിന്ദുക്കളെ ഒരു നേർരേഖയിൽ മാറ്റി സ്ഥാപിക്കുക
(c) രേഖീയ ബന്ധമുള്ള രണ്ട് അസ്ഥിരതകളുടെ തോത് അളക്കുക(
(d) നിശ്ചിത ആശ്രിത അസ്ഥിരതയുടെ മൂല്യത്തിനായി സ്വതന്ത്ര ക്രമരഹിത അസ്ഥിരതയുടെ പ്രതീക്ഷിത മൂല്യം നേടുക11..

11. ഒന്നോ അതിലധികമോ സ്വതന്ത്ര അസ്ഥിരതകളുടെ അടിസ്ഥാനത്തിൽ നാം ആശ്രിത അസ്ഥിരതയുടെ മൂല്യം കണക്കാക്കുന്ന പ്രക്രിയയെ വിളിക്കുന്നത്::

(a) സംബന്ധികം
(b) അധോഗമനം
(c) ശേഷിപ്പുകൾ
(d) ചരിവ്

12. $Y = 2 - 0.2X$, ആണെങ്കിൽ Y ന്തരഖണ്ഡത്തിന്റെ മൂല്യം ഇതിനു തുല്യമാണ്

(a) -0.2
(b) 2
(c) 0.2X
(d) മേൽപ്പറഞ്ഞവയെല്ലാം.

13. $Y = \beta_0 + \beta_1 X$, എന്ന റിഗ്രഷൻ സമവാക്യത്തിൽ Y യെ വിളിക്കുന്നത് :

(a) സ്വതന്ത്ര അസ്ഥിരത
(b) ആശ്രയ അസ്ഥിരത
(c) തുടർച്ചയായ അസ്ഥിരത
(d) മുകളിലുള്ളവയൊന്നുമില്ല

14. $Y = \beta_0 + \beta_1 X$, എന്ന റിഗ്രഷൻ സമവാക്യത്തിൽ X നെ വിളിക്കുന്നത്:

(a) സ്വതന്ത്ര അസ്ഥിരത
(b) ആശ്രയ അസ്ഥിരത
(c) തുടർച്ചയായ അസ്ഥിരത
(d) മുകളിലുള്ളവയൊന്നുമില്ല

15. സാമ്പത്തിക സംഖ്യാശാസ്ത്രം എന്നത് സംയോജനമാണ്

(a) സാമ്പത്തികശാസ്ത്രവും സ്ഥിതിവിവ രശാസ്ത്രവും
(b) സാമ്പത്തിക ശാസ്ത്രവും ഗണിത ശാസ്ത്രവും
(c) സാമ്പത്തിക ശാസ്ത്രം, ഗണിത ശാസ് ത്രം, സ്ഥിതിവിവര ശാസ്ത്രം എന്നിവ
(d) മേൽപ്പറഞ്ഞവയൊന്നുമില്ല

16 .സാമ്പത്തിക സംഖ്യാശാസ്ത്രം എന്ന പദം കണ്ടുപിടിച്ചത്

(a) ഫ്രാൻസിസ് ഗാൽട്ടൺ.
(b) റാഗ്നർ ഫ്രിഷ്
(c) കാൾ പിയേഴ്സൺ
(d) സ്പിയർമാൻ

12th Economics Malayalam_Chapter-12.indd 279 2/3/2023 3:07:24 PM

17. സാമ്പത്തിക സംഖ്യാശാസ്ത്രത്തിന്റെ അസംസ്കൃത വസ്തുക്കൾ ഇവയാണ്:

(a) ദത്തങ്ങൾ
(b) ചരക്കുകൾ
(c) സ്ഥിതിവിവരശാസ്ത്രം
(d) ഗണിതശാസ്ത്രം.

18. റിഗ്രഷൻ സമവാക്യത്തിൽ Ui എന്ന പദം ഇതാണ്

(a) ശേഷിപ്പുകൾ
(b) നിലവാര പിശക്
(c) സാമാന്യ പിശക് പദം
(d) ഒന്നുമില്ല

19. ഏതിന്റെ പ്രാതിനിധ്യത്തിനായി അവതരിപ്പിച്ചതാണ് Ui എന്ന പദം

(a) ഒഴിവാക്കിയ അസ്ഥിരത
(b) നിലവാര പിശക്
(c) ചരിവ്
(d) വിഭിന്നമായ അസ്ഥിരത

20. സാമ്പത്തിക സംഖ്യാശാസ്ത്രം ഇതിന്റെ സംയോജനമാണ്

(a) 3 വിഷയങ്ങൾ
(b) 4 വിഷയങ്ങൾ
(c) 2 വിഷയങ്ങൾ
(d) 5 വിഷയങ്ങൾ(

ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
c	d	d	a	c	a	c	c	d	a
11	12	13	14	15	16	17	18	19	20
b	b	b	a	c	b	a	c	a	a

ഭാഗം-B

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഇനിപ്പറയുന്നവയ്ക്ക് ഉത്തരം നല്കുക.

21. സ്ഥിതിവിവരക്കണക്കുകൾ എന്നാൽ എന്ത്?
22. സ്ഥിതിവിവരക്കണക്കിന്റെ തരങ്ങൾ എന്തൊക്കെയാണ്?
23. അനുമാന സ്ഥിതിവിവരക്കണക്ക് എന്നാൽ എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്?
24. ദത്തങ്ങളുടെ തരങ്ങൾ എന്തൊക്കെയാണ്?
25. സംബന്ധികം നിർവചിക്കുക.
26. അധോഗമനം നിർവചിക്കുക.
27. സാമ്പത്തിക സംഖ്യാശാസ്ത്രം എന്നാൽ എന്ത്?

ഭാഗം-C

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം നൽകുക:

28. സ്ഥിതിവിവരക്കണക്കുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
29. ഇനിപ്പറയുന്ന ദത്തങ്ങൾക്ക് മാനദണ്ഡ വ്യതിയാനം കണ്ടെത്തുക:
14, 22, 9, 15, 20, 17, 12, 11 (Answer: = 4.18)
30. വിവിധ തരത്തിലുള്ള സംബന്ധികത്തെ പ്രസ്താവിക്കുകയും വിശദീകരിക്കുകയും ചെയ്യുക.
31. അധോഗമന വിശകലനത്തിന്റെ ഉപയോഗങ്ങൾ പരാമർശിക്കുക.
32. സാമ്പത്തിക സംഖ്യാശാസ്ത്രത്തിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുക.

12th Economics Malayalam_Chapter-12.indd 280 2/3/2023 3:07:24 PM

33. സാമ്പത്തിക മാതൃകയെ സാമ്പത്തിക സംഖ്യാശാസ്ത്ര മാതൃക ഉപയോഗിച്ച് വേർതിരിക്കുക..

34. ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥിതിവിവരശാസ്ത്ര സംഘടനകളെക്കുറിച്ച് (കാര്യാലയങ്ങൾ) ചർച്ച ചെയ്യുക.

ഭാഗം-D

ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക3

35. സ്ഥിതിവിവരക്കണക്കുകളുടെ സ്വഭാവവും വ്യാപ്തിയും വ്യക്തമാക്കുക.

36. ഇനിപ്പറയുന്ന ദത്തങ്ങൾക്ക് കാൾപിയേഴ്സണിന്റെ സംബന്ധിക ഗുണകം കണക്കാക്കുക

ഉല്പന്നത്തിന്റെ ആവശ്യം X :	23	27	28	29	30	31	33	35	36	39
ഉല്പന്നത്തിന്റെ വില്പന Y:	18	22	23	24	25	26	28	29	30	32

ഉത്തരം: r=0.9955)

37.ഇനിപ്പറയുന്ന ദത്തങ്ങൾക്ക് റിഗ്രഷൻ സമവാക്യം X ൽ Y, Y ൽ X എന്നിവ കണ്ടെത്തുക:

Y:	45	48	50	55	65	70	75	72	80	85
X:	25	30	35	30	40	50	45	55	60	65

(ഉത്തരം: Y = 0.787X + 7.26, and X =0.87Y + 26.65)

38. സാമ്പത്തികശാസ്ത്രത്തിൽ സാമ്പത്തിക സംഖ്യാശാസ്ത്രത്തിന്റെ പ്രയോഗം വിവരിക്കുക..

പ്രവർത്തനം

1. നിങ്ങളുടെ സാമ്പത്തിക ശാസ്ത്രം, വാണിജ്യം, ചരിത്രം, തമിഴ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ പുസ്തകങ്ങളിലെ പേജുകളുടെ എണ്ണം പരിശോധിക്കുകയും എണ്ണുകയും ഒരു ദത്തഗണം തയ്യാറാക്കുകയും ചെയ്യുക

12th Economics Malayalam_Chapter-12.indd 281 2/3/2023 3:07:24 PM

References

1. Agarwal.D.R (2003)"Statistics for Economists" Vrinda Publications (P) Ltd New Delhi,
2. Christopher Dougherty (2007), Introduction to Econometrics, Oxford University Press, 3rd edition, Indian Edition.
3. Greene W.H., (2003) Econometric analysis , 5ed., Prentice Hall,
4. Gujarati.N and Sangeetha (2012) Basic Econometrics, McGraw Hill, Indian Reprint
5. Gupta.S.P, Gupta.M.P (1998) "Business Statistic" Sultan Chand & Sons. 16th revised) enlarge edition.
6. Gupta.S.P(2012), "Statistical method" Sultan Chand, New Delhi.
7. Jan Kmenta (2008), Elements of Econometrics, Indian Reprint, Khosla Publishing House, 2nd edition.
8. Kapur.J.N&Saxena,H.C (2001) "Mathematical statistics" Sultan chand and Company Ltd., New Delhi.
9. Koutsoyiannis.A, Theory of Econometrics , Indian Reprint, Replika Press Pvt. LtdKundli
10. Maddala G.S. 1992 , Introduction to econometrics , 2ed., Macmillan
11. Mehta.B.C&KrantiKapoor(2005), Fundamental of Econometrics, Second Revised Edition, Himalaya Publishing House.
12. Phillips,C(2002)"Statistics – I Economics, management, Finance and the social science" Published by University of London Press, University of London.
13. Vittal P.R (1986), "Business mathematics and statistics," Marghan Publications Madras.

12th Economics Malayalam_Chapter-12.indd 282 2/3/2023 3:07:24 PM

TERMINOLOGY

Accelerator	ത്വരിതകം
Balance of trade	അയൽനാട് കച്ചവടം
Balance of payments	വിദേശ പേയ്മെന്റ് നില
Budget	വരവ് ചെലവ് പദ്ധതി
Budgetary deficit	ഫണ്ടുകളുടെ കുറവ്
Commercial Banks	വാണിജ്യ ബാങ്കുകൾ
Central Bank	കേന്ദ്ര ബാങ്കുകൾ
Credit creation	വായ്പാ സൃഷ്ടി
Cash Reserve Ratio	കരുതൽ ധനാനുപാതം
Capitalism	മുതലാളിത്വം
Capital formation	മൂലധന സ്വരൂപീകരണം
Capital	മൂലധനം
Consumption function	ഉപഭോഗപ്രവർത്തനം
Comparative cost advantage	താരതമ്യ ചെലവ് നേട്ടം
Customs union	ചുങ്ക നികുതി കൂട്ടായ്മ
Common market	പൊതു കമ്പോളം
Capital accumulation	മൂലധന ശേഖരണം
Casino capitalism	കാസിനോ മുതലാളിത്തം
Crony capitalism	ക്രോണി മുതലാളിത്തം
Credit control	വായ്പാ നിയന്ത്രണം
Credit Rationing	വായ്പാ നിയന്ത്രണം
Correlation co-efficient	പരസ്പര ബന്ധവും ഘടകവും
Development	വികസനം
Disposable income	ചെലവാകുന്ന വരുമാനം
Deflation	നാണ്യ ചുരുക്കം
Disinflation	നാശനഷ്ടം
Demonetization	നാണയ മൂല്യം ഇല്ലാതാക്കുക
Devaluation	നാണയ മൂല്യത്തിന്റെ കുറവ്
Developing countries	വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന രാജ്യം
Developed countries	വളർച്ച പ്രാപിച്ച രാജ്യം
Demand deposit	ചോദന നിക്ഷേപം
Economics	സാമ്പത്തിക ശാസ്ത്രം
Exchange rate	കൈമാറ്റ നിയന്ത്രണം
Exchange control	കൈമാറ്റ നിയന്ത്രണം

XII_Economics_MAL_Authors.indd 283 2/3/2023 10:04:02 AM

Economic union	സാമ്പത്തിക കൂട്ടിച്ചേരൽ
Eco system	ആവാസവ്യവസ്ഥ
Econometrics	സംഖ്യാശാസ്ത്രം
Face value	മുഖമൂല്യം
Foreign country	വിദേശ രാജ്യം
Fiscal policy	സാമ്പത്തിക നയം
Finance commission	ധനകാര്യ കമ്മിഷൻ
Fiscal deficit	ധനകമ്മി
Free Trade Area	സ്വതന്ത്ര വ്യാപാര പ്രദേശം
Firm	സ്ഥാപനം
Growth	വളർച്ച
General agreement on tariffs and trade	ചുങ്ക നികുതിയുടെയും കച്ചവടത്തിന്റെയും പൊതു ഉടമ്പടി
Goods and services Tax	സാധന സേവനങ്ങളുടെ നികുതി
Industry	വ്യവസായം
Investment	നിക്ഷേപം
Intrinsic value	നൈസർഗ്ഗികമായ മൂല്യം
Inflation	പണപ്പെരുപ്പം
Induced investment	പ്രേരിത നിക്ഷേപം
International economics	അന്താരാഷ്ട്ര സാമ്പത്തിക ശാസ്ത്രം
International monetary fund	അന്താരാഷ്ട്ര നാണയ നിധി
Indicative planning	സൂചക ആസൂത്രണം
Imperative planning	ആവശ്യാസൂത്രണം
Incidence of Taxation	നികുതി ഏർപ്പെടുത്തിയ സംഭവം
IDBI	ദേശീയ തൊഴിൽ വളർച്ച ബാങ്കുകൾ
Laissez – Faire capitalist economy	ലെയ്സർ ഫെയർ മുതലാളിത്ത സാമ്പത്തികം
Liquidity	ദ്രവത്വം
Macro economics	സ്ഥൂല സാമ്പത്തിക ശാസ്ത്രം
Mixed economy	മിശ്രസമ്പദ്വ്യവസ്ഥ
Marginal propensity to consume	ഉപഭോഗത്തിനുള്ള നാമമാത്ര പ്രവണത
Marginal propensity to save	സമ്പാദ്യത്തിനുള്ള നാമമാത്ര പ്രവണത
Multiplier	ഗുണിതം
Multilateral Trade Agreement	ബഹുരാഷ്ട്ര വ്യാപാര കരാർ ധന വ്യവസ്ഥ
Monetary policy	ധന വ്യവസ്ഥ
Moral suasion	ധാർമിക പീഡനം (മോറൽ സസെഷൻ)
Measure of central Tendency	കേന്ദ്ര പ്രവണതയുടെ അളവ്
Measure of dispersion	വിതരണത്തിന്റെ അളവ്
National Income	ദേശീയ വരുമാനം
Negative externalities	നെഗറ്റീവ് ബാഹ്യതകൾ
NABARD	ദേശീയ കാർഷിക മറ്റ് ഗ്രാമ പ്രദേശങ്ങളിലെ ബാങ്കുകൾ

XII_Economics_MAL_Authors.indd 284 2/3/2023 10:04:02 AM

Omitted variable	ഒഴിവാക്കിയ വ്യതിയാനം
Personal income	വ്യക്തിഗത വരുമാനം
Per capita income	പ്രതിശീർഷ വരുമാനം
Proportional Tax	ആനുപാതിക നികുതി
Progressive Tax	പുരോഗമന നികുതി
Public Debt	പൊതു കടം
Positive externalities	പോസിറ്റീവ് ബാഹ്യതകൾ
Patrimonial capitalism	പിതൃസ്വത്തായി മുതലാളിത്തം
Planning commission	ആസൂത്രണ കമ്മിഷൻ
Primary data	പ്രാദമിക ദത്തങ്ങൾ
RRB	പ്രാദേശിക ഗ്രാമീണ ബാങ്കുകൾ
Regression Coefficients	അദപതനത്തിന്റെ ഗുണകം
Subjective factors	ആത്മ നിഷ്ട ഘടകങ്ങൾ
Stagflation	സ്തംഭനാവസ്ഥ
Speculation	ഊഹക്കച്ചവടം
Special Drawing Rights	പ്രത്യേക പിൻവലിക്കൽ അവകാശങ്ങൾ
Sustainable development	സുസ്ഥിര വികസനം
Social justice	സാമൂഹ്യ നീതി
Statutory liquidity Ratio	നിയമപരമായ ദ്രവ്യത അനുപാതം
Statistics	സ്ഥിതിവിവരകണക്കുകൾ
Secondary data	ദ്വിതിയ ഡാറ്റ
Terms of Trade	കച്ചവട വ്യവസ്ഥകൾ
Trade Blocs	കച്ചവട ബ്ലോകുകൾ
Tax evasion	നികുതി വെട്ടിപ്പ്
Tax avoidance	നികുതി ഒഴിവാക്കൽ
Time deposit	സമയ നിക്ഷേപം
Underdeveloped Countries	അവികസിത രാജ്യങ്ങൾ
Undeveloped Countries	അവികസിത രാജ്യങ്ങൾ
Vicious circle of poverty	ദാരിദ്രത്തിന്റെ വൃത്തം
World Bank	ലോക ബാങ്ക്
World Trade Centre	ലോക വ്യാപാര കേന്ദ്രം
World Trade Organisation	ലോക വ്യാപാര സംഘടന

XII_Economics_MAL_Authors.indd 285 2/3/2023 10:04:02 AM

CLASS 12 - ECONOMICS
MALAYALAM MEDIUM

Academic Coordinator

K. Chandrasekaran,
Lecturer, DIET, Chennai.

Reviewers

T. Baby Sarojam, P.G.T
G.H.S.S., Kollamcode

List of Translators

S. Santha, P.G.T
Sree Devi H.S.S., Kollamcode

S. Rejini, P.G.T
TCK H.S.S., Padanthalumoodu

M.R. Resmi, P.G.T
PPM H.S.S., Anducode

P.J. Preetha, P.G.T
G.H.S.S., Vilavancode

G. Sheela, P.G.T
G.H.S.S., Kollamcode

A.O. Sandhya, P.G.T
G.H.S.S., Palukal

P.V. Rama Devi, P.G.T
Aided H.S.S., Kalluppalam

ICT Coordinator

D. Vasu Raj, P.G.T & HOD,
Dept of Mathematics,
KRM Public School,Chennai.

EMIS Technology Team

R.M. Satheesh
State Coordinator Technical,
TN EMIS, Samagra Shiksha.

K.P. Sathya Narayana
IT Consultant,
TN EMIS, Samagra Shikaha

R. Arun Maruthi Selvan
Technical Project Consultant,
TN EMIS, Samagra Shiksha

Layout & Illustrations

Ranjith, Pixels Print Media,
Parasale, Kerala.

Wrapper Design

Kathir Arumugam

In-House QC

Rajesh Thangappan

Coordination

Ramesh Munisamy

This book has been printed on 80 G.S.M.
Elegant Maplitho Paper.

Printed by Web Offset at :

XII_Economics_MAL_Authors.indd 286 2/3/2023 10:04:02 AM

NOTES

XII_Economics_MAL_Authors.indd 287 2/3/2023 10:04:02 AM

NOTES

XII_Economics_MAL_Authors.indd 288 2/3/2023 10:04:02 AM

NOTES

XII_Economics_MAL_Authors.indd 289 2/3/2023 10:04:02 AM

NOTES

XII_Economics_MAL_Authors.indd 290 2/3/2023 10:04:02 AM